കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 11, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 162 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 11, തിങ്കൾ

സ്പീക്കർ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. വി. ശശി

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി പി. ജയലക്ഷ്മി

ചീഫ് എഡിറ്റർ
ശ്രീ. ബി. മഹേന്ദ്ര കുമാർ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

909/2017

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും		
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ബാലൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി	:	ശ്രീ. ഇ. ചന്ദ്രശേഖരൻ
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും		
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി	:	ഡോ. കെ. ടി. ജലീൽ
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി	:	ശ്രീ. ഇ. പി. ജയരാജൻ
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. മാത്യു ടി. തോമസ്
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി	:	ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി	:	ശ്രീ. എ. സി. മൊയ്തീൻ
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജു
തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി	:	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
തൊഴിലും എക്സൈസും വകുപ്പുമന്ത്രി	:	ശ്രീ. ടി. പി. രാമകൃഷ്ണൻ
വിദ്യാഭ്യാസ വകുപ്പുമന്ത്രി	:	പ്രൊഫ. സി. രവീന്ദ്രനാഥ്
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ശശീന്ദ്രൻ
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി	:	ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി	:	ശ്രീ. ജി. സുധാകരൻ
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. വി. എസ്. സുനിൽ കുമാർ
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി	:	ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി	:	ശ്രീ. പി. തിലോത്തമൻ
ധനകാര്യവും കയറും വകുപ്പുമന്ത്രി	:	ഡോ. ടി. എം. തോമസ് ഐസക്

ഉള്ളടക്കം

പേജ്

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 64

II **അറിയിപ്പ്**

ഗവർണറുടെ സന്ദേശം —

മി. സ്പീക്കർ 330

III **ശ്രദ്ധ ക്ഷണിക്കൽ**

1. തീരദേശ പരിപാലന വിജ്ഞാപനം —

ശ്രീ.കെ. ദാസൻ 330

2. ജലസ്രോതസ്സുകളുടെ സംരക്ഷണം —

ശ്രീ. എ. പി. അനിൽ കുമാർ 333

IV **സബ്മിഷൻ**

1. ഐ.എസ്. റിക്രൂട്ട്മെന്റ്—

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 338

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. രാജഗോപാലൻ

2. ദുരിതാശ്വാസനിധി കുടിശ്ശിക —

ശ്രീ. വി. ഡി. സതീശൻ 343

പേജ്

3. ഭൂമി കൈമാറ്റം —

ശ്രീ. വി. എസ്. അച്യുതാനന്ദൻ 345

4. കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ —

ശ്രീ. പി. ഉണ്ണി 347

5. കുടിവെള്ളക്ഷാമം —

ശ്രീ. പി. കെ. ശശി 349

6. കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അപ്ഗ്രഡേഷൻ—

ശ്രീ. ചിറ്റയം ഗോപകുമാർ ...350

7. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ പരിശോധന—

ശ്രീ. ഹൈബി ഈഡൻ ...351

8. നാളികേര കോംപ്ലക്സ് —

ശ്രീ. ബി. സത്യൻ 352

9. പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കൽ —

ശ്രീ. പി. ഉബൈദുള്ള 354

10. എം. രാജേഷിന്റെ കുടുംബത്തിന് സഹായം—

ശ്രീ. രാജു എബ്രഹാം 357

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...358

VIറിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 362

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 362

VIII ക്രമപ്രശ്നം

1. ചോദ്യോത്തരത്തിലെയും ധവളപത്രത്തിലെയും പരാമർശത്തിലെ വൈരുദ്ധ്യം—

ശ്രീ. വി. ഡി. സതീശൻ …362

2. ഗവർണറുടെ മുൻകൂർ അനുമതി വാങ്ങുന്നത് സംബന്ധിച്ച് —

ശ്രീ. കെ. എം. മാണി 363

IX ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ

സംബന്ധിച്ച പൊതുചർച്ച ...365

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 11, തിങ്കൾ

നിയമസഭ 2016 ജൂലൈ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *91

ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതി

1(*91) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) ഉണ്ട്.

(ബി) സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുത്ത് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യമായി വിഭാവനം ചെയ്തിരുന്നത്.

(സി) 29,875 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ സെല്ലും കളക്ടറേറ്റുകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലും രൂപീകരിച്ചിരുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഈ ചോദ്യത്തിന് ഉത്തരമായി 29,875 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 11-2-2016-ൽ ഈ സഭയിൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് നല്കിയ മറുപടിയിൽ ഒന്നാംഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് പട്ടയം നല്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ടം പട്ടയവിതരണം നടത്തിക്കഴിഞ്ഞപ്പോൾ ആകെ 43,437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയമനുവദിക്കാൻ സാധിച്ചിട്ടുണ്ടെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഒരേ ഡിപ്പാർട്ടുമെന്റുതന്നെയല്ലേ മറുപടി കൊടുക്കുന്നത്? 43,437 പേർക്ക് പട്ടയം കൊടുത്തു എന്ന ഒരു ഉത്തരം ഇവിടെയുള്ളപ്പോൾ മൂന്നുനാലുമാസം കൊണ്ട് 29,875 പേർക്കായി ചുരുങ്ങിയത് എങ്ങനെയാണ്? ഇത്തരം കാര്യങ്ങളിൽ കൃത്യമായ ഉത്തരം നല്കാൻ തയ്യാറാകണം. ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയായ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതുവരെ രണ്ടരലക്ഷത്തോളം ആളുകളെയാണ് യഥാർത്ഥത്തിൽ ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ളത്. നാല്പത്തി മൂവായിരത്തിലധികം ആളുകൾക്ക് പട്ടയം കൊടുത്തിട്ടുള്ള സാഹചര്യത്തിൽ ആ ലിസ്റ്റിൽപ്പെട്ട ബാക്കിയുള്ള ആളുകൾക്കുകൂടി പട്ടയം കൊടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ മെമ്പർ ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ച എണ്ണമല്ല, ജില്ല തിരിച്ചുള്ള കണക്കനുസരിച്ച് 29,875 പേർക്ക് ഭൂമിയുൾപ്പെടെ ലഭ്യമായിട്ടുണ്ടെന്നുള്ള കണക്കാണ് ലഭിച്ചിരിക്കുന്നത്.ആ ലിസ്റ്റിൽപ്പെട്ട ബാക്കിയുള്ള ആളുകൾക്കുകൂടി ഭൂമി ലഭ്യമാക്കുമോയെന്ന വിഷയത്തെ സംബന്ധിച്ച് പരിശോധിച്ച് അർഹരായ ആളുകൾക്ക് ഭൂമി നല്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, അതെങ്ങനെയാണ് രണ്ട് മറുപടി ഉണ്ടാകുന്നത്? ഇത് ഒരേ ഡിപ്പാർട്ടുമെന്റിൽനിന്ന് തരുന്ന മറുപടിയല്ലേ? മന്ത്രിയല്ലല്ലോ മറുപടി തയ്യാറാക്കുന്നത്. റവന്യൂ വകുപ്പിൽ താഴെത്തട്ടിൽ നിന്ന് കളക്ട് ചെയ്ത് റവന്യൂ സെക്രട്ടറി കൊടുക്കുന്ന ഉത്തരമാണിത്. ഇതിനിടയിൽ എങ്ങനെയാണ് 'facts & figures'-ൽ ഇരുപതിനായിരത്തോളം വ്യത്യാസം വരുന്നത്; ഞങ്ങൾ ഏത് കണക്കാണ് സ്വീകരിക്കേണ്ടത്? നിയമസഭയിൽ കൃത്യമായ ഉത്തരമാണ് നൽകേണ്ടത്. ഈ രേഖകളുടെ അടിസ്ഥാനത്തിലാണ് ബാക്കിയുള്ള കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. ഭീമമായ വ്യത്യാസം ഈ നമ്പറുകളിൽ ഉണ്ടായിരിക്കുന്നത് ഗുരുതരമായ പ്രശ്നമാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ അന്വേഷണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോഴും ഈ പദ്ധതി ഈ ഗവൺമെന്റ് തുടരുമോ ഇല്ലയോ എന്ന് വ്യക്തമാക്കിയിട്ടില്ല. കേരളം കണ്ട ഏറ്റവും പ്രധാനപ്പെട്ട, ഭൂമിയില്ലാത്ത പാവങ്ങൾക്ക് ഒരു തുണ്ടു ഭൂമി കൊടുക്കുന്ന, ഏറ്റവും വിപ്ലവകരമായ ഈ പദ്ധതി നിർത്തലാക്കാനാണോ തുടരാനാണോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നുകൂടി അങ്ങ് വ്യക്തമാക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഭൂരഹിതരായ ആളുകൾക്ക് ഭൂമി നല്കുന്നതിനുള്ള പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഞാൻ ഇപ്പോൾ സമർപ്പിച്ച കണക്ക് വളരെ കൃത്യമാണ്. നേരത്തെയുള്ള കണക്കിനെ സംബന്ധിച്ച് പരിശോധിച്ചിട്ട് എന്തെങ്കിലും പിശകുണ്ടെങ്കിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാന്യനായ മന്ത്രി ഇവിടെ നല്കിയിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്ന കണക്കുകൾ തെറ്റാണ്. അങ്ങയുടെ ഡിപ്പാർട്ടുമെന്റിലുള്ള ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ തന്ന, എത്ര ആളുകൾക്ക് ഭൂമി നല്കിയിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. 58,398 കുടുംബങ്ങൾക്ക് മൂന്ന് സെന്റ് ഭൂമി വീതം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊടുക്കുകയുണ്ടായി. ഈ കാര്യങ്ങൾ അങ്ങയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി നല്കിയതാണോയെന്ന് എനിക്ക് സംശയമുണ്ട്. അങ്ങ് അത് പരിശോധിക്കണം. കേരളത്തിൽ ഈ പദ്ധതി പ്രകാരം 2,43,928 കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ടെന്നാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ അമ്പത്തിയെട്ടായിരം ആളുകൾക്കും കൊടുത്തുവെന്ന പറയുമ്പോൾ ബാക്കിയുള്ള ആളുകൾക്ക് കൊടുക്കുമെന്ന് ബഡ്ജറ്റിലും അതുപോലെതന്നെ നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുണ്ട്. അത്തരം ആളുകൾക്ക് വീട് വച്ചു കൊടുക്കുന്നതിനുള്ള നടപടികൾകൂടി അങ്ങ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാന്യനായ അടൂർ പ്രകാശ് ഇവിടെ പറഞ്ഞ കാര്യത്തിൽ, 58,398 പേർക്ക് ഭൂമി നല്കുന്നതിനുവേണ്ടി പട്ടയം തയ്യാറാക്കി എന്നതാണ് വസ്തുത. ……(ബഹളം)……

മി. സ്പീക്കർ : മിനിസ്റ്റർ പറയട്ടെ..... മിനിസ്റ്റർ പറയട്ടെ.....അങ്ങ് ഇരിക്കൂ.....

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ... 29,875 പേർക്കു മാത്രമേ ഭൂമി ലഭ്യമായിട്ടുള്ളൂ. ……(ബഹളം)……ഇത് വളരെ കൃത്യമായ കണക്കാണ്. ഓരോ ജില്ലയിലേയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്ന് ശേഖരിച്ച കണക്കുണ്ട്.

മി. സ്പീക്കർ : അങ്ങ് ഉത്തരം പറയൂ.... ഡിബേറ്റില്ല....ഡിബേറ്റില്ല.... ശ്രീ. അടൂർ പ്രകാശ്.....അങ്ങ് ഇരിക്കൂ...

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ആ കണക്കുകളുടെ അടിസ്ഥാനത്തിൽ അമ്പത്തെട്ടായിരം പേർക്ക് നേരത്തെ പട്ടയം കൊടുക്കുകയും 29,875 പേർക്ക് മാത്രം ഭൂമി കൊടുക്കുകയും ചെയ്ത വഞ്ചനാപരമായ നിലപാടാണ് ഇതിലുണ്ടായിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫിനുവേണ്ടി ശ്രീ. സണ്ണി ജോസഫ്: സർ, 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല'. കേരളം വളരെ വേദനയോടെ കേട്ട ഈ സന്ദേശം ഉൾക്കൊള്ളുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കിക്കൊണ്ടാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി കേരളത്തിൽ സമഗ്രമായി നടപ്പിലായിക്കൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ മിനിസ്റ്റർ പറഞ്ഞ ഉത്തരവും നേരത്തെ എനിക്ക് കിട്ടിയ ഉത്തരവും തമ്മിൽ വ്യത്യാസമുണ്ട്. അത് പരിശോധിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇനി എത്ര പേർക്ക് ഭൂമി ലഭിക്കേണ്ടതായിട്ടുണ്ട്; അവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റുണ്ടോ; അവർക്ക് സമയബന്ധിതമായി മൂന്ന് സെന്റ് ഭൂമിയെങ്കിലും കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം,

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഞാൻ ഇതിന് നേരത്തെ മറുപടി പറഞ്ഞതാണ്. തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്കും അർഹരായവർക്കും ഭൂമി നല്കുന്നാവശ്യമായ നടപടി സ്വീകരിക്കും. ജില്ല തിരിച്ചുള്ള കണക്ക് എന്റെ കയ്യിൽ ലഭ്യമാണ്. വളരെ ദീർഘമായ കാര്യങ്ങളായതുകൊണ്ടാണ് ഞാൻ വിശദീകരിക്കാതിരുന്നത്. വേണമെങ്കിൽ ഞാൻ ഇതൊക്കെ വായിക്കാം. ഒന്നാം ഘട്ടത്തിൽ തയ്യാറാക്കിയിരുന്ന പട്ടയങ്ങളുടെ എണ്ണം: തിരുവനന്തപുരം ജില്ല -3181, രണ്ടാം ഘട്ടത്തിൽ - നമ്പറില്ല. ആകെ - 3181. വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം -3073, ഭൂമി കൈവശം കിട്ടിയ കൈമാറിയ കേസുകളുടെ

എണ്ണം -792. കൊല്ലം : ഒന്നാംഘട്ടത്തിൽ -683, രണ്ടാം ഘട്ടത്തിൽ -870, ആകെ -1553. വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം - 807, ഭൂമി കിട്ടിയത് - 321. ആലപ്പുഴ : ഒന്നാം ഘട്ടം - 256, രണ്ടാം ഘട്ടമില്ല. ആകെ 256. പട്ടയം കൊടുത്തത് -193. ഭൂമി കിട്ടിയത് - 183 പേർക്ക്. കോട്ടയം - 1,309. അതിൽ പട്ടയം കൊടുത്തത് 924 പേർക്കാണ്. 244 പേർക്ക് മാത്രമേ ഭൂമി കിട്ടിയിട്ടുള്ളൂ. ഇടുക്കി -1,992. രണ്ടാം ഘട്ടത്തിൽ 6,569. മൊത്തം 8,561. വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം -4,209. ഭൂമി കിട്ടിയത് 2,609 പേർക്കാണ്. എറണാകുളം- 1,449. അതിൽ ആകെ പട്ടയം വിതരണം ചെയ്തത് 1,120 പേർക്ക്. ഭൂമി കിട്ടിയത് 855 പേർക്ക്. തൃശ്ശൂർ- ഒന്നാം ഘട്ടത്തിൽ 510 -ഉം രണ്ടാം ഘട്ടത്തിൽ 533-ഉം. ആകെ 1,043-ൽ 453 പേർക്ക് മാത്രം പട്ടയം കൊടുത്തു. 412 പേർക്ക് ഭൂമി കിട്ടി. പാലക്കാട് - 2,114. രണ്ടാം ഘട്ടം- 2,215. ആകെ 4,329. പട്ടയം കൊടുത്തത് -3,222. ഭൂമി കിട്ടിയവർ- 2,085. മലപ്പുറം-843. രണ്ടാം ഘട്ടം -477. ആകെ 1,320. അതിൽ 1,285 പേർക്ക് പട്ടയം കൊടുത്തു. 800 പേർക്ക് മാത്രമാണ് ഭൂമി കിട്ടിയത്. കോഴിക്കോട് -1,550. 1,469 പേർക്ക് പട്ടയം കൊടുത്തു. 993 പേർക്ക് മാത്രമാണ് ഭൂമി കിട്ടിയത്. വയനാട്- 727. രണ്ടാം ഘട്ടം -131. ആകെ 858 അപേക്ഷകളാണ് കിട്ടിയത്. 636 പേർക്കാണ് പട്ടയം കൊടുത്തത്. 534 പേർക്ക് മാത്രമാണ് ഭൂമി കിട്ടിയത്. കണ്ണൂർ- 11,100 പേർക്ക് ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 4,862 പേർക്കുമടക്കം മൊത്തം 15,962. പട്ടയം കൊടുത്തത്- 12,817. ഭൂമി കിട്ടിയത്-10,252 പേർക്ക്. കാസർഗോഡ്- ഒന്നാം ഘട്ടത്തിൽ 10,271-ഉം രണ്ടാം ഘട്ടത്തിൽ 5,873-ഉം ഉൾപ്പെടെ 16,144 ആണ് ആകെ കിട്ടിയ അപേക്ഷകൾ. അതിൽ 9,944 പേർക്ക് പട്ടയം കൊടുത്തു. 9,052 പേർക്ക് മാത്രമാണ് ഭൂമി കിട്ടിയത്. ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് 58,398 പേരെ തിരഞ്ഞെടുത്ത് അവർക്ക് പട്ടയം കൊടുത്തുവെന്ന് ഞാൻ പറഞ്ഞത്. 40,905 പേർക്ക് മാത്രം പട്ടയം കൊടുത്തു. അതിൽ 29,875 പേർക്ക് മാത്രമാണ് ഭൂമി ലഭിച്ചത്.

ശ്രീ. ഹൈബി ഈഡൻ : സർ, ലാന്റ് അവയബിലിറ്റി ഏറ്റവും കുറവുള്ള സ്ഥലമാണ് എറണാകുളം ജില്ല. പ്രത്യേകിച്ച് എറണാകുളം നഗരമടക്കമുള്ള പ്രദേശങ്ങൾ. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഭാഗമായി തേവര മെയ്തിന നഗർ കോളനി, ചെലവന്നൂർ പുഴ പുറമ്പോക്ക് പ്രദേശങ്ങൾ, അതായത് പുഴ, കായൽ, തോട് പുറമ്പോക്കുകളിൽ അധിവസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി കാബിനറ്റ് ഒരു തീരുമാനമെടുക്കുകയും പട്ടയം വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'യുടെ ഭാഗമായി കഴിഞ്ഞ 40-50 വർഷമായി, പുഴ, കായൽ, തോട് എന്നിവയുടെ പുറമ്പോക്കിൽ അധിവസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, പുഴയുടെ പുറമ്പോക്ക്, കായലിന്റെ പുറമ്പോക്ക് എന്നൊക്കെ പറയുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷിപ്തമായിട്ടുള്ള ഭൂമിയാണ്. അത്തരം ഭൂമിക്ക് പട്ടയം നൽകണമെങ്കിൽ അതിന് സ്വീകരിക്കേണ്ടതായ ഒരുപാട് നടപടിക്രമങ്ങളുണ്ട്. ഇപ്പോൾ ഈ പദ്ധതിയുടെ ഭാഗമായി മൂന്ന് സെന്റ് ഭൂമി വീതം വിതരണം ചെയ്യുമെന്ന് ഉറപ്പുപറയാൻ കഴിയുന്ന കാര്യമല്ല. അക്കാര്യം പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

ശ്രീ. എ. എം ആരിഫ് : സർ, ഇത് 2006-2011 കാലയളവിലെ എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതിയാണ്. അതിനുശേഷമാണ് പിന്നീട് ബഹുമാന്യയായ സോണിയ ഗാന്ധിയെ കൊണ്ടുവന്ന് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി എന്നുപറഞ്ഞ് ഉദ്ഘാടനമൊക്കെ നടത്തിച്ചത്. എന്റെ പ്രദേശത്ത് വിവിധ സ്ഥലങ്ങളിൽ ഇതുപോലെ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽപ്പെടുത്തി സ്ഥലം അനുവദിച്ചെന്നുംപറഞ്ഞ് 10 പേർ എന്റെ അടുത്തു വരുകയും, ആ സ്ഥലത്തേക്ക് പോകണമെങ്കിൽ ഹെലികോപ്ടർ അല്ലാതെ വേറെ മാർഗ്ഗമില്ലാത്തതിനാൽ അവിടെ അവർക്ക് റോഡ് പണിതുകൊടുക്കണമെന്നും പറഞ്ഞു. ഞാൻ നോക്കിയപ്പോൾ രണ്ടുരണ്ടരകോടി രൂപയില്ലാതെ അവിടെ റോഡ് പണിയാൻ സാധിക്കുകയില്ല. അത്രയും തുകയുണ്ടെങ്കിൽ അതിനേക്കാൾ കൂടുതൽ പേർക്ക് നല്ല സ്ഥലം കൊടുക്കാൻ പറ്റും. അതുകൊണ്ട് ഇങ്ങനെയുള്ള തട്ടിപ്പ് പരിപാടി നടത്തുന്നതിനുപകരം ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ താമസയോഗ്യമായ മൂന്ന് സെന്റ് സ്ഥലം എല്ലാവർക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഇവിടെ ബഹുമാന്യനായ മെമ്പർ ശ്രീ. എ. എം. ആരിഫ് പറഞ്ഞതുപോലെ വാസയോഗ്യമല്ലാത്ത ഭൂമി ലഭ്യമായ ആളുകളുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് വാസയോഗ്യമായ ഭൂമി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. അനിൽ അക്കര : സർ, തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശുപത്രിയാണ് അമല ആശുപത്രി. അവരുടെ കൈവശമുണ്ടായിരുന്ന രണ്ടേക്കർ ഭൂമി അവർക്ക് പതിച്ചു കിട്ടുന്നതിനുപകരമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ 25 ഏക്കറും തിരുവില്വാമലയിൽ 10 ഏക്കറും തൃശ്ശൂർ താലൂക്കിൽ 5 ഏക്കറും, അങ്ങനെ 40 ഏക്കർ ഭൂമി സർക്കാരിന് ഇതിനകം ഫ്രീ സറണ്ടർ ആയി കൊടുത്തിട്ടുണ്ട്. ഇതിൽ നിന്ന് 3 സെന്റ് വീതം നൽകിയാൽ തിരുവില്വാമല, അടാട്ട് തുടങ്ങിയ വില്ലേജുകളിലെ മുഴുവൻ ആളുകൾക്കും ഭൂമി കൊടുക്കാൻ കഴിയും. ഇത് സറണ്ടർ ചെയ്തിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഈ ഭൂമി എന്ന് വിതരണം ചെയ്യാൻ കഴിയും?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളെല്ലാം നേരത്തെ തന്നെ ഐഡന്റിഫൈ ചെയ്ത് വിതരണം ചെയ്തപ്പോൾ ഉണ്ടായ വ്യത്യാസമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. പുതുതായി 3 സെന്റ് വീതം പതിച്ചു നൽകുന്നതിനുവേണ്ടി ലഭ്യമാക്കിയ ഭൂമിയുടെ കണക്കുകൾ ഇപ്പോൾ എന്റെ കയ്യിൽ ലഭ്യമല്ല. പരിശോധിച്ച് കണ്ടെത്താം.

ശ്രീ. വി. ആർ. സുനിൽ കുമാർ : സർ, 29,875 പേർക്ക് ഭൂമി നൽകിയതിൽ വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചതായിട്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്? അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചിട്ടുണ്ടെന്ന 1177 പേരുടെ പരാതിയാണ് ലഭിച്ചിട്ടുള്ളത്. ആ പരാതിയെ സംബന്ധിച്ച് പരിശോധിച്ച് അവർക്ക് വാസയോഗ്യമായ ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, ഇപ്പോൾ വന്നിരിക്കുന്ന പ്രധാനപ്പെട്ട ഒരു ബുദ്ധിമുട്ടെന്നുപറയുന്നത് ഭൂമിക്ക് ആവശ്യക്കാർ കൂടുതൽ ഉണ്ടെങ്കിലും ആവശ്യത്തിന് ഭൂമിയില്ലെന്നുള്ളതാണ്. ഇക്കാര്യത്തിൽ മനുഷ്യത്വപരമായ ഒരു പ്രശ്നം കൂടിയുണ്ട്. റോഡ് പുറമ്പോക്കുകളിൽ 40-ഉം 50-ഉം വർഷമായി താമസിക്കുന്ന ആളുകളുണ്ട്. ഇപ്പോൾ കെ.എസ്.ടി.പി.-യൊക്കെ സ്വീകരിച്ചിരിക്കുന്ന നല്ലൊരു മാർഗ്ഗമെന്നുപറയുന്നത് പുനരധിവസിപ്പിക്കാനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയതിനുശേഷമാണ് ആളുകളെ മാറ്റുന്നത്. അങ്ങനെ ആളുകളെ മാറ്റുകയാണെങ്കിൽ അവർക്ക് സ്ഥലം എടുത്ത് കൊടുത്തിട്ടേ മാറ്റാവൂ. മാനുഷിക പരിഗണന നൽകണം. രണ്ടാമതായി, തോട് പുറമ്പോക്ക്, പ്രകൃതി, കുളം, ഇവയൊക്കെ സംരക്ഷിക്കണം. അതിന് ഒരു കോട്ടവും സംഭവിക്കാതെ കുളം പുറമ്പോക്കുകളിലും തോട് പുറമ്പോക്കുകളിലും താമസിക്കുന്ന ആളുകൾക്ക് ആ ഭൂമി പതിച്ചുകൊടുക്കുമോ? മൂന്നാമതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത് അദ്ദേഹം ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന പ്രഖ്യാപനം ടൗണിൽ മൂന്ന് ലക്ഷം രൂപയും പഞ്ചായത്തിൽ രണ്ടു ലക്ഷം രൂപയും കൊടുത്ത് ഭൂമി വാങ്ങിക്കുന്നു എന്നാണ്. നിർദ്ദേശവും ആശയവും ഉദ്ദേശ്യവും നല്ലതാണ്. പക്ഷെ കോട്ടയം ജില്ലയിലെ ഒരു ഗ്രാമത്തിലും രണ്ട് ലക്ഷം രൂപയ്ക്ക് ഭൂമി കിട്ടില്ല. വില കുറച്ചുകൂടി കൂട്ടി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാന്യനായ മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ചോദ്യം റവന്യൂ വകുപ്പുമന്ത്രി മറുപടി പറയാനുള്ളതല്ല. നിലവിലുള്ള നിയമം അനുസരിച്ചല്ലാതെ ഭൂമി വിതരണത്തിനുള്ള സംവിധാനമുണ്ടാക്കാൻ നിർവ്വാഹമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്): സർ, ഒന്നുകിൽ സർക്കാർ ഭൂമി അകപ്പയർ ചെയ്ത് കൊടുക്കും. അതല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള ഭൂമി വാങ്ങിക്കാൻ പണം നൽകും. ആ ധനസഹായം അപര്യാപ്തമാണെന്നാണ് അവർ പറഞ്ഞത്. അത് നമുക്ക് പരിശോധിക്കാം. പക്ഷേ, നാട്ടിലുള്ള ഏറ്റവും വില കൂടിയ ഭൂമി വാങ്ങിക്കാൻ കഴിയില്ലല്ലോ. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് താരതമ്യേന ലാഭകരമായ വിലയുള്ള ഭൂമി കണ്ടെത്താൻ കഴിയണം. അത് പോരാ എന്നാണെങ്കിൽ നമുക്ക് ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദേവികുളം നിയോജക മണ്ഡലത്തിൽ കെ.ഡി.എച്ച്. വില്ലേജിൽ 2,400-ൽ പരം തോട്ടം തൊഴിലാളികൾക്ക് അളന്നു തിട്ടപ്പെടുത്തി പട്ടയ വിതരണം ചെയ്തിട്ടുള്ള ഭൂമി കിടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ആളിനുപോലും ഭൂമി നൽകാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റ് ആ ഭൂമി അവർക്ക് കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 2500 തോട്ടം തൊഴിലാളികൾക്ക് കുറ്റ്യാൽവേലിൽ നേരത്തെ അളന്ന് തിട്ടപ്പെടുത്തിയ ഭൂമി നൽകാൻ തീരുമാനിച്ചിരുന്നതായിരുന്നു. എന്നാൽ അത് നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 92

ഭൂമിയുടെ ന്യായവില

2 (*92) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(ബി) ന്യായവില നിർണ്ണയം സംബന്ധിച്ച് അപാകതകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ന്യായവില നിർണ്ണയം വലിയൊരു പരിധിവരെ അഴിമതി കുറയ്ക്കാനിടയാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും നീതിയുക്തമായും ന്യായവില നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയായിട്ടുണ്ട്. കേരള സംസ്ഥാനത്ത് 1-4-2010 മുതൽ ഭൂമിക്ക് ന്യായവില നിലവിലുണ്ട്. ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് പഠനം നടത്തുന്നതിലേക്കായി 9-7-2015-ലെ ജി.ഒ. (ആർ. റ്റി.) 3598/2015/റവ. നമ്പർ ഉത്തരവ് പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 11 അംഗ സംസ്ഥാനതല സബ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ വികസനാവസ്ഥ – അതായത് വാണിജ്യപരമായ പ്രാമുഖ്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയുള്ള സൗകര്യവും, ടി ഭൂമിക്ക് കമ്പോളങ്ങൾ, ബസ് സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായുള്ള സാമീപ്യവും ടി ഭൂമിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് - അതായത് വരണ്ട ഭൂമി, തരിശ് ഭൂമി, ചതുപ്പ്, തോട്ടം, ഫലഭൂയിഷ്ഠത, വിളകളുടെ സ്വഭാവം, ഉൽപാദനശേഷി, കൃഷിച്ചെലവ് എന്നിവയാണ് പൊതുവായി ന്യായവില നിശ്ചയിച്ചതിനുള്ള മാനദണ്ഡങ്ങൾ. കൂടാതെ, ന്യായവില നിശ്ചയിക്കുന്നതിനായി ഓരോ സർവ്വേ നമ്പരിലും സബ് ഡിവിഷനിലുമുള്ള ഭൂമിയെ വാണിജ്യപരമായ പ്രാധാന്യമുള്ളത്, NH/PWD റോഡിനോട് ചേർന്നത്, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത് റോഡിനോട് ചേർന്നത് എന്നിങ്ങനെ 15 ക്ലാസിഫിക്കേഷനുകളായും തിരിച്ചിട്ടുണ്ട്.

(ബി) അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യായവില നിശ്ചയിക്കാൻ വിട്ടുപോയ കേസുകളിൽ ബന്ധപ്പെട്ട ആർ.ഡി.ഒ.- മാർക്ക് നൽകുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി, ആയവയ്ക്ക് ന്യായവില നിശ്ചയിച്ചുവരുന്നുണ്ട്. ഫെയർവാല്യൂ നിശ്ചയിക്കാത്ത വില്ലേജുകളും സർവ്വേ നമ്പരും കണ്ടെത്തി, ബന്ധപ്പെട്ട ആർ.ഡി.ഒ. മാരുടെ ശ്രദ്ധയിൽപ്പെടുത്തി ടി വില്ലേജുകളിലേയും സർവ്വേ നമ്പരുകളിലേയും ഫെയർവാല്യൂ നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചയിച്ച ന്യായവിലയിൽ ആക്ഷേപമുള്ളവർക്ക് അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ അപ്പീലിൽ സ്വീകരിക്കുന്ന തീരുമാനത്തിന്മേൽ അതൃപ്തിയുണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കുന്നതിനായി ജില്ലാ കളക്ടറെ വീണ്ടും സമീപിക്കുന്നതിന് ഒരു വ്യവസ്ഥ കൂടി കേരള മുദ്രപത്ര നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തി ന്യായവില നിശ്ചയിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതാണ്.

(സി) ന്യായവില നിർണ്ണയം വഴിയൊരു പരിധിവരെ അഴിമതി കുറയ്ക്കാനിടയാക്കിയിട്ടുണ്ട്. ഭൂമിയുടെ ന്യായവിലയ്ക്ക് ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുവാൻ സർക്കാരിന് അധികാരം നൽകിക്കൊണ്ട് കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 1-4-2010-ൽ നിലവിൽവന്ന ന്യായവിലയുടെ 50% വർദ്ധനവ് വരുത്തി 14-11-2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ന്യായവില നിലവിൽ വന്നിട്ട് അഞ്ച് വർഷം കഴിഞ്ഞിട്ടുള്ളതിനാൽ നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആയത് പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും നീതിയുക്തമായും ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലേക്കായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 9-7-2015-ലെ ജി.ഒ.(ആർ റ്റി)3598/2015/റവ. നമ്പർ പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ 11 അംഗ സംസ്ഥാനതല സബ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിരവധി പരാതികൾ വ്യാപകമായി നിലവിലുണ്ട്. ഇവ സമയബന്ധിതമായി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഇതുസംബന്ധിച്ച് ഞാൻ പ്രധാന ഉത്തരത്തിൽ പറഞ്ഞു. ആർ.ഡി.ഒ.-യ്ക്ക് കൊടുക്കുന്ന പരാതിയിന്മേൽ ലഭിക്കുന്ന മറുപടിയിൽ അപാകതയുണ്ടെങ്കിൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം. ആയതിന്മേൽ ലഭിക്കുന്ന മറുപടിയും തൃപ്തികരമല്ലെങ്കിൽ വീണ്ടും റീ-അപ്പീൽ നൽകാം. നിശ്ചയിച്ച ന്യായവിലയിൽ ആക്ഷേപമുള്ളവർക്ക് അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലാവധി മുപ്പത് ദിവസം എന്നത് ഒരു വർഷമാക്കിയിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞാലും അപേക്ഷ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, രജിസ്ട്രാർ ആഫീസിൽ ഒരു സർട്ടിഫിക്കറ്റിന് അപേക്ഷ കൊടുത്താൽ അത് ലഭിക്കുന്നതിന് വലിയ കാല താമസമുണ്ടാവുകയാണ്. ഇത് ഒരു ദിവസംകൊണ്ട് കൊടുക്കാവുന്നതേയുള്ളൂ. പ്രത്യേകിച്ച് ഇപ്പോൾ ഓൺലൈൻ കാലഘട്ടം കൂടിയാണ്. അടിയന്തര സാഹചര്യത്തിൽ അപേക്ഷ കൊടുക്കുന്ന ദിവസം തന്നെ ഇത്തരം സർട്ടിഫിക്കറ്റുകൾ കൊടുത്ത് ജനങ്ങളെ സഹായിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഇപ്പോഴുള്ള സംവിധാനമനുസരിച്ച് തലേദിവസം അപേക്ഷിച്ചാലും സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നുണ്ട്. അപേക്ഷ കൊടുക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നത് ശരിയായ കാര്യമാണ്. പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി : സർ, ഫ്ലാറ്റുകളുടെ വിലയുടെ കാര്യത്തിൽ അവ്യക്തതയുണ്ട്. ആയതിനാൽ ഇതുമൂലമുണ്ടാകുന്ന റവന്യൂ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. സുധാകരൻ : സർ, ഇതിനെപ്പറ്റി ബഡ്ജറ്റ് പ്രസംഗത്തിലും ഒരു പരാമർശമുണ്ട്. വിലനിർണ്ണയിക്കുന്നതിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ നിയമം ആപ്ലിക്കബിളാക്കിക്കൊണ്ട് യോഗ്യനായ ഒരു എഞ്ചിനീയർ സർട്ടിഫൈ ചെയ്യുന്നതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുമെന്ന് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ് : സർ, സബ് രജിസ്ട്രാർ ഓഫീസ് കേന്ദ്രീകരിച്ച് വ്യാപകമായ ക്രമക്കേട് നടക്കുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. സുധാകരൻ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 45 ദിവസമേ ആയിട്ടുള്ളുവെങ്കിലും ഇതിനകംതന്നെ ഒരു സബ് രജിസ്ട്രാറെ സസ്പെന്റ് ചെയ്തിട്ടുണ്ട്. മറ്റൊരു സബ് രജിസ്ട്രാർ നടപടിയുടെ നിഴലിലാണ്. ശക്തമായ പരിശോധന നടക്കുന്നുണ്ട്. രാത്രി വളരെ വൈകിയതിനുശേഷവും ആളുകൾ വിളിച്ച് പരാതിപറയുന്നുണ്ട്. വളരെ സുതാര്യമായ ഒരു ഭരണവ്യവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വന്നിരിക്കുകയാണ്. എല്ലാം തന്നെ ഞങ്ങൾ നോട്ട് ചെയ്തിട്ടുണ്ട്, അവ പരിഹരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി വച്ച് പൊറുപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല. ശക്തമായ നടപടി സ്വീകരിക്കും. പരാതികൾ മുഴുവൻ പരിഗണിക്കപ്പെടും.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ മഞ്ചേരി-നറുകര വില്ലേജുകളിൽ അന്യായമായ ന്യായവിലാണ് നിശ്ചയിച്ചിട്ടുള്ളത്. ഒരു സെന്റിന് ഒരു ലക്ഷം രൂപപോലും ലഭിക്കാത്ത ഭൂമിക്ക് അഞ്ച് ലക്ഷം രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു സെന്റ് ഭൂമി പോലും വിൽക്കാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന് ഒരു പരാതി കൊടുത്തിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോല വില്ലേജ്/താലൂക്ക് ആർ.ഡി.ഒ. മാരൊക്കെ കൃത്യമായ റിപ്പോർട്ട് നൽകിയിട്ടുപോലും ഇപ്പോഴും അത് തീരുമാനമാകാതെ കിടക്കുകയാണ്. ഇതൊരു സ്പെഷ്യൽ കേസ് എന്ന നിലയിൽ അങ്ങ് ഒരു തീരുമാനമെടുക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, നിലവിലുള്ള സംവിധാനം ശരിയായ തലത്തിൽ കളക്ടറുടെ ഓഫീസിൽ കൈകാര്യം ചെയ്തിട്ടില്ലെന്നുള്ളതാണ് അങ്ങ് പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും പരിഗണിക്കും. അതേപ്പറ്റി സ്പെസിഫിക്കായി ഒരു പരാതി തന്നാൽ അങ്ങയുടെ കൂടി സാന്നിദ്ധ്യത്തിൽ കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാം.

ശ്രീ. പി. ടി. തോമസ് : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗംവയ്ക്കൽ, ഇഷ്ടദാനം എന്നതിനൊക്കെ ആയിരം രൂപ ആയിരുന്നത് മുദ്രവിലയുടെ മൂന്ന് ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുമൂലം കുടുംബാംഗങ്ങൾക്കും വ്യക്തികൾക്കും ഉണ്ടായിരിക്കുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത് ന്യായവിലയുമായി ബന്ധപ്പെട്ട ചോദ്യമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞ കാര്യമായതുകൊണ്ട് അദ്ദേഹത്തിന് വേണമെങ്കിൽ ഇതിനെക്കുറിച്ച് കൂടുതലായി സംസാരിക്കാം. നമുക്ക് വിലയാധാരങ്ങളിൽനിന്നുള്ള വരുമാനം വളരെയേറെ കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന വർഷം 2608 കോടി രൂപയുണ്ടായിരുന്നത് 2500 കോടി രൂപയിൽ താഴെ എത്തിയിരിക്കുകയാണ്. അതുകൊണ്ട്, വെറുതെ കൂട്ടുകയല്ല. അതിന് ചില തത്വങ്ങളുണ്ട്. അതിനെപ്പറ്റി ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അത് ബഡ്ജറ്റ് ചർച്ചയിലുണ്ടാകും.

ശ്രീ. സി. കൃഷ്ണൻ : സർ, ജനങ്ങൾക്ക് സൗകര്യപ്രദമായ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഇപ്പോൾ മിക്ക രജിസ്ട്രാർ ഓഫീസുകളിലും നിലവിൽ വന്നിട്ടുണ്ട്. ഭൂമി വിൽക്കുന്നവർക്ക് സ്വമേധയാ ആധാരമെഴുത്ത് നടത്താവുന്ന താണെന്ന ഒരു പുതിയ പ്രഖ്യാപനത്തെപ്പറ്റിയും പത്രങ്ങളിലൂടെ അറിയാൻ സാധിച്ചു. അത് ആശയക്കുഴപ്പത്തിന് ഇടയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്താണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, ഇതിൽ ആശയക്കുഴപ്പത്തിന്റെ പ്രശ്നമില്ല. ഇത് വേണമോ വേണ്ടയോ എന്ന പ്രശ്നമേയുള്ളൂ. ഈ ഗവൺമെന്റ് വേണമെന്നോ വേണ്ടായെന്നോ തീരുമാനിച്ചിട്ടില്ല. ഒരു റൂളിലാണ് ഭേദഗതി. ആ ഭേദഗതി പ്രകാരമാണ് ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. റൂൾ 6 സബ് റൂൾ (ii) പ്രകാരമാണ് ഭേദഗതി. നിലവിലുള്ള നിയമമനുസരിച്ച് ആധാരമെഴുത്തുകാർക്ക് മാത്രമേ സർട്ടിഫൈ ചെയ്യാൻ കഴിയുകയുള്ളൂ. ലീഗൽ ഡ്രാഫ്റ്റിംഗ് എന്ന വിഷയം പഠിക്കുന്നതുകൊണ്ട് ഇത് അഡ്വക്കേറ്റിനും ചെയ്യാം, പക്ഷേ അവർ അധികം സർട്ടിഫൈ ചെയ്യാറില്ല. ഭേദഗതി എന്തെന്നാൽ, വസ്തു വാങ്ങുന്നതും വിൽക്കുന്നതുമായ ഏതൊരു പൗരനും അത് ചെയ്യാമെന്നുള്ളതാണ് ഭേദഗതി. അതിനുള്ള ഫോർമാറ്റൊക്കെ ഇന്റർനെറ്റിൽ നിന്നും ലഭ്യമാകും. ഇതെപ്പറ്റി ചർച്ച നടക്കുന്നുണ്ട്. ഗവൺമെന്റ് ഒന്നും തീരുമാനിച്ചിട്ടില്ല. ഗവൺമെന്റ് അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചിട്ട് മാത്രമേ ഭേദഗതി വരുത്തണമോ വേണ്ടയോ എന്നുള്ള കാര്യം തീരുമാനിക്കുകയുള്ളൂ.

മി. സ്പീക്കർ : ...ചോദ്യം നമ്പർ 93

സർക്കാർ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

3 (*93) ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) മുൻ സർക്കാർ അംഗീകാരമില്ലാത്ത 396 വിദ്യാലയങ്ങൾക്ക് അംഗീകാരവും 555 സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് എൻ.ഒ.സി.-യും നൽകിയത് പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മുൻ സർക്കാരിന്റെ നിലപാട് തിരുത്തി സർക്കാർ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) മുൻ സർക്കാർ 396 അനംഗീകൃത അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയതും 568 സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടില്ല.

(സി) സാങ്കേതികവിദ്യ കൂടുതൽ പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും സർക്കാർ സ്കൂളുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ക്ലാസുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യപ്പെടുത്തുന്നതും അദ്ധ്യയന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമുൾപ്പെടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ആവശ്യമായ വിഷയങ്ങൾ പരിഗണനയിലാണ്.

ശ്രീ. ജെയിംസ് മാത്യു : സർ, പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനു വേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെയും ബഡ്ജറ്റ് പ്രസംഗത്തിലും നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുള്ള കാര്യങ്ങളെയും

അഭിനന്ദിക്കുകയാണ്. പലപ്പോഴും നമ്മൾ ചോദിക്കുന്ന ചോദ്യത്തിന് ഗവൺമെന്റ് മറുപടി നൽകുമ്പോൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ കണക്ക് മാത്രമല്ല ഉൾപ്പെടാറുള്ളത്. അൺഎയ്ഡഡ് മേഖലയിലെ ഇംഗ്ലീഷ്-മലയാളം മീഡിയം സ്കൂളുകളുടേയും കേരള സിലബസ് പിന്തുടരുന്ന സ്കൂളുകളുടെ പേരുകളും അവിടത്തെ കുട്ടികളുടെ എണ്ണവും ആ സ്കൂളുകളിലെ പ്രവേശനവും കൂടി സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ ഗണത്തിൽ പെടുത്തുവരുന്നു. ഇത് യഥാർത്ഥത്തിൽ തെറ്റായ ഒരു രീതിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.ഇക്കാര്യം അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച പരിശോധനയിൽ ആ സ്കൂളുകളെ മാത്രം ഉൾപ്പെടുത്തുന്നതിനും അവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ പ്രധാന ശൃംഖല എന്നുപറയുന്നത് സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളുമാണ്. സർക്കാർ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ ഇതിലൊന്നും പെടാത്ത അൺഎയ്ഡഡ്, അംഗീകാരമില്ലാത്ത സ്കൂളുകൾ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ എന്നിങ്ങനെ വിവിധ ധാരകളാണുള്ളത്. അതിൽ മുഖ്യധാര എന്നുപറയുന്നത് സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളുമാണ്. പന്തീരായിരത്തോളം സ്കൂളുകൾ കേരളത്തിൽ മൊത്തമായിട്ടുണ്ട്. അതിൽ ഏഴായിരം സ്കൂളുകൾ എയ്ഡഡ് മേഖലയിലും അയ്യായിരം സ്കൂളുകൾ സർക്കാർ മേഖലയിലുമാണ്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ മേഖലയുടെ കണക്ക് പരിശോധിക്കപ്പെടുമ്പോൾ പ്രധാനമായും ഈ പന്തീരായിരം സ്കൂളുകളിൽപ്പെടുന്ന എയ്ഡഡ്-സർക്കാർ സ്കൂളുകളുടെ പ്രശ്നങ്ങളാണ് പരിശോധിക്കേണ്ടത്. തുടർന്ന് അത്തരത്തിൽ ഏത് കണക്ക് കൊടുക്കുമ്പോഴും മുഖ്യധാരയുടെ കണക്കുകൾക്കാണ് പ്രധാന പരിഗണന നൽകുക എന്നകാര്യം അറിയിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു : സർ, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറെ വിവാദമായ ചില പ്രശ്നങ്ങൾ ഈ സർക്കാരിന്റെ കാലത്ത് തിരുത്തപ്പെടേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനമായി സൂചിപ്പിക്കാനുള്ളത് പാഠപുസ്തകങ്ങളുടെ ലഭ്യതയാണ്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് യഥാസമയം പാഠപുസ്തകം ലഭിക്കാത്തതുമൂലം കഴിഞ്ഞ കാലങ്ങളിൽ അതീവ ഗുരുതരമായ പ്രശ്നമുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നത് മേയ് മാസത്തിലാണ്. വരുംവർഷങ്ങളിൽ കൃത്യസമയത്തുതന്നെ പാഠപുസ്തകം സ്കൂളുകളിൽ ലഭ്യമാക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാഠപുസ്തകങ്ങൾ കൃത്യമായി ജൂൺ മദ്ധ്യത്തിൽതന്നെ എത്തിക്കത്തക്ക രീതിയിലുള്ള അവസ്ഥ ഉണ്ടായിരുന്നില്ല. എങ്കിലും സർക്കാർ സംവിധാനങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് അതിനെ ചിട്ടപ്പെടുത്തി ജൂലൈ 15-ന് മുമ്പ് എല്ലാ സ്കൂളുകളിലും പുസ്തകങ്ങൾ എത്തിക്കണമെന്ന ഉത്തരവ് നൽകുകയുണ്ടായി. അതിന്റെ ഫലമായി ജൂലൈ 15-ഓടുകൂടി കേരളത്തിലെ മിക്കവാറും സ്കൂളുകളിൽ ആവശ്യമുള്ള പുസ്തകങ്ങൾ എത്തിക്കാൻ കഴിയും. ചോദ്യത്തിന്റെ പ്രധാനഭാഗം ഇതാണ് - അടുത്ത വർഷം സ്കൂൾ തുറക്കുന്ന ദിവസംതന്നെ (ജൂൺ-1) എല്ലാ കുട്ടികളുടെ കയ്യിലും എല്ലാ പുസ്തകങ്ങളും എത്തിക്കുന്ന രീതിയിലുള്ള ശ്രമം നടന്നുവരികയാണ്. അതുമാത്രമല്ല, ഒരു പ്രധാനപ്പെട്ട പരിപാടി കൂടി സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ട്. അടുത്ത വർഷത്തെ പാഠപുസ്തകം മൂന്ന് ഭാഗങ്ങളായി തിരിച്ച് ഓണപ്പരീക്ഷവരെയുള്ള പുസ്തകം ഒന്നാം ഭാഗം - ജൂൺ 1-ാം തീയതി അത് നൽകും. അതിനുശേഷം ക്രിസ്തുമസ് പരീക്ഷവരെയുള്ളത് രണ്ടാംഭാഗം - ഓണപ്പരീക്ഷ കഴിഞ്ഞ ക്രിസ്തുമസ് പരീക്ഷയ്ക്കുള്ള ക്ലാസ് തുടങ്ങുന്ന അന്ന് ആ പുസ്തകങ്ങൾ നൽകും. അതിനുശേഷം ക്രിസ്തുമസ് പരീക്ഷ കഴിഞ്ഞ് സ്കൂളിൽ ചെല്ലുന്ന ദിവസം മൂന്നാം ഭാഗവും നൽകും.

ശ്രീമതി വീണാ ജോർജ്ജ് : സർ, സർക്കാർ വിദ്യാലയങ്ങളെ പ്രോൽസാഹിപ്പിക്കാൻ വേണ്ടി ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം ദീർഘവീക്ഷണത്തോടെയുള്ള നൂതനമായ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് - 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുക എന്നുള്ളത്. അത് അഭിനന്ദനാർഹമായ കാര്യമാണ്. പക്ഷേ സാധാരണക്കാരന്റെ കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രൈമറി വിദ്യാഭ്യാസം, അതായത് വിദ്യാഭ്യാസത്തിന്റെ അടിത്തറ മികവുറ്റതാക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഒന്നുമുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഹൈടെക്വൽക്കരണം ഒന്നാം ഘട്ടത്തിലാണ് 8, 9, 10, 11, 12 ക്ലാസ്സുകളിൽ നടപ്പിലാക്കുന്നത്. തുടർന്ന് അത് എൽ.പി.-യു.പി. സ്കൂളുകളിലേക്കും തീർച്ചയായും എത്തിക്കും. അങ്ങനെ സ്കൂൾ ക്ലാസ്സുകളെല്ലാം ഹൈടെക് ആക്കുക എന്നുള്ള സങ്കൽപ്പത്തിലേക്കാണ് സർക്കാർ നീങ്ങുന്നത്. അതുമാത്രമല്ല, പ്രാഥമിക വിദ്യാഭ്യാസത്തിൽ ഭാഷാപഠനത്തിനും സ്കിൽ ഡവലപ്പ്മെന്റിനും സ്വതന്ത്രമായ, കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണത്തിലൂടെയും പരമ്പരാഗതമായ നല്ല രീതികളിലൂടെയും ശ്രമിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് കണ്ടുകൊണ്ട് അവിടേക്ക് വരുന്ന കുട്ടികളെ കേന്ദ്രീകരിച്ച് വിദ്യാഭ്യാസം നൽകുവാനുള്ള നടപടികൾ സ്വീകരിക്കും.

പ്രൊഫ. കെ. യു. അരുണൻ : സർ, സർക്കാർ വിദ്യാലയങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താനുള്ള സർക്കാരിന്റെ പരിശ്രമം അഭിനന്ദനാർഹമാണ്. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവയൊക്കെയുള്ള പുതിയ കാലഘട്ടത്തിന് ചേർന്ന രീതിയിൽ അവിടെയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് നൂതന അദ്ധ്യാപന രീതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; 'Teach for India, Courage to teach' എന്നീ രണ്ടുപദ്ധതികൾ ലോകവ്യാപകമായിട്ടുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ആധുനികവൽക്കരണം എന്നുപറയുന്നത് ഒരു ഭാഗം മാത്രമാണ്. ഇൻഫ്രാസ്ട്രക്ചറൽ ആധുനികവൽക്കരണം മാത്രമല്ല അക്കാദമിക് ആധുനികവൽക്കരണവും ആധുനികവൽക്കരണം എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ ക്ലാസ്സിലും കമ്പ്യൂട്ടറും ഇന്റർനെറ്റും സ്മാർട്ട് ബോർഡും സ്റ്റാറ്റിക് ഐ.പി.-യും പൊതുസെർവറും ഇന്റർ-ഇൻട്രാ കണക്ഷൻസും എല്ലാം വച്ചുകൊണ്ട് അക്കാദമിക് ഇൻപുട്ട് വർദ്ധിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. കേരളത്തിൽ പൊതുമേഖലയിൽ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മറ്റ് എവിടെ പഠിക്കുന്നതിനേക്കാളും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ്. അതിൽ അക്കാദമിക് ഇൻപുട്ടാണ് ഏറ്റവും പ്രധാനപ്പെട്ടത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മറ്റ് എവിടെ പഠിക്കുന്നതിനെക്കാളും കൂടുതൽ സൗകര്യമുണ്ടായിരിക്കും. സൗജന്യമായി നല്ല ഉച്ചഭക്ഷണവും സൗജന്യമായി യൂണിഫോമും ഇത്തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പൊതുമേഖലയിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഇത് ലഭിക്കുന്നതാണ്. എട്ടാം ക്ലാസ്സുവരെ സൗജന്യമായി പാഠപുസ്തകങ്ങൾ, തൊഴിൽ കണ്ടെത്തുവാൻ സൗജന്യമായ സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, സൗജന്യ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം, സൗജന്യ മാതൃഭാഷാ പഠനം, ആധുനിക രീതിയിലുള്ള ഹൈടെക് ക്ലാസ്സുകൾ, ഏറ്റവും നല്ല ഇൻഫ്രാസ്ട്രക്ചർ, ക്യാമ്പസുകളിൽ ബയോ ഡൈവേഴ്സിറ്റി പാർക്കുകൾ, ഇന്റർ-ഇൻട്രാ കണക്ടിവിറ്റിയിലൂടെ കേരളത്തിലെ പ്രഗത്ഭമതികളായവരുടെ ക്ലാസ്സുകൾ ഓരോ കുട്ടികൾക്കും എത്തിക്കുന്നതിലൂടെ എല്ലാത്തരത്തിലും കേരളത്തിലെ പൊതുവിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികൾ ഏറ്റവുമധികം ഉയർന്നവരും.

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, വിദ്യാഭ്യാസ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ഗവൺമെന്റ് പറയുന്നുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ ഒരു സ്കൂൾ ഇന്റർനാഷണൽ ലെവലിലേക്ക് ഉയർത്തുമെന്നത് പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു കാര്യം തന്നെയാണ്. പക്ഷേ ഘട്ടംഘട്ടമായി അഞ്ചുവർഷം കൊണ്ട് മുഴുവൻ സ്കൂളുകളും അന്തർദ്ദേശീയ നിലവാരത്തിലേക്ക്

ഉയർത്തുമ്പോൾ നമ്മുടെ പാഠ്യപദ്ധതി ഏകോപിപ്പിക്കുവാൻ, അതായത് സ്റ്റേറ്റ്, ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ. എന്നീ മൂന്ന് സിലബസ്സുകളുണ്ട്, ഇത് ഏകോപിപ്പിച്ച് ഒരു മാതൃക സൃഷ്ടിക്കുവാൻ ഈ ഗവൺമെന്റിന് കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അത്തരത്തിൽ ഏകോപിപ്പിക്കുക എന്നുള്ളതല്ല സമീപനം. നേരത്തേ പ്രൊഫ. കെ. യു. അരുണൻ ഇവിടെ സൂചിപ്പിച്ചതിന്റെ ഭാഗമായി കേരളത്തിലെ പാഠ്യപദ്ധതിയിലും അദ്ധ്യാപന സമീപനരീതിയിലും ശാസ്ത്രീയമായ മാറ്റം ഉണ്ടാക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ തുടർന്നുവരുന്ന രീതി Teacher centered Education ആണ്. അതിന്റെ പ്രശ്നങ്ങളാണ് ഇന്ന് വിദ്യാഭ്യാസ മേഖലയിൽ പൊതുവായി നിൽക്കുന്നത്. കേരളത്തിൽ ഇനി പൊതുവിദ്യാഭ്യാസ രംഗത്ത് Child Centered Education-ന് പ്രാധാന്യം നൽകിക്കൊണ്ട് കുട്ടിയെ മനസ്സിലാക്കി, കുട്ടിയുടെ സർഗ്ഗപരമായ മുഴുവൻ കഴിവുകളും അക്കാദമിക് ആയിട്ടുള്ള മികവും സ്കില്ലും വർദ്ധിപ്പിച്ച് ആ കുട്ടിയെ യഥാർത്ഥ പൗരനാക്കി മാറ്റുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. ഏത് സിലബസ്സിൽ അതിനനുപൂരകമായ വിഭവങ്ങളുണ്ടോ അതിനനുസരിച്ചുള്ള ഒരു സിലബസ് എടുത്തുകൊണ്ടുള്ള ഒരു രീതിയിലാണ് കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ അക്കാദമിക് സമീപനം.

ശ്രീ. കെ. രാജൻ : സർ, 2001 - 2006 മുതൽ വിദ്യാഭ്യാസ മേഖലയിലെ പദാവലിയിൽ അൺ-എക്കണോമിക് എന്ന ഒരു പദം കയറിവന്നിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ വിദ്യാഭ്യാസ രംഗത്ത് ഒരു വിദ്യാർത്ഥിയെ ഒരു യൂണിറ്റായി പരിഗണിക്കുമെന്നും അടച്ചുപൂട്ടാൻ നേരത്തെ അപേക്ഷ നൽകി അംഗീകരിച്ച സ്കൂളുകൾ ഏറ്റെടുക്കുമെന്നുമുള്ള അങ്ങയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. അൺ-എക്കണോമിക് എന്ന പേര് പറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള നീക്കം പൂർണ്ണമായി ഉപേക്ഷിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഇനി ആരും അൺ-എക്കണോമിക് എന്ന പദം ഉപയോഗിക്കരുതെന്ന ഒരു എളിയ അഭ്യർത്ഥനയുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, സി. പി. നാരായണൻ ആണ് ആ പദം കൊണ്ടുവന്നത്.

മി. സ്പീക്കർ: ആര് കൊണ്ടുവന്നുവെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. നിങ്ങൾ ഇരിക്കൂ.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ, ആരൊക്കെ ഇതിന് മുമ്പ് പറഞ്ഞിട്ടുണ്ടെങ്കിലും അൺ-എക്കണോമിക് എന്ന പദം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കരുത് എന്നൊരഭ്യർത്ഥനയുണ്ട്. അതിന്റെ കാരണം, കെ.ഇ.ആർ. അടക്കം കേരളത്തിലെ ഏത് വിദ്യാഭ്യാസ നിയമം എടുത്തുനോക്കിയാലും അതിലൊന്നും അൺ-എക്കണോമിക് എന്ന പദം ഇല്ല.

ഓഡിറ്റ് ചെയ്തപ്പോൾ ആ ഓഡിറ്റർ എഴുതിയ ഒരു വാക്കുമാത്രമാണ് അനാദായകരം എന്നുള്ളത്. അത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പടർന്നതിന്റെ പ്രശ്നങ്ങളാണ് ഇവിടെ കാണുന്നത്. അത്തരത്തിലുള്ള സ്കൂളുകൾ, കുട്ടികൾ കുറഞ്ഞും പല പ്രശ്നങ്ങൾകൊണ്ടും നിൽക്കുന്ന സ്കൂളുകൾ കൂടുതൽ ജനകീയമായി ഇടപെട്ടുകൊണ്ട് അതിന്റെ ജനാധിപത്യ കണ്ടന്റിനെ വികസിപ്പിച്ചുകൊണ്ട് ജനങ്ങളുടേതാക്കിതീർത്തുകൊണ്ട് ആ സ്കൂളിനെ ശാശ്വതമായി വളർത്തുവാനാണ് ഈ സർക്കാർ ശ്രമിക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ പൂതാടി ഗ്രാമ പഞ്ചായത്ത് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തി. പക്ഷേ യു.പി. സ്കൂൾ ഇല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്.എസ്.എ. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് യു.പി. സ്കൂൾ തുടങ്ങുന്നതിനുവേണ്ടിയുള്ള ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചു. മാത്രമല്ല, യു.പി. സ്കൂളിൽ പോകുന്നതിന് ഏകദേശം 8-10 കിലോമീറ്റർ ദൂരം സഞ്ചരിക്കണം. ആദിവാസികൾ ഏറെ താമസിക്കുന്ന മേഖലയിൽ യു.പി. സ്കൂൾ തുടങ്ങുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ഡി.പി.ഐ. ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞു. അങ്ങ് ഇടപെട്ട് എത്രയും പെട്ടെന്ന് യു.പി. സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അദ്ദേഹം ഒരു പ്രത്യേക സ്കൂളിന്റെ കാര്യമാണ് പറഞ്ഞത്. അത് പ്രത്യേകം പരിശോധിച്ച് നിയമപരമാണെങ്കിൽ തീർച്ചയായും അതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. റ്റി. വി. രാജേഷ്: സർ, പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി ഈ സർക്കാർ കാണിക്കുന്ന താൽപര്യം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഇത്തവണ അദ്ധ്യയനവർഷം ആരംഭിച്ചതിനുശേഷം എൽ.പി., യു.പി., ഹൈസ്കൂളുകളിൽ അദ്ധ്യാപകരുടെ ക്ഷാമമുണ്ട്. പല വിദ്യാലയങ്ങളും നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. ഒന്നുകിൽ അദ്ധ്യാപകരെ നിയമിക്കുകയോ അല്ലെങ്കിൽ പി.ടി.എ.-യ്ക്ക് താൽകാലികമായി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുവാദം നൽകുകയോ ചെയ്യണം. അക്കാര്യത്തിൽ സർക്കാർ സത്വരനടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇന്ന് നിലനിൽക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് അദ്ധ്യാപകരുടെ കുറവ്. പല സ്ഥലങ്ങളിലും ഇന്ന് അദ്ധ്യാപകർ കൂടുതലാണ്. ചില സ്ഥലങ്ങളിൽ അദ്ധ്യാപകർ കുറവാണ്. ഇങ്ങനെ ഒരു പ്രശ്നം വരാനുള്ള കാരണം, 1-10-2011-ൽ 199/2011 എന്ന ഉത്തരവ് പ്രകാരമാണ് അദ്ധ്യാപക പാക്കേജ് നിലവിൽവന്നത്. ഇന്ന് അത് നിലവിലില്ല. തസ്തിക നിർണ്ണയം തുടർച്ചയായി നടക്കാതിരുന്നുവെന്നുള്ളത് ഈ പ്രശ്നത്തിന്റെ അടിസ്ഥാന

കാരണമാണ്. 29-1-2016-ലാണ് തസ്തിക നിർണ്ണയം വന്നിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ ഏകദേശം 4000 അദ്ധ്യാപകർ അധികമായി നിൽക്കുകയാണ്. ഞങ്ങളാരും ചെയ്യാത്ത ഒരു തെറ്റാണെങ്കിൽപോലും ആ പ്രശ്നം പരിഹരിക്കുവാൻ വളരെ ശാസ്ത്രീയമായി ഇന്ന് നിലവിലുള്ള എല്ലാ സാധ്യതകളും ഉപയോഗിച്ചുകൊണ്ട് ഈ അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അപ്പോൾ ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞ പ്രശ്നം പരിഹരിച്ച് അദ്ധ്യാപകർ ഇല്ലാത്ത സ്ഥലത്ത് അദ്ധ്യാപകർ ഉണ്ടാകും, അദ്ധ്യാപകർ അധികമുള്ള സ്ഥലത്ത് നിന്നും ഇല്ലാത്തിടത്തേക്ക് മാറ്റുന്നതായിരിക്കും.

ശ്രീ. സി. മമ്മൂട്ടി: സർ, കുട്ടികൾ ഇല്ലാത്തതിന്റെ പേരിൽ സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതി കേരളത്തിൽ ഒരുഭാഗത്തുണ്ടാകുമ്പോൾ ആദിവാസി-മലയോര-തീരദേശ മേഖലകളിൽ സ്കൂളുകൾ അപഗ്രേഡ് ചെയ്യണമെന്ന് പറഞ്ഞ് നിയമസഭാ സമിതി റിപ്പോർട്ട് സമർപ്പിച്ച വിഷയത്തിൽപ്പോലും നടപടി ഉണ്ടായിട്ടില്ല. അതിന്റെ പേരിൽ ഡ്രോപ്-ഔട്ട്സ് പോലും ഉണ്ടാകുന്നു. അത് നിയമസഭാ സമിതി കണ്ടെത്തിയ വിഷയമാണ്. സർക്കാർ സ്കൂളുകളിൽ 100 വർഷം കഴിഞ്ഞതും, പഠിക്കാൻ ഒരുപാട് ദൂരം സഞ്ചരിച്ച് പോകേണ്ടതുമായ പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കെ.ഇ.ആർ. നിയമവും ആർ.ടി.ഇ. നിയമവുമനുസരിച്ച് നെയ്ബർഹുഡ് സ്കൂൾ എന്നുള്ള സങ്കൽപവും ഇതു കിലോമീറ്ററിനുള്ളിൽ ഇന്ന സ്കൂളേ പാടുള്ളൂവെന്ന സങ്കൽപ്പവും വച്ചുകൊണ്ട് മാത്രമേ പുതിയ സ്കൂൾ അനുവദിക്കാൻ കഴിയുകയുള്ളൂ. ഈ രീതിയിലുള്ള പരിശോധന നടത്തിക്കൊണ്ട് ഫീഡിംഗ് പോപ്പുലേഷന് പ്രൊപ്പോഷണലായി പഠിക്കാനുള്ള സാധ്യത ഉണ്ടാകത്തക്ക രീതിയിൽ ശാസ്ത്രീയമായ പഠനം നടത്തിയശേഷം ആവശ്യമുണ്ടെങ്കിൽ സർക്കാർ ഇടപെടും.

ശ്രീ. എ. എൻ. ഷംസീർ : സർ, നമ്മുടെ വിദ്യാഭ്യാസത്തിന്റെ ബേസ് അല്ലെങ്കിൽ ഫൗണ്ടേഷൻ എന്നുപറയുന്നത് ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയാണ്. ഫൗണ്ടേഷൻ മെച്ചപ്പെടുത്താൻ ഹൈടെക് ആക്കുന്നെന്ന് നേരത്തെ സൂചിപ്പിച്ചു. അത് ഒന്നാം ക്ലാസ്സ് മുതൽതന്നെ ആരംഭിക്കേണ്ടതാണ്. ഈ അദ്ധ്യയന വർഷംതന്നെ അത് നടപ്പിലാക്കാൻ സാധിക്കുമോ; എയ്ഡഡ് സ്കൂളുകളും പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. ഇപ്പോൾ പ്ലസ് വൺ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുകയാണ്. മാനേജ്മെന്റ് സ്കൂളുകൾ മാനേജ്മെന്റ് സീറ്റിന് ക്യാപ്പിറ്റേഷൻ വാങ്ങിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അത് തടയാൻ എന്തെങ്കിലും സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ; അൺ-എയ്ഡഡ് സ്കൂളുകളും നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അവിടുത്തെ ടീച്ചേഴ്സിന്റേയും നോൺ ടീച്ചിംഗ് സ്റ്റാഫിന്റേയും ശമ്പളം നൽകുന്ന വിഷയത്തിൽ ഏതെങ്കിലും തരത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കുമോ;

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പ്രധാനമായും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളാണ് പഠിച്ച് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, എൽ.പി. സ്കൂളുകൾക്കുതന്നെയാണ് ഏറ്റവുമധികം പ്രാധാന്യം നൽകേണ്ടത്. ഞാൻ നേരത്തെ ഇവിടെ പറഞ്ഞ 10 പോയിന്റുകളിൽ ഏറ്റവും പ്രധാനമായി എല്ലാംവേണ്ടത് എൽ.പി. സ്കൂളുകളിലാണ്.എൽ.പി. സ്കൂളുകളിൽ പഠനം പാൽപ്പായസമാക്കുന്ന രീതിയിലുള്ള വലിയൊരു ഇടപെടലാണ് നടക്കാൻ പോകുന്നത്. ഏറ്റവും ഹൃദ്യമായ ഒരു സാഹചര്യം അവിടെ പഠിക്കുന്ന കുട്ടികൾക്കുണ്ടാകും. മാനേജ്മെന്റുകൾ ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുവെന്നതുകൂടാതെ അവർ പല തരത്തിലും പണം കൂടുതൽ വാങ്ങുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഈ വർഷംതന്നെ പ്രത്യേകം ഉദ്യോഗസ്ഥരെ ഏർപ്പെടുത്തികൊണ്ട് പ്രത്യേക വിജിലൻസ് ടീം പല സ്കൂളുകളിലും സർപ്രൈസ് വിസിറ്റ് നടത്തുകയും പരാതികളുള്ള സ്ഥലങ്ങളിൽ അവ പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. അതോടുകൂടിതന്നെ അങ്ങനെയുള്ള ശ്രമം നടത്തേണ്ടതില്ലെന്നുള്ള ഒരാശയം പൊതുവിൽ മാനേജ്മെന്റുകൾക്ക് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ അത് പരിഹരിക്കത്തക്ക രീതിയിലുള്ള ഒരു പശ്ചാത്തലവും ഉണ്ടായിട്ടുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ കാര്യം, ഞാൻ നേരത്തെ സൂചിപ്പിച്ചു, ഇവിടെ സർക്കാർ പ്രധാനമായും എയ്ഡഡ്, സർക്കാർ സ്കൂളുകൾക്കാണ് പ്രാധാന്യം നൽകുന്നത്. മറ്റ് പലതും അംഗീകാരം ഇല്ലാത്ത സ്കൂളുകളാണ്. അത്തരം സ്കൂളുകൾ തുടരണോ, എന്താണ് വേണ്ടത് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ഒരു പഠനമാവശ്യമാണ്. പ്രധാനമായും സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും നമ്മൾ ശ്രദ്ധിക്കുമ്പോൾ അവിടെ കുട്ടികൾ കുറയാനുള്ള കാരണം പലപ്പോഴും അൺ-എയ്ഡഡ് സ്കൂളുകളുടെ വളർച്ചയാണ്. ഇതെല്ലാം വളരെ സൂക്ഷ്മമായി പഠിക്കേണ്ടിയിരിക്കുന്നു. അത് പഠിക്കാതെതന്നെ അൺ-എയ്ഡഡ് സ്കൂളുകൾക്ക് പലതും ചെയ്തുകൊടുത്തതുകൊണ്ടാണ് എയ്ഡഡ് മേഖലയിലേയും പൊതു മേഖലയിലേയും വിദ്യാലയങ്ങൾ പ്രശ്നങ്ങൾ നേരിടുന്നത്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

മി.സ്പീക്കർ: അദ്ധ്യാപകരുടെ ശമ്പളലഭ്യത ഉറപ്പുവരുത്താൻ ഇടപെടുമോ എന്നാണ് ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പെട്ടെന്ന് അത് ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് പറയാൻ കഴിയില്ല. എന്തുകൊണ്ടാണ് ഇത്തരം അദ്ധ്യാപകർക്ക് ശമ്പളം കുറയുന്നത്, മെയിൻ സ്ട്രീമിൽ കുട്ടികൾ കുറയുമ്പോൾ അൺ-എയ്ഡഡ് സ്കൂളുകൾ തന്നെ വേണ്ടെന്ന് പറയേണ്ട ഒരു ഘട്ടമെത്തും. അതുകൊണ്ട് വളരെ സൂക്ഷിച്ചുമാത്രം മെയിൻ സ്ട്രീമിനെ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ മറുഭാഗത്തുള്ള ഇടപെടൽ ശക്തമാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. വി. റ്റി. ബൽറാം : സർ, പൊതു വിദ്യാഭ്യാസം സംരക്ഷിക്കാനുള്ള എല്ലാ നല്ല നടപടികളും ശ്ലാഘനീയമാണ്. ഇന്റർനാഷണൽ നിലവാരത്തിലേക്ക് സ്കൂളുകൾ ഉയർത്തുന്നതിനുവേണ്ടി ആയിരം കോടി രൂപയുടെ ഒരു പാക്കേജ് ഇവിടെ പ്രഖ്യാപിച്ചു. അക്കാര്യത്തിൽ ഒരു ക്ലാരിറ്റി ഉണ്ടാവണമെന്നൊരു അഭ്യർത്ഥനയുണ്ട്. കാരണം ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്നുള്ള നിലയിൽ 140 സ്കൂളുകൾക്കാണ് ആയിരം കോടിയെങ്കിൽ അത് പര്യാപ്തമായ തുകയാണ്. പക്ഷേ അതേ പാരഗ്രാഫിന്റെ അവസാനം ആയിരം സ്കൂളുകൾ ഏറ്റെടുക്കുമെന്നു പറയുന്നു. അങ്ങനെ വരികയാണെങ്കിൽ ഒരു സ്കൂളിന് ഒരു കോടിയെന്നത് അപര്യാപ്തമായ തുകയായിരിക്കും. അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമെന്ന് കരുതുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, CBSE സ്കൂളുകൾ CBSE അംഗീകൃത സിലബസ് എന്ന പേരിൽ ഒന്നാം ക്ലാസുമുതൽ കുട്ടികളെ ആകർഷിക്കുന്നതിനുവേണ്ടി പരസ്യം ചെയ്യുന്ന ഒരേർപ്പാടുണ്ട്. CBSE ചെറിയ ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി പ്രത്യേകമായിട്ടുള്ള സിലബസൊന്നും തയ്യാറാക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരത്തിൽ പരസ്യം ചെയ്ത് രക്ഷിതാക്കളെ തെറ്റിദ്ധരിപ്പിക്കുന്ന നടപടികൾ തിരുത്താനും നിയന്ത്രിക്കാനും ഗവൺമെന്റ് ഇടപെടുമോ; അത്തരത്തിലുള്ള പല പുസ്തകങ്ങളിലും പൊളിറ്റിക്കലി ഇൻകറക്ട് ആയിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട്. സോഷ്യൽ മീഡിയയിൽ കണ്ടൊരു ഉദാഹരണമാണ്, ഇംഗ്ലീഷിൽ വിപരീത പദങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി Beautiful എന്നുപറഞ്ഞ് വെളുത്തൊരു യുവതിയുടെ ചിത്രവും Ugly എന്നുപറഞ്ഞ് കറുത്തൊരു പ്രായമായ സ്ത്രീയുടെ ചിത്രവും ഒരു CBSE പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ ചെറിയ പ്രായത്തിൽ തന്നെ റേസിസം പഠിപ്പിക്കുകയാണ് ഇത്തരത്തിലുള്ള പാഠപുസ്തകത്തിലൂടെ ചെയ്യുന്നത്. പാഠപുസ്തകങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ, ഒരു ഏകീകൃത സിലബസ് ഉണ്ടാക്കാൻ, CBSE സിലബസ് എന്ന പേരിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനത്തെ നിയന്ത്രിക്കാൻ ഗവൺമെന്റ് ഇടപെടുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇത്തരത്തിലുള്ള ഇടപെടലിനേക്കാൾ പ്രധാനപ്പെട്ടത് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുതന്നെയാണ്. പൊതുമേഖലാ വിദ്യാഭ്യാസത്തിൽ എല്ലാ കണ്ടന്റുകളേയും സമ്പൂർണ്ണമാക്കുക, കറക്ട് ചെയ്യുക, പെർഫക്ടാക്കുക എന്നുള്ളതാണ്. സ്വാഭാവികമായും ജനങ്ങൾക്ക് ഒരു താരതമ്യമുണ്ടാകും, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള പല അഭിപ്രായങ്ങളുമുണ്ടാകും. ഏതെങ്കിലും ഒരു സ്ഥീമിനെതിരെ തിരിഞ്ഞ് അതിന്റെ കുറ്റം പറയുന്നതിനപ്പുറം നമ്മുടെ പ്രധാനപ്പെട്ട ശ്രദ്ധ ഏതിലാണോ ആ മേഖലയെ ശക്തിപ്പെടുത്തുക. ആ മേഖലയെ പെർഫെക്ടാക്കുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം : സർ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളേയും ശ്ലാഘിക്കുന്നതോടൊപ്പം അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളും വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അവർക്ക് ടെക്സ്റ്റ്ബുക്ക് ഇതുവരെ കിട്ടിയിരുന്നു. പുതിയ സംവിധാനം വരുന്നതുവരെ അവർക്കുകൂടി ടെക്സ്റ്റ്ബുക്ക് ഉയർന്ന വിലയ്ക്കെങ്കിലും കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അവർക്ക് പുസ്തകം വിലയ്ക്ക് കൊടുക്കുന്നുണ്ട്. പുസ്തകം പൂർണ്ണമായും അച്ചടിച്ച് ഹബ്ബിൽ റെഡിയാണ്. ഇപ്പോൾ ചില പുസ്തകങ്ങൾക്ക് വില നിശ്ചയിക്കുന്നത് പൂർത്തിയായിട്ടില്ല എന്നുള്ളതുകൊണ്ടു മാത്രമാണ് കൊടുക്കാൻ സാധിക്കാത്തത്. രണ്ടു ദിവസത്തിനകം വില നിശ്ചയിച്ചാൽ പൂർണ്ണമായും എല്ലാവർക്കും പുസ്തകം കൊടുക്കാനുള്ള നടപടി മുൻപുണ്ടായിരുന്നതുപോലെത്തന്നെ ഉണ്ടാകും.

മി. സ്പീക്കർ: ചോദ്യം നമ്പർ 94

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

4 (*94) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്;

(സി) ഈ പദ്ധതി വഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) നേട്ടങ്ങൾ കൈവരിക്കാൻ ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താൽപര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവരസാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 973 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) 2012-13, 2013-14, 2014-15 വർഷങ്ങളിൽ അസാപ്പിന്റെ വിവിധ തൊഴിൽ പരിശീലന കോഴ്സുകളിൽ 51,310 വിദ്യാർത്ഥികൾ പഠിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ 29,477 വിദ്യാർത്ഥികൾ കോഴ്സുകളിൽ ചേർന്ന് പഠനം പൂർത്തിയാക്കി വരുന്നു. പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ മെച്ചപ്പെട്ട ആശയ വിനിമയ പാടവം, കമ്പ്യൂട്ടർ പരിജ്ഞാനം, തെരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ വൈദഗ്ധ്യം എന്നിവ ആർജ്ജിച്ചിട്ടുണ്ട്. 21 തൊഴിൽ മേഖലകളിലായി 96 തരം സ്കിൽ കോഴ്സുകളാണ് അസാപ് നൽകി വരുന്നത്. അതത് തൊഴിൽ മേഖലയിൽ ഗ്രൂപം കൊടുത്തിട്ടുള്ള ബിസിനസ് ഉപദേശക സമിതികളാണ് സ്കിൽ കോഴ്സുകൾ ശിപാർശ ചെയ്യുന്നത്. സംസ്ഥാനത്തെ 92 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 18 സർക്കാർ കോളേജുകളിലും സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ അഞ്ഞൂറിൽപരം സ്മാർട്ട് ക്ലാസ് മുറികൾ, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ ലാബുകൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകൾ KSWAN മുഖാന്തരം അസാപ്പിന്റെ സെർവ്വറിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 15 കേന്ദ്രങ്ങളിൽ ആധുനിക പരിശീലന സംവിധാനങ്ങളുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (CSP) നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിവരുന്നു.

പരിശീലന മൊഡ്യൂളിന്റെ ഭാഗമായ ഇംഗ്ലീഷിലുള്ള ആശയ വിനിമയ പരിശീലനത്തിനായി സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകൾ എന്ന പേരിൽ 2005 പരിശീലകരെ സജ്ജമാക്കിയിട്ടുണ്ട്. സ്വകാര്യ ട്രെയിനിംഗ് സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, എൻജിനീയറിംഗ്, പോളിടെക്നിക് കോളേജുകൾ എന്നിവയാണ് സ്കിൽ കോഴ്സുകൾ നടത്തുന്നത്. സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യവും ആശയ വിനിമയ പാടവവും പരിശീലന നൈപുണ്യവും നൽകുന്നതിനും അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പരിഗണിക്കുന്നതിനുമായി ട്രെയിനർ പാർട്ട്ണർ സ്കീം നിലവിലുണ്ട്.

(ഡി) കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ, വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ പരിശീലന സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്ക് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. നാഷണൽ സ്കിൽ ക്വാളിറ്റി ഫ്രെയിംവർക്ക് പ്രകാരമുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (NSDC), സെക്ടർ സ്കിൽ കൗൺസിലുകൾ (SSC) എന്നീ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ ആയിരത്തോളം ഹയർ സെക്കണ്ടറി സ്കൂളുകൾ, 107 കോളേജുകൾ, 50 ഓളം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളാണ്. കമ്പ്യൂട്ടർ പരിശീലകർക്ക് തുടർ പരിശീലനം നൽകി IT@ School സഹകരിക്കുന്നുണ്ട്. കേരളത്തിലെ വ്യവസായ അസോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാനത്തും പുറത്തുമുള്ള സ്വകാര്യ നൈപുണ്യ പരിശീലന ഏജൻസികൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനവും നൽകിവരുന്നു.

ശ്രീ. ഷാഫി പറമ്പിൽ : സർ, അൺ-എക്കണോമിക്ക് എന്ന പദം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നിന്ന് നീക്കം ചെയ്യാനുള്ള അങ്ങയുടെ നിലപാടിനെ പ്രതിപക്ഷവും സ്വാഗതം ചെയ്യുന്നു. ഒരുപക്ഷേ 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സി. പി. നാരായണനാണ് ആ പദം ആദ്യമായി ഉപയോഗിച്ചതെന്നുള്ള കാര്യം അങ്ങേക്ക് അറിയുമായിരിക്കും. ....(ബഹളം).... ഇങ്ങനെ അസ്വസ്ഥത കാണിക്കണോ സർ ?

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിൽ, സമയം തീരാറായി. വേഗം ചോദ്യം ചോദിക്കൂ.

ശ്രീ. ഷാഫി പറമ്പിൽ : സർ, അൺ-എക്കണോമിക്ക് എന്നുള്ള പദം ഉപയോഗിക്കരുതെന്നുള്ള അങ്ങയുടെ നിലപാടിനെ സ്വാഗതം ചെയ്യുകൊണ്ടു തന്നെയാണ് ഞങ്ങൾ സംസാരിക്കുന്നത്. എന്റെ ചോദ്യം, പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി അങ്ങിപ്പോൾ അസാപ്പിനെ സംബന്ധിച്ച് വായിച്ച ഈ ഉത്തരത്തിൽനിന്നുതന്നെ കഴിഞ്ഞ ഗവൺമെന്റ് അതിനുവേണ്ടിയുള്ള ഇടപെടൽ നടത്തിയിരുന്നു എന്നുള്ളത് വ്യക്തമാണ്. ഒരൊറ്റ കാര്യം, ഇപ്പോൾ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ കാര്യം വരുമ്പോൾ ഡിഗ്രി ഫൈനൽ ഇയർ വിദ്യാർത്ഥികൾക്ക് അല്ലെങ്കിൽ ഹയർ സെക്കണ്ടറി, സെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതിനപ്പുറത്തേക്ക് നേരത്തെ ഇവിടെ

സൂചിപ്പിക്കപ്പെട്ടതുപോലെ പ്രൈമറി തലത്തിലെ കുട്ടികൾക്ക് അത് കൊടുക്കേണ്ടത് അനിവാര്യതയാണ്. അതുകൊണ്ട് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ കാര്യത്തിൽ അസാപ്പിന്റെ ഒരു തലം ഏറ്റവും ലോവർ പ്രൈമറിയിലേക്കുകൂടി കൊണ്ടുപോകാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ ഇവിടെ പത്ത് കാര്യങ്ങൾ സൂചിപ്പിച്ചതിൽ ഏറ്റവും പ്രധാനമായി പറഞ്ഞത് ഇതുതന്നെയാണ്. സൗജന്യ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം, സൗജന്യ സ്കിൽ ഡവലപ്മെന്റ് എന്നിങ്ങനെ നേരത്തെ ഇവിടെ ചെയ്തതുപോലെയല്ലാതെ പുതിയൊരു സങ്കൽപ്പത്തിലേക്ക് അത് മാറാൻ പോവുകയാണ്. ഇപ്പോൾ സ്കിൽ എന്നു പറയുന്നത് കുറച്ചു മേഖലകളിൽ സ്കിൽ പഠിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കി അത് ആർക്കുവേണമെങ്കിലും വന്ന് പഠിക്കാമെന്നുള്ളതാണ്. ഈ രീതി മാറ്റുകയാണ്. ഓരോ കുട്ടിക്കും ഓരോ സ്കില്ലുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ എന്ന സങ്കൽപ്പത്തിൽ ഓരോ കുട്ടിയുടെയും സ്കിൽ എന്താണെന്നു മനസ്സിലാക്കി ആ സ്കിൽ ഡെവലപ് ചെയ്യാനാണ് അസാപ്പിനെ ഉപയോഗിക്കാൻ പോകുന്നത്. നേരെ തിരിച്ചാണ് നേരത്തെ ചെയ്തിരുന്നത്. ഒരു സെറ്റ് ഓഫ് സ്കിൽ പ്രോഗ്രാംസ്. അതിലേക്ക് കുട്ടികളെ കൊണ്ടുവന്ന് അവരെ ടെയിൻ ചെയ്യുകയാണ്. നേരെ തിരിച്ച് കുട്ടികളുടെ സ്കിൽ എന്താണെന്നു മനസ്സിലാക്കി ആ സ്കിൽ ഡവലപ് ചെയ്യുവാൻ ഇത്തരത്തിലുള്ള സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഉപയോഗിക്കുകയാണ്. തീർച്ചയായും അത് എൽ. പി. സ്കൂളിൽ തന്നെയാണ് പ്രയോജനപ്രദമാവുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒൻപതു വയസ്സുകാരനായ ഒരു മലയാളി വിദ്യാർത്ഥി സിലിക്കൺവാലിയിൽ ഒരു ക്ലീനിംഗ് റോബോട്ടിനെ നിർമ്മിച്ച് ലോകത്തിന്റെ മുഴുവൻ അംഗീകാരവും പിടിച്ചു പറ്റിയത് കഴിഞ്ഞ ദിവസമാണ്. ചില സ്വകാര്യ സ്കൂളുകളിലേക്കത് കൺഫൈൻ ചെയ്തുപോകുന്നു. നമ്മുടെ സ്കൂളുകളും ഹൈടെക് ആക്കിത്തുടങ്ങിയിട്ടുണ്ട്. സാറിന്റെ മണ്ഡലം, ശ്രീ. ജെയിംസ് മാത്യുവിന്റെ മണ്ഡലം, ശ്രീ. വി. ടി. ബൽറാമിന്റെ മണ്ഡലം ഇവിടെയൊക്കെ എല്ലാ സർക്കാർ സ്കൂളുകളിലും ഹൈടെക് ക്ലാസ് റൂമുകളും നേരത്തേതന്നെ വന്നിട്ടുണ്ട്. അപ്പോൾ ഈ scientific temperament -നോടൊപ്പം, അതുണ്ടാക്കുന്നതിനോടൊപ്പം ഇത്തരത്തിൽ, ഇപ്പോൾ ഡ്രോൺ വരെ കേരളത്തിലെ സ്കൂളിലെ കുട്ടികൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ടെക്നിക്കലായിട്ടുള്ള കാര്യങ്ങളും വിവര സാങ്കേതിക വിദ്യയുടെ കാര്യങ്ങളും ഹയർ സെക്കണ്ടറി തലത്തിൽ മാത്രമാക്കാതെ താഴെ തലത്തിലേക്ക് കൊണ്ടുവരാനായി ഈ കാറ്റഗറിയിൽ ഉൾപ്പെടുത്തുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, നേരത്തെ പറഞ്ഞ ഉത്തരം അതുതന്നെയാണല്ലോ. ഹൈടെക് ആക്കുക എന്നു പറഞ്ഞാൽ പഠന സൗകര്യം ഹൈടെക് രീതിയിലൂടെ എത്തിക്കുക. ഇതാണൊരു ഭാഗം. ആദ്യത്തെ ഹൈടെക് വൽക്കരണം - അതാണ് ക്ലാസുകളിൽതന്നെ കമ്പ്യൂട്ടറും എൽ. സി. ഡി. പ്രോജക്ടറും സ്മാർട്ട് ബോർഡും അതുപോലെതന്നെ പൊതു സർവ്വർ വച്ചിട്ടുള്ള ഇന്റർ ഇൻടാകണക്ഷൻസും എന്നു പറയുന്നത്. ലോകത്ത് എവിടെയും ഏത് ലൈബ്രറിയിലുള്ള പുസ്തകത്തിനോടും ആക്സസ് ഉണ്ടാകുന്നതിനും ലോകത്തെ ഏത് വിവരവും കുട്ടികളിൽ, ക്ലാസിൽ എത്തിക്കുന്നതിനും നേരത്തെ അങ്ങ് പറഞ്ഞ വിവരങ്ങളൊക്കെ എത്തിക്കുന്നതിനുമാണ്. താഴെത്തട്ടിൽ വന്ന് ഇങ്ങനെയുള്ള സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം പ്രാവർത്തികമാക്കിക്കൊണ്ട് അവരുടെ സ്കിൽ വളർത്താനുള്ള ശ്രമവും നടത്തുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ. അങ്ങ് പറഞ്ഞ അസാപ്പിന്റെ കാര്യങ്ങളൊക്കെ ശ്ലാഘനീയമാണ്. പക്ഷേ നമ്മൾ ASER-ന്റെ ലേണിംഗ് എഡ്യൂക്കേഷൻ സർവ്വേ നോക്കുകയാണെങ്കിൽ learning outcome -ൽ മലയാളികളായ കുട്ടികൾ ഇപ്പോഴും പിന്നിലാണ്. ആറാം ക്ലാസിലുള്ള കുട്ടിയോട് നാലാം ക്ലാസിലെ കണക്ക് ചെയ്യാൻ പറയുകയാണെങ്കിൽ ചെയ്യാൻ കഴിയുന്നില്ല. അങ്ങനെയുള്ള കാര്യങ്ങൾകൂടി പരിഹരിച്ചാൽ മാത്രമേ പത്താം ക്ളാസിലും പന്ത്രണ്ടാം ക്ളാസിലുമൊക്കെ എത്തുമ്പോൾ അവർ ടെക്നിക്കൽ നോളജിലേക്ക് വരികയുള്ളൂ. അതിനെക്കുറിച്ച് എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, തീർച്ചയായും. അത് ഞാൻ നേരത്തെ പറഞ്ഞു. ടീച്ചർ സെന്റേർഡ് എഡ്യൂക്കേഷന്റെ ഒരു പ്രശ്നമാണത്. ആ കുട്ടിയുടെ കഴിവു കുറവുകൊണ്ടല്ല. 45 കുട്ടികൾ ഒരു ക്ലാസിലുണ്ടെങ്കിൽ 45 പേരെയും ഒറ്റ യൂണിറ്റായി കണ്ടുകൊണ്ട് ക്ലാസ് എടുക്കുന്നതാണ് ടീച്ചർ സെന്റേർഡ് എഡ്യൂക്കേഷൻ. അതിൽ പല തരത്തിലുള്ള കുട്ടികളുണ്ടാകും. അതിൽ ഓരോ കുട്ടികളുടെയും കഴിവുകൾ മനസ്സിലാക്കി ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷനിൽ ഇടപെടുമ്പോൾ മാത്തമാറ്റിക്സിന്റെ അടിസ്ഥാനതത്വം പോലും എല്ലാവരേയും പഠിപ്പിക്കാൻ കഴിയും. 2x2 എന്നു പറഞ്ഞാൽ പെട്ടെന്നു മനസ്സിലാകും. 4x4= 16 കുറച്ചു പേർക്ക് മനസ്സിലാവില്ല. 16X16= 256 എന്നു പറയുമ്പോൾ മനസ്സിലാകുന്നവരുടെ എണ്ണം കുറഞ്ഞു. 256x256 എന്നുപറയുമ്പോൾ മനസ്സിലാകുന്നവരുടെ എണ്ണം വീണ്ടും കുറയുകയാണ്. ഇതെല്ലാം ഒറ്റ യൂണിറ്റായിട്ട് ക്ലാസ് എടുക്കുമ്പോഴാണ് ബേസ് പല കുട്ടികൾക്കും കിട്ടാതെ വരുന്നത്. അതുകൊണ്ട് ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ എന്ന രീതിയിൽ പഠിപ്പിക്കുമ്പോൾ അങ്ങ് പറഞ്ഞ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയപാത വികസനം

5 (*95) ശ്രീ. പി. വി. അൻവർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക അകറ്റുന്നതിനും, അവരുടെ പുനരധിവാസത്തിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) 2013-ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ ഭൂമി ഏറ്റെടുക്കൽ സുതാര്യതയും, ന്യായ നഷ്ടപരിഹാരവും പുനരധിവാസവും, പുനരാവാസവും (The Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act) അവകാശ നിയമപ്രകാരമാണോ സ്ഥലം ഏറ്റെടുക്കുന്നത്; ഇതു പ്രകാരം നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17-ഉം എൻ.എച്ച് 47-ഉം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയ പാതകളായ എൻ.എച്ച് 49 (ബോഡിമെട്ട്-കുണ്ടന്നൂർ), എൻ.എച്ച് 208 (കൊല്ലം-കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മൂത്തങ്ങ) എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ.എച്ച് 220 (കൊല്ലം-കുമളി) എൻ.എച്ച്.183 എ (ഭരണിക്കാവ്-പത്തനംതിട്ട-വണ്ടിപെരിയാർ), എൻ.എച്ച് 185 (അടിമാലി-പൈനാവ്-കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. പാതവികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിയും ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായ നഷ്ടപരിഹാരം/പുനരധിവാസം/പുനരാവാസം നൽകാനും ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തുമ്പോൾ അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ. കൺസൾട്ടന്റിനുവേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ചാൽ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച അന്തിമരൂപം ലഭിക്കുകയും ജനങ്ങളുടെ ആശങ്കകളെക്കുറിച്ച് അറിയുവാനും കഴിയൂ. ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ജനങ്ങൾക്കു നൽകുന്ന നഷ്ടപരിഹാരവും പുനരധിവാസവും നടത്തുന്നതും കേന്ദ്ര സർക്കാരിന്റെ 2013-ൽ നിലവിൽ വന്ന RFCTLARR Act അനുസരിച്ചാണ്.

(സി) അതെ. ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ. ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitatiton and Resettlement Act 2013) പ്രകാരമായിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും. വ്യവസ്ഥകൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 26-32, 38, 105-ലും അനുബന്ധ ഷെഡ്യൂളുകളായ ഷെഡ്യൂൾ-1, ഷെഡ്യൂൾ-2, ഷെഡ്യൂൾ-3-ലും ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥലവില നിശ്ചയിക്കുമ്പോൾ അടുത്ത പ്രദേശത്ത് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ വിലയുടെ 2 മടങ്ങ് മുതൽ 4 മടങ്ങ് വരെ (സൊലേഷ്യം ഉൾപ്പെടെ) ലഭിക്കുമെന്നാണ് ദേശീയപാതാ വികസന അതോറിറ്റി അറിയിച്ചിട്ടുള്ളത്. ജനങ്ങളുടെ യാത്രാക്ലേശം തീർക്കുന്ന പദ്ധതിക്ക് സ്ഥലം തന്നവർക്ക് നല്ല പ്രതിഫലം നൽകുവാനും വസ്തുനിഷ്ഠ പരിഗണനയെന്ന വാദം നിലനിർത്തി എല്ലാവരോടും നീതിപുലർത്താനും ബഹു. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പങ്കെടുത്ത ദേശീയപാത അതോറിറ്റി (NHAI)-യുടെ ഉദ്യോഗസ്ഥതല യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്.

തീരദേശ വികസന അതോറിറ്റി

6(*96) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന അതോറിറ്റി രൂപീകരിക്കുമെന്ന് 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നെന്നും അവ പ്രാവർത്തികമാക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങളും അറിയിക്കുമോ;

(സി) ഈ സർക്കാർ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) 12-9-11-ലെ ജി.ഒ.(പി) നമ്പർ 84/11/എഫ് & പി.ഡി ഉത്തരവ് പ്രകാരം തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 7-12-12-ലെ ജി.ഒ. (ആർ റ്റി) നമ്പർ 1031/12/എഫ് & പി.ഡി. നമ്പർ ഉത്തരവിൽ തീരദേശ വികസന അതോറിറ്റിയുടെ രൂപീകരണം തുടരേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനാൽ തീരദേശ വികസന അതോറിറ്റി രൂപീകൃതമായില്ല.

(ബി) കേരളത്തിലെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് സഹായകമായ രീതിയിൽ തീരദേശ വികസന അതോറിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ തീരദേശ വികസന അതോറിറ്റിക്ക് പകരം, തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി രൂപീകൃതമായിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കാനാണ് തീരുമാനിച്ചത്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. കടൽക്ഷോഭത്തിൽ ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വതമായ പരിഹാരം ഉറപ്പാക്കുന്ന സമഗ്ര പുനരധിവാസ പദ്ധതിയും തീരദേശറോഡ് ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുന്ന ഒരു സമഗ്രതീരദേശ പാക്കേജ് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനുവേണ്ടി പ്രാഥമികമായി 25 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തിര ഇടപെടലുകൾ

7(*97) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. ആന്റണി ജോൺ :

ശ്രീ. കെ.ഡി. പ്രസേനൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലാപ്പറമ്പ് സ്കൂൾ പൂട്ടാനിടയായതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തര ഇടപെടൽ എന്തൊക്കെയാണ് ; വിശദമാക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതാക്കി മാറ്റാൻ പശ്ചാത്തല സൗകര്യത്തിലും അക്കാദമിക് സൗകര്യത്തിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ;

(സി) അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ മലാപ്പറമ്പ് എ.യു.പി. സകൂൾ ഉൾപ്പെടെ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിന്റെ സെക്ഷൻ 7(6)-ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സ്കൂളുകളിലെ അക്കാദമിക നിലവാരവും അടിസ്ഥാന സൗകര്യവും കൂടുതൽ മെച്ചപ്പെടുത്തിയും സാങ്കേതികവിദ്യ കൂടുതൽ പ്രയോജനപ്പെടുത്തിയും അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കൂടുതൽ ക്ലാസ്സുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യം ഏർപ്പെടുത്തുന്നതും അദ്ധ്യയന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുൾപ്പെടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ വിഷയങ്ങൾ പരിഗണനയിലാണ്.

കോളേജുകൾ അനുവദിച്ചതിലും പദവി നൽകിയതിലുമുള്ള ക്രമക്കേടുകൾ

8(*98) ശ്രീ. സി. ദിവാകരൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. എൽദോ എബ്രഹാം :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകൾ അനുവദിച്ചതിലും എയ്ഡഡ് പദവി നൽകിയതിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രണ്ടു വർഷത്തിനുള്ളിൽ എത്ര സ്കൂളുകൾക്കും കോളേജുകൾക്കും എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അറബിക് സ്കൂളുകൾക്ക് ആർട്സ് ആന്റ് സയൻസ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളെ കോളേജുകളാക്കി ഉയർത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമവിരുദ്ധമായും നിബന്ധന പാലിക്കാതെയും അനുവദിച്ചിട്ടുള്ള ഇത്തരം കോളേജുകളുടെയും സ്കൂളുകളുടെയും കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) 1-1-2016 മുതൽ 30-4-2016 വരെ മുൻസർക്കാർ 17 എയ്ഡഡ് കോളേജുകളും ഒരു സർക്കാർ കോളേജും അനുവദിക്കാൻ എടുത്ത മന്ത്രിസഭാ തീരുമാനങ്ങളും ഉത്തരവുകളും പുതിയ സർക്കാർ പരിശോധിച്ചുവരുന്നു. മേൽപറഞ്ഞവ ഒഴികെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മറ്റു കോളേജുകൾക്ക് ഒന്നും തന്നെ എയ്ഡഡ് പദവി നൽകിയിട്ടില്ല. 'ഏരിയാ ഇന്റൻസീവ് പ്രോഗ്രാം' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആരംഭിച്ച 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിക്കുന്നതു സംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലേയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രസ്തുത സ്കൂളിലെ 238 അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വിസ്തൃതി, ദൂരപരിധി എന്നിവയുള്ള ഇളവിന്റെ ആനുകൂല്യം നൽകി കെ.ഇ.ആറും കെ.എസ്.ആറും ബാധകമാക്കി 16-1-2003 മുതൽ എയ്ഡഡ് പദവി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന മലപ്പുറം കരുവാരകുണ്ട് ദാറുന്നജാത്ത് അറബിക് ഓറിയന്റൽ ടൈറ്റിൽ കോളേജിനെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെ റെഗുലർ ആർട്സ് &സയൻസ് കോളേജാക്കി മാറ്റിയിട്ടുണ്ട്.

(സി) 1-1-2016 മുതൽ 30-4-2016 വരെ മുൻസർക്കാർ എടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ പുതിയ സർക്കാർ പുനഃപരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

9 (*99) ശ്രീ. പി. ഉണ്ണി :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്നതായി ആക്ഷേപമുള്ള അഴിമതിയും ക്രമക്കേടുകളും തടയാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്വർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലായോ;

(ഡി) എന്തൊക്കെ സേവനങ്ങളാണ് ഓൺലൈനിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കുമോ; കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി നൽകിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും ക്രമക്കേടും അഴിമതിയും തടയാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) സംസ്ഥാനത്തെ സബ്രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിയിരുന്നു. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ നിലവിൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സബ് രജിസ്ട്രാർ ഓഫീസുകളിൽ സജ്ജീകരിച്ചു നൽകിയിട്ടുണ്ട്.

(ബി) 1. സേവനങ്ങൾ ലഭ്യമാകുവാൻ പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിക്കുന്നതിനും ഫീസടക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ Any where Registration സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2. ഫീസുകളിലെ അഴിമതി തടയാനുതകുന്ന വിധത്തിൽ മേലുദ്യോഗസ്ഥന്മാരുടെ പരിശോധനകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.

3. സബ്രജിസ്ട്രാർമാർ മുതലുള്ള ഉയർന്ന ഉദ്യോഗസ്ഥർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ ഏതു സമയത്തും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇടുക്കി ജില്ലയിലെ പുതുതായി ആരംഭിച്ച തോപ്രാംകുടി, പത്തനംതിട്ട ജില്ലയിലെ ഏനാദി മംഗലം, പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനാൽ ഈ മൂന്ന് ഓഫീസ് ഒഴികെ ബാക്കി 311 സബ് രജിസ്ട്രാർ ഓഫീസുകളിലും നെറ്റ്വർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 1. ആധാര രജിസ്ട്രേഷനുവേണ്ടി ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ടോക്കൺ എടുക്കൽ

2. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ

3. സാക്ഷ്യപ്പെടുത്തിയ ആധാരപകർപ്പുകൾ

4. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ

5. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ

6. സൊസൈറ്റി രജിസ്ട്രേഷൻ എന്നീ സേവനങ്ങളാണ് ഓൺലൈൻ സംവിധാനംവഴി പൊതുജനങ്ങൾക്ക് നൽകിവരുന്നത്. ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ പരിമിതമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ, രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചുവരുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് പരിണാമപ്പെടുത്തി ക്കൊണ്ട് സേവനപ്രദാനം വിപുലീകരിക്കുവാനും സർക്കാർ ആലോചിക്കുന്നു.

പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം

10(*100) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത എല്ലാ പാവപ്പെട്ടവർക്കും വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് പരമാവധി എത്ര രൂപ വരെ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിൽ പഴക്കം ചെന്ന വീട് പുതുക്കി നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമിയും വീടും ഇല്ലാത്തവർക്ക് ഇവ നൽകുന്ന പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഉണ്ട്. വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഗൃഹശ്രീ ഭവന പദ്ധതി
2. സാഫല്യം ഭവന പദ്ധതി
3. എല്ലാവർക്കും വീട് പദ്ധതി.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 4 ലക്ഷം രൂപയും സാഫല്യം ഭവന പദ്ധതി പ്രകാരം 3.50 ലക്ഷം രൂപയും എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 3.6 ലക്ഷം രൂപയുമാണ് ഒരു വീട് നിർമ്മിക്കുന്നതിന് നൽകിവരുന്ന പരമാവധി തുക.

(സി) നിലവിൽ പഴക്കംചെന്ന വീട് പുതുക്കി നിർമ്മിച്ചു നൽകുന്ന പദ്ധതികളൊന്നും ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ 1972-1976 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളായി പുനർനിർമ്മിക്കുന്നതിനായി എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.

(ഡി) ഉണ്ട്. ഭൂമിയും വീടുമില്ലാത്ത, ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലേയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ ഗുണഭോക്താക്കളെ ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നതാണ്. ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർ, പദ്ധതി പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ/കൗൺസിലർ, തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ എന്നിവർ ഉൾപ്പെടുന്നതാണ് ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി. ജില്ലാതലത്തിൽ ഭൂരഹിത-ഭവന രഹിതരായവരുടെ ഡാറ്റാ ബാങ്ക് രൂപീകരണത്തിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ സൗകര്യം നൽകിവരുന്നുണ്ട്. ഇവരിൽ നിന്നാണ് ഗുണഭോക്താക്കളെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നത്.

ഭൂരിഹതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന 'എല്ലാവർക്കും വീട്' പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഭൂമിയുള്ളവരിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 7000 വീടുകൾക്ക് വായ്പ നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും 35,000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കടൽ സുരക്ഷാ പദ്ധതി

11 (*101) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "സംയോജിത കടൽ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(സി) കടൽ സുരക്ഷക്ക് ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഇല്ല.

(ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംയോജിത കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 33 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി 22.05 കോടി രൂപ കേന്ദ്ര വിഹിതവും 4.25 കോടി രൂപ സംസ്ഥാന വിഹിതവും 6.7 കോടി രൂപ ഗുണഭോക്തൃ വിഹിതവുമായി സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നുവെങ്കിലും ടി പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(സി) കടൽ സുരക്ഷ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത നാല് തീരദേശ ജില്ലകളിൽകൂടി നബാർഡിന്റെ സഹായത്തോടെ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഇതുകൂടാതെ 300

മത്സ്യബന്ധന ബോട്ടുകളിൽ ഓട്ടോമാറ്റിക് വെസ്സൽ ഐഡന്റിഫിക്കേഷൻ (AIS) സംവിധാനം ആദ്യഘട്ടമായി ഏർപ്പെടുത്തും. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ ബോട്ടുകൾക്കും AIS ഏർപ്പെടുത്തുന്നതിന് പദ്ധതിയാവിഷ്കരിക്കുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരമുള്ള കളർ കോഡിംഗ് എല്ലാ ബോട്ടുകൾക്കും പ്രാബല്യത്തിൽ വരുത്തുകയും ചെയ്യും.

ആഗോള വിദ്യാഭ്യാസ സംഗമം

12 (*102) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആഗോള സംഗമത്തിൽ പങ്കെടുത്ത അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആഗോള സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയെന്നും അവയുടെ പ്രവർത്തന മേഖലയും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വാണിജ്യ വത്ക്കരിക്കുന്നതായി പറയപ്പെടുന്ന മുൻ സർക്കാരിന്റെ നയം തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഉദ്ദേശ്യലക്ഷ്യങ്ങൾ ഈ സർക്കാർ വിലയിരുത്തിവരുന്നു. മുൻ സർക്കാരിന്റെ കാലത്ത് വിളിച്ചു ചേർത്ത ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

- വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവത്കരണം
- അക്കാദമിക് സിറ്റിയുടെ രൂപീകരണം
- അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലകൾ
- ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര മേഖലയിലെ വിദഗ്ദ്ധരുമായി ചേർന്ന് പാഠ്യ പ്രവർത്തനങ്ങളുടെയും നൈപുണ്യ വികസന കോഴ്സുകളുടേയും സമന്വയം

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2016 ജനുവരി 29, 30 തീയതികളിൽ കോവളത്തുവച്ചു നടത്തിയ ആഗോള വിദ്യാഭ്യാസ സംഗമത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളെ കോവളം ഡിക്ലറേഷൻ എന്ന പേരിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും UGC, AICTE സംസ്ഥാന സർവ്വകലാശാലകൾക്കും നൽകിയിരുന്നു. ഇതിനെ തുടർന്ന് മറ്റു നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. IHAZ-(അന്തർദ്ദേശീയ ഉന്നത വിദ്യാഭ്യാസ അക്കാദമിക മേഖലകൾ) ആരംഭിക്കുന്നതിനായി വിവിധ ട്രസ്റ്റുകളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നതല്ലാതെ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല.

(ഡി) വിദ്യാഭ്യാസ രംഗത്തെ വാണിജ്യവത്ക്കരണം ഈ സർക്കാരിന്റെ നയമല്ല. മുൻസർക്കാരിന്റെ അത്തരത്തിലുള്ള എന്തെങ്കിലും ശ്രദ്ധയിൽപെട്ടാൽ അവ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി

13 (*103) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഹാരിസൺ മലയാളം, ട്രാവൻകൂർ റബ്ബർ & ടീ, എ.വി.ടി. തുടങ്ങിയ വൻകിട കൈയ്യേറ്റക്കാർക്ക് ഭൂമി മറിച്ചു വിൽക്കുന്നതിന് സൗകര്യമൊരുക്കിയ റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സർക്കാർ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ശ്രദ്ധയിൽപെട്ടാൽ കയ്യേറ്റ കക്ഷികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുകയും അതോടൊപ്പം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കൈയേറ്റ കക്ഷികളുടെ പേരിൽ കെ.എൽ.സി അമെന്റ്മെന്റ് ആക്ട് 2009 പ്രകാരം കേസ് ഫയൽ ചെയ്യാൻ നിർദ്ദേശം നൽകുകയും കൈയ്യേറ്റം ഒഴിപ്പിക്കാൻ പ്രായോഗികവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. സർക്കാർ ഭൂമിയെ സംബന്ധിച്ചുള്ള വ്യക്തമായ കണക്കും കയേറ്റങ്ങൾ കണ്ടെത്തി അവ യഥാവിധി തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാദ്ധ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന സംവിധാനം സർക്കാർ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സർക്കാർ ഭൂമി കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിലുണ്ട്.

(ബി) അനധികൃത കയ്യേറ്റം തടയാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കേരള വില്ലേജ് മാന്വൽ സെക്ഷൻ 13, 134, 135, 136 എന്നിവ പ്രകാരവും 1958-ലെ ഭൂ സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരവും പുറമ്പോക്കോ അല്ലാത്തതോ ആയ എല്ലാ സർക്കാർവക ഭൂമികളിലേയും അനധികൃത പ്രവേശനം നിരോധിക്കാനും കയ്യേറ്റക്കാരുടെ മേൽ യഥാസമയം ശിക്ഷണ നടപടികൾ എടുത്ത് ഭൂമി സർക്കാരിലേക്ക് തിരികെ പിടിക്കുവാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. എ ഫോറം, സ്കെച്ച്, മഹസർ എന്നിവയുടെ അടിസ്ഥാനത്തിൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി ആക്ഷേപം ബോധിപ്പിക്കുവാൻ അവസരം നൽകി കയ്യേറ്റം വ്യക്തമായി ബോദ്ധ്യപ്പെടുന്ന കേസുകളിൽ ഭൂമി തിരികെ പിടിക്കുകയും ചെയ്യുന്നു.

(സി) ഇത്തരം കേസ്സുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്തിയാൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും ഡാറ്റാ ബാങ്ക്

14(*104) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളുടെയും, ജലാശയങ്ങളുടെയും, നെൽവയലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിച്ചു പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരമാണ് സംസ്ഥാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിശദവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടി ആധികാരികമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 941 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഇതിൽ 21 ഗ്രാമ പഞ്ചായത്തുകളിൽ നെൽവയലുകളോ, തണ്ണീർത്തടങ്ങളോ ഇല്ല. ബാക്കിയുള്ള 920 ഗ്രാമ പഞ്ചായത്തുകളിൽ 328 പഞ്ചായത്തുകളിലെ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 570 പഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് സർക്കാർ അച്ചടിശാലയിൽ പ്രസിദ്ധീകരണത്തിനായി നൽകിക്കഴിഞ്ഞു. നിലവിൽ 22 പഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് തയ്യാറാക്കലാണ് ഇനി പൂർത്തിയാക്കുവാനുള്ള നടപടി. ഇതിനായി 14-6-2016-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2016 ആഗസ്റ്റ് 31-ന മുൻപായി ഇതുവരെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത 22 തദ്ദേശഭരണ പ്രദേശങ്ങളിലും ആയത് പൂർത്തിയാക്കേണ്ടതാണ്.

(ബി) ഉണ്ട്. കേരള റിമോട്ട് സെൻസിംഗ് പ്രോജക്ടിന്റെ ഭാഗമായി കേരളത്തിലെ 1664 വില്ലേജുകളിലെ ഡിജിറ്റൽ ഡാറ്റ പൂർത്തിയാക്കി കഴിഞ്ഞു. കേരളത്തിന്റെ ഏറ്റവും പുതിയ ഉപഗ്രഹ ചിത്രങ്ങൾ cartosat 2-ൽ ലഭ്യമാണ്. ബഹിരാകാശ ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് ഈ ഉപഗ്രഹ ചിത്രങ്ങൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. ഹൈദരാബാദിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ റിമോട്ട് സെൻസിങ് സെന്റർ-ൽ ഉപഗ്രഹ ചിത്രങ്ങളും മറ്റ് വിശദമായ സാങ്കേതിക വിവരങ്ങളും ലഭ്യമാണ്. ആയത് കേരളത്തിന് ലഭ്യമാക്കുന്നതിനും ആ വിവരങ്ങൾ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡാറ്റാ ബാങ്കുകളുമായി താരതമ്യ പഠനം നടത്തുന്നതിന് കേരളത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും മേൽ സ്ഥാപനവുമായി സഹകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. നിലവിലുള്ള ഡാറ്റാ ബാങ്കുകളിലെ അപാകതകൾ ഉപഗ്രഹ ചിത്രങ്ങളുമായി താരതമ്യം ചെയ്ത് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 14-6-2016-ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഉപഗ്രഹ ചിത്രങ്ങളുടേയും ഇന്ത്യൻ ബഹിരാകാശ പഠന കേന്ദ്രം, നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെയും സമയബന്ധിതമായി നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി

15(*105) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഉണ്ട്. കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന പദവിയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആവിഷ്കരിച്ച് അതുല്യം പദ്ധതി നടപ്പാക്കിയത്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സുവരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നേടി കൊടുക്കാനാണ് ഈ പദ്ധതി ലക്ഷ്യം വെച്ചത്. സമ്പൂർണ്ണ നാലാംതരം തുല്യത, പരിപൂർണ്ണ സാക്ഷരത, പരിപൂർണ്ണ നാലാംതരം തുല്യത, ഇ-സാക്ഷരത, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് 'അതുല്യം'.

(ബി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർക്കും അടിസ്ഥാന സാക്ഷരത നേടിയ നവസാക്ഷരർക്കും നാലാംതരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്രവികസനം സാധ്യമാക്കുക. ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക, സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാക്കുക, തുടർ പഠനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുക, ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുത്തൻ അവബോധം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം, പരിശീലനത്തിനുള്ള ഇൻസ്ട്രക്ടർമാരെ കണ്ടെത്തി അവർക്ക് റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെയുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട കണ്ണട, മറ്റ് പഠനോപകരണ വിതരണം, ലഘുഭക്ഷണ വിതരണം, എന്നിവ ആറ് മാസം നീണ്ടുനിന്ന പഠന കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, എം.പി-മാർ, എം.എൽ.എ.-മാർ മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സന്നദ്ധ പ്രവർത്തകർ തുടങ്ങി സ്കൂൾ വിദ്യാർത്ഥികൾവരെയുള്ളവരുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത ചലച്ചിത്ര താരം ശ്രീ. ദിലീപിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-ാം തീയതി കേരളത്തിലെ 2,05,913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ നടത്തിയ പൊതുപരീക്ഷ എഴുതുകയും അതിൽ 2,02,862 പേർ വിജയിക്കുകയും ചെയ്തു (98.52%). 2015 ജൂൺ 19-ന് മുഴുവൻ പഞ്ചായത്തുകളിലും 'അതുല്യം' പ്രഖ്യാപനം നടക്കുകയുണ്ടായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന ചടങ്ങ് ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതി ശ്രീ. ഹമീദ് അൻസാരി 2016 ജനുവരി മാസം 13-ാം തീയതി തിരുവനന്തപുരത്തെ കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ വച്ച് നിർവ്വഹിക്കുകയും ചെയ്തു.

കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി

16 (*106) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ പദ്ധതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി നിന്നുപോകുവാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമായ കോഴ്സുകൾ ഉൾപ്പെടുത്തിയും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചും അക്കാദമിക്ക് നിലവാരം ഉയർത്തിയും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ പദ്ധതികൾ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവയായതിനാൽ സർക്കാർ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) യു.ജി.സി. നിഷ്കർഷിച്ച തരത്തിലുള്ള അഫിഡവിറ്റിലെ ചില നിബന്ധനകളിൽ (ചില കോഴ്സുകൾ നിർത്തലാക്കുക, ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ പ്രവർത്തനം നിർത്തുക മുതലായവ) നയപരമായ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസംമൂലം അഫിഡവിറ്റ് സമയബന്ധിതമായി യു.ജി.സി.-ക്ക് സമർപ്പിക്കാൻ സർവ്വകലാശാലയ്ക്ക് കഴിയാതെ വന്നു. എന്നാൽ അതിനുപകരം സമർപ്പിച്ച സമ്മതപത്രങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെ യു.ജി.സി. കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസത്തിനുള്ള അനുമതി പിൻവലിക്കുകയായിരുന്നു.

(സി) അംഗീകാരം പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷയും നിബന്ധനകൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടുള്ള അഫിഡവിറ്റും യു.ജി.സി-ക്ക്സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റി അധികാരികൾ യു.ജി.സി.-യുമായി നിരന്തരമായി സമ്പർക്കം പുലർത്തിവരുന്നു.

(ഡി) യു.ജി.സി. നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിദ്യാർത്ഥികൾക്കായുള്ള വ്യവസായ സംരംഭകത്വ പദ്ധതി

17 (*107) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ (എസ്.ഇ.എസ്.) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ-സി) ഉണ്ട്. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടത്. സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി ബി.ഐ, കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബ്ബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും ബിസിനസ്സ് ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പബ്ലിക് ഓഫീസുകളിലെ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ

18 (*108) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഓഫീസുകളിൽ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതു കെട്ടിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് ഇടുങ്ങിയ വഴികൾ, പടിക്കെട്ടുകൾ മുതലായവ ഒഴിവാക്കി പ്ലാനുകളും ഡിസൈനുകളും ഇതിനനുസൃതമായി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ, താലൂക്ക്, വില്ലേജ് ആസ്ഥാനങ്ങളിലെ പബ്ലിക് ഓഫീസുകളിൽ സ്ത്രീകൾക്കായി കൂടുതൽ ടോയിലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഇതിലേക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.

(ബി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരിഗണിക്കുന്നതാണ്.

(ഡി) നടപ്പു സാമ്പത്തിക വർഷം 247.12 ലക്ഷം രൂപ ജൻഡർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്സ്യലഭ്യത കുറയുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട്

19(*109) ശ്രീമതി സി. കെ. ആശ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് മത്സ്യ ലഭ്യത കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2014-നെ അപേക്ഷിച്ച് 2015-ൽ ഉണ്ടായ കുറവെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) മത്സ്യ സമ്പത്ത് കുറയുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച എത്ര പഠന റിപ്പോർട്ടുകൾ ഗവൺമെന്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഉണ്ട്. CMFRI-യുടെ കണക്കനുസരിച്ച് 2012-നുശേഷം കേരള തീരത്ത് മത്സ്യലഭ്യതയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. 2014-ൽ 5.76 ലക്ഷം ടൺ ആയിരുന്ന മത്സ്യലഭ്യത 2015 ആയപ്പോൾ 4.82 ലക്ഷം ടൺ ആയി കുറയുകയുണ്ടായി. അതായത് 2014-നെ അപേക്ഷിച്ച് 2015-ൽ മത്സ്യലഭ്യതയിൽ 0.94 ലക്ഷം ടൺ കുറവുണ്ടായിട്ടുണ്ട്.

(ബി) മത്സ്യസമ്പത്ത് കുറയുന്നത് എന്തെല്ലാം കാരണങ്ങളാലാണെന്നതു സംബന്ധിച്ച് ഫിഷറീസ് വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. എന്നാൽ CMFRI പഠനം നടത്തിയിട്ടുണ്ട്. CMFRI-യുടെ അഭിപ്രായം അനുസരിച്ച് കാലാവസ്ഥാ വ്യതിയാനംമൂലവും ചെറുമത്സ്യങ്ങളുടെ അമിതമായ ചൂഷണവും നെയ്മത്തി/ചാള (oil sardine) മത്സ്യത്തിന്റെ ലഭ്യതയുടെ ഗണ്യമായ കുറവുമാണ് മത്സ്യ സമ്പത്ത് കുറയുന്നതിനുള്ള കാരണമായി വിശകലനം ചെയ്യുന്നത്. ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ല.

(സി) അനധികൃത മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ പട്രോളിംഗ് നടത്തി കെ.എം.എഫ്.ആർ. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരികയാണ്. വളം നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി 14 ഇനം മത്സ്യങ്ങളുടെ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് 5 വർഷത്തേക്ക് നിരോധിച്ചുകൊണ്ട് 1980-ലെ കെ.എം.എഫ്.ആർ ആക്ട് സെക്ഷൻ (4) പ്രകാരം എസ്.ആർ.ഒ 477/2015 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 7-7-2016- ന് കൊച്ചിയിൽ വച്ച് മത്സ്യശാസ്ത്ര രംഗത്തെ പ്രധാന കേന്ദ്രഗവേഷണ സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചയിൽ മുൻപു സൂചിപ്പിച്ച കാരണങ്ങൾ കൂടാതെ കണ്ണിവലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചു നടത്തുന്ന മത്സ്യബന്ധനത്തിനും പങ്കുണ്ടെന്ന് വ്യക്തമായി. മത്സ്യവിഭവ സംരക്ഷണം നേരിടുന്ന പുതിയ വെല്ലുവിളികൾ കണക്കിലെടുത്ത് 1980-ലെ കെ.എം.എഫ്.ആർ. ആക്ട് സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ടെന്നും പ്രസ്തുത ചർച്ചയിൽ ഉയർന്നുവന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ കെ.എം.എഫ്.ആർ. ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങൾ

20 (*110) ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ അടുത്തിടെയായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ദുരന്തങ്ങളിൽപ്പെടുന്നത് അധികവും വിദ്യാർത്ഥികളും യുവാക്കളുമാണെന്നതുകൊണ്ടുള്ള ദേശീയനഷ്ടം കണക്കിലെടുത്ത് ഇക്കാര്യത്തിൽ മതിയായ മുൻകരുതൽ എടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ വിശകലനം നടത്തിയിട്ടില്ല. എന്നിരുന്നാലും ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആവശ്യത്തിന് മുൻകരുതൽ സ്വീകരിക്കാത്തതും നീന്തൽ പരിജ്ഞാനം ഇല്ലാത്തതും നീന്തുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിക്കാത്തതും അപകട സാധ്യതാ

മേഖലകളിലെ മുന്നറിയിപ്പുകൾ അവഗണിക്കുന്നതും ലഹരി വസ്തുക്കളുടെ ഉപയോഗവും ഇത്തരം അപകടങ്ങൾക്ക് കാരണങ്ങളാകുന്നുണ്ട്. കൂടാതെ അപരിചിതമായ സ്ഥലങ്ങളിലെ വെള്ളക്കെട്ടുകളിലും പുഴകളിലും ഇറങ്ങുന്നതും നീന്തൽ അറിയുന്നവരുടെ അതിസാഹസികതയും മുങ്ങി മരണങ്ങൾക്ക് കാരണമാകാറുണ്ട്. അതനുസരിച്ച് മുൻകരുതൽ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുങ്ങി മരണം സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസറുടേയും ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസറുടേയും സഹകരണത്തോടുകൂടി സംസ്ഥാനത്തെ എല്ലാ സ്കൂൾ/കോളേജുകളിലും പ്രത്യേക അസംബ്ലി കൂടുകയും ലഘുലേഖയും മാർഗ്ഗനിർദ്ദേശങ്ങളും വിതരണം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കടൽക്ഷോഭവും വെള്ളപ്പൊക്കവും മറ്റുമുള്ള അവസരങ്ങളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും പ്രധാന കടവുകളിലും മഴക്കാലത്തിന് മുന്നോടിയായിതന്നെ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് മഴക്കാല പൂർവ്വ തയ്യാറെടുപ്പ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം പുഴകളിലെയും കുളങ്ങളിലെയും അപകടകരമായ സ്ഥലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലകളിലെ ഫയർഫോഴ്സും ചേർന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനും പുഴയുടേയും കുളങ്ങളുടെയും പരിസരത്ത് താമസിക്കുന്ന ചെറുപ്പക്കാർക്ക് രക്ഷാ പ്രവർത്തനം നടത്തുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി നൽകാനുള്ള പദ്ധതി

21 (*111) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ഇതുവഴി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക്/തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു.

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. എപ്പോഴും എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. ഓൺലൈൻ പേമെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി പൊതുജനത്തിന് വീട്ടിലിരുന്ന് തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭിക്കുന്നതിനുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്.

(ഡി) ജി.ഒ (പി) നമ്പർ 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ് ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസീൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനേയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധരേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നത്. എല്ലാ ജില്ലാ അക്ഷയ കോ-ഓഡിനേറ്റർമാർക്കും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്.

ആശ്വാസ് പദ്ധതി

22 (*112) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ആശ്വാസ് പദ്ധതി പ്രകാരമുള്ള സ്കൂളുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) കുട്ടികൾക്ക് കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യം നൽകുന്നതിനുവേണ്ടിയുള്ള പ്രത്യേക പരിശീലനമാണ് ആശ്വാസ് സ്കൂളുകളിലൂടെ വിഭാവന ചെയ്തിരുന്നത്.

(സി) വിവിധ ജില്ലകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് 2015-16-ൽ ഭരണാനുമതി ലഭിച്ചിട്ടില്ല.

കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധികൾ

23(*113) ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തോട്ടണ്ടിയുടെ മേൽ ചുമത്തിയ വർദ്ധിപ്പിച്ച ഇറക്കുമതിച്ചുങ്കം കാരണം കശുവണ്ടിവ്യവസായത്തിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു:

1. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്.
2. പ്രവർത്തന മൂലധനം സമയബന്ധിതമായി ലഭ്യമാകാത്തത്.
3. കേന്ദ്ര സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം.
4. സമയബന്ധിതമായി ആധുനികവൽക്കരണം നടപ്പാക്കാതെയിരുന്നത്.
5. അന്താരാഷ്ട്ര കമ്പോളങ്ങളിൽ മത്സരിക്കത്തക്ക തരത്തിലുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാത്തത്.
6. ഫാക്ടറികൾ മറ്റ സംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നത്.
7. ആശാസ്യമല്ലാത്ത കിടമത്സരങ്ങൾ.
8. തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം.

1. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്:

ഇന്ത്യയിൽ ഏകദേശം 15 ലക്ഷം ടൺ കശുവണ്ടി പ്രോസസ് ചെയ്യുന്നുണ്ട്. ഇതിൽ ഏകദേശം 50% മാത്രമേ ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്നുള്ളൂ. ബാക്കി വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ടാൻസാനിയ, ഐവറികോസ്റ്റ്, ഗിനിബിസാവോ എന്നീ രാജ്യങ്ങളിൽ നിന്നാണ് മുഖ്യമായും കശുവണ്ടി ഇറക്കുമതി ചെയ്യുന്നത്. സമയബന്ധിതമായി സീസൺ സമയത്ത് കശുവണ്ടി ഇറക്കുമതി ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ആവശ്യമായ കശുവണ്ടി ലഭിക്കുകയുള്ളൂ. എന്നാൽ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അതിന് കഴിയാറില്ല. ഇത് പ്രതിസന്ധിക്ക് കാരണമാണ്.

2. പ്രവർത്തന മൂലധനം സമയബന്ധിതമായി ലഭ്യമാകാത്തത്:

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ കശുവണ്ടിയുടെ സിംഹഭാഗവും ഇറക്കുമതി ചെയ്യുകയാണ് പതിവ്. വിവിധ രാജ്യങ്ങളിലെ വിളവ് സമയത്ത് സമയബന്ധിതമായി ഇറക്കുമതി ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ആവശ്യാനുസരണം കശുവണ്ടി ലഭിക്കുകയുള്ളൂ. എന്നാൽ നിലവിലുള്ള ബാദ്ധ്യതകൾമൂലം കൂടുതൽ ലോൺ അനുവദിക്കുന്നതിന് ബാങ്കുകൾ തയ്യാറാകുന്നില്ല. നിലവിലുള്ള കണക്ക് പ്രകാരം ഏകദേശം 3000 കോടി രൂപയുടെ outstanding loan കശുവണ്ടി മേഖലയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 200 കോടി NPA (Non Performing Assets) ആയതായും 800 കോടി രൂപ Stressed Asset ആയതായും കണക്കാക്കുന്നുണ്ട്.

3. കേന്ദ്ര സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം:

ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ 9.36% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തി. തന്മൂലം ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയ്ക്ക് ഏകദേശം 10 %-ത്തിന്റെ വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ 25% പരിപ്പ് കയറ്റുമതി ചെയ്താൽ അഡ്വാൻസ് ഓതറൈസേഷൻ സ്കീം പ്രകാരം ആനുകൂല്യം ലഭിക്കും. എന്നാൽ 80 കിലോ തോട്ടണ്ടി സംസ്കരിക്കുമ്പോൾ 10 മുതൽ 13 കി.ഗ്രാം വരെയേ കയറ്റുമതി ഉൽപ്പന്നങ്ങൾ ലഭിക്കുന്നുള്ളൂ.

4. ആധുനികവൽക്കരണം നടപ്പാക്കാതിരുന്നത്.

തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഭാഗികമായ യന്ത്രവൽക്കരണം ആവശ്യമുണ്ട്.

5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഭാവം:

5000 കോടി രൂപയുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെങ്കിലും തികച്ചും മൂല്യവർദ്ധിതമായ ഉല്പന്നങ്ങൾ ഒന്നും തന്നെ ഉൽപാദിപ്പിക്കുന്നില്ല. തന്മൂലം വൻതോതിലുള്ള റിട്ടേൺ ലഭിക്കാതെ പോകുന്നുണ്ട്.

6. മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള മാറ്റം:

സംസ്ഥാനത്തെ അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവും കൂലിയിലെ ഏറ്റക്കുറച്ചിലും ഫാക്ടറികൾ സംസ്ഥാനത്ത് നിന്ന് മറ്റ് സംസ്ഥാനങ്ങളിലേയക്കു മാറ്റി സ്ഥാപിക്കുന്നതിന് കാരണമാകുന്നുണ്ട്. അങ്ങനെ പുതുതായി സ്ഥാപിക്കുന്ന ഫാക്ടറികളിൽ യന്ത്രവൽക്കരണവും നടപ്പാക്കുന്നുണ്ട്.

7. ആശാസ്യമല്ലാത്ത കിടമത്സരങ്ങൾ:

മുൻ കാലങ്ങളിൽ യഥാർത്ഥ പ്രൊസസേഴ്സ് മാത്രമാണ് കശുവണ്ടി ഇറക്കുമതിയിൽ ഏർപ്പെട്ടിരുന്നത്. അവരുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള കശുവണ്ടി ഇറക്കുമതി ചെയ്ത്, പ്രോസസ്സ് ചെയ്ത് കയറ്റുമതി ചെയ്യുകയായിരുന്നു പതിവ്. എന്നാൽ കാലക്രമത്തിൽ വാണിജ്യതാൽപര്യത്തോടുകൂടി ആളുകൾ ഈ രംഗത്തേക്ക് കടന്നു വരികയുണ്ടായി. അവർ വൻതോതിൽ കശുവണ്ടി സംഭരിച്ച്, മാർക്കറ്റിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് അസംസ്കൃത തോട്ടണ്ടിയുടെ വില വർദ്ധിപ്പിക്കുന്നു. തന്മൂലം കൂടിയ വിലക്ക് തോട്ടണ്ടി വാങ്ങുന്നതിന് കാരണമാകുന്നു. ഇതിന് ചെറുകിട വ്യവസായികൾക്ക് കഴിയുന്നില്ല.

8. തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം

തദ്ദേശീയമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിപുലമായ പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്. കശുമാവ് കൃഷി ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വനം, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാരുമായി കൂടിയാലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി ചുങ്കം ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വില ഏകദേശം 10% വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നുണ്ട്. ഇറക്കുമതി ചെയ്ത ഉൽപന്നത്തിന്റെ 25% കയറ്റുമതി ചെയ്താൽ അഡ്വാൻസ് ഓതറൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി ടാക്സ് റീഫണ്ട് ലഭിക്കും. എന്നാൽ 80 കി.ഗ്രാം തോട്ടണ്ടി സംസ്കരിക്കുമ്പോൾ 10 മുതൽ 13 കി.ഗ്രാം വരെ മാത്രമേ കയറ്റിയയക്കത്തക്ക പരിപ്പ് ലഭിക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഇറക്കുമതി ചുങ്കം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഈ സർക്കാർ കേന്ദ്ര ധനമന്ത്രിക്കും വാണിജ്യ വകുപ്പുമന്ത്രിക്കും 14-6-2016-ൽ കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാൻ കഴിയില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വരുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്ക് ടെണ്ടർ വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുന്നതാണ്. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. അതിനാവശ്യമായ തുക അനുവദിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുകളുമായുള്ള ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കൊടുത്തുതീർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സ്വകാര്യമേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഹ്രസ്വകാല നടപടികളുടെ ഭാഗമായി നിലവിലുള്ള ലോണുകൾക്ക് 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തണമെന്നും പുതുതായി ബാങ്ക് ഫിനാൻസ് അനുവദിക്കണമെന്നും ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം റിസർവ് ബാങ്ക് വിളിച്ചു ചേർത്ത എംപവേർഡ് കമ്മിറ്റി യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പ്രതിനിധികൾ വിവിധ സർക്കാർ വകുപ്പുതലവന്മാർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിക്കാനും പ്രസ്തുത സമിതിയിൽ ഹ്രസ്വകാല ദീർഘകാല പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങളും ഈ ഉന്നതതല കമ്മിറ്റി പരിശോധിക്കുന്നതാണ്. ദീർഘകാല നടപടിയുടെ ഭാഗമായി തോട്ടണ്ടി സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാനും നയപരിപാടികൾ ആസൂത്രണം ചെയ്യാനുമായി ഒരു ഏജൻസി രൂപീകരിക്കുന്ന കാര്യവും പരിഗണിച്ചു വരികയാണ്.

ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത സ്ഥലം

24(*114) ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. എം. മണി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം

വച്ചിരിക്കുന്ന സ്ഥലം ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) കമ്പനി എത്ര ഏക്കർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുണ്ടെന്നും, അതിൽ സർക്കാർ ഏറ്റെടുത്ത ഭൂമി എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 25-4-2013-ലെ ജി.ഒ (എം എസ്) 161/2013. ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരം M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റു കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് ഉത്തരവായിരുന്നു. HML കമ്പനിയും കക്ഷികളും സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) സർക്കാർ ഭൂമി കൈവശം വക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ & കളക്ടർ ഗവ. ലാന്റ് റിസംപ്ഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന 4 ജില്ലകളിലെ 30019.95 ഏക്കർ ഭൂമിയും മറ്റു കമ്പനികളും കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു. 38170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തു കൊണ്ട് പുറപ്പെടുവിച്ച 18 നടപടിക്രമങ്ങൾക്കെതിരെ കമ്പനികളും കക്ഷികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25-11-2015-ൽ 'റഫറൻസ് ഓർഡർ' പുറപ്പെടുവിച്ചിട്ടുണ്ട്. HML-മായി ബന്ധപ്പെട്ട ടി കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

M/s ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും തങ്ങളുടെ മുൻഗാമികൾ എന്നു വാദിക്കുന്ന M/s മലയാളം പ്ലാന്റേഷൻ (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി വയനാട് ജില്ലയിൽ കൈവശം വച്ചിരുന്ന 30,000 ഏക്കറിലധികം ഭൂമിയും തൃശ്ശൂർ ജില്ലയിൽ കൈവശം വച്ചിരുന്ന 6163 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി വയനാട് ജില്ലയിൽ കെ.എൽ.സി. റൂൾ 6 പ്രകാരം പരിശോധന നടത്തുമ്പോൾ, ടി നടപടിക്കെതിരെ M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് ബഹു. ഹൈക്കോടതിയുടെ മറ്റൊരു

ബഞ്ചിൽ നിന്നും സ്റ്റേ ഉത്തരവ് നേടുകയും തുടർ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ആകെ 74,334 ഏക്കറിലധികം ഭൂമി സംസ്ഥാനത്ത് M/s മലയാളം പ്ലാന്റേഷൻ (യു. കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. M/s ഹാരിസൺ മലയാളം ലിമിറ്റഡും ടി കമ്പനിയിൽ നിന്നും ഭൂമി നേടിയവരും മറ്റ കയ്യേറ്റക്കാരും ചേർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ M/s ഹാരിസൺ മലയാളം ലിമിറ്റഡും ടി കമ്പനിയിൽ നിന്നും ഭൂമി നേടിയവരും മറ്റ കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും വ്യക്തികളും ചേർന്ന് വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ റിട്ട് ഹർജികളിൽ സ്പെഷ്യൽ ഓഫീസറുടെ അധികാരപരിധിയെയാണ് ടി കമ്പനികൾ ചോദ്യം ചെയ്തിരുന്നത്. എന്നാൽ ദീർഘനാളത്തെ ഹിയറിംഗിനുശേഷം 25-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ടി കേസ്സുകൾ രണ്ടംഗങ്ങൾ അടങ്ങുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിലേക്കായി റഫർ ചെയ്തുകൊണ്ട് റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്.

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം

25 (*115) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനം എന്ന നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കാമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി നടപ്പാക്കിയത്;

(ഡി) ഈ നേട്ടം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) യൂണിവേഴ്സലൈസേഷൻ ഓഫ് എലിമെന്ററി എഡ്യൂക്കേഷൻ പദ്ധതിയുടെ ഭാഗമായി 2014-ൽ കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമെന്ന നേട്ടം കൈവരിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക വിദ്യാഭ്യാസം നേടാൻ പ്രായമായ എല്ലാ കുട്ടികൾക്കും വർണ്ണ, വർഗ്ഗ, ലിംഗ, ഭിന്നശേഷി എന്നീ വ്യത്യാസങ്ങളില്ലാതെ സ്കൂൾ പ്രവേശനം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(സി) കുട്ടികൾക്ക് എത്തിച്ചേരാൻ സാധിക്കാത്ത സ്ഥലങ്ങളിലും ഉൾപ്രദേശങ്ങളിലും ഉള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ എം.ജി.എൽ.സി.-കൾ (Multi Grade Learning Centre) ആരംഭിച്ചു.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി സർവ്വേ നടത്തി സ്കൂൾ പ്രവേശനം നേടാത്ത കുട്ടികളെ കണ്ടെത്തി അവരുടെ സ്കൂൾ പ്രവേശനം ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ ഈ ലക്ഷ്യത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ, ഡി.പി.ഇ.പി., എസ്.എസ്.എ., എന്നിവയുടെ കീഴിൽ സി.ആർ.സി., ബി.ആർ.സി. ജില്ലാതല സ്ഥാപനങ്ങൾ എന്നിവയായി വികേന്ദ്രീകരിച്ചിട്ടുണ്ട്.

അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങൾ

26 (*116) ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങളുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ മേഖലയിൽ എത്ര; എയ്ഡഡ് മേഖലയിലെത്ര;

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിന് സാഹചര്യമൊരുക്കുന്ന കോടതി വിധികൾ മറികടക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്; അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ സ്കൂളുകൾ ഒന്നുംതന്നെയില്ല. എയ്ഡഡ് മേഖലയിൽ 40 സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ എന്നീ എയ്ഡഡ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിന്റെ സെക്ഷൻ 7(6)-ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

ഭവന നിർമ്മാണ പദ്ധതികൾ

27 (*117) ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനു കീഴിൽ ഇപ്പോൾ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഭവനനിർമ്മാണ ബോർഡ് ഇപ്പോൾ ഭവനവായ്പകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്നും ആയത് പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണുദ്ദേശിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഉണ്ട്.

1. സാഫല്യം ഭവന പദ്ധതി.
2. ഗൃഹശ്രീ ഭവന പദ്ധതി.
3. ഇന്നവേറ്റീവ് ഭവന പദ്ധതി.
4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.
5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ.

(ബി) ഉണ്ട്. ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന 'എല്ലാവർക്കും വീട്' പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ വിഭാഗക്കാർക്ക് 60 ച.മീ. വിസ്തീർണ്ണമുള്ള 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ ഭവന വായ്പാ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കി വരുന്നില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1977 മുതൽ ദുർബ്ബല/താഴ്ന്ന/ഇടത്തരം/ഉയർന്ന വിഭാഗക്കാർക്കായി വിവിധ വായ്പാ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വന്നിരുന്നു. ഹഡ്കോ, ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, ബാങ്കുകൾ തുടങ്ങി നിരവധി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ധന സമാഹരണം നടത്തിയാണ് ബോർഡ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വന്നിരുന്നത്. ബോർഡിന്റെ വിവിധ വായ്പാ പദ്ധതികളിലെ ഗുണഭോക്താക്കൾ തിരിച്ചടവിൽ ഗുരുതരമായ വീഴ്ച വരുത്തിയതുമൂലം വിവിധ പദ്ധതികളിൽ നിന്നും ഏകദേശം 135 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. ബോർഡിന്റെ മൊത്തം ഗുണഭോക്താക്കളിൽ 90 ശതമാനത്തോളം പേരും സാമ്പത്തിക തകർച്ചമൂലവും രോഗികളും അശരണരുമാണെന്ന് കാണിച്ച് തിരിച്ചടവിൽ വീഴ്ചവരുത്തുകയുണ്ടായി. തിരിച്ചടവു കാലാവധി കഴിഞ്ഞ സ്കീമുകളിലേതുൾപ്പെടെയുള്ള നിരവധിപേർ ബോർഡിലേക്ക് ഒടുക്കുവാനുള്ള തുക യഥാസമയം അടയ്ക്കാത്തതുമൂലം ബോർഡിന്റെ സാമ്പത്തിക ഭദ്രത ഇല്ലാതായി. തന്മൂലം ബോർഡിന് ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള തിരിച്ചടവ് യഥാസമയം നടത്താൻ കഴിയാതാവുകയും ഹഡ്കോയ്ക്ക് വളരെ വലിയ തുക ബാദ്ധ്യതയാവുകയും ചെയ്തു. വായ്പാ പദ്ധതികൾ നടപ്പിൽ വരുത്താൻ ബോർഡ് ആശ്രയിച്ചുപോന്നിരുന്ന ധനകാര്യ സ്ഥാപനങ്ങളായ ഹഡ്കോയും ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനും പോലുള്ള സ്ഥാപനങ്ങൾ വായ്പ നൽകാൻ തയ്യാറാകാത്തതുമൂലം ബോർഡിന് പുതിയ വായ്പാ പദ്ധതികൾ നടപ്പിൽ വരുത്താൻ സാധിച്ചില്ല.

(ഡി) 30-6-2016-ലെ കണക്കുപ്രകാരം ഏകദേശം 217 കോടി രൂപ വായ്പായിനത്തിലും 18 കോടി രൂപ വാടകയിനത്തിലും 3.97 കോടി രൂപ എസ്റ്റേറ്റ് ഇനത്തിലും അടക്കം ആകെ 238.97 കോടി രൂപയാണ് ബോർഡിന് പിരിഞ്ഞു കിട്ടാനുള്ളത്. ടി തുക പിരിച്ചെടുക്കുന്നതിന് ബോർഡ് റവന്യൂ റിക്കവറി നടപടികൾ/എവിക്ഷൻ നടപടികൾ എന്നിവ സ്വീകരിക്കുന്നതോടൊപ്പം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയിലൂടെ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

പാഠപുസ്തകങ്ങളുടെ അച്ചടി

28(*118) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജോയി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പുസ്തകമില്ലാതെ വിദ്യാർത്ഥികൾ പഠിക്കാനിടയായ സാഹചര്യം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മുൻകാലങ്ങളിൽ സീ-ആപ്റ്റിൽ അച്ചടിച്ചിരുന്ന പാഠപുസ്തകങ്ങൾ സ്വകാര്യ പ്രിന്റിംഗ് പ്രസ്സിലേക്ക് മാറ്റാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം സംസ്ഥാനത്തിനുണ്ടായ അധിക സാമ്പത്തിക ബാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടി കൃത്യസമയത്ത് നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) കഴിഞ്ഞ വർഷത്തെ അപാകതകൾ പരിഹരിച്ച് ഈ അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തക വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പേപ്പറും മറ്റ് സാമഗ്രികളും

വാങ്ങി അച്ചടി പൂർത്തീകരിച്ച് വിതരണം നിർവ്വഹിക്കുന്നതിന് 2016-17 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ വർഷം സ്കൂൾ തുറക്കുമ്പോൾ തന്നെ ഒന്നാംഘട്ട പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം കെ.ബി.പി.എസ്. ഒരുക്കിയിരുന്നു. അച്ചടിയുടെയും വിതരണത്തിന്റേയും പുരോഗതി വകുപ്പ് തലത്തിൽ അവലോകനം ചെയ്തു വരുന്നുണ്ട്. ഈ വർഷം ഓൺലൈൻ ആയി ഇന്റന്റ് സമർപ്പിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു പാഠപുസ്തകങ്ങളുടെ 90 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 70 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കുന്നതിനോടൊപ്പം ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2008-09 മുതൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് സർക്കാർ സി-ആപ്റ്റ്-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2016-17 വർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകം അച്ചടിക്കുന്നതിന് സി-ആപ്റ്റ്-നെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്. 2016-17 അദ്ധ്യയന വർഷത്തിൽ സി-ആപ്റ്റ്-ന്റെ ശേഷിക്കതീതമായ പുസ്തകങ്ങൾ അച്ചടിക്കാൻ യോഗ്യരായവരിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്. വഴി അച്ചടിച്ചു നൽകുവാൻ സി-ആപ്റ്റിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടില്ല.

(ഇ) പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസവും യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതുകൊണ്ടുള്ള പ്രയാസങ്ങളും കൊണ്ടാണ് പാഠപുസ്തക അച്ചടിയും വിതരണവും നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ പൂർത്തിയാക്കാൻ കഴിയാതെ വരുന്നത്. ആയത് കണക്കിലെടുത്ത് പേപ്പർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച്, 2016-17 മുതൽ 2 വർഷത്തേക്ക് പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ അച്ചടിയുടേയും വിതരണത്തിന്റേയും പുരോഗതി നിരന്തരം അവലോകനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. യഥാസമയം പ്രിന്റ് ഓർഡർ കെ.ബി.പി.എസ്-ന് നൽകുന്നതിനുള്ള കർശന നിർദ്ദേശം ടെക്സ്റ്റ് ബുക്ക് ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2016-17 അദ്ധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം അദ്ധ്യയനവർഷാരംഭത്തിന് മുമ്പ് തന്നെ പൂർത്തിയാക്കണമെന്ന് സി-ആപ്റ്റിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം

29 (*119) ശ്രീ. എം. മുകേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്; ഈ വസ്തുത കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ടോ;

(ബി) കേരളതീരത്തെ ജനസാന്ദ്രതയും തൊഴിൽ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിലെ അപ്രായോഗികതയും അവലോകനം ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത നിയമത്തിൽ ഇളവ് ലഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശ പരിപാലന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011-ൽ കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ താഴെപ്പറയുന്നവയാണ്. ഇത് യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശ നിയന്ത്രണ മേഖലയിൽ ഭവന നിർമ്മാണം, കുടുംബസ്വത്ത് ഭാഗിച്ച് കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള തടസ്സം, ഭവനം പുനർ നിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാമെന്നുള്ള വ്യവസ്ഥ, തീരദേശ മേഖലയിൽ ചെറിയ ഭവന നിർമ്മാണത്തിനുപോലുമുള്ള ഇളവിനുവേണ്ടി അതോറിറ്റിയുടെ അനുമതി വേണമെന്നുള്ള വ്യവസ്ഥ, മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ എന്നിവയുടെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സം എന്നിവയാണ് ഈ വിജ്ഞാപനം നടപ്പിലാക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ. സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവും അപേക്ഷകളുടെ ബാഹുല്യവും നിയമം നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ട്.

(ബി) ഇല്ല. വിജ്ഞാപനങ്ങളിൽ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മാറ്റി സ്ഥാപിക്കണമെന്ന് പറഞ്ഞിട്ടില്ല. അതിനാൽ വിഷയം സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല.

(സി) നിയമത്തിൽ ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉരുൾപൊട്ടൽ തടയുന്നതിനുള്ള നടപടികൾ

30(*120) ശ്രീ. എം.ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉരുൾപൊട്ടൽ സാദ്ധ്യത മുൻകൂട്ടി കണ്ടെത്താനുള്ള സാങ്കേതികവിദ്യ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. കേരളത്തിലെ മലയോര ജില്ലകളിലെ ഉരുൾപൊട്ടൽ സാധ്യതാപ്രദേശങ്ങളുടെ ഭൂപടങ്ങൾ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹായത്തോടെ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് തലത്തിൽ ഓരോ വില്ലേജിന്റേയും ഏതൊക്കെ ഭൂപ്രദേശങ്ങളിലാണ് ഉരുൾപൊട്ടൽ സാധ്യത എന്നത് വിലയിരുത്തി അത്തരം പ്രദേശങ്ങളെ പ്രതിപാദിച്ചുകൊണ്ട് ജില്ലാ തലത്തിൽ പട്ടിക തയ്യാറാക്കി പുസ്തക രൂപത്തിൽ ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ അതാത് കാലഘട്ടത്തിൽ ഉണ്ടാകുന്ന ഉരുൾപൊട്ടലുകൾ/മണ്ണിടിച്ചിൽ/ പാറനിരങ്ങൽ എന്നിവ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ, നേതൃത്വത്തിൽ സൂക്ഷ്മ പഠനത്തിന് വിധേയമാക്കി ഉരുൾപൊട്ടൽ സാധ്യതാ ഭൂപടങ്ങൾ തയ്യാറാക്കിയും ജില്ലാ ഭരണകൂടങ്ങൾക്ക് നൽകുന്നുണ്ട്.

(ബി) അപകട സാധ്യതാ പ്രദേശങ്ങളിൽ സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കായി ബോധവത്ക്കരണം നടത്തുകയും അപകട

സാഹചര്യമുണ്ടായാൽ ജനങ്ങളെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ കണ്ടെത്തി അവരെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ ഭരണകൂടങ്ങളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുവാൻ JCB അടക്കമുള്ള യന്ത്ര ഉപകരണങ്ങൾ ലഭ്യമാക്കുവാനും ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുവാനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2 ദിവസത്തിൽ കൂടുതൽ മഴ പെയ്യുന്നുവെങ്കിൽ ക്വാറികളിലെ ഖനന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഓരോ ദിവസത്തെയും മഴയുടെ തോത് അതത് ദിവസങ്ങളിൽ രാവിലെയും വൈകിട്ടും വിലയിരുത്തി ദുരന്ത നിവാരണ അറിയിപ്പുകൾ നൽകുന്നുണ്ട്. മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായുള്ള മുന്നൊരുക്ക നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഓഫീസർമാരും കർശനമായി പാലിച്ചു വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ഇല്ല. ഉരുൾപൊട്ടൽ സാധ്യത പ്രവചിക്കുവാൻ ഉതകുന്ന സാങ്കേതികവിദ്യ രാജ്യത്ത് തന്നെ നിലവിൽ പരീക്ഷണ ഘട്ടത്തിലാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷനിലെ പുനർനിയമനം

1 (689) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ റിട്ടയർ ചെയ്ത എഞ്ചിനീയർമാർക്ക് പുനർ നിയമനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) കോർപ്പറേഷന് ലഭിക്കുന്ന വർക്കുകൾ മറ്റ് ഏജൻസികൾക്ക് നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മറ്റെന്തെങ്കിലും ആക്ഷേപങ്ങൾ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 2010 മുതൽ നടത്തിവരുന്ന ഏകദേശം 1500 കോടി രൂപ അടങ്കൽ വരുന്ന നൂറിൽപ്പരം പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി സർക്കാരിൽ നിന്നും റിട്ടയർ ചെയ്ത എഞ്ചിനീയർമാരുടെ സേവനം കോർപ്പറേഷൻ ഉപയോഗിച്ചിട്ടുണ്ട്. ഇപ്രകാരം 16 എഞ്ചിനീയർമാരെ വിവിധ കാലഘട്ടങ്ങളിലായി 2010 മുതൽ നിയമിച്ചിട്ടുണ്ട്. നിലവിലെ മാനേജിംഗ്

ഡയറക്ടർ, സീനിയർ കൺസൾട്ടന്റ്, മറ്റു രണ്ടു റീജിയണൽ മാനേജർമാർ എന്നിവർക്കു പുറമേ പ്രോജക്ട് എഞ്ചിനീയർമാരായും അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർമാരായും 12 പേരെ അവരുടെ സേവന കാലത്തെ മികവും പ്രവർത്തന പരിചയവും പരിഗണിച്ച് പ്രോജക്ട് നടത്തിപ്പിന് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കോർപ്പറേഷന് പൊതു ദർഘാസുകളിൽ പങ്കെടുത്ത് ലഭിക്കുന്ന പ്രവൃത്തികളും സർക്കാർ ഏൽപ്പിക്കുന്ന പ്രവൃത്തികളും ടെണ്ടർ ചെയ്തും ഉപകരാർ നൽകിയുമാണ് നടത്തിവരുന്നത്. കോർപ്പറേഷന്റെ പ്രവൃത്തികൾ നേരിട്ട് നടത്തുവാൻ ആവശ്യമായ യന്ത്രസാമഗ്രികളുടെയും ധനസ്ഥിതിയുടെയും കടുത്ത അപര്യാപ്തതകളുണ്ട്. 1998-നുശേഷം പ്രവൃത്തികൾ ഉപകരാർ മുഖാന്തിരം നൽകിയിട്ടുണ്ട്. ഉപകരാർ അവസാനിപ്പിക്കേണ്ടതുണ്ട്. അതിനായി വിശദമായ ചർച്ചകൾ നടത്തി പുനഃസംഘടന നടത്തുന്ന കാര്യം ആലോചനയിലാണ്. ഒരു കരാറുകാരന്റെ റോളല്ല ഈ സ്ഥാപനം കൊണ്ടുദ്ദേശിക്കുന്നത്.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെതിരെ വിവിധ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി

2(690) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2015-16-ൽ 'ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി'യിൽ ഉൾപ്പെടുത്തി അനുവദിച്ച ഗ്രാമീണ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെടുത്തിയതും ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചതുമായ (ക്രമനമ്പർ 100) തെക്കേക്കര ഗ്രാമപഞ്ചായത്തിലെ പള്ളിക്കൽ ഈസ്റ്റ്പാൽ സൊസൈറ്റി റോഡ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റോഡിനുപകരം തഴക്കര ഗ്രാമപഞ്ചായത്തിലെ തഴക്കര ഓവർബ്രിഡ്ജ്-പൈനാംമൂട് റോഡ് പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് 11-1-2016-ൽ എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ 9 എണ്ണം പുരോഗമിച്ചു വരുന്നു. 10 എണ്ണത്തിന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള ചട്ട പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് പകരം നടപ്പ് സാമ്പത്തിക വർഷം മറ്റൊരു പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ സാധിക്കുകയില്ല. ആയതിനാൽ 22-4-2016-ൽ സർക്കാരിൽ ലഭ്യമായ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മടക്കി നൽകുകയുണ്ടായി.

ടൂറിസം ഹൈവേയുടെ നിർമ്മാണം

3 (691) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 വർഷത്തിലധികമായി അലൈൻമെന്റ് നിർണ്ണയിച്ച മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം നീളുന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ പരിധിയിൽപ്പെടുത്തി മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേയിൽ ഉൾപ്പെടുന്ന കോടിമത മുതൽ ചേർത്തല വരെയുള്ള സ്കെച്ചിന്റെ പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. കോട്ടയം മുതൽ വെച്ചൂർ വരെയുള്ള 19.514 കി.മീ, പദ്ധതിയുടെ ഒന്നാം ഘട്ടമായി വികസിപ്പിക്കുന്നതിനും വെച്ചൂർ മുതൽ ചേർത്തല വരെയുള്ള 9.372 കി.മീ രണ്ടാം ഘട്ടമായി വികസിപ്പിക്കുന്നതിനുമാണ് വിശദമായ പദ്ധതി രൂപരേഖ ശിപാർശ ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദേശീയപാത വികസനത്തിനുള്ള കർമ്മ പദ്ധതികൾ

4 (T^{T} 692) ശ്രീ. വി. ടി. ബൽറാം :

ശ്രീ. റോജി എം. ജോൺ :

ശ്രീ. അനിൽ അക്കര :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മുൻ സർക്കാർ വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിൽ ദേശീയപാതകളുടെ വീതി എത്രയാണെന്നാണ് തീരുമാനമായിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ എന്തെല്ലാം അതിവേഗ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17-ഉം എൻ.എച്ച് 47-ഉം 45 മീ. റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയ പാതകളായ എൻ.എച്ച് 49 (ബോഡിമെട്ട്-കുണ്ടന്നൂർ), എൻ.എച്ച് 208 (കൊല്ലം-കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മൂത്തങ്ങ), എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ.എച്ച് 220 (കൊല്ലം -കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ്- പത്തനംതിട്ട-വണ്ടി പെരിയാർ), എൻ.എച്ച് 185 (അടിമാലി-പൈനാവ്-കുമളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ.എച്ച് 47-ന്റെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയും തൃശ്ശൂർ മുതൽ അത്താണി വരെയുമുള്ള ഭാഗങ്ങൾ 4 വരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17-ഉം (421 കി.മീ) എൻ.എച്ച് 47-ഉം (408 കി.മീ) അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാത വികസന പദ്ധതി (NHDP)-യുടെ രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ ഏൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. ദേശീയ തലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 60 മീ. വീതിയിൽ സ്ഥലമെടുത്താണ്. 2006-2011 കാലത്തെ സർക്കാർ 30 മീ. വീതിയിൽ ചെയ്യാൻ മന്ത്രിസഭാ തീരുമാനം വഴി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അഖിലകക്ഷി നിവേദക സംഘവും കേന്ദ്ര സർക്കാരിനെ കണ്ട് തീരുമാനം കൈമാറുകയും ചെയ്തിരുന്നു. പിന്നീട് 60 മീ. വീതി തന്നെ വേണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയും കേന്ദ്രമന്ത്രി കൂടെക്കൂടെ മാറ്റിപ്പറഞ്ഞുകൊണ്ടിരുന്നതിനാൽ തീരുമാനം നടപ്പാക്കാനായില്ല. തുടർന്ന് വീണ്ടും സർവ്വകക്ഷി യോഗം ചേർന്ന് 45 മീ. ആക്കാൻ തീരുമാനം എടുത്തു. ഇക്കാര്യം മന്ത്രിസഭാ തീരുമാനമായി കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്രം അത് 45 മീറ്ററായി കുറച്ചു നൽകിയിട്ടുണ്ട്. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ സ്ഥലമെടുപ്പ് ചില കോണുകളിൽ നിന്നുമുള്ള എതിർപ്പു കാരണം മുന്നോട്ടു പോകുവാൻ സാധിക്കാതിരുന്നതിനാൽ കേന്ദ്ര മന്ത്രാലയത്തിന്റെ 5-3-2014-ലെയും 14-8-2014-ലെയും ഉത്തരവുകൾ പ്രകാരം ഈ പ്രദേശത്തെ ദേശീയപാത വികസനത്തിൽ നിന്നും എൻ.എച്ച്.എ.ഐ. പിൻമാറുകയും ദേശീയപാത സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധികൾ കേന്ദ്രമന്ത്രിയെ സന്ദർശിച്ച് ദേശീയപാതയ്ക്കുവേണ്ട സ്ഥലത്തിന്റെ വീതി കേരളത്തിനായി 30 മീറ്ററായി നിജപ്പെടുത്തി അലൈൻമെന്റിൽ വേണ്ട ചില മാറ്റങ്ങൾ വരുത്തി (ആരാധനാലയങ്ങൾ പോലെ പ്രാധാന്യമുള്ളവ സംരക്ഷിക്കുന്നതിന്), പദ്ധതി ബാധിതർക്ക് ഉയർന്ന നഷ്ടപരിഹാരം നൽകി ദേശീയപാത വികസന പദ്ധതി നടപ്പിലാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. സുരക്ഷിതത്വവും ഭാവിയിൽ ഉണ്ടാകാവുന്ന ഗതാഗത സാന്ദ്രതയും കണക്കിലെടുത്ത് ദേശീയപാതയ്ക്കുവേണ്ട സ്ഥലം 45 മീ. വീതിയിൽ കുറയ്ക്കാൻ പറ്റില്ലായെന്നും പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ 80% എങ്കിലും എടുത്തു കഴിഞ്ഞാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ടു പോകുകയുള്ളുയെന്നും മറ്റു വിഷയങ്ങൾ തുടർന്നു ചർച്ച ചെയ്തു തീരുമാനിക്കാമെന്നും കേന്ദ്രമന്ത്രി അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാന മന്ത്രിസഭാ തീരുമാനം അനുസരിച്ച് 25-10-2014-ൽ പുറപ്പെടുവിച്ച GO(MS) No.94/2014/PWD ഉത്തരവ് പ്രകാരം ദേശീയപാത 45 മീ. വീതിയിൽ വികസിപ്പിക്കുന്നത് അംഗീകരിക്കുകയും 80% സ്ഥലം ഏറ്റെടുത്ത് ദേശീയപാത

വികസനത്തിന് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറാനും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5-3-2014-ലെയും 14-8-2014-ലെയും ഉത്തരവുകൾ റദ്ദു ചെയ്യാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ഇതിനായി മുഖ്യമന്ത്രിയുടെ കത്ത് 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയുമായും ദേശീയപാത അതോറിറ്റി അധികാരികളുമായും ഡൽഹിയിൽവച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 60% സ്ഥലം ഏറ്റെടുത്തു നൽകിയാൽ പ്രവൃത്തി ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ ഭൂമിയും ഏറ്റെടുത്ത് നൽകിയാൽ രണ്ടു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ചു നൽകാമെന്ന് 15-6-2016-ന് ബഹു. മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ NHAI പ്രതിനിധി അറിയിച്ചു.

(സി-ഡി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തുമ്പോൾ അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ. കൺസൾട്ടന്റിനുവേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. ദേശീയപാതാ വികസനത്തിന് കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ഭാഗത്തെ ഡി.പി.ആർ. പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വെങ്ങളം മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തിന്റെ ഡി.പി.ആർ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ 15-6-2016-ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പു മന്ത്രിയുടെയും നേതൃത്വത്തിൽ ദേശീയപാത അതോറിറ്റി (NHAI) ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഡി.പി.ആർ. തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും അലൈൻമെന്റ്, ലാന്റ് അക്വിസിഷൻ പ്രശ്നങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ കളക്ടറുടെ ഇടപെടൽ ഉണ്ടാകാത്തതിനാൽ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ പുനർ നിർമ്മിച്ചു നൽകുന്നതിന് ധാരണയായിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ജനങ്ങൾക്കു നൽകുന്ന നഷ്ടപരിഹാരവും പുനരധിവാസവും നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ചാണ് (RFCTLARR-Act- 2013). സ്ഥലം വിട്ടുനൽകുന്നവർക്ക് ന്യായവും വസ്തുനിഷ്ഠവുമായ നഷ്ടപരിഹാരം നൽകാനുള്ള നടപടി കൈക്കൊള്ളുമെന്നും ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി ആരും അനാഥരാകില്ലെന്നും സർക്കാർ ഉറപ്പു നൽകി.

സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലുമുള്ള അപാകതകൾ

5(693) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലുമുള്ള അപാകതകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകൾ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്ര റിപ്പോർട്ടുകൾ, നിവേദനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ

6 (694) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്കുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ;

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം മുഖേന നടത്തി വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ദേശീയപാത വിഭാഗത്തിന്റെ കീഴിൽ NH 49 മധുര-കൊച്ചി റോഡിലെ 2016-2017 മഴക്കാല പൂർവ്വ ശ്രുചീകരണ പ്രവൃത്തികൾ (കി.മീ. 248/530 മുതൽ 262/000 വരെ) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കെട്ടിട വിഭാഗത്തിന്റെ കീഴിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളവ ചുവടെ ചേർക്കുന്നു:

1. മൂവാറ്റുപുഴ താലൂക്ക് ഹോസ്പിറ്റലിൽ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം
2. ഗവ. ഐ.ടി.ഐ. ആരക്കുഴ
3. ആയവന 14-ാം വാർഡിൽ അംഗനവാടി നമ്പർ 35
4. ആയവന 3-ാം വാർഡിൽ അംഗനവാടി നമ്പർ 48
5. പോത്താനിക്കാട് 6-ാം വാർഡിൽ അംഗനവാടി നമ്പർ 56
6. പോത്താനിക്കാട് 5-ാം വാർഡിൽ അംഗനവാടി നമ്പർ 52
7. മൂവാറ്റുപുഴ 18-ാം വാർഡിൽ അംഗനവാടി നമ്പർ 12

കെ.എസ്.റ്റി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന എം.സി. റോഡിന്റെ ഏറ്റുമാനൂർ-മൂവാറ്റുപഴ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തിയുടെ 34 ശതമാനം ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) ബഡ്ജറ്റ് വർക്ക് 2015-16 improvements to East Marady-Kayanad Peruvamozhy road 1st reach km/000 to 1/800 റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഉടമ വിട്ടുതരുന്ന സ്ഥലത്തിന് പകരമായി സർക്കാർ വക സ്ഥലം പകരം നൽകി. എന്നാൽ ടി സ്ഥലം കൈമാറുന്നതിൽ വരുന്ന താമസം കാരണം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 2017 ജനുവരി 30-നകവും ദേശീയപാതാ വിഭാഗത്തിന്റെ പ്രവൃത്തികൾ 6 മാസത്തിനുള്ളിലും പൂർത്തീകരിക്കുന്നതാണ്. കെട്ടിട വിഭാഗത്തിൻ കീഴിൽ താലൂക്ക് ഹോസ്പിറ്റൽ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം 13-6-2017-ന മുമ്പായും ആരക്കുഴ ഗവ. ഐ.ടി.ഐ. 9-5-2017-ലും ബാക്കിയുള്ള 5 അംഗനവാടികളുടെ പ്രവൃത്തികൾ ജൂലൈ 31-നകവും പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

8(695) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന കീഴിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ബി) അതിനായി ഇൻവെസ്റ്റിഗേഷൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതലായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എത്ര തുക നീക്കിവയ്ക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം പഞ്ചായത്ത് വകുപ്പോ കായിക വകുപ്പോ പരിഗണിക്കേണ്ടതാണ്.

എം.സി. റോഡിന്റെ നവീകരണം

8(696) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ തയ്യാട് മുതൽ പന്തളം വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) വെഞ്ഞാറമൂട് ജംഗ്ഷനിലും സമീപത്തും എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വീതി കൂട്ടൽ പ്രവൃത്തിയുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ, ഇവയുടെ നഷ്ടപരിഹാരം നൽകൽ തുടങ്ങിയവയെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) പ്രസ്തുത റോഡിന്റെ തയ്യാട് മുതൽ കാരേറ്റ് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തൽക്കാലം വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നില്ല. കെ.എസ്.റ്റി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തൈക്കാട് (വെഞ്ഞാറമൂട്)-അടൂർ റോഡ് ഒരു മാതൃകാ റോഡു സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായി തൈക്കാട് മുതൽ അടൂർ വരെയുള്ള എം.സി. റോഡിന്റെ ഉപരിതലം പുതുക്കി എല്ലാവിധ റോഡു സുരക്ഷാ ക്രമീകരണവും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

(സി) വെഞ്ഞാറമൂട് ജംഗ്ഷനിൽ 12.60 മീറ്ററും ജംഗ്ഷനിൽ നിന്നും കൊട്ടാരക്കര ഭാഗത്തേക്ക് 50 മീറ്റർ മാറി 14 മീറ്ററും ജംഗ്ഷനിൽ നിന്ന് തിരുവനന്തപുരത്തേക്ക് 50 മീറ്റർ മാറി 14 മീറ്ററുമാണ് നിലവിലത്തെ വീതി. കൂടുതൽ സ്ഥലമെടുപ്പിന് നിർവ്വാഹമില്ലാത്തതിനാൽ ഈ വീതി ഇങ്ങനെ തന്നെ നിർത്തി ജംഗ്ഷൻ മെച്ചപ്പെടുത്തുന്ന പ്രവൃത്തി മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്നില്ല.

(ഇ) ഉപരിതലം പുതുക്കി റോഡു സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ടെണ്ടർ അംഗീകരിച്ചാലുടൻ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതാണ്.

(എഫ്) കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി 2010-ൽ നിർമ്മാണം പൂർത്തിയാക്കിയ എം.സി. റോഡിന്റെ തൈക്കാട് മുതൽ കാരേറ്റ് വരെയുള്ള റോഡ് ഭാഗത്തിന്റെ അലൈൻമെന്റ് മാപ്പ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം)*

എം.എൽ.എ-മാരുടെ പി.എ.-മാർക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ തടസ്സം

9(697) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി., കെ. എസ്. ആർ.റ്റി.സി., മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എം.എൽ.എ.-മാരുടെ പി.എ.-മാരായി വരുന്നവർക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പി.എ.-മാരായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡെപ്യൂട്ടേഷനിൽ എത്തുമ്പോൾ ഖജനാവിൽ നിന്നും ശമ്പളം ലഭിക്കുന്നതുകൊണ്ട് ക്വാർട്ടേഴ്സുകൾ നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കു നൽകുന്നതു പോലെ എം.എൽ.എ.-മാരുടെ പി.എ.-മാർക്കും പത്ത് ശതമാനം സർക്കാർ ക്വാർട്ടേഴ്സുകൾ മാറ്റിവയ്ക്കാൻ ഉത്തരവ് നല്കുമോ?

ഉത്തരം

(എ) 2006-ലെ സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ (Rules for the Allotments & Occupation of Government Servant's Quarters in Kerala, 2006) ചട്ടം 10 പ്രകാരം സംസ്ഥാനത്തെ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന് മാത്രമാണ് സർക്കാർ ക്വാർട്ടേഴ്സുകൾ സംവരണം ചെയ്തിരിക്കുന്നത്. എം.എൽ.എ.-മാരുടെ പി.എ-മാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

(ബി) ഇത് പരിഹരിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതായുണ്ട്.

(സി&ഡി) പരിശോധിക്കുന്നതാണ്.

ബി.എം. & ബി.സി സാങ്കേതിക വിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടിക്കാലാവധി

10 (698) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിലോമീറ്ററിന് ഒരു കോടി രൂപ മുതൽമുടക്കി ബി.എം & ബി.സി. സാങ്കേതികവിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടി കാലാവധി 5 വർഷമെങ്കിലും ആയി ഉയർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ ബി.എം. & ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന വർക്കുകൾക്ക് ഗ്യാരണ്ടി പിരീഡ് 3 വർഷമായാണ് 31-8-2013-ലെ ജി.ഒ (എം എസ്.) നമ്പർ 73/2013 പൊ.മ.വ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിലവിലുള്ള മാനദണ്ഡ പ്രകാരവും ദേശീയപാതയിൽ റോഡുകളുടെ ഉപരിതലം 40 മീറ്ററിൽ കൂടുതൽ കനത്തിൽ ബി.എം. & ബി.സി ഉപയോഗിച്ച് റീസർഫസിംഗ് നടത്തുമ്പോൾ കരാറുകാരന് ഉറപ്പാക്കേണ്ട ഗ്യാരന്റി

കാലാവധി (ഡിഫക്ട് ലയബിലിറ്റി പിരീഡ്) 3 വർഷമാണ്. കേന്ദ്ര മാനദണ്ഡം നിലവിലിരിക്കുന്ന സാഹചര്യത്തിൽ ഗ്യാരണ്ടി കാലാവധി 5 വർഷമാക്കുന്ന കാര്യം പരിഗണിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ 5 വർഷം ആക്കുവാൻ കേന്ദ്ര മന്ത്രാലയത്തെ അറിയിക്കുന്നതാണ്.

പി.ഡബ്ല്യു.ഡി. റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപനം

11(699) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പി.ഡബ്ല്യു.ഡി. റോഡിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി 2000 മുതൽ ഈ കാലയളവുവരെ ഏതൊക്കെ ടെലികോം ഓപ്പറേറ്റർമാരുമായിട്ടാണ് ഗവൺമെന്റ് കരാറിൽ (റോ, റൈറ്റ് ഓഫ് വേ) ഏർപ്പെട്ടിട്ടുള്ളത്; എന്തൊക്കെയാണ് വ്യവസ്ഥകൾ;

(ബി) ഓരോ കമ്പനിയും എത്ര കിലോമീറ്റർ ദൂരം വീതം കേബിൾ ഇട്ടിട്ടുണ്ട്;

(സി) കേബിൾ ഇടുന്നതിനുള്ള അഡീഷണൽ കഴ്ചകൾ മാത്രമായി ഏതൊക്കെ കമ്പനികൾ ഇട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം രേഖകളാണ് സർക്കാറിന്റെ പക്കൽ ഉള്ളത്; വ്യക്തമാക്കുമോ;

(ഡി) പി.ഡബ്ല്യു.ഡി. റോഡിൽക്കൂടി കേബിൾ ഇടുന്നതിനായി നിശ്ചയിക്കപ്പെട്ട വാടക എത്രയാണ്; വാടക ഇനത്തിൽ സർക്കാരിലേക്ക് എത്ര തുക ലഭിച്ചിട്ടുണ്ട്;

(ഇ) സർക്കാരുമായിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ കമ്പനികൾ കേബിൾ സ്ഥാപിച്ചിട്ടുള്ളത്; എത്ര കിലോമീറ്റർ കേബിൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ പി.ഡബ്ല്യു.ഡി. റോഡിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി 2000 മുതൽ ഈ കാലയളവുവരെ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ടെലികോം ഓപ്പറേറ്റർമാരുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* സംസ്ഥാനത്തെ ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളിൽ ഒ.എഫ്.സി. കേബിൾ ഇടുന്നതിന് കാലാകാലങ്ങളിൽ താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സ.ഉ (എം എസ്.) നമ്പർ 18/2000/ വി. സ. വ തീയതി 8-11-2000.
2. സ.ഉ (എം എസ്.) നമ്പർ 02/2001/വി.സ. വ തീയതി 20-1-2001
3. സ.ഉ (എം എസ്.) നമ്പർ 16/2010 വി.സ.വ തീയതി 30-4-2010.
4. സ.ഉ (എം എസ്.) നമ്പർ 39/2015 വി.സവ തീയതി 15-9-2015.
5. സ.ഉ (എം എസ്.) നമ്പർ 07/2016/വി.സവ തീയതി 8-2-2016

ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) ദേശീയപാത വിഭാഗത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ടിട്ടുള്ള ടെലികോം ഓപ്പറേറ്റർമാരുടെ വിവരങ്ങൾ അനുബന്ധം III* ആയും കെ.എസ്.റ്റി.പി. റോഡിൽ കേബിൾ ഇട്ടിട്ടുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധം IV* ആയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ കേബിൾ ഇട്ടിട്ടുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധം V*ആയും ചേർത്തിരിക്കുന്നു. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ വരുന്ന റോഡുകളിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ഏകദേശം 26.67 കി.മീ. ഉം ലാർസൻ & ടൂ ബ്രോ 7.95 കി.മീ. നീളത്തിൽ റോഡു കുഴിച്ച് കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഒരു കമ്പനിയും അഡീഷണൽ കുഴലുകൾ മാത്രമായി ഇട്ടിട്ടില്ല.

(ഡി) കേന്ദ്ര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ സർവ്വീസ് ദാതാക്കൾക്ക് സൗജന്യമായി ദേശീയപാതയോരങ്ങളിൽ വിവിധ സർക്കുലറുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി അനുമതി കൊടുക്കുന്നതാണ്. കേബിളിടുന്നതിനുള്ള ടെഞ്ച് കട്ടിംഗും അതിന്റെ റെസ്റ്റോറേഷനും ടെലികമ്മ്യൂണിക്കേഷൻ സർവ്വീസ് ദാതാവ് ചെയ്യേണ്ടതാകുന്നു. ഇതിന്റെ ഗ്യാരണ്ടിയായി മീറ്ററിന് 100 രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളിൽ കേബിളിനുവേണ്ടി കുഴിച്ച ഭാഗം പുനർനിർമ്മിക്കുന്നതിനായി ആവശ്യമുള്ള തുക (റെസ്റ്റോറേഷൻ ചാർജ്ജ്) മാത്രമേ ഈടാക്കുന്നുള്ളൂ.

(ഇ) സർക്കാരുമായിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണ് കമ്പനികൾ കേബിളുകൾ സ്ഥാപിച്ചിട്ടുള്ളത്. ദേശീയപാത കൊല്ലം ഡിവിഷന്റെ കീഴിൽ വരുന്ന പുനലൂർ മുതൽ ചെങ്കോട്ടവരെയുള്ള ഭാഗത്ത് 7 കി.മീ നീളത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് അനധികൃതമായി കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണം

12(700) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47 കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി സ്ഥലമേറ്റെടുത്തവർക്ക് നഷ്ടപരിഹാര തുക ഇനിയും നൽകാനുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള രണ്ടാംഘട്ട നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയപാത 47 കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ രണ്ടാം ഭാഗമായി പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനായി 266.87 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി 50 കോടി രൂപ ലഭിച്ചതിന്റെ വിതരണ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഗഡുവായി 50 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. മേൽ നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്.

(ബി) സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

ശ്രീശങ്കരാ പാലത്തിന് സമാന്തരമായി പുതിയ പാലം

13 (701) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ അങ്കമാലി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എം.സി. റോഡിലെ ശ്രീ ശങ്കരാ പാലത്തിലെ ഗതാഗതക്കുരുക്ക് അതിരൂക്ഷമായ സാഹചര്യത്തിൽ, ഇതിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എവിടംവരെ ആയി എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കാലടിയിൽ പെരിയാറിന് കുറുകെ പാലവും ബൈപ്പാസ് റോഡും നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് ചീഫ് എഞ്ചിനീയർ 19-9-2015-ൽ അംഗീകരിച്ചു. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കുന്നതിനു വേണ്ടി കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ള പൈലിന്റെ കപ്പാസിറ്റി അടക്കമുള്ള വിവരങ്ങൾ ഇൻവെസ്റ്റിഗേഷൻ ഏജൻസി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള ഭൂവുടമകളുടെ സമ്മതപത്രം ലഭിക്കേണ്ടതുണ്ട്. 2016 ജനുവരി മാസം സ്ഥലം ഉടമകളുടെ യോഗം നടത്തിയെങ്കിലും സമ്മതപത്രം ലഭിച്ചിട്ടില്ല. സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവർത്തനം

14 (702) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പതിമൂന്ന് വർഷത്തിലധികമായി അലൈൻമെന്റ് നിർണ്ണയിച്ച് ആരംഭിച്ചിട്ടുള്ള പ്രസ്തുത ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്താമോ?

ഉത്തരം

(എ-സി) മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേയിൽ ഉൾപ്പെടുന്ന കോടിമത മുതൽ ചേർത്തല വരെയുള്ള സ്കെച്ചിന്റെ പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ചുവരുന്നു.

ഹൈവേ റോഡുകൾ വീതി കൂട്ടുവാൻ നടപടി

15 (703) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ സംസ്ഥാന ഹൈവേ റോഡുകൾ ഉണ്ട്; ഇതിന്റെ പേരുവിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമാണുള്ളത്;

(ബി) വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ സംസ്ഥാന ഹൈവേ റോഡുകളുടെ വീതി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ നാഷണൽ ഹൈവേ റോഡുകൾ ഉണ്ട്; അവയുടെ പേരു വിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമെന്നും വിശദമാക്കാമോ;

(ഡി) വലിയ തോതിലുള്ള വാഹനപെരുപ്പവും ജനസംഖ്യാവർദ്ധനവും പരിഗണിച്ച് നിലവിലുള്ള റോഡുകളുടെ വീതികൂട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിൻ കീഴിൽ 4341.65 കി.മീ. സംസ്ഥാന ഹൈവേ (എസ്.എച്ച്) റോഡുകൾ ഉണ്ട്. ഇതിന്റെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. വീതി സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഹൈവേ റോഡുകൾക്കായി ദേശീയതലത്തിൽ അംഗീകരിച്ച വീതിയിൽ സ്ഥലമെടുത്താണ് നിർമ്മിക്കുന്നത്. ഇതുകൂടാതെ നിലവിൽ സ്ഥലം ലഭ്യമായ റോഡുകൾക്കു വീതി കൂട്ടി നിർമ്മാണ പ്രവർത്തനം നടത്തി സുഗമമായ ഗതാഗത സൗകര്യം നടപ്പിലാക്കി വരുന്നു. കെ.എസ്.റ്റി.പി. സംസ്ഥാന ഹൈവേകളിൽ കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ റോഡുകളെ കണ്ടെത്തി അവ ഘട്ടംഘട്ടമായി സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി പരിപാലിക്കാനുള്ള ഒരു സ്ട്രാറ്റജിക് നെറ്റവർക്ക് പ്രോഗ്രാം ഇപ്പോൾ നടപ്പിലാക്കി വരുന്നു. കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. ഇതിനുവേണ്ടിയുള്ള പഠനങ്ങൾ നടത്താൻ നടപടികൾ എടുത്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 1781.5 കീ.മീ ദൈർഘ്യത്തിൽ 11 ദേശീയപാതകളാണുള്ളത്. ഇവയെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. എൻ.എച്ച് 17 (തലപ്പാടി-ഇടപ്പള്ളി) 420.77 കി.മീ. നീളത്തിൽ രണ്ട് വരിപ്പാത.

2. എൻ.എച്ച് 47 (വാളയാർ-ഇടപ്പള്ളി-കേരള-തമിഴ്നാട് അതിർത്തി വരെ) ആകെ 416.8 കി.മീ. നീളത്തിൽ 4 വരി പാതയും 322.59 കി.മീ. നീളത്തിൽ 2 വരിപ്പാതയുമാണ്.

3. എൻ.എച്ച് 47 എ (വെല്ലിംഗ്ടൺ-കുണ്ടന്നൂർ) 5.92 കി.മീ രണ്ടു വരിപ്പാത.

4. എൻ.എച്ച് 47 സി (വല്ലാർപ്പാടം-കളമശ്ശേരി) 17 കി.മീ നാലുവരിപ്പാത.

5. എൻ.എച്ച് 49 (ബോഡിമെട്ട്- കുണ്ടന്നൂർ) 67 കി.മീ. രണ്ടു വരിപ്പാതയും 100.59 കി.മീ. രണ്ടു വരിക്ക് താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.

6. എൻ.എച്ച് 208 (കൊല്ലം-കഴുത്തുരുത്തി) 69.53 കി.മീ. രണ്ടു വരിപ്പാതയും 11.75 കി.മീ രണ്ടു വരിപ്പാതയ്ക്ക് താഴെയുള്ള ഇന്റർമീഡിയറ്റ് പാതയും.

7. എൻ.എച്ച് 212 (കോഴിക്കോട്-മൂത്തങ്ങ) 117.6 കി.മീ രണ്ടു വരിപ്പാത.

8. എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്) 125.30 കി.മീ. രണ്ടുവരിപ്പാത.

9. എൻ.എച്ച് 220 (കൊല്ലം-കുമിളി) 154.30 കി.മീ. രണ്ടു വരിപ്പാതയും 62 കി.മീ. രണ്ടു വരിപ്പാതക്ക് താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.

10. എൻ.എച്ച് 185 (അടിമാലി-പൈനാവ്-കുമിളി) 96 കി.മീ നീളത്തിൽ രണ്ടു വരിപ്പാതയ്ക്ക് താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാത.

11. എൻ.എച്ച് 183 എ (ഭരണിക്കാവ്-പത്തനംതിട്ട-വണ്ടിപ്പെരിയാർ) 118.5 കി.മീ രണ്ടു വരിപ്പാതയും 5.3 കി.മീ രണ്ടു വരിപ്പാതയ്ക്ക് താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.

(ഡി) സംസ്ഥാനത്തെ ദേശീയപാതകളായ എൻ. എച്ച് 17 ഉം. എൻ.എച്ച്-47 ഉം സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായും മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയുമാണ് വികസിപ്പിക്കാൻ ദേശീയപാതവിഭാഗം ഉദ്ദേശിക്കുന്നത്. നഗരങ്ങളിലെ വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും ജനസംഖ്യാ വർദ്ധനവും പരിഗണിച്ച് പ്രധാന നഗരങ്ങളിലെ റോഡുകൾ വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള നഗര റോഡു വികസന വദ്ധതി കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം

കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഭാഗമായി 363 കി.മീ റോഡുകൾ ലോകബാങ്കിന്റെ സഹായത്താൽ വികസിപ്പിക്കുവാനുള്ള പദ്ധതി കെ.എസ്.റ്റി.പി. ഇപ്പോൾ നടപ്പാക്കി വരുന്നു. ഇത് 2018-ാം ആണ്ടോടുകൂടി തീരുമെന്നു കരുതുന്നു. ഇതിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്വിറ്റിയിനത്തിൽ വികസിപ്പിക്കുന്ന 82 കി.മീ. ദൂരത്തിലുള്ള പുനലൂർ-പൊൻകുന്നം റോഡും ഉൾപ്പെടുന്നു. കൂടാതെ ധനലഭ്യതയ്ക്കും സ്ഥലലഭ്യതയ്ക്കും അനുസൃതമായി കൂടുതൽ റോഡുകൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

16 (704) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ നിലവാരമില്ലായ്മ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി നാളിതുവരെ നിലനിന്നിരുന്ന സംവിധാനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിലെ നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ പുതിയതായി സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതി ലേക്കായി പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിന്റെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന, നിർമ്മാണ പ്രവൃത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ

ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കേണ്ടതുമാണ്. ഇതുകൂടാതെ 5 കോടിക്കു മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധന്മാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുന്നതാണ്. തൃപ്തികരമല്ലാത്ത പരിശോധന ഫലങ്ങളിന്മേൽ മരാമത്ത് വകുപ്പ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തുടർ നടപടികൾ സ്വീകരിക്കുന്നു.

(സി) ഉണ്ട്.

(ഡി) റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമായും വിട്ടുവീഴ്ചയില്ലാതെയും കർശനമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്യും.

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഏറ്റെടുത്ത പ്രവൃത്തികൾ

17(705) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; അവ ഏതെല്ലാം; ഓരോന്നിന്റെയും തുകയെത്ര?

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ജില്ലയിലാണെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് 4 റോഡുകളുടെ നവീകരണ പ്രവൃത്തികൾ 13 വർഷത്തെ പരിപാലന വ്യവസ്ഥയോടെ പി.പി.പി./ആന്വിറ്റി രീതിയിൽ നടപ്പാക്കുന്നതിന് ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	റോഡുകളുടെ പേര്	ജില്ല	നീളം കി.മീ	പ്രോജക്ട് തുക കോടി രൂപ
പാക്കേജ് 'എ' (മോഡിഫൈഡ്):				
1.	വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി റോഡ്	കാസർഗോഡ്	9.40	81
2.	ഉപ്പളകനിയന റോഡ്	കാസർഗോഡ്	15.60	
	ആകെ	25		
പാക്കേജ് 'ബി':				
3.	കാഞ്ഞിരപ്പള്ളി-കാഞ്ഞിരം കവല റോഡ്	കോട്ടയം	36.10	128.91
4.	വെള്ളനാട്-;ചെറ്റച്ചൽ റോഡ്	തിരുവനന്തപുരം	21.90	
	ആകെ		58	

(സി) റോഡുകളുടെ ഗതാഗതബാഹുല്യം ദേശീയപാതയും മറ്റു പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ കാർഷിക വ്യാവസായിക വിനോദ സഞ്ചാര മേഖലകളുമായുള്ള ബന്ധം മുതലായ ഘടകങ്ങളെ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നത്.

ദേശീയപാത ഒഴികെയുള്ള റോഡുകളുടെ വികസനം

18 (706) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത ഒഴികെയുള്ള പ്രധാന റോഡുകളെ ദേശീയ നിലവാരത്തിലുള്ള റോഡുകളാക്കി മാറ്റുവാൻ ആലോചിക്കുന്നുണ്ടോ; അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യ ഘട്ടങ്ങളിൽ ഏതെല്ലാം റോഡുകളാണ് ദേശീയ നിലവാരത്തിലേയ്ക്ക്

ഉയർത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനാവശ്യമായി വരുന്ന തുക എത്രയെന്നും, ഈ തുക ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) റോഡുകളുടെ നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ?

ഉത്തരം

(എ&ബി) ദേശീയപാത ഒഴികെയുള്ള മറ്റ് ജില്ലാ റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് MoRTH മാനദണ്ഡങ്ങൾ പ്രകാരം സ്ഥല ലഭ്യതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് വീതികൂട്ടിയും ഉപരിതലം ബി.എം. & ബി.സി. പ്രകാരം പുതുക്കിയും ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(സി) പ്രധാന റോഡുകൾ ദേശീയനിലവാരത്തിൽ ഉയർത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഒഴികെ കുറഞ്ഞത് ഒരു കിലോമീറ്ററിന് 12 മുതൽ 15 കോടി രൂപ വരെ വേണ്ടി വരും. സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ഈ തുക ഇപ്പോൾ നൽകിവരുന്നത്.

(ഡി) റോഡുകളുടെ നിർമ്മാണത്തിലെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിക്കുകയും പതിനാല് ജില്ലകളിലും ലാബുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 5 കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ പേമെന്റ് നടത്തുന്നതിന് ഗുണമേന്മ ടെസ്റ്റ് റിസൾട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

അയിലം പാലം നിർമ്മാണം

19 (707) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അയിലം പാലം നിർമ്മാണത്തിനായി ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിലം പാലത്തിന്റെ 3 സ്പാനുകളുടേയും നിർമ്മാണ പ്രവൃത്തി പൂർത്തിയായി. അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(ബി&സി) അയിലം പാലം നിർമ്മാണത്തിലേക്കായി 621 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 4,60,44,478 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. എസ്. സതീഷ് എന്ന കരാറുകാരനാണ് ടി പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി

20(708) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്നതു മൂലം ചെറുകിട കരാറുകാർക്ക് പ്രവൃത്തി എടുക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സെക്ഷനുകളിലെ പ്രവൃത്തികൾ ഒറ്റ യൂണിറ്റായി ടെണ്ടർ ചെയ്യുന്നതുമൂലം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഇല്ലാതാക്കുന്നതിന് ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്ന രീതി ഇല്ല. 2015-16 സാമ്പത്തിക വർഷം ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതികൾക്കായി അനുമതി നൽകിയിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് പാക്കേജായി ടെണ്ടർ ചെയ്യുകയുണ്ടായി. ഇത് പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സുഗമമായ മേൽനോട്ടത്തിനും പണികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും വേണ്ടിയായിരുന്നു. എന്നാൽ ചെറുകിട കരാറുകാർക്ക് പ്രവൃത്തി എടുക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കു മാത്രമാണ് ഇപ്രകാരം പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുവാൻ ഉത്തരവുണ്ടായിരുന്നത്. മറ്റ് വർക്കുകൾ സാധാരണ രീതിയിൽ തന്നെയാണ് ടെണ്ടർ ചെയ്യ വരുന്നത്. ടി പ്രവൃത്തികൾ ഒറ്റ യൂണിറ്റ് ആക്കി ടെണ്ടർ ചെയ്തതുമൂലം യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

റോഡ് നിർമ്മാണത്തിന് റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗപ്പെടുത്താൻ കർമ്മ പദ്ധതി

21(709) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിന് റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗപ്പെടുത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാനത്തിന് വളരെയേറെ പ്രയോജനപ്രദമാകുമെന്നതിനാൽ വിശദമായ പഠനം ഇക്കാര്യത്തിൽ നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; പഠനം നടത്തുമെങ്കിൽ സമയബന്ധിതമായി ആയത് പൂർത്തിയാക്കി പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്ലാസ്റ്റിക്കും റബ്ബറും ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ഉപരിതലം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളിലും കൂടുതൽ റോഡുകൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ടി.പി.-യുടെ പ്രോജക്ടുകളിലും നാഷണൽ ഹൈവേയുടെ വർക്കുകളിലും നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചു വരുന്നു.

സ്പീഡ് കേരള പദ്ധതി

22 (710) ശ്രീ.അൻവർ സാദത്ത് :
ശ്രീ.സണ്ണി ജോസഫ് :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്പീഡ് കേരള പദ്ധതി' നടപ്പാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർവ്വഹണത്തിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) 14-6-2013-ലെ ജി.ഒ (എം.എസ്.) നമ്പർ 51/2013/പൊ.മ.വ. പ്രകാരം 23 പദ്ധതികളാണ് സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ അംഗീകാരം നൽകിയത്. തുടർന്ന് പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇവയിൽ 145 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിരിക്കുന്ന കോഴിക്കോട് ദേശീയപാത ബൈപ്പാസ് നിർമ്മാണം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുത്തു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടുത്തുകവല-കുറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി. ഇവയുടെ അടങ്കൽ തുക യഥാക്രമം 50.75 കോടിരൂപയും 45.35 കോടി രൂപയുമാണ്. ആർ.ബി.ഡി.സി.കെ.-യുടെ ആഭിമുഖ്യത്തിൽ 41.28 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പാലാരിവട്ടം ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തി. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

(ബി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുകയെന്നതാണ് സ്പീഡ കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സ്പീഡ് കേരള പരിപാടിയിലെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

കോർ റോഡ് നെറ്റ്വർക്ക് പദ്ധതി

23(711) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ്വർക്ക് പദ്ധതി നടപ്പാക്കുന്നതിന് മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് കരാർ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തന്ത്രപ്രധാനമായ (കോർ) റോഡു ശൃംഖല വികസിപ്പിക്കുന്നതിനുവേണ്ടിയും അവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടിയുള്ള സ്ട്രാറ്റജിക് റോഡ് നെറ്റ്വർക്ക് പ്രോഗ്രാം നടപ്പാക്കുന്നതിനുള്ള പഠനങ്ങൾ നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബിനെ ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറായി ചുമതലപ്പെടുത്തി. ഈ പ്രോഗ്രാമിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്താനുള്ള റോഡുകൾ കണ്ടെത്തി അവയെ ഉന്നതനിലവാരത്തിൽ പരിപാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്.

2. പ്രസ്തുത റോഡു ശൃംഖല പരിപാലിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ.

3. ഈ റോഡു ശൃംഖല ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനുള്ള പരിമിതികളും സാധ്യതകളും പരിശോധിച്ച് ഇതിനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ പൊതുമരാമത്ത് വകുപ്പിനുള്ളിൽ തന്നെ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്. ഇതിനുവേണ്ടി ഓരോ പ്രവർത്തനവും വിലയിരുത്തി വിദഗ്ധ പഠനം നടത്താൻ ക്ലയന്റ് എക്സികൃട്ടീവ് പ്രോഗ്രാം സ്പോൺസറെ സഹായിക്കുന്നതിന് മേൽപറഞ്ഞ ഓരോ വിഭാഗത്തിലും പ്രാവീണ്യം നേടിയ കൺസട്ടന്റുമാരെ ചുമതലപ്പെടുത്താനുള്ള അന്തർദ്ദേശീയ ദർഘാസുകൾ ക്ഷണിച്ച് മേൽ നടപടികൾ എടുത്തു വരുന്നു.

(ബി) ഈ പ്രോഗ്രാമിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിയ്ക്ക് ഏറ്റവും ആവശ്യമായ റോഡുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയുടെ അത്യാധുനികവും ഉന്നതവുമായ നിലവിലുള്ള വികസിപ്പിക്കലും പരിപാലനവുമാണ്.

(സി) ഈ പ്രോഗ്രാം കെ.എസ്.ടി.പി.-യുടെ കരാറിൽ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ക്ലയന്റ് എക്സികൃട്ടീവ് പ്രോഗ്രാം സ്പോൺസറെ നിയമിച്ചു മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് നടപടികൾ

24(712) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പു നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ബി) പതിമൂന്ന് വർഷത്തോളമായി അലൈൻമെന്റ് നിശ്ചയിച്ച് കല്ലിട്ടിട്ടുള്ള പ്രസ്തുത പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ തുടങ്ങാത്തതിനാൽ പ്രദേശവാസികൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് , സ്ഥമെടുപ്പു ജോലികൾ ത്വരിതപ്പെടുത്തിന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേയിൽ ഉൾപ്പെടുന്ന കോടിമത മുതൽ ചേർത്തല വരെയുള്ള സ്ട്രെച്ചിന്റെ പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ചു വരുന്നു.

അട്ടൂർ ജംഗ്ഷനിലെ പാലം പുനർനിർമ്മാണം

25(713) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടൂർ ജംഗ്ഷനിലുള്ള പാലം തകർന്നതുമൂലം ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടൂർ ജംഗ്ഷനിലുള്ള പാലം തകർന്നതുമൂലം ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയപാലം നിർമ്മിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 100 ശ്രപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഓഫീസ്

26(714) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ നിലവിലില്ലാത്ത നിയോജക മണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് പോലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓരോ ഓഫീസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസെങ്കിലും ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മങ്കട, തവനൂർ, ഏറനാട്, താനൂർ, വേങ്ങര, വള്ളിക്കുന്ന് എന്നീ നിയോജക മണ്ഡലങ്ങളിലും പാലക്കാട് ജില്ലയിലെ മലമ്പുഴ, കോങ്ങാട്, തരൂർ, പട്ടാമ്പി എന്നീ നിയോജക മണ്ഡലങ്ങളിലും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, ധർമ്മടം എന്നീ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ നിലവിലില്ല. നിലവിൽ ഓഫീസുകളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) GO (Ms) No. 65/2013/പൊ.മ.വ. തീയതി 3-8-2013 പ്രകാരം പാലക്കാട്-പട്ടാമ്പി, മലപ്പുറം-തവന്നൂർ, ഏറനാട്, താനൂർ, വേങ്ങര, വള്ളിക്കുന്ന്, കണ്ണൂർ-ധർമ്മടം എറണാകുളം-കളമശ്ശേരി എന്നീ സെക്ഷനുകൾ തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. ഇതിൽ കളമശ്ശേരിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുകയുണ്ടായി.

ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശിപാർശ

27(715) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും റജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ടാസ്ക് ഫോഴ്സിന്റെയും (ഡി.എൽ.ടി.എഫ്.) സംസ്ഥാനതല ടാസ്ക് ഫോഴ്സിന്റെയും പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ ആയിരുന്നെന്നും വിശദമാക്കാമോ;

(സി) ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശിപാർശയിന്മേലല്ലാതെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇങ്ങനെ അനുമതി നൽകാനുള്ള മാനദണ്ഡം എന്തായിരുന്നു; അനുമതി നൽകിയതിൽ ക്രമക്കേടുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ജില്ലകളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ ആവശ്യമുള്ള പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനായുള്ള ഡി.എൽ.റ്റി.എഫ്. കമ്മിറ്റി (ജില്ലാ സമിതി) കാലാകാലങ്ങളിൽ പരിശോധിച്ച് അവയുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി ഡി.എൽ.റ്റി.എഫ്.-ന് നൽകുകയും ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത കണക്കാക്കി അംഗീകാരം നൽകുകയും ചെയ്യുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സംസ്ഥാനതല സമിതിയുടെ അംഗീകാരമില്ലാതെ ഭരണാനുമതി നൽകിയിട്ടില്ല.

മരം മുറിച്ച് മാറ്റുന്നതിന് നടപടി

28(716) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര സിവിൽ സ്റ്റേഷന് മുകളിൽ അപകടാവസ്ഥയിൽ മരം ചരിഞ്ഞ് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ജനങ്ങൾക്ക് ജീവഹാനിയും കെട്ടിടത്തിന് ബലക്ഷയവും ഉണ്ടാക്കുന്ന തരത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാലവർഷം കടുത്തതോടെ ടി സിവിൽ സ്റ്റേഷന് ഭീഷണിയും പൊതുജനങ്ങൾക്ക് അപകടവും ഉണ്ടാക്കുന്ന മരം അടിയന്തരമായി മുറിച്ച്മാറ്റുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര സിവിൽ സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പ് പണി പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. റവന്യൂ വകുപ്പ് വക സ്ഥലത്ത് നിൽക്കുന്ന മരം ചരിഞ്ഞ് നിൽക്കുന്നത് സംബന്ധിച്ച വിവരം ബന്ധപ്പെട്ട വില്ലേജ് ഓഫീസറെ വാക്കാൽ പല തവണ അറിയിച്ചിട്ടുണ്ട്.

(ബി) അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. റവന്യൂ വക ഭൂമിയിൽ നിൽക്കുന്ന മരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് ആ വകുപ്പാണ്.

(സി) മിനി സിവിൽ സ്റ്റേഷനിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റേണ്ടത് റവന്യൂ വകുപ്പാണ്. ആയത് ആ വകുപ്പിനെ വാക്കാൽ അറിയിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നിർമ്മാണം

29(717) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലയളവിൽ കൊല്ലം ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ ബഡ്ജറ്റ് വിഹിതമായി തുക അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കിയ പി. ഡബ്ല്യൂ. ഡി. റോഡുകളുടെ ലിസ്റ്റും ഓരോ മണ്ഡലത്തിനും അനുവദിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ ?

ഉത്തരം

2011 മുതൽ 2016 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലായി 356.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

30(718) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ കെ.എസ്.ടി.പി. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാരൻ മനഃപൂർവ്വമായ കാലതാമസം സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഗതാഗത തടസ്സം ഒഴിവാക്കാനായി പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ - ഏറ്റുമാനൂർ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഈ റോഡിൽ ചെയിനേജ് 1+558-ൽ വരുന്ന ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ വേളയിൽ പൈലിംഗിലുണ്ടായ പ്രശ്നങ്ങൾ കാരണം ചെറിയ കാലതാമസം സംഭവിച്ചിരുന്നു. ഇപ്പോൾ പണികൾ പുരോഗമിച്ചുവരുന്നു.

(ബി) കാലതാമസം സംഭവിക്കാതിരിക്കാനായി 2017 ജനുവരി മാസത്തോടെ ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.റ്റി.പി.-സർക്കാർ-ലോകബാങ്ക് തലത്തിൽ ഈ നിർമ്മാണ പ്രവൃത്തിയുടെ വിശദമായ അവലോകനം നടത്തുന്നുണ്ട്. ഇതിൻപ്രകാരം ഈ പാലം ഉൾപ്പെടെയുള്ള ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേലക്കര നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

31(719) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ചേലക്കര നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം ചെയ്യു തീർക്കാനുള്ളത്; വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി ചെയ്യു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നടപടി സ്വീകരിക്കുന്നതാണ്.

അനധികൃത ഭരണാനുമതികൾക്കെതിരെ നടപടി

32(720) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്റ്റിമേറ്റ് ഇല്ലാതെയും ഡി.പി.ആർ.-ഇല്ലാതെയും റോഡുകൾക്ക് അനധികൃതമായി ഭരണാനുമതി നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയ റോഡുകളുടെ ബില്ലുകൾ ഒന്നിലേറെത്തവണ മാറിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം നടപടികൾ സ്വീകരിച്ചവർക്കെതിരെ നിയമാനുസൃതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാതല ടാസ്ക് ഫോഴ്സ് (ഡി.എൽ.ടി.എഫ്.) അംഗീകരിച്ച് 25 ലക്ഷം രൂപക്കുള്ളിൽ വരുന്ന പ്രവൃത്തികൾക്കും മഴക്കാലപൂർവ്വ പണികൾക്കായുള്ള പ്രവൃത്തികൾക്കും VIP വിസിറ്റ് സംബന്ധിച്ച പ്രവൃത്തികൾക്കും ഉൽസവങ്ങളോട് അനുബന്ധിച്ച് അടിയന്തരമായി ചെയ്യേണ്ടിവരുന്ന പ്രവൃത്തികൾക്കും മറ്റ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നൽകുന്ന ലിസ്റ്റിൽ സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് പരിശോധിച്ച് നൽകണമെന്ന നിർദ്ദേശത്തോടുകൂടി നോൺ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി നൽകാറുണ്ട്. മറുപടിയിൽ പറഞ്ഞ പ്രകാരം ചെയ്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ വിശദാംശം പരിശോധിക്കുന്നതാണ്. ഇതിൽ അപാകതയുണ്ടെങ്കിൽ പുനഃപരിശോധന നടത്തുന്നതാണ്.

(ബി&സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ കർശനമായി പരിശോധിക്കുന്നതാണ്.

മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം

33 (721) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് വിശദാംശം നൽകുമോ;

(ബി) ബൈപ്പാസിനുള്ള സ്ഥലം മുഴുവൻ വിട്ടുകിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ബൈപ്പാസിനുള്ള സ്ഥലം മുഴുവൻ ലഭ്യമായിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 24 ലക്ഷം രൂപയാണ് ഉണ്ടായിരുന്നത്. മലപ്പുറം-കോട്ടപ്പടി ബൈപ്പാസ് ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനായി ഭൂവുടമകൾക്ക് 24,02,00,000 രൂപ നഷ്ടപരിഹാരം ആവശ്യമായി വരും. പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ തുകയുടെ പുതുക്കിയ ഭരണാനുമതിക്കു വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നാദാപുരം - മുട്ടുംഗൽ റോഡ് സംസ്ഥാന പാതയാക്കി ഉയർത്താൻ നടപടി

34 (722) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം - മുട്ടുംഗൽ റോഡ് സംസ്ഥാന പാതയാക്കി ഉയർത്തി ബി.എം. ആന്റ് ബി.സി. ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാമർശിത റോഡ് കി.മീ. 0/000 മുതൽ 11/000 വരെ അഭിവൃദ്ധി പെടുത്തുന്നതിന് ആവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അങ്കമാലി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ്

35 (723) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ മാസങ്ങളായി പൂട്ടിക്കിടക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസിൽ ഫർണീച്ചർ വാങ്ങുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് വകുപ്പിന്റെ പരിഗണനയ്ക്കായി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പൂട്ടിക്കിടക്കുന്ന പുതിയ റസ്റ്റ് ഹൗസിൽ എത്ര മുറികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന പുതിയ റസ്റ്റ് ഹൗസ് തുറന്നു പ്രവർത്തിക്കുന്നതിന് വകുപ്പ് മന്ത്രി സ്ഥലം സന്ദർശിച്ച് സത്വര നടപടി സ്വീകരിക്കുമോയെന്ന കാര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് നടത്തിപ്പിനായുള്ള ജീവനക്കാരുടെയും മുറികളിലേയ്ക്കാവശ്യമായ ഫർണിച്ചറുകളുടെയും അഭാവമാണ് കഴിഞ്ഞ കാലത്ത് റസ്റ്റ് ഹൗസ് തുറന്ന് പ്രവർത്തിക്കാത്തതിന്റെ കാരണം.

(ബി) ഫർണിച്ചർ വാങ്ങുന്നതിനുള്ള 71.1 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പൂട്ടിക്കിടക്കുന്ന പുതിയ റസ്റ്റ് ഹൗസിൽ 12 മുറികളാണുള്ളത്.

(ഡി) പൂട്ടിക്കിടക്കുന്ന റസ്റ്റ് ഹൗസ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി

36(724) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി മുൻ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തിരുന്നു; പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരുന്നോ;

(സി) പദ്ധതിക്കായി ചെലവിട്ട തുക എത്ര ; പ്രസ്തുത പദ്ധതിക്കായി ഇനിയെത്ര തുക കൂടി വേണ്ടിവരും; ഇതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർദ്ദിഷ്ട രീതിയിൽ നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) പ്രഖ്യാപിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ഫ്ലാഗ്ഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 10-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 801/2015/പൊ.മ.വ. പ്രകാരം 21 പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങളാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിവരുന്ന ധനസമാഹരണ ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. 30-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 112/2015/റ്റി.ഡി. പ്രകാരം സംസ്ഥാനത്ത് വിൽക്കുന്ന പെട്രോൾ, ഡീസൽ എന്നിവയുടെമേൽ ഒരു രൂപാക്രമത്തിൽ ചുമത്തിയ അധിക വിൽപ്പന നികുതിയുടെ 50% തുകയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാക്കുന്നത്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ലഭിക്കേണ്ട അധിക വിൽപ്പന നികുതി വിഹിതമായ 50 കോടി രൂപ അനുവദിച്ച് നൽകുന്നതിനുള്ള കേരള റോഡ് ഫണ്ട് ബോർഡിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പരിപാടിയിൽ ഉൾപ്പെട്ട 10 പദ്ധതികൾ ഒന്നാംഘട്ടമായി നടപ്പാക്കുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കി 20-2-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി

നൽകുകയുണ്ടായി. ഇവയുടെ അടങ്കൽ തുക 1620.3 കോടി രൂപയാണ്. ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച നയപരമായ തീരുമാനമൊന്നും ആയിട്ടില്ല.

കായംകുളം അസംബ്ലി മണ്ഡലത്തിലെ മരാമത്ത് പണികൾ

37(725) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2014-15, 2015-16 കാലഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്നും ഇവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

2013-14 കാലഘട്ടത്തിൽ ദേശീയപാത വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ച കായംകുളം നിയോജകമണ്ഡലത്തിൽ കായംകുളം-മൂട്ടം റോഡിന്റെ നിർമ്മാണം (കായംകുളം മുതൽ ഏവൂർ വരെയുള്ള ഭാഗം കായംകുളം മണ്ഡലത്തിലാണ്) സി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി 2014-15 കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2014-15, 2015-16 കാലഘട്ടത്തിൽ ദേശീയപാതാ വിഭാഗത്തിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല. 2014-2015 കാലഘട്ടത്തിൽ നിരത്ത് വിഭാഗത്തിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഒന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല. 2015-16 കാലഘട്ടത്തിൽ നിരത്ത് വിഭാഗത്തിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

38(726) ശ്രീ .ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഇതിന്റെ നിർമ്മാണക്കരാർ ഏറ്റെടുത്ത കരാറുകാരൻ ആരാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ചെല്ലഞ്ചി പാലത്തിന്റെ പണികൾ നാളിതുവരെ എത്ര ശതമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തിയായിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ചെല്ലഞ്ചി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ ഫൗണ്ടേഷൻ വർക്കുകളും സബ് സ്ട്രക്ച്ചർ വർക്കുകളും 90% പൂർത്തിയായി. സൂപ്പർ സ്ട്രക്ച്ചർ വർക്കിന്റെ ആദ്യത്തെ സ്പാനിന്റെ മൂന്ന് ബീമുകളുടെ നിർമ്മാണം പൂർത്തിയായി. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി പാലം നിർമ്മാണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിക്ക് 3,35,04,674 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ കരാർ ഏറ്റെടുത്തെങ്കിലും ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ റിസ്ക്&കോസ്റ്റിൽ പ്രവൃത്തി പുനഃക്രമീകരിക്കുകയുണ്ടായി. തുടർന്ന് റീ-ടെണ്ടർ ചെയ്തപ്പോൾ ശ്രീ. ജോർജ്ജ് ഏലിയാസ് & അസോസിയേറ്റ്സ് എന്ന കരാറുകാരൻ ഏറ്റെടുത്ത് എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നു.

(സി) ചെല്ലഞ്ചി പാലത്തിന്റെ 35% പ്രവൃത്തികൾ പൂർത്തിയായി. ടി പ്രവൃത്തി 2017 ജൂലൈ മാസത്തിന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ചെല്ലഞ്ചി പാലത്തിന്റെ ഇരുവശങ്ങളിലുമായി ഏകദേശം 700 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മാണം ഈ പ്രവൃത്തിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പാലത്തിങ്ങൽ - ചുഴലി നടപ്പാലം അറ്റകുറ്റപ്പണി

39(727) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട പാലത്തിങ്ങൽ- ചുഴലി നടപ്പാലം ശോച്യാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ വീതികൂട്ടുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പാലത്തിങ്ങൽ - ചുഴലി നടപ്പാലത്തിന് പ്രഥമദൃഷ്ട്യാ ബലക്ഷയമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലത്തിന്റെ ഒരു വശത്ത് പള്ളിയും മറുവശത്ത് ഖബർസ്ഥാനുമാണ്. പാലം വീതി കൂട്ടുന്നതിന് നിലവിൽ സ്ഥലം ലഭ്യമല്ല.

(ബി) പ്രസ്തുത പാലം വീതി കൂട്ടുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാകാത്തതിനാൽ തുടർനടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

40 (728) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസ്, തൊടുപുഴ ബൈപ്പാസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എം.സി. റോഡിൽ മഴുവങ്ങാട് ചിറയിൽനിന്നും ആരംഭിച്ച് രാമൻ ചിറയിൽ വന്നുചേരുന്ന തിരുവല്ല ബൈപ്പാസിന് 2.3 കി.മീ. ദൈർഘ്യമാണുള്ളത്. വൈ.എം.സി.ഐ. ജംഗ്ഷന് സമീപം 145 മീറ്റർ നീളം വരുന്ന ഫ്ലൈഓവറും ഒരു ചെറിയ പാലവും ഇതിലുൾപ്പെടുന്നു. അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. എല്ലാവിധ റോഡ് സൈനേജുകളും മാർക്കിംഗുകളും സോളാർ സ്റ്റീറ്റ് ലൈറ്റുകളും ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തിയാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. ഈ ബൈപ്പാസിന്റെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2.59 കി.മീ. ദൈർഘ്യമുള്ള തൊടുപുഴ ബൈപ്പാസ് മൂവാറ്റുപുഴ-തൊടുപുഴ റോഡിലുള്ള വെങ്ങല്ലൂർ ജംഗ്ഷനിൽനിന്ന് തുടങ്ങി കോലാനി ജംഗ്ഷനിൽ അവസാനിക്കുന്നു. കെ.എസ്.ടി.പി. 2 പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന പൊൻകുന്നം-തൊടുപുഴ റോഡിന്റെ കരാറിലാണ് ഈ ബൈപ്പാസും ഉൾപ്പെടുന്നത്. അങ്കമാലി മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വരെയുള്ള അങ്കമാലി ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് ഒഴിവാക്കാനും അതിലൂടെ വാഹനങ്ങളുടെ ഇന്ധനക്ഷമത

വർദ്ധിപ്പിക്കുവാനും വായു മലിനീകരണം കുറയ്ക്കുവാനും ബൈപ്പാസ് നിർമ്മാണത്തിലൂടെ സാധിക്കുന്നതാണ്.

(സി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൻകീഴിൽ നിർമ്മാണം നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ ബൈപ്പാസുകളുടെ വിശദവിവരവും മേൽ പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.*

അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

41(729) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് ഉദ്യോഗസ്ഥരും അങ്കമാലി മണ്ഡലത്തിലെ ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവർ 8-6-16 ൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ച എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ഇതിൽ പൂർത്തീകരിക്കാനുള്ള ബാക്കി പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഓടകളിൽ നിന്നും മാറ്റുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മണ്ണ് റോഡിന്റെ വശത്ത് തന്നെ ഇടുന്നതും തുടരെ പെയ്യുന്ന മഴയിൽ ഇത് വീണ്ടും ഓടയിൽ തന്നെ വീണ് ഓട നിറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിർദ്ദേശമെന്തെങ്കിലും മുന്നോട്ട് വച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) അങ്കമാലി മണ്ഡലത്തിലെ ആനപ്പാറ - കല്ലുകുളം റോഡിന്റെ പുനരുദ്ധാരണത്തിനും, മുക്കന്നൂർ - കരയാംപറമ്പ് , മഞ്ഞപ്ര പഞ്ചായത്തിലെ ഇടക്കുന്ന്, കുറുകുറ്റി പഞ്ചായത്തിലെ കിടഞ്ഞാർ - ബദ്‌ലഹേം എന്നീ റോഡുകളുടെ വെള്ളക്കെട്ട് മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കാലടി-മഞ്ഞപ്ര റോഡിലും അങ്കമാലി-മഞ്ഞപ്ര റോഡിലും കാലടി ആനപ്പാറ പൂതംകുറ്റി റോഡിലും വെള്ളക്കെട്ട് പരാമർശിക്കപ്പെട്ട ഭാഗങ്ങളിൽ വെള്ളം പൊട്ടിച്ചുവിട്ടും മണ്ണുനീക്കം ചെയ്തും പരിഹരിക്കാവുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മഞ്ഞപ്ര വടക്കുംഭാഗം എടക്കുന്ന് റോഡിൽ തവളപ്പാറയ്ക്ക് സമീപമുള്ള വെള്ളക്കെട്ട് മാറ്റുവാൻ കോൺക്രീറ്റ് ഓട പണിയേണ്ടതായുണ്ട്. പ്രസ്തുത പ്രവൃത്തി മഞ്ഞപ്ര പഞ്ചായത്ത് ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. കിടങ്ങൂർ ബദ്‌ലഹേം റോഡിൽ അഞ്ചാമത്തെ കി.മീറ്ററിലെ വെള്ളക്കെട്ട് മാറ്റുവാൻ കോൺക്രീറ്റ് ഓടയും കലുങ്കും പണിയേണ്ടതായുണ്ട്. കാലടി-മലയാറ്റൂർ റോഡിലെ കൊറ്റമത്ത് മൂടപ്പെട്ട എല്ലാ ഓടകളിലേയും സ്ലാബുകൾ ഉൾപ്പെടെ എടുത്തുമാറ്റി പരിഹാരം കാണേണ്ടതായുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇത്തരത്തിൽ പ്രവൃത്തികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യാറില്ല. ഇത്തരം മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് മാലിന്യം നിക്ഷേപിക്കാൻ സൗകര്യമുള്ളയിടങ്ങളിൽ നിക്ഷേപിക്കുകയാണ് വേണ്ടത്.

(സി) ആനപ്പാറ-പൂതംകുറ്റി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. മുക്കന്തൂർ-കരയാംപറമ്പ് റോഡ്, എടക്കുന്ന്-കിടങ്ങൂർ-ബദ്‌ലഹേം റോഡ് എന്നിവിടങ്ങളിൽ മണ്ണുമാറ്റിയും വെള്ളം പൊട്ടിച്ചുവിട്ടും മണ്ണ് നീക്കം ചെയ്യും പരിഹരിക്കാവുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. കിടങ്ങൂർ ബദ്‌ലഹേം റോഡിൽ അഞ്ചാമത്തെ കി.മീറ്ററിലെ വെള്ളക്കെട്ട് മാറ്റുവാനും കോൺക്രീറ്റ് ഓടയും കലുങ്കും പണിയുന്നതിനുമുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

കണ്ണൂർ വിമാനത്താവള റോഡ്

42(730) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലേക്ക് മാനന്തവാടിയിൽ നിന്നും ബോയ്സ് ടൗൺ കൊട്ടിയൂർ, പേരാവൂർ, മുരിങ്ങോടി, മേൽ മുരിങ്ങോടി, മുഴക്കുന്ന്, തില്ലങ്കേരി വഴി മട്ടന്നൂരിലേക്കുള്ള റോഡ് വിമാനത്താവള റോഡായി പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം നിലവിലുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ ഗതാഗത യോഗ്യമല്ലാത്ത ഭാഗം വീതി കൂട്ടി ബി.എംആന്റ് ബി.സി ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 13-7-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ വളപ്പട്ടണം, തലശ്ശേരി-മാഹി നാഷണൽ ഹൈവേ, ഗ്യാസ് ലൈനിന്റെ പൂർത്തീകരണം, കണ്ണൂർ എയർപോർട്ടിലേക്കുള്ള റോഡുകൾ എന്നിവ സംബന്ധിച്ച് ജില്ലയിലെ എം.എൽ.എ.-മാർക്കൂടി പങ്കെടുത്ത യോഗനടപടിയുടെ അടിസ്ഥാനത്തിൽ വയനാട് ഭാഗത്തുനിന്നും കണ്ണൂർ എയർപോർട്ടിലേക്ക് നെടുംപൊയിൽ മുരിങ്ങോടി- മേൽ മുരിങ്ങോടി – മുഴക്കുന്ന് - തില്ലങ്കേരി - ഉളിയിൽ – പേരാവൂർ - മട്ടന്നൂർ റോഡ് കി.മീ. 0/000 മുതൽ 29/700 വരെ വീതികൂട്ടി മെക്കാഡം ടാറിംഗ് നടത്തുന്നതിനുവേണ്ടി 1670 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പുതിയ സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിൽ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയും.

അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

43(731) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിലെ ഏതൊക്കെ പി.ഡബ്ല്യു.ഡി. റോഡുകളാണ് തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) അങ്കമാലി മണ്ഡലത്തിലെ തകർന്ന 29 റോഡുകൾ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച സി. ഇ./ആർ.&എഫ്എംപി;ബി./ഇ. കെ. എം./6437/16 നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോർത്ത് മൈൽ എ.എ. റോഡ്, കാലടി-ആനപ്പാറ പൂതംകുറ്റി റോഡ്, മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ്, ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ്, കുറുകുറ്റി-ഏഴാറ്റുമുഖം റോഡ്, കുറുകുറ്റി ആഴകം റോഡ്, കുറുകുറ്റി മുക്കന്നൂർ റോഡ്, മഞ്ഞപ്ര-ചുള്ളി റോഡ്, അങ്കമാലി-മാഞ്ഞാലി റോഡ്, കുറുകുറ്റി പാലിശ്ശേരി റോഡ്, മഞ്ഞപ്ര-അയ്യമ്പുഴ റോഡ്, മഞ്ഞപ്ര മലയാറ്റൂർ റോഡ്, മഞ്ഞപ്ര -മലയാറ്റൂർ എഫ്.ഐ.റ്റി. കണ്ണിമംഗലം റോഡ്, കാലടി ശങ്കരാകോളേജ് റോഡ്, കരിയാട് മറ്റൂർ റോഡ്, അങ്കമാലി-മഞ്ഞപ്ര റോഡ്, മഞ്ഞപ്ര വടക്കുംഭാഗം എടക്കുന്ന് റോഡ് എന്നിവയാണ് തകർന്ന് കിടക്കുന്ന പ്രധാന റോഡുകൾ.

(സി&ഡി) പ്രസ്തുത റോഡുകൾ സംസ്ഥാന ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വർഷത്തെ നോൺ പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി റോഡുകൾക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ഇ) ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

44(732) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ കുളവൻമുക്ക് മുതൽ എരിമയൂർ തോട്ടുപ്പാലം വരെയും ആലത്തൂർ സ്വാതി ജംഗ്ഷൻ മുതൽ എരട്ടക്കുളം വരെയും സർവ്വീസ് റോഡ് നിർമ്മിക്കാത്തതിന്റെ ഫലമായി ജനങ്ങൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രയാസം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ആലത്തൂർ മണ്ഡലത്തിലെ കുളവൻമുക്ക് മുതൽ എരിമയൂർ തോട്ടുപ്പാലം വരെയും ആലത്തൂർ സ്വാതി ജംഗ്ഷൻ മുതൽ എരട്ടക്കുളം വരെയുമുള്ള സർവ്വീസ് റോഡിന്റെ നിർമ്മാണം ടി പ്രവൃത്തിയുടെ കൺവെൻഷണൽ എഗ്രിമെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ സർവ്വീസ് റോഡ് നിർമ്മിക്കാത്തതിന്റെ ഫലമായി ജനങ്ങൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി ആലത്തൂർ സ്വാതി ജംഗ്ഷൻ മുതൽ നെല്ലിക്കുന്ന് വരെയും ചിതലി പാലം മുതൽ എരിമയൂർ തോട്ടുപാലം വരെയും സർവ്വീസ് റോഡ് നിർമ്മിക്കുന്ന പദ്ധതിക്ക് അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തുന്നതാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും

45(733) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിലും വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

എങ്കിൽ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ;

(സി) അധികരിച്ച വാഹനഗതാഗതംമൂലം റോഡ് ക്രോസ് ചെയ്യുന്നതിനും ഓരങ്ങളിലൂടെ നടന്നുപോകുന്നതിനും കാൽനടക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് റോഡിന്റെ വീതിക്കൂട്ടി വികസിപ്പിച്ച് വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന കെ.എസ്.റ്റി.പി. പോലുള്ള പദ്ധതികളിൽ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനം നടത്തിവരുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന നഗര റോഡുവികസന പദ്ധതികളിൽ ക്രമാതീതമായ വാഹനപ്പെരുപ്പംമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്കുകൾ ഗണ്യമായി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഫണ്ട് ലഭ്യതയനുസരിച്ച് പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കിവരുന്നു. റോഡിലെ ലൈൻ മാർക്കിംഗുകൾ, സൂചനാ ബോർഡുകൾ എന്നിവ പരമാവധി ചെയ്യുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ഹംപുകൾ നിർമ്മിച്ചുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതികളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഓടുകൾ പാകിയ നടപ്പാതകൾ, പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ, സീബ്രാ ലൈനുകൾ, സിഗ്നൽ സംവിധാനം എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയനുസരിച്ച് കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും ഏർപ്പെടുത്തുന്നതാണ്. പുതിയ റോഡ് നിർമ്മാണത്തിൽ കാൽനട യാത്രക്കാർക്കായി നടപ്പാത നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കയ്യേറി കാൽനട യാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും സുരക്ഷിത കാൽനടയാത്ര ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

46(734) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദേശീയപാത വികസനത്തിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അതിൽ എത്ര സ്ഥലം ഇതുവരെയായി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ദേശീയപാത വികസനം ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പാക്കാനാണോ ദേശീയപാത അതോറിറ്റി തീരുമാനിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സെസ്സിൽ സംസ്ഥാനത്തെ ദേശീയപാത വികസനത്തിനും നികുതി പരിപാലനത്തിനുമായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ഫണ്ടിൽ നിന്ന് അന്തർ സംസ്ഥാന പാതകളുടേയും, സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടേയും വികസനത്തിനായി എത്ര തുക ലഭിച്ചെന്നും അവ ഏതാവശ്യത്തിനായി വിനിയോഗിച്ചെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ദേശീയപാത 47-ന്റെ (പുതിയ എൻ.എച്ച്. 544) വാളയാർ മുതൽ വടക്കാഞ്ചേരി കി.മീ. 182.250 മുതൽ 240.00 വരെയുള്ള ഭാഗത്തിന് 65.22 ഹെക്ടർ സ്ഥലവും, വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള (കി.മീ. 240.00 മുതൽ 270.00 വരെയുള്ള) ഭാഗത്തിന് 93.95 ഹെക്ടർ (80+13.95) ഡൈവർട്ടഡ് ഫോറസ്റ്റ് ലാന്റ്) സ്ഥലവും തൃശ്ശൂർ മുതൽ അങ്കമാലി വരെയും (കി.മീ. 270.00 മുതൽ 316.700) അങ്കമാലി മുതൽ ഇടപ്പള്ളി വരെയും (കി.മീ. 316.700 മുതൽ 342.00 വരെ) 41.60 ഹെക്ടർ സ്ഥലവും എൻ.എച്ച്.എ.ഐ. ഏറ്റെടുത്ത് വികസനം നടപ്പിലാക്കിവരുന്നു. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയും (പുതിയ എൻ.എച്ച്. 66) 45 മീറ്ററിൽ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറായതിനുശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകൂ.

(ബി) എൻ.എച്ച്. 47-ലെ കഴക്കൂട്ടം മുതൽ കേരള-തമിഴ്നാട് അതിർത്തി

വരെയുള്ള ബൈപ്പാസിന്റെ നിർമ്മാണം ബി.ഒ.റ്റി. വ്യവസ്ഥയിൽ നടപ്പിലാക്കുവാൻ കൺസഷണയറെ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) വ്യവസ്ഥയിലാണ് എൻ.എച്ച്.എ.ഐ. മുഖാന്തരം നടപ്പിലാക്കിവരുന്നത്. ഈ വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ തുക കേന്ദ്ര മന്ത്രാലയം വഹിക്കുകയും അത് റോഡ് ഉപഭോക്താക്കളിൽനിന്ന് യൂസർ ഫ്രീവഴി വസൂലാക്കുന്നതുമായിരിക്കും. മറ്റ് ഭാഗങ്ങളിലെ വ്യവസ്ഥയെ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(സി) സംസ്ഥാനങ്ങളിൽനിന്നും പിരിക്കുന്ന പെട്രോളിന്റെ 100% സെസ്സിന്റെയും ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ 50% സെസ്സിന്റെയും ആകെ തുക സി.ആർ.എഫ്. ആക്ട് 2000 പ്രകാരം താഴെപ്പറയുന്ന രീതിയിലാണ് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നത്. സെസ്സിന്റെ ആകെ തുകയുടെ 57.5% ദേശീയപാതകളുടെ വികസനത്തിനും 12.5% റെയിൽവേ മേൽപ്പാലങ്ങളുടെയും അടിപ്പാതകളുടെയും വികസനത്തിനും 27% ദേശീയപാത ഒഴികെയുള്ള മറ്റ് സംസ്ഥാന റോഡുകളുടെ വികസനത്തിനും 3% അന്തർ സംസ്ഥാന പാതകൾക്കും സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടെ വികസനത്തിനാണ് കേന്ദ്ര സർക്കാർ നൽകുന്നത്.

(ഡി) അന്തർ സംസ്ഥാന പാതകൾക്കായി 2001-2016 മാർച്ചുവരെ സംസ്ഥാനത്തിന് 40.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് അന്തർസംസ്ഥാന പാതകളുടെ വികസനത്തിന് വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടെ വികസനത്തിന് ഇതുവരെ ഫണ്ടൊന്നും ലഭിച്ചിട്ടില്ല.

നഗരറോഡ് വികസന പദ്ധതികൾ

47(735) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരറോഡ് വികസനപദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗവൺമെന്റ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ നിർവ്വഹണത്തിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗര റോഡുവികസന പദ്ധതിയുടെ മാതൃകയിൽ കോഴിക്കോട് നഗര റോഡുവികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇത്തരം നഗര റോഡുവികസന പദ്ധതി കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകൾ പരിശോധിച്ചുവരുന്നു. കൊല്ലം, തൃശ്ശൂർ എന്നീ നഗര റോഡുവികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിവരുന്നു.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇത്തരം നഗര റോഡ് വികസനം ഏറ്റെടുക്കലാണ്. നഗര റോഡുകളുടെ പുനരുദ്ധാരണവും ഗതാഗത സംവിധാനത്തിന്റെ വിപുലീകരണവുമാണ് ലക്ഷ്യം.

(സി) കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ ഇത്തരം പ്രവൃത്തികൾ നടന്നിട്ടില്ല. ഇത്തരം അസന്തുലിതാവസ്ഥകൾ പരിഹരിച്ച് സന്തുലിത വികസനമാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. ഇക്കാര്യങ്ങൾ 1-7-2016-ന് ആലപ്പുഴയിൽ കൂടിയ യോഗത്തിൽ ധാരണയായിട്ടുണ്ട്.

റോഡുകൾ സുരക്ഷിതമാക്കാൻ കർമ്മ പദ്ധതികൾ

48 (736) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദവിവരം വ്യക്തമാക്കുമോ;

(സി) ഇതിന്റെ നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളെ അപകടരഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷാ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും 589.99 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിംഗുകൾ, ഡയറക്ഷൻ ബോർഡുകൾ, സൈൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, റംപിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, റോഡ് സ്റ്റഡുകൾ തുടങ്ങിയ സുരക്ഷാ ഉപാധികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ ജ്യോമെട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയുള്ള ശിപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗുകൾ, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല അവലോകനയോഗം എന്നിവ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ സംസ്ഥാനത്ത് നടക്കുന്ന റോഡപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

വാമനപുരം-ചിറ്റാർ (വി.സി.) റോഡ്

49(737) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ (വി.സി.) റോഡ് പുനർനിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചതെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇപ്പോൾ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ഈ തുക പര്യാപ്തമാണോ; ബാക്കി തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റോഡിന്റെ പണികൾ ഇതുവരെയും ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ (വി.സി.) റോഡ് പുനർനിർമ്മിക്കുന്നതിന് 7 കോടി രൂപ 1-10-2015-ൽ അനുവദിച്ചു.

(ബി) 18.5 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തിക്കായി 7 കോടി രൂപയാണ് വേണ്ടിയിരുന്നത്.

(സി) പര്യാപ്തമല്ല. പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഒന്നാംഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ്.

(ഡി) ആദ്യതവണ ദർഘാസ് ക്ഷണിച്ചതിൽ കരാറുകാരാരും ക്വാളിഫൈ ചെയ്തിട്ടില്ല. രണ്ടാംതവണത്തെ ദർഘാസ് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാണ് തുറന്നത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായതിനാൽ അംഗീകാരത്തിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

പേരാമ്പ്ര – പയ്യോളി റോഡ് നവീകരണം

50(738) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - പയ്യോളി റോഡ് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ റോഡിന്റെ നവീകരണ പ്രവൃത്തി ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&സി) പേരാമ്പ്ര – പയ്യോളി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രൊപ്പോസലൊന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി പ്രസ്തുത റോഡ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര – താന്നിക്കണ്ടി- ചക്കിട്ടപ്പാറ റോഡ്

51(739) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-താന്നികണ്ടി-ചക്കിട്ടപ്പാറ റോഡ് പലയിടത്തും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത നിലയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് താല്കാലിക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പേരാമ്പ്ര -താന്നിക്കണ്ടി - ചക്കിട്ടപ്പാറ റോഡ് കി.മീ. 0/000 മുതൽ 4/500 വരെയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. ആയതിൽ കി.മീ. 0/000 1/700 വരെയുള്ള പ്രവൃത്തിക്കായി 250 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും 22-1-2015-ലെ സ.ഉ. (സാധാ) നമ്പർ 1930/2015/ പൊ.മ.വ. ഉത്തരവിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതും എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം

52(740) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മാണത്തിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇതിന് ഏതെങ്കിലും മുൻ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര; ഏത് കാലത്ത്;

(സി) ഈ ബൈപ്പാസിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പേരാമ്പ്ര ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) വകയിരുത്തിയിട്ടുണ്ട്. 2015-16-ലെ ബഡ്ജറ്റിൽ ഭരണാനുമതിയുള്ള മരാമത്ത് പ്രവൃത്തികളുടെ ബഡ്ജറ്റ് വിഹിതം സൂചിപ്പിക്കുന്ന 1-ാം വാല്യത്തിൽ (213 പേജ്) 5054-03-337-98 എന്ന ശീർഷകത്തിൽ ക്രമനമ്പർ 3 ആയി ഈ പ്രവൃത്തി ചേർക്കുകയും 10 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഡി) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 20-10-2008-ലെ സ.ഉ. (സാധാ) നമ്പർ 1734/2008/ പൊ.മ.വ. പ്രകാരം 3.95 കോടി

രൂപ അനുവദിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ചിട്ടുള്ള കല്ലിടീൽ (പെഗ് മാർക്കിംഗ്) പ്രവർത്തനം പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നുവരുന്നു. സാമൂഹിക സാമ്പത്തിക പരിസ്ഥിതി ആഘാത പഠനത്തിന്റെയും പൊതുജന സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 4.89 ഹെക്ടർ സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിലേക്കായി 6.27 കോടി രൂപ ആവശ്യമായി വരും. എന്നാൽ 2013-ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ഏകദേശം 15 കോടി രൂപ ആവശ്യമായി വരും. മേഞ്ഞാണ്യം, കിഴിഞ്ഞാണ്യം എന്നീ ദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ഏറ്റെടുക്കേണ്ട ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമാണ്. ആയതിനാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപപത്രവും ആവശ്യമായിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

പുതിയകാവ് ജംഗ്ഷനിലെ അപകടങ്ങൾ

53(T *741) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കരുനാഗപ്പള്ളിക്ക് വടക്ക് പുതിയകാവ് ജംഗ്ഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നടന്ന അപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; ഗുരുതരമായി പരിക്കേറ്റവർ എത്രയെന്നും മരണമടഞ്ഞവർ എത്രയെന്നും വിശദമാക്കാമോ;

(ബി) മൂന്ന് റോഡുകൾ ചേരുന്ന ഈ ജംഗ്ഷനിൽ ട്രാഫിക് ലൈറ്റുകളില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് അപകടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കരുനാഗപ്പള്ളിക്ക് വടക്ക്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പുതിയകാവ് ജംഗ്ഷനിൽ നടന്ന അപകടങ്ങളുടെ എണ്ണം, പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എന്നിവ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

വർഷം	അപകടങ്ങളുടെ എണ്ണം	പരിക്കേറ്റവരുടെ എണ്ണം	മരണപ്പെട്ടവരുടെ എണ്ണം
2011	6	6	1
2012	5	6	ഇല്ല
2013	9	9	1
2014	6	8	ഇല്ല
2015	12	14	2

(ബി) ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന വിഷയം സാധാരണ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടതല്ല. ഇതിനായി പ്രത്യേക സർക്കാർ സംവിധാനമുണ്ട്. അവരോട് ആവശ്യപ്പെടാവുന്നതാണ്.

(സി) ബാധകമല്ല.

കണ്ണോത്ത് - പുല്ല ലിങ്ക് റോഡ് നിർമ്മാണം

54(742) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിനേയും തൃശ്ശൂർ മണ്ഡലത്തിനേയും ബന്ധിപ്പിക്കുന്ന കണ്ണോത്ത്-പുല്ല ലിങ്ക് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ& ബി) കണ്ണോത്ത് - പുല്ല ലിങ്ക് റോഡിന്റെ 0/000 മുതൽ 6/500 കി.മീ. വരെയുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 90% വരെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തനങ്ങൾ സെപ്തംബർ 2016-നകം പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ടി റോഡിന്റെ 6/500 കി.മീ. മുതലുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായുള്ള 1360 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല.

പ്രവൃത്തി നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പേരാമ്പ്ര – ചാനിയംകടവ് - വടകര റോഡ് നവീകരണം

55(743) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-ചാനിയം കടവ്-വടകര റോഡ് നവീകരിക്കുവാനുള്ള പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പേരാമ്പ്ര – ചാനിയംകടവ്-വടകര റോഡ് നവീകരിക്കുവാനുള്ള എസ്റ്റിമേറ്റ് കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുവാൻ കഴിയും.

തൃശ്ശൂർ -കുന്ദംകുളം ദേശീയപാതയിലെ ഗതാഗതക്കുരുക്ക്

56 (744) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുന്ദംകുളം ദേശീയപാതയിൽ ഗതാഗതക്കുരുക്ക് സ്ഥിരമായുണ്ടാകുന്നത് കേച്ചേരി സെന്ററിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേച്ചേരി സെന്റർ വീതി കൂട്ടിയും ബൈപ്പാസ് വികസിപ്പിച്ചും പ്രസ്തുത ഗതാഗതക്കുരുക്ക് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേച്ചേരി ജംഗ്ഷൻ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 240 ലക്ഷം രൂപയും ടി പ്രവൃത്തിക്കായി 60 ലക്ഷം രൂപയും ചേർത്ത് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് സർവ്വേ നടത്തി കല്ലിട്ട് തിരിക്കുകയും 1.0846 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 25% തുക മുൻകൂർ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ

57(745) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ റോഡുകളും പാലങ്ങളും (റോഡ്സ് ആന്റ് ബ്രിഡ്ജസ്) വിഭാഗത്തിനു കീഴിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുതി, ഉത്തരവിന്റെ നമ്പർ എന്നീ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, ഭരണാനുമതി ലഭിച്ചതും എന്നാൽ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കുറ്റ്യാടി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

58(746) ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് (ബിൽഡിംഗ് സെക്ഷൻ) കീഴിൽ ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവയും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽ ഭരണാനുമതി ഇതിനകം ലഭിച്ചതും എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെ;

(ഡി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് കീഴിൽ ഇപ്പോൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. തിരുവള്ളൂർ പഞ്ചായത്തിന് കീഴിൽ വരുന്ന പൈങ്ങോട്ടായി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം
2. മണിയൂർ സ്കൂൾ കെട്ടിട നിർമ്മാണം
3. കുന്നുമ്മൽ പഞ്ചായത്തിന് കീഴിൽ വരുന്ന വട്ടോളി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം
4. മൊകേരി ഗവൺമെന്റ് കോളേജിന് ചുറ്റുമതിൽ നിർമ്മാണം
5. കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ 146-ാം അങ്കണവാടി കെട്ടിട നിർമ്മാണം
6. വേളം ഗ്രാമപഞ്ചായത്തിലെ 161-ാം അങ്കണവാടി കെട്ടിട നിർമ്മാണം
7. മൊകേരി ഗവൺമെന്റ് കോളേജിൽ ജെൻഡർ ഫ്രണ്ട്ലി ടൊയിലറ്റ് ബ്ലോക്ക് നിർമ്മാണം
8. മൊകേരി ഗവൺമെന്റ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് കം അക്കാദമി ബ്ലോക്കിൽ പുതിയ നിലയുടെ നിർമ്മാണം
9. മൊകേരി ഗവൺമെന്റ് കോളേജിൽ ഡിപ്പാർട്ടുമെന്റുകളിലും പുതിയ ബ്ലോക്കിലേക്കുമുള്ള നടപ്പാതയിലും ടൈൽ പതിപ്പിക്കുന്ന പ്രവൃത്തി.

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവയും പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ളതിന്റെ വിശദവിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(സി & ഡി) വിശദവിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു*.

കണ്ടിയൂർ ബൈപ്പാസ്

59 (747) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കണ്ടിയൂർ ബൈപ്പാസ് റോഡിന് ഭരണാനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം വ്യക്തമാക്കുമോ;

(ഡി) ഈ തടസ്സം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ക്ഷണിക്കുകയും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ വാങ്ങുകയും ശ്രീ. സുനിൽ ചന്ദ്രൻ, പുത്തൻവീട്ടിൽ, വളളികുന്നം പി.ഒ., എന്ന കോൺടാക്ടറുടെ 115% അധിക നിരക്കിലുളള ക്വട്ടേഷൻ അനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ആലപ്പുഴ ജില്ലയിലെ ഭൂവിഭാഗങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് പ്രൈസ് സോഫ്റ്റ് വെയറിൽ എർത്ത് ഫില്ലിംഗ് കൺവെയൻസ് അലവൻസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഭേദഗതി ചെയ്യുന്ന പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ഓടങ്കൽ പാലം നിർമ്മാണം

60 (748) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ ഓടങ്കൽ പാലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഓടങ്കൽപ്പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ തയ്യാറായാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുളളൂ.

കാസർഗോഡ് ജില്ലയിലെ റോഡ് നിർമ്മാണം

61(749) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി. മുഖേന തുക അനുവദിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച തുക എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ;

(സി) 5 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടും ചില മണ്ഡലങ്ങളിൽ നാമമാത്രമായ തുക മാത്രമേ അനുവദിച്ചുള്ള എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ ഈ നടപടി പരിശോധിച്ച് തുക കുറവുള്ള മണ്ഡലങ്ങളിൽ ആനുപാതികമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ നിയോജക മണ്ഡലങ്ങൾക്ക് താഴെപ്പറയും പ്രകാരം

1.	മഞ്ചേശ്വരം	- 5 കോടി
2.	കാസർഗോഡ്	- 5 കോടി
3.	ഉദുമ	-2 കോടി
4.	കാഞ്ഞങ്ങാട്	-2 കോടി
5.	തൃക്കരിപ്പൂർ	-2 കോടി, രൂപാവീതം (ആകെ 16 കോടി രൂപ) ഫണ്ട് അനുവദിച്ചിരുന്നു.

(സി & ഡി) പരിശോധിച്ചുവരുന്നു.

നിലമ്പൂർ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

62 (750) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ബൈപ്പാസിന് സ്ഥലമേറ്റെടുക്കാൻ അനുവദിച്ച 14 കോടി രൂപ തീരെ പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ 15,20,00,000 രൂപയിൽ 14 കോടി രൂപ 12-5-2016-ന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 1,20,00,000 രൂപയും സ്ഥലം ഏറ്റെടുക്കുന്നതിന് ഇനിയും വേണ്ടിവരുന്ന തുകയും ചേർത്ത് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ റോഡുകൾ

63(751) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ഏറ്റവും പ്രധാന റോഡുകളായ എരുമക്കുഴി-ഇടപ്പോൺ റോഡ്, ബുദ്ധാ ജംഗ്ഷൻ-പള്ളിക്കൽ റോഡ്, താമരക്കുളം-കാമ്പിശ്ശേരി റോഡ് എന്നിവ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ എരുമക്കുഴി - ഇടപ്പോൺ റോഡ്, ബുദ്ധാ ജംഗ്ഷൻ - പള്ളിക്കൽ റോഡ്, താമരക്കുളം - കാമ്പിശ്ശേരി റോഡ് എന്നിവ 2016-17 RIDF XXII പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നത് പരിശോധിച്ചുവരുന്നു.

കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകൾ

64(752) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിനുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ ?

ഉത്തരം

ചീക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിനുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കുന്നതിന് 9.13 കോടി രൂപ അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അതിൽ 4.36 കോടി രൂപ മാത്രമേ കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുള്ളൂ. ആ തുകയ്ക്കുള്ള റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 4.77 കോടി രൂപ കേരള വാട്ടർ അതോറിറ്റി അടയ്ക്കാനുണ്ട്. കൂടാതെ പുതുതായി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. അതിനുള്ള തുക കേരള വാട്ടർ അതോറിറ്റി അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത

റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തികരിക്കുവാൻ കഴിയുന്നതാണ്.

കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

65(753) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ആരംഭ സമയത്ത് അടങ്കൽ തുക എത്രയായിരുന്നു;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിട്ട് എത്ര നാളായി;

(സി) നിർമ്മാണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എത്ര കേസുകൾ ഉണ്ട്; പ്രസ്തുത കേസുകൾ തീർപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-2-2012-ൽ ആരംഭിച്ചു. അടങ്കൽ തുക 9,41,46,041 രൂപയാണ്.

(ബി) പ്രസ്തുത നിർമ്മാണം 14-8-2014 മുതൽ തടസ്സപ്പെട്ട് കിടക്കുകയാണ്.

(സി) നിർമ്മാണം സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത കേസ് തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ കോൺട്രാക്ടർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 19084/15 എന്ന റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണന യിലിരിക്കവേയാണ് 23-11-2015-ലെ സി.ഇ./ബി.എൽ./കെ.എൽ.എം/7627/06 എന്ന കത്ത് പ്രകാരം കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയത്. പ്രസ്തുത നോട്ടിസിനെതിരെ കോൺട്രാക്ടർ വീണ്ടും ഡബ്ല്യു.പി.(സി) 39354/15 (റ്റി) എന്ന റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷനിൻമേൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ നോട്ടിസിൻമേലുള്ള അനന്തര നടപടികൾ 27-6-2016 വരെ സ്റ്റേ ചെയ്തുകൊണ്ട് കോടതി ഉത്തരവായി. ഡബ്ല്യു.പി.(സി) 19084/15-ൻമേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 16-3-2016-ലെ സ.ഉ. (സാധാ) നമ്പർ 670/2016/പി.ഡബ്ല്യു.ഡി. പ്രകാരം ഉയർന്ന റേറ്റിനുവേണ്ടിയുള്ള കോൺട്രാക്ടറുടെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവായി. 27-6-16-ൽ സ്റ്റേ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം

നൽകുന്നതും അല്ലാത്തപക്ഷം ടിയാളെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള ഫൈനൽ നോട്ടീസ് നൽകുന്നതുമാണ്. ദക്ഷിണമേഖലാ കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആര്യന്തൊടിക പാലം നിർമ്മാണം

66(754) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി നൽകിയ ആര്യന്തൊടിക പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആര്യന്തൊടിക പാലത്തിന്റെ സാങ്കേതിക അനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) തയ്യാറാക്കിവരുന്നു. മുൻകൂർ ലഭ്യമായ സ്ഥലത്തിന്റെ സ്കെച്ച് സ്ഥലമെടുപ്പ് നടപടികൾക്കുവേണ്ടി വില്ലേജ് ഓഫിസിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം പൂർണ്ണമായും ലഭ്യമാകാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) സ്ഥലം മാർക്ക് ചെയ്ത് സ്കെച്ച് തയ്യാറാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) സ്ഥലമെടുപ്പ് നടപടികൾ തീരുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്.

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം

67(755) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും 3.20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് 26-2-2016-ലെ സ.ഉ.(സാധാ) നമ്പർ 658/2016/ആഭ്യന്തരം പ്രകാരം 3.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ

68(756) ശ്രീ. സി കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച മേജർ ജില്ലാ റോഡുകളിൽ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്ത മേജർ ജില്ലാ റോഡുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) റോഡുകൾ നവീകരിയ്ക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ മേജർ ജില്ലാ റോഡുകളുടെ

വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമനമ്പർ	പ്രവൃത്തിയുടെ പേര്	നിലവിലുള്ള അവസ്ഥ
(1)	(2)	(3)
1	ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് കി.മീ. 5/400 മുതൽ 9/500 വരെ മെക്കാഡം ടാറിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ	30% പ്രവൃത്തി പൂർത്തീകരിച്ചു.
2	പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ് കി.മീ. 1/000 മുതൽ 3/100 വരെ മെക്കാഡം ടാറിംഗ് ചെയ്ത് അഭിവൃദ്ധി പ്പെടുത്തൽ	പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.
3	മേത്തറുമ്പ - ചപ്പാരപ്പടവ്- കുറ്റൂർ റോഡ് കി.മീ. 10/285 മുതൽ 16/285 വരെ മെക്കാഡം ടാറിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ	ബി.എം. പ്രവൃത്തി പൂർത്തികരിച്ചു.
4	പാടിയോട്ടുചാൽ-ചെറുപാറ-തിമിരി പെരുംപടവ് റോഡ് കി.മീ. 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തൽ	25% പ്രവൃത്തി പൂർത്തീകരിച്ചു.
5	വെള്ളൂർ-പാടയോട്ടുചാൽ-പുളിങ്ങോം റോഡ് കി.മീ. 15/000 മുതൽ 27/200 വരെ മെക്കാഡം ടാറിംഗ് ചെയ്ത്അഭിവൃദ്ധിപ്പെടുത്തൽ	ടെണ്ടർ നടപടികൾ പൂർത്തികരിക്കേണ്ടതാ യിട്ടുണ്ട്.
6	വെള്ളൂർ-പാടയോട്ടുചാൽ-പുളിങ്ങോം റോഡ് കി.മീ. 33/300 മുതൽ 40/500 വരെ മെക്കാഡംടാറിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ	പ്രവൃത്തി പൂർത്തീകരിച്ചു.
7	പയ്യന്നൂർ റെയിൽവെ സ്റ്റേഷൻ-രാമന്തളി-എട്ടിക്കുളം റോഡ് കി.മീ. 0/000 മുതൽ 5/000 വരെ (ഒന്നാംഘട്ടം കി.മീ. 0/000 മുതൽ 2/500 വരെ) മെക്കാഡം ടാറിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ	പ്രവൃത്തി പൂർത്തീകരിച്ചു.
(1)	(2)	(3)
8	പുന്നക്കടവ്-കുന്നരു-പാലക്കോട് റോഡ് കി.മീ. 0/000 മുതൽ 7/200 വരെ	പ്രവൃത്തി പൂർത്തീകരിച്ചു.

	അഭിവൃദ്ധിപ്പെടുത്തൽ	
9	പയ്യന്നൂർ-തായിനേരി-കാര-തളിച്ചളം റോഡിൽ കി.മീ. 0/150 മുതൽ 2/300 വരെ ഓവുചാൽ നിർമ്മാണം	പ്രവൃത്തി പൂർത്തീകരിച്ചു.
10	കവ്വായി ബ്രിഡ്ജ് അപ്രോച്ച് റോഡിൽ കി.മീ. 0/000 മുതൽ 0/400-നമിടയിൽ ഓവുചാൽ നിർമ്മാണം	പ്രവൃത്തി പൂർത്തീകരിച്ചു.
11	പുന്നക്കടവ്-വടക്കുമ്പാട് മൂരിക്കോട് റോഡിൽ കി.മീ. 0/120 മുതൽ 0/800 വരെ ഓവുചാൽ നിർമ്മാണവും കി.മീ. 0/220 മുതൽ 0/300 വരെ പുനർനിർമ്മാണവും	പ്രവൃത്തി പൂർത്തീകരിച്ചു.
12	പാടിയോട്ടുചാൽ-ഓടമുട്ട് റോഡിൽ കി.മീ. 7/645 മുതൽ 7/745 വരെ റോഡ് ഉയർത്തി ഉപരിതലം പുതുക്കൽ	പ്രവൃത്തി പൂർത്തീകരിച്ചു.

(ബി)

വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡ് കി.മീ. 15/000 മുതൽ 27/200 വരെ മെക്കാഡം ടാറിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ	മഴ തുടങ്ങിയത് കാരണം റോഡിന്റെ പല ഭാഗങ്ങളിലും കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തികരിക്കാത്തത് കാരണം പ്രവൃത്തി ആരംഭിക്കുവാൻസാധിച്ചിട്ടില്ല.

(സി) 2017 മെയ് 31-നകം മേൽ സൂചിപ്പിച്ച മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

69(757) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ മുളേളരിയ - അർളപ്പദവ് റോഡ്, ചെർക്കള - കല്ലടുക്ക റോഡ്, ബദിയടുക്ക-കിന്നിങ്കാർ - സൂളപ്പദവ് റോഡ്, ചൗക്കി - ഉളയത്തടുക്ക റോഡ്, ചേരങ്കൈ കടപ്പുറം - ലൈറ്റ് ഹൗസ് റോഡ് എന്നി റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ നിർമ്മിച്ചത് ഏത് വർഷങ്ങളിലാണെന്നും നിർമ്മാണത്തിനുശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര പ്രാവശ്യം നടത്തിയെന്നും എത്ര തുക ഓരോ റോഡിനും ചെലവഴിച്ചുവെന്നും

വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് ആലോചനയുണ്ടോ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത തുകയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോഴാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1. ചൗക്കി- ഉളയത്തടുക്ക- എസ്.പി. നഗർ-കോപ്പ റോഡ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 2013-ൽ പൂർത്തീകരിച്ചു. അതിനുശേഷം ഈ റോഡിന്റെ ഉപരിതലത്തിന് കേടുപാടുകൾ തീർക്കുന്നതിന് 17.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ചേരങ്കൈ കടപ്പുറം-ലൈറ്റ് ഹൗസ് റോഡ് പുനരുദ്ധാരണത്തിനുവേണ്ടി 2009-10 വർഷത്തിൽ 378.00 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 2013 മുതൽ 2016 വരെയുള്ള കാലയളവിൽ 8 ലക്ഷം രൂപ ചെലവഴിച്ചിരുന്നു.

3. മുള്ളേരിയ - നാട്ടക്കൽ - അർളപദവ് 2013-14 വർഷത്തിൽ ഈ റോഡിന്റെ ഉപരിതലം പുതുക്കുന്നതിനുവേണ്ടി 70.00 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിരുന്നു. ഇതുകൂടാതെ ഈ റോഡിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ എണ്ണവും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

2007 മുതൽ 2016 വരെയുള്ള കാലയളവിൽ ഈ റോഡിൽ 2 അറ്റകുറ്റപ്പണികൾക്കായി ആകെ 97.85 ലക്ഷം രൂപ അനുവദിച്ചിരുന്നു.

4. കല്ലടുക്ക – ചെർക്കള റോഡ് 2003-04 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി പ്രസ്തുത റോഡിന്റെ ബി.എം.& ബി.സി. പ്രവൃത്തി നടത്തിയിരുന്നു. 2010-16 വരെയുള്ള കാലയളവിൽ ആകെ 62 പ്രവൃത്തികൾക്കായി 347.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

5. ബദിയടുക്ക-കിന്നിംഗാർ-സൂളപ്പദവ് റോഡിന്റെ 2008 മുതൽ 2016 വരെയുള്ള കാലയളവിൽ 42 അറ്റകുറ്റ പ്രവൃത്തികൾക്കായി ആകെ 325.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി) മേൽ പരാമർശിത റോഡുകളുടെ പുനരുദ്ധാരണത്തിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ വിഷയം പരിഗണിക്കുവാൻ കഴിയും.

കാസർഗോഡ് ജില്ലയിലെ പള്ളത്തൂർ പാലത്തിന്റെ പണി

70(758) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളത്തൂർ പാലത്തിലൂടെ മഴക്കാലത്ത് വെള്ളം കവിഞ്ഞ് ഒഴുകി ഗതാഗതം തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മഴക്കാലത്ത് ഈ പാലത്തിലൂടെ യാത്രചെയ്ത് ഒരു പോലീസുകാരൻ മോട്ടോർ സൈക്കിൾ അടക്കം ഒഴുകിപ്പോയി മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈവരിയില്ലാത്ത ഈ പാലം പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി)പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി സാധ്യതാ പഠന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിന്റെ DRIQ വിഭാഗത്തിന്റെ പരിഗണനയിലാണ്. അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും. എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

കൊയിലാണ്ടി മണ്ഡലത്തിലെ പാലം നിർമ്മാണം

71(759) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം പദ്ധതിയ്ക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ കാര്യത്തിൽ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി

ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കാമോ; സെക്രട്ടേറിയറ്റിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അകലാപ്പുഴ പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭ്യമാവുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഏതെല്ലാം തലത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം പദ്ധതിക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശിച്ച പ്രകാരം സ്റ്റേറ്റ് ലെവൽ എംപവർ കമ്മിറ്റി നൽകിയ വിലയ്ക്ക് പൊന്നുംവില നടപടികൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 1120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി ലഭ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 28-5-2016-ൽ സർക്കാരിൽ ലഭ്യമാക്കിയത് ഡി1/47/2016/പൊ.മ.വ. നമ്പർ ഫയൽ സെക്രട്ടേറിയറ്റിൽ പരിശോധിച്ചുവരുന്നു.

(ഡി) അകലാപ്പുഴ പാലത്തിന്റെ നിർമ്മാണത്തിനായി പ്രൊപ്പോസൽ ഡ്രോയിംഗിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ വിഭാഗം പരിശോധിച്ചുവരുന്നു. ഡിസൈൻ പൂർത്തിയായതിനുശേഷം ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

നെടുമങ്ങാട് മണ്ഡലത്തിലെ മരാമത്ത് പണികൾ

72(760) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് മണ്ഡലത്തിൽ 500 കോടി രൂപയുടെ മരാമത്ത് പണികൾ നടന്നതായി പറയപ്പെടുന്നതിന്റെ നിജസ്ഥിതിയെക്കുറിച്ചുള്ള അന്വേഷണം ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ലഭിച്ചിരുന്നു. ബന്ധപ്പെട്ടഅധികാരികൾക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്ന പദ്ധതി

73(761) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും റജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയ പാതയുടെ വീതി കൂട്ടുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങൽ പട്ടണത്തിൽ ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നഗരത്തിൽ നിലവിലുള്ള ദേശീയപാതയുടെ മൂന്നുമുക്ക് മുതൽ പൂവൻപാറ വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തിയുടെ റീ-ടെണ്ടർ നടപടിയുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി ജൂൺ 24-ാം തീയതി ടെക്നിക്കൽ ബിഡ്ഡുകളുടെ ഓപ്പണിംഗ് നടത്തുകയുണ്ടായി. ലഭിച്ച ബിഡ്ഡുകളുടെ സൂക്ഷ്മപരിശോധന അന്തിമഘട്ടത്തിലാണ്. സൂക്ഷ്മ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) മൂന്നുമുക്ക് മുതൽ പൂവൻപാല വരെയുള്ള വികസന പ്രവർത്തനങ്ങൾക്കായി 22.750 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറക്ക് കരാറുകാരനെ നിശ്ചയിക്കുന്നതാണ്. കരാറുകാരന് സൈറ്റ് കൈമാറുന്ന തീയതി മുതൽ 18 മാസംവരെയാണ് പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള കാലാവധി.

(സി) നടപടി സ്വീകരിച്ചുവരുന്നു.

എറക്കോട്ടിരി പാലം നിർമ്മാണം

(74)762 ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും റജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയെയും തൃശ്ശൂർ ജില്ലയെയും ബന്ധപ്പെടുത്തി, ഭാരതപ്പുഴയിൽ എറക്കോട്ടിരി പാലം നിർമ്മാണത്തിന്റെ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) എറക്കോട്ടിരി പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയെയും തൃശ്ശൂർ ജില്ലയെയും ബന്ധപ്പെടുത്തി ഭാരതപ്പുഴയിൽ എറക്കോട്ടിരി പാലം നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുകയൊന്നും അനുവദിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി ലഭിച്ചശേഷം മാത്രമേ ഡിസൈനും തുടർന്ന് എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാവുകയുള്ളൂ.

പൊതുമരാമത്ത് വകുപ്പിലെ അഴിമതി

75(763) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത്, അന്നത്തെ വിജിലൻസ് മേധാവിയായിരുന്ന ശ്രീ. വിൻസെന്റ് എം. പോൾ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്നതായി പറയുന്ന അഴിമതി സാമ്പിളായെടുത്ത് വിജിലൻസ് നടത്തിയ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ അഴിമതികൾ തടയുന്നതിനായി സമീപകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നടപടികൾ സംബന്ധിച്ചുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. ടി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) പ്രസ്തുത സാമ്പിൾ റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരു ഉദ്യോഗസ്ഥനെയും പരാമർശിക്കപ്പെട്ടിട്ടില്ല. എന്നാൽ റിപ്പോർട്ട് പഠിച്ച് ഉചിതമായ

തീരുമാനം കൈക്കൊള്ളുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ അഴിമതി ആക്ഷേപങ്ങൾ

76(764) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും റജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൽ നടക്കുന്ന അഴിമതി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ നടക്കുന്ന അഴിമതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ അവയുടെ സ്വഭാവമനുസരിച്ച് അന്വേഷണം നടത്തുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ റെയ്ഡുകൾ നടത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് പാലക്കാട് ഡിവിഷനിലെ ഷൊർണ്ണൂർ, മണ്ണാർക്കാട്, ആലത്തൂർ റോഡ്സ് സെക്ഷൻ ഓഫീസുകളിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം 3-6-2016-ന് പരിശോധന നടത്തുകയും പരിശോധനയ്ക്കിടയിൽ ആലത്തൂർ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി ജോസഫിന്റെ ബാഗിൽനിന്നും 1,79,000 രൂപ കണ്ടെത്തുകയും പിടിച്ചെടുക്കുകയുമുണ്ടായി. തുടർന്ന് 7-6-2016-ൽ ടിയാളെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയുമുണ്ടായി.

പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച തുകയുടെ വിനിയോഗം

77(765) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും റജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഓരോ സാമ്പത്തിക വർഷവും എത്രകോടി രൂപ വീതം പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്; ഇതിന്റെ

വിശദാംശം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ടെണ്ടർ ഇല്ലാതെ ഓരോ വർഷവും എത്ര കോടി രൂപയുടെ വീതം ജോലികൾ പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് ജോലിയുടെ പേരും, തുകയും, കരാറുകാരന്റെ പേരും വെളിപ്പെടുത്തുമോ;

(സി) ടെണ്ടർ ഇല്ലാതെ വർക്കുകൾ കൊടുക്കുവാനുള്ള അധികാരം ഏത് തലത്തിലുള്ള ഉദ്യോഗസ്ഥർക്കാണുള്ളത്; ഇതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ;

(ഡി) ടെണ്ടർ ഇല്ലാതെ എത്രകോടി രൂപയുടെ ജോലികൾ വരെ ഒരു വ്യക്തിയ്ക്കോ, സ്ഥാപനത്തിനോ ചെയ്യാനുള്ള അനുമതി നൽകാൻ സാധിക്കും; വിശദമാക്കാമോ;

(ഇ) ഈ മാനദണ്ഡം തെറ്റിച്ച് ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ പൊതുമരാമത്ത് വകുപ്പ് വർക്ക് കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ഓരോ സാമ്പത്തിക വർഷവും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) പൊതുമരാമത്ത് വകുപ്പ് മാനുവൽ (സെക്ഷൻ 2012) അനുസരിച്ച് വർക്കിന്റെ പ്രത്യേകവും അടിയന്തരവുമായ സാഹചര്യത്തിൽ waiving of Tender call മുഖേന പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ & ഗവൺമെന്റ് സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർക്കുണ്ട്. പരമാവധി 50 കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുവാൻ സാധിക്കും.

(ഇ&എഫ്) 20-2-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2016/പൊമവ ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോഗ്രാമിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുന്ന 5 പ്രവൃത്തികളുടെ നടത്തിപ്പ് അക്രഡിറ്റഡ് ഏജൻസിയെന്ന നിലയ്ക്ക് ഊരാളുങ്കൽ ലേബർ സഹകരണ സംഘത്തിന് ടെൻഡർ നടപടിയില്ലാതെ നൽകിയിട്ടുണ്ട്.

ചെങ്ങന്നൂർ താലൂക്കിലെ പാലങ്ങളുടെ നിർമ്മാണം

78(766) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിൽ കഴിഞ്ഞ 10 വർഷത്തിനു മുൻപ് ആരംഭിച്ച മിത്രമഠം പാലത്തിന്റെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത താലൂക്കിലെ കയ്പാലക്കടവ്, വഴുപാടിക്കടവ്, മദനശ്ശേരിക്കടവ് പാലങ്ങളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മിത്രമഠം പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 10-10-2005-ൽ ആയിരുന്നു. പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകാത്തത് കാരണം കരാറുകാരന്റെ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്തു. ആയതിനുശേഷം ശേഷിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് എടുക്കുകയും ടെൻഡർ ചെയ്യുകയും പുതിയ കരാറുകാരൻ 31-1-2014-ൽ എഗ്രിമെന്റുവച്ച് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. നിർമ്മാണ കാലാവധി 26-7-2015-ൽ അവസാനിച്ചു. എന്നാൽ ഇപ്പോഴത്തെ കരാറുകാരൻ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടതിനെത്തുടർന്ന് നിർമ്മാണം വളരെ മന്ദഗതിയിലാണ്. പുതിയ കരാറുകാരനെ കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് വലിയ കാലതാമസം നേരിടുമെന്നതിനാൽ നിലവിലുള്ള കരാറുകാരനെ കൊണ്ടുതന്നെ നിർമ്മാണം പൂർത്തീകരിക്കുവാൻ ശ്രമിക്കുകയാണ്.

(സി) (1) കൈപ്പാലക്കടവ് പാലം:

4-3-2016-ലെ സ.ഉ.(സാധാ) നമ്പർ 586/2016/PWD അനുസരിച്ച് 12 കോടി

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ജനറൽ ഡിസൈൻ പുതുക്കുന്നതിന് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

(2) വഴുവാടിക്കടവ് പാലം:

4-3-2016-ലെ സ.ഉ.(സാധാ) നമ്പർ 588/2016/PWD അനുസരിച്ച് 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പുതുക്കുവാൻ ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു.

(3) മദനശ്ശേരിക്കടവ് പാലം:

2013-ൽ നിർമ്മാണം ആരംഭിച്ച പാലത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സാമീപ്യ റോഡിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ കരാറെടുത്ത കരാറുകാരൻ സാമ്പത്തിക പ്രതിസന്ധിയിലാണ്. മിതുമഠം പാലത്തിന്റെ കരാറുകാരൻ തന്നെയാണ് ഈ പാലത്തിന്റെയും കരാറുകാരൻ. ഈ കരാറുകാരനെക്കൊണ്ടു തന്നെ നിർമ്മാണം പൂർത്തീകരിക്കുവാൻ ശ്രമിക്കുകയാണ്.

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിന്റെ വികസനം

79(767) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പരുകൾ സഹിതം വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനം ഏത് വർഷമാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2011-ലാണ് ആരംഭിച്ചത്. ഈ പ്രവർത്തനത്തിനാവശ്യമായ 2700 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. ആയതിന്മേൽ 24-10-2013 ലെ 21931/പി.എസ്2/2013/പൊ.മ.വ. നമ്പർ കത്ത് പ്രകാരം ഭരണാനുമതി നൽകുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുവാൻ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം

നൽകിയിരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയും.

ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടിപ്പാലം നിർമ്മാണം

80(768) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടിപ്പാലം നിർമ്മിക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ചനടപടികൾ എന്തൊക്കെയാണെന്നും, ഈ ആവശ്യത്തിലേയ്ക്കായി എത്ര രൂപാ വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പാലം നിർമ്മാണം ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എത്ര രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ എത്ര രൂപയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ& ബി) പള്ളിക്കമണ്ണടിപ്പാലം നിർമ്മാണത്തിന് 14-8-2009-ലെ G.O. (Rt) 1185/09/PWD ഉത്തരവ് പ്രകാരം 315 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിനായി സർവ്വേയും മണ്ണ പരിശോധനയും പൂർത്തിയായിട്ടുണ്ട്. പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചു. സ്ഥലം ഉൾപ്പെട്ട നിലം നികത്തുന്നിന് റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തിയ സ്ഥലത്തിന് നെൽവയൽ നികത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുനർസർവ്വേയിൽ കൂടെ നിലംകൂടി അതിർത്തി കല്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി റവന്യൂ അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള നിലം നികത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലത്തിന്റെ ജനറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വേ, മണ്ണ് പരിശോധന, അതിർത്തി കല്ലുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് 4,04,948 രൂപ ചെലവായിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാകുന്നതോടുകൂടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പള്ളിക്കമണ്ണടിപ്പാലത്തിന്റെ നിർമ്മാണത്തിന് നിലവിലെ കണക്കനുസരിച്ച് ഏകദേശം 9 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഏകദേശം 68 സെന്റ് സ്ഥലമെങ്കിലും ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ ടി സ്ഥലത്തിന് 1.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ദേശീയപാതയുടെ വീതി കൂട്ടൽ

81(T*769) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാതയുടെ വീതികൂട്ടൽ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങലിൽ അടിയന്തരമായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും, എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നഗരത്തിൽ മൂന്നുമുക്ക് മുതൽ പൂവൻപാറവരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയുടെ റീ-ടെണ്ടർ നടപടിയുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി ജൂൺ 24-ാം തീയതി ടെക്നിക്കൽ ബിഡ്ഡുകളുടെ ഓപ്പണിംഗ് നടത്തുകയുണ്ടായി. ലഭിച്ച ബിഡ്ഡുകളുടെ സൂക്ഷ്മപരിശോധന അന്തിമഘട്ടത്തിലാണ്. സൂക്ഷ്മപരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) ആറ്റിങ്ങൽ നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നിലവിലെ രണ്ടുവരി ദേശീയപാത നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 22.75 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം "ഫ്രീ സറണ്ടർ" ആയി കൈമാറുമെന്ന് ആറ്റിങ്ങൽ നഗരസഭ ഉറപ്പ് നൽകിയിരുന്നു. പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനുവേണ്ടി 6-6-2016-ൽ ആറ്റിങ്ങൽ സാംസ്കാരിക നിലയത്തിൽവച്ച് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെയും ജില്ലാ കളക്ടറുടെയും അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദേശീയപാതയുടെ ഭൂമി, പുറമ്പോക്ക് ഉൾപ്പെടെ അളന്ന് തിട്ടപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

* 'T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

റീ-ടെണ്ടർ നടപടികൾവഴി ലഭിച്ച ബിഡ്ഡുകളുടെ ഇവാലുവേഷൻ അന്തിമ ഘട്ടത്തിലാണ്.

(സി) കരാറുകാരന് സൈറ്റ് കൈമാറുന്ന തീയതി മുതൽ 18 മാസംവരെയാണ് പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി.

ചെങ്ങന്നൂർ ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനം

82(770) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) റോഡിന്റെ വശങ്ങളിലുള്ള ഓട നിർമ്മാണം അശാസ്ത്രീയമായാണ് നടപ്പാക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.റ്റി. പി. പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. ജംഗ്ഷനിൽ നിർമ്മിച്ച ഓട മഴപെയ്യുന്ന സമയത്ത് ഉപയോഗ ശൂന്യമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. ജംഗ്ഷനിൽ മഴയുള്ള സമയത്ത് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ഇ) ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജ് ജംഗ്ഷനിൽ റോഡ് ഡിവൈഡറിൽ സൈൻബോർഡ് സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ചെങ്ങന്നൂർ- മുളക്കഴ എം.സി. റോഡിൽ -ആഞ്ഞിലിച്ചുവട് ഭാഗത്ത് ഗതാഗത നിയന്ത്രണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദീകരിക്കുമോ; പ്രസ്തുത സ്ഥലത്ത് മാവേലിക്കര, മുളക്കഴ, ചെങ്ങന്നൂർ ടൗൺ എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി അപകടങ്ങൾ ഒഴിവാക്കാൻ യുക്തമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ M/s. Delma Sreedhanya JV

എന്ന കമ്പനിയാണ് നടത്തിവരുന്നത്.

(ബി) കെ.എസ്.റ്റി.പി. നടത്തിയ ഓടയുടെ നിർമ്മാണ പ്രവൃത്തികൾ എല്ലാംതന്നെ ശാസ്ത്രീയമായാണ് നടത്തിയിട്ടുള്ളത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.റ്റി.പി. ഒന്നാംഘട്ടത്തിൽ സ്ഥാപിച്ച ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷനിലെ ഓടകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ ശബരിമല സീസണിലെ പുനരുദ്ധാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷനിൽ റോഡ് ഡിവൈഡറിൽ ഒബ്ലൂക്ക് ഹസാർഡ് മാർക്കറുകൾ (OHM) സ്ഥാപിച്ചിരുന്നത് അപകടത്തിൽ തകർന്നുപോകുകയും വീണ്ടും പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നതാണ്. ഇത് വീണ്ടും അപകടത്തിൽപ്പെട്ട് തകർന്നിട്ടുണ്ട്. ശബരിമല സീസണുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഭാഗമായി പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഗതാഗത നിയന്ത്രണത്തിനായി റോഡ് പുനരുദ്ധാരണ സമയത്ത് റോഡ് മാർക്കിംഗുകളും സൈൻ ബോർഡുകളും സ്ഥാപിച്ചിരുന്നതാണ്. ബാക്കി നടപടികൾ പോലീസും ഗതാഗത വകുപ്പുമാണ് നടത്തുന്നത്.

പെരുവണ്ണാമൂഴി - മുതുകാട് - പ്ലാന്റേഷൻ റോഡ്

83(771) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി - മുതുകാട് - പ്ലാന്റേഷൻ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നവീകരണം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ അറ്റകുറ്റപ്പണി

84(772) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടവും പരിസരവും വൃത്തിഹീനമായി കിടക്കുന്നതുമൂലം ജീവനക്കാർക്കും ജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി അടിയന്തര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ തറ ടൈൽസ് പാകിയും കെട്ടിടങ്ങളുടെയും ബാത്ത്റൂമുകളുടെയും അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനും ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മുടപ്പല്ലൂർ മംഗലം ഡാം റോഡ്

85(773) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 14-7-2009-ന് 525 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ സ്തംഭനാവസ്ഥ തീർക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/2009/ പൊ.മ.വ-ൽ ഉൾപ്പെടുത്തി 525 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 532 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. ഏബിൾ ഗ്രൂപ്പ്

ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ രണ്ടുതവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ 24-1-2014-ന് നഷ്ടോത്തരവാദിത്വത്തിൽ കരാറിൽനിന്ന് നീക്കം ചെയ്യുകയുണ്ടായി. ബാക്കി പ്രവൃത്തിക്ക് മൂന്നതവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും വളരെ കുടിയ നിരക്കിലുള്ള ദർഘാസുകൾ മാത്രമാണ് ലഭ്യമായത്. 15-3-2016-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ 3 ദർഘാസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ 78.90% അധിക നിരക്കിലുള്ള ദർഘാസ്, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരിശോധിച്ചു വരുന്നതേയുള്ളൂ.

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ബോയ്സ് ഹോസ്റ്റൽ നിർമ്മാണം

86(774) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതിനായുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകരിച്ചുവോ; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി 28.05.2016-ലെ സ.ഉ. (സാധാ) നമ്പർ 1213/2015/ഉ.വി.വ. പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തി

87(775) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ആകെ രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 16 ഗ്രാമീണ റോഡുകളിൽ പ്രവൃത്തി പൂർത്തിയായ റോഡുകൾ ഏതൊക്കെയെന്നും മറ്റുള്ള റോഡുകളുടെ പ്രവർത്തന പുരോഗതി എവിടെ വരെയായിയെന്നും അറിയിക്കുമോ ; റോഡ് പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ആകെ രണ്ടുകോടി രൂപയുടെ ഭരണാനുമതി ലഭിച്ച 16 ഗ്രാമീണ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. പ്രവൃത്തി പൂർത്തീകരിച്ച റോഡുകൾ :

1. മണക്കര മുതുകുട എൽ.പി. സ്കൂൾ റോഡ് (പട്ടുവം ഗ്രാമപഞ്ചായത്ത്)
2. ചെറുകുളക്കാട്-മുരിയത്തോട്-അരിയിൽ ഹരിജൻ കോളനി (പട്ടുവം ഗ്രാമപഞ്ചായത്ത്)
3. ചന്തപ്പുര-ചെറുവിച്ചേരി അമ്പലം റോഡ് (കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്)
4. ചന്തപ്പുര-തെക്കേക്കര-വിളയാംകോട് റോഡ് (കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്)

II. കയ്യം-വെള്ളിക്കീൽ പള്ളി റോഡ് (പട്ടുവം ഗ്രാമപഞ്ചായത്ത്) പ്രവൃത്തി തുടങ്ങിയെങ്കിലും ഫിഷറീസ് വകുപ്പിന്റെ ഒരു പ്രവൃത്തി പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് നടന്നുവരുന്നതിനാലും കാലവർഷം ആരംഭിച്ചതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല. മറ്റുള്ള 11 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും കരാറുകാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 2016 നവംബർ അവസാനത്തോടെ ടി പ്രവൃത്തികൾ പൂർത്തികരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണം

88(776) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ നിയോജക മണ്ഡലത്തിലെ കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിനെ തുടർന്ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഈ പാലങ്ങൾ സമയബന്ധിതമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചുങ്കക്കുന്ന് പാലത്തിന്റെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയർ മുഖേന ലഭിച്ചത് ചില ന്യൂനതകൾ പരിഹരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് തിരികെ നൽകിയിരിക്കുകയാണ്. ആയത് ന്യൂനതകൾ പരിഹരിച്ച് തിരികെ ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. കച്ചേരിക്കടവ് പാലം നിർമ്മാണത്തിന് 890 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

കരാറുകാർക്ക് കുടിശ്ശിക

89 (777) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇത്തരം കുടിശ്ശികയുടെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിയ്ക്കുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 740.28

കോടി രൂപയും കെട്ടിട വിഭാഗത്തിൽ 156.30 കോടി രൂപയും 50.017 കോടി രൂപ പദ്ധതിയിനത്തിലും 7.03 ലക്ഷം രൂപ പദ്ധതിയിതര ഇനത്തിലും കുടിശ്ശികയുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികൾ ഇ-ടെണ്ടർ വഴി ടെണ്ടർ ചെയ്തതിനുശേഷമാണ് ആരംഭിക്കുന്നത്. പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ചെക് മെഷർ ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചതിനുശേഷമാണ് സർക്കാരിലേക്ക് സമർപ്പിക്കുന്നത്. മേൽ സൂചിപ്പിച്ച കുടിശ്ശിക ബില്ലുകൾ ഇത്തരത്തിലുള്ളവയാണ്.

കുഴിനക്കിപ്പാറ പാലം നിർമ്മാണം

90(778) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി-ഏറനാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തോട്ടുമുക്കത്തുള്ള കുഴിനക്കിപ്പാറ പാലം അത്യന്തം അപകടാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ പാലം നിർമ്മാണത്തിനായി ഭരണാനുമതി നേരത്തേ ലഭിച്ചെങ്കിലും ടി പ്രവൃത്തിയിൻമേൽ മറ്റു നടപടികളെടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) കുഴിനക്കിപ്പാറ പാലത്തിന്റെ പ്രവൃത്തികൾ അടിയന്തിര പ്രാധാന്യത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-3-2011-ലെ സ.ഉ. (സാധാ) 413/11/പൊ.മ.വ. പ്രകാരം പുതിയ പാലം നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി തുക പാലം പണി പൂർത്തിയാക്കുന്നതിന് അപര്യാപ്തമാകയാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയും.

തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതി

91(779) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡുശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിന്റെ നിർവ്വഹണത്തിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലോകബാങ്കുമായുള്ള കരാർ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തന്ത്രപ്രധാനമായ (കോർ) റോഡുശൃംഖല വികസിപ്പിക്കുന്നതിനും അവ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടിയുള്ള സ്ട്രാറ്റജിക് റോഡ് നെറ്റ്വർക്ക് പ്രോഗ്രാം നടപ്പാക്കുന്നതിനുള്ള പഠനങ്ങൾ നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബിനെ ക്ലയിന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറായി ചുമതലപ്പെടുത്തി. ഈ പ്രോഗ്രാമിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്താനുള്ള റോഡുകൾ കണ്ടെത്തി അവയെ ഉന്നതനിലവാരത്തിൽ പരിപാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്;

2. പ്രസ്തുത റോഡ് ശൃംഖല പരിപാലിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ

3. ഈ റോഡുശൃംഖല ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനുള്ള പരിമിതികളും സാധ്യതകളും പരിശോധിച്ച് ഇതിനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ പൊതുമരാമത്ത് വകുപ്പിനുള്ളിൽത്തന്നെ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ്. ഇതിനുവേണ്ടി ഓരോ പ്രവർത്തനങ്ങളും വിലയിരുത്തി വിദഗ്ധ പഠനം നടത്താൻ ക്ലയന്റ് എക്സിക്യൂട്ടീവ്

പ്രോഗ്രാം സ്പോൺസറെ സഹായിക്കുന്നതിന് മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലും പ്രാവീണ്യം നേടിയ കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്താനുള്ള അന്തർദേശീയ ദർഘാസുകൾ ക്ഷണിച്ച് മേൽനടപടികൾ എടുത്തുവരുന്നു.

(ബി) ഈ പ്രോഗ്രാമിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് ഏറ്റവും ആവശ്യമായ റോഡുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയുടെ അത്യാധുനികവും ഉന്നതവുമായ നിലയിലുള്ള വികസിപ്പിക്കലും പരിപാലനവുമാണ്.

(സി) ഈ പ്രോഗ്രാം കെ.എസ്.ടി.പി.-യുടെ കരാറിൽ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറെ നിയമിച്ച് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം

92(T 780T*) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുമ്പുഴക്കടവ് പാലം പുനർനിർമ്മാണത്തിനായി 3.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും അവരുടെ മണ്ണ പരിശോധനാ റിപ്പോർട്ട് 2016 ഫെബ്രുവരിയിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. രൂപരേഖ തയ്യാറാക്കുന്നതിലേക്ക് കൂടുതൽ സ്ഥലത്ത് മണ്ണുപരിശോധന ആവശ്യമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടി സ്വീകരിക്കാവുന്നതാണ്.

വിശ്രമമന്ദിരങ്ങളുടെ ആധുനികവൽക്കരണം

93(781) ശ്രീ. കെ. സുരേഷ് കുറുപ്പ് :

---

* 'T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. പി. കെ. ശശി :

ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമമന്ദിരങ്ങളിൽ കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ മുഴുവൻ സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിശ്രമമന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രധാന കേന്ദ്രങ്ങളിലെ വിശ്രമമന്ദിരങ്ങൾ ഭരണപരമായ കാര്യങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളോടെ ഇന്റർനെറ്റും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചില വിശ്രമ മന്ദിരങ്ങളിൽ ഇതുണ്ടായിട്ടുണ്ട്. ഫണ്ടിന്റെ കുറവാണ് കാരണം. കൂടുതൽ ഫണ്ടുകൾ നൽകാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടും.

(സി) പരിഗണിക്കുന്നതാണ്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

94(782) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അഗ്രിക്കൾച്ചറൽ ഓഫീസ്, മലയാറ്റൂർ
2. അസിസ്റ്റന്റ് ലേബർ ഓഫീസ്, അങ്കമാലി

3. വെറ്റിനറി ഡിസ്പെൻസറി, മലയാറ്റൂർ

4. ജോയിന്റ് ആർ.റ്റി. ഓഫീസ്, അങ്കമാലി

5. എക്സൈസ് റേഞ്ച് ഓഫീസ്, കാലടി

(ബി) അസിസ്റ്റന്റ് ലേബർ ഓഫീസും എക്സൈസ് റേഞ്ച് ഓഫീസും അങ്കമാലി മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഓഫീസും വെറ്റിനറി ഡിസ്പെൻസറിയും മലയാറ്റൂർ പഞ്ചായത്തിന്റെ കീഴിലായതുകൊണ്ട് പഞ്ചായത്തിന്റെ കെട്ടിടത്തിൽത്തന്നെ നിലനിർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജോയിന്റ് ആർ.റ്റി. ഓഫീസിന്റെ കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

95(783) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. 2 ാം ഘട്ട പദ്ധതിക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആരുടെയെല്ലാം ധന സഹായമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി താഴെ ചേർക്കുന്ന കർമ്മ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്.

1. 363 കി.മീ. സംസ്ഥാന റോഡുകളുടെ വീതി കൂട്ടിയുള്ള അപ്ഗ്രഡേഷൻ പണികൾ

2. റോഡ് സുരക്ഷ ശക്തിപ്പെടുത്തൽ

ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ചുമതലയുള്ള കേരള റോഡ് സുരക്ഷാ അതോറിറ്റി മുതലായ പ്രസ്ഥാനങ്ങളുടെ ശക്തിപ്പെടുത്തലും, ഇതുമായി ബന്ധപ്പെട്ടവരെ പരിശീലിപ്പിക്കലും, വാഹന സാന്ദ്രതയും അപകടസാധ്യതയും കൂടുതലുള്ള

കഴക്കൂട്ടം-വെഞ്ഞാറമൂട്-അടൂർ റോഡ് (80 കി.മീ.) ഒരു മാതൃകാ സുരക്ഷാ റോഡായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ, മറ്റ് ജില്ലകളിലുള്ള റോഡുകളിൽ സുരക്ഷാ പ്രോഗ്രാമുകൾ നടപ്പാക്കൽ എന്നീ കർമ്മ പരിപാടികളാണ് ഉദ്ദേശിക്കുന്നത്.

3. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ്.

ഇതിന്റെ ഭാഗമായി കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് അത്യന്താപേക്ഷിതമായ പ്രധാന റോഡുകളുടെ ഒരു ശൃംഖല കണ്ടെത്തി അതിനെ ബലപ്പെടുത്തി പ്രത്യേക പരിഗണന കൊടുത്ത് പരിപാലിക്കുന്നതിനുള്ള സ്ട്രാറ്റജിക് നെറ്റ്വർക്ക് പ്രോഗ്രാം, കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന്റെ തുടർച്ചയായി നടപ്പാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. കൂടാതെ കെ.എസ്.ടി.പി. വികസിപ്പിച്ച റോഡുകളുടെ ദൈനംദിന പരിപാലനത്തിനും റോഡ് സുരക്ഷാ നടപടികളെടുക്കുവാനും തദ്ദേശവാസികളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു പരീക്ഷണ പദ്ധതി നടപ്പാക്കലും ഉൾപ്പെടുന്നു.

(ബി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി മേൽ വിവരിച്ച പരിപാടികളിലൂടെ കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നവ താഴെ ചേർക്കുന്നു.

1. പദ്ധതിയിൽപ്പെട്ട 363 കി.മീ. റോഡുകളിലൂടെയുള്ള യാത്ര സുഗമമാക്കുക. അതുവഴി 20 ശതമാനത്തോളം ഇന്ധനച്ചെലവ് കുറയ്ക്കൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ കുറയുന്നതിലൂടെ 20% ചെലവ് ലാഭിക്കൽ, യാത്രാസമയം 20% കുറയ്ക്കൽ എന്നിവ പ്രാവർത്തികമാക്കൽ.

2. പദ്ധതിയിൽപ്പെട്ട റോഡുകളിലും മാതൃകാ സുരക്ഷാ റോഡുകളിലും അപകടമരണങ്ങൾ 30 ശതമാനത്തോളം കുറയ്ക്കുക. സംസ്ഥാനത്ത് മൊത്തം അപകട നിരക്ക് ഗണ്യമായി കുറയ്ക്കുക.

3. സംസ്ഥാനത്ത് പ്രധാനപ്പെട്ട റോഡുകൾക്ക് പ്രത്യേക മൻഗണന കൊടുത്ത് വികസിപ്പിച്ച് ഉന്നത നിലവാരത്തിൽ പരിപാലിക്കലും അതുവഴി സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ പുരോഗതി നേടുകയും ചെയ്യുക.

4. വികസിപ്പിച്ച റോഡുകളുടെ ദൈനംദിന പരിപാലനത്തിനായി തദ്ദേശവാസികളെ പ്രാപ്തരാക്കൽ.

(സി) ലോകബാങ്ക് (ഐ.ബി.ആർ.ഡി.) നൽകുന്ന ധനസഹായം (ലോൺ) ഇതിന് പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെയും (ഡി.ഇ.എ.) ലോകബാങ്കിന്റെയും

അംഗീകാരം ലഭിച്ചു. ഈ പദ്ധതിയിൽപ്പെട്ട പണികളും മറ്റ് പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യാമെന്ന നിയമം

96(784) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമം വഴി ആധാരമെഴുത്ത് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതിയ നിയമം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് ഗുണകരമാവുമെന്നും അതുവഴി വസ്തു കൈമാറ്റ രജിസ്ട്രേഷന്റെ സുതാര്യത നഷ്ടമാവുമെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പുതിയ നിയമത്തെ തുടർന്ന് രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിരമിച്ചവർക്ക് ആധാരം തയ്യാറാക്കാൻ നൽകിയിരുന്ന ലൈസൻസ് റദ്ദാക്കപ്പെടുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/30120/10 നമ്പരിലുള്ളതും, 31-5-2016-ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിലൂടെ പ്രാബല്യത്തിൽ വന്നു.

(ബി) ആധാരം രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരാതിരഹിതമാക്കുന്നതിനും മേൽ വിജ്ഞാപനം സഹായകരമായിരിക്കും എന്നാണ് ഉദ്ദേശത്തിലൂടെ വിശദീകരിക്കുന്നത്.

(സി) പ്രസ്തുത വിജ്ഞാപനം സംബന്ധിച്ച് ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഇപ്രകാരം ആരോപണമുണ്ട്. അവ പരിശോധിച്ചുവരുന്നു.

(ഡി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 2016 മാർച്ച് 1-ാം തീയതി 519-ാം നമ്പരായി പ്രസിദ്ധീകരിച്ച ഐ.റ്റി.3/30120(1)/10 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാർക്ക് 1-3-2016 മുതൽ ആധാരം തയ്യാറാക്കൽ, കൈപ്പട ലൈസൻസുകൾ നൽകുന്നില്ല. എന്നാൽ വിവേചനം ഒഴിവാക്കാൻ മുൻപ് നൽകിയ ലൈസൻസുകൾ റദ്ദാക്കേണ്ടിവരുമോയെന്ന് പരിശോധിക്കുന്നതാണ്.

(ഇ) രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുന്നതാണ്.

ആധാരം രജിസ്റ്റർ ചെയ്യൽ

97(785) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാരെ ഒഴിവാക്കി, ഭൂമി കൈമാറ്റം ചെയ്യുന്നവർക്ക് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഉണ്ടായതുമൂലം നിലവിൽ കേരളത്തിൽ എന്തെങ്കിലും പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിവരിയ്ക്കുമോ ;

(സി) കേരളത്തിലെ എത്ര ആധാരമെഴുത്തുകാരെ ഇത് ബാധിയ്ക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/30120/10 നമ്പരിലുള്ളതും 31-5-2016 ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ആധാരം എഴുതിക്കൊടുക്കുന്ന ആൾക്കും എഴുതി വാങ്ങുന്ന ആൾക്കും ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കാൻ സാധിക്കും. എന്നാൽ ആധാരം തയ്യാറാക്കുന്നതിൽ നിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ല. മേൽ വിജ്ഞാപനം വന്നതിനുശേഷം രജിസ്ട്രേഷൻ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരെങ്കിലും സ്വന്തമായി എഴുതിയതായി റിപ്പോർട്ടില്ല. എഴുത്തുകാർ സമരം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ആധാര രജിസ്ട്രേഷനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെയാണ് ഇതിനായി പാലിക്കേണ്ടത്.

(സി) ആധാരം തയ്യാറാക്കുന്നതിൽനിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ല. എന്നാൽ ധാരാളം ആളുകൾ മുന്നോട്ടുവന്ന് സ്വന്തമായി തയ്യാറാക്കിയാൽ നിലവിലുള്ള എഴുത്തുകാരെ ബാധിക്കുന്നതാണ്.

ഭൂമിയുടെ ന്യായവില

98(786) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ നിലവിലുള്ള ന്യായവില കൂട്ടുവാൻ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പിയും ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) ഭൂമിയുടെ ന്യായവില കൂട്ടുന്നതുമൂലം എത്ര കോടി രൂപ അധിക വരുമാനം കിട്ടുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ നിലവിലുള്ള ന്യായവില കൂട്ടുന്നത് സംബന്ധിച്ച് പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ബാധകമല്ല.

കമ്പ്യൂട്ടർ അനുവദിക്കാൻ നടപടി

99(787) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ ഓൺലൈൻ പ്രവൃത്തികൾക്കായി രണ്ട് കമ്പ്യൂട്ടറുകൾ മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൂടുതൽ കമ്പ്യൂട്ടറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് ആവശ്യമുള്ള

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

(100)788 ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ലൈൻ കടന്നു പോകുന്ന സംസ്ഥാനത്തെ പ്രധാന റോഡുകളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും, ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതാരാണെന്നും വിശദമാക്കാമോ;

(സി) നെന്മാറ നിയോജക മണ്ഡത്തിലെ പാലക്കാട്-കൊല്ലങ്കോട് റോഡിലെ ഊട്ടറയിൽ അടിയന്തരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 26 ROB-കളുടെ പ്രവൃത്തികൾ നടന്നുവരുന്നതിൽ 15 എണ്ണം RBDCK-യും 5 എണ്ണം PWD-NH വിഭാഗവും 4 എണ്ണം PWD റോഡുകളും പാലങ്ങളും വിഭാഗങ്ങളും 2 എണ്ണം KSTP-യും ചെയ്യുവരുന്നു. RBDCK ഏറ്റെടുത്ത് നടത്തുന്ന 15 ROB-കളിൽ 5 എണ്ണം ഈ വർഷവും ഒരെണ്ണം അടുത്ത വർഷവും ഒരെണ്ണം 2018-ലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. RBDCK നടത്തുന്ന ROB-കളിൽ 4 എണ്ണത്തിന് ഇനിയും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ശേഷിച്ചവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. KSTP-യുടെ രണ്ട് പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള 5 പ്രവൃത്തികളിലും DPR പൂർത്തീകരിച്ചിട്ടില്ല. R&B-യുടെ കീഴിലുള്ള 4-ൽ 2 എണ്ണത്തിന്റെ പ്രവൃത്തി തുടങ്ങി 2 എണ്ണത്തിന്റെ DPR തയ്യാറാക്കൽ പൂർത്തിയായി വരുന്നു.

(ബി) വിവിധ റെയിൽവേ ഗേറ്റുകളിൽ മേൽപ്പാലം നിർമ്മിക്കുന്നത് പ്രധാനമായും ആർ.ബി.ഡി-സി.കെ.-യാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ്സ് വിഭാഗം, നാഷണൽ ഹൈവേ വിഭാഗം, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ് മുതലായ വിഭാഗങ്ങളും ചില മേൽപ്പാലങ്ങളുടെ നിർമ്മാണം നടത്താറുണ്ട്. മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള ഫണ്ട് കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയും റോഡ് സെസ്സിൽനിന്നും

ബോർഡിനും അനുവദിക്കാറുണ്ട്. കൂടാതെ റെയിൽവേയുടെ ബഡ്ജറ്റിൽ തുക വകയിരുത്തുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണം ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും സംയുക്തമായി നിർവ്വഹിക്കുന്നു.

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ പാലക്കാട്-കൊല്ലങ്കോട് റോഡിലെ ഊട്ടറയിൽ റെയിൽവേ ഓവർബ്രിഡ്ജിനുവേണ്ടി ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

കെ.പി.എൻ.എം. യു.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ നടപടി

101 (789) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനേജ്മെന്റ് തർക്കത്തെത്തുടർന്ന് സർക്കാർ താത്ക്കാലികമായി ഏറ്റെടുത്ത താനൂർ ഉപജില്ലയിൽപ്പെട്ട കെ.പി.എൻ.എം. യു.പി. സ്കൂൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

കെ.പി.എൻ.എം., യു.പി. സ്കൂൾ, താനൂർ, 1985 മുതൽ സർക്കാർ പ്രത്യേക ഉത്തരവുകൾ മുഖേന താൽക്കാലികമായി ഏറ്റെടുത്ത് നടത്തിവരികയാണ്. ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്കൂൾ സ്ഥിരമായി ഏറ്റെടുക്കുന്ന നടപടി സ്വീകരിക്കാൻ കഴിയില്ല.

എൽ.പി.എസ്.എ തസ്തികയിലെ ഒഴിവുകൾ

102 (790) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ എൽ പി എസ് എ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. എൽ.പി.എസ്.എ. റാങ്ക് ഹോൾഡേഴ്സ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.688/16-നുമേൽ ഉണ്ടായ

ഇടക്കാല ഉത്തരവ് പ്രകാരം 62 ഒഴിവുകൾ പി.എസ്.സി.-ക്ക് പ്രൊവിഷണലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമി വിൽക്കുന്നതിനുവേണ്ടി മാനേജർമാർ സ്കൂൾ പൂട്ടുന്ന പ്രവണത

103 (791) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞ സ്കൂളുകളിൽ, ഭൂമി വിൽക്കുന്നതിനു വേണ്ടി, മാനേജർമാർ സ്കൂൾ പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന് മാനേജർമാർക്ക് അധികാരം നൽകുന്ന വകുപ്പുകൾ കേരള വിദ്യാഭ്യാസ ചട്ടത്തിൽ (കെ.ഇ.ആർ.) ഉള്ളത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ അധികൃതരുടെയും അനുമതിയും ഒരു കിലോമീറ്റർ ചുറ്റളവിൽ മറ്റ് സ്കൂളുകൾ വേണം എന്നിരിക്കെ കെ.ഇ.ആർ. ചട്ടം മറയാക്കി കോടതിയിൽ നിന്ന് അനുകൂല വിധി നേടിയെടുക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) സ്കൂൾ അടച്ചുപൂട്ടിയാലും തലമുറകളായി കൈമാറുന്ന ഇത്തരം സ്ഥാപനങ്ങളുടെ ഭൂമി വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞുവരുന്ന സ്കൂളുകളിൽ കുട്ടികൾ കുറവായ കാരണം കൊണ്ടുമാത്രമല്ല, സ്കൂളുകൾ പ്രവർത്തിച്ചുവരുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും വില്പന നടത്തുന്നതിനുമായാണ് മാനേജർമാർ സ്കൂളുകൾ അടച്ചുപൂട്ടാൻ നോട്ടീസ് നൽകി വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കെ.ഇ.ആർ. ചട്ടം മറയാക്കി സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് കോടതിയിൽ നിന്ന് അനുകൂല വിധി നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിലെ ഇതുമായി ബന്ധപ്പെട്ട സെക്ഷൻ 7(6)-ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ

പരിഗണനയിലാണ്. ഇതിനു പുറമേ സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും വസ്തുവകകൾ, ചരിത്രമുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ

104(792) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; സീനിയർ/ജൂനിയർ എന്നിവ പ്രത്യേകം അറിയിക്കാമോ;

(ബി) ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വിഷയത്തിലുമുള്ള ഒഴിവുകൾ പ്രത്യേകം ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) നിലവിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഇ) എൽ.പി.എസ്.എ./യു.പി.എസ്.എ./എച്ച്.എസ്.എ. എന്നിവർക്ക് പ്രമോഷൻ നൽകുന്നതിനായി എച്ച്.എസ്.എസ്.റ്റി. (കോമേഴ്സിന്റെ) എത്ര ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) എച്ച്.എസ്.എസ്.റ്റി. (കോമേഴ്സ്) ആയി ജോലിയിൽ ചേർന്ന ശേഷം ആരെങ്കിലും വിടുതൽ ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിലെ തസ്തികകൾ

105 (793) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ്

ഹൈസ്കൂൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ നിലവിൽ എത്ര തസ്തികകളാണ് ഉള്ളത്;

(സി) ഇവിടെ ആവശ്യമായ അദ്ധ്യാപക തസ്തികകൾ ഇതുവരെയും അനുവദിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനോടൊപ്പവും ഇതിനുശേഷവും ആരംഭിച്ച സ്കൂളുകളിൽ തസ്തികകൾ അനുവദിച്ചുവെങ്കിലും ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിനെ മാത്രം അവഗണിച്ചതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) 34933/R3/2011/GE നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) 1-6-2008

(ബി) ഹെഡ്മാസ്റ്റർ	-	1
എച്ച്.എസ്.എ.	-	12
ഓഫീസ് അറ്റന്റന്റ്	-	1
പാർട്ട് ടൈം മീനിയൽ	-	1
ആകെ		15

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് പെരുമണ്ണ ഇ. എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിൽ അധിക തസ്തിക അനുവദിക്കുന്ന വിഷയം 34933/R3/11/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

മാമലക്കണ്ടം സ്കൂളിലെ അദ്ധ്യാപകരുടെ കുറവ്

106(794) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ മലയോരപ്രദേശമായ മാമലക്കണ്ടം സ്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം നേടിയ ടി സ്കൂളിൽ മുഴുവൻ അദ്ധ്യാപകരേയും നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാമലക്കണ്ടം സ്കൂളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശാന്തിഗ്രാം ഗവൺമെന്റ് ഇംഗ്ളീഷ് മീഡിയം ഹൈസ്കൂൾ ഇടുക്കി

107(795) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗവൺമെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഒഴിവുകൾ എത്രയെന്നും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ടിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ നിയമനം നടത്താത്തതിന്റെ സാഹചര്യം വിശദീകരിക്കുമോ;

(ഡി) നിലവിൽ സർക്കാർ സൃഷ്ടിച്ച എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും, അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വിശദീകരിക്കുമോ;

(ഇ) ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ238/10/പൊ.വി.വ. തീയതി 16-11-2010 പ്രകാരം അപ്ഗ്രേഡ് ചെയ്ത ശാന്തിഗ്രാം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സർക്കാർ ഉത്തരവ് (എം. എസ്.)114/11/പൊ.വി. തീയതി 19-5-2011 പ്രകാരം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകിയിരുന്നു.

ഹെഡ്മാസ്റ്റർ	- 1
എച്ച്.എസ്.എ. കോർ സബ്ജക്ട് (മലയാളം)	- 4
എച്ച്.എസ്.എ. ലാംഗ്വേജ്	- 2
പ്രൈമറി ടീച്ചേഴ്സ്	- 7

ക്ലാർക്ക്	- 1
പ്യൂൺ	- 2
എഫ്.റ്റി.എം.	- 2

ഒഴിവുകൾ താഴെ പറയുന്നവയാണ്.

എച്ച്.എസ്.എ.കോർ സബ്ജക്ട്	- 1
പ്യൂൺ	- 2
എഫ്.റ്റി.എം.	- 2

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല. ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന സ്കൂളുകളിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഒരു ഹെഡ്മാസ്റ്റർക്കും അഞ്ച് ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് ശമ്പളം നൽകാൻ അംഗീകാരമുള്ളത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവു പ്രകാരം സൃഷ്ടിച്ചിട്ടുള്ള തസ്തികയായ ഒരു ക്ലാർക്കിന്റെ ശമ്പളം സംസ്ഥാന സർക്കാർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിരുന്നു. എന്നാൽ മറ്റുള്ള അധിക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് ശമ്പളം നൽകുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ നിയമനം നടത്തിയിട്ടില്ല.

(ഡി & ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ താഴെപ്പറയുന്നവയാണ്.

എച്ച്.എസ്.എ.കോർ സബ്ജക്ട്	- 1
പ്യൂൺ	- 2
എഫ്.റ്റി.എം.	- 2

ആർ.എം.എസ്.എ. സപ്പോർട്ടഡ് സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിക്കുന്നതിനും ടി സ്കൂളുകളിൽ കെ.ഇ.ആർ. പ്രകാരം തസ്തിക നിർണ്ണയം നടത്തി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പത്തനംതിട്ട ജില്ലയിലെ സർക്കാർ സ്കൂളുകൾ

108(796) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പത്തനംതിട്ട ജില്ലയിൽ അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന എത്ര സർക്കാർ സ്കൂളുകളുണ്ട്; ഇതിൽ ആറന്മുള മണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പത്തനംതിട്ട റവന്യൂ ജില്ലയിലും ആറന്മുള നിയമസഭാ മണ്ഡലത്തിലും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ സ്കൂളുകൾ ഇല്ല.

സ്കൂൾ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി

109(797) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഒൻപത് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) തൊഴിൽ നൈപുണ്യം നേടാത്തവർക്ക്, കേന്ദ്ര സർക്കാരിന്റെ വിദഗ്ധ ജോലികളിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ജോലി ലഭിക്കാനിടയില്ലെന്ന നിബന്ധന നിലവിലുള്ളതായി അറിവുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഭാവിയെ ഇത് ദോഷകരമായി ബാധിക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനും ഈ ഇനത്തിൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ 9-10 ക്ലാസ്സുകളിൽ തൊഴിൽ നൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കിയിട്ടില്ല.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലെ കുട്ടികൾക്ക് തൊഴിൽ നൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

ഡി.എഡ്. പരീക്ഷാഫലം

110 (798) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ഡി.എഡ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫലം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡി. എഡ്. വിദ്യാർത്ഥികളുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായ സാമൂഹിക സഹവർത്തിത്വ ക്യാമ്പ് പഠന ദിവസങ്ങളെ ബാധിക്കാത്ത വിധത്തിൽ മേയ് മാസത്തിൽ ക്രമീകരിക്കേണ്ടിവന്നതിനാൽ 2016 ഏപ്രിൽ 18 മുതൽ 21 വരെ ദിവസങ്ങളിൽ നടന്ന ഡി.എഡ്. പരീക്ഷകളുടെ മൂല്യ നിർണ്ണയത്തിന് മതിയായ അദ്ധ്യാപകരെ ലഭിച്ചിരുന്നില്ല. ആയതിന് ശേഷം അടിയന്തര പ്രാധാന്യം നൽകി പൂർത്തിയാക്കിയ മൂല്യനിർണ്ണയ സ്കോർ ഷീറ്റുകളുടെ ടാബുലേഷൻ പരീക്ഷാഭവനിൽ നടന്നുവരികയാണ്.

(സി) 15-7-2016-ന് മുമ്പായി പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബധിര-മൂക വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

111(T 799) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മനാ കേൾവിയും സംസാരശേഷിയും നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ കായികമേളയിലെ വിജയികൾക്ക് ഗ്രേസ് മാർക്കോ; സാമ്പത്തിക ആനുകൂല്യങ്ങളോ നൽകി വരുന്നുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കലോത്സവങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ;

(സി) എങ്കിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ടി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഇവർക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക കായികമേള നടത്തുന്നില്ല.

(ബി) ഉണ്ട്. സ്പെഷ്യൽ സ്കൂൾ കലാമേളകളിൽ വിവിധ ഗ്രേഡുകൾ ലഭിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നുണ്ട്.

(സി) ബാധകമല്ല.

ഹരിത സംരക്ഷണ സേന

112(800) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഹരിത സംരക്ഷണ സേന ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിത സംരക്ഷണസേന ആരംഭിക്കുമ്പോൾ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഹരിത സംരക്ഷണസേന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്കൂളുകളിൽ ഹരിത സംരക്ഷണ സേന ആരംഭിച്ചിട്ടില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

113 (801) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപണികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുമോ;

(ബി) ഡി. പി. ഐ. ആസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന കെട്ടിടം ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത് ; ഇതിന്റെ പണികൾ നിന്നു പോകുന്നതിന് കാരണമെന്താണ്;

(സി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(ഇ) ഈ കെട്ടിടം പൂർത്തീകരിക്കുമ്പോൾ ഡി.പി.ഐ.-യിലെ ഓഫീസുകൾ അവിടേക്ക് മാറ്റാൻ കഴിയുമോ?

ഉത്തരം

(എ) ഉണ്ട്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓഫീസ് കെട്ടിടങ്ങൾ ചെയ്യുന്നതിനുള്ള ശീർഷകത്തിലെ പ്ലാൻ വർക്കിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിക്കുന്നത്. 420 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനിയും 486 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) 25-2-2011 ലെ സ.ഉ (സാധാ) നമ്പർ 350/2011/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

114(802) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷ

115 (803) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക ഇപ്പോൾ എത്രയാണ്;

(ബി) സ്കോളർഷിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് പരീക്ഷയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) എൽ.എസ്.എസ്. - വർഷം 200 രൂപ വീതം 3 വർഷത്തേക്ക്
യു.എസ്.എസ്. - വർഷം 300 രൂപ വീതം 3 വർഷത്തേക്ക്

(ബി) സ്കോളർഷിപ്പ് തുക വിദ്യാർത്ഥികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. 14-9-2015-ലെ ജി.ഒ(എം എസ്) നമ്പർ 236/2015/പൊ.വി.വ പ്രകാരം 2015-16 വർഷം മുതലാണ് എൽ.എസ്.എസ്/യു.എസ്.എസ്. സ്കോളർഷിപ്പ് തുക യഥാക്രമം 200, 300 രൂപ ആയി വർദ്ധിപ്പിച്ചത്.

(സി) തീരുമാനിച്ചിട്ടില്ല.

എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ഒഴിവുകൾ

116(804) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (സീനിയർ)ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എസ്സി/എസ്റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവച്ച ഒഴിവുകൾ ഒഴികെ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട് ;

(സി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രൊമോഷനു വേണ്ടി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനുവേണ്ടി മാറ്റിവച്ച ഒഴിവുകൾ പി.എസ്.സി.-ക്ക് നൽകുമോ;

(ഇ) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്;

(എഫ്) 1-3-2015-നുശേഷം എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ആയി പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ചവരിൽ എത്രപേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; ഇതുവഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ജി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ആയി പി.എസ്.സി. വഴി നിയമനം ലഭിച്ചവർ ജോലിയിൽ നിന്നും റിലീവ് ചെയ്യുകയോ, രാജിവയ്ക്കുകയോ ചെയ്യുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളുടെ 25% പ്രൊമോഷനുവേണ്ടി മാറ്റിവയ്ക്കുമോ ; ഒരിക്കൽ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇത്തരത്തിൽ പ്രൊമോഷനുവേണ്ടി മാറ്റിവയ്ക്കാൻ സാദ്ധ്യമാണോ; ആണെങ്കിൽ ഏത് രൂൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

വാളകം ആർ.വി.വി.എച്ച്.എസ്.എസ്സിലെ അദ്ധ്യാപകരുടെ സസ്പെൻഷൻ

117 (805) ശ്രീ. വി. എസ്. അച്ചുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളകം ആർ.വി.വി.എച്ച്. എസ്. എസ്സിലെ അദ്ധ്യാപകരായ ശ്രീ. കൃഷ്ണകുമാറിനെയും ശ്രീമതി ഗീതയെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിന്റെ മാനേജർ ശ്രീ. ആർ ബാലകൃഷ്ണപിള്ള അഴിമതി നിരോധന നിയമപ്രകാരം ഒരു വർഷം കഠിന തടവ് അനുഭവിച്ച വ്യക്തിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇദ്ദേഹത്തിന് നിലവിലുള്ള നിയമപ്രകാരം മാനേജരായിരിക്കാൻ യോഗ്യതയുണ്ടോ; അങ്ങനെയെങ്കിൽ ഈ സസ്പെൻഷൻ

നിയമപരമാണോ;

(ഡി) പ്രസ്തുത അദ്ധ്യാപകരെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) 4-8-2011-ലെ ജി.ഒ.(ആർ.റ്റി)നം.3157/2011/പൊ.വി.വ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് മാനേജർ എന്ന നിലയിൽ അയോഗ്യത കൽപ്പിച്ചിരുന്ന മുൻ തീരുമാനം നീക്കം ചെയ്തുകൊണ്ട് 20-9-2011-ലെ ബി 4/6721/2011 ഉത്തരവ് പ്രകാരം അന്നത്തെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള, വാളകം ആർ.വി.വി.എച്ച്.എസ്.എസ്സിന്റെ മാനേജർ ആയി തുടർന്നുവരുന്നു.

(ഡി) ശ്രീ. കൃഷ്ണകുമാറിന്റെ സസ്പെൻഷൻ തീയതി മുതൽ (2-6-2016) പ്രാബല്യത്തോടെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ടും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗീതയെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ

118(806) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ബാച്ചുകളിലെയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷാരംഭത്തിൽത്തന്നെ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്കൂൾതല വിഷയാടിസ്ഥാനത്തിലുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതും ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഹയർ സെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ

119 (807) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ പല വിഷയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ ഉണ്ടായിട്ടും ആയത് പി.എസ്.സി.-യെ അറിയിക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആനുപാതികമായി നികത്തേണ്ട അദ്ധ്യാപക ഒഴിവുകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയതുമൂലമുണ്ടായ അനിശ്ചിതത്വം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ള വിഷയങ്ങളിലെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

120 (808) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്തതും കുറവുമായ പ്രദേശങ്ങളിൽ പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ (അപ്ഗ്രേഡ് ചെയ്തവ) ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് നൽകുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ രണ്ട് വർഷത്തിലധികമായി ജോലി ചെയ്ത് വരുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പിന്റെ ശുപാർശ എന്തായിരുന്നു ; വ്യക്തമാക്കുമോ ;

(സി) ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിച്ച് വിശദമായ ഉത്തരവ് ഇറക്കി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്തതും കുറവുമായ പ്രദേശങ്ങളിൽ പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(ബി) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ഗവണ്മെന്റ് മേഖലയിൽ പുതുതായി ആരംഭിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിലെ/സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി 15-16-ലെ ഉപധനാഭ്യർത്ഥനയിൽ 2202-02-109-86-01-1 salary (NP), 2202-02-110-94-01-1 salary (NP) എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായുള്ള (പഴയ നിരക്കിലെ) സാമ്പത്തിക ബാദ്ധ്യത 39,30,75,000 രൂപയാണ്. ഇത്രയും തുക Additional authorization മുഖേനയോ Re-appropriation മുഖേനയോ മാത്രമേ അനുവദിക്കാൻ കഴിയൂ. ആയതിനാൽ ഈ ആവശ്യത്തിനായി Additional authorization/Re-appropriation പ്രൊപ്പോസൽ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്കൂൾതല വിഷയാടിസ്ഥാനത്തിലുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അദ്ധ്യാപക ഒഴിവുകൾ

121(809) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 വരെ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര കൊമേഴ്സ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗസ്റ്റ് അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ടെന്നും ഇവരുടെ ജില്ലതിരിച്ചുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളുകളുടെ പേര്, മേൽവിലാസം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 2014-15, 2015-16 അദ്ധ്യായന വർഷങ്ങളിലായി കേരളത്തിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ സർക്കാർ ഉത്തരവ് നമ്പർ 76/2016/G.Edn പ്രകാരം തസ്തിക സൃഷ്ടിക്കാൻ നടപടി പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഹയർ സെക്കണ്ടറി വകുപ്പിൽ എത്ര കോമേഴ്സ് (സീനിയർ/ജൂനിയർ)അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) 24-3-2015, 31-12-2015, 5-2-2016 എന്നീ തീയതികളിലായി പി.എസ്.സി. അഡ്വൈസ് ചെയ്ത കൊമേഴ്സ് സീനിയർ/ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ ജോലിയിൽ പ്രവേശിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിക്കാത്ത എത്ര പേർ ഉണ്ടെന്നും ഈ ഒഴിവുകൾ എല്ലാം പി.എസ്.സി-ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തോയെന്നും വെളിപ്പെടുത്താമോ; റിപ്പോർട്ട് ചെയ്തെങ്കിൽ തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിച്ചതിനുശേഷം റിലീവ്/റിസൈൻ ചെയ്ത എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; 28-9-2015-ൽ പി.എസ്.സി അഡ്വൈസ് ചെയ്ത കോമേഴ്സ് സീനിയർ 4 എൻ.ജെ.ഡി. ഒഴിവുകൾ പ്രകാരം എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചുവെന്നും പ്രസ്തുത അഡ്വൈസ് പ്രകാരം ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർ നിലവിൽ ജൂനിയർ കോമേഴ്സ് അദ്ധ്യാപകരായിരുന്നോയെന്നും വിശദമാക്കാമോ; ഇവർ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും റിലീവ് ചെയ്തതുവഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; എങ്കിൽ തീയതി/ഫയൽ നമ്പർ എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് തുല്യ പരിഗണന

122(810) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്.എൽ.സി., ടി.എച്ച്. എസ്.എൽ.സി.. വിദ്യാർത്ഥികൾക്ക്

ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് അപേക്ഷിക്കുമ്പോൾ തുല്യ പരിഗണന ലഭിക്കുന്നില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ 11 എ പ്ലസ് ലഭിച്ച വിദ്യാർത്ഥി എസ്.എസ്.എൽ.സി.-ക്ക് 8 എ പ്ലസ് കിട്ടിയ വിദ്യാർത്ഥിക്ക് തുല്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(സി) ഹയർ സെക്കണ്ടറി അലോട്ട്മെന്റിൽ ടി.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്ന സ്ഥിതി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഹയർ സെക്കണ്ടറി അലോട്ട്മെന്റിൽ ടി.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്നില്ല. അവർക്ക് അപേക്ഷിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതക്രമനുസരിച്ച് പ്രവേശനം ലഭിക്കുന്നുണ്ട്.

ഹയർ സെക്കന്ററി ഏകജാലക പ്രവേശനം

123(811) ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻററി പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് കോഴിക്കോട് ജില്ലയിൽ നിന്ന് ഈ അദ്ധ്യയന വർഷം മൊത്തം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) കൂടാതെ തത്തുല്യമായ മറ്റ് സിലബസുകളിലായി പത്താം ക്ലാസ് യോഗ്യത നേടിയ എത്ര അപേക്ഷകരുണ്ട്;

(ഡി) മൊത്തം അപേക്ഷകരെ ഉൾക്കൊള്ളുന്നതിനായി ജില്ലയിൽ എത്ര ഹയർ സെക്കൻററി സീറ്റുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഇ) ജില്ലയിൽ നിലവിലുള്ള സീറ്റുകൾക്കപ്പുറം അധികമായി വരുന്ന കുട്ടികളുടെ പ്രവേശനത്തിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 52575 അപേക്ഷകൾ.

(ബി) എസ്.എസ്.എൽ.സി	-	47968
സി.ബി.എസ്.ഇ.	-	4021
ഐ.സി.എസ്.ഇ	-	160

(സി) 426.

(ഡി) 39612.

(ഇ) ഹയർ സെക്കണ്ടറി പ്രവേശനത്തിനായി അപേക്ഷിക്കുന്ന എല്ലാപേരും പ്ലസ് വൺ കോഴ്സിന് പ്രവേശനം നേടാറില്ല. നിലവിൽ പ്ലസ് വൺ സീറ്റുകളുടെ എണ്ണം പര്യാപ്തമാണ്.

ഹയർ സെക്കൻഡറി സ്കൂളുകളിലെ ക്ലാർക്ക്, പ്യൺ തസ്തികകൾ

124(812) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൺ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C)No.299618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കി കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എം എസ്.)നമ്പർ 220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൺ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പ്രവേശനം

125(813) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പ്രവേശനം

നൽകുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) ഇതു പരിഹരിക്കുന്നതിനും പഠന മാർഗ്ഗങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനും ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഉപസമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് പ്രാക്ടിക്കൽ ആവശ്യമുള്ള സയൻസ് വിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കുകയില്ല. ടി വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനായി നിലവിലുള്ള പരീക്ഷാ മാന്വലിൽ ചട്ട ഭേദഗതിയടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

(ബി) ഇല്ല.

(സി) ഉത്തരം (ബി) -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

എച്ച്.എസ്.എസ്.ടി ഫിസിക്സ്, കെമിസ്ട്രി സീനിയർ-ജൂനിയർ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

126(814) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ഫിസിക്സ്, കെമിസ്ട്രി സീനിയർ-ജൂനിയർ റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദ വിവരം സംവരണ-സംവരണേതര വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നാളിതുവരെയുള്ള നിയമന നില വിശദമാക്കുമോ; പ്രസ്തുത വിഷയങ്ങളിൽ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് ഹയർ സെക്കണ്ടറി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള വേതനം

127(815) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി പൊതുവിദ്യാഭ്യാസ (ഗി) വകുപ്പിലുള്ള 48404/ ഗി2/15/പൊ.വി. നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതോടൊപ്പം അനുവദിച്ച സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയ സാഹചര്യത്തിൽ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ഗസ്റ്റ് അദ്ധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഇല്ല.

(സി) 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിട്ടില്ലാത്ത കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ

128(816) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; എങ്കിൽ ഏത് പഞ്ചായത്തുകളാണെന്നും പ്രസ്തുത പഞ്ചായത്തുകൾ ഉൾപ്പെടുന്ന അസംബ്ലി മണ്ഡലങ്ങൾ ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) മലയാളം മീഡിയം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ അത് ന്യൂനതയായി കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

ഉത്തരം

(എ) ഉണ്ട്. മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിലും കാസർഗോഡ് നിയമസഭാ മണ്ഡലത്തിലെ കുമ്പഡാജെ പഞ്ചായത്തിലും മലയാളം

മീഡിയമില്ലാത്ത ഓരോ ഹൈസ്കൂളുകൾ വീതമുണ്ട്.

(ബി) ഉണ്ട്. ഇത്തരം സ്കൂളുകളിൽ മലയാളം മീഡിയം തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം നൽകാൻ നടപടി

129 (817) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം സ്ഥിരം നിയമനം ലഭിച്ചതും എന്നാൽ മുൻകാലങ്ങളിൽ നിയമനാംഗീകാരം ലഭിച്ചതുമായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2011 ജൂൺ 1-ന് മുമ്പ് ജോലി ചെയ്ത കാലയളവിലെ ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയും ശമ്പള കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നുള്ള വിശദാംശവും വെളിപ്പെടുത്താമോ ;

(സി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയ ഉത്തരവിൽ 2011 ജൂൺ 1-നു മുമ്പ് നിയമനം ലഭിച്ച് ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതനിനുവേണ്ടി കെ. ഇ. ആർ. ഭേദഗതി വരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) 1-10-2011-ലെ സ.ഉ.(പി)നമ്പർ 199/11/പൊ.വി.വ പ്രകാരമുള്ള അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ 1-6-2011 മുതൽ നിമയനാംഗീകാരം ലഭിച്ച അദ്ധ്യാപകരുടെ മുൻ സർവ്വീസ് കാലയളവ് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ലെന്നും അവരുടെ സേവനം 1-6-2011 മുതൽ പുതിയതായി ആരംഭിച്ചതായി കണക്കാക്കണമെന്നും വ്യവസ്ഥ ചെയ്ത് 16-8-2014 ലെ SRO No.488/14 വിജ്ഞാപനത്തിലൂടെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII, ചട്ടം ' 12 (2) e' യിൽ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ഈ ചട്ടം ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 27814/2014-ൽ 26-2-2016-ന് പുറപ്പെടുവിച്ച വിധി ന്യായത്തിലൂടെ റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ 6-8-2015-ലെ സ.ഉ.(പി) നമ്പർ 213/2015/പൊ.വി.വ. പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവും അനുബന്ധ ഉത്തരവുകളും പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സൗജന്യ പാഠപുസ്തക വിതരണം

130(818) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനായി എല്ലാ ചെലവുകളും ഉൾപ്പെടെ എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

അടൂർ വിദ്യാഭ്യാസ ജില്ല

131(819) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനുബന്ധ ഫയൽ തീർപ്പിൽ കഴിഞ്ഞ സർക്കാർ അനുവർത്തിച്ചതായി പറയപ്പെടുന്ന കാലവിളംബം അവസാനിപ്പിച്ച് അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് സാദ്ധ്യമാകാത്ത തരത്തിൽ എന്തെങ്കിലും സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് വിശദമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് അടൂർ വിദ്യാഭ്യാസ ജില്ല സമയബന്ധിതമായി സാധ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ഡി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ചുതന്ന പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശിപാർശ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ട്രായിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത

സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്.

ഹിന്ദി അദ്ധ്യാപകരുടെ ഒഴിവുകൾ

132(820) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം ക്ലാസ്സ് വരെയുള്ള എൽ.പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ്സിൽ ഹിന്ദി പഠിപ്പിക്കാൻ നിലവിൽ അദ്ധ്യാപകരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ നിയോജക മണ്ഡലത്തിലെ ഇത്തരത്തിലുള്ള അഞ്ചു സ്കൂളുകൾ യോജിപ്പിച്ച് ഒരു അദ്ധ്യാപകനെയെങ്കിലും നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

നൂൺ മീൽ ഓഫീസർമാരുടെ യാത്രബത്ത കുടിശ്ശിക

133 (821) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര നൂൺ മീൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ തസ്തിക എന്ന് മുതൽ നിലവിൽ വന്നു;

(സി) നൂൺ മീൽ ഓഫീസർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്കൂളിൽ പോയി പരിശോധിക്കുന്നതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നാളിതുവരെ എത്ര തുക അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(എഫ്) നൂൺ മീൽ ഓഫീസർമാരുടെ യാത്രാബത്ത കുടിശ്ശിക എപ്പോൾ കൊടുക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സംസ്ഥാനത്തെ 163 ഉപജില്ലാ കാര്യാലയങ്ങളിലായി 163 നൂൺ മീൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) 4-5-2015 മുതൽ നിലവിൽ വന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) യാത്രാബത്ത നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

കുളക്കട സ്കിൽ പാർക്ക് നിർമ്മാണം

134 (822) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അസാപ്' പ്രകാരമുള്ള കൊല്ലം ജില്ലയിലെ കൊട്ടാരക്കര കുളക്കട സ്കിൽ പാർക്ക് നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; നിർമ്മാണം ആരാണ് ഏറ്റെടുത്തിരിക്കുന്നത്; നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് എത്രയാണ്;

(സി) പ്രസ്തുത പാർക്ക് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) 10,04,10,367 രൂപ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 26-2-2016-ന് ക്ഷണിക്കുകയും 15-4-2016-ന് ടെണ്ടർ തുറക്കുകയും ചെയ്തു. യോഗ്യരായവർ ഇല്ലാത്ത സാഹചര്യത്തിൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് 12 മാസമാണ്.

(സി) റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം 2 മാസത്തിനകം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

135(823) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് എന്ന് മുതൽക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാണോ;

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാര നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 1-4-2010 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവൃത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിദ്യാഭ്യാസ അവകാശം നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്കൊന്നിനും അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നത് സമീപ പ്രദേശങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇവിടങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവു വരികയും തന്മൂലം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

136(824) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനക്ക് ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെ പഴക്കവും, കാലവർഷംമൂലമുള്ള അപകട സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും അയോഗ്യതയും

137(825) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും അയോഗ്യതയും വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഗേൾസ് ഹൈസ്കൂൾ, ആല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ പൊളിഞ്ഞുവീഴാറായ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അയോഗ്യത നിർണ്ണയിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അപകടകരങ്ങളായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് കാലതാമസമുണ്ടാക്കിയ ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

138 (826) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അംഗീകാരം നഷ്ടമാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന

നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ& ബി) ഉണ്ട്.

ബി.എഡ്/എം.എഡ് കോഴ്സിന്റെ ദൈർഘ്യം 2015-16 അദ്ധ്യയന വർഷം മുതൽ രണ്ട് വർഷമാക്കിയതിനാൽ കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനിൽനിന്നും തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ ടീച്ചർ എഡ്യൂക്കേഷൻ കോളേജിന് M.Ed കോഴ്സിനുള്ള അംഗീകാരം നഷ്ടപ്പെട്ടിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല നേരിട്ട നടത്തുന്ന 11 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ ചിലതിന് എൻ.സി.ടി.ഇ-യുടെ ചില നിബന്ധനകൾ പാലിക്കുന്നതിന് കാലതാമസം വന്നതിനാൽ അംഗീകാരം നഷ്ടമാകുന്ന സാഹചര്യമുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന രാജീവ് മെമ്മോറിയൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, മട്ടന്നൂർ എന്ന സ്ഥാപനത്തിന്റെ എൻ.സി.റ്റി.ഇ. അംഗീകാരം ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താലും സ്ഥിരം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാത്തതിനാലും നഷ്ടപ്പെട്ടിട്ടുണ്ട്.

ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ കാര്യത്തിൽ സ്ഥിരമായി കെട്ടിടം, നിശ്ചിതയോഗ്യതയുള്ള അദ്ധ്യാപകർ, 12 ലക്ഷം രൂപ സ്ഥിരം നിക്ഷേപം മുതലായവ എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്നുണ്ട്. ഈ നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല നേരിട്ട് നടത്തുന്ന ചില ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾക്ക് കഴിഞ്ഞിട്ടില്ല. സർവ്വകലാശാലകളുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന യു.ജി.സി നിബന്ധനകൾ പൂർണ്ണമായും പാലിച്ചു. യു.ജി.സി.-ക്ക് സത്യവാങ്മൂലം സമർപ്പിക്കുന്നതിൽ സർവ്വകലാശാലക്ക് സാവകാശം ആവശ്യമായി വന്നതിനാലാണ് ഈ കോഴ്സുകളുടെ അംഗീകാരം റദ്ദാക്കാൻ ഇടവന്നത്. ഇതിനകം എല്ലാ യു.ജി.സി. നിബന്ധനകളും പാലിച്ച് ഉത്തരവിറക്കുകയും യി.ജി.സി.-ക്ക് സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അംഗീകാരം 2015-16 ൽ യു.ജി.സി. പിൻവലിച്ചിട്ടുണ്ട്. കൂടാതെ കാലിക്കറ്റ് സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേന നടത്തുന്ന കോഴ്സുകളുടെ അംഗീകാരവും യു.ജി.സി. റദ്ദാക്കിയിട്ടുണ്ട്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ എന്നിവയ്ക്ക് എ.ഐ.സി.ടി.ഇ. (ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ)-യുടെ അംഗീകാരം ആവശ്യമാണ്. സ്ഥാപനങ്ങളിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുക, അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുക എന്നീ കാര്യങ്ങൾ സർക്കാർ പരിഗണനയിലാണ്. കേരള സർവ്വകലാശാല നടത്തുന്ന വിദൂര വിദ്യാഭ്യാസ സ്ഥാപനത്തിന് അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായി യു.ജി.സി. നിബന്ധന അംഗീകരിക്കുന്നതിനുവേണ്ടി 30-7-2015-ൽ കൂടിയ സർവ്വകലാശാല സിൻഡിക്കേറ്റ് Leaner Support Centre-കൾ നിർത്തലാക്കുകയും യു.ജി.സി. നിഷ്കർഷിച്ച സത്യവാങ്മൂലവും മറ്റ് അനുബന്ധ രേഖകളും യു.ജി.സി-ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ കേന്ദ്ര റെഗുലേറ്ററി ബോഡികൾ നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലുള്ള കുറവുകൾ, ലൈബ്രറി - ലാബ് സൗകര്യം, കെട്ടിടത്തിന്റെ പരിമിതികൾ മറ്റ് ഉപകരണങ്ങൾ, ജേർണലുകൾ മുതലായ മാനദണ്ഡങ്ങൾ അതതു സ്ഥാപനങ്ങളിൽ പാലിക്കുവാൻ വേണ്ട കരുതൽ നടപടികൾ പരിശോധിച്ചുവരുന്നു. കാലിക്കറ്റ് സർവ്വകലാശാല നേരിട്ട് നടത്തുന്ന എല്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലും എൻ.സി.റ്റി.-യുടെ നിബന്ധനകൾ പൂർണ്ണമായും പാലിക്കാൻ സാധ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വർഷാവർഷം യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ അദ്ധ്യയന നിലവാരവും ഭൗതിക സാഹചര്യങ്ങളും അദ്ധ്യാപകരുടെ അനുപാതവും സർവ്വകലാശാല അക്കാഡമിക് ഓഡിറ്റിംഗ്, എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി എന്നിവ വിലയിരുത്തുന്നുണ്ട്.

അനധികൃത നിയമനങ്ങൾക്കെതിരെ നടപടി

139(827) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡി.ഡി. ഓഫീസിന് കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പി.റ്റി.എസ്. തസ്തികയിൽ നിയമനം നടത്താനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ യോഗ്യത ഇല്ലാത്തവരെ നിയമിച്ച ഡി.ഡി-യുടെ നടപടി അന്വേഷിക്കുമോ ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നടത്തിയ അധികൃതരുടെ പേരിൽ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) യോഗ്യത ഇല്ലാത്തവരെ നിയമിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

(ബി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയാൽ ബന്ധപ്പെട്ട അധികൃതരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

ഡയറ്റിലെ കലാ കായിക അദ്ധ്യാപകരുടെ പ്രൊമോഷൻ

140 (828) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റിൽ കലാ കായിക അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് നൽകാൻ ഡി.പി.ഐ യോട് ആവശ്യപ്പെട്ടിരുന്നോ;റിപ്പോർട്ട് ലഭിച്ചിരുന്നോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 20 വർഷത്തിലധികമായി ഒരേ പോസ്റ്റിൽ ജോലി ചെയ്യുവരുന്ന മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർ പ്രൊമോഷന് അർഹതയുള്ളവരാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കലാകായിക വിഭാഗം ലക്ചർമാർ സർക്കാരിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ഡി.പി.ഐ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ഉടനടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2011-ൽ നിലവിൽ വന്ന സീനിയർ ലക്ച്ചറർമാരുടെ നിയമനം പ്രതിപാദിക്കുന്ന സ്പെഷ്യൽ റൂളിൽ ആർട്ട്/ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയ്ക്ക് സീനിയർ ലക്ചറർ തസ്തിക നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ഇവർക്ക് പ്രൊമോഷന് അർഹതയില്ല.

മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപക ക്ഷാമം

141(829) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപക ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ അദ്ധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാനും അവ നികത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എൽ.പി, യു.പി അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളത്;

(ഡി) ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ റാങ്ക് പട്ടികയുടെ കാലാവധി തീരാറായ സാഹചര്യത്തിലും സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രൈമറി വിദ്യാലയങ്ങളുള്ളതും കൂടുതൽ കുട്ടികൾ പഠിക്കുന്നതുമായ ജില്ലയെന്ന പരിഗണനയിലും അദ്ധ്യാപക ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും എസ്.എസ്.എ./ബി.ആർ.സി.-കളിൽനിന്ന് വിടുതൽ ചെയ്ത 37 അദ്ധ്യാപകരെ സ്കൂളുകളിലേക്ക് പുനർനിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എൽ.പി. വിഭാഗത്തിൽ 351 ഒഴിവുകളും യു.പി. വിഭാഗത്തിൽ 225 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

മുക്കട്ട സർക്കാർ യു.പി. സ്കൂൾ ഏറ്റെടുക്കാൻ നടപടി

142(830) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ജില്ലയിലെ മുക്കട്ട സർക്കാർ യു.പി. സ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് കാരണം യഥാസമയം അറ്റകുറ്റപ്പണികളും, നിർമ്മാണ പ്രവർത്തനങ്ങളും നടത്താനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എടക്കര ആസ്ഥാനമായി ഒരു എ.ഇ.ഒ. ഓഫീസ് ആരംഭിക്കുന്നതിന്

നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധന

143(831) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സർക്കാർ മേഖലയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത പരിശോധിക്കാനോ വിലയിരുത്താനോ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനവും അർഹമായതും, യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ളതുമായ വേതനവും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്ന എന്തെങ്കിലും സർക്കാർ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2015-16 അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിച്ചതുമുതൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ നിലവാര പരിശോധനയ്ക്കായി "എക്സ്പേർട്ട് കമ്മിറ്റികളും"അക്കാദമിക് ഓഡിറ്റിംഗും ഏർപ്പെടുത്തി ഗുണനിലവാര പരിശോധനയ്ക്ക് സ്ഥിരം സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെയും സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളുടെയും സ്വാശ്രയ ലോ കോളേജുകളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ സർക്കാർ മേഖലയിൽ നിലവിലില്ല. എന്നാൽ പഠന നിലവാരം സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനായി പ്രൊഫ. എൻ. വിജയകുമാർ ചെയർമാനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജുകൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഏർപ്പെടുത്തിയിരിക്കുന്ന 'എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി' അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത വിലയിരുത്തുന്നുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളിലും പുതിയ കോഴ്സുകൾ അനുവദിക്കുന്ന സമയത്ത് യോഗ്യതയുള്ള നിശ്ചിത എണ്ണം അദ്ധ്യാപകർ ഉണ്ടെന്ന് സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വകലാശാല തലത്തിലും പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, എല്ലാ അദ്ധ്യാപകർക്കും യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും അർഹമായ പോളിടെക്നിക്ക് അദ്ധ്യാപകർക്കും എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരമുള്ള വേതനം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളുടെ ടീച്ചിംഗ് സ്റ്റാഫിന്റെ വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡയറ്റിലെ അദ്ധ്യാപക നിയമനം

144(832) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡയറ്റിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷവും എം.എഡ് യോഗ്യത ഇല്ലാത്ത അദ്ധ്യാപകരെ സീനിയർ ലക്ചറർ ആയി താല്ക്കാലികമായി നിയമിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അപ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഇവരുടെ പ്രൊമോഷൻ കാര്യം പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രണ്ട് പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

തുണക്കടവ് ജി.റ്റി.ഡബ്ല്യു എൽ.പി.-സ്കൂളിന്റെ പ്രവർത്തനം

145(833) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആദിവാസി മേഖലയിലുള്ള വിവിധ ഊരുകളിലെ കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം നടത്തുന്ന തുണക്കടവ് ജി.റ്റി.ഡബ്ല്യു. എൽ.പി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിൽ നിന്നും തുടർ പഠനത്തിന് മറ്റ് സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് തുണക്കടവ് ജി.റ്റി.ഡബ്ലു. എൽ.പി സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊല്ലങ്കോട് വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിലുള്ള തുണക്കടവ് ജി.റ്റി.ഡബ്ല്യു.എൽ.പി. സ്കൂളിൽ 2016-17 അദ്ധ്യയന വർഷം ആകെ 84 കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ട്. അതിൽ രണ്ട് കുട്ടികൾ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരും 82 കുട്ടികൾ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുമാണ്.

(ബി) പരിശോധന നടത്തിയിട്ടില്ല.

(സി) പ്രസ്തുത സ്കൂളിൽനിന്നും തുടർ പഠനത്തിനായി മറ്റു സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്നത് ബുദ്ധിമുട്ടായതിനാൽ പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ പുതിയ ഹൈസ്കൂൾ പറമ്പിക്കുളം മേഖലയിൽ ആരംഭിക്കുന്നതിന് എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ശ്രമം നടത്തിവരുന്നു.

ആലത്തൂർ എ.എസ്.എം.എം.എച്ച്.എസ്.എസ്.

146 (834) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എ.എസ്.എം.എം.എച്ച്.എസ്.എസ്.ലെ മാനേജ്മെന്റ് അവകാശത്തർക്കംമൂലം സ്കൂൾ നടത്തിപ്പ് സ്തംഭനാവസ്ഥയിലായത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരവധി അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതിനാൽ പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ പഠിപ്പിക്കാൻ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരേയോ പ്രൊട്ടക്ടഡ് അദ്ധ്യാപകരേയോ നിയമിക്കാൻ സന്നദ്ധമാകുമോ;

(സി) സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കുട്ടികൾ നേരിടുന്ന അപകട ഭീഷണി എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കുമോ;

(ഡി) മാനേജ്മെന്റ് ശ്രദ്ധിക്കാത്ത ഒരു സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ തയ്യാറുകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ.ഉ.(പി)നമ്പർ 29/16/പൊ.വി.വ തീയതി 20-1-2016 III (2) (എ), (ബി), (സി) പ്രകാരം എയ്ഡഡ് സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിയമനം നടത്താനാവുമോയെന്ന് പരിശോധിക്കുന്നതാണ്.

(സി) സ്കൂളിന്റെ അറ്റകുറ്റപണികൾ സ്കൂൾ വർഷാരംഭത്തിനു മുമ്പുതന്നെ പൂർത്തീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ചാവക്കാട് ലൈബ്രറി കൗൺസിൽ ഓഫീസിന് കെട്ടിടം

147(835) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ് ചേറ്റുവയിൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ വലപ്പാടു സബ്ജില്ലയിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ചേറ്റുവ ജി. എം. യു. പി. സ്കൂളിൽ ക്ലാസ്സ്മുറികൾ

ഒഴിഞ്ഞുകിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറി കൗൺസിലിന് ഓഫീസ് തുടങ്ങാൻ ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സുമുറികളിൽ ഒന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വസ്തുതകൾ പരിശോധിച്ചുവരുന്നു.

(സി) ലൈബ്രറി കൗൺസിലിന് ഓഫീസ് തുടങ്ങാൻ ഒഴിഞ്ഞ് കിടക്കുന്ന ക്ലാസ് മുറികൾ അനുവദിക്കുന്നതിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വകുപ്പ് തലവന്റെ നിർദ്ദേശം/ശിപാർശ ലഭ്യമാക്കി, നിയമാനുസൃതം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി ടൈബൽ ഹോസ്റ്റൽ പുനരുദ്ധാരണം

148(836) ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ജി.എച്ച്.എസ് കോമ്പൗണ്ടിൽ, ടൈബൽ വകുപ്പിനു കീഴിലുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയത് പൊളിച്ചു മാറ്റി പുതിയ ഒരു ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി ജി.എച്ച്.എസ്. കോമ്പൗണ്ടിലെ 8 സെന്റ് സ്ഥലം RMSA ഫണ്ട് ഉപയോഗിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നൽകുന്ന കാര്യം സർക്കാറിന്റെ സജീവ പരിഗണനയിലുണ്ട്. അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അദ്ധ്യാപക ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർ

149(837) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കുട്ടികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരാണ് അദ്ധ്യാപക ബാങ്കിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) അദ്ധ്യാപക ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർ നിലവിൽ ചെയ്യുന്ന ജോലി എന്താണെന്ന് വിശദമാക്കുമോ;

(സി) അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്ന സ്കൂളുകളിലും, ലീവ് എടുക്കുന്നവർക്ക് പകരമായും ഇത്തരം അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അദ്ധ്യാപക ബാങ്ക് രൂപവത്ക്കരിച്ചിട്ടില്ല.

(സി) വിഷയം ഇപ്പോൾ പരിഗണനയിലാണ്.

വേങ്ങൂർ ഗവൺമെന്റ് എൽ.പി.സ്കൂളിലെ അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി

150 (838) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഏറ്റവും പുതിയ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് 9 അദ്ധ്യാപകർ വേണ്ടിടത്ത് 4 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ആദിവാസി മേഖലയിൽ നിന്നുള്ള കുട്ടികൾ ഉൾപ്പെടെ പഠിക്കുന്ന ഇവിടെ, നിലവിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

വേങ്ങൂർ ജി.എൽ.പി.എസ്സിൽ 5 അദ്ധ്യാപകരുടെ ഒഴിവ് ഉണ്ടായിരുന്നതിൽ ഒരൊഴിവ് നികത്തിയിട്ടുണ്ട്. ബാക്കി വരുന്ന 4 ഒഴിവുകളിൽ ഉടനെ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ

151(839) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി., കോമേഴ്സ്(സീനിയർ)തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ബി) എസ് സി/എസ് റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവച്ച ഒഴിവുകൾ ഒഴികെ, എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ)തസ്തികയിൽ ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്;

(സി) എൽ.പി.എസ്.എ./യു.പി.എസ്.എ/എച്ച്.എസ്.എ/എച്ച്.എസ് ലാബ് അസിസ്റ്റൻറ്/എച്ച്.എസ് മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് പ്രൊമോഷൻ നൽകുന്നതിന് വേണ്ടി എച്ച്.എസ്.എസ്.റ്റി. കോമേഴ്സ്(ജൂനിയർ)-ന്റെ എത്ര ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ട്;

(ഡി) എച്ച്.എസ്.എസ്.റ്റി. കോമേഴ്സ്(ജൂനിയർ) ആയി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിലുണ്ടോ; അർഹതപ്പെട്ടവരുടെ ലിസ്റ്റ് നിലവിലില്ലാത്ത പക്ഷം ഗവ. സർക്കുലർ പ്രകാരം ഈ ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുമോ;

(ഇ) ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലായി എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ) തസ്തികയിൽ നിലവിൽ അറുപതോളം ഒഴിവുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനം

152 (840) ശ്രീ. റ്റി. വി .രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏതൊക്കെ വിഷയത്തിലുള്ള ഹൈസ്കൂൾ അസിസ്റ്റന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് അറിയുമോ ;

(ബി) നിയമന നിരോധനവും സ്റ്റാഫ് ഫിക്സേഷനും പൂർത്തിയാക്കാത്തതുമൂലം റാങ്ക് ലിസ്റ്റിൽ നിന്നും വളരെക്കുറവ് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളുവെന്നതിനാൽ

കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ 1:35 വച്ച് അദ്ധ്യാപകരെ സംരക്ഷിച്ചതുപോലെ സർക്കാർ സ്കൂളുകളിലും ആനുപാതികമായ തസ്തിക നിർണ്ണയം നടത്തി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയുടെ റാങ്ക് പട്ടിക മാത്രമാണ് നിലവിലുള്ളത്.

(ബി & സി) കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം

153(841) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം 5000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ പുതുക്കിയ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പുതുക്കിയ ശമ്പളം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.)*

(ബി) പുതുക്കിയ ശമ്പളം നൽകിയിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ ഫണ്ട് അലോട്ട് ചെയ്ത് ലഭിച്ചിട്ടില്ല.

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരുടെ പ്രതിമാസ ശമ്പളം 10,000 രൂപയായി വർദ്ധിപ്പിച്ചത് 3-3-2016-ാം തീയതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതലാണ്. ആ തീയതി മുതൽ ശമ്പളത്തിന് അർഹതയുണ്ട്.

പാഠപുസ്തക അച്ചടിയിലുണ്ടായ ക്രമക്കേടുകളും ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകളും

154(842) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ പാഠപുസ്തക അച്ചടിയിലുണ്ടായ അഴിമതികൾ സംബന്ധിച്ച് ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തുവാൻ നടപടിയെടുക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്കൂൾ കുട്ടികൾക്ക് യഥാസമയം പുസ്തകം ലഭിക്കാത്തത് കാരണം പാഠപുസ്തകം ഇല്ലാതെ കുട്ടികൾ വാർഷിക പരീക്ഷ എഴുതേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികളെ കണ്ടെത്തുവാനും ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലും ഉണ്ടായ വീഴ്ചകളും അട്ടിമറി പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാർ കാലയളവിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാർ പാഠ്യപദ്ധതി പരിഷ്കരണം ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീഴ്ചകൾ പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കാനും പാഠ്യപരിഷ്കരണ പദ്ധതി പുനരാവിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) 2015 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം പുനപ്രസിദ്ധീകരിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് മുൻ പരീക്ഷാ സെക്രട്ടറി ശ്രീ. എം. ഐ. സുകുമാരൻ, സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ. പി. ബെനിത, എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട 'എ 1' സെക്ഷൻ ക്ലാർക്ക് ശ്രീ. റ്റി. സന്തോഷ് കുമാർ, എ വിഭാഗം സൂപ്രണ്ട് ശ്രീമതി

ശ്രീകല ബി, വിവിധ പരീക്ഷാ വാല്യുവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്റ്റോർ സൂപ്പർവൈസർമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. പരീക്ഷാഭവനിലെ മുൻ പരീക്ഷാ സെക്രട്ടറി ശ്രീ. എം. ഐ. സുകുമാരൻ സേവനത്തിൽനിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷാഭവനിലെ സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ.പി.ബെനിതയെ ടിയാളുടെ മാതൃസ്ഥാപനമായ ഹയർ സെക്കണ്ടറി വകുപ്പിലേയ്ക്ക് തിരിച്ചയച്ചു. ശിക്ഷാനടപടിയുടെ ഭാഗമായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് ടിയാൾക്ക് നൽകി. ശ്രീ. റ്റി. സന്തോഷ് കുമാർ, സൂപ്രണ്ട് ശ്രീമതി ശ്രീകല ബി. എന്നിവർക്കെതിരായ ശിക്ഷാനടപടിയുടെ ഭാഗമായി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം

155(843) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിനായി 2-6-2014-ലെ ജി.ഒ.(എം എസ്.)നമ്പർ 228/2014/റവ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം 54 സെന്റ് സ്ഥലം കോഴിക്കോട് ടൗണിൽ പാട്ടത്തിന് അനുവദിച്ചതിൽ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എങ്കിലും കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു.പി. സ്കൂൾ കോമ്പൗണ്ടിൽ പാട്ടത്തിനെടുത്ത കെട്ടിടത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ 2014 ഫെബ്രുവരി മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി 56,00,000 (അൻപത്തിയാറ് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമം

156 (844) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ എണ്ണം എപ്രകാരമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കാരണങ്ങൾ കണ്ടെത്തി സ്കൂളിലേക്ക് തിരികെയെത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുമോ;

(സി) പല സ്വകാര്യ സ്കൂളുകളിലും വിദ്യാഭ്യാസ അവകാശ നിയമം നിലവിലിരിക്കെത്തന്നെ വിദ്യാർത്ഥികളെ തോൽപ്പിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശകലനം ചെയ്തിട്ടില്ല.

(ബി) ആദിവാസി/തീരദേശ മേഖലകളിലെ സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെടുകയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും എസ്.എസ്.എ.-യുടെയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നതിനും മികച്ച പഠനനിലവാരവും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിദ്യാഭ്യാസ അവകാശനിയമം കർശനമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുന്നുണ്ട്.

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ

157(845) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലും പുതിയതായി പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകളിലും മതിയായ കെട്ടിട സൗകര്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളിൽ കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളുമൊരുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിൽ സൗകര്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ വിവാദ ഉത്തരവുകൾ

158(846) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചതിൽ, വിദ്യാഭ്യാസ മേഖലയിൽ നടന്ന ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖല, പൊതു വിദ്യാഭ്യാസ മേഖല എന്നീ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ലഭ്യമാക്കാമോ?

ഉത്തരം

(എ& ബി) പരിശോധിച്ചുവരുന്നു.

സ്കൂളുകളിലെ സാദ്ധ്യായ ദിവസങ്ങൾ

159(847) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അദ്ധ്യയന വർഷത്തിലെ ആകെ സാദ്ധ്യായ ദിവസങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ആകസ്മികമായി ഉണ്ടാകുന്ന അവധികൾ മൂലം സാദ്ധ്യായ ദിവസങ്ങളിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നഷ്ടമാകുന്ന സാദ്ധ്യായ ദിവസങ്ങൾക്ക് പകരം എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സാദ്ധ്യായ ദിവസങ്ങൾ നഷ്ടമാകുന്നത് സർക്കാർ സ്കൂളുകളെ അനാകർഷകങ്ങളാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി സാദ്ധ്യായ ദിവസങ്ങൾ ലഭ്യമാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു അദ്ധ്യയന വർഷം 200 പ്രവൃത്തി ദിവസങ്ങൾ അല്ലെങ്കിൽ 1000 സാദ്ധ്യായ മണിക്കൂർ എന്ന് ക്രമപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആകസ്മികമായി ഉണ്ടാകുന്ന അവധികൾമൂലം പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി ഓരോ സ്കൂളിലും സാദ്ധ്യായ മണിക്കൂർ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ സാദ്ധ്യായ ദിവസങ്ങളുടെ കുറവ് വരുന്ന പക്ഷം അതിന് പ്രത്യേക മണിക്കൂറുകൾ കണ്ടെത്തി സ്കൂൾ തലത്തിൽ പരിഹരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഒരു അദ്ധ്യയന വർഷത്തിൽ 200 സാദ്ധ്യായ ദിവസങ്ങൾ അല്ലെങ്കിൽ 1000 സാദ്ധ്യായ മണിക്കൂർ കുട്ടികൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്മാർട്ട് ചിൽഡ്രൻ പദ്ധതി

160 (848) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഓരോ വിദ്യാർത്ഥിയും അതാത് ക്ലാസുകളിൽനിന്നും ആർജ്ജിക്കേണ്ടതായ മിനിമം ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിലേക്കായുള്ള പദ്ധതിയാണ് സ്മാർട്ട് ചിൽഡ്രൻ പദ്ധതി.

(സി) പാഠ്യപദ്ധതിയേയും പാഠപുസ്തകങ്ങളേയും അടിസ്ഥാനമാക്കി അദ്ധ്യാപകർക്ക് മികച്ച പരിശീലനം, ക്ലാസ്സ് പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് അദ്ധ്യാപകർക്കും കുട്ടികൾക്കും മികച്ച രീതിയിലുള്ള പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈദ്യുതീകരണം

161(849) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈദ്യുതീകരിച്ച് ആവശ്യാനുസരണം ട്യൂബ് ലൈറ്റുകളും ഫാനുകളും സ്ഥാപിക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്ത നടപടിയാണ് സ്വീകരിച്ചു വരുന്നതെന്നും ഇതിനായി എത്ര തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ;

(സി) ബാലാവകാശ കമ്മീഷൻ ഇതിനോടൊപ്പം മറ്റെന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മാണപ്രവൃത്തി ചെയ്യുന്നതിന് ഡി.പി.ഐ.-യുടെ അനുവാദം

162(850) ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി, യു.പി, എച്ച്.എസ്, വി.എച്ച്.എസ്.ഇ, എച്ച്.എസ്.എസ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മാണപ്രവൃത്തി ചെയ്യുന്നതിന് ഡി.പി.ഐ.-യുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്ന സർക്കുലർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അധികാരവികേന്ദ്രീകരണത്തിന് ഇത്തരം സർക്കുലർ തടസ്സം സൃഷ്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അനുവാദം നൽകേണ്ടി വരുമ്പോഴുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സർക്കുലർ നിലവിലുണ്ട്.

(ബി-ഡി) ഇല്ല.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ നടപടി

163(851) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികളുടെ കൊഴിഞ്ഞുപോക്കും ഡിവിഷൻ ഫോളും നേരിടുന്ന സർക്കാർ സ്കൂളുകൾക്കായി പുനരുദ്ധാരണ പരിപാടികൾ അടിയന്തരമായി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

എസ്.എസ്.എ.-യുടെ ഫോക്കസ് പദ്ധതി കൊഴിഞ്ഞുപോക്കും, ഡിവിഷൻ ഫോളും തടയുന്നത് ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടെ നിരവധി സ്കൂളുകൾ ഇതിനോടകംതന്നെ നില മെച്ചപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലത്ത് അസാപ് കേന്ദ്രം

164(852) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഒന്നര ഏക്കർ ഭൂമിയിൽ 'അസാപ്' കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സാധ്യതാ പഠനം പൂർത്തിയായിവരുന്നു.

(ബി) സാധ്യതാ പഠനം നടത്തി സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. നിയമനം

165(853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ 89 പേർക്ക് നിയമനം നൽകി.

(ബി) 191 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 70 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ നിലവിലെ ഉത്തരവുകൾ അനുസരിച്ച് നേരിട്ടുള്ള നിയമനത്തിന് കേഡർ സ്ട്രെങ്തിന്റെ 65 ശതമാനവും, അന്തർജില്ലാ സ്ഥലമാറ്റം/തസ്തിക മാറ്റം എന്നിവയ്ക്കായി 35 ശതമാനവും നീക്കിവെയ്ക്കണമെന്നാണ്. 2015-16 - ലെ കണക്കുകൾ പ്രകാരം പി.എസ്.സി വഴി നേരിട്ടുള്ള നിയമനത്തിന് കേഡർ സ്ട്രെങ്തിന്റെ നിശ്ചിത 65 ശതമാനത്തിലും കൂടുതൽ (81%) ജീവനക്കാർ

ജോലി ചെയ്യുന്നുണ്ട്. അധിക അദ്ധ്യാപകർ നിലനിന്നിരുന്നതിനാൽ കഴിഞ്ഞ 4 വർഷമായി അന്തർജില്ലാ പൊതുസ്ഥലമാറ്റം നടത്തിയിട്ടില്ല. ആയതിനാൽ അന്തർജില്ലാ സ്ഥലമാറ്റം/തസ്തിക മാറ്റം തുടങ്ങിയ വിഭാഗങ്ങൾക്ക് കേഡർ സ്ട്രെങ്ത് വച്ച് കണക്കാക്കുമ്പോൾ നിശ്ചിത 35 ശതമാനത്തിലും കുറവ് ജീവനക്കാരാണ് ഇപ്പോൾ ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നത്.

തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റിന്റെ (ഇംഗ്ലീഷ്)ഒഴിവുകൾ

166(854) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്)-ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

	ഉത്തരം
(എ) തിരുവനന്തപുരം	- 3
ആറ്റിങ്ങൽ	- 10
നെയ്യാറ്റിൻകര	- 5
ആകെ	- 18

(ബി) ഒരൊഴിവ് (എച്ച്.എസ്.എ. (ഇംഗ്ലീഷ്) By Transfer) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17 വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായ ശേഷം ആനുപതികമായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) ഉണ്ട്. ആർ.എം.എസ്.എ. പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ അപ്ഗ്രേഡ് ചെയ്തിട്ടുള്ള 6 സ്കൂളുകളിലടക്കം 36 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (കൈ)നമ്പർ 317/2013/പൊ.വി.വ. തീയതി 6-12-2013 പ്രകാരം 5 ഹൈസ്കൂൾ അദ്ധ്യാപക തസ്തിക വീതമാണ് സൃഷ്ടിച്ചിട്ടുള്ളത്. രണ്ട് ലാംഗ്വേജ് ടീച്ചർ തസ്തികയും ഒന്ന് വീതം സയൻസ്, സോഷ്യൽ സയൻസ്, കണക്ക് തസ്തികകളുമാണ് സൃഷ്ടിച്ചിട്ടുള്ളത്.

അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾ

167(855) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന എത്ര സർക്കാർ, എയ്ഡഡ് സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇവയെ നിലനിർത്താൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര കുട്ടികളിൽ കുറവ് ഉള്ള സ്കൂളുകളെയാണ് അൺ എക്കണോമിക് ആയി കണക്കാക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആ മാനദണ്ഡ പ്രകാരം എത്ര അൺ എക്കണോമിക് സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ സ്കൂളുകൾ ഒന്നുംതന്നെ ഇല്ല. എയ്ഡഡ് മേഖലയിൽ അടച്ചുപൂട്ടുന്നതിനായി 44 സ്കൂളുകളുടെ മാനേജർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അതിൽ 4 സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിട്ടുണ്ട്. നോട്ടീസ് നൽകിയ എയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) മുകളിൽ സൂചിപ്പിച്ച 44 എയ്ഡഡ് സ്കൂളുകളിൽ നാല് സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിരുന്നു. അടച്ചുപൂട്ടിയ നാല് സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V, റൂൾ 22 എ പ്രകാരം ഒരു ക്ലാസ്സിൽ ശരാശരി 25 കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളെയാണ് അൺ ഇക്കണോമിക് സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നത്.

(ഡി) 2015-16-ലെ കണക്കുപ്രകാം അൺ എക്കണോമിക് സ്കൂളുകൾ-സർക്കാർ - 2606, എയ്ഡഡ് - 3109, ആകെ - 5715

(ഇ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരെ തിരിച്ചെടുക്കുന്നതിന് നടപടി

168 (856) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സ്കൂളുകളിലായി ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരിൽ നിന്നും പുറത്താക്കപ്പെട്ട 491 പേരെ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഒന്നു മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം കേരള സർക്കാർ അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നിയമനം നടത്തിയ റിസോഴ്സ് അദ്ധ്യാപകരെ 2016-17 വർഷത്തിൽ പുനർ നിയമനം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

ആദായകരമല്ലാത്ത പൊതുവിദ്യാലയങ്ങൾ

169(857) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമെന്ന പേരിൽ എത്ര പൊതുവിദ്യാലയങ്ങളെ തിട്ടപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനാദായകരമെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ അനാദായകരമായ സ്കൂളുകൾ-സർക്കാർ-2606, എയ്ഡഡ് - 3109 – ആകെ - 5715.

(ബി) കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V' റൂൾ 22 എ' പ്രകാരം ഒരു ക്ലാസ്സിൽ ശരാശരി 25 കുട്ടികളെങ്കിലും ഇല്ലാത്ത വിദ്യാലയങ്ങളെയാണ് അനാദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തുന്നത്. പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തി വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാലയങ്ങളിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം

170 (858) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകളിൽ സ്ഥിരം/എംപ്ലോയ്മെന്റ് നിയമനം നടക്കുന്നതു വരെ വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനെതിരായി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനെതിരായി സർക്കാർ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

171(859) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ച ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) മറ്റു കോഴ്സുകൾ പോലെ ആകർഷകമല്ലാത്ത ഹയർ സെക്കണ്ടറി കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തുല്യതാ കോഴ്സുകൾ, ദേശീയ സാക്ഷരതാ മിഷന്റെ കോഴ്സുകൾ എന്നിവയെപ്പോലെ ഈ കോഴ്സിന്റെയും കാലദൈർഘ്യം ആറു മാസമോ, ഒരു വർഷമോ ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2015-ൽ ആരംഭിച്ച ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഇന്ത്യയിലെതന്നെ ആദ്യത്തെ സംരംഭമാണ്. കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 214 ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും വച്ച് വളരെ കാര്യക്ഷമമായിട്ടാണ് സമ്പർക്ക പഠന ക്ലാസ്സുകൾ നടത്തിവരുന്നത്. 18-4-2013-ലെ സ.ഉ.(കൈ) 138/2013/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ഹ്യുമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിലായി ആദ്യ ബാച്ചിൽ 19,708 പഠിതാക്കൾ രജിസ്റ്റർ ചെയ്ത് പഠനം വിജയകരമായി പൂർത്തിയാക്കിവരുന്നു. ഈ കോഴ്സിൽ സമ്പർക്ക പഠനക്ലാസ്സുകൾ നയിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും ബി.എഡും സെറ്റും അടിസ്ഥാന യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപകരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കോഴ്സിന്റെ സ്വഭാവവും സമയക്രമവും

ഔപചാരിക വിദ്യാഭ്യാസ രീതിയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഇതിന്റെ പൊതുപരീക്ഷ നടത്തുന്നതിനുള്ള പൂർണ്ണ ചുമതല സംസ്ഥാന ഹയർ സെക്കണ്ടറി ഡയറക്ടറേറ്റാണ് നിർവ്വഹിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഔപചാരിക എസ്.എസ്.എൽ.സി. പാസ്സായശേഷം പഠനം തുടരാൻ കഴിയാത്തവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ, വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്തവർ തുടങ്ങിയവരാണ്. ഔപചാരിക ഹയർ സെക്കണ്ടറി കോഴ്സിന് സമാനമായ സർട്ടിഫിക്കറ്റാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് മുഖേന നൽകുന്നത് എന്നതിനാൽ ഈ കോഴ്സിന്റെ കാലദൈർഘ്യം കുറയ്ക്കാൻ നിർവ്വാഹമില്ല.

ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചിലെ തസ്തികകൾ

172(860) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഹയർസെക്കണ്ടറി അഡീഷണൽ ബാച്ചിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ

173(861) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർസെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ പരിഗണനയിൽ ഉണ്ടോ എന്ന കാര്യം അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ ഈ വിഷയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന കാര്യം വിശദമാക്കുമോ?

ഉത്തരം

(എ &ബി) കേരളത്തിലെ ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഹയർ സെക്കണ്ടറി മേഖലയിൽ (സർക്കാർ/എയ്ഡഡ്) അഞ്ചു വർഷം സേവനം പൂർത്തിയാക്കുന്ന ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പൽ പ്രൊമോഷൻ, പൊതുസ്ഥലംമാറ്റം എന്നിവക്ക് പരിഗണിക്കുന്നതിലേക്കായി മാത്രം യാതൊരു സാമ്പത്തികാനുകൂല്യത്തിനോ ശമ്പളനിർണ്ണയത്തിനോ അർഹതയുണ്ടാ യിരിക്കുകയില്ലെന്ന വ്യവസ്ഥയിൽ എച്ച്.എസ്.എസ്.റ്റി (സീനിയർ) സ്റ്റാറ്റസ് നൽകുവാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ തുടർന്നുവരുന്നു.

അടച്ചുപൂട്ടുന്ന വിദ്യാലയങ്ങൾ

174(862) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളാണ് അനാദായകരമെന്ന് കണ്ടെത്തിയത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരം വിദ്യാലയങ്ങളിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവ എത്രയാണ്; വിശദാംശം നൽകുമോ;

(സി) അടച്ചുപൂട്ടുന്ന വിദ്യാലയങ്ങളെ സർക്കാർ ഏറ്റെടുക്കുമോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതിനകം എത്ര വിദ്യാലയങ്ങൾ ഇങ്ങനെ ഏറ്റെടുത്തിട്ടുണ്ട്; കണക്കുകൾ വെളിപ്പെടുത്തുമോ;

(ഇ) അനാദായകരമായ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും നിലനിർത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ കുട്ടികൾ കുറവായ 5715 സ്കൂളുകളിൽ സർക്കാർ സ്കൂളുകൾ 2606-ഉം എയ്ഡഡ് സ്കൂളുകൾ 3109-ഉം ആണ്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന 44 എയ്ഡഡ് സ്കൂളുകളിൽ 4 എണ്ണം ബഹുമാനപ്പെട്ട ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടി.

(സി) കോടതി വിധിയുടെ അടിസ്ഥാത്തിൽ അടച്ചുപൂട്ടിയ 4 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂളുകൾ ഇതുവരെ സർക്കാർ ഏറ്റെടുത്തിട്ടില്ല.

(ഇ) ഇത്തരം സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ

175(863) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലാണ് അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്;

(ബി) പ്രസ്തുത സ്കൂളുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പ് അദ്ധ്യാപകരുടെ തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

പാഠപുസ്തകങ്ങളുടെ ലഭ്യത

176(864) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ ലഭ്യത മുൻകൂട്ടി ബോദ്ധ്യപ്പെടാമെന്നിരിക്കെ പോലും അത് യഥാസമയം ഉറപ്പാക്കുന്നതിന് കഴിയാത്ത സ്ഥിതി വർഷങ്ങളായി തുടരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ആയത് വിശദമാക്കുമോ;

(ബി) യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പാഠപുസ്തക അച്ചടി സംബന്ധിച്ച് അനുബന്ധ വകുപ്പുകളുമായി ആലോചിച്ച് ഒരു പ്രവർത്തന കലണ്ടർ ഉണ്ടാക്കി അതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസവും യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതുകൊണ്ടുള്ള പ്രയാസങ്ങളും കൊണ്ടാണ് പാഠപുസ്തക അച്ചടിയും വിതരണവും നിശ്ചയിച്ചിട്ടുള്ള മസയത്ത് തന്നെ പൂർത്തിയാക്കാൻ കഴിയാതെ വരുന്നത്. ആയത് കണക്കിലെടുത്ത് പേപ്പർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച്, 2016-17 മുതൽ 2 വർഷത്തേയ്ക്ക് പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലേയ്ക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി നിരന്തരം അവലോകനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. യഥാസമയം പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകുന്നതിനുള്ള കർശന നിർദ്ദേശം ടെക്സ്റ്റ് ബുക്ക് ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2016-17 അദ്ധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം അദ്ധ്യയന വർഷാരംഭത്തിനുമുമ്പ് തന്നെ പൂർത്തിയാക്കണമെന്ന് സി-ആപ്റ്റിനു നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

പാഠപുസ്തകങ്ങളുടെ അച്ചടി

177(865) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും എട്ടിലെ എട്ടാം ക്ലാസ്സിലെ ഐ.ടി. പുസ്തകവും ഈ വർഷം മാറിയിട്ടും സമയത്തു തന്നെ അച്ചടി പൂർത്തിയാക്കി മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞത് എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) പുസ്തകത്തിന്റെ വിതരണം ഏതു ഘട്ടം വരെയായിട്ടുണ്ടെന്നും ഐ.ടി പുസ്തകം എന്നേക്ക് വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ അപാകതകൾ പരിഹരിച്ച് ഈ അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തക വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയും പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ പേപ്പറും മറ്റ് സാമഗ്രികളും വാങ്ങി അച്ചടി പൂർത്തീകരിച്ച് വിതരണം നിർവ്വഹിക്കുന്നതിന് 2016-17 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു. ഈ വർഷം സ്കൂൾ തുറക്കുമ്പോൾ തന്നെ ഒന്നാംഘട്ട പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം കെ.ബി.പി.എസ്. ഒരുക്കിയിരുന്നു. അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി വകുപ്പ് തലത്തിൽ അവലോകനം ചെയ്തുവന്നിരുന്നതുകൊണ്ടും കൂടാതെ യഥാസമയം പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകുന്നതിനുള്ള നിർദ്ദേശം ടെക്സ്റ്റ് ബുക്ക് ഓഫീസർക്ക് നൽകിയതു കൊണ്ടുമാണ് ഇപ്രകാരം സാധ്യമായത്.

(ബി) പുസ്തകത്തിന്റെ ഒന്നാംഘട്ട വിതരണം പൂർത്തിയായിട്ടുണ്ട്. ഐ.ടി. പുസ്തകങ്ങളുടെ വില നിർണ്ണയിച്ച് കഴിഞ്ഞാലുടൻ വിതരണം തുടങ്ങുന്നതാണ്.

ഭാഷാദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സ്ഥിതി

178(866) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഉപജില്ലയിലെ ഏഴോളം സ്കൂളുകളിൽ 2014-15, 2015-16 വർഷങ്ങളിൽ 'സമ്പൂർണ്ണ' സോഫ്റ്റ്വെയർ ഉപയോഗിച്ച് , ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് വന്ന പിഴവ് കാരണം, സബ് ജില്ലയിൽ വർഷങ്ങളുടെ സേവനമുള്ള ഭാഷാദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സ്ഥിതി രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി ഉപജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഇത്തരത്തിൽ പ്രശ്നം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സമ്പൂർണ്ണ സോഫ്റ്റ്വെയർ ഓപ്പൺ ചെയ്ത് ഭാഷാ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉന്നതതലത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊയിലാണ്ടി ഉപജില്ലയിലെ താഴെപ്പറയുന്ന വിദ്യാലയങ്ങൾക്ക് ഡാറ്റ

എൻടിയിലെ പിഴവു കാരണം ഭാഷാദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്.

1. തോരായി എൽ.പി.എസ്.
2. വെങ്ങളം യു.പി.എസ്.
3. പുളിയഞ്ചേരി യു.പി.എസ്.
4. ഊരള്ളൂർ എം.യു.പി.എസ്.
5. പെരുവട്ടൂർ എൽ.പി.എസ്.
6. തിരുവങ്ങൂർ യു.പി.എസ്.
7. വാകമോളി എൽ.പി.എസ്.
8. ചെങ്ങോട്ടുകാവ് ഈസ്റ്റ് യു.പി.എസ്.
9. ചേമഞ്ചേരി ഈസ്റ്റ് യു.പി.എസ്.
10. വേളൂർ വെസ്റ്റ് എൽ.പി.എസ്.
11. ചേലിയ യു.പി.എസ്.
12. കക്കഞ്ചേരി എൽ.പി.എസ്.
13. എടക്കരകൊളക്കാട് യു.പി.എസ്.
14. ചേമഞ്ചേരി കൊളക്കാട യു.പി.എസ്.

(സി) കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദീകരണം തേടി ഇക്കാര്യത്തിൽ എന്ത പിശകാണ് സംഭവിച്ചതെന്ന കണ്ടെത്തി അതു തിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പിണവൂർകുടിയിലെ ആദിവാസി പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ

179(867) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിണവൂർകുടി സ്കൂളിനോട് ചേർന്ന് ആദിവാസി പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുവേണ്ടി 2010-ൽ പണികഴിപ്പിച്ച ഹോസ്റ്റൽ ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി പെൺകുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ ഈ ഹോസ്റ്റൽ ഉടൻ പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള ഭാഷാപുസ്തകം

180(868) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള ഭാഷാപുസ്തകം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇത് സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില സ്കൂളുകളിൽ യഥാസമയം ഭാഷാ പുസ്തകം ലഭ്യമാകാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 അദ്ധ്യയനവർഷത്തേയ്ക്കുള്ള ഹയർ സെക്കണ്ടറി പാഠപുസ്തക അച്ചടിക്കും വിതരണത്തിനുമായി മുൻവർഷത്തേപ്പോലെ സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ടി സ്ഥാപനത്തിൽ അച്ചടിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിൽ കാലതാമസം ഉണ്ടാകുകയും തന്മൂലം അച്ചടി നടക്കാതിരുന്നതിനാലാണ് ചില സ്കൂളുകളിൽ പാഠപുസ്തകങ്ങൾ ലഭ്യമാകാതിരുന്നത്.

(സി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബാക്കി നൽകുവാനുള്ള പാഠപുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്.-ൽ ആരംഭിച്ചിട്ടുണ്ട്.

സർവ്വകലാശാലകളുടെ പ്രവർത്തനം

181(869) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നിലവാരം മോശമായിട്ടുള്ള സ്ഥിതി ഹൈക്കോടതി പരാമർശങ്ങളിലടക്കം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളിലെ കാലവിളംബം പരിഹരിക്കുന്നതിനായി ഓൺ-ലൈൻ പ്രോസസ്സിംഗ് സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വകലാശാലകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ സമഗ്രമായ അക്കാദമിക് ഓഡിറ്റ് നടത്തുകയും ടീച്ചിംഗ്, റിസർച്ച് & ലേണിംഗ് അസ്സെസ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. MOOC Programme (Massive Open Online Courses) ആരംഭിച്ചിട്ടുണ്ട്. MHRD-യുടെ GIAN പദ്ധതി പ്രകാരം വിദേശ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോഴ്സുകൾ ആരംഭിക്കുവാനും പദ്ധതിയുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ NAAC അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സർവ്വകലാശാലയുടെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ എല്ലാ പഠന വകുപ്പുകളെയും ബ്രാഞ്ചുകളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിവരുന്നു. യു.ജി.സി.-യുടെയും മറ്റ് ഏജൻസികളുടെയും സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി സർവ്വകലാശാലയിൽ നടത്തിവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്ലാനിംഗ് ബോർഡിന്റെ മോൽനോട്ടത്തിൽ നടക്കുന്നു. കുസാറ്റിൽ ഡിഗ്രി തലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി Remedial coaching നൽകുന്നുണ്ട്. PG തലത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എം.ജി.സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി e-governance പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കണ്ണൂർ സർവ്വകലാശാലയുടെ നിലവാരം ഉറപ്പു വരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 2009 മുതൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കേരള സർവ്വകലാശാലയുടെ ബിരുദ – ബിരുദാനന്തര കോഴ്സുകളുടെ പ്രവേശനം, ഗവേഷണത്തിനുള്ള രജിസ്ട്രേഷൻ നടപടികൾ എന്നിവ ഓൺലൈൻ മുഖേന ആക്കിയിട്ടുണ്ട്. ഇ-പേമെന്റ് സൗകര്യവും പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷനും കാലിക്കറ്റ് സർവ്വകലാശാല ലഭ്യമാക്കുന്നുണ്ട്. e-governance പദ്ധതി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. UG/PG കോഴ്സുകൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റ് കോഴ്സുകൾ എന്നിവയ്ക്ക് ഓൺലൈൻ അഡ്മിഷൻ പദ്ധതി (CAP) ഏതാനും വർഷങ്ങളായി എം.ജി. സർവ്വകലാശാലയിൽ നടത്തിവരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, സർവ്വകലാശാലയുടെ പ്രവർത്തന സമയം മെച്ചപ്പെടുത്തുന്നതിനായി ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഏകജാലക സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം

182(870) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാലയങ്ങളെ ഹൈടെക്ക് ആക്കുന്നതിനും മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) നിലവിൽ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലൈബ്രറി ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ലബോറട്ടറി ഗ്രാന്റ്, സ്പോർട്സ് സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് എന്നീ ഗ്രാന്റുകളും നൽകിവരുന്നു. ക്ലാസ് റൂമുകളുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, അക്കാദമിക മുന്നേറ്റങ്ങൾക്കായി ഫോക്കസ് പ്രവർത്തനങ്ങൾ എന്നിവ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനായി ഉദ്ദേശിച്ചിട്ടുള്ളവയാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളെ സ്കൂളുകളുടെ ചുമതല ഏൽപ്പിക്കുക വഴി ഓരോ വർഷവും അവരുടെ ബഡ്ജറ്റിൽ സ്കൂളുകളുടെ വികസനത്തിനായി തുക വകയിരുത്താറുണ്ട്.

(ബി) നിലവിൽ എസ്.എസ്.എ., ഐ.ടി.@സ്കൂൾ എന്നിവയുടെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ആരംഭിക്കുകയും മറ്റു സ്കൂളുകളെ ഈ ഗണത്തിലേയ്ക്ക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി

183(871) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നത് എന്തുകൊണ്ടാണെന്ന് കണ്ടെത്താനുള്ള ശാസ്ത്രീയ ശ്രമം നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളുടെ വിശ്വാസ്യത വളർത്താൻ വിജയശതമാനം ഉയരുന്നതിന് ആനുപാതികമായി ഗുണനിലവാരവും ഉയരേണ്ടതുണ്ട് എന്ന ആശയം മുൻനിർത്തി വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു പുനഃക്രമീകരണം ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ആവശ്യമായ ഭൗതിക സാഹചര്യങ്ങളും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് മറ്റുള്ളിടത്തും ഇത് ഉറപ്പ് വരുത്തുന്നതിനുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതിനുള്ള കാരണങ്ങൾ പൊതുവെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി അപഗ്രഥിക്കുവാനുള്ള ശ്രമങ്ങൾ ഇനിയും ആരംഭിക്കേണ്ടതായുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ഭൗതിക സാഹചര്യവും ഗുണനിലവാരവും ഉറപ്പുവരുത്തുന്ന പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സ്കൂളുകളിലേയ്ക്കും ക്രമേണ ഈ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ പരിശ്രമിച്ചുവരുന്നു.

തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ

184(872) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകേണ്ടതില്ലന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ. വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ, നെയ്യാറ്റിൻകര ഡി.ഇ.ഒ.-യുടെ അധീനതയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ.

(സി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ വിഷയങ്ങളിൽ സുവ്യക്തമായ ഉത്തരവിറക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) അപ്രകാരം ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിച്ചുവരുന്നു.

വി.സി.-മാരുടെ നിയമനം

185(873) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് അനർഹരും അയോഗ്യരുമായവർ വി.സി.-മാരായി നിയമനം നേടിയതും റിയൽ എസ്റ്റേറ്റ് കച്ചവടക്കാർ, ഹോട്ടൽ മുതലാളിമാർ തുടങ്ങി പലതരം വ്യവസായികൾക്ക് സർവ്വകലാശാലകൾ ഭരിക്കാൻ അവസരമുണ്ടായിയെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ ബഹു. ഗവർണ്ണർ തന്നെ വി.സി.-മാരെ യോഗ്യതയില്ലാത്ത കാരണത്താൽ പിരിച്ചുവിട്ട സംഭവമുണ്ടായിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം എന്നും ഇതിനുമുൻപ് ഇത്തരം നടപടികൾ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിതനായ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ ബയോഡേറ്റയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയ തടക്കമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറായ ഡോ. എ. വി. ജോർജിനെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടിട്ടുണ്ട്.

കുമ്പള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന് കെട്ടിടം

186(874) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ് വർഷങ്ങളായി പഞ്ചായത്ത് വക കല്യാണ മണ്ഡപത്തിലും ദുരിതാശ്വാസ കേന്ദ്രത്തിലുമാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിന് കെട്ടിടം പണിയുന്നതിന് അനുവദിച്ച കണ്ടംങ്കരടുക്കയിലെ 5.6 ഏക്കർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കോളേജിന് കെട്ടിടം പണിയുന്നതിന് 1-9-2015-ലെ G.O.(Rt) No. 2253/2015/H.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

എയ്ഡഡ് കോളേജുകളിലെ സെൽഫ് ഫൈനാൻസിംഗ്

കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ

187(875) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴിസിറ്റിയ്ക്ക കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ സെൽഫ് ഫൈനാൻസിംഗ് കോഴ്സുകളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കിയ ശേഷവും സർക്കാരിന്റെ അനുമതി ലഭ്യമല്ലാത്തതിനാൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ചുള്ള അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ബി) ഇതു സംബന്ധിച്ച് തൃശ്ശൂർ സെന്റ് തോമസ് കോളേജും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും അടക്കമുള്ള കോളേജുകളുടെ അപേക്ഷകളിൽ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) പരിശോധിച്ചുവരുന്നു.

ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

188(876) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കോഴ്സ് റിസൾട്ട് വന്നതിനുശേഷം ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് താമസംവിനാ ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഫാസ്റ്റ് ട്രാക്ക് സംവിധാനം എല്ലാ യൂണിവേഴ്സ്റ്റികളിലും ലഭ്യമാണോ; ഇതിനായി എത്ര ഫീസാണ് യൂണിവേഴ്സിറ്റികൾ ഈടാക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഫാസ്റ്റ് ട്രാക്കിൽ അപേക്ഷിക്കുന്നവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഡിഗ്രി സർട്ടിഫിക്കറ്റുകൾ വൈസ് ചാൻസലർ നേരിട്ടു തന്നെ ഒപ്പിടണമെന്നുള്ള ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കുന്നതിന് ഈ ചട്ടംമൂലം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

നെന്മാറ മണ്ഡലത്തിൽ സർക്കാർ - എയ്ഡഡ് കോളേജ്

189 (877) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ആർട്സ്/സയൻസ് കോളേജ്, പോളിടെക്നിക് എന്നിവ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ പുതിയ കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടില്ല. കോളേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എ. സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നുണ്ട്.

(ബി) നെന്മാറ എൻ.എസ്.എസ്. കോളേജ് ഈ മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് പുതിയ കോളേജ് അനുവദിക്കുന്നത്.

സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി

190(878) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ മേഖലയിൽ എറണാകുളം മഹാരാജസ് കോളേജിനും എയ്ഡഡ് മേഖലയിൽ 18 കോളേജുകൾക്കും സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയം ഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ട്. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

(സി) സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പാസ്സാക്കിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒല്ലൂർ വൈലോപ്പിള്ളി സ്മാരക ആർട്സ് & സയൻസ് കോളേജിന്റെ ശോച്യാവസ്ഥ

191(879) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ വൈലോപ്പിള്ളി സ്മാരക ആർട്സ് & സയൻസ് കോളേജിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലമുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെടുമങ്ങാട് സർക്കാർ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ

192(880) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് സർക്കാർ കോളേജിൽ ആഡിറ്റോറിയം, ക്യാന്റീൻ ടോയ്ലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

നെടുമങ്ങാട് സർക്കാർ കോളേജിൽ ആഡിറ്റോറിയം, ക്യാന്റീൻ, ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കോളേജിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

എഞ്ചിനീയറിംഗ് പ്രവേശനഫീസ് ഘടന സംബന്ധിച്ച കരാർ

193(881) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായി എഞ്ചിനീയറിംഗ് പ്രവേശനഫീസ് ഘടന സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) എത്ര കോളേജുകളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു (KSFECMA) കീഴിലുള്ള 100 കോളേജുകളുമായും ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷനു (ACMA) കീഴിലുള്ള 25 കോളേജുകളുമായും സർക്കാർ ഈ വർഷം അഡ്മിഷനും ഫീസ് ഘടനയും സംബന്ധിച്ച കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു (KCECMA) കീഴിലുള്ള 12 കോളേജുകളുമായി 2014-ൽ അഡ്മിഷനും ഫീസ് ഘടനയും സംബന്ധിച്ച കരാറിൽ സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത ഉടമ്പടിയുടെ കാലാവധി 2016-17 അക്കാദമിക് വർഷം വരെയാണുള്ളത്. ഫീസ് ഘടന സംബന്ധിച്ച കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

കരുനാഗപ്പള്ളിയിൽ അനുവദിച്ച സർക്കാർ കോളേജ്

194(882) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ അനുവദിച്ചിട്ടുള്ള സർക്കാർ കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ അദ്ധ്യയന വർഷം തന്നെ ക്ലാസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അഡ്മിഷനുള്ള നടപടി ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവിടെ അദ്ധ്യയനം ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള മറ്റു നടപടികൾ എന്തൊക്കെ; വിശദമാക്കുമോ?

ഉത്തരം

(എ) ഉത്തരവായിട്ടില്ല.

(ബി) ഈ അദ്ധ്യയനവർഷം തന്നെ ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ആവശ്യമായതിനാൽ ആയത് ലഭ്യമാകുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം ആകുന്നതുവരെ കോളേജിന്റെ പ്രവർത്തനം പാവുമ്പ എച്ച്.എസ്.-ൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊരട്ടി സർക്കാർ പോളിടെക്നിക്

195(883) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി സർക്കാർ പോളിടെക്നിക്കിൽ മെക്കാനിക്കൽ, സിവിൽ, കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ കോഴ്സുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിലെ വനിതാ ഹോസ്റ്റലിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് അധിക സാമ്പത്തിക ബാദ്ധ്യത വിശദമായി പരിശോധിക്കുകയും എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്ത ശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയില്ല. കുടുംബശ്രീ യൂണിറ്റിന്റെയും എക്സ്-സർവ്വീസ്മെൻ സംഘടനകളുടെയും സേവനം ലഭ്യമാക്കി ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപക തസ്തികകൾ

196(884) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എന്നീ ഡിപ്പാർട്ട്മെന്റുകളിൽ എ.ഐ.സി.ടി.ഇ. നോംസ് അനുസരിച്ച് ഉണ്ടായിരിക്കേണ്ട അദ്ധ്യാപക തസ്തികകൾ ഏതെല്ലാം;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അവ എത്രകാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാത്തതെന്ന് വിശദമാക്കുമോ;

(ഡി) അദ്ധ്യാപകർ കെ.ഐ.പി.-യിൽ പോയപ്പോൾ ഉണ്ടായിട്ടുള്ള ഒഴിവുകൾ എത്ര;

(ഇ) മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും കെ.ഐ.പി ക്ക് പോയ അദ്ധ്യാപകരുടെ തസ്തികകൾ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ?

ഉത്തരം

(എ) സിവിൽ എഞ്ചിനീയറിംഗ്:

പ്രൊഫസർ	-	2
അസോസിയേറ്റ് പ്രൊഫസർ	-	5
അസിസ്റ്റന്റ് പ്രൊഫസർ	-	13

ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്:

പ്രൊഫസർ	-	3
അസോസിയേറ്റ് പ്രൊഫസർ	-	7
അസിസ്റ്റന്റ് പ്രൊഫസർ	-	21

കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് :

പ്രൊഫസർ	-	1
അസോസിയേറ്റ് പ്രൊഫസർ	-	2
അസിസ്റ്റന്റ് പ്രൊഫസർ	-	9

(ബി) സിവിൽ എഞ്ചിനീയറിംഗ്:

അസോസിയേറ്റ് പ്രൊഫസർ	-	1
അസിസ്റ്റന്റ് പ്രൊഫസർ	-	4

ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്:

പ്രൊഫസർ	-	1
അസിസ്റ്റന്റ് പ്രൊഫസർ	-	3
അസോസിയേറ്റ് പ്രൊഫസർ	-	3

കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്

അസോസിയേറ്റ് പ്രൊഫസർ	-	2
അസിസ്റ്റന്റ് പ്രൊഫസർ	-	9

2015 മുതൽ ഒഴിഞ്ഞു കിടക്കുന്നു.

(സി) പ്രിൻസിപ്പാൾ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഓപ്പൺ സെലക്ഷൻ പ്രക്രിയയിലൂടെയാണ്. എന്നാൽ യോഗ്യത സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസുകൾ നിലവിലുണ്ടായിരുന്നതിനാലാണ് പ്രൊമോഷനുകൾ നടത്തുവാൻ കഴിയാതെ വന്നത്.

(ഡി) സിവിൽ എഞ്ചിനീയറിംഗ്	-	4
കമ്പ്യൂട്ടർ സയൻസ്	-	2

(ഇ) ഉണ്ട്, 4 എണ്ണം.

കുഴൽമന്ദം ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്

197(885) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പോളിടെക്നിക്കിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) പോളിടെക്നിക്കിന് അനെർട്ടിലൂടെ ലഭ്യമായ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇവിടെ എത്തിച്ചേരാൻ റോഡ് നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വസ്തുവിന്റെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കി കിട്ടണമെന്ന ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ അപേക്ഷ 20140/J1/15/H.Edn. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. ഫയൽ ഇപ്പോൾ നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

(സി) കോളേജിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. SC/ST Pooled Fund-ൽ നിന്നും 5 കോടി രൂപ അനെർട്ട് (ANERT) ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്

198(886) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.റ്റി.-യുടെ അംഗീകാരം നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന് 2016-17 വർഷം എ.ഐ.സി.റ്റി.യുടെ അംഗീകാരം നഷ്ടമായ സാഹചര്യം വിശദമാക്കാമോ;

(സി) എ.ഐ.സി.റ്റി. അംഗീകാരത്തിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് ഓൺലൈൻ അപേക്ഷ നൽകുന്നതിലുണ്ടായ വീഴ്ചയാണ് ഇപ്രകാരം സംഭവിക്കാനിടയായതെന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(എഫ്) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന്റെ അംഗീകാരം പുനഃസ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) എ.ഐ.സി.റ്റി.ഇ. അംഗീകാരത്തിനായുള്ള അപേക്ഷ അതാത് സ്ഥാപനങ്ങൾ നേരിട്ടാണ് ഓൺലൈനായി സമർപ്പിക്കേണ്ടത്. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിന്റെ 2015-16 വർഷത്തെ എ.ഐ.സി.റ്റി.ഇ. തുടർ അംഗീകാരത്തിനായുള്ള അപേക്ഷ ഓൺലൈനായി യഥാസമയം സ്ഥാപനത്തിൽ നിന്നും സമർപ്പിച്ചുവെങ്കിലും ചില സാങ്കേതിക പിഴവ് കാരണം 'form not submitted' എന്ന സ്റ്റാറ്റസ് ആണ് കാണിച്ചത്. ഈ വസ്തുതകൾ കാണിച്ച് യഥാസമയം കൗൺസിലിന് കത്തയച്ചുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. തുടർന്ന് സ്ഥാപനത്തെ "break-in-EOA" എന്ന കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയത്. അതിനുശേഷം 2016-17 വർഷത്തെ എ.ഐ.സി.റ്റി.ഇ. തുടർഅംഗീകാരത്തിനായി

അപേക്ഷ സ്ഥാപനത്തിൽ നിന്നും സമർപ്പിച്ചു വെങ്കിലും 2015-16 വർഷത്തെ സാങ്കേതിക പിഴവ് കാരണം 2016-17 വർഷത്തെ എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് കൗൺസിൽ സ്ഥാപനത്തിൽ പരിശോധന നടത്തുകയും അദ്ധ്യാപക തസ്തികകളുടെ കുറവുൾപ്പെടെയുള്ള ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും അവ കാരണം 2016-17 വർഷത്തിൽ തുടർച്ചാനുമതി നിഷേധിക്കുകയും ചെയ്തു.

(ഡി & ഇ) വട്ടിയൂർക്കാവ് സെൻടൽ പോളിടെക്നിക്കിൽ എ.ഐ.സി.റ്റി.ഇ. അംഗീകാരം നഷ്ടപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവിയോട് വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26 തസ്തികകളുടെ കുറവ് ന്യൂനതയായി സൂചിപ്പിച്ചിരുന്നു. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 13-6-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രിയോട് തിരുവനന്തപുരം സെൻടൽ പോളിടെക്നിക്കിന് തുടർച്ചാനുമതി നൽകണമെന്നും എ.ഐ.സി.റ്റി.ഇ. കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുമെന്നും ഉറപ്പുനൽകിക്കൊണ്ട് അപേക്ഷിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള വിവിധ എം.പി.-മാർ മുഖേന വിഷയം കേന്ദ്ര മാനവവിഭവശേഷി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അംഗീകാരം നേടിയെടുക്കുന്നതിനും തീവ്രമായ ശ്രമം നടത്തിവരികയാണ്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ

199(887) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എൻജിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്;

(ബി) മുൻവർഷത്തിൽ സ്വാശ്രയകോളേജുകളിലെ മെറിറ്റ് വിഭാഗത്തിലും മാനേജ്മെന്റ് വിഭാഗത്തിലും എത്ര സീറ്റുകളാണ് ഒഴിഞ്ഞ് കിടന്നത്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ 153 എഞ്ചിനീയറിംഗ് കോളേജുകൾ 2016-17 അദ്ധ്യയന വർഷം പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്വാശ്രയ കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന മാനേജ്മെന്റ് സീറ്റുകളുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. ഒഴിഞ്ഞ് കിടന്ന മെറിറ്റ് സീറ്റുകളുടെ വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

ജില്ല	ഒഴിഞ്ഞു കിടന്ന മെറിറ്റ് സീറ്റുകൾ
കാസർഗോഡ്	391
കണ്ണൂർ	488
കോഴിക്കോട്	606
മലപ്പുറം	726
പാലക്കാട്	1142
തൃശ്ശൂർ	2171
എറണാകുളം	3083
ഇടുക്കി	310
കോട്ടയം	1038
ആലപ്പുഴ	902
പത്തനംതിട്ട	671
കൊല്ലം	1378
തിരുവനന്തപുരം	1916

(സി) ഉണ്ട്. സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ചയെ സംബന്ധിച്ചും കുറഞ്ഞ വിജയശതമാനത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതി രൂക്ഷമായി വിമർശിക്കുകയുണ്ടായി. ആയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പഠിക്കാൻ സർക്കാർ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചെയർമാനാക്കി ഒരു സമിതി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ ചെയർമാൻ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ച ചെയ്യുകയും കോളേജുകളിലെ അക്കാദമിക് ഗുണ നിലവാരം ഉയർത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

പുതിയതായി ആരംഭിച്ച എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ 2015-16 അദ്ധ്യയന വർഷത്തിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ഇതുവരെയായി 2 സെമസ്റ്റർ പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. വിജയ ശതമാനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

200(888) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര എണ്ണം റിപ്പോർട്ട് ചെയ്യാനുണ്ട്; ഇവ സംബന്ധിച്ച് സർവ്വകലാശാല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2019 ജൂൺ 30 വരെ ഈ തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്;

(സി) സർവ്വകലാശാലകളിൽ നിന്നും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് നിർദ്ദേശം നൽകുമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലുമുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ; ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനങ്ങൾ

201 (889) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ പ്യൂൺ നിയമന ലിസ്റ്റ് പുറത്തായതിൽ രജിസ്ട്രാറുടെ ഓഫീസിന് വീഴ്ച സംഭവിച്ചതായി അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻപു നടന്ന അസിസ്റ്റന്റ്-പ്യൂൺ നിയമനങ്ങളിലും ഇത്തരം ആക്ഷേപങ്ങൾ ഉയർന്നിരുന്നത് പരിശോധിക്കുമോ;

(സി) രജിസ്ട്രാറെ മാറ്റി നിർത്തി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം

202(890) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സാക്ഷരതാ പ്രേരക് മാർക്ക് നിലവിൽ കിട്ടുന്ന ഓണറേറിയം എത്ര രൂപയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1000 രൂപ ഓണറേറിയം വർദ്ധിപ്പിച്ചത് സാക്ഷരതാ പ്രേരക് മാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാർക്ക് നിലവിൽ ലഭിക്കുന്ന പ്രതിമാസ ഓണറേറിയത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1.	വികസന വിദ്യാകേന്ദ്രം പ്രേരക്	-	3800
2.	വികസന വിദ്യാകേന്ദ്രം അസി. പ്രേരക്	-	2900
3.	തുടർ വിദ്യാകേന്ദ്രം പ്രേരക്	-	2900
4.	തുടർ വിദ്യാകേന്ദ്രം അസി. പ്രേരക്	-	2500

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയത്തിൽ പ്രഖ്യാപിച്ച 1000 രൂപ വർദ്ധനവ് പ്രേരക്മാർക്ക് നൽകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഇ-ഡിസ്ട്രിക്ട് പദ്ധതി

203(891) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഈ-ഡിസ്ട്രിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കുമോ;

(സി) ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കുന്ന വിവിധയിനം സർട്ടിഫിക്കറ്റുകളിൽ നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അനുവദിച്ചുവരുന്നു.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്ന് വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/ തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുവരുന്നു.

(സി) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർക്കുന്നു.*

പീച്ചി വില്ലേജ് ഓഫീസിന്റെ ശോച്യാവസ്ഥ

204 (892) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പീച്ചി വില്ലേജ് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലമുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴ പെയ്താൽ ചോർന്നൊലിക്കുന്ന വില്ലേജ് ഓഫീസിൽ രേഖകൾ കേട് കൂടാതെ സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പീച്ചി വില്ലേജ് ഓഫീസ് കെട്ടിടം അടിയന്തരമായി നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസ് രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കെട്ടിടം ട്രസ്സ് മേയുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പീച്ചി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് വിട്ടു നൽകുന്നതിന്

205 (893) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് വിട്ടുനൽകുന്നതിനു വേണ്ടി നഗരസഭ ആവശ്യപ്പെട്ടിരുന്നതിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് അറിയിക്കുമോ?

ഉത്തരം

തലശ്ശേരി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് വിട്ടുനൽകുന്ന വിഷയം സർക്കാർ പരിഗണനയിലിരിക്കെ, ഈ വിഷയത്തെ സംബന്ധിച്ച് തലശ്ശേരി സ്പോർട്സ് ഫൗണ്ടേഷൻ ഫയൽ ചെയ്ത കേസ് ബഹു.കേരള ഹൈക്കോടതിയുടെ മുൻപാകെ വന്ന സാഹചര്യത്തിൽ പ്രസ്തുത കേസിന്മേലുള്ള അന്തിമ വിധിന്യായം കൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ സർക്കാരിന് ഈ വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

ആരാധനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി

206 (894) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമിയുടെ കണക്ക് വെളിപ്പെടുത്തുമോ ;വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഭൂമിയ്ക്ക് കൃത്യമായി നികുതി അടയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) കൃത്യമായ രേഖകളില്ലാതെ ആരാധനാലയങ്ങൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കൈവശഭൂമി നിയമവിധേയമാക്കി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ

207(895) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഈ മൺസൂൺ കാലത്തോടനുബന്ധിച്ചുണ്ടായ കാലവർഷക്കെടുതിയിൽ പാർപ്പിടങ്ങൾക്കും കൃഷികൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദുരിത ബാധിതർക്കായി എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 69 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ള വകയിൽ ആകെ 3,89,600 രൂപയുടെ നഷ്ടവും 24,56,824 രൂപയുടെ കൃഷിനാശവും കണക്കാക്കിയിട്ടുണ്ട്.

(സി) കായംകുളം നിയോജക മണ്ഡലത്തിന്റെ ഭാഗമായ കീരിക്കാട്, പുതുപ്പള്ളി, കൃഷ്ണപുരം എന്നീ പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിച്ചവരെ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നതും അവർക്ക് ഭക്ഷണം നൽകിയിട്ടുള്ളതുമാണ്. ഭവനനാശം, കൃഷിനാശം എന്നിവ സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അർഹമായ ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ്

208(896) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

1. ഇ-ഡിസ്ട്രിക്ട്
2. ഓൺലൈൻ പോക്കുവരവ് (റെലിസ്)
3. ഇ-പേമെന്റ് സിസ്റ്റം
4. ഇ-ഓഫീസ്
5. ആർ.ആർ. ഓൺലൈൻ
6. വെർച്വൽ ഐ.റ്റി. കേഡർ

(ബി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇ-ഗവേണൻസ് പദ്ധതികൾ മൂലം റവന്യൂ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നതാണ്.

(സി) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഡി) 1. സ.ഉ.(പി) നമ്പർ 24/2010/ഐ.റ്റി.ഡി. തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ ആധികാരികമാക്കിയിട്ടുണ്ട്.

2. 17-10-2015-ലെ സ.ഉ.(കൈ) നമ്പർ 575/2015/ആർ.ഡി. പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. സ.ഉ. (കൈ) നമ്പർ 117/16/ആർ.ഡി. തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേമെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
4. സ.ഉ.(കൈ.) നമ്പർ 22/2015/ഐ.റ്റി.ഡി. തീയതി 16-7-2015 പ്രകാരം 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരളസ്റ്റേറ്റ് ഐ.ടി.മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
5. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2-6-2015 ലെ സ.ഉ. (കൈ.) നമ്പർ 220/2015/ആർ.ഡി. പ്രകാരം വെർച്വൽ ഐ.ടി. കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.
6. ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ ഐ.റ്റി. സെല്ലുകളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഐ.റ്റി. സെല്ലും പ്രവർത്തിക്കുന്നുണ്ട്.

അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലം ഏറ്റെടുക്കൽ നടപടി

209(897) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂൾ നടത്തുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും അയവന സ്കൂളിന് എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകി നടപടി തുടങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ സ്ഥലത്തിന് വില നിശ്ചയിച്ചതിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ സ്ഥലവില നിശ്ചയിച്ച് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകാരം നൽകിയതിനെ തുടർന്ന് ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ജില്ലാ കളക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടെക്നിക്കൽ ഹൈസ്കൂൾ നടത്തുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമെന്ന വിവരം ശേഖരിച്ചുവരുന്നു. അയവന ടെക്നിക്കൽ സ്കൂളിന് 68.79 ആർ (1.70 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തൽ

210 (898) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ അനിശ്ചിതത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഭൂമി ഏറ്റെടുക്കലിന് വേഗത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് സർവ്വേ വിഭാഗം ജീവനക്കാരെ പിൻവലിക്കുന്നത് സംബന്ധിച്ച് സർവ്വേ വകുപ്പ് ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 1-1-2014 മുതൽ പ്രാബല്യത്തിലായിട്ടുള്ള പുതിയ എൽ.എ. നിയമം 2013-ഉം അതിനെ അടിസ്ഥാനമാക്കി പുതിയ എൽ.എ. ചട്ടങ്ങൾ 2015-ഉം നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1894-ലെ പഴയ സ്ഥലമെടുപ്പ് നിയമ പ്രകാരം 4(1) വിജ്ഞാപനം നടന്ന കേസുകളിൽ പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം അവാർഡ് പാസ്സാക്കുകയും സ്ഥലമേറ്റെടുക്കുകയും ചെയ്യുവരുന്നുണ്ട്. പുതിയ നിയമം നടപ്പിൽ വരുത്തുന്നതിന് ആവശ്യമുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ കാലതാമസമില്ലാതെ പുതിയ നിയമ പ്രകാരവും പൊന്നുംവില നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഭൂമി ഏറ്റെടുക്കാൻ നടപടികളിൽ അനിശ്ചിതത്വം നിലവിലില്ല.

(ബി) ഇല്ല.

ഭൂമി കൈവശക്കാർക്ക് അനുവദിച്ചു നൽകാൻ നടപടി

211 (899) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന മുമ്പ് കൈവശമുണ്ടായിരുന്നതും റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത പരിശോധന നടത്തിയതുമായ എത്ര ഏക്കർ ഭൂമി സംസ്ഥാനത്തുണ്ട്; ഇതിൽ എത്ര ഏക്കർ ഭൂമി കൈവശക്കാർക്ക് ഇതുവരെ അനുവദിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിനു മുമ്പുള്ള കൈവശക്കാർക്ക് ഇനി ഭൂമി വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ ഇനി എത്ര ഏക്കർ ഭൂമി വിതരണം ചെയ്യാനുണ്ട്; ഓരോ ജില്ലയിലും എത്ര വീതം;

(സി) ഇത്തരത്തിലുള്ള ഭൂമി വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് റവന്യൂവനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച വനഭൂമി 28588 ഹെക്ടർ ആണ്. ആയതിൽ 24000 ഹെക്ടറോളം ഭൂമിയിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

(ബി) സംയുക്ത പരിശോധന പൂർത്തീകരിച്ചതും എന്നാൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ 1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം പതിവ് നടപടികൾ സ്വീകരിക്കാൻ കഴിയാത്തവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതും	കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത്
തിരുവനന്തപുരം	101.21.46 ഹെക്ടർ	ഇല്ല
കൊല്ലം	729.71.60	70.00 ഹെക്ടർ
കോട്ടയം	705.27.52	ഇല്ല
പത്തനംതിട്ട	2054.68.00	60.00 ഹെക്ടർ
ഇടുക്കി	25363	25363
എറണാകുളം	670.52.42	375.00 ഹെക്ടർ
തൃശ്ശൂർ	2720.90.40	2720.00 ഹെക്ടർ
പാലക്കാട്	960.00	ഇല്ല
മലപ്പുറം	307 ഹെക്ടർ	ഇല്ല
വയനാട്	298.81 ഹെക്ടർ	ഇല്ല
കണ്ണൂർ	9.32.80	ഇല്ല
കോഴിക്കോട്	64.51.00 ഹെക്ടർ	ഇല്ല
കാസർഗോഡ്	480.48 ഹെക്ടർ	ഇല്ല

(സി) ടി വിഷയത്തിൽ 17-6-2016-ൽ റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെയും

വകുപ്പ് സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്:

1. വനം റവന്യൂ വകുപ്പിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ ഇനിയും പട്ടയവിതരണം പൂർത്തിയാക്കാൻ ബാക്കിയുള്ള ഏകദേശം 4000 ഹെക്ടർ വനഭൂമിക്ക് പകരമായി തത്തുല്യമായ റവന്യൂ ഭൂമി, ജില്ലാ കളക്ടർമാർ കണ്ടെത്തി വനം വകുപ്പിന് കൈമാറുകയോ അഥവാ ഒരിരട്ടി കൂടി ദുർബലവനഭൂമി ഫലഭൂയിഷ്ടമായ വനഭൂമിയാക്കി മാറ്റുന്നതിന് വേണ്ട വിശദാംശങ്ങൾ നൽകുകയോ ചെയ്യുന്നതിനും,

2. വനം വകുപ്പിന് കൈമാറേണ്ട റവന്യൂ ഭൂമി സംബന്ധമായ വിവരങ്ങൾ അഥവാ ദുർബല വനഭൂമി സംബന്ധിച്ച വിവരങ്ങൾ അതത് ജില്ലാ കളക്ടർമാർ 30-9-2016-നകം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതാണ്.

3. സർക്കാർ ഭൂമിക്ക് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ഭാവിയിൽ റവന്യൂ, വനം വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ കയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളേണ്ടതാണ്.

4. 1-1-1977-ന് മുമ്പ് കയ്യേറിയതും ഇനിയും സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ളതുമായ കേസുകൾ ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ റവന്യൂ-വനം വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

5. സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്രാനുമതി ലഭിച്ചതിൽ ഇനിയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ റവന്യൂ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

6. കുളത്തൂപ്പുഴ-സാം നഗർ, തെന്മല റിസർവ്വോയർ പ്രദേശത്തുള്ള 490 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് വേണ്ടി വനം വകുപ്പിന് കൈമാറി നൽകേണ്ട 90 ഏക്കർ ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

212 (900) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജ് പ്രദേശത്ത് ഉൾപ്പെട്ട ഭൂമി, പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചത് എന്നാണെന്നും ഈ നടപടി പൂർത്തീകരിക്കുന്നതിലേക്കായി നാളിതുവരെ റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; മേൽ തടസ്സങ്ങൾ ഈ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മാത്രമായുള്ളതാണോ; അതോ സംസ്ഥാനത്ത് ആകെ ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം താലൂക്കിലെ മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 0.3773 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 30-5-2013-ൽ ഭൂമി ഏറ്റെടുക്കൽ നിയമം, 1894 വകുപ്പ് 4 (1) വിജ്ഞാപനം, കേരള സർവ്വേസ് & ബൗണ്ടറീസ് ആക്ട് 1961 വകുപ്പ് 6(1) പ്രകാരമുള്ള പരസ്യം എന്നിവ പ്രസിദ്ധീകരിച്ചിരുന്നതും ഭൂമി ഏറ്റെടുക്കൽ നിയമം 1894 വകുപ്പ് (6) പ്രകാരമുള്ള പ്രഖ്യാപനം 23-6-2014-ൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. 3-3-2015-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റി ചേർന്ന് സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ച നടത്തി ജില്ലാതല പർച്ചേസ് കമ്മിറ്റി മുന്നോട്ടുവച്ച സ്ഥലവില അംഗീകരിച്ചുകൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് ഭൂമി വിട്ടുതരുന്നതിനു സമ്മതപത്രം നൽകിയത്. ഭൂരിപക്ഷം ഭൂവുടമകളും സമ്മതപത്രം നൽകാതിരുന്ന സാഹചര്യം ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരുന്നു. എന്നാൽ 8-10-2015-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റി വീണ്ടും യോഗം വിളിച്ചിരുന്നുവെങ്കിലും ഭൂവുടമകളിൽ ആരുംതന്നെ പങ്കെടുത്തിരുന്നില്ല. 2014 ജനുവരി 1 മുതൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം 'റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ റീ സെറ്റിൽമെന്റ് ആക്ട്, 2013' (എൽ.എ. ആർ.ആർ. ആക്ട്, 2013) (RFCTLARR Act-2013), നിലവിൽ വന്നിട്ടുള്ളതും ടി നിയമപ്രകാരമുള്ള ചട്ടങ്ങൾ 19-9-2015-ൽ ജി.ഒ.(പി) 470/2015/റവ. പ്രകാരം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പഴയ ഭൂമി ഏറ്റെടുക്കൽ നിയമം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(സി) 2014 ജനുവരി 1 മുതൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം 'റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ റീ സെറ്റിൽമെന്റ് ആക്ട്, 2013' (എൽ.എ.ആർ.ആർ. ആക്ട്, 2013) നിലവിൽ വരികയും, ചട്ടങ്ങൾ 19-9-2015-ൽ ജി.ഒ.(പി) 470/2015/റവ. പ്രകാരം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പഴയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്.

(ഡി) പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം എൽ.എ.ആർ.ആർ. ആക്ട്-2013 പ്രകാരം അർത്ഥനാധികാരിയിൽ നിന്നും അർത്ഥനാപത്രം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്.

കോവളം മണ്ഡലത്തിലെ തീരദേശ പട്ടയ വിതരണം

213 (901) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിൽ തീരദേശ പട്ടയം ലഭിക്കുന്നതിനായി 2012 മുതൽ എത്ര അപേക്ഷ റവന്യൂ അധികാരികൾക്ക് ലഭ്യമായിട്ടുണ്ട്; നാളിതുവരെ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്നും അവർക്ക് എന്ന് പട്ടയം നൽകുമെന്നും വ്യക്തമാക്കാമോ;

(ബി) തീരദേശ പട്ടയത്തിനായി നൽകിയ അപേക്ഷകളിൻമേൽ പരിശോധന പൂർത്തിയായിട്ടുണ്ടോ; ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) തീരദേശ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും കഷ്ടതയും കണക്കിലെടുത്ത് വേഗത്തിൽ ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കോവളം നിയോജക മണ്ഡലത്തിൽ തീരദേശ പട്ടയം ലഭിക്കുന്നതിനായി 2012 മുതൽ 2957 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും 1167 പേർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ലഭ്യമായ 1589 അപേക്ഷകളിന്മേൽ പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച നിയമാനുസൃത നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

(ബി) തീരദേശ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ പരിശോധന പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലേക്കായി നെയ്യാറ്റിൻകര തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനായി ഏറ്റെടുത്ത ഭൂമിക്കായി പകരം അനുവദിച്ച ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകണമെന്ന തീരദേശവാസികളുടെ ആവശ്യം പരിഗണനയിലാണ്.

പുതിയ താലൂക്കുകൾ

214 (902) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേണ്ടത്ര പഠനം നടത്താതെയാണ് മുൻ സർക്കാർ താലൂക്കുകൾ അനുവദിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ താലൂക്കുകൾ പ്രഖ്യാപിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ 10 എണ്ണവും 2007-ലെ സംയുക്ത പഠന റിപ്പോർട്ടിലെ (സർക്കാരും ലാൻഡ് റവന്യൂ കമ്മിഷണറേറ്റും സംയുക്തമായി തയ്യാറാക്കിയത്) ശിപാർശയിലെ പ്രയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവയാണെന്നു കാണുന്നു.

(സി) ഉണ്ട്. പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വിജയ് മല്ല്യയ്ക്ക് സ്ഥലം പതിച്ചുകൊടുത്ത നടപടി

215 (903) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ദേശീയപാതയോട് ചേർന്നുള്ള സ്ഥലം വ്യവസായി വിജയ് മല്ല്യയ്ക്ക് പതിച്ചുകൊടുത്ത കഴിഞ്ഞ സർക്കാരിന്റെ നടപടികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് പതിച്ചുകൊടുത്തതെന്നും എത്ര രൂപ മതിപ്പുവില വരുന്നതാണെന്നും ഇതിനായി എത്ര തുകയാണ് മുൻ സർക്കാർ വസൂലാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇടപാടുമൂലം സർക്കാരിന് എത്ര കോടി രൂപ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന് നൽകുന്നതിനുവേണ്ടി അക്വയർ ചെയ്തിരുന്ന 586.10 ഏക്കർ ഭൂമിയിൽ നിന്നും ഒരു ഭാഗം ഭൂമി ചിറ്റൂർ ഷുഗേഴ്സ് ലിമിറ്റഡിന് കരിമ്പ് കൃഷിക്കുവേണ്ടി പാട്ടത്തിന് നൽകിയിരുന്നു. ടി ഭൂമിയിൽ നിന്ന് 20 ഏക്കർ തിരിച്ചെടുത്ത് 17-3-1971-ൽ പ്രീമിയർ ബ്രൂവറീസ് ലിമിറ്റഡിന് വ്യാവസായിക ആവശ്യത്തിന് കൈമാറിയിട്ടുണ്ട്. 2-4-2005-ലെ സ.ഉ. (കൈ) 87/05/റവന്യൂ പ്രകാരം ടി 20 ഏക്കർ സ്ഥലം സെന്റ് ഒന്നിന് 20,000 രൂപ പ്രകാരം കമ്പോള വിലയും ടി ഭൂമി കൈമാറിയ തീയതി 17-3-1971 മുതൽക്കുള്ള 6 ശതമാനം പലിശയും ഈടാക്കിക്കൊണ്ട് പതിച്ചു നൽകാൻ ഉത്തരവാകുകയും അപ്രകാരം ആകെ 14,03,26,576 രൂപ വസൂലാക്കിയിട്ടുള്ളതുമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പട്ടയ വിതരണം

216 (904) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കർഷകർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പട്ടയത്തിന് അപേക്ഷിച്ചവരിൽ വിവിധ ജില്ലകളിലായി ഇനി എത്രപേർക്ക് പട്ടയം നൽകുവാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

മുക്കം മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി

217(905) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളെന്തെന്ന് വിശദമാക്കാമോ;

(സി) മുക്കം മിനി സിവിൽ സ്റ്റേഷൻ അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാവാത്തതിനാൽ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം , കെട്ടിടം റവന്യൂ വിഭാഗത്തിന് കൈമാറിയിട്ടില്ല.

(സി) കെട്ടിടം കൈമാറുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭ്രരഹിത കേരളം പദ്ധതി

218 (906) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭ്രരഹിത കേരളം പദ്ധതി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഭ്രരഹിതരായ എത്ര പേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ഭൂമി ലഭിക്കുന്നതിനു വേണ്ടി നൽകിയ അപേക്ഷകൾ എത്രയാണെന്നും ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം എത്ര പേർക്കാണ് ഭൂമി നൽകിയിട്ടുള്ളത്; നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ഭൂമി ലഭിച്ചവർ അതുപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഭ്രരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കപ്പെട്ട ജില്ലകളേതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം പദ്ധതി നടപടികൾ ആരംഭിച്ചു.

(ബി) സംസ്ഥാനത്തെ ഭ്രരഹിതരായ വ്യക്തികളുടെ കണക്കെടുപ്പ്

നടത്തിയിട്ടില്ല. എന്നാൽ ഭൂമി ലഭിക്കുന്നതിനു സമർപ്പിച്ചിരുന്ന 2,91,998 അപേക്ഷകളിൽ നിന്ന് ഭൂരഹിത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 244124 ഭൂരഹിത കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഇവയിൽ അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യം സംഭവിച്ചവർ, വിധവകൾ തുടങ്ങിയവർക്ക് മുൻഗണന ലഭിക്കത്തക്ക രീതയിൽ വില്ലേജ്തല ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നതനുസരിച്ച് ലിസ്റ്റിലെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നു.

(സി) പദ്ധതി പ്രകാരം 58398 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഇതിൽ 29,875 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരുന്നു. നൽകിയിട്ടുള്ള ഭൂമികളിൽ വാസയോഗ്യമല്ലാത്തവ ഉൾപ്പെട്ടിട്ടുള്ളതായും അത് സ്വീകരിക്കാൻ തയ്യാറല്ലാത്തതുമായ കേസുകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചുവരികയാണ്.

(ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകൾ.

അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

219 (907) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ആഭ്യന്തര വകുപ്പിനു കൈമാറുന്നതിനുള്ള ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് ഈ ഫയൽ റവന്യൂ വകുപ്പിന് ലഭിച്ചത്; വിശദമാക്കുമോ;

(ബി) ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ക്യാബിനറ്റ് തീരുമാനം ആയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) ഈ ഫയലിന്മേൽ ക്യാബിനറ്റ് തീരുമാനം ഉണ്ടാകാൻ താമസം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ സർവ്വേ നമ്പർ 36/8-ൽപ്പെട്ട 24 സെന്റ് ഭൂമി അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിക്കുന്നതിനുള്ള ഫയൽ 19-8-2011-ൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. BTR പ്രകാരം പ്രസ്തുത ഭൂമി കുളം പുറമ്പോക്കാണ്. നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പ്രസ്തുത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി കൈമാറ്റ നിർദ്ദേശം സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ സർവ്വേ അദാലത്തുകൾ

220(908) ശ്രീ. പി. ടി. തോമസ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് റവന്യൂ സർവ്വേ അദാലത്തുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) അദാലത്തുകൾ മുഖേന എത്ര ലക്ഷം പരാതികളിൻമേൽ പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ-സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ദീർഘനാളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ

നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമായിരുന്നു അദാലത്തിന്റെ ലക്ഷ്യം.

(സി) 373323 പരാതികളിന്മേൽ പരിഹാരം ഉണ്ടായിട്ടുണ്ട്.

(ഡി) റവന്യൂ-സർവ്വേ അദാലത്തിന്റെ നടത്തിപ്പിനായി ഓരോ ജില്ലയിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ഓരോ താലൂക്കിലേയും ചാർജ്ജ് ഓഫീസർമാരെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയും കൂടാതെ ഓരോ താലൂക്കിലും അഡീഷണൽ തഹസിൽദാർമാർ, ഡെപ്യൂട്ടി തഹസിൽദാർമാർ എന്നിവരുടെ നേതൃത്വത്തിൽ വിഷയാടിസ്ഥാനത്തിൽ ഓരോ ടീം രൂപീകരിച്ച് പുരോഗതി വിലയിരുത്തിയും പരാതികൾക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്.

പട്ടയം ലഭിക്കാതെ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾ

221 (909) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം ലഭിക്കാതെ പാറ, തോട്, റോഡ്, പുഴ പുറമ്പോക്കുകളിൽ ദീർഘനാളായി താമസിക്കുന്നവരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള കുടുംബങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കോതമംഗലം താലൂക്കിൽ പട്ടയത്തിന് അപേക്ഷിച്ചിരിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടയമില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ അപേക്ഷയിന്മേൽ പട്ടയം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ കണക്കെടുത്തിട്ടില്ല.

(ബി) 106.

(സി) അർഹായവർക്ക് പട്ടയം കൊടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊച്ചി താലൂക്കിലെ ഭ്രൂഹിതർ

222 (910) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, രാമേശ്വരം, തോപ്പുംപടി വില്ലേജുകളിലായി ഭ്രൂഹിതരായ എത്ര

കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഭൂമി നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭൂരഹിതരും ഭവനരഹിതരുമായ ഇവരുടെ പ്രശ്നപരിഹാരത്തിന് എന്ത് ഉപാധിയാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കൊച്ചി താലൂക്കിൽ ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, രാമേശ്വരം, തോപ്പുംപടി വില്ലേജുകളിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

ഫോർട്ടുകൊച്ചി	-	2220
മട്ടാഞ്ചേരി വില്ലേജ്	-	2546
രാമേശ്വരം	-	1464
തോപ്പുംപടി വില്ലേജ്	-	871

(ബി) വീട് വയ്ക്കാൻ അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികളുടെ ലഭ്യത തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അനുയോജ്യമായ ഭൂമി നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) ഭൂരഹിതരായ കുടുംബങ്ങളിൽ സാമ്പത്തിക ശേഷി തീരെ കുറഞ്ഞവർക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി ഭൂമി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ചീമേനി വില്ലേജിൽ കൈവശക്കാരായവർക്ക് പട്ടയം

223 (911) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ -ചീമേനി പഞ്ചായത്തിൽപ്പെട്ട ചീമേനി വില്ലേജിൽ കൈവശക്കാരായ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും പട്ടയം ലഭിക്കാത്ത എത്ര പേരുണ്ടെന്നും ഇവർക്ക് പട്ടയം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കയ്യൂർ - ചീമേനി പഞ്ചായത്തിൽപ്പെട്ട ചീമേനി വില്ലേജിൽ മിച്ചഭൂമി കൈവശക്കാരായവരിൽ 187 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 210 പേർക്ക് ഇനി നൽകാനുണ്ട്. ഇവർക്ക് 3 മാസത്തിനകം പട്ടയം വിതരണം ചെയ്യാൻ കഴിയും.

ചീമേനി പഞ്ചായത്തിലെ ബസ് സ്റ്റാന്റ് നിർമ്മാണത്തിനുള്ള ഭൂമി'

224 (912) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിൽ ബസ്സ് സ്റ്റാൻറ് നിർമ്മാണത്തിനായി പഞ്ചായത്ത് വർഷങ്ങളായി ആവശ്യപ്പെട്ടു വരുന്ന ഭൂമി അനുവദിച്ച് നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുതാല്പര്യാർത്ഥം ഈ ഭൂമി, പഞ്ചായത്തിന് അനുവദിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ റീസർവ്വേ നമ്പർ 260/1 എ 1, എ 1-ൽപ്പെട്ട 2.47 ഏക്കർ ഭൂമി ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് അനുവദിക്കുന്നതിനായുള്ള ശിപാർശയോടൊപ്പം ഭൂമി ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം ലഭ്യമായിട്ടില്ല. ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ നടപടിക്രമങ്ങളിൽ തടസ്സം നേരിടുന്നത് സംബന്ധിച്ച്

225 (913) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ, കക്കാട്, കൊടിയത്തൂർ വില്ലേജുകളിലെ ചില പ്രദേശങ്ങളിൽ നിരവധി വർഷങ്ങളായി താമസിച്ചു വരുന്നവരുടെയും കർഷകരുടെയും ഭൂമിക്ക് തോട്ടം ഭൂമിയാണെന്ന കാരണത്താൽ നികുതി സ്വീകരിക്കുന്നതിനും കൈവശവകാശ രേഖ ലഭിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും പ്രയാസം നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഭൂപരിഷ്കരണ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

അനധികൃത റവന്യൂ ഭൂമി കയ്യേറ്റം

226 (914) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് അനധികൃത റവന്യൂ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനധികൃതമായി കയ്യേറിയ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; സർക്കാർ ഭൂമി അനധികൃതമായി കയ്യേറ്റം നടത്തുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനധികൃത ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 1751 കേസുകൾ നിലവിലുണ്ട്.

(ബി) അനധികൃതമായി കയ്യേറിയ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ട്. കയ്യേറ്റം തടയുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്റർ

227 (915) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ ആലപ്പുഴ ജില്ലയിലെ തുറവൂർ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സർവ്വകലാശാല ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്;

(ബി) കണ്ടെത്തിയ സ്ഥലം എവിടെയാണെന്നും എത്ര ഏക്കർ വരുമെന്നും ആരൊക്കെയാണ് സ്ഥലം ഉടമകൾ എന്നും വിശദമാക്കാമോ;

(സി) സ്ഥലത്തിന്റെ വില നിർണ്ണയിച്ച് ഉടമകൾക്ക് നൽകുന്നതിനുള്ള ഡി.എൽ.പി.സി. കൂടിയോ എന്ന് അറിയിക്കാമോ;

(ഡി) ഡി.എൽ.പി.സി. കൂടുന്നതിന് ഇനി എത്ര നാൾ വേണ്ടിവരുമെന്നും ഇതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും സ്ഥലത്തിനുള്ള വില നൽകണമെന്നുള്ള നിർദ്ദേശം സർവ്വകലാശാലാ അധികൃതരെയും ജില്ലാ കളക്ടറെയും അരൂർ എം.എൽ.എ. അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിരവധി കോഴ്സുകൾ ഉള്ള ഈ സബ് സെന്ററിന്റെ ശോചനീയാവസ്ഥ

പരിഗണിച്ച് എത്രയും വേഗം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ 2-3-2015-ൽ ശിപാർശ സമർപ്പിച്ചിട്ടുള്ളത് പ്രകാരം 18-6-2015-ലെ സ.ഉ.(സ) നമ്പർ 3142/15/റവ. പ്രകാരം തുറവൂർ തെക്ക് വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിലായി 243 ആർസ് സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3-7-2015-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ. എ. ജനറലിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കേണ്ട വസ്തു സംബന്ധിച്ച് അവ്യക്തത ഉള്ളതിനാലും ഉദ്ദേശിച്ച ഫണ്ട് ലഭ്യമാകാത്തതിനാലും തുടർ നടപടി സ്വീകരിച്ചിട്ടില്ലെന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്. സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള സർവ്വെ നടത്തുന്നതിന് മുന്നോടിയായുള്ള വിജ്ഞാപനം 3-11-2015-ൽ 2446-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി സ്ഥലമെടുപ്പ് നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് അർത്ഥനാധികാരി ടി സ്ഥലം ഐഡന്റിഫൈ ചെയ്ത് നൽകേണ്ടതായിട്ടുണ്ട്.

(ബി) തുറവൂർ തെക്ക് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലുള്ള 243 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുള്ളതാണ്. സ്ഥല ഉടമകൾ ആരൊക്കെയാണെന്ന് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഡി.എൽ.പി.സി. കൂടിയിട്ടില്ല.

(ഡി) ഡി.എൽ.പി.സി. കൂടുന്നതിനായി ടി വസ്തുവിന്റെ അടിസ്ഥാന വില നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. ടി സ്ഥലമെടുപ്പ് നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് അർത്ഥനാധികാരി വസ്തു ഐഡന്റിഫൈ ചെയ്ത് നൽകിയശേഷം അടിസ്ഥാന വില നിർണ്ണയിച്ച് ഡി.എൽ.പി.സി. കൂടുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) സ്ഥലമേറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ഒല്ലൂർ നിയോജക മണ്ഡലത്തിലെ റീസർവ്വേ

228 (916) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വില്ലേജുകളിൽ റീ സർവ്വേ പൂർത്തിയാക്കിയവയുടെയും പൂർത്തിയാക്കാത്തവയുടെയും ലിസ്റ്റ് ലഭ്യമാക്കാമോ:

(ബി) പട്ടയം ലഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും റീ-സർവ്വേ പൂർത്തീകരിക്കാത്തതുമൂലം പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റീ-സർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകളിൽ അടിയന്തരമായി റീ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ: കുറിച്ചിക്കര, പാണഞ്ചേരി, മരത്താക്കര, എടക്കുന്നി, ഒല്ലൂർ.

റീസർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകൾ: കൊഴുക്കുള്ളി, നടത്തറ, മാടക്കത്തറ, വെള്ളാനിക്കര, മുളയം, ഒല്ലൂക്കര, പീച്ചി, കൈനൂർ, മാന്ദാമംഗലം, പുത്തൂർ, കണിമംഗലം, ചിയ്യാരം, കൂർക്കഞ്ചേരി.

(ബി) പട്ടയം ലഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും റീസർവ്വേ പൂർത്തീകരിക്കാത്തതുമൂലം പട്ടയം ലഭിക്കാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

കായംകുളം ഫിഷിംഗ് ഹാർബർ സ്ഥലം കയ്യേറ്റം ഒഴിപ്പിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടി

229 (917) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ സ്ഥലം സർവ്വേ ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഹാർബറിന്റെ സ്ഥലം സമീപവാസികൾ കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് എത്ര ഭൂമിയാണ് അക്വയർ ചെയ്തിട്ടുള്ളത്;

(ഡി) ഹാർബറിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ

നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ഭൂമിയാണ് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്;

(ഇ) സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ ആലപ്പുഴ ജില്ലയുടെ ഭാഗമായ ആറാട്ടുപുഴ പ്രദേശം സർവ്വേ ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കൊല്ലം ജില്ലയിൽ ഉൾപ്പെട്ട ഭാഗങ്ങൾ സർവ്വേ ചെയ്തിട്ടില്ല. ഫിഷിംഗ് ഹാർബർ സ്ഥിതി ചെയ്യുന്ന കായൽ പുറമ്പോക്ക് സ്ഥലത്ത് വിവിധ സ്വകാര്യ വ്യക്തികൾക്ക് വിവിധ പട്ടയങ്ങൾ പ്രകാരം 55 ആർ സ്ഥലം പതിച്ചുനൽകിയിട്ടുള്ളതും ശേഷിക്കുന്ന റീസർവ്വേ 157/1-ൽപ്പെട്ട സ്ഥലത്തെ സ്വകാര്യ വ്യക്തികളുമായി വിവിധ കോടതികളിൽ കേസ് നിലവിലുള്ളതുമാണ്. കോടതി വ്യവഹാരം തുടരുന്നതിനാൽ ടി സ്ഥലം സർവ്വേ ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ 16.08 ആർസ് ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടില്ല. എന്നാൽ ബ്രേക്ക് വാട്ടറിന് ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ആലപ്പുഴ ജില്ലയിൽ അനധികൃത കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊല്ലം ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേസുകൾ നിലനിൽക്കുന്നതിനാൽ അളവ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഇ) കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ ആയത് ഒഴിപ്പിക്കുവാൻ ഭൂമി സംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കുന്നതാണ്.

ചെല്ലാനം വില്ലേജ്

230(918) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ ഉൾപ്പെട്ട ചെല്ലാനം പഞ്ചായത്തിന്റെ ഒരു ഭാഗം ചെല്ലാനം വില്ലേജിലും ബാക്കി ഭാഗം കുമ്പളങ്ങി രാമേശ്വരം വില്ലേജുകളിലുമാണെന്നത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചെല്ലാനം വില്ലേജ് ഒഴികെയുള്ള മറ്റു പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പുതിയ വില്ലേജ് (കണ്ണമാലി) വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ വില്ലേജ് രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുമ്പളങ്ങി വില്ലേജിൽ വരുന്ന സ്ഥലങ്ങൾ കുമ്പളങ്ങി പഞ്ചായത്തിന്റെയും രാമേശ്വരം വില്ലേജിൽ വരുന്ന ഭാഗം കൊച്ചി കോർപ്പറേഷന്റെയും ഭാഗമായി ഉൾക്കൊള്ളിച്ച് പ്രശ്നം പരിഹരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മലപ്പുറം കോട്ടപ്പടി ബൈപ്പാസിന്റെ സ്ഥലമെടുപ്പ്

231 (919) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് സ്ഥലമുടമകൾക്ക് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഈ തുക വിതരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുകയായ 24 കോടി 2 ലക്ഷം രൂപ നിശ്ചയിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിയായ മഞ്ചേരി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മലപ്പുറം ജില്ലാ കളക്ടർ 25-2-2016-ലെ കത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒല്ലൂർ മണ്ഡലത്തിലെ പട്ടയ വിതരണം

232 (920) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വിവിധ ഇനങ്ങളിലായി പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും നൽകുമോ;

(സി) മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വിവിധ ഇനങ്ങളിലായി പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെയും പട്ടയം നൽകിയതിന്റെ വിശദാംശങ്ങളും ഇനംതിരിച്ച് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഇനം	അപേക്ഷകളുടെ എണ്ണം	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1	റവന്യൂ പുറമ്പോക്ക്	183	39	1.9541
2	കോളനി	78	7	0.0891
3	മിച്ചഭൂമി	...	10	0.3511
4	വനഭൂമി	1200	17	3.7545

(സി) അർഹരായവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

വിവാദമായ സർക്കാർ ഉത്തരവുകൾ

233 (921) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് റവന്യൂ വകുപ്പ് ഇറക്കിയ പല ഉത്തരവുകളും വിവാദമായത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉത്തരവുകൾ ഇറക്കിയതിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ക്യാബിനറ്റിൽ വച്ച് നടത്തിയ ഉത്തരവുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) നിലം നികത്താൻ അനുമതി കൊടുത്തത് ആർക്കൊക്കെയാണ്; വിശദമാക്കുമോ;

(എഫ്) അനധികൃതമായി സർക്കാർ ഭൂമികൾ പതിച്ചു കൊടുത്തത് ഏതൊക്കെ സംഘടനകൾക്ക്/വ്യക്തികൾക്ക് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്ത് എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗതീരുമാനങ്ങളും അതാത് വകുപ്പുസെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ ശ്രീ. എ. കെ. ബാലൻ കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത സമിതിയുടെ

ശിപാർശയനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതി

234 (922) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ഇതുവഴി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ റവന്യൂ ഭരണം കൂടുതൽ പൗരോന്മുഖവും കാര്യക്ഷമവുമാക്കുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. ഭൂരേഖകളുടെ ശരിയായ സംരക്ഷണവും നാളതീകരണവും പദ്ധതിയുടെ മറ്റൊരു പ്രധാന ഉദ്ദേശ്യമാണ്.

(സി) ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലേക്കും ഓൺലൈൻ ടാക്സ് പേമെന്റ് സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്ന് തന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം

വഴി അടയ്ക്കുവാൻ സാധിക്കുക എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേക്ക് പിരിഞ്ഞു കിട്ടേണ്ട മറ്റു നികുതികളും അടയ്ക്കുവാൻ സാധിക്കുന്നതാണ്.

(ഡി) G.O.(Ms) No. 117/2016/RD. തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേമെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ

235 (923) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തിയായ ശേഷവും നിശ്ചയിക്കപ്പെട്ട ഓഫീസുകൾ സിവിൽ സ്റ്റേഷനിലേക്ക് മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതിന് നേരിടുന്ന സാമ്പത്തിക തടസ്സം പരിഹരിക്കുമോ;

(സി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതിന്റെ സാങ്കേതിക തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; ആയത് ഉടൻ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തിനകം മാറ്റുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിശ്ചയിച്ച 4 ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറുവാനുണ്ട്. പ്രസ്തുത ഓഫീസുകൾ ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങളുടെ ഇന്റീരിയർ പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഓഫീസ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം മിനി സിവിൽ സ്റ്റേഷനിലേക്ക്

മാറുന്നതാണ്.

ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി വിട്ടുനൽകിയ ഭൂമിക്ക് നഷ്ടപരിഹാരം

236 (924) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും ഇവ ഏതൊക്കെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയായിരുന്നുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാലം നിർമ്മാണത്തിനായി വിട്ടുനല്കിയ ഭൂമിക്ക് നഷ്ടപരിഹാരം നല്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ തുക ഭൂഉടമകൾക്ക് നല്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി എത്രയും വേഗം ഇത് അർഹരായവർക്ക് നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനുള്ള 1.2456 ഹെക്ടർ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിന് പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനത്തിൽ ഉൾപ്പെട്ട സർവ്വേ നമ്പരുകളിലെ വില്ലേജ് തണ്ടപ്പേർ പ്രകാരമുള്ള കക്ഷികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) നഷ്ടപരിഹാര തുക അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലമെടുപ്പ് ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ) തിരുവനന്തപുരത്തിന് നൽകിയിട്ടില്ല. അതിനാൽ അവാർഡ് പാസ്സാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടില്ല.

(ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫണ്ട് ലഭ്യമാക്കാത്തതിനാൽ പൊന്നും വില നടപടി കാലഹരണപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

237 (925) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷങ്ങൾക്ക് മുൻപ് ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം വിലയ്ക്കു വാങ്ങിയവർക്ക് ഇനിയും തീറാധാരം നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച കേസുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്ക് തീറാധാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ ആകെയുള്ള 124 അലോട്ടികളിൽ 102 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്.

(ബി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. DSC ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പായി എന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30 ശതമാനം സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും 52 വീടുകളുടെയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 22 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

ചാലക്കുടി മണ്ഡലത്തിലെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി

238(926) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകൾക്ക് കീഴിൽ വികസനത്തിന് ആവശ്യമില്ലാത്ത പുറമ്പോക്ക് ഭൂമികളിൽ, വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ടി അപേക്ഷകളിൽ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്:

1. പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികൾ പതിച്ച് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പൊതുമരാമത്ത് വകുപ്പ് റോഡ്, കോട്ട, ഇറിഗേഷൻ വകുപ്പിന്റെ കനാൽ പുറമ്പോക്ക് എന്നിവയ്ക്ക് പട്ടയങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാകേണ്ടതുണ്ട്.

3. തരിശ്/വില്ലേജ് റിസർവ്/പാറ പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ പതിവു കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ടാംവേ പുറമ്പോക്ക് പട്ടയം സംബന്ധിച്ച് പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സ്ഥലപരിശോധനകൾ നടത്തിവരുന്നു.

5. കുളം, ചിറ പുറമ്പോക്കുകൾ നിലവിലുള്ള നിയമപ്രകാരം പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ഗസറ്റ് വിജ്ഞാപനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

7. വനഭൂമിയുടെ സമീപമുള്ള വില്ലേജുകളിൽ അധിഷ്ഠാന നികുതി രജിസ്റ്ററിന്റെ എ രജിസ്റ്ററിൽ വനഭൂമി എന്നും, ബി രജിസ്റ്ററിൽ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ അത്തരം ഭൂമികളുടെ സർവ്വെ നമ്പറുകൾ പതിവുലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പതിവു കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ തഹസിൽദാർ സ്വീകരിച്ചുവരുന്നുണ്ട്.

നെൽവയൽ - തണ്ണീർത്തടങ്ങൾ

239 (927) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് പരിധിയിൽ നെൽവയൽ - തണ്ണീർത്തടങ്ങൾ (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടവയടക്കം) മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് പരാതി നൽകിയവരുടെ പേരും, മേൽ വിലാസവും വിശദമാക്കുമോ;

(ബി) നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഓരോ പരാതിയിന്മേലും സ്വീകരിച്ച നടപടികൾ തീയതി സഹിതം വിശദമാക്കുമോ;

(സി) സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകളുണ്ടായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) മണ്ണിട്ടു നികത്തിയ സ്ഥലങ്ങളിൽ നിന്നും മണ്ണെടുത്ത് മാറ്റുന്നത് സംബന്ധിച്ചുള്ള ഓരോ പരാതിയിന്മേലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഇ) ഇതുവരെ മണ്ണെടുത്ത് മാറ്റിയിട്ടില്ലെങ്കിൽ അടിയന്തരമായി മണ്ണ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് താലൂക്ക് പരിധിയിൽ നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നതുമായി ബന്ധപ്പെട്ട് പരാതി നൽകിയവരുടെ വിവരം താഴെ നൽകുന്നു:

1. ശ്രീമതി ഷൈലജ മുതൽപേർ, ശ്രീരാഗം വീട്ടിൽ
2. ശ്രീ. അനിൽ കുമാർ, വെങ്ങളം വയൽ സംരക്ഷണ സമിതി, മാമ്പറ്റ
3. ശ്രീ. കീഴാലഞ്ചേരി രത്നാകരൻ, കരുവിശ്ശേരി
4. ശ്രീ. ഇ. സതീഷ്, കൺവീനർ, പ്രകൃതി സംരക്ഷണ സമിതി
5. ശ്രീ. എ. എം. ഭക്തവൽസൻ, ഹനുമാൻ സേന ഭാരത്
6. ശ്രീ. അഭിലാഷ് മലയിൽ, പെരുമുഖം
7. ശ്രീ. ബിനീഷ്, ചെറുവത്തൂർ വീട്, തലക്കുളത്തൂർ
8. ശ്രീ. ബിനു സി. എ., ചെമ്പോട്ടിക്കൽ വീട്, കുമാരനല്ലൂർ

9. ശ്രീ. എം. കെ. ഭരതൻ മുതൽ പേർ, ജിഷസ്, കോവൂർ
10. ശ്രീ. കീഴാലഞ്ചേരി രത്നാകരൻ, കരുവിശ്ശേരി
11. ശ്രീ. ശശീന്ദ്രൻ, പുതയേടത്ത്, ചേളന്നൂർ മുതൽ പേർ
12. ശ്രീ. കെ. വാസുണ്ണി നായർ, കൺവീനർ, പെരിങ്കൊല്ലൻ തോട് സംരക്ഷണ സമിതി.
13. ശ്രീ. സുധാകരൻ, പാലാഴി, പന്തീരാങ്കാവ് മുതൽ പേർ
14. ശ്രീ. ദിനേശ് നടുവല്ലൂർ, കാക്കൂർ
15. ശ്രീ. ബാലകൃഷ്ണൻ, ഇരട്ടക്കുളങ്ങര, നീലേശ്വരം
16. പ്രവദ റസിഡൻസ് അസോസിയേഷൻ, പുതിയ പാലം
17. ശ്രീ. ടി. ശ്രീരാഗ്, മേരിക്കുന്ന്
18. ശ്രീ. കേളുക്കുട്ടി മുതൽ പേർ, നന്മണ്ട
19. സെക്രട്ടറി, ശിവസേന കോഴിക്കോട് ജില്ലാ കമ്മിറ്റി
20. ശ്രീ. രമേശൻ, കൺവീനർ, കൊട്ടാരത്തിൽതാഴം നെൽവയൽ സംരക്ഷണ സമിതി.
21. ശ്രീ. നേർപൊഴിയിൽ ഇസ്മായിൽ മുതൽ പേർ, മടവൂർ വില്ലേജ്
22. ശ്രീ. തെക്കേടത്ത് പത്മനാഭൻ മുതൽ പേർ, കുറ്റിക്കാട്ടൂർ വില്ലേജ്
23. ശ്രീ. നിഖിൽ, സേവാമന്ദിരം സ്കൂൾ സമീപം, രാമനാട്ടുകര
24. സെക്രട്ടറി, തീരം റസിഡൻസ് അസോസിയേഷൻ, അരക്കിണർ
25. മാനേജിംഗ് ട്രസ്റ്റി, ശ്രീമൂകാംബിക ദേവി ജീവകാരുണ്യ നിയമസഹായ സംരക്ഷണ ചാരിറ്റബിൾ ട്രസ്റ്റ്.
26. ശ്രീ. ടി. രാഘവൻനായർ, ഡട്ട് കോമ്പൗണ്ട്, മാങ്കാവ്, വളയനാട്
27. പ്രവർത്തകർ, വളയനാട് നെൽവയൽ സംരക്ഷണ സമിതി
28. ശ്രീ. വിജയൻ പളനിക്കാട് പുഞ്ച, തണ്ണീർപ്പന്തൽ
29. സെക്രട്ടറി, മുണ്ടുപാലം, കുളത്തേടുതാഴം ആക്ഷൻ കമ്മിറ്റി
30. ശ്രീ. ഷഫീക്ക് റഹ്മാൻ ഫർദ്ദി, മണ്ണൂർ പി.ഒ., കടലുണ്ടി

31. ശ്രീ. അഭിലാഷ്, മലയിൽ പറമ്പിൽ ഹൗസ്, പെരുമുഖം പി.ഒ., ഫറോക്ക്

32. സെക്രട്ടറി, ചെമ്മരം തണ്ണീർത്തോട് സംരക്ഷണ സമിതി, ബേപ്പൂർ

33. പ്രസിഡന്റ്, വയലോരം റസിഡൻസ് അസോസിയേഷൻ, പെരിങ്ങളം

34. സെക്രട്ടറി, ഒരുമ അയൽപക്കവേദി, പൂവാട്ടുപറമ്പ്

35. ശ്രീ. മുഹമ്മദ് കുഞ്ഞിക്കോയ, മംഗലശ്ശേരി, ആലക്കോട് പി.ഒ.

36. ശ്രീ. പറന്നാട്ടിൽ ശിവൻ, നെൽവയൽ സംരക്ഷണ സമിതി, പൂളക്കോട്

37. കൺവീനർ, വയൽ സംരക്ഷണ സമിതി, നെച്ചിപൊയിൽ

38. ശ്രീ. ഉമൈസ് മുതൽ പേർ, വയൽ സംരക്ഷണ കമ്മിറ്റി, പൊറ്റമ്മൽ

39. ശ്രീ. എം. വിശ്വനാഥ കുറുപ്പ്, ചിരാഗ്, കാരന്തൂർ

40. സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്

41. വെണ്ണക്കോട് നെൽവയൽ നീർത്തട സംരക്ഷണ സമിതി സെക്രട്ടറി

42. ശ്രീ. കെ. എം. അബൂബക്കർ മുതൽ പേർ, പെരുമണ്ണ, വാർഡ് 20

(ബി) മേൽ കേസുകളിലെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. നിലം നികത്തിയ സ്ഥലങ്ങളിൽ അതാത് വില്ലേജ് ഓഫീസർമാർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. അത്തരം കേസ്സുകളിൽ നിയമനാസൃതമുള്ള വിചാരണയും സ്ഥല പരിശോധനയും നടത്തി ആവശ്യമായവയിൽ വകുപ്പ് 13 പ്രകാരവും വകുപ്പ് 23 പ്രകാരവുമുള്ള നടപടികൾ നിയമാനുസൃതം സ്വീകരിച്ചുവരുന്നു.

(സി & ഡി) വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അത്തരം കേസുകളിൽ വിചാരണയും സ്ഥല പരിശോധനയും നടത്തി മണ്ണെടുത്ത മാറ്റുന്നതിന് ഉത്തരവാകുകയും അതിന് അതാത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയുമാണ് ചെയ്തുവരുന്നത്. മണ്ണെടുത്ത് മാറ്റാത്ത കേസ്സുകളിൽ മണ്ണെടുത്ത് മാറ്റുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്കും പ്രസ്തുത തുക സ്ഥല ഉടമയിൽ നിന്ന് ഈടാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

കേരളത്തിലെ സബ് താലൂക്കുകൾ

240 (928) ശ്രീ. പി. ടി .എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് താലൂക്കുകൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പൂർണ്ണ താലൂക്ക് പദവിയിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(സി) കുന്ദമംഗലം സബ് താലൂക്കിനെ താലൂക്കായി ഉയർത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഒരു സബ് താലൂക്കാണ് നിലവിലുള്ളത്. അത് കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം സബ് താലൂക്കാണ്.

(ബി) പുതിയ താലൂക്ക് രൂപീകരണം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഉണ്ട്. കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും പുതിയ താലൂക്കുകളുടെ രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലാത്തതിനാൽ കുന്ദമംഗലം സബ് താലൂക്കിനെ താലൂക്കായി ഉയർത്തുന്ന വിഷയം അംഗീകരിക്കുകയുണ്ടായില്ല.

മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയപ്രശ്നം

241(929) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജ് ചേന്ദമംഗല്ലൂർ- മംഗലശ്ശേരി തോട്ടം നിവാസികൾക്ക് നിരവധി വർഷങ്ങളായി ഭൂഉടമസ്ഥത സംബന്ധിച്ച് സർക്കാർ രേഖകൾ ലഭ്യമല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഉടമസ്ഥത സംബന്ധിച്ച് നിലവിൽ എന്തെല്ലാം സാങ്കേതിക പ്രശ്നങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്നതിന് എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിച്ച് മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥലത്തെ കൈവശക്കാർക്ക് പട്ടയം കൊടുക്കുന്ന നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. നടപടികൾ ആരംഭിച്ച സമയത്ത് കൈവശാവകാശം ലഭിച്ചിരുന്ന ഭൂരിഭാഗം വ്യക്തികളും വ്യവസ്ഥകൾ ലംഘിച്ച് ഭൂമി കൈമാറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെടുകയും ടി വ്യക്തികളുടെ പട്ടയം റദ്ദു ചെയ്ത് നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. പട്ടയം ലഭിക്കാൻ അർഹതയുള്ളതായി കണ്ടെത്തിയവരുടെ ലിസ്റ്റ് ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ജില്ലാ കളക്ടർ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് മന്ത്രിസഭായോഗം തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത മന്ത്രിസഭാ യോഗതീരുമാനം അനുസരിച്ച് ടി വിഷയത്തിന്മേൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ടി ഫയൽ പ്രസ്തുത വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം മുമ്പ് തൃക്കളയൂർ ദേവസ്വം ഭൂമിയാണെന്ന അവകാശവാദവുമായി ഒരു വിഭാഗം ആളുകൾ ജില്ലാ ഭരണകൂടത്തെ സമീപിക്കുകയും അവരുടെ അവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുമെന്ന് അറിയിച്ചതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി സ്ഥലം റിസർവ് വനഭൂമി ആണെന്നും 1980-1982 കാലഘട്ടത്തിൽ വനം വകുപ്പിന്റെ അനുമതി കൂടാതെ തെറ്റായി കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ചു നൽകപ്പെട്ടതാണെന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത സ്ഥലം ദേവസ്വം ഭൂമിയാണെന്ന വാദഗതി നിലവിലുണ്ട്. കൂടാതെ ടി വിഷയം വനം വകുപ്പിന്റെ പരിഗണനയിലിരിക്കുന്നതിനാൽ ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമായതിനുശേഷം മാത്രമേ പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താൻ സാധിക്കുകയുള്ളൂ.

കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ.,

കളക്ടറേറ്റ് എന്നിവിടങ്ങളിലെ തപാൽ/ഫയലുകൾ

242(930) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന തപാൽ/ഫയലുകളിൽ ഇപ്പോൾ എത്ര ദിവസത്തിനകം തീർപ്പ് കല്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തപാൽ/ഫയലുകളിൽ പത്ത് ദിവസത്തിനകം ഇടക്കാല മറുപടി/തീർപ്പുകല്പിക്കൽ നടത്താൻ നടപടി ഉണ്ടാകുമോ;

(സി) ഇവിടങ്ങളിൽ എത്ര ഫയലുകൾ പെന്റിംഗായിട്ടുണ്ടെന്നും ആറ് മാസത്തിലധികം പെന്റിംഗായ എത്ര ഫയലുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ദീർഘ കാലങ്ങളായി പെന്റിംഗായ ഫയലുകളിൽ തീർപ്പ് കല്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ., കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന തപാലുകളും/ഫയലുകളും ഡി.ഒ.എം. (ഡിസ്പ്ലിക്ട് ഓഫീസ് മാന്വൽ) പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ അടിയന്തര പ്രാധാന്യ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കാറുണ്ട്.

(ബി) തപാൽ/ഫയലുകളിൽ ഡി.ഒ.എം. പ്രകാരം നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാനാണ് നിലവിൽ നിർദ്ദേശം ഉള്ളത്. എന്നാൽ, അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ സമയപരിധി നോക്കാതെ അടിയന്തരമായി നടപടി സ്വീകരിക്കാറുണ്ട്.

(സി) ആർ.ഡി.ഒ. ഓഫീസിൽ 5946 ഫയലുകളും കാസർഗോഡ് താലൂക്ക് ഓഫീസിൽ 6000 ഫയലുകളും ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസിൽ 6428 ഫയലുകളും മഞ്ചേശ്വരം താലൂക്ക് ഓഫീസിൽ 5833 ഫയലുകളും വെള്ളരിക്കുണ്ട് താലൂക്കിൽ 3684 ഫയലുകളും കാസർഗോഡ് കളക്ടറേറ്റിൽ 38353 ഫയലുകളും തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്. ആറ് മാസത്തിലധികം പെന്റിംഗ് ആയ ഫയലുകൾ ഇപ്രകാരമാണ്. കാസർഗോഡ് താലൂക്ക് - 4600, ഹോസ്ദുർഗ്ഗ് താലൂക്ക് - 4810, വെള്ളരിക്കുണ്ട് താലൂക്ക് - 2888, മഞ്ചേശ്വരം താലൂക്ക് - 4833, ആർ.ഡി.ഒ. ഓഫീസ് - 4857, കളക്ടറേറ്റ് കാസർഗോഡ് - 31034.

(ഡി) ദീർഘകാലമായി പെന്റിംഗ് ആയിട്ടുള്ള ഫയലുകളിൽ ഫയൽ വർക്ക്ഷോപ്പ് നടത്തി തീർപ്പുകൽപ്പിക്കാറുണ്ട്. 2016 മാർച്ച് മാസത്തിൽ മിഷൻ 30 ഡേയ്സ് എന്ന പേരിൽ ഫയൽ ഡിസ്പോസൽ നടത്തി ജില്ലയിൽ 17265 ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പ്രളയദുരിതാശ്വാസ പ്രവൃത്തികൾ

243(931) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസ പ്രവൃത്തികൾക്ക് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ വർഷവും ഈ പ്രവൃത്തികൾക്കായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷ കാലയളവിൽ കോഴിക്കോട് ജില്ലയിലെ പ്രളയ ദുരിതാശ്വാസ പ്രവൃത്തികൾക്കായി 45,83,19,026 രൂപ (നാല്പത്തി അഞ്ച് കോടി എൺപത്തിമൂന്ന് ലക്ഷത്തി പത്തൊമ്പതിനായിരത്തി ഇരുപത്തിയാറ് രൂപ) അനുവദിച്ചിരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

244 (932) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതെല്ലാം; ഇതിൽ കൊയിലാണ്ടിയിൽപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പയ്യോളി കോട്ടതുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ഏതിനെല്ലാം അംഗീകാരം നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ഒട്ടനവധി കുടുംബങ്ങൾ താമസിക്കുന്ന കോട്ടതുരുത്തി ദ്വീപിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ ആവശ്യമായ ഫണ്ട് ആർ.എം.എഫ്.-ൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 30-6-2016 വരെയുള്ള കണക്കുകൾ പ്രകാരം 16,60,38,093 (പതിനാറ് കോടി അറുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊണ്ണൂറ്റി മൂന്ന്) രൂപ നീക്കിയിരിപ്പുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ അനുബന്ധം-I ആയും കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന പ്രവർത്തികൾ അനുബന്ധം-II ആയും ചേർക്കുന്നു.*

---

* ലൈബ്രറിയിൽ ലഭ്യമാണ്.

(സി) പയ്യോളി കോട്ടതുരുത്തി ദ്വീപിന് പാൽശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയ പ്രവൃത്തികൾ അനുബന്ധം -III ആയി ചേർക്കുന്നു.*

(ഡി) കോട്ടതുരുത്തി ദ്വീപിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുകയും ഇതിൽ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 5 പ്രവൃത്തികൾക്ക് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് അപര്യാപ്തമായതിനാൽ ഭരണാനുമതി നൽകിയിരുന്നില്ല. ജില്ലയിലെ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ബാക്കിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

245 (933) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം കുടിയിറക്കപ്പെടുന്നവർക്കുള്ള നഷ്ട പരിഹാരം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിയിറക്കപ്പെടുന്നവർക്ക് വിമാനത്താവളത്തിൽ ജോലി നൽകാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് 15-11-2011-ലെ ജി.ഒ (എം.എസ്) നമ്പർ 419/2011/റവന്യൂ നമ്പർ ഉത്തരവ് അനുശാസിക്കും പ്രകാരമുള്ള നഷ്ടപരിഹാരം നൽകാനും യോഗ്യതയ്ക്കനുസരിച്ച് വരുന്ന ഒഴിവുകളിൽ ജോലിക്ക് മുൻഗണന നൽകാനും ശിപാർശ ചെയ്തിട്ടുണ്ട്.

പട്ടികജാതി കോളനികളിലും ലക്ഷംവീടുകളിലും പുറമ്പോക്കിലും താമസിക്കുന്നവർക്ക് പട്ടയം

246(934) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൂർ, കിളിമാനൂർ, ഒറ്റൂർ, വെള്ളല്ലൂർ, നഗരൂർ വില്ലേജുകളിൽ

* ലൈബ്രറിയിൽ ലഭ്യമാണ്.

പട്ടികജാതി കോളനികളിലും ലക്ഷംവീടുകളിലും പുറമ്പോക്കിലും താമസിക്കുന്നവർ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ആകെ എത്ര അപേക്ഷകളുണ്ടെന്നും അപേക്ഷകരുടെ പേരും വിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) അപേക്ഷകളിൽ നടപടിയെടുക്കുന്നത് അനന്തമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ വില്ലേജിൽ ഉള്ളൂർക്കോണം കോളനിയിൽ പട്ടയം ലഭിക്കുന്നതിനായി ആകെ 21 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ഫീൽഡ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ചാവരുപച്ച ലക്ഷംവീട് കോളനിയിൽ നിന്ന് ലഭിച്ച 12 അപേക്ഷകൾ സ്ഥല പരിശോധനയ്ക്കായി താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. വെള്ളല്ലൂർ വില്ലേജിൽ 32 അപേക്ഷകളും മണമ്പൂർ വില്ലേജിൽ 3 അപേക്ഷകളും നഗരൂർ വില്ലേജിൽ 8 അപേക്ഷകളും ഒറ്റൂർ വില്ലേജിൽ 2 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

ഭൂസമരങ്ങൾ

247 (935) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഭൂസമരങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ന്യായമായ ഭൂസമരങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ഭൂസമരസമിതികളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിന് മുൻകൈ എടുക്കുമോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സംസ്ഥാനത്ത് നടക്കുന്ന ഭ്രൂസമരങ്ങളെക്കുറിച്ച് അവലോകനം നടത്തി വിവിധ ഭ്രൂസമര സമിതികളുമായി ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണിച്ചുവരുന്നു.

നിലമ്പൂരിലെ മിനി സിവിൽ സ്റ്റേഷൻ

248 (936) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച നിലമ്പൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം, ഇതോടൊപ്പം പ്രഖ്യാപിച്ച മറ്റ് ആറ് മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തിയായിട്ടും പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്ക് 12-11-2015-ൽ 15.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തിന് മാറ്റം വന്നതിനാൽ പ്ലാൻ റിവൈസ് ചെയ്യേണ്ടി വന്നു. 15.25 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി നൽകുകയും ടെണ്ടർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം

249 (937) ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മിനി സിവിൽസ്റ്റേഷനിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് മുറികൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) മുറികൾ അനുവദിച്ചിട്ടില്ലെങ്കിൽ എതൊക്കെ സ്ഥാപനങ്ങളാണ് മുറികൾ അനുവദിക്കുന്നതിന് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) കെട്ടിടം പണി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും മുറി അനുവദിക്കാത്തതിനാൽ പല സർക്കാർ സ്ഥാപനങ്ങളും സ്വകാര്യവ്യക്തികൾക്ക് വാടകയിനത്തിൽ വലിയ തുക നൽകി വരുന്ന കാര്യംകൂടി പരിഗണിച്ച് എത്രയുംവേഗം മിനിസിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാതിരിക്കുന്നത്.

(ബി) നാളിതുവരെ സ്ഥാപനങ്ങൾക്ക് മുറി അനുവദിച്ചിട്ടില്ല.

(സി) മുറികൾ അനുവദിക്കുന്നതിനായി പരിഗണനയിലുള്ള സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

1. എക്സൈസ് റേഞ്ച് ഓഫീസ്
2. ലേബർ ഓഫീസ്
3. ലാൻഡ് ട്രിബ്യൂണൽ, പയ്യന്നൂർ
4. ഡയറി ഡവലപ്മെന്റ് ഓഫീസ്
5. അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ
6. കൊമേഴ്സ്യൽ ടാക്സ് ഓഫീസ്
7. ഫുഡ് സേഫ്റ്റി ഓഫീസ്
8. അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.സി.
9. ശിശു വികസന ഓഫീസ്
10. പയ്യന്നൂർ റീസർവ്വേ ഓഫീസ്
11. അസിസ്റ്റന്റ് ഡയറക്ടർ, അഗ്രികൾച്ചർ

(ഡി) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൂവാറ്റുപുഴ മണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ

250 (938) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ പ്രകാരം 2014, 2015, 2016 വർഷങ്ങളിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തുക സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ചവയിൽ ഇനിയും പൂർത്തിയാകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

251 (939) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയതെന്നും ഇനിയും പൂർത്തിയാക്കാനുളളവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) മുന്നിയൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരാട്ട് കടവ്, മാപ്പിളത്തൊടുകടവ്, എട്ടിയാട്ട് കടവ്, വേങ്ങഴിയിൽ കടവ്, വെന്നലപ്പറമ്പ് കടവ്, മാസറം കടവ് എന്നീ ആറ് കളിക്കടവുകൾ ആർ.എം.എഫ്.-ൽ നിന്നും തുക ഉപയോഗിച്ച് റിപ്പയർ ചെയ്യണമെന്ന ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മുന്നിയൂർ ഗ്രാമ പഞ്ചായത്തിനെയും പരപ്പനങ്ങാടി നഗരസഭയേയും ബന്ധിപ്പിച്ച കൊണ്ട് മണലെപ്പാടം കടവിലോ എടത്തിരുത്തി കടവിലോ തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ 54,78,78,324 (അമ്പത്തിനാല് കോടി എഴുപത്തിയെട്ട് ലക്ഷത്തി എഴുപത്തി എട്ടായിരത്തി മുന്നൂറ്റി ഇരുപത്തിനാല്) രൂപ ഉണ്ട്.

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല. നിലവിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി) മുന്നിയൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരാട്ട് കടവ്, മാപ്പിളത്തൊട്ടു കടവ്, എട്ടിയാട്ട് കടവ്, വേങ്ങേഴിയിൽ കടവ്, വെന്നലപ്പറമ്പ് കടവ്, മാസറം കടവ് എന്നീ ആറ് കളിക്കടവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉടുമ്പൻചോല മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം

252 (940) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്ക് ഓഫീസിനായി പണികഴിപ്പിച്ച മിനിസിവിൽ സ്റ്റേഷൻ ഉദ്ഘാടനം നടത്തിയത് എന്നാണ്; പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത മന്ത്രിമാർ ആരൊക്കെയെന്നറിയിക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ ഉദ്ഘാടനം നടന്ന് കഴിഞ്ഞിട്ടും താലൂക്ക് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിൽ താലൂക്ക് ഓഫീസിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നിനുള്ള നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിൽ പണികഴിപ്പിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ 20-5-2013-ൽ അന്നത്തെ കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

ഈ ചടങ്ങിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി എന്നിവർ സന്നിഹിതരായിരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിനുള്ളിൽ ഉടുമ്പൻചോല താലൂക്കാഫീസിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടത്തിന് അനുയോജ്യമായ വിധത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തിയാൽ മാത്രമേ സ്ഥല സൗകര്യം ലഭ്യമാകുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആവശ്യമായ ഓഫീസ് ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും സർക്കാരിന്റെ പരിഗണനയിലാണ്.

ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ അറ്റകുറ്റപ്പണി

253 (941) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലെ റവന്യൂ ടവറിന്റെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ പണം അനുവദിച്ചിരുന്നോ ; ആകെ എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഈ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ; ഇനി ഏതൊക്കെ ജോലികളാണ് നടക്കുവാനുള്ളത് ;

(സി) ഈ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരിയിലെ റവന്യൂ ടവറിന്റെ പെയിന്റിംഗ് ജോലികൾക്കായി 12.25 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) വാർഷിക മെയിന്റനൻസിനോടനുബന്ധിച്ചുള്ള പെയിന്റിംഗ് ജോലികൾ പൂർത്തീകരണത്തിനോടടുക്കുന്നു. ടോയ്ലറ്റ് കതകുകൾ മാറ്റി സ്ഥാപിക്കൽ, പൊട്ടിയ ഗ്ലാസ് പാനലുകളുടെ മാറ്റൽ, പോളികാർബണേറ്റ് ഷീറ്റുകളുടെ റിപ്പയർ, കിഴക്കുഭാഗത്തുള്ള ലിഫ്റ്റിന്റെ മോഡണൈസേഷൻ, ഫയർ ഫൈറ്റിംഗ് സംവിധാനങ്ങളുടെ റിപ്പയർ, മൂന്നാം നിലയിലെ മുറികൾ തിരിക്കുന്നത് എന്നീ ജോലികളാണ് ഇനി നടത്തുവാനുള്ളത്.

(സി) ടി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ മിച്ചഭൂമി

254 (942) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണോ എന്ന കാര്യം അറിയിക്കാമോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഉണ്ടോ എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊണ്ടോട്ടി താലൂക്ക്, ചീക്കോട് വില്ലേജിൽ റീ-സർവ്വേ 140/15-ൽപ്പെട്ട 3.63 ¼ ഏക്കർ മിച്ചഭൂമി ഏറ്റെടുത്തത് വില്ലേജാഫീസറുടെ സംരക്ഷണയിലുണ്ട്.

(ബി) ചീക്കോട് വില്ലേജിൽ ബ്ലോക്ക് 16-ൽ റീ-സർവ്വേ 1/8 -ൽ 0.3060 ഹെക്ടർ PWD മണ്ണെടുത്ത സ്ഥലവും റീ-സർവ്വേ 193/8-ൽ 0.5420 ഹെക്ടർ കേരള സർക്കാർ PWD പാറപ്പൊട്ടിക്കുന്നതും റോഡും ഉൾപ്പെടുന്നതുമായ സ്ഥലവും മുതുവല്ലൂർ വില്ലേജിൽ ബ്ലോക്ക് 15, റീ-സർവ്വേ 99/8 -ൽപ്പെട്ട 0.1200 ഹെക്ടർ റവന്യൂ പുറമ്പോക്കുമുണ്ട്.

കയ്യേറ്റഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി

255 (943) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ കയ്യേറ്റ ഭൂമിയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കയ്യേറ്റ ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാനും കൃഷി യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഗ്രൂപ്പ് പട്ടയം വഴി കർഷകർക്ക് നൽകി കൃഷി പ്രോത്സാഹിപ്പിക്കാനും എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഏക്കർ തോട്ട ഭൂമി കയ്യേറ്റക്കാരുടെയും മറ്റ കമ്പനികളുടെയും കൈവശമുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇത സംബന്ധിച്ച വിശദാന്വേഷണത്തിന്റെ സ്പെഷ്യൽ ഓഫീസറായിരുന്ന ഡോ. രാജ മാണിക്യത്തിന്റെ അന്വേഷണ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) അരിപ്പ/ചെങ്ങറ സമരങ്ങൾക്കാധാരമായ വിഷയങ്ങൾ എന്തെല്ലാം; സമരങ്ങൾക്ക് കഴിഞ്ഞ സർക്കാർ എന്തെങ്കിലും പരിഹാരം കണ്ടെത്തിയോ; ഇല്ലെങ്കിൽ പ്രസ്തുത സമരങ്ങളുടെ പരിഹാരത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) സംസ്ഥാനത്ത് M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയ കമ്പനികൾ, മറ്റു കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. ടി കമ്പനികളും മറ്റുള്ളവരും സംസ്ഥാനത്ത് 7 ജില്ലകളിലായി ഏകദേശം 74,333,92 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ നിന്നും താഴെ പട്ടികയിൽ പരാമർശിക്കുന്ന രീതിയിൽ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ജില്ല	വിസ്തീർണ്ണം (ഏക്കറിൽ)	റിമാർക്സ്
കൊല്ലം	10205.87	M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് (HML) 6584.49 ഏക്കർ
പത്തനംതിട്ട	7635.44	M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് (HML) 7635.44 ഏക്കർ
കോട്ടയം	3645.99	M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് (HML) 1381.89 ഏക്കർ
ഇടുക്കി	16683.62	M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് (HML) 14418.13 ഏക്കർ
ആകെ	38170.92	30019.95 ഏക്കർ

ഏറ്റെടുക്കൽ നടപടികൾ അവശേഷിക്കുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

ജില്ല	വിസ്തീർണ്ണം	റിമാർക്സ്
വയനാട്	30000	പ്രാരംഭനടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു.
തൃശ്ശൂർ	6163	
എറണാകുളം	---	കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. 3 ഏക്കറോളം മാത്രം

സ്പെഷ്യൽ ഓഫീസിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സംസ്ഥാനത്തൊട്ടാകെ ഏകദേശം 5 ലക്ഷം ഏക്കറിലധികം തോട്ടഭൂമി സ്വാതന്ത്ര്യത്തിനു മുമ്പ് ഉണ്ടായിരുന്നതായി കാണുന്നു. United Planter's Association of South India-യുടെ സെക്രട്ടറി 15-3-1928-ൽ പ്രസിദ്ധീകരിച്ച The Planting Directory of Southern India എന്ന പ്രസിദ്ധീകരണ പ്രകാരം 1928-ൽ ടി അസോസിയേഷനിൽ അംഗമായിരുന്ന ഇംഗ്ലീഷ് കമ്പനികളുടെ കൈവശം മാത്രം 341590 ഏക്കർ ഭൂമി ഉണ്ടായിരുന്നതായി കാണുന്നു. 1947-ലെ സ്വാതന്ത്ര്യത്തോടൊപ്പം രാജഭരണത്തിന്റെ അവസാനവും ബ്രിട്ടീഷ് ആധിപത്യത്തിന്റെ അവസാനവും ഒരുമിച്ചു സംഭവിക്കുകയും, കേരള രൂപീകരണത്തിനു ശേഷം 1957-ൽ ജനാധിപത്യ സർക്കാർ നിലവിൽ വരുന്നതു വരെയുണ്ടായിരുന്ന 10 വർഷക്കാലത്തെ ശക്തമായ ഭരണ നിർവ്വഹണത്തിന്റെ അഭാവവും കയ്യേറ്റക്കാർ മുതലാക്കിയെന്നും സബ് രജിസ്ട്രാറുടെ മുന്നിൽ ഹാജരാക്കുന്ന ആധാരങ്ങൾ ശരിയും തെറ്റും നോക്കാതെ രജിസ്റ്റർ ചെയ്യണമെന്നുള്ള രജിസ്ട്രേഷൻ റൂളും കയ്യേറ്റക്കാർക്ക് സഹായകരമായിരുന്നു എന്നും കിളിമാനൂർ, ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ നാട്ടുരാജ്യങ്ങളുടെ ഭരണവും, അധികാരവും നിർത്തലാക്കി കൊണ്ട് അവർ കൈവശം വച്ചിരുന്ന സർക്കാർ ഫ്രീഹോൾഡ് ലാന്റ് പൊന്നും വില നൽകിക്കൊണ്ട് 1956-ലെ Edavagai Rights Acquisition Act പ്രകാരം ഏറ്റെടുത്തെങ്കിലും, ഏറ്റെടുത്ത തോട്ടങ്ങളും മറ്റു വൻകിട ഭൂമികളും സർക്കാരിൽ എത്തിച്ചേർന്നിട്ടില്ല എന്നും 1963 ഭൂപരിഷ്കരണ നിയമപ്രകാരം ഭൂരഹിതർക്ക് ലഭിക്കേണ്ടതായ ഭൂമി, നടപ്പുകടിയാൻമാർ എന്ന വ്യാജേന സീലിംഗ് പരിധി പോലും പാലിക്കാതെ ലാന്റ് ടൈബ്യൂണലുകൾ വൻകിടക്കാർക്ക് പതിച്ചു നൽകിയെന്നും നിയമത്തിന്റെ സെക്ഷൻ 81-ന്റെ മറവിൽ ബാക്കി തോട്ടം മേഖലയ്ക്ക് ഇളവും നൽകിയതിലൂടെ ഭൂരിഭാഗം ഭൂമിയും വീണ്ടും ചുരുക്കം വൻകിടക്കാരുടെ കൈവശമെത്തിച്ചേർന്നു എന്നും ബഹു. ഹൈക്കോടതിയുടെ ഇടപെടൽ കാരണം കെ.എൽ.എസി. ആക്ട് പ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വ്യക്തമാക്കിക്കൊണ്ടും 4-6-2016-ൽ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തിങ്കൾക്കരികം വില്ലേജിൽ സർവ്വെ 745/1-ൽപ്പെട്ട അരിപ്പ എന്ന സ്ഥലത്ത് ഭൂസമരം നടക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ നടക്കുന്ന ചെങ്ങറ ഭൂസമരത്തിന്റെ ഭാഗമായി ചെങ്ങറ പാക്കേജിൽ ഉൾപ്പെടുത്തി പുനലൂർ താലൂക്കിൽ തിങ്കൾക്കരികം വില്ലേജിൽ സർവ്വേ745/1-ൽപ്പെട്ട സർക്കാർ പുറമ്പോക്കിൽ (അരിപ്പ എന്ന സ്ഥലത്ത്) 20 കുടുംബങ്ങൾക്കായി 20 ഏക്കർ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ ഇതിനോടനുബന്ധിച്ചതും ഇതേ സർവ്വേയിൽ തന്നെ പെട്ടതുമായ 52 ഏക്കർ സ്ഥലം 61 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കായി വിതരണം ചെയ്യാൻ ഉത്തരവായിരുന്നുവെങ്കിലും ഈ സ്ഥലത്ത് 1000-ലധികം കുടുംബങ്ങൾ കയ്യേറി കുടിൽ കെട്ടി താമസിച്ചുവരുന്നതും ഭൂസമരം നടത്തി വരുന്നതുമാണ്. ആയതിനാൽ

ഈ സ്ഥലം സർക്കാർ ഉത്തരവ് പ്രകാരം ആദിവാസികൾക്കായി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്. എന്നാൽ ചെങ്ങറ പുനരധിവാസ പാക്കേജ് പ്രകാരം അനുവദിച്ച ഭൂമിയിൽ അധികവും താമസയോഗ്യവും കൃഷിയോഗ്യവുമല്ലെന്ന കാരണത്താൽ ആളുകൾ നിരസിക്കുകയുണ്ടായി. ആയതിനാൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ പരിശോധനയിലാണ്.

പുല്ലരാംപാറ ദുരന്തബാധിതരുടെ പുനരധിവാസം

256 (944) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ആഗസ്റ്റ് 6-നുണ്ടായ പുല്ലരാംപാറ ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്ക് കഴിഞ്ഞ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ പതിച്ച് നൽകിയ ഭൂമി വാസയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്യാംപുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പുനരധിവാസം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കർഷകർക്ക് പ്രഖ്യാപിച്ച നഷ്ടപരിഹാര തുക നൽകുന്നതിന് നടപടി

257 ([T]945) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ വയനാട്ടിലെ കർഷകർക്ക് കാലവർഷക്കെടുതി, വിളനാശം, വരൾച്ച എന്നിവയിൽ പ്രഖ്യാപിച്ച നഷ്ട പരിഹാര തുക എത്ര;

(ബി) പ്രഖ്യാപിച്ച നഷ്ടപരിഹാര തുകയിൽ എത്ര വിതരണം ചെയ്തു;

(സി) ബാക്കി തുക നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ

258 (946) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഗതാഗതക്കുരുക്ക് രൂക്ഷമായ കാഞ്ഞിരപ്പള്ളിയിലെ ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി ബൈപ്പാസുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനായി 6-1-2016-ൽ ജി.ഒ.(ആർ.റ്റി.) നമ്പർ 54/16/റവന്യൂ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) ടി കേസിൽ കാഞ്ഞിരപ്പള്ളി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി ഉൾപ്പെട്ട 308.13 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ സർവ്വ നടപടികൾ പൊന്നും വില ഓഫീസർ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്മേൽ പുതിയ എൽ.എ. ചട്ടങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നതു പ്രകാരം സോഷ്യൽ ഇംപാക്ട് അസെസ്മെന്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂരഹിതർക്കുള്ള ഭൂമി

259 (947) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരമേറുമ്പോൾ സംസ്ഥാനത്താകമാനം സ്വന്തമായി ഭൂമിയില്ലാത്തവർ എത്രയാണെന്നും, അതിൽ പിന്നോക്ക വിഭാഗക്കാർ, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർ എത്രയാണെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) യു.ഡി.എഫ്. സർക്കാർ കണ്ടെത്തിയ ഭൂരഹിതർ എത്രയാണെന്നും, പ്രസ്തുത ആളുകൾക്ക് എത്ര സെന്റ് /ഏക്കർ സ്ഥലം (വാസയോഗ്യമായതും അല്ലാത്തതും) വീതം നല്കിയിട്ടുണ്ടെന്നും ആയത് ജില്ല വിട്ട് നല്കിയത് എത്ര പേർക്കാണെന്നും അപ്രകാരം നൽകിയ ഭൂമി പല കാരണങ്ങളാൽ സ്വീകരിക്കാൻ കഴിയാത്തവർ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) യു.ഡി.എഫ്. സർക്കാർ ഭൂരഹിതർക്ക് നല്കിയ ശരാശരി ഭൂമി (അളവ്) എത്രയെന്നും കയ്യേറ്റക്കാർക്ക് നല്കിയ ശരാശരി ഭൂമി (പതിച്ചു നല്കിയ അളവ്) എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ വ്യക്തികൾ/ട്രസ്റ്റുകൾ/മറ്റുള്ളവർ എന്നിവർക്കായി പതിച്ചുനല്കിയ ഭൂമി എത്ര ഏക്കറാണെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഭൂരഹിതരായ ജനവിഭാഗത്തിന് ഭൂമി നല്കാൻ (അളവുസഹിതം) ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്നും, കഴിഞ്ഞ സർക്കാർ അനധികൃതമായി പതിച്ചു നൽകിയ ഭൂമിയും,ഭൂമികയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമിയും കണ്ടെത്തി തിരിച്ചുപിടിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയില്ലാത്തവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനുവേണ്ടി വിവിധ റവന്യൂ ഓഫീസുകൾ മുഖേന ലഭ്യമായിരുന്ന അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കളിൽ പദ്ധതിയുടെ ആനുകൂല്യം നൽകിയത് കിഴിച്ച് 2,15,000-ത്തോളം കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ടെന്ന് കാണുന്നു. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 26243 കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽ 1167 കുടുംബങ്ങളും ഉൾപ്പെടുന്നു. മറ്റ് പിന്നോക്ക വിഭാഗക്കാരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള 2,44,124 കുടുംബങ്ങളെ ഭൂരഹിതരാണെന്ന് കണ്ടെത്തിയിരുന്നു. ആയതിൽ 58,398 കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം അനുവദിച്ച് പട്ടയം നൽകിയിട്ടുണ്ട്. ഇതിൽ 29,875 പേർക്ക് 3 സെന്റ് ഭൂമി വീതം ഇതുവരെ നൽകിക്കഴിഞ്ഞു. അപ്രകാരം 896.25 ഏക്കർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്വന്തം ജില്ല വിട്ട് ഭൂമി നൽകിയിട്ടില്ല.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം യു.ഡി.എഫ്. സർക്കാർ 29,875 ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകിയിട്ടുണ്ട്. കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു നൽകിയതിന്റെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഭ്രരഹിതരായ ജനവിഭാഗത്തിന് അർഹത പരിശോധിച്ച് വീട് വയ്ക്കുന്നതിന് ആവശ്യമായ ഭൂമി നൽകുന്നതിനാണ് ഈ സർക്കാർ പ്രഥമ പരിഗണന നൽകി വരുന്നത്. കഴിഞ്ഞ സർക്കാർ അനധികൃതമായി ഭൂമി പതിച്ചു നൽകിയ ഉത്തരവുകൾ ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഭൂമി കയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമി കണ്ടെത്തി തിരിച്ചുപിടിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്.

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

260(948) ശ്രീ. എം. എം. മണി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് സ്ഥലം അനുവദിച്ചുവെന്നും അറിയിക്കുമോ; ആകെ എത്ര സ്ഥലം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടയം നൽകിയ ഭൂമി യഥാർത്ഥത്തിൽ അനുവദിച്ചു നൽകിയിട്ടില്ലെന്ന പരാതികളും അനുവദിച്ച ഭൂമി തന്നെ വാസയോഗ്യമല്ലെന്നുമുള്ള പരാതികളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2015 അവസാനത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. പ്രഖ്യാപനം പ്രാവർത്തികമായിട്ടില്ല.

(ബി) പദ്ധതി പ്രകാരം 2,91,998 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന 2,44,124 ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്ക് സ്ഥലം അനുവദിച്ച് പട്ടയം തയ്യാറാക്കിയിരുന്നു. നാളിതുവരെയായി 29875 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. 1-2-2014 മുതൽ 31-3-2014 വരെയും അപേക്ഷകൾ നൽകുന്നതിന് അവസരം നൽകിയിരുന്നു. ഈ കാലയളവിൽ ലഭ്യമായിരുന്ന അപേക്ഷകളിൽമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(സി) ഉണ്ട്. സർവ്വേക്കല്ലുകൾ സ്ഥാപിച്ച് പ്ലോട്ട് തിരിക്കാനുണ്ടായ കാലതാമസവും കോടതി കേസുകൾ ഉണ്ടായതുമൂലമുള്ള തടസ്സങ്ങളുമാണ് ഭൂമി കൈമാറുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ഇത്തരം അപേക്ഷകളിന്മേൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്നുള്ള പരാതികളും ലഭിച്ചിട്ടുണ്ട്.

കാലവർഷക്കെടുതി - നഷ്ടപരിഹാര തുക പരിഷ്കരണം

261 (949) ശ്രീ. എം .ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതി സംബന്ധിച്ച നഷ്ടപരിഹാര തുകയുടെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് ഏത് വർഷത്തെ അടിസ്ഥാനമാക്കിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നഷ്ടപരിഹാര നിരക്ക് കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 8-4-2015-ലെ 32-07/2014-NDM-1 നമ്പർ കത്ത് അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് കാലവർഷക്കെടുതി സംബന്ധിച്ച ആശ്വാസ ധനസഹായത്തിന്റെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകാറില്ല. മറിച്ച് ആശ്വാസ ധനസഹായമാണ് നൽകുന്നത്. കേന്ദ്ര മാനദണ്ഡമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ തോത് നിർണ്ണയിക്കുന്നതിനുള്ള ആധാരം എന്നതിനാലും പുതുക്കിയിട്ട് ഒരു വർഷം മാത്രമേ ആയിട്ടുള്ളൂ എന്നതിനാലും നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

(സി) ആശ്വാസ ധനസഹായം നൽകുന്നതിന് സങ്കീർണ്ണമായ നടപടിക്രമങ്ങളില്ല.

(ഡി) ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്ന ആശ്വാസ ധനസഹായം ജില്ലാഭരണകൂടങ്ങൾ സമയബന്ധിതമായി നൽകി വരുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

262 (950) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ധനസഹായം ലഭിക്കാതെ വന്നവരുമായ എത്ര അപേക്ഷകർ ഇടുക്കി ജില്ലയിൽ ഉണ്ട്; ഇവർക്ക് ആകെ എത്ര തുക കൊടുത്ത് തീർക്കാനുണ്ട്;

(ബി) 2015 നവംബർ മാസം മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇടുക്കി ജില്ലയിലെ അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് റവന്യൂ വകുപ്പിൽ നിന്നും ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപേക്ഷകർക്ക് ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനസഹായം അനുവദിച്ച് ഉത്തരവായ 28 പേർക്ക് 5,56,500 രൂപ ഇനി വിതരണം ചെയ്യുവാനുണ്ട്.

(ബി) വളരെയധികം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവായതിന്റെ പകർപ്പുകൾ കേരള സർക്കാരിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വ്യാവസായികാവശ്യത്തിന് അനുവദിച്ചു നൽകിയ ഭൂമി തിരിച്ചുപിടിക്കൽ

263 (951) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികാവശ്യത്തിന് അനുവദിച്ചു നൽകിയ ഭൂമിയിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കാതെ വർഷങ്ങളായി തരിശിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും മറ്റും വ്യവസായ സംരംഭത്തിനായി നൽകിയ ഇത്തരം ഭൂമി കണ്ടെത്തി സർക്കാരിലേക്ക് തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

ഉത്തിരപ്പള്ളിയാറിന്റെ തീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ

264 (952) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ ആല, പുലിയൂർ, ബുധനൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഉത്തിരപ്പള്ളിയാറിന്റെ തീരങ്ങൾ അനധികൃത കയ്യേറ്റത്തിന് വിധേയമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) ഈ കയ്യേറ്റ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച ആലപ്പുഴ ജില്ലാ കളക്ടർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) അളന്ന് തിട്ടപ്പെടുത്താൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ അത് നടപ്പാക്കുവാനുള്ള കാലതാമസം വിശദീകരിക്കുമോ ?

ഉത്തരം

(എ) ചെങ്ങന്നൂർ താലൂക്കിലെ ആല, പുലിയൂർ, ബുധനൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഉത്തിരപ്പള്ളിയാറ് റവന്യൂ പ്രകാരം ചാല്, തോട് പുറമ്പോക്കാണ്. ടി ആറിന്റെ ഇരുകരകളിലും വ്യാപകമായ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഉത്തിരപ്പള്ളിയാറിന്റെ കയ്യേറ്റസ്ഥലങ്ങൾ അളന്നു തിരിക്കുന്നതിനായി സർവ്വേയർമാരുടെ ഒരു ടീം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം

265 (953) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കു നാശം സംഭവിക്കുന്നവർക്കു നഷ്ടപരിഹാരം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; വീട് ഭാഗികമായി തകർന്നാലും പൂർണ്ണമായി തകർന്നാലും നൽകുന്ന നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2016 മേയ്-14-നുണ്ടായ ചുഴലിക്കാറ്റിൽ കാസർകോട് മണ്ഡലത്തിന്റെ പലഭാഗങ്ങളിലും സംഭവിച്ച വൻനാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കി

യിട്ടുണ്ടോ; നഷ്ടപരിഹാരത്തിന് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നവരുടെ പേരുവിവരവും അനുവദിച്ച തുകയും വില്ലേജുകൾ തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ആശ്വാസ ധനസഹായമാണ് നൽകി വരുന്നത്. സ.ഉ.(കൈ) നമ്പർ 194/2015/ഡി.എം.ഡി. തീയതി 20-5-2015, സ.ഉ. (കൈ) നമ്പർ 343/2015/ഡി.എം.ഡി. തീയതി 23-5-2015 ഉം പ്രകാരം (കേന്ദ്രമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ) കാലവർഷത്തിൽ വീടുകൾക്ക് നാശം സംഭവിച്ചവർക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നു. പൂർണ്ണമായും തകരുകയോ താമസയോഗ്യമല്ല എന്ന് ബന്ധപ്പെട്ട എൻജിനീയറിംഗ് അധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ള വീടുകൾക്ക് മലയോര മേഖലയിൽ 1,01,900 രൂപയും സമതല പ്രദേശങ്ങളിൽ 95,100 രൂപയും പരമാവധി ദുരിതാശ്വാസമായി നൽകുന്നു. 15 ശതമാനം വരെ ഭാഗികമായി തകർന്ന വീടുകൾക്ക് അവ പക്കാ വീടുകൾ ആണെങ്കിൽ 5200 രൂപയും കച്ചാ വീടുകൾ ആണെങ്കിൽ 3200 രൂപയും പരമാവധി നൽകുന്നു. തകർന്നുപോയ കുടിലുകൾക്ക് 4100 രൂപയും നൽകുന്നു. 15% മുതൽ 100% വരെ തകർന്ന വീടുകൾക്ക് തകർച്ചയുടെ തോത് സാങ്കേതിക വിദഗ്ധർ നിർണ്ണയിച്ച് തോതിന് അനുസൃതമായി ചുരുങ്ങിയത് 5200 രൂപ മുതൽ പരമാവധി 1,01,900 രൂപ (മലയോരമേഖലയിൽ) 95100 രൂപ (സമതലങ്ങളിൽ) വരെ നൽകി വരുന്നു.

(ബി) മഞ്ചേശ്വരം മണ്ഡലം	-	2,61,800
കാസർഗോഡ് മണ്ഡലം	-	4,52,725
ഉദുമ മണ്ഡലം	-	4,18,545
കാഞ്ഞങ്ങാട് മണ്ഡലം	-	19,76,970
തൃക്കരിപ്പൂർ മണ്ഡലം	-	14,21,625
ആകെ	-	45,31,665

(സി) 2016 മെയ് 14-നുണ്ടായ ചുഴലിക്കാറ്റിൽ കാസർഗോഡ് മണ്ഡലത്തിന്റെ പല ഭാഗങ്ങളിലും സംഭവിച്ച വൻനാശനഷ്ടങ്ങൾ 12 ആണ്. ആകെ ലഭിച്ച അപേക്ഷകൾ 127 എണ്ണം. അതിൽ തീരുമാനമായത് 68 എണ്ണം. ആയതിന്റെ പേരുവിവരങ്ങളും അനുവദിച്ച തുകയും വില്ലേജ് തിരിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

കാലവർഷക്കെടുതികൾ നേരിടുന്നതിനായുള്ള നടപടികൾ

266 (954) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾ നേരിടുന്നതിനായി സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ എന്നിവർക്കായി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ ഇതിനകം എത്ര പേർ മരണപ്പെട്ടു; മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ ഭരണകൂടങ്ങൾക്ക് ഇതു സംബന്ധിച്ച് നൽകിയ പ്രത്യേക നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കാലവർഷ മുന്നൊരുക്കങ്ങൾക്കുവേണ്ടി 2-5-2016-നും 3-5-2016 നുമായി ജില്ലാ കളക്ടർമാരും വകുപ്പ് മേധാവിമാരുമായി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി യോഗം നടത്തുകയും 36 ഇന തയ്യാറെടുപ്പ് ശിപാർശകൾ എല്ലാ വകുപ്പുകൾക്കും നൽകുകയുമുണ്ടായി. എല്ലാ ജില്ലകളിലും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. കാലവർഷത്തെ നേരിടുന്നതിനായി എല്ലാ ജില്ലകൾക്കും 50 ലക്ഷം രൂപ വീതം നൽകി. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും മറ്റ് വകുപ്പ് അദ്ധ്യക്ഷന്മാരും കാലവർഷ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ അവലോകനം ചെയ്തു. കേന്ദ്ര ദുരന്ത പ്രതികരണ സേനയെ (47 പേരടങ്ങുന്ന ടീം) കാലവർഷക്കെടുതികൾ നേരിടുന്നതിനായി തൃശ്ശൂർ കേന്ദ്രീകരിച്ച് നിലനിർത്തിയിട്ടുണ്ട്. മഴക്കാല പൂർവ്വശുചീകരണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം, 24X7 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം, ദുരിതാശ്വാസ കേന്ദ്രങ്ങൾ, അടിയന്തരഘട്ടത്തെ നേരിടുന്നതിനാവശ്യമായ മുൻ കരുതലുകളെടുക്കൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ സർക്കാരിന്റെ 25-5-2016-ൽ ചേർന്ന ആദ്യ മന്ത്രിസഭായോഗ തീരുമാനപ്രകാരം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-5-2016-ന് വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് തലവന്മാർ എന്നിവരുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ സംബന്ധിച്ച് എല്ലാ തദ്ദേശ ഭരണ പ്രദേശങ്ങളിലും ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.

(ബി) 20-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എം എസ്.) നമ്പർ 194/2015/ഡി.എം.ഡി. പ്രകാരവും 29-9-2015 സ.ഉ. (കൈ) നമ്പർ 182/2015/ കൃഷി

പ്രകാരവും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇവർക്ക് നൽകി വരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(സി) കാലവർഷം ആരംഭിച്ച 8-6-2016 മുതൽ 7-7-2016 വരെ 17 പേർ മരണപ്പെട്ടിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയിൽ നിന്നും മരണമടഞ്ഞ വ്യക്തിയുടെ നിയമാനുസൃത അവകാശിക്ക് 4 ലക്ഷം രൂപ ലഭിക്കുന്നതാണ്.

(ഡി) 5-5-2016 26378/കെ.1/2016/ഡി.എം.ഡി. കത്ത് പ്രകാരവും 2-6-2016 ഇതേ നമ്പർ സർക്കുലർ പ്രകാരവും ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ അനുബന്ധമായി ചേർക്കുന്നു.*

തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണം

267 (955) ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മുൻസർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം അനധികൃത നെൽവയൽ നികത്തലുകളെ ക്രമവൽക്കരിക്കുന്നതു വഴി നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി വീണ്ടും കുറയാനിടയാകുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതി പിൻവലിക്കുമോ;

(സി) അനധികൃത നെൽവയൽ നികത്തലുകൾ പൂർവ്വസ്ഥിതിയി ലാക്കുന്നതിനായി എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി അംഗീകരിക്കുന്നത് കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും അവ ഗസറ്റ് വിജ്ഞാപനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറിമാരുമാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അവസാനം ലഭ്യമായ വിവരമനുസരിച്ച് 328 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്കുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 570 പഞ്ചായത്തുകളിൽ അന്തിമ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളതുമാണ്.

(ബി) 8-7-2016-ന് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത ഭേദഗതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പിൻവലിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നെൽവയൽ അനധികൃതമായി നികത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തി തടയുകയും കക്ഷികളെ വിചാരണ ചെയ്യുകയും നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ഉൾപ്പെടെ കർശന നടപടികൾ ജില്ലാ കളക്ടർമാർ മുഖാന്തരം സ്വീകരിച്ച് വരികയും ചെയ്യുന്നു. അനധികൃത പരിവർത്തനങ്ങൾ തടയുന്നതിനായി ജില്ലകളിൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരുന്നതുമാണ്. ആകൂടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും അനധികൃത പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും വകുപ്പ് 20 പ്രകാരം വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമാണ്. അനധികൃതമായി കുന്നുകൾ ഇടിച്ച് നിരത്തി നെൽവയൽ നികത്തുന്നതിനെതിരെ 15-6-2016-ലെ 29626/പി1/2016/റവന്യൂ തീയതി പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

ദുരന്തനിവാരണ വകുപ്പിന്റെ ശാക്തീകരണം

268 (956) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ വകുപ്പിനെ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല ദുരന്തനിവാരണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനം സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെടുത്തി സജീവമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ-സി) പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA) സജ്ജമാണ്. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (SEOC) തിരുവനന്തപുരത്തും DEOC-കൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(District Emergency Operations Centre) 14 ജില്ലാ കളക്ടറേറ്റുകളിലും പ്രവർത്തിക്കുന്നുണ്ട്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ആരോഗ്യം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ നിരന്തര സേവനം ഉറപ്പാക്കുന്നുണ്ട്. സാധ്യതയുള്ള അപകടങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ഇടിമിന്നൽ, തീരശോഷണം, ശക്തമായ കാറ്റ് തുടങ്ങിയവയെ ദുരന്തങ്ങളുടെ പട്ടികയിൽപ്പെടുത്തി, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി നടപ്പിലാക്കി വരുന്നു (NCRMP). വരൾച്ചാ പ്രതിരോധ പ്രവൃത്തിയായി 'മഴപ്പൊലിമ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫയർ& റസ്ക്യൂ സർവ്വീസിന്റെ നവീകരണത്തിനായി സാമ്പത്തിക സഹായം അനുവദിച്ചു. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ (NDRF) പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിന് എറണാകുളം ജില്ലയിൽ സ്ഥലമനുവദിക്കുകയുണ്ടായി. മനുഷ്യജന്യ ദുരന്തങ്ങളുടെ നോഡൽ വകുപ്പായി ആഭ്യന്തര വകുപ്പിനെ നിർണ്ണയിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധമായ വിഷയങ്ങൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയായി നിർണ്ണയിച്ചിട്ടുണ്ട്. റെയിൽവേയുടെ അടിയന്തരഘട്ട രൂപരേഖ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. ബോട്ട് സുരക്ഷാ സംബന്ധമായ വിശദമായ ഗൈഡ്ലൈൻസ്, ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി ദേശീയ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആരോഗ്യ വകുപ്പിന് വ്യക്തമായ പകർച്ചവ്യാധി പ്രതിരോധ രൂപരേഖയുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ കളക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ (District Emergency Operations Centre) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ റവന്യൂ, പോലീസ്, ഫയൽ ആന്റ് റസ്ക്യൂ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ 24 മണിക്കൂറും സേവന സന്നദ്ധരാണ്. കൂടാതെ കൃഷി, ആരോഗ്യം, ജലസേവനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം അടിയന്തരഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും തൽഫലമായുണ്ടാകുന്ന ദുരന്തങ്ങളും നേരിടുന്നതിന് ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) നടപ്പാക്കി വരുന്നു. ഇപ്രകാരം റവന്യൂ, ആരോഗ്യം, പോലീസ്, കൃഷി, ജലസേചനം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചും ശക്തിപ്പെടുത്തിയും ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനതല ദുരന്തനിവാരണ പദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

269 (957) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ആലപ്പുഴ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത്; അതിൽ തീർപ്പുകൽപ്പിച്ചവ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്ര; തീർപ്പാക്കാതിരിയ്ക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. മന്ത്രി കൂടി ഉൾപ്പെടുന്ന ഒരു അദാലത്ത് സംഘടിപ്പിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കാഫീസിൽ 4996 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 4277 അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 719 അപേക്ഷകൾ. ഈ അപേക്ഷകളിൽ സർവ്വേയറുടെ ഫീൽഡ് പരിശോധന, ഡ്രാഫ്റ്റ്സ്മാന്റെ സൂക്ഷ്മ പരിശോധന, ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ അംഗീകാരം ലഭ്യമാക്കുക തുടങ്ങിയ നടപടികൾ നടന്നുവരുന്നു.

(സി) സർവ്വേയറുടെ ഫീൽഡ് പരിശോധനാ സമയത്ത് വ്യക്തമായ കൈവശവസ്തു ഇല്ലാതിരിക്കുക, വ്യക്തമായ അതിരടയാളം ഉണ്ടാകാതിരിക്കുക, അതിർത്തി തർക്കമുള്ളവ, ഒറിജിനൽ പ്രമാണങ്ങൾ ഹാജരാക്കാത്തവ തുടങ്ങിയ അപേക്ഷകളിന്മേലാണ് നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിടുവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കെ.ഡി.എച്ച്. നിയമപ്രകാരമുള്ള ഭൂമി വിതരണം

270 (958) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. നിയമ പ്രകാരം ദേവികുളം താലൂക്കിൽ ഭൂരഹിത കർഷകർക്ക് പതിച്ച് നൽകുവാനായി എത്ര ഭൂമി നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയ നടപടികൾ പൂർത്തീകരിച്ച് ഭൂമി വിട്ടു നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നടപടികൾക്ക് പ്രത്യേക ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ദേവികുളം താലൂക്ക് ഓഫീസിലെ ബി2-1874/16-ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1971-ലെ കെ.ഡി.എച്ച്. ഭൂമി വീണ്ടെടുക്കൽ നിയമപ്രകാരം കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിയിൽ നിന്നും സർക്കാരിലേക്ക് ഏറ്റെടുത്തതിൽ മാങ്കുളം പ്രദേശത്തുള്ള 5189 ഏക്കർ ഭൂമി ഭൂരഹിതർക്ക് പതിച്ചുനൽകുന്നതിന് പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. അതിൽ 524 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികളുടെ ഭാഗമായി മാങ്കുളം റിസർവ് വനത്തിന്റെ അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ W.A. 831/2014 നമ്പർ വിധി പ്രകാരം ദേവികുളം താലൂക്കിലെ ബി2/1874/2016 നമ്പർ ഫയൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകൃതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള നിയമപരമായ തടസ്സങ്ങൾ ചൂണ്ടിക്കാട്ടി 6-6-2016-ന് ജില്ലാ കളക്ടർ കമ്മീഷന് മറുപടി നൽകിയിട്ടുണ്ട്. ബഹു. കമ്മീഷന്റെ ഉത്തരവിൽ ഉൾപ്പെട്ടവർ അംഗീകൃത ഗുണഭോക്താക്കൾ അല്ലാത്തതിനാലും ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ തുടർന്നുവരുന്നതിനാലും സെറ്റിൽമെന്റ് നടപടികളും, അംഗീകൃത ഗുണഭോക്താക്കൾക്കുള്ള ഭൂമി വിതരണവും പൂർത്തിയാക്കിയതിനു ശേഷമേ പരാതിക്കാരുടെ പേരിലുള്ള ഭൂമി പതിവ് പരിഗണിക്കാനാവൂ.

കോതമംഗലം താലൂക്കിൽപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ നടപടികൾ

271 (959) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടംപുഴ വില്ലേജിൽ ഒഴികെ ബാക്കി വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതുകൊണ്ട് ഈ വില്ലേജുകളിൽ നിരവധി ഭൂമി സംബന്ധമായ പ്രശ്നങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാക്കിയുള്ള 12 വില്ലേജുകളിലും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോ;

(ഡി) റീ-സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീ-സർവ്വേ നടപടികൾ ആരംഭിക്കാത്ത വില്ലേജുകളിൽ ഭൂപരാതികൾ പരിഹരിക്കുന്നതിന് നിലവിൽ റവന്യൂ വകുപ്പിൽ സംവിധാനങ്ങളുണ്ട്.

(സി&ഡി) സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി യിരിക്കുകയാണ്.

കൊട്ടാരക്കര പുലമൺ തോടിന്റെ അതിർത്തി നിർണ്ണയം

272 (960) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ പുലമൺ തോടിന്റെ അതിർത്തി നിർണയിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയത് എന്നായിരുന്നു;

(ബി) പ്രസ്തുത അതിർത്തിയിൽ തദ്ദേശസ്ഥാപനങ്ങൾ അതിരുകല്ലുകൾ സ്ഥാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രകാരം അതിർത്തി നിർണയിച്ച് നൽകിയതിനുശേഷം റവന്യൂ അധികൃതർ വീണ്ടും പ്രസ്തുത തോടിന്റെ അതിർത്തി പുനർ നിർണയിച്ചിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളെ അറിയിച്ചിരുന്നോ; വിശദമാക്കുമോ?

ഉത്തരം

(എ) പുലമൺ തോടിന്റെ മൈലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലും കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ (നിലവിൽ മുനിസിപ്പാലിറ്റി) പരിധിയിലും വരുന്ന ഭാഗങ്ങൾ പ്രത്യേകം അതിർത്തി നിർണ്ണയിച്ച് നൽകിയിട്ടുള്ളതും ഇത് സംബന്ധിച്ച സ്കെച്ച് സഹിതമുള്ള റിപ്പോർട്ട് മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 21-11-2012-ലും കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 25-7-2013-ലും നൽകിയിട്ടുള്ളതുമാണ്.

(ബി) ഇല്ല.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18-1-2016-ലെ WP(C) 38318/15 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിന്റെ കക്ഷികളായ ജലസേചന വകുപ്പിനും ഹർജി കക്ഷികളായ ഗീവർഗ്ഗീസ് യോഹന്നാനും നോട്ടീസ് നൽകി അതിർത്തി പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ടി വിവരം തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിച്ചിരുന്നില്ല.

മിച്ചഭൂമി

273 (961) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കണ്ടെത്തിയ മിച്ചഭൂമി എത്രയെന്നും ഇതിൽ എത്ര അളവ് ഭൂമി എത്ര പേർക്ക് നൽകിയെന്നും എത്ര അളവ് ഭൂമിയിൽ കയ്യേറ്റം ഉണ്ടായിയെന്നും വെളിപ്പെടുത്താമോ; കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ നാലു ഏക്കറും അതിലധികവുമായി എത്ര പേർക്ക് പട്ടയം നൽകി, ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഇവരിൽ എത്ര പേർ ഭൂമി ലഭിക്കാൻ യോഗ്യരാണെന്നും, യോഗ്യതയില്ലാത്തവർ എത്ര എന്നും ഇവർ കൈവശമാക്കിയ ഭൂമി എത്ര എന്നും അന്വേഷിക്കാനും അനധികൃത പട്ടയങ്ങൾ റദ്ദാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സ.ഉ.(കൈ) നമ്പർ 346/2012/റവന്യൂ തീയതി 13-9-2012 പ്രകാരം കോട്ടയം ജില്ലയിലെ തീക്കോയി വില്ലേജിലെ മുരുകൻമല ക്ഷേത്രം സ്ഥിതി ചെയ്യുന്ന 25 ഏക്കർ ഭൂമിയിൽ, 15 ഏക്കർ ക്ഷേത്രസമുച്ചയം പണിയുന്നതിന് എസ്.എൻ.ഡി.പി. യോഗം മീനച്ചിൽ താലൂക്ക് യൂണിയനും, 10 ഏക്കർ വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രം പണിയുന്നതിന് എസ്.എൻ.ഡി.പി. യോഗത്തിന്റെ തന്നെ വിദ്യാഭ്യാസ ഏജൻസിയായ എസ്.എൻ. ട്രസ്റ്റിനും പതിച്ചു നൽകിയിട്ടുണ്ട്. ഇതൊഴികെ സംസ്ഥാനത്ത് ആർക്കും തന്നെ നാല് ഏക്കറിൽ കൂടുതൽ മിച്ച ഭൂമി പട്ടയം നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അങ്കമാലി മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവർത്തനങ്ങൾ

274 (962) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് അങ്കമാലി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് 25-5-2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 206/15/റവന്യൂ പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ അനുമതി ലഭിച്ച് നടപ്പാക്കി വരുന്ന പ്രവൃത്തികൾ താഴെക്കൊടുക്കുന്നു:

1. പാറക്കടവ്പഞ്ചായത്തിൽ 12-ാം വാർഡിൽ ചാലക്കുടിപ്പുഴയുടെ തീര സംരക്ഷണവും കരുങ്ങേഴിപ്പ് അമ്പലക്കടവിന്റെ നിർമ്മാണവും - തുക -8.40 ലക്ഷം രൂപ.

2. കുറുറ്റി പഞ്ചായത്തിൽ ഏഴാം വാർഡിൽ ചാലക്കുടിപ്പുഴയിൽ പള്ളിക്ക് സമീപം ഏഴാറ്റുമുഖം കടവ് നിർമ്മാണം - തുക- 5.80 ലക്ഷം രൂപ.

നെൽവയൽ നികത്തുന്നതിന് അനുവാദം

275 (963) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ 2010-ന ശേഷം നെൽവയൽ നികത്തുന്നതിനായി എത്ര പേർക്ക് അനുവാദം നൽകിയെന്ന് വിശദമാക്കുമോ;

(ബി) അനുവാദം ലഭിച്ചവരുടെ പേര്, മേൽവിലാസം, മണ്ണിട്ടു നികത്തുന്നതിന് അനുവദിച്ച സ്ഥലത്തിന്റെ അളവ് , സർവ്വേനമ്പർ എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് താലൂക്കിൽ 2010-നുശേഷം നെൽവയൽ നികത്തുന്നതിനായി 195 പേർക്ക് അനുവാദം നൽകിയിട്ടുണ്ട്. അനുവാദം ലഭിച്ചവരുടെ പേരും മേൽവിലാസവും അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് പദ്ധതി

276 (964) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന 'എല്ലാവർക്കും വീട് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 'എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ ഭാഗമായി ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ റവന്യൂ സമാഹരണം 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വില്പന നികുതിയുടെ 50%-ൽ നിന്നുമായിരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി സഹായവും ചേർത്ത് 3.60 ലക്ഷം രൂപയാണ്.

ഹൗസിംഗ് ബോർഡിന്റെ ചങ്ങനാശ്ശേരിയിലെ സ്ഥലത്ത് പുതിയ നിർമ്മാണ പദ്ധതി

277(965) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപമുള്ള സ്ഥലത്ത് ഏതെങ്കിലും പുതിയ നിർമ്മാണ പദ്ധതിക്ക് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർമ്മാണ പദ്ധതി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പദ്ധതിക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിരിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപത്ത് ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന 14 നിലകളുള്ള ഒരു റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് കെട്ടിടം ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശേഖരിച്ചുകൊണ്ട് പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 29-2-2016-ലെ G.O.(Ms)No. 17/2016/Hsg. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കിയതിനുശേഷം ബോർഡ് ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉപഭോക്താക്കളിൽ നിന്നും ഫ്ലാറ്റുകളുടെ വിൽപ്പന വില നിർമ്മാണ കാലഘട്ടത്തിൽ തന്നെ ശേഖരിച്ചുകൊണ്ട് പാരസ്പര്യം പദ്ധതിയായിട്ടാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

ഭവനനിർമ്മാണ ധനസഹായം ഏകീകരിക്കാൻ നടപടി

278(966) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ പല സ്കീമുകളിലായി ഒരേ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായമായി പല തുകയാണ് ലഭിക്കുന്നുവെന്നതിനാൽ ആയത് ഏകീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

ഭവനനിർമ്മാണ വകുപ്പ് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളായ ഗൃഹശ്രീ, സാഫല്യം എന്നീ പദ്ധതികളിൽ ഭവനരഹിതർക്ക് സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപയാണ് നൽകി വരുന്നത്.

ഭവനനിർമ്മാണ പദ്ധതികൾ

279(967) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഭവനനിർമ്മാണ പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സാഫല്യം ഭവന പദ്ധതി
2. ഗൃഹശ്രീ ഭവന പദ്ധതി
3. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി
4. ഇന്നവേറ്റീവ് ഭവന പദ്ധതി
5. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി
6. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ

ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

'എല്ലാവർക്കും വീട്' പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 60 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നു. ആദ്യഘട്ടത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്.

ഭവനനിർമ്മാണം

280(968) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഹൗസിംഗ് സ്കീമുകളിലായി വീട് നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്തവയുടെ ജില്ല തിരിച്ചുള്ള കണക്ക് (എസ്.സി/എസ്.ടി,ജനറൽ എന്നീ വിഭാഗങ്ങളിൽ) ലഭ്യമാക്കുമോ;

(ബി) ആയത് പൂർത്തീകരിക്കുന്നതിനായി സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സുനാമി വില്ലേജ് വീടുകൾ

281(969) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേമഞ്ചേരി പഞ്ചായത്തിൽ ടി.ആർ.പി. പ്രകാരം നിർമ്മിച്ചിട്ടുള്ള സുനാമി വില്ലേജ് വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സുനാമി വില്ലേജ് വീടുകൾ നിർമ്മിച്ച് 5 വർഷം കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വീടുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം ചേമഞ്ചേരി പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള 25 വീടുകൾ അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറണമെങ്കിൽ അവയുടെ അറ്റകുറ്റപ്പണികൾ തീർക്കേണ്ടതുണ്ട്.

(ബി) ഉണ്ട്. സുനാമി വീടുകൾ നിർമ്മിച്ച് യഥാസമയം അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് പ്രദേശവാസികളുടെ എതിർപ്പുമൂലം സാധിച്ചിട്ടില്ല. പിന്നീട് പ്രസ്തുത 25 വീടുകളും സാമൂഹ്യദ്രോഹികളാൽ ഭാഗികമായി നശിപ്പിക്കപ്പെട്ടു.

(സി) പ്രസ്തുത വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറണമെങ്കിൽ അവയുടെ അറ്റകുറ്റപ്പണികൾ തീർക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പണി പൂർത്തിയായശേഷം വീടുകൾ അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറുന്നതാണ്.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ സാഫല്യം ഭവനനിർമ്മാണ പദ്ധതി

282 (970) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടില്ലാത്തവർക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിലേക്ക് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പൊതു

സൗകര്യങ്ങളുടെ കുറവ് ഉണ്ടെന്നുള്ള നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 48 ഫ്ളാറ്റുകളുടെ നിർമ്മാണം 30-6-2015-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പൊതു സൗകര്യങ്ങളുടെ കുറവുണ്ടെന്നുള്ള നിവേദനം അലോട്ടികളായ ശ്രീ. ജി. സുരേന്ദ്രൻ മുതലായവർ ചേർന്ന് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ 4099/16/KLM എന്ന നമ്പറിൽ 26-5-2016-ൽ നൽകിയ പരാതി ഭവനനിർമ്മാണ ബോർഡിൽ ലഭിച്ചിരുന്നു. ടി പരാതിയിന്മേൽ ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് 9-6-2016-ൽ മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗിൽ കൊല്ലം ഡിവിഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ഹാജരായി നൽകുകയുണ്ടായി. ടി റിപ്പോർട്ടിന്മേൽ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായത്തിനായി പരാതി മാറ്റിവച്ചിരിക്കുന്നു.

ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ വികസനം

283 (971) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ എല്ലാ വികസനവും തീരദേശ പരിപാലന നിയമം (കോസ്റ്റൽ റെഗുലേഷൻ ആക്ട്) സി.ആർ.ഇസഡുമൂലം തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ആശ്വാസ കരമാം വിധം നടപടികൾ സ്വീകരിക്കുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തീരദേശ നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും സാധിക്കാത്ത സ്ഥിതി നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളിൽ തീരദേശ നിയന്ത്രണ വിജ്ഞാപനം ബാധകമാണ്. 1991 ഫെബ്രുവരി 19-ന് കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയം ഇറക്കിയ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേക്ക് 500 മീറ്ററും വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയിലുള്ള മേഖലയും നിയന്ത്രണ മേഖലയിൽപ്പെടുന്നു. കടലിൽ നിന്നും വേലിയേറ്റ സ്വാധീനമുള്ള പുഴകളുടെയും കായലുകളുടെയും

വേലിയേറ്റ മേഖലയിൽനിന്നും 100 മീറ്റർ കരഭാഗം നിയന്ത്രണ മേഖലയിലാണ്. പ്രസ്തുത നിയന്ത്രണ മേഖലയ്ക്കത്ത് കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുകയും നിയന്ത്രണങ്ങൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 2011 ജനുവരിയിലെ പുതുക്കിയ തീരദേശ നിയന്ത്രണ വിജ്ഞാപനപ്രകാരം നിയന്ത്രണ മേഖല കായൽ ദ്വീപുകൾക്ക് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ആയി കുറച്ചിട്ടുണ്ട്. തീരദേശ നിയന്ത്രണംമൂലം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ട്. ആയതിനാൽ തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ നൽകാൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്രസർക്കാർ നടപടിയെടുക്കുകയും ഡോ. ശൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോ. ശൈലേഷ് നായക് സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയം, ഡോ. ശൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകളൊന്നും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) തീരദേശവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തീരദേശനിയന്ത്രണ മേഖലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭവനനിർമ്മാണം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനു വെളിയിൽ ഭവനനിർമ്മാണം നടത്താൻ തീരദേശ മാനേജ്മെന്റ് അതോറിറ്റി അനുമതി നൽകുന്നുണ്ട്. തദ്ദേശവാസികൾക്കും മത്സ്യബന്ധനത്തിലേർപ്പെട്ടവർക്കും 100 മീറ്ററിന് വെളിയിൽ നിബന്ധനകൾക്ക് വിധേയമായി, ചെറിയ വീടുകൾ കെട്ടാൻ അനുമതി നൽകുന്നു. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 1991 ഫെബ്രുവരി 19-ന് നിലവിലുള്ള റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ കരഭാഗത്ത് പുതിയ നിർമ്മാണം അനുവദിക്കുന്നുണ്ട്. അംഗീകൃത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും നിബന്ധനകൾക്ക് വിധേയമായി തീരദേശനിയന്ത്രണ മേഖലയിൽ അനുവദിക്കുന്നുണ്ട്.

ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പദ്ധതി

284 (972) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിന്റെ ഭാഗമായി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് എന്ന പദ്ധതി 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ പദ്ധതിയുടെ പ്രവർത്തനം നടത്താൻ കഴിയാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആധുനിക കാലത്തെ ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസൃതമായി ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേടുകൂടാതെ സംഭരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പ്രതിദിനം 60 ടൺ സംസ്കരണ ശേഷിയോടുകൂടിയ ആധുനിക രീതിയിലുള്ള ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്, കൊല്ലം ജില്ലയിലെ ശക്തികുളങ്ങര കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

(ബി) 90% നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് സബ്സിഡി 40% കുറച്ചതിനാൽ അനുമതി നേടാൻ കഴിഞ്ഞിരുന്നില്ല.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ഡി) ആലോചിക്കാവുന്നതാണ്.

തീരദേശ വികസന കോർപ്പറേഷൻ

285 (973) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരമേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തീരദേശ വികസന കോർപ്പറേഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനമാണ് ഇതിന്റെ ഭാഗമായി ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശമേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ബി) തീരദേശ വികസന കോർപ്പറേഷൻ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ താഴെപ്പറയുന്ന അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(1) 36.22 കോടി രൂപയുടെ 72 കുടിവെള്ള പദ്ധതികൾ

(2) 12.77 കോടി രൂപയുടെ 36 വൈദ്യുതീകരണ പദ്ധതികൾ

(3) 0.52 കോടി രൂപയുടെ 8 ഫ്ലാറ്റുകൾ

(4) 25.28 കോടി രൂപയുടെ 41 സ്കൂൾ കെട്ടിട നിർമ്മാണം

(5) 22.16 കോടി രൂപയുടെ 39 ആശുപത്രി കെട്ടിടനിർമ്മാണം

(6) 65.00 കോടി രൂപയുടെ 37 ആധുനിക മത്സ്യമാർക്കറ്റുകൾ

(7) 10.64 കോടി രൂപയുടെ 16 ഫിഷ് ലാന്റിംഗ് സെന്ററുകൾ

(8) 5.37 കോടി രൂപയുടെ 27 നെറ്റ് മെന്റിംഗ് യാർഡുകൾ

(9) 1.82 കോടി രൂപയുടെ 4 ഡ്രെയിനേജുകൾ

(10) 3.49 കോടി രൂപയുടെ 47 അങ്കണവാടികൾ

(11) 3.75 കോടി രൂപയുടെ 16 ലൈബ്രറി കെട്ടിടങ്ങൾ

(12) 9.82 കോടി രൂപയുടെ 12 ഫിഷറീസ് റോഡുകൾ/കൾവേർട്ട്

(13) 0.25 കോടി രൂപയുടെ ഒരു വിമൺ ഷെൽറ്റർ

(14) 0.41 കോടി രൂപയുടെ ഒരു കോമൺ ഫെസിലിറ്റി സെന്റർ

(15) 0.14 കോടി രൂപയുടെ ഒരു മത്സ്യഭവൻ

(16) 6.39 കോടിരൂപയുടെ 88 ഹൈമാസ്റ്റ് ലൈറ്റുകൾ/ 2 ഗൈഡ് ലൈറ്റുകൾ

(17) 5.75 കോടി രൂപയുടെ 873 വ്യക്തിഗത ടോയ്‌ലറ്റുകൾ/11 പബ്ലിക് ടോയ്‌ലെറ്റുകൾ

(18) 3.58 കോടി രൂപയുടെ സോളാർ ഡ്രൈയിംഗ് യൂണിറ്റ്/ യൂണിറ്റ്.

(സി) തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ ശുദ്ധജല ലഭ്യത, സമ്പൂർണ്ണ വൈദ്യുതീകരണം, വാസയോഗ്യമായ ഭവനങ്ങൾ, ശുചിത്വ സൗകര്യങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ, സഞ്ചാരയോഗ്യമായ റോഡുകൾ, മത്സ്യ വിപണനം സുഗമമാക്കുന്നതിന് ആധുനിക മത്സ്യമാർക്കറ്റുകൾ, മറ്റ മത്സ്യമേഖലാ സാമൂഹിക അടിസ്ഥാന സൗകര്യവികസനം എന്നിവ ഉറപ്പുവരുത്തുന്നു.

ഹൈടെക് മത്സ്യമാർക്കറ്റുകൾ

286 (974) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് മത്സ്യ മാർക്കറ്റുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഹൈടെക് മത്സ്യ മാർക്കറ്റ് തുടങ്ങുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) നല്ല ഗുണനിലവാരമുള്ള മത്സ്യങ്ങളും മറ്റും ജനങ്ങൾക്ക് ലഭിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ഹൈടെക് മത്സ്യ മാർക്കറ്റുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൈടെക് മത്സ്യമാർക്കറ്റുകൾ സർക്കാർ തലത്തിൽ നിലവിലില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു ഫിഷ് മാൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

(സി) ഗുണനിലവാരമുള്ള മത്സ്യങ്ങൾ ലഭിക്കുന്നതിന് ഫിഷ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നത് പരിഗണിക്കുന്നതാണ്.

തീരദേശ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

287 (975) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ ഏരിയാ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ തീരദേശ മേഖലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തീരദേശ മേഖലയിൽ പ്രത്യേക പാർപ്പിട പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവത്ക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ബി) വികസനപരമായി പിന്നോക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതവുമായ മത്സ്യഗ്രാമങ്ങൾക്ക് മുൻഗണനാ നൽകിക്കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) തീരദേശ മേഖലയിൽ സമഗ്രമായ പാർപ്പിട പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. അതിൽ കടലാക്രമണ ഭീഷണി നിരന്തരം നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം കൂടി ഉറപ്പാക്കുന്നതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനാവശ്യമായ തുകയുടെ ആദ്യഗഡുവായി 25 കോടി രൂപ വകയിരുത്തുന്നതായി പറഞ്ഞിട്ടുള്ളതാണ്.

തീരദേശ പാർപ്പിട പദ്ധതി

288 (976) ശ്രീ. എ. എം. ആരിഫ് :

ശ്രീ. ബി. സത്യൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തീരദേശ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പശ്ചാത്തല സൗകര്യ വികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ;

(സി) തീരദേശ നിയന്ത്രണ മേഖലാപ്രഖ്യാപനം തീരദേശത്തെ വികസന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിനും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനും 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ആദ്യഘട്ടമായി 100 കോടി രൂപയുടെ സമഗ്ര പദ്ധതി 2016-17-ൽ നടപ്പാക്കുന്നതാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശ റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികളുടെ ഒരു ആലോചനാ യോഗം ചേരുവാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ തുടക്കമെന്ന നിലയിൽ നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശ വാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈസൻസ് ലഭിക്കുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. തീരദേശവാസികൾ അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ഒരു ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേരളം സമർപ്പിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ തുടർന്നുവരുന്നു.

മത്സ്യ സംസ്കരണവും വിപണനവും

289(977) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാർ പ്രഖ്യാപിച്ച "കോൾഡ് ചെയിൻ" പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മത്സ്യ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സമഗ്ര കോസ്റ്റൽ മാനേജ്മെന്റ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ?

ഉത്തരം

(എ) മത്സ്യസംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ വിലയിരുത്തൽ നടത്താനുദ്ദേശിക്കുന്നു.

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഇതിലേക്കായി പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

(സി) 14-6-2016-ന് കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

മാതൃകാ മത്സ്യഗ്രാമ പദ്ധതി

290 (978) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നു. 160 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ മുഖ്യ പരിഗണന ഭവനനിർമ്മാണത്തിനായിരുന്നു.

(ബി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്.

ക്രമ നം.	പദ്ധതി ഘടകം	ടാർജറ്റ് (യൂണിറ്റ്)	തുക (ലക്ഷത്തിൽ)
1	തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമങ്ങളിൽ ഭവനപദ്ധതി - 2.5 ലക്ഷം രൂപ/യൂണിറ്റ്.	2106	5265.00
2	മറ്റ്മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി - 2 ലക്ഷം രൂപ/യൂണിറ്റ്	2867	5734.00
3	വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണ ധനസഹായം (തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ 20,000 രൂപ നിരക്കിൽ ധനസഹായം)	5450	1090.00
4	തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നത്.		1410.00
5	ഫിഷറീസ് കോളനികളുടെ നവീകരണം (പുതിയ വീടുകൾക്കും ഭവനഅറ്റകുറ്റപ്പണികൾക്കും ധനസഹായം അനുവദിക്കുന്നത്)		2500.00
6	ഇൻസിഡന്റൽ എക്സ്പെൻസ്		1.00
	ആകെ		16,000.00

(സി) പദ്ധതി നിർവ്വഹണത്തിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമനമ്പർ	പദ്ധതി ഘടകം	ടാർജറ്റ് (യൂണിറ്റ്)	എഗ്രിമെന്റ് വച്ചത്	നിർമ്മാണം പൂർത്തിയാക്കിയത്	ചെലവഴിച്ചതക (ലക്ഷത്തിൽ)
(1)	(2)	(3)	(4)	(5)	(6)
1	തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമങ്ങളിൽ ഭവന പദ്ധതി - 2.5 ലക്ഷം രൂപ/യൂണിറ്റ്.	2106	1894	1878	4718.00

(1)	(2)	(3)	(4)	(5)	(6)
2	മറ്റ് മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി-2 ലക്ഷം രൂപ/യൂണിറ്റ്	2867	2853	2766	5629.00
3	വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണം ധനസഹായം (തെരഞ്ഞെടുക്കപ്പെട്ട 57 മത്സ്യ ഗ്രാമങ്ങളിൽ 20,000 രൂപനിരക്കിൽ ധനസഹായം)	5450	2496	2376	486.00
4	...	പുതിയ ഭവനം	520	441	969.00
5		ഭവന അറ്റ-കുറ്റപ്പണി	948	910	465.50
6	ഇൻസിഡന്റൽ എക്സ്പെൻസ്	...	...	...	1.00
	ആകെ				12268.5

തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ വൈദ്യുതീകരണം, കുടിവെള്ളം, അങ്കണവാടി നിർമ്മാണം, പബ്ലിക് ഹെൽത്ത് സെന്റർ, റോഡ് നിർമ്മാണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ലൂൾ കെട്ടിട നിർമ്മാണം എന്നീ 13 പദ്ധതികൾ നടപ്പിലാക്കുന്നതിന് 1345 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് അനുവദിക്കുകയും ഇതിൽ 1127.45 ലക്ഷം ചെലവഴിക്കുകയുമുണ്ടായി. 8 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിക്കുകയും മറ്റ് പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരികയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യാപകമായ പ്രചരണം നടത്തി അപേക്ഷകൾ സ്വീകരിക്കുകയും കൂടുതൽ രീതിയിൽ അർഹരായവരെ കണ്ടെത്തുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ ജില്ലാ ബെനിഫിഷറി സെലക്ഷൻ കമ്മിറ്റികൾ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ തലത്തിലും ഫിഷറീസ് വകുപ്പ് തലത്തിലും അവലോകനം നടത്തിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് സംവിധാനം

291(979) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്ത് കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ബി) ഇതിനായി നാവികസേനയുടെ സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ് വകുപ്പ്, സംസ്ഥാന പോലീസ്, ജില്ലാ ഭരണകൂടം എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് ബോട്ടുകൾ വാടകയ്ക്കെടുത്ത് ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും കടൽ രക്ഷാപ്രവർത്തനം നടത്തി വരുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ കോസ്റ്റ് ഗാർഡിന്റെയും ഇൻഡ്യൻ നാവിക സേനയുടെയും സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. തീരദേശ ജില്ലകളിൽ കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനവും ദിവസവേതനത്തിൽ ലൈഫ് ഗാർഡുകളുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് അടിയന്തര ഘട്ടങ്ങളിൽ നാവികസേനയുടെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) ഫിഷറീസ് വകുപ്പും ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന പോലീസിന്റെ ഭാഗമായ തീരദേശ പോലീസ്, ജില്ലാ ഭരണകൂടം എന്നിവ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അപകടം സംഭവിച്ചാൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രക്ഷാപ്രവർത്തനം നടത്താറുണ്ട്. ടി സമയത്ത് തീരദേശ പോലീസും പട്രോളിംഗ് നടത്തി മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ജില്ലാ കളക്ടറാണ് നേവിയുടെയും കോസ്റ്റ് ഗാർഡിന്റേയും കപ്പലും ഹെലികോപ്റ്ററും രക്ഷാദൗത്യത്തിന് പങ്കെടുക്കണമെന്ന നിർദ്ദേശം നൽകുന്നത്.

പൂമീൻ വിത്ത് നിക്ഷേപിക്കൽ പദ്ധതി

292(980) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു ജലാശയങ്ങളിൽ മത്സ്യ പൂമീൻ വിത്ത് നിക്ഷേപിക്കൽ പദ്ധതി പ്രകാരം 2011 മുതൽ 2015 വരെ എത്ര രൂപയുടെ വിത്തുകൾ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ നിക്ഷേപിക്കുന്ന വിത്തുകളിൽ നിന്നും എത്ര ലക്ഷം രൂപയുടെ അധിക മത്സ്യ ഉല്പാദനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സ്വാഭാവിക മത്സ്യസമ്പത്ത് എത്ര മാത്രം വർദ്ധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം (ഓപ്പൺ വാട്ടർ റാഞ്ചിംഗ്) പദ്ധതി മുഖേന 2011, 2012, 2013 വർഷങ്ങളിൽ പൂമീൻ (മിൽക്ക് ഫിഷ്-Chanoes chanoes) വിത്തുകൾ നിക്ഷേപിച്ചിട്ടില്ല. 2014, 2015 വർഷങ്ങളിലെ പൂമീൻ (മിൽക്ക് ഫിഷ് - Chanoes chanoes) നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

നിക്ഷേപിച്ച വർഷം/എണ്ണം		വിത്ത് നിക്ഷേപത്തിന്റെ ചെലവ് (@Rs. 8/Fish)	പ്രതീക്ഷിത ഉല്പാദനം (15%)	പ്രതീക്ഷിത വരുമാനം (@Rs. 200/Kg)
2014	2015			
50000 എണ്ണം	794975 എണ്ണം	3750800	126.75 ടൺ	25349200

ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി രൂപീകരണം

293 (981) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടനുസരിച്ചുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം, ഉത്തരവാദിത്തപരമായ ജലകൃഷി വികസനം, മത്സ്യ തൊഴിലാളികളുടെ ഉപജീവന സുരക്ഷ എന്നിവയ്ക്കായി പര്യാപ്തമായ നിലയിൽ പ്രസ്തുത സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-ൽ നിലവിൽ വന്ന കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ അനുസരിച്ചുള്ള വിവിധ സമിതികൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ മുൻ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിരുന്നതാണെങ്കിലും ടി ഫയലിൽ തീരുമാനമെടുക്കാതെ തിരിച്ചയയ്ക്കുക യാണുണ്ടായത്. പുതിയ സർക്കാർ അധികാരമേറ്റെടുത്ത സാഹചര്യത്തിൽ ചട്ട പ്രകാരമുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുന്നതാണ്.

ചമ്പക്കര മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ

294 (982) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ ചമ്പക്കര മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ചമ്പക്കര മത്സ്യമാർക്കറ്റ് ആധുനിക രീതിയിൽ പണി തീർക്കുന്നതിന് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ;

(സി) ചമ്പക്കര മാർക്കറ്റ് പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് മെട്രോ റെയിൽ കോർപ്പറേഷൻ അടക്കമുള്ള വിവിധ ഏജൻസികളെ ഏകോപിപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തൃക്കാക്കര മണ്ഡലത്തിലെ ചമ്പക്കര മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കാമോ എന്ന് പരിശോധിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ

295 (983) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് 2010-ൽ തുക അനുവദിച്ചിട്ടും കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതു കാരണം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും ഇത് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഏകദേശം 15% പ്രവൃത്തികൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതു കാരണം ടിയാനെ കരാറിൽ നിന്ന് ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതു കാരണം സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല. ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏർപ്പാടാക്കുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു. ആദ്യ കരാറുകാരനിൽ നിന്നും ബാധ്യതകൾ ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. 2016 സെപ്റ്റംബറിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ

296 (984) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനം ഈ വർഷവും നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവുമില്ലാതാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികളുടെ പട്ടിണി മാറ്റുന്നതിനായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

(സി) ട്രോളിംഗ് നിരോധന സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടിലെ തൊഴിലാളികൾക്കും ഹാർബറിലെ പീലിംഗ് തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് 20 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ എന്നിവ പ്രകാരമുള്ള തുകയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പുവർഷം മുതൽ ഈ തുക വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ട്.

തീരനൈപുണ്യ പദ്ധതി

297 (985) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനുമായി മുൻ സർക്കാർ 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'തീരനൈപുണ്യ പദ്ധതി'-യുടെയും 'ഫിഷ്ബഡ്സിന്റെ' വ്യാപനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവെച്ചിരുന്നുവെന്നും, അതിൽ എത്ര തുക ചെലവഴിച്ചെന്നും പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ;

(സി) സമഗ്ര തീരദേശവികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്റ്റാഫ് മുഖേന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതികളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ്

തീരനൈപുണ്യ. 2015-16 വർഷത്തിൽ ഈ പദ്ധതി ആരംഭിക്കുകയും ഒന്നാം ഘട്ടത്തിൽ 10 ജില്ലകളിൽ നിന്നുള്ള 300 മത്സ്യത്തൊഴിലാളി യുവതികൾ ട്രെയിനിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് പൂർത്തീകരിച്ച യുവതികളിൽ ഭൂരിഭാഗം പേർക്കും അവരുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 300 യുവതികൾക്കുള്ള ട്രെയിനിംഗ് പരിശീലനം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ഫിഷ്മെയ്ഡ് പദ്ധതിയുടെ വ്യാപനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരനൈപുണ്യ പദ്ധതിയിൽ 30 പേരടങ്ങുന്ന 20 ബാച്ചുകൾക്കായി 108 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 300 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതിനായി 54 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടം 300 പേർക്ക് പരിശീലന പരിപാടി തുടങ്ങിയിട്ടുണ്ട്. ഈ പരിപാടി അവസാനിക്കുമ്പോൾ ഫണ്ടിന്റെ വിനിയോഗം പൂർണ്ണമാകുന്നതാണ്. ഫിഷ്മെയ്ഡ് പദ്ധതിയുടെ വ്യാപനത്തിനായി തുക ആവശ്യമായി വന്നില്ല.

(സി) ഭവനനിർമ്മാണം, ഭവന അറ്റകുറ്റപ്പണി, ഫിഷർമെൻ കോളനി നവീകരണം, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ഡ്രെയിനേജ് നിർമ്മാണം, വൈദ്യുതീകരണം, മത്സ്യത്തൊഴിലാളി സമൂഹത്തിന് ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ബോധവൽക്കരണ പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കാസർഗോഡ് കസബ കടപ്പുറത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

298 (986) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കസബ കടപ്പുറത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; എത്ര വീടുകളിലായിട്ടാണ് ഈ കുടുംബങ്ങൾ താമസിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവിടത്തെ വീടുകൾക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ നമ്പർ ലഭിച്ചിട്ടുണ്ടോ; നമ്പർ ലഭിക്കാത്ത വീടുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾ ഇവിടെ ഉണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വള്ളവും വലയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നഷ്ട പരിഹാരത്തിന് കിട്ടിയ അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിന്മേൽ എടുത്ത തീരുമാനവും അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് കസബ കടപ്പുറത്ത് 1280-ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിച്ചു വരുന്നു. ഇവർ എത്ര വീടുകളിലായാണ് അധിവസിക്കുന്നതെന്ന് കണക്കാക്കിയിട്ടില്ല.

(ബി) വീടുകൾക്ക് നമ്പർ അനുവദിക്കുന്നത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. എങ്കിലും സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിൽ വരുന്ന വീടുകൾക്ക് നമ്പർ അനുവദിക്കുന്നതായി കാണുന്നില്ല.

(സി) റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങളുടെ വിവരം ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല.

(ഡി) വൈദ്യുതിയില്ലാത്ത വീടുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല. കാസർഗോഡ് ജില്ലാ ഫിഷറീസ് ഓഫീസിലെ കണക്കനുസരിച്ച് കക്കൂസില്ലാത്ത 40 വീടുകളാണുള്ളത്.

(ഇ) കാസർഗോഡ് ജില്ലയിൽ കസബ കടപ്പുറത്ത് 2011-2015 കാലയളവിൽ വള്ളവും, വലയും നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡയറക്ടർക്ക് 8 അപേക്ഷകൾ ലഭിക്കുകയും ഇതിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡ്, ജില്ലാ കളക്ടർ കാസർഗോഡിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വള്ളവും വലയും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം റവന്യൂ വകുപ്പാണ് നൽകുന്നത്. ഫിഷറീസ് വകുപ്പിന് ഇതിനായി തനതായ ഫണ്ടുകളൊന്നും തന്നെയില്ല.

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം

299 (987) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ട്രോളിംഗ് നിരോധിക്കുന്നതുമൂലം മത്സ്യസമ്പത്ത് വർദ്ധിക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠന റിപ്പോർട്ട് ശാസ്ത്രീയമായി തയ്യാറാക്കാൻ മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഈ വർഷവും ജൂൺ പതിനഞ്ചാം തീയതി മുതൽ ജൂലൈ 31 വരെ 47 ദിവസം ട്രോളിംഗ് നിരോധനം നിലവിലുണ്ട്.

(ബി &സി) കടൽ മത്സ്യോല്പാദനം 1977-1987-ലെ ശരാശരിയായ 338138 ടണ്ണിൽ നിന്നും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ 1988-1996 കാലഘട്ടത്തിൽ 5,27,818 ടൺ ആയി ഉയർന്നു. ആയത് 1997-2005 ആയപ്പോൾ ശരാശരി 5,75,818 ടൺ എന്നാൽ 2007-08 സാമ്പത്തിക വർഷം മുതൽ മത്സ്യ ഉല്പാദനത്തിൽ നേരിയ കുറവ് വരുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. ട്രോൾ ബാൻ നടപ്പാക്കുന്നതിന്റെ ഫലമായി മത്സ്യസമ്പത്തിലുണ്ടാകുന്ന ആഘാതം നിർണ്ണയിക്കുവാനും മത്സ്യസമ്പത്ത് വിലയിരുത്തുവാനും കേരള സർക്കാർ നിയോഗിച്ച ഒരു വിദഗദ്ധ സമിതി 2014-ൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും നടപടി

300 (988) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തൊണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കടലിൽ നിന്ന് ചെറുമത്സ്യങ്ങളെ വളം നിർമ്മാണത്തിനും മറ്റുമായി വ്യാപകമായ തോതിൽ പിടിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിനും സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) CMFRI-യുടെ കണക്കുകൾ പ്രകാരം 2012-നുശേഷം കടൽ മത്സ്യങ്ങളുടെ ലഭ്യതയിൽ കുറവുണ്ടാകുന്നുണ്ട്. മത്സ്യസമ്പത്ത് കുറയുന്നത് പ്രധാനമായും കാലാവസ്ഥാവ്യതിയാനം, അമിതചൂഷണം, അശാസ്ത്രീയ മത്സ്യബന്ധനം എന്നീ കാരണങ്ങളാലാണ്.

(ബി) ചെറുമത്സ്യങ്ങളെ വളം നിർമ്മാണത്തിനും മറ്റുമായി പിടിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറിയ മത്സ്യങ്ങളെ പിടിക്കുന്നത് വംശവർദ്ധനവിനെ പ്രതികൂലമായി ബാധിക്കുന്നതു വഴി മത്സ്യസമ്പത്തിനെയും പ്രതികൂലമായി ബാധിക്കുന്നു.

(സി) അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിനുള്ള കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടലിൽ നിരന്തരം പട്രോളിംഗ് നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

മത്സ്യത്തൊഴിലാളി രംഗത്ത് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ

301 (989) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി രംഗത്ത് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ വകുപ്പ് ഉൾപ്പെടെ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഇവയെ ഏകോപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇവയിൽ നിന്ന് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ 8 ഏജൻസികൾ പ്രവർത്തിക്കുന്നു.

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

2. മത്സ്യഫെഡ്

3. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (SAF)

4. കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC)

5. സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA)

6. ജലകൃഷി വികസന ഏജൻസി (ADAK)

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM)

8. ഫിഷ് ഫാർമേഴ്സ് ഡവലപ്മെന്റ് ഏജൻസി (FFDA)

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ മത്സ്യമേഖലയുടെ മുന്നേറ്റത്തിനായി വ്യത്യസ്തങ്ങളായ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലും മാർഗ്ഗ നിർദ്ദേശങ്ങൾക്കുമനുസരിച്ചാണ് വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇവയെ ഏകോപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുജലാശയങ്ങളിൽ മത്സ്യകൃഷി

302 (990) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെ തിരെയുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25-9-2014 ലെ 41630/ആർ.സി/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾക്ക് വിരുദ്ധമായതും, കേരളത്തിന്റെ ഉൾനാടൻ മത്സ്യകൃഷി വികസനത്തെ തടയുന്നതുമായ പ്രസ്തുത സർക്കുലർ പിൻവലിച്ച്, പൊതുജലാശയങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത നിലയിൽ പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് മത്സ്യകൃഷി നടത്തുന്നതിന് അനുമതി നൽകുന്നതിന് ആവശ്യമായ പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷിക്ക് വിരുദ്ധമായി ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ എന്തെങ്കിലുമുണ്ടെന്ന് കരുതുന്നില്ല. എന്നാൽ വ്യക്തികൾക്ക് പാട്ടത്തിനോ ടെണ്ടർ വ്യവസ്ഥയിലോ ഉൾനാടൻ ജലാശയങ്ങൾ നൽകാൻ കഴിയില്ല. പുഴയുടെയോ തടാകങ്ങളുടെയോ കുളങ്ങളുടെയോ പരിസര വാസികൾക്ക് ഗ്രൂപ്പായി കൃഷി ചെയ്യാവുന്നതാണ്. ഇതിന് എന്തെങ്കിലും തടസ്സമുണ്ടായാൽ അക്കാര്യം പരിശോധിക്കുന്നതും വിവരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതുമാണ്.

പൂല്ലകുളങ്ങരയിലെ ഫിഷ് മാർക്കറ്റ്

303 (991) ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പൂല്ലകുളങ്ങരയിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഏറ്റെടുത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഫിഷ് മാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥലം പരിശോധിച്ച് അനുയോജ്യമാണെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കാവുന്നതും അംഗീകാരം നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

മത്സ്യസംസ്കരണത്തിനും മത്സ്യവിതരണത്തിനുമായുള്ള പദ്ധതികൾ

304(992) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റിൽ മത്സ്യ സംസ്കരണത്തിനും മത്സ്യ വിതരണത്തിനും എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ;

എന്തെങ്കിലും പ്രവൃത്തി നടത്താൻ കഴിഞ്ഞോയെന്ന് വിശദമാക്കുമോ;

(സി) മത്സ്യ സംസ്കരണത്തിനായി ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യമുപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ 100 കിയോസ്ക്കുകൾ സ്ഥാപിക്കുന്നതാണെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കൂടാതെ മത്സ്യവിപണനം നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പുതുതായി 50 ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും അതിനായി 3 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

(ബി) 2012-13 ബഡ്ജറ്റിൽ മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും "ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 35 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിക്കായി അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ "ഫിഷ്മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റ് സ്ഥാപിക്കൽ" എന്ന പദ്ധതിയിലൂടെയാണ് "ഫിഷ്മെയ്ഡ്" എന്ന ബ്രാന്റിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുവരുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, കണ്ണൂർ ജില്ലയിലെ അഴീക്കൽ എന്നീവിടങ്ങളിൽ ഫിഷ് പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകി. സ്ഥലലഭ്യത കുറവ് കാരണം തൃശ്ശൂർ ജില്ലയിലെ പദ്ധതി ഉപേക്ഷിച്ചു. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മാണം പുരോഗമിക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ദുരിതാശ്വാസനിധി

305 (993) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പ്രത്യേക ദുരിതാശ്വാസ നിധി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ദുരിതാശ്വാസനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പ്രത്യേക ദുരിതാശ്വാസ നിധി നിലവിലില്ല. എന്നാൽ മത്സ്യ ഫെഡ് മുഖേനയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും താഴെപ്പറയുന്ന സഹായങ്ങൾ ചെയ്യുവരുന്നു.

മത്സ്യഫെഡ്: മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ (മീൻപിടിത്തത്തിനിടയിൽ ആകണമെന്നില്ല) അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിന് 5 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000 രൂപ (ഒരാളിന് 5000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള സഹായത്തിനും പ്രത്യേക ദുരിതാശ്വാസനിധി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിലില്ല. എന്നാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം താഴെപ്പറയുന്ന ധനസഹായം നൽകി വരുന്നു.

അപകടമരണം	5 ലക്ഷം രൂപ
മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ	5 ലക്ഷം രൂപ
സ്ഥിരവും പൂർണ്ണവുമായ അവശത	5 ലക്ഷം രൂപ
സ്ഥിരവും ഭാഗികവുമായ അവശത	2,50,000 രൂപ

അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം	5000 രൂപ പ്രകാരം പരമാവധി 10000 രൂപ
അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം	25000 (പരമാവധി)

(ബി) ഫിഷറീസ് വകുപ്പ് മുഖേന ദുരിതാശ്വാസ നിധി നടപ്പിലാക്കുന്നില്ല. മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നുണ്ട്. കേരള മത്സ്യത്തൊഴിലാളി ബോർഡ് മുഖേന അപകടംമൂലം ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടംമൂലം മത്സ്യത്തൊഴിലാളി മരണമടയുകയും കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടംമൂലമുള്ള രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേപ്പട്ടി എന്നിവ കടിച്ചതുമൂലവും, തീപ്പൊള്ളലേറ്റും ഇലക്ട്രിക് ഷോക്കേറ്റും അടിയന്തര ചികിത്സ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാകുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് മത്സ്യബോർഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 500 രൂപ മുതൽ 5000 രൂപ വരെ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്.

ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ

306 (994) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനം വകുപ്പിന്റെ കൈവശമുള്ള ഈ സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കാമോ ;

സ്ഥലം കൈമാറ്റത്തിനുള്ള തടസ്സങ്ങൾ നീക്കി ആധുനിക സൗകര്യങ്ങളോടുകൂടിയ സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വനം വകുപ്പിന്റെ അധീനതയിലുള്ള 2.0639 ഹെക്ടർ ഭൂമി വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി പരിഹാര വനവൽക്കരണത്തിനായി കോഴിക്കോട് ജില്ലയിൽ ലഭ്യമായ ഭൂമിയുടെ വിവരം കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തയ്യാറാക്കി വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭൂമി കിൻഫ്രയ്ക്ക് വിട്ടുകൊടുക്കുന്ന കാര്യത്തിലും മറ്റും തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കൊച്ചി ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

307 (995) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിങ് ഹാർബറിന്റെ 2-ാം ഘട്ട നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെ എത്തി; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹാർബറിലേക്കുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. 2015-ൽ ഉൾപ്പെടുത്തി ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ പദ്ധതിക്കായി 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഘടകങ്ങളിൽ പുലിമുട്ട് നിർമ്മാണ പ്രവൃത്തി 2000 ലക്ഷം രൂപ ചെലവിട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ടി പദ്ധതിയിലെ ശേഷിക്കുന്ന ഘടകങ്ങളായ ലേലപ്പുര, അപ്രോച്ച് റോഡ്, ലോക്കർ റൂം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ അവയുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറക്ക് ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

നബാർഡ് ആർ.ഐ.ഡി.എഫ്. 15-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതിയുടെ കാലാവധി 30-6-2016 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. സ്ഥലം ലഭ്യമാകാത്തതിനാൽ ശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുവാൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുമതി ലഭ്യമാകില്ല എന്നാണ് നബാർഡ് അധികൃതർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് പ്രൈസ് സോഫ്റ്റ്വെയർ മുഖേന ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നബാർഡിന്റെ അംഗീകാരം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഹാർബറിലേക്കുള്ള റോഡ്, ശേഷിക്കുന്ന അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാവശ്യമായ 130.23 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 4-9-2013-ലെ ജി.ഒ. (ആർ.റ്റി.) 537/2013/ആർഡി പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് 11-9-2015-ലെ ജി.ഒ.(ആർ റ്റി.) 750/2015/മത്സ പ്രകാരം ടി ഭൂമി അക്വയർ ചെയ്യുന്നതിന് 10 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിക്കേണ്ടതുണ്ട്. ടി ഭൂമി എത്രയും വേഗം നെഗോഷ്യബിൾ പർച്ചേസ് വഴി ഈ വകുപ്പിന് കൈമാറിക്കിട്ടുന്നതിലേക്ക് അടിയന്തര നടപടി സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

തീരദേശ മേഖലയിലെ മാലിന്യപ്രശ്നം

308 (996) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ മേഖലകളിൽ, നഗര പ്രദേശങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കൊണ്ടുവന്ന നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ മേഖലയിലെ മാലിന്യ സംസ്കരണത്തിനായി ജൈവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) തങ്കശ്ശേരി ഹാർബറിലെ മാലിന്യ സംസ്കരണത്തിനായി എന്തൊക്കെ

നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) തങ്കശ്ശേരി ഹാർബറിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ തുമ്പൂർമൂഴി മാതൃകയിലുള്ള എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി കൊല്ലം കോർപ്പറേഷന് പദ്ധതി തുക കൈമാറുകയും ചെയ്തു. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി അടിമലത്തുറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 28.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. മേൽ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്നതുവഴി തങ്കശ്ശേരി ഹാർബറിലെ മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ പരിഹാരം കാണുന്നതാണ്. തങ്കശ്ശേരി ഹാർബറിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി കൊല്ലം കോർപ്പറേഷൻ മുഖാന്തിരം ജൂലൈ 1 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഓരോ വീടുകളിലുമുണ്ടാകുന്ന പ്ലാസ്റ്റിക് ജൈവ-ഖര മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാൻ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തങ്കശ്ശേരി ഹാർബർ സംരക്ഷണത്തിനായി ആവശ്യമായ ചുറ്റുമതിൽ സ്ഥാപിക്കാനും മാലിന്യ നിക്ഷേപം തടയുന്നതിനായി നിരീക്ഷണ ക്യാമറ, പോലീസ് ബീറ്റ് എന്നിവ സ്ഥാപിക്കുന്നതിനും കൊല്ലം കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ്, ക്ലീൻ കേരള പ്രോജക്ട് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

309 (997) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാഥമിക നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാരംഭനടപടികളുടെ ഭാഗമായുള്ള സാധ്യതാ പഠനങ്ങളുടേയും വിലയിരുത്തലുകളുടേയും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) സാധ്യതാ പഠന ആവശ്യത്തിലേക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചുവെന്നും ഇതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ഡി) ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് നാളിതുവരെ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനത്തിൽ എത്തിയിട്ടുണ്ടോ; പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാഥമിക നടപടികൾ 2008-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ടി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടികളായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. മാതൃകാ പഠനത്തിനായി CWPRS-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നാല് മാസത്തിനുള്ളിൽ പഠനം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കൊല്ലം സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനങ്ങൾക്കായി 81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 55,31,850 രൂപ ചെലവായിട്ടുണ്ട്.

(ഡി) മാതൃകാപഠനം പൂർത്തിയായ ശേഷം പാരിസ്ഥിതികാഘാത പഠനം,

CRZ ക്ലിയറൻസ്, പാരിസ്ഥിതികാനുമതി എന്നിവയാണ് പൂർത്തീകരിക്കുവാനുള്ളത്. ഇവ പൂർത്തീകരിക്കുവാൻ ഏകദേശം ഒന്നരവർഷം ആവശ്യമാണ്. ടി പഠനങ്ങൾ പൂർത്തിയായ ശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി, കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്.

ബേപ്പൂർ ഫിഷറീസ് കൺട്രോൾ റൂം

310 (998) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പൊന്നാനി മുതൽ വടകര ചോമ്പാൽ വരെയുള്ള കടൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ബേപ്പൂരിലെ ഫിഷറീസ് കൺട്രോൾ റൂമിൽ സുരക്ഷാ സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ ഇരുമ്പ് ബോട്ടും മറ്റ് ഉപകരണങ്ങളും അനുവദിച്ച് കടൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) തീരക്കടലിലും ഉൾക്കടലിലും അപകടത്തിൽപെടുന്നവരെ രക്ഷിക്കുന്നതിനായി നിയമിച്ച കടൽ സുരക്ഷാ ഗാർഡുമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജോലി സമയം 8 മണിക്കൂറാക്കി ജോലിസ്ഥിരത ഉറപ്പാക്കണമെന്ന ഇവരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ രക്ഷാപ്രവർത്തനം നടത്തിവരുന്നു. ബീക്കൺ ഉൾപ്പെടെയുള്ള 10 സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയിട്ടുള്ള സുരക്ഷാ

കിറ്റും inflatable boat-ഉം സീ ഗാർഡുമാരുടെ സേവനവും കടൽ രക്ഷാപ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്.

(സി) ഓരോ ഫിഷറീസ് സ്റ്റേഷനും രണ്ട് വീതം സീ-ഗാർഡുമാരുടെ സേവനം അനുവദിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ എല്ലാ മറൈൻ ജില്ലകളിലും ആവശ്യത്തിന് സീ-ഗാർഡുമാരെ നിയോഗിക്കാൻ ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന കടൽസുരക്ഷാ ഗാർഡുമാർക്ക് 150 രൂപ നിരക്കിൽ റിസ്ക് അലവൻസും 377 രൂപ നിരക്കിൽ വേതനവും കൂടി ദിവസം 527 രൂപ നൽകി വരുന്നു. സുരക്ഷാ ഗാർഡുമാരുടെ സേവനം കടൽ സുരക്ഷയുമായി ബന്ധപ്പെട്ടതായതിനാൽ ജോലി സമയം നിജപ്പെടുത്താൻ കഴിയില്ല.

കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

311 (999) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ;

(ബി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടിയിൽ നടന്നുവരുന്ന വികസന പദ്ധതികൾ വിശദമാക്കാമോ;

(സി) കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പാക്കുന്നതിനായി കോഴിക്കോട് നിന്നും സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണം, തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി (തുവ്വയിൽ പൊയിൽക്കാവ് ശിശുമന്ദിരം റോഡിന്റെ വികസന പ്രവൃത്തി, കൊയിലാണ്ടി

മുനിസിപ്പാലിറ്റി 4-ാം വാർഡിൽ വലിയ തോടിനെയും ചെറിയ തോടിനെയും ബന്ധിപ്പിക്കുന്ന കലുങ്ക് നിർമ്മാണ പ്രവൃത്തി) എന്നീ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

(1) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

കുടിവെള്ള വിതരണം - 120.00 ലക്ഷംരൂപ (പദ്ധതി പൂർത്തീകരിച്ചു)

വ്യക്തിഗതടോയ്‌ലറ്റ് (144 എണ്ണം) -28.80 ലക്ഷംരൂപ(പദ്ധതി പുരോഗമിക്കുന്നു.)

വൈദ്യുതീകരണം - 24.26 ലക്ഷംരൂപ (പദ്ധതി പൂർത്തീകരിച്ചു)

ഹൈമാസ്റ്റ് ലൈറ്റ് (4 എണ്ണം) - 24.00 ലക്ഷംരൂപ (പദ്ധതി പൂർത്തീകരിച്ചു)

(2) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 135.00 ലക്ഷം രൂപയുടെ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

(3) തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 20.52 ലക്ഷം രൂപയുടെ കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകി.

(4) സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 86.00 ലക്ഷം രൂപയുടെ പയ്യോളി കുടിവെള്ള പദ്ധതി, 37.00 ലക്ഷം രൂപയുടെ ചേമഞ്ചേരി കുടിവെള്ള പദ്ധതി എന്നിവ പുരോഗമിക്കുന്നു.

(5) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു.

(6) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന

ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ.

(പദ്ധതി പൂർത്തീകരിച്ചു)

പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ.

(പദ്ധതി പൂർത്തീകരിച്ചു)

ഹൈമാസ്റ്റ്ലൈറ്റ് -ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ.

(പദ്ധതി പൂർത്തീകരിച്ചു)

(7) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി ഗവൺമെന്റ് മാപ്പിള ഹയർസെക്കണ്ടറി സ്കൂളിന് 375 ലക്ഷം രൂപയുടെ പുതിയ കെട്ടിടം നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്നും 2014-2016 കാലയളവിൽ ലഭിച്ച പ്രൊപ്പോസലുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ലഭിച്ച പ്രൊപ്പോസൽ
(1)	(2)
1	പി.എച്ച്.സി., പയ്യോളി പുതിയ കെട്ടിട നിർമ്മാണം
2	ഗവ. യു.പി.എസ്. ഭജനമഠം കെട്ടിട നിർമ്മാണം
3	ഗവ. ഫിഷറീസ് ഹൈസ്കൂൾ, പുതിയാപ്പ പുതിയ കെട്ടിട നിർമ്മാണം
4	വി.എച്ച്.സി. മടപ്പള്ളി പുതിയ കെട്ടിട നിർമ്മാണം
5	നെറ്റ് മെന്റിംഗ് യാർഡ്, കൊയിലാണ്ടി
6	കണ്ണൻകടവ് നെറ്റ് മെന്റിംഗ് യാർഡ്
(1)	(2)

7	അംഗൻവാടി ചേമഞ്ചേരി
8	ഏറ്റൂൾ നെറ്റ് മെന്റിംഗ് യാർഡ് (ചേമഞ്ചേരി)
9	ഗവ. എൽ.പി.എസ്., കോരാപ്പുഴ ഫിഷറീസ്
10	വൻമുഖം ഹൈസ്കൂൾ പുതിയ കെട്ടിട നിർമ്മാണം
11	നെറ്റ് മെന്റിംഗ് യാർഡ്, മൂടാടി
12	തിക്കോടി കോടിക്കൽ ബീച്ച് റോഡ് നിർമ്മാണം
13	അഴിയൂർ ഗവ. ഹയർ സെക്കണ്ടറിസ്കൂൾ പുതിയകെട്ടിട നിർമ്മാണം
14	നെറ്റ് മെന്റിംഗ് യാർഡ്, അഴിയൂർ
15	മീത്തലങ്ങാടി മുത്തുങ്ങൾ ഗവ. എൽ.പി.എസ്., പുതിയ കെട്ടിടം
16	അങ്കണവാടി, ചേറോട്
17	ആമത്തോട് ഡ്രെയിനേജ് നിർമ്മാണം
18	മടപ്പള്ളി അംഗൻവാടി നിർമ്മാണം

പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം

312 (1000) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ,ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഹാർബറിനുവേണ്ട മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ സി.ഡബ്ളിയു.പി.ആർ.എസ്-നെ ചുമതലപ്പെടുത്തിയതിനുശേഷം എന്തൊക്കെ പഠനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ഇനി ഏതൊക്കെ പഠനങ്ങളാണ് നടത്താൻ ബാക്കിയുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികൾക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്യുകയും തുടർന്ന് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ പൂനെയിലെ CWPRS-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

(ബി) മാതൃകാ പഠനം നടത്തുന്നതിന് CWPRS-നെ ചുമതലപ്പെടുത്തിയതിനുശേഷം ഹാർബറിന്റെ പ്രാഥമിക പഠനത്തിനാവശ്യമായ ടോപ്പോഗ്രാഫിക് ഡാറ്റാ, ഹൈഡ്രോഗ്രാഫിക് ഡാറ്റാ, കറന്റ് മീറ്റർ ഡാറ്റാ, ടൈഡൽ ഒബ്സർവേഷൻ, ഷോർലൈൻ ഡാറ്റാ എന്നിവ CWPRS-ന് നൽകിയിട്ടുണ്ട്.

(സി) CWPRS-ൽ നിന്ന് റിപ്പോർട്ട് ലഭിച്ചതിനുശേഷം ആയതിൻപ്രകാരം പുലിമുട്ടുകളുടെ അലൈൻമെന്റ് അനുസരിച്ച് കടലിലെ ബോറിംഗ് പ്രവൃത്തി, പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം എന്നിവ നടത്തേണ്ടതുണ്ട്. ടി ഹാർബറിന്റെ അന്വേഷണ ഗവേഷണം, മാതൃകാപഠനം എന്നിവയ്ക്കായി ഇതുവരെ 36,59,604 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) CWPRS-ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പരിസ്ഥിതിപഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനത്തിനുശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതുമാണ്.

കശുവണ്ടി മേഖലയിലെ ജോലിസ്ഥിരത

313 (1001) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സ്ത്രീ

തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) കശുവണ്ടി മേഖലയിലെ ചെറുകിട വ്യവസായങ്ങളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കാൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരളത്തിൽ ആകെ എണ്ണൂറോളം കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിലേറെ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്വകാര്യമേഖലയിലെ കശുവണ്ടി ഫാക്ടറികൾ മാറ്റിസ്ഥാപിക്കുന്നത്, പ്രവർത്തന മൂലധനത്തിന്റെ അഭാവം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവം, കേന്ദ്ര സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി ചുങ്കം എന്നിവയാണ് കശുവണ്ടി മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ. മേൽ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ടെണ്ടർ വ്യവസ്ഥകളിൽ ചില ഇളവുകൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സ്വീകരിച്ചുവരുന്നു. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുകളുമായുള്ള ബാധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കൊടുത്തുതീർക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ബാങ്ക് പ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ അടങ്ങിയ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ ധാരണയായിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ തോട്ടണ്ടി ലഭ്യമാക്കുന്ന സംവിധാനമേർപ്പെടുത്തുന്നതിനെക്കുറിച്ചും ഇതിനായി ഉന്നതതല സമിതി രൂപീകരിക്കുന്നതിനെക്കുറിച്ചും സർക്കാർ പരിഗണിച്ചുവരുന്നു.

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

314(T*1002) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിലെ പൂട്ടിയിട്ടിരിക്കുന്ന 13 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും തൊഴിലാളികൾക്കും ജോലിയിൽ നിന്ന് വിരമിച്ചവർക്കുമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കശുവണ്ടി മേഖലയിലെ അപ്പക്സ് സഹകരണസ്ഥാപനമായ കാപെക്സിന്റെ വർക്കല നിയോജകമണ്ഡലത്തിലെ നാവായിക്കുളത്ത് സ്ഥിതി ചെയ്യുന്ന ഒരു ഫാക്ടറി 2016 ജൂൺ മാസം വരെ പ്രവർത്തിച്ചിരുന്നു. തോട്ടണ്ടിയുടെ ലഭ്യതക്കുറവുമൂലം 2016 ജൂലൈ മാസം മുതൽ താൽക്കാലികമായി ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി രണ്ട് ഇ-ടെണ്ടറുകൾ കാപെക്സ് ക്രമീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭിക്കുന്ന മുറക്ക് കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്. സ്വകാര്യമേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ രൂപീകരിച്ചുവരുന്നു. ഹ്രസ്വകാല നടപടികളുടെ ഭാഗമായി നിലവിലുള്ള ലോണുകൾക്ക് 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തണമെന്നും പുതുതായി ബാങ്ക് ഫിനാൻസ് അനുവദിക്കണമെന്നും ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം റിസർവ് ബാങ്ക് വിളിച്ചുചേർത്ത എംപവേർഡ് കമ്മിറ്റി യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പ്രതിനിധികൾ സർക്കാരിന്റെ വിവിധ വകുപ്പുതല മേധാവികൾ എന്നിവർ ഉൾപ്പെടുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പരിഹാരമാർഗ്ഗങ്ങൾ പരിശോധിക്കുന്നതാണ്. കാപെക്സിൽ 2011 വരെ വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എല്ലാം നൽകിയിട്ടുണ്ട്. അതിനുശേഷം വിരമിച്ചവർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിന് കാപെക്സ് സർക്കാരിനോട് ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുണ്ടാ യിരുന്ന കല്ലമ്പലത്തുള്ള ഒരു ഫാക്ടറി 2002-ലെ കോടതി ഉത്തരവ് പ്രകാരം സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്തിരുന്നു. പ്രസ്തുത ഫാക്ടറിയിൽ നിന്നും 60 വയസ്സ് പൂർത്തിയാക്കി 2006 വരെ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന വർഷത്തിലെ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

9.30 AM]

II അറിയിപ്പ്

ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടപ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

" I thank the Fourteenth Kerala Legislative Assembly for the Motion of Thanks adopted by its First Session on my address to the Assembly on 24th June 2016" .

III ശ്രദ്ധ ക്ഷണിക്കൽ

1. തീരദേശ പരിപാലന വിജ്ഞാപനം

ശ്രീ. കെ. ദാസൻ: സർ, മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗതമായ മത്സ്യബന്ധന അവകാശങ്ങൾ നിഷേധിക്കുന്നതും തീരദേശനിവാസികളെ വിലങ്ങു വെയ്ക്കുന്നതുമായിട്ടുള്ള സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുംവേണ്ടി ഒരു കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും തീരദേശത്തെ ജനജീവിതത്തെ അടിസ്ഥാനമാക്കി ഒരു തീരദേശ പാക്കേജ് നടപ്പിലാക്കി ജനങ്ങളുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുന്നതിനും മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കാൻ വേണ്ടിയുള്ളതാണ് ഈ പ്രമേയം. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം പ്രധാനമായും ഉപജീവനത്തിനായി ആശ്രയിക്കുന്നത് കടലിനെയാണ്. കാലാകാലങ്ങളായി തൊഴിൽപരമായ സൗകര്യങ്ങൾക്കുവേണ്ടി മത്സ്യത്തൊഴിലാളികൾ താമസിക്കുന്നത് കടലിനോടടുത്ത തീരപ്രദേശങ്ങളിലാണ്. പാരമ്പര്യമായി ലഭിക്കുന്ന ഭൂമിയിൽ സ്വന്തമായി പട്ടയം ലഭിക്കുന്നതിന് കഴിയാത്ത ഒരവസ്ഥയാണുള്ളത്. വർഷങ്ങളായി കൈവശം വച്ചുവരുന്ന ഭൂമിക്കാണ് ഇപ്പോൾ പട്ടയംലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ആ തീരത്തോട് വളരെയടുത്ത പ്രദേശങ്ങളിൽവീട് നിർമ്മിക്കുന്നതിന് അവർ നിർബന്ധിതരായിരിക്കുകയാണ്. വേലിയേറ്റ മേഖലയിൽനിന്ന് കരയിലേയ്ക്ക് 500 മീറ്റർ ദൂരം വരെയുള്ള തീരപ്രദേശവും വേലിയിറക്ക മേഖലയിൽനിന്ന് 12 നോട്ടിക്കൽ മൈൽ

വരെയുള്ള സമുദ്രപ്രദേശവും ടെറിട്ടോറിയൽ വാട്ടർ സി.ആർ.ഇസഡിൽ ഉൾപ്പെടുന്നു. സി.ആർ.ഇസഡ്. നിയമം കടലിന്റേയും തീരത്തിന്റേയും അവകാശികൾ മത്സ്യത്തൊഴിലാളികളാണെന്ന കാര്യം അംഗീകരിക്കുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 246(7)-ാം ഷെഡ്യൂൾ പ്രകാരം ഫിഷറീസ് ഒരു സംസ്ഥാന വിഷയമാണ്. തീരദേശമേഖലയുടെ 22 കിലോമീറ്റർ കടൽ സംസ്ഥാനത്തിന്റെ അധികാര പരിധിയിലാണ്. സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു മുകളിലുള്ള കടന്നുകയറ്റമാണ് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ളത്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം നടപ്പിലാക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ വിഭാവന ചെയ്യുന്ന ജീവിക്കാനുള്ള അവകാശം സംരക്ഷിച്ചുകൊണ്ടായിരിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നിലവിലുണ്ട്. ഇവിടെ ഭരണഘടനയുടെ ലംഘനമാണ് നടക്കുന്നത്. ഇതിന്റെ ഫലമായി കടലോരത്തെ മത്സ്യത്തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടാണുണ്ടായിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾ പ്രധാനമായും താമസിച്ചുവരുന്നത് സി.ആർ.ഇസഡ് 2, സി.ആർ.ഇസഡ് 3 സോണുകളിലാണ്. ഉപജീവന സുരക്ഷിതത്വം, തീരപ്രദേശത്തിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്തുകൊണ്ട് ഈ സോണുകളിൽ വിവിധതരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ഇന്ന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. വേലിയേറ്റ മേഖലയിൽനിന്നും 50 മീറ്ററിനുള്ളിലുള്ള തീരപ്രദേശത്താണ് ഭവനനിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുകയില്ലെന്ന് നേരത്തെ നിർദ്ദേശിച്ചിരുന്നത്. പക്ഷേ കേരളത്തിലെ ഒരു പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അങ്ങനെയല്ല നടപ്പിലാക്കുന്നത്. ഇപ്പോൾ 200 മീറ്റർ ദൂരപരിധി വച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. വീടു വയ്ക്കാനും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാനും നിർമ്മാണം പൂർത്തീകരിച്ച ഭവനത്തിന് നമ്പർ കൊടുക്കാനും എത്രയും പെട്ടെന്ന് നടപടി ഉണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട കെ. ദാസൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിരിക്കുന്നത്. എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടും അതിന്റെ റൂൾസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ തീരപ്രദേശങ്ങളെ നാല് മേഖലകളായി തിരിച്ചിരിക്കുന്നു. അതിൽ കോസ്റ്റൽ റെഗുലേഷൻ സോൺ 1-ൽ കടലിലെ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്ന തീരങ്ങളിലെ പരിസ്ഥിതി ലോല

പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ളവ ഇതിലാണ് വരിക. കോസ്റ്റൽ റെഗുലേഷൻ സോൺ 2-ൽ കടലിനോട് ചേർന്നുള്ള പൂർണ്ണമായും വികസിച്ച പട്ടണപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. സോൺ 3-ൽ നേരത്തെ പറഞ്ഞ ഒന്നിലും രണ്ടിലും പെടാത്ത ഗ്രാമപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. സോൺ 4-ൽ വേലിയിറക്ക സ്ഥലം മുതൽ 12 നോട്ടിക്കൽ മൈൽ കടലിലേക്കുള്ള പ്രദേശങ്ങളും ഉൾപ്പെടുന്നു. ക്ലാസ് 5-ൽ കായലുമായി ചേർന്നുകിടക്കുന്ന അതിദുർബല മേഖലകളിലെ ആവാസ വ്യവസ്ഥയും ജനജീവിതവുമായി ബന്ധപ്പെട്ട് പ്രത്യേക പരിഗണന നൽകേണ്ട മേഖലകളും തിരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിഭജനം അഖിലേന്ത്യാതലത്തിൽ തന്നെ നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനമുൾപ്പെടെയുള്ള ചില പ്രദേശങ്ങളുടെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ചില മാറ്റങ്ങൾ കേരളത്തിലെ കായലും കായൽ തുരുത്തുമായും ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിജ്ഞാപനപ്രകാരം തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണമടക്കമുള്ള വിവിധ വിഷയങ്ങളിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. കടലോര, പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി താമസിക്കുന്നവർക്ക് വീട്, ടോയ്ലെറ്റ്, മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ ഇവയെല്ലാം നിർമ്മിക്കുന്നതിന് അനുവദിക്കേണ്ടതായിട്ടുണ്ട്. സി.ആർ.ഇസഡ് 3-ൽ നിർമ്മാണ രഹിതമേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന പ്രദേശങ്ങളാണിവ. അതുപോലെ തീരപ്രദേശത്ത് താമസിക്കുന്ന തദ്ദേശവാസികൾക്ക് അവിടെയുള്ള ഭൂമിയിൽ വീട് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വീട് നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചെമ്മീൻകെട്ട്, പൊക്കാളി നെൽപ്പാട ശേഖരങ്ങളുടെ കരഭാഗം എന്നിവ വീട് നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 10 മീറ്ററിൽ താഴെ വീതിയുള്ള തോടുകളുടെ കരപ്രദേശവും തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറവിസ്തീർണ്ണം അടിസ്ഥാനപ്പെടുത്തി മാത്രമേ പുനർനിർമ്മിക്കാവൂ എന്നതാണ് ഇപ്പോഴുള്ള വ്യവസ്ഥ. അത് 100 ചതുരശ്ര മീറ്റർ തറ

വിസ്തീർണ്ണം വരെ എന്ന് മാറ്റേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കായൽ ദ്വീപുകളിൽ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സി.ആർ.ഇസഡ് 3-ൽ നിലവിൽ വേലിയേറ്റ നിലയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഒരു തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും അനുമതിയില്ല. മത്സ്യത്തൊഴിലാളികൾക്ക് 100 മുതൽ 200 മീറ്റർ വരെയുള്ള പ്രദേശത്ത് ഭവനനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും അനുമതിയുണ്ട്. ഇത് 50 മുതൽ 200 മീറ്റർവരെ ആക്കണമെന്നാണ് നാം ആവശ്യപ്പെട്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം അതീവ ഗൗരവമായിട്ടുതന്നെയാണ് സർക്കാർ കാണുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട കാര്യങ്ങൾ നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ തുടർന്നും ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ 1300-ഓളം മത്സ്യത്തൊഴിലാളികളുടെ വീടുകൾ സ്ഥിതി ചെയ്യുന്നത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിലാണ്. പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ നിർമ്മാണപ്രവർത്തനങ്ങൾക്ക് പെർമിറ്റ് കൊടുക്കാൻ കഴിയുന്നില്ല. ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനായി ഗവൺമെന്റ് തീരദേശ പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള വീടുകളിലാണ് അവർ ഇപ്പോൾ താമസിച്ചുവരുന്നത്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അനുമതി നൽകാതിരിക്കുന്നത് അവർക്ക് പ്രയാസകരമായ സ്ഥിതി വിശേഷമായിരിക്കും സൃഷ്ടിക്കുക. അതുകൊണ്ട് പഞ്ചായത്തുകൾ ഭവനനിർമ്മാണത്തിനാവശ്യമായ അംഗീകാരം കൊടുക്കുന്നതിനും അതിലൂടെ വൈദ്യുതിയും മറ്റ് തരത്തിലുള്ള സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

2. ജല സ്രോതസ്സുകളുടെ സംരക്ഷണം

ശ്രീ എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചരണപ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു സ്ഥാനാർത്ഥിയെന്ന നിലക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ഇക്കാര്യം ബഹുമാനപ്പെട്ട സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിലേക്ക് കൊണ്ടു

വരുന്നത്. കഴിഞ്ഞ കുറേ കാലങ്ങളായി മാർച്ച്-ഏപ്രിൽ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കേണ്ടിവരുന്നത് പതിവ് സംഭവമായി മാറിയിരിക്കുകയാണ്. രൂക്ഷമായ കുടിവെള്ളക്ഷാമത്തെ അതിജീവിക്കാൻ വേണ്ടി പുതിയ പദ്ധതികൾ കൊണ്ടു വരുന്നതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ചർച്ച ചെയ്യുകയും അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ തേടുകയും ചെയ്യുന്നത് കഴിഞ്ഞ കുറേ വർഷങ്ങളായി പതിവായി തുടരുന്ന ഒരു കാര്യമാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്നത് പുതിയ ശുദ്ധജല പദ്ധതികൾ വേണമെന്നുള്ളതോ പുതിയ കുഴൽക്കിണറുകൾ വേണമെന്നുള്ളതോ പുതിയ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ കൊണ്ടുവരണമെന്നുള്ളതോ അല്ല. കഴിഞ്ഞ കുറേ കാലങ്ങളായി ഒട്ടനവധി ശുദ്ധജല പദ്ധതികൾ നമ്മുടെ നാടിന്റെ പലഭാഗത്തും നടപ്പിലാക്കിയിട്ടുള്ളതിൽ എം.എൽ.എ.-മാർ നൽകിയതും പഞ്ചായത്തുകൾ നൽകിയതും വാട്ടർ അതോറിറ്റിയുടെ ഭാഗമായിട്ടുള്ളതുമുണ്ട്. മുൻ കാലങ്ങളിൽ ജനങ്ങൾ ശുദ്ധജലപദ്ധതികൾ വേണമെന്ന ആവശ്യമായിരുന്നു പറഞ്ഞിരുന്നതെങ്കിൽ ഇന്ന് പ്രസ്തുത പദ്ധതികൾക്കു വേണ്ടി ജലസ്രോതസ്സുകളിൽ ആവശ്യമായ ശുദ്ധജലമില്ലെന്നുള്ള കാര്യമാണ് ഉന്നയിക്കപ്പെടുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യെന്ന നിലയിൽ ഞാൻ തന്നെ നടപ്പിലാക്കിയ ഒരു പദ്ധതിയുൾപ്പടെ മൂന്ന് ശുദ്ധജല പദ്ധതികളുണ്ട്. ആ മൂന്ന് പദ്ധതികളിലെ ജലസ്രോതസ്സുകളിലും ഒരിറ്റ് വെള്ളമില്ലാത്ത സാഹചര്യമാണുള്ളത്. വളരെ ഗുരുതരമായ അവസ്ഥയാണ് ഈ വർഷം നാം അനുഭവിച്ചത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പല ജില്ലകളിലും ഈ വർഷം 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ചൂട് രേഖപ്പെടുത്തിയതിന്റെ ഫലമായി ജല സ്രോതസ്സുകൾ പൂർണ്ണമായി വറ്റിവരണ്ട സാഹചര്യമുണ്ടായി. ഈ രീതി തുടർന്നാൽ വരും വർഷങ്ങളിലും ഇതേ സാഹചര്യമായിരിക്കുമെന്നാണ് പറയപ്പെടുന്നത്. അങ്ങനെവന്നു കഴിഞ്ഞാൽ ഗവൺമെന്റിന് ഏറ്റവും പ്രയാസമുണ്ടാക്കുന്ന ഒരുകാര്യം എല്ലാപേർക്കും ശുദ്ധജലജലമെത്തിക്കുക എന്നുള്ളതായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ശുദ്ധജല പദ്ധതികൾ ആരംഭിക്കുന്നതിനും അതിനുവേണ്ടി ബഡ്ജറ്റിലുൾപ്പെടെ ധാരാളം പണം നീക്കിവച്ചിരിക്കുന്നതുമൊക്കെ നല്ല കാര്യങ്ങളാണ്. ശുദ്ധജല പദ്ധതികൾ ഉണ്ടായാൽ മാത്രം പോര, ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ ജലസ്രോതസ്സുകൾ നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ നമ്മൾ എത്ര കോടി രൂപ ചെലവഴിച്ച് ശുദ്ധജല പദ്ധതികൾ ഉണ്ടാക്കിയാലും അതൊക്കെ വെറും നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമായിരിക്കും ഉണ്ടാവുക. നമ്മുടെ ശുദ്ധജല പദ്ധതികളിൽ വെള്ളമെത്തിക്കുന്ന ജലസ്രോതസ്സുകൾ കഴിഞ്ഞ കാലങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ മഴക്കാലമായാൽ കേരളത്തിലെ ജലാശയങ്ങളെല്ലാം സമൃദ്ധമായിരുന്നു. നമ്മുടെ

പുഴകൾ, നദികൾ, തോടുകൾ, കുളങ്ങൾ, അരുവികൾ തുടങ്ങിയവയെല്ലാം ജല സമൃദ്ധമായിരുന്നു. പക്ഷേ ഇന്ന് ആ സാഹചര്യം മാറി. മഴ കഴിഞ്ഞാലുടനെ നമ്മുടെ പുഴകളെല്ലാം വറ്റി വരളുകയാണ്. ഒരു കുളംപോലും ഇല്ലാത്ത സാഹചര്യമാണ് ഇന്ന് പല പഞ്ചായത്തുകളിലുമുള്ളത്. മഹാരാഷ്ട്രയിലെ ലത്തൂരിലെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് പത്രങ്ങളിലൂടെ വായിച്ചു. 350 കി.മീ. ദൂരെനിന്ന് വെള്ളവുമായി എത്തുന്ന ടെയിനിന്റെ ചൂളംവിളി കാത്തിരിക്കുന്ന ഒരു ജനതയെക്കുറിച്ച് നമ്മൾ വായിച്ചത് വളരെ അത്ഭുതത്തോടുകൂടിയാണ്. കഴിഞ്ഞ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പല പഞ്ചായത്തുകൾക്കും ലോറികളിൽ വെള്ളം സപ്ലൈ ചെയ്യുന്നതിന് തൊട്ടടുത്ത പഞ്ചായത്തുകളെയോ അകലെയുള്ള പഞ്ചായത്തുകളെയോ ആശ്രയിക്കേണ്ട സ്ഥിതിവന്നു. പല പഞ്ചായത്തുകൾക്കും സ്വന്തമായി ജലസ്രോതസ്സുകളില്ലാത്ത സാഹചര്യം കഴിഞ്ഞ വേനൽക്കാലത്തുണ്ടായി. അതിന് ഒരു മാറ്റം വരുത്തുന്നതിനുവേണ്ടി പുഴകളിൽ തടയണകൾ സംരക്ഷിച്ചുകൊണ്ടും കൂടുതൽ ജലാശയങ്ങൾ ഉണ്ടാക്കിക്കൊണ്ടും കുളങ്ങളെ നവീകരിച്ച് സംരക്ഷിച്ചുകൊണ്ടും ഓരോ പഞ്ചായത്തിലും ആവശ്യമായ ജലാശയങ്ങൾ ഉണ്ടാക്കുന്നതിനോ ജലസമ്പത്ത് നിലനിർത്തുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ശ്രദ്ധജല പദ്ധതികളിലേക്ക് ശ്രദ്ധജലമെത്തിക്കുന്നതിനോ ജല സമൃദ്ധിയുണ്ടാക്കുന്നതിനോ വേണ്ടിയുള്ള നടപടി നമ്മൾ സ്വീകരിക്കുന്നില്ല. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും അഞ്ചു ലക്ഷം രൂപ പരിധി വച്ചുകൊണ്ട് പ്രധാനമായും മാർച്ച് മാസങ്ങളിൽ കുടിവെള്ളം സപ്ലൈ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് അനുവാദം കൊടുക്കും. ഇതൊക്കെ കാലാകാലങ്ങളായി ചെയ്തുവരുന്ന കാര്യങ്ങളാണ്. പക്ഷേ ഇനിയുള്ള കാലങ്ങളിൽ അത്തരത്തിലുള്ള അനുവാദം കൊടുത്തുകഴിഞ്ഞാലും ശ്രദ്ധജല വിതരണം നടത്തുന്നതിന് എവിടെ നിന്ന് ശ്രദ്ധജലം കിട്ടുമെന്ന ചോദ്യം നമ്മുടെ മുന്നിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ശ്രദ്ധജല വിതരണത്തോടൊപ്പംതന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുളങ്ങളും പുഴകളും അരുവികളുമൊക്കെ സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലം കൊടും വേനലിലായതുകൊണ്ട് നിരവധി സ്ഥാനാർത്ഥികൾക്ക് വെള്ളം കുടിക്കേണ്ടതായിവന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്. ഞാൻ നർമ്മം പറഞ്ഞുവെന്നേയുള്ളൂ,

വളരെ ഗൗരവതരമായ ഒരു വിഷയമാണിത്. അതിനെ ലഘൂകരിച്ച് കാണുകയല്ല. വരൾച്ച നേരിടുന്നതിന് വരൾച്ചക്കാലത്ത് മാത്രമായി സ്വീകരിക്കുന്ന നടപടികൾ പര്യാപ്തമാകുകയില്ല. നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാല വർഷക്കാലത്ത് ലഭിക്കുന്ന അധികജലം മുഴുവൻ ഒഴുകിപ്പോകുന്നത് തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക ആവശ്യങ്ങൾക്കും പാരിസ്ഥിതിക ആവശ്യങ്ങൾക്കും വേണ്ട ജലം ലഭ്യമാക്കുക എന്നിവ ജലവിഭവ വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. അതിനുവേണ്ടി സ്വീകരിക്കേണ്ട പദ്ധതികൾ ജലസേചന വകുപ്പും ഭൂജല വകുപ്പും ജല അതോറിറ്റിയും ജലനിധി അടക്കമുള്ള പദ്ധതികളിലൂടെ സ്വീകരിച്ചു വരികയാണ്. 871 കിണറുകൾ നിരീക്ഷണ വിധേയമാക്കി കൊണ്ടിരിക്കുകയാണ്. രണ്ട് വർഷത്തിലൊരിക്കൽ ഡാറ്റാ വച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ട്. കേരളത്തിലെ 152 ബ്ലോക്കുകളെ നാലായി തിരിക്കുകയും ഓവർ എക്സ്പ്ലോയിറ്റഡായി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കും ക്രിട്ടിക്കൽ എന്ന കാറ്റഗറിയിൽ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കും പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കും സെമി ക്രിട്ടിക്കൽ എന്ന കാറ്റഗറിയിൽ 23 ബ്ലോക്കുകളും സെയിഫ് എന്ന കാറ്റഗറിയിൽ 126 ബ്ലോക്കുകളുമാണ് കണ്ടെത്തിയത്. 2014-ൽ 190 തടയണകൾ നിർമ്മിക്കാൻ 111 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച് 45 തടയണകൾ മാത്രമാണ് പൂർത്തിയാക്കിയത്. ബാക്കി തടയണകൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ജല അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽ വെള്ളം ലഭ്യമാക്കുന്നതിനായി 15 തടയണകൾ നിർമ്മിക്കാൻ 62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലാണ്, അതും പൂർത്തീകരിക്കുന്നതാണ്. ജലനിധി മുഖേന 1746 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റതിനു ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിരിക്കുന്ന കർക്കശ നിർദ്ദേശം മഴവെള്ളം പാഴായി പോകുന്നത് തടഞ്ഞുനിർത്താൻ മഴവെള്ള സംഭരണികളോടൊപ്പംതന്നെ മഴക്കുഴികൾ നിർമ്മിക്കുന്ന പദ്ധതികളും ആവിഷ്കരിക്കണമെന്നാണ്. അതുകൊണ്ട് നദികളിലെ ജലലഭ്യത ഉറപ്പാക്കാൻ ജലസ്രോതസ്സുകൾ കൂടുതൽ പരിപോഷിപ്പിക്കാനുള്ള പദ്ധതികളോടൊപ്പംതന്നെ മഴക്കുഴികളും മഴവെള്ള സംഭരണികളും സ്ഥാപിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യു. എൻ.ആർ.ഇ.ജി. പദ്ധതിയിൽപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും കുളങ്ങളുടെയും കിണറുകളുടെയും സംപോഷണത്തിനും ചെക്ക് ഡാമുകളും തടയണകളും നിർമ്മിക്കാനും തൊഴിലുറപ്പ് പദ്ധതിയിൽപ്പോലും പദ്ധതികൾ ഏറ്റെടുക്കാനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇതിനകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ ബ്ലോക്കുകൾ തെരഞ്ഞെടുത്ത് പൈലറ്റ് പ്രോജക്കുകളായി എൻ.ആർ.ഇ.ജി. പദ്ധതിയിൽപ്പെടുത്തി നടപ്പാക്കാനുള്ള നിർദ്ദേശമാണ് അദ്ദേഹം നൽകിയിരിക്കുന്നത്. ജലസ്രോതസ്സുകളിൽ വെള്ളം ലഭ്യമായില്ലെങ്കിൽ 'ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?' എന്ന ചോദ്യത്തിന്റെ മുമ്പിൽ നാം പകച്ചു നിൽക്കേണ്ടിവരും. അതുകൊണ്ട് വേനൽക്കാലത്ത് മാത്രമല്ല നിരന്തരമായി ജലലഭ്യത ഉറപ്പാക്കാൻവേണ്ടിയുള്ള സത്വര നടപടികളിൽ ജനകീയ പങ്കാളിത്തത്തോടുകൂടി ഏർപ്പെടണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വാട്ടർ അതോറിറ്റിയെയും ഗവൺമെന്റിനെയും സംബന്ധിച്ചിടത്തോളം ശുദ്ധജല പദ്ധതികൾ നടപ്പാക്കുന്നതിന് ഭാരിച്ച സാമ്പത്തികബാധ്യതയുണ്ട്. അതോടൊപ്പം ഇത്തരത്തിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും അതിലേറെ ബാധ്യതയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാമ്പത്തിക പരിമിതികൾ ഏത് ഗവൺമെന്റിനായാലും ഉണ്ടാകും. ജലസ്രോതസ്സുകൾ സംരക്ഷിച്ച് നിർത്തുന്ന കാര്യങ്ങളിൽ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ.-മാർ, ഗവൺമെന്റ്, പത്രമാധ്യമങ്ങൾ എന്നിങ്ങനെ എല്ലാവരുടേയും ഒരു ജനകീയ കൂട്ടായ്മ ഉണ്ടാക്കിക്കൊണ്ട് എല്ലാ പഞ്ചായത്തിലും ചുരുങ്ങിയത് ഒരു ജലാശയമെങ്കിലും പുതുതായി ഉണ്ടാക്കുന്നതിന് നേതൃത്വം കൊടുക്കുവാൻ ജലവിഭവ വകുപ്പ് മുന്നോട്ടു വരുമോ?

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, തെരഞ്ഞെടുപ്പ് പ്രചരണ സമയത്തടക്കം ഇടതുപക്ഷ ജനാധിപത്യമുന്നണിയും മുഖ്യമന്ത്രിയും പ്രധാനമായും ഊന്നൽ നൽകിയത് ജലസംരക്ഷണത്തിനുവേണ്ടി ഒരു ജനകീയ സംരംഭം ഈ നാട്ടിൽ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നുള്ളതിനാണ്. പ്രധാനമായും മഴക്കുഴികളടക്കം വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്കെല്ലാം പണം കണ്ടെത്താനുള്ള ശ്രമത്തിലാണ്.

പണം ഇല്ല എന്നതിന്റെ പേരിൽ വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതിയും ഉപേക്ഷിക്കാൻ പാടില്ലെന്ന് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പണം കണ്ടെത്തി ആവശ്യമായ പദ്ധതികൾ നടപ്പാക്കും. ഭൂജല വിതാനം താണുപോകാതിരിക്കാൻവേണ്ടി ജനകീയ സംരംഭം രൂപപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയിലൂടെ എം.എൽ.എ.-മാരെകൂടി പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചുകഴിഞ്ഞു. തീർച്ചയായും ജനപ്രതിനിധികളുടെ പങ്കാളിത്തവും നേതൃത്വവും ഇതിൽ ഉണ്ടാകുന്നത് അഭിലഷണീയവും അങ്ങേയറ്റം സ്വാഗതാർഹവുമാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

IV സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുതിത്തന്ന അതേവിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ഒ. രാജഗോപാൽ, ശ്രീ. പി. ടി. തോമസ്, ശ്രീ. എം. രാജഗോപാലൻ എന്നീ മൂന്ന് അംഗങ്ങൾകൂടി സബ്മിഷൻ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവരവരുടെ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായതുകൊണ്ടാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് അവർക്ക് മൂന്ന് പേർക്കും ഓരോ വാചകങ്ങൾ പറയാവുന്നതാണ്.

1. ഐ.എസ്. റിക്രൂട്ട്മെന്റ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽനിന്നും 19 പേർ ഐ.എസ്. ക്യാമ്പിലെത്തി എന്ന വാർത്ത ഞെട്ടലോടെയാണ് കേരളം ശ്രവിച്ചത്. അതീവ ഗൗരവത്തോടെ നമ്മൾ കാണേണ്ട ഒരു വിഷയമാണിത്. ലോകത്തിന്റെ പല ഭാഗത്തും ഐ.എസ്. ഉയർത്തുന്ന അക്രമ പ്രവർത്തനങ്ങൾ തികച്ചും ആശങ്കാജനകമാണ്. ജൂലൈ 1-ന് ധാക്കയിൽ 28 പേരും ജൂലൈ 3-ന് ബാഗ്ദാദിൽ 200 പേരും കൊല്ലപ്പെടുകയുണ്ടായി. ധാരാളം മിസ്സിംഗ് കേസുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാറുണ്ട്. എന്നാൽ ഇവരെല്ലാവരും ഐ.എസ്.-ൽ ചേർന്നതാണെന്ന് പറയാൻ കഴിയില്ല. നേരത്തെ കേരളത്തിൽനിന്നും വിദേശത്തുപോയ ചിലർ ഐ.എസ്.-ൽ ചേർന്നുവെന്ന വിവരങ്ങൾ ഉണ്ടായിരുന്നു. വിദേശരാജ്യങ്ങളിൽ ജോലിചെയ്തുകൊണ്ടിരുന്ന ചില ആളുകൾക്ക് ഇതുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് പ്രസ്തുത രാജ്യങ്ങൾ കേരളത്തിലേയ്ക്ക് നാലിലധികം

ആളുകളെ ഹാന്റ്ഓവർ ചെയ്ത കാര്യവും നമുക്ക് അറിയാവുന്നതാണ്. തീവ്രവാദം ഏത് രീതിയിലാണെങ്കിലും എതിർക്കപ്പെടേണ്ടതാണ്. എല്ലാ മതേതര വിശ്വാസികളും രാഷ്ട്രീയ കക്ഷികളും സംഘടനകളും വ്യക്തികളും ഇതിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്നുള്ളത് ആശ്വാസജനകമായ കാര്യമാണ്. ആഭ്യന്തര സുരക്ഷിതത്വം ശക്തിപ്പെടുത്തേണ്ടതുമാണ്. കേന്ദ്ര ഇന്റലിജൻസ് ഏജൻസികളും സംസ്ഥാന ഇന്റലിജൻസ് ഏജൻസികളും കൂടുതൽ കോ-ഓർഡിനേറ്റ ചെയ്യുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളെ കാണേണ്ടതായിട്ടുണ്ട്. ഇതെല്ലാം വാർത്തകളാണ്. ഇതിനെക്കുറിച്ച് സ്ഥിരീകരിക്കപ്പെട്ട നിലയിലുള്ള കാര്യങ്ങൾ നമ്മുടെ മുന്നിലില്ല. ഇക്കാര്യത്തിൽ കോ-ഓർഡിനേറ്റഡായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നാണ് വാർത്തകളിലൂടെ വായിക്കുന്നത്. എല്ലാ കാര്യങ്ങളും ആഭ്യന്തര വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന അങ്ങേയ്ക്ക് പുറത്ത് പറയാൻ കഴിയില്ല. എന്നാൽ ഈ സഭയിലും ജനങ്ങളുടെ മുന്നിലും അവതരിപ്പിക്കാൻ കഴിയുന്ന കാര്യങ്ങൾ ഷെയർ ചെയ്താൽ നന്നായിരിക്കും. പലവിധത്തിലുള്ള അഭ്യൂഹങ്ങളും വാർത്തകളുമാണ് പുറത്തു വന്നു കൊണ്ടിരിക്കുന്നത്. അത് ഒഴിവാക്കാൻ വേണ്ടി ഷെയർ ചെയ്യാവുന്ന വിവരങ്ങൾ ഈ സഭയുമായി ഷെയർ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ വാർത്തകൾ ഇതുവരെ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എന്നുള്ളതും ചില മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന കാര്യങ്ങളാണ്. ധാരാളം മിസ്സിംഗ് കേസുകൾ സംസ്ഥാനത്ത് പല ജില്ലകളിലും ഉണ്ടാകുന്നുണ്ട് എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക് എന്നീ നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഇത്തരത്തിലുള്ള വാർത്തകളും അതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും നമ്മുടെ മുമ്പിലുള്ള ഒരു കാര്യംതന്നെയാണ്. ഇന്ന് നവമാധ്യമങ്ങളിലൂടെയുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി നമ്മൾ കാണേണ്ട ഒരു കാര്യം തന്നെയാണ്. നമ്മുടെ സംസ്ഥാനം പൊതുവേ സമാധാനാന്തരീക്ഷവും മതസൗഹാർദ്ദവും നിലനിൽക്കുന്ന പുരോഗമന ആശയങ്ങൾക്ക് മുൻതൂക്കം നൽകുന്ന നാടാണ്. ഇവിടെ ഇങ്ങനെയൊരു സംഭവം ഉണ്ടാകുന്നു എന്നുള്ള വാർത്തകൾ വരുന്നതുതന്നെ അതീവ ഗുരുതരമായ ഒരു കാര്യമാണ്. അങ്ങനെയുണ്ടെങ്കിൽ അത് തടയുവാനും ഇതിന്റെ യഥാർത്ഥ വസ്തുത എന്താണ്; ഇതിന്റെ നിജസ്ഥിതി എന്താണ് എന്നീ കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താനും ശക്തമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

ശ്രീ. ഒ. രാജഗോപാൽ : സർ, നേമം നിയോജക മണ്ഡലത്തിൽ ആറ്റുകാൽ ക്ഷേത്രത്തിനടുത്തുള്ള വീട്ടിലെ ക്ഷേത്ര ട്രസ്റ്റ് അംഗത്തിന്റെ ഏക മകൾ കാസർഗോഡിനടുത്തുള്ള ദന്തൽ കോളേജിൽ അവസാന വർഷം പഠിക്കുന്ന അവസരത്തിൽ ആ കുട്ടിയെ മതം മാറ്റിക്കൊണ്ടുപോയിരിക്കുന്നുയെന്ന് പെട്ടെന്ന് വീട്ടുകാർക്ക് വിവരം കിട്ടി. അത് അറിഞ്ഞയുടൻ, കഴിഞ്ഞ നവംബർ മാസത്തിൽ തന്നെ പോലീസ് അധികാരികളെ വിവരം അറിയിച്ചു. പക്ഷേ ഒരു നടപടിയും എടുത്തില്ല. തീർച്ചയായിട്ടും മതം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കു മുണ്ടാകണം. അതുപോലെതന്നെ ആരെ വേണമെങ്കിലും വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യവും എല്ലാവർക്കും ഉണ്ടാകണം. പക്ഷേ ഭാരതത്തിനെ ശത്രുവായി കണക്കാക്കുന്ന ഐ.എസ്.-നുവേണ്ടി പോരാടാൻവേണ്ടിയുള്ള സാഹചര്യത്തിന് തടയിടാൻവേണ്ടി വോട്ട് രാഷ്ട്രീയത്തിന്റെ പരിഗണന മാറ്റിവച്ചുകൊണ്ട് ശക്തമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. പി. ടി. തോമസ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ തമ്മനം പ്രദേശത്തുള്ള ഒരു പെൺകുട്ടിയും ഇതുപോലുള്ള ഒരു സംഘത്തിന്റെ പിടിയിൽ അകപ്പെട്ടതായി അറിയുന്നുണ്ട്. കുട്ടിയുടെ പേര്, വീട്ടുപേര് തുടങ്ങിയ എല്ലാ കാര്യങ്ങളും അറിയാമെങ്കിലും ഞാൻ അത് വെളിപ്പെടുത്തുന്നില്ല. അതുമായി ബന്ധപ്പെട്ട് അവരുടെ വീട്ടുകാരുമായി ബന്ധപ്പെട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഈ കുട്ടി ബോംബെയിൽ ജോലിചെയ്യുന്നയവസരത്തിൽ അവിടെ ഇസ്ലാമിക് റിസർച്ച് ഫൗണ്ടേഷൻ എന്നുപറയുന്ന ഒരു സ്ഥാപനവുമായി ബന്ധപ്പെടുകയും അന്ധേരിയിലുള്ള ഒരു ബിൽഡിംഗിൽ നിരന്തരമായി കുറേ ആളുകൾ ഒത്തുചേർന്നുള്ള ചില ചർച്ചകളും ക്ലാസ്സുകളുമൊക്കെ നടന്നുകൊണ്ടിരുന്നു എന്നുള്ളതുമാണ്. കേരള സമൂഹത്തിൽ ഇന്നുണ്ടായിരിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിന് അറുതിവരുത്തണം. വളരെ ഗൗരവതരമായ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പരിഹരിക്കണം. നമ്മുടെ മതേതര സമൂഹത്തിൽ മതതീവ്രവാദം ഇങ്ങനെ ആളിപ്പടരുന്നതിനെതിരെ സ്കൂൾ തലം മുതൽ വ്യാപകമായ പ്രചരണ പരിപാടികൾ ആരംഭിക്കാൻ നമ്മൾ എല്ലാവരും വളരെ ശക്തമായ നിലപാട് സ്വീകരിക്കുകയും അതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളും ഇതോടനുബന്ധിച്ചുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, എന്റെ നിയോജക മണ്ഡലമായ തൃക്കരിപ്പൂരിൽ പടന്ന-തൃക്കരിപ്പൂർ പഞ്ചായത്തുകളിലെ 3 കുടുംബങ്ങളിൽനിന്നായി 3 സ്ത്രീകളും 2 കുട്ടികളും ഉൾപ്പെടെ 13 പേരെ കാണാതായിട്ടുള്ളത്. വെൽ എജ്യൂക്കേറ്റഡ് ആയിട്ടുള്ള ടെക്നോക്രാറ്റുകളും ഡോക്ടർമാരും ഉൾപ്പെടുന്നവരാണിവർ.

സ്ഥലം എം.എൽ.എ. എന്ന നിലയിൽ എന്നെയും സ്ഥലം എം.പി.-യെയും കുടുംബാംഗങ്ങൾ വന്ന് കാണുകയുണ്ടായി. ഇപ്പോഴും അവർ ഉത്കണ്ഠാകുലരാണ്. ഇവർക്ക് അറിയാവുന്ന എല്ലാ വിവരങ്ങളും പോലീസിനും അന്വേഷണ ഏജൻസിക്കും കൈമാറാമെന്നാണ് ഇവരുടെ അഭിപ്രായം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാട്ടിയതുപോലെ ഇതുമായി ബന്ധപ്പെട്ട് വളരെ ഭീതിതമായിട്ടുള്ള വാർത്തകളാണ് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മതസ്പർദ്ധ വളർത്താൻ ഇത് ഇടയാക്കും. ഇതിനെതിരെ ജാഗ്രത പാലിക്കാൻ കഴിയണം. അതിനുള്ള നടപടി സ്വീകരിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഇടതുപക്ഷ ഗവൺമെന്റിന് കഴിയുമെന്നു തന്നെയാണ് എന്റെ പ്രതീക്ഷ. തീർച്ചയായും ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാന്യരായ മറ്റ് അംഗങ്ങളും അതീവ ഗൗരവതരമായ വിഷയം തന്നെയാണ് സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഈ പ്രശ്നം സമൂഹത്തിന്റെ ശ്രദ്ധയിൽ ആദ്യം കൊണ്ടുവന്നത് ബഹുമാന്യനായ എം.എൽ.എ. എം. രാജഗോപാലനും അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള എം.പി. ശ്രീ. പി. കരുണാകരനുമടക്കമുള്ളവരുമാണ്. അവർ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഇവിടെ പ്രസ്താവിച്ചതുപോലെ ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ ആവശ്യപ്രകാരമായിരുന്നു ഇവർ ഇത്തരമൊരു നിവേദനം സമർപ്പിച്ചത്. കേരളത്തിൽ നിന്നും ചില യുവതീയുവാക്കൾ ഐ.എസ്.-ൽ ചേരുന്നതിനായി സിറിയയിലും അഫ്ഗാനിസ്ഥാനിലുമുള്ള ഐ.എസ്.ക്യാമ്പുകളിൽ എത്തിയിട്ടുള്ളതായി സംശയിക്കുന്ന വിധത്തിലുള്ള വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്ന് പതിനേഴ് പേരും പാലക്കാട് ജില്ലയിൽ നിന്ന് നാല്പേരുംഉൾപ്പെടെ ആകെ ഇരുപത്തൊന്ന്പേരെ കാണാതായിട്ടുണ്ട് എന്നുള്ളതാണ് പ്രാഥമിക അന്വേഷണത്തിൽ നിന്നും വ്യക്തമാകുന്നത്. ബഹുമാന്യനായ എം.എൽ.എ. എം. രാജഗോപാലൻ സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിൽനിന്ന് കാണാതായതിൽ ഒരു യുവതി തിരുവനന്തപുരം സ്വദേശിനിയാണ്. ഇവർ ഈസ ബെക്സൺ എന്നയാളുടെ ഭാര്യയാണ്. ഇവർ മതപരിവർത്തനം ചെയ്തതിനു ശേഷമാണ് വിവാഹിതരായത്. കാണാതായ എല്ലാവരും വ്യത്യസ്ത ആവശ്യങ്ങൾ പറഞ്ഞ് വീടുകളിൽനിന്നും പോയവരാണ്. ഇവർ സിറിയയിൽ എത്തി ഇസ്ലാമിക് സ്റ്റേറ്റിൽ ചേർന്നതായിട്ടാണ് ഇപ്പോൾ ലഭ്യമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിൽ നിന്ന് കാണാതായതിൽ പത്ത് പേർ യുവാക്കളും നാല് പേർ യുവതികളും മൂന്ന് പേർ കുട്ടികളുമാണ്. പാലക്കാട് നിന്ന് കാണാതായതിൽ രണ്ട് പേർ യുവാക്കളും രണ്ട് പേർ യുവതികളുമാണ്.കാസർഗോഡ് ജില്ലയിൽ നിന്ന്

പതിനേഴ് പേരെ കാണാതായി എന്നതാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ള വാർത്തകൾ. ഇതിൽ ഫിറോസ് ഖാൻ എന്ന ചെറുപ്പക്കാരൻ മുംബൈയിലുള്ളതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുംബൈ എയർപോർട്ടിൽ വച്ച് അദ്ദേഹത്തെ പിടിച്ചതായി റിപ്പോർട്ടുണ്ട്. പ്രതിപക്ഷ നേതാവും ബഹുമാന്യരായ മറ്റ് അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനം ഗൗരവമായി കാണേണ്ട ഒരു പ്രശ്നം തന്നെയാണിത്. എന്നാൽ ഒരു കാര്യത്തിൽ നമുക്ക് വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്. ഇവിടെ ഭീകര പ്രവർത്തനത്തിനും തീവ്രവാദത്തിനും മതാടിസ്ഥാനമില്ല. എല്ലാ മതത്തിൽപ്പെട്ടവരും തീവ്രവാദികളായും ഭീകരവാദികളായും മാറുന്നുണ്ട്. ഭീകരപ്രവർത്തനവും തീവ്രവാദവും ഒരു തരത്തിലും നമുക്ക് അംഗീകരിക്കാൻ സാധിക്കുന്നതല്ല. ചില സ്ഥാപിത താൽപര്യക്കാർ ഇതുമായി ബന്ധപ്പെട്ട് മതലെട്ടപ്പിന് ശ്രമം നടത്തുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ മുസ്ലീം ജനവിഭാഗത്തെയാകെ സംശയത്തിന്റെ പുകമറയിൽ നിറുത്തുന്നതിനുള്ള ഒരു ശ്രമമുണ്ടായിട്ടുണ്ട്. ഇവിടെ ഇതിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്; മുസ്ലീം വിരുദ്ധ വികാരം സമൂഹത്തിൽ പടർത്താനുള്ള ഒരു ശ്രമമാണ് അതിന്റെ ഭാഗമായി സംഭവിക്കുന്നത്. ഭൂരിപക്ഷമതം, ന്യൂനപക്ഷമതം എന്നിങ്ങനെയുള്ള വ്യത്യാസം നമ്മുടെ നാട്ടിൽ ഇല്ല. ബഹുഭൂരിപക്ഷം ജനങ്ങളും ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ ചിന്തിക്കുന്നവരാണ്. ഇത്തരത്തിൽ ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ നിലകൊള്ളുന്ന ഒരു നാട് തന്നെയാണ് നമ്മുടേത്. ഇതിൽ ചെറിയൊരു വിഭാഗം മാത്രമാണ് തീവ്രവാദത്തിനും മറ്റും അടിമപ്പെടാനുള്ള പ്രവണത കാണിക്കുന്നത്. അത് നാം ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഏജൻസികളുമായി യോജിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടപടികൾ മാത്രം മതിയാകുമെന്ന നിലപാട് സ്വീകരിച്ചുകൂടാ. ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ പൊതുവായ വികാരം ഉയർത്തിക്കൊണ്ടു വരുന്നതിനായി ജനങ്ങളെയാകെ ഒന്നിച്ച് അണി നിരത്തേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ മാത്രമേ തീവ്രവാദത്തെയും ഭീകരവാദത്തെയും പൂർണ്ണമായും ഒറ്റപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുസ്ലീം വിഭാഗത്തിൽ മഹാഭൂരിപക്ഷവും തീവ്രവാദത്തെയും ഭീകരവാദത്തെയും എതിർക്കുന്നവരാണെന്നതും നാം കാണണം. എല്ലാ ജനവിഭാഗങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് തെറ്റായ മാർഗ്ഗം സ്വീകരിക്കുന്ന; ദേശ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന; തീവ്രവാദത്തിനും ഭീകരവാദത്തിനും അടിപ്പെട്ട് പോകുന്ന ആളുകളെ തിരുത്തുന്നതിനും ഒറ്റപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. തീവ്രവാദത്തെയും ഭീകരവാദത്തെയും അതീവ ഗൗരവമായി കണ്ടുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത നടപടികളും കേന്ദ്ര ഏജൻസികളെയടക്കം യോജിപ്പിച്ചുകൊണ്ടുള്ള നടപടികളും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കും.

2. ദുരിതാശ്വാസ നിധി കുടിശ്ശിക

ശ്രീ. വി. ഡി. സതീശൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുകയും രോഗികൾക്ക്, പ്രത്യേകിച്ച് മാരക രോഗം ബാധിച്ച സംസ്ഥാനത്തെ പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസം എത്തിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുകയുടെ വിതരണത്തിലൂടെ ആരോഗ്യ രംഗത്ത് വൻതോതിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കപ്പെട്ടതിൽ നല്ലൊരു തുക ഇന്നിപ്പോൾ കുടിശ്ശികയായി നിലനിൽക്കുന്നതിനാൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. കാരണം മാരക രോഗം ബാധിച്ച പലരും ഓപ്പറേഷൻ നടത്തുന്നതിനായി കാത്തിരിക്കുകയാണ്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി പഴയതുപോലെ തന്നെയാണോ തുടരുന്നത്; ഇതിൽ എന്തെങ്കിലും മാറ്റമുണ്ടോ എന്നിങ്ങനെയുള്ള സംശയവും നിലനിൽക്കുന്നുണ്ട്. കാരണം ധാരാളമാളുകൾ പുതിയ അപേക്ഷകളുമായി ജനപ്രതിനിധികളെ സമീപിക്കുന്നുണ്ട്.

10.00 AM]

എന്നാൽ ജനപ്രതിനിധികൾക്ക് ഇക്കാര്യത്തിൽ കൃത്യമായ ഉത്തരം നൽകാൻ സാധിക്കാത്ത ഒരവസ്ഥ നിലവിലുണ്ട്. നേരത്തെ ഇതിനൊരു നടപടിക്രമമുണ്ടായിരുന്നു; വില്ലേജ് ആഫീസിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റും താലൂക്ക് ആഫീസിൽ നിന്നുള്ള റിപ്പോർട്ടും ജില്ലാ കളക്ടറുടെ റിപ്പോർട്ടും വാങ്ങിയാൽ മാത്രമേ കൂടുതൽ തുക നൽകുകയുള്ളൂ. മുമ്പ് ഇതിനുള്ള സ്ക്രൂട്ടിണി കൃത്യമായി നടന്നിരുന്നു. അത്തരത്തിലുള്ള ഒരു സ്ക്രൂട്ടിണി തന്നെയാണോ ഗവൺമെന്റ് പുതിയതായി അവലംബിക്കാൻ പോകുന്നത് എന്നുകൂടി വ്യക്തമാക്കിയാൽ അത്തരത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായ ആളുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. കുടിശ്ശിക വിതരണം ചെയ്യുന്നതിനോടൊപ്പംതന്നെ ഭാവിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കൂടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നേരത്തെ അനുവദിച്ച തുകയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് ദുരിതാശ്വാസ നിധിയിൽ നിന്ന് 18-5-2011 മുതൽ 24-5-2016 വരെ 808,78,08,191 രൂപയുടെ സഹായമനുവദിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അത് മുഴുവൻ കൊടുത്തു തീർത്തിട്ടില്ല. ഈ സർക്കാർ ഇതുവരെ 36,58,00,000 രൂപ വിവിധ ജില്ലകൾക്കായി ഈ നിധിയിൽ നിന്ന് അനുവദിക്കുകയും ഒൻപതിനായിരത്തിൽപ്പരം അപേക്ഷകർക്ക് 7,20,000-ത്തിലധികം രൂപ അനുവദിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത പ്രകാരം ധനകാര്യവകുപ്പാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായ വിതരണത്തിനായി ഫണ്ട് അനുവദിക്കുന്നത്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവന തീരെ അപര്യാപ്തമാണ്. അതുകൊണ്ട് സർക്കാരിൽനിന്ന് ലഭിക്കുന്ന സംഭാവനയെ ആശ്രയിച്ചാണ് ഈ നിധിയിൽനിന്ന് ജില്ലാകളക്ടർമാർക്കും മറ്റും ധനസഹായ വിതരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നത്. ഈ നിധിയിലേക്ക് ഫണ്ടെത്തിക്കുന്നതിനുള്ള നീക്കം നമ്മളെല്ലാവരും ചേർന്ന് നടത്തേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ ഈ നിധി നിധിയായി നിൽക്കുകയുള്ളൂ. ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്ന ഫണ്ട് താലൂക്കുതല ഓഫീസുകൾ മുഖേന വിതരണം ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ധനസഹായത്തിനായുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണ്. അതേസമയം ഫണ്ടിന്റെ അപര്യാപ്തതയുമുള്ളതുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭിക്കാൻ കാലതാമസമുണ്ടാകുന്നത്. ജില്ലാകളക്ടർമാർ അനുവദിക്കുന്ന തുക പതിനാറു ദിവസത്തിനകവും, സർക്കാർ ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനസഹായം അപേക്ഷകർക്ക് ലഭ്യമാകുന്നതിലെ കാലതാമസമൊഴിവാക്കി പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിനായി ചില നടപടികൾ ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മുൻപിലെത്തുന്ന പരാതികൾ/അപേക്ഷകൾ

അപ്പോൾ തന്നെ താഴെതട്ടിലേക്ക് എത്തിക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. താഴെ തട്ടിലേക്ക് അപ്പോൾ തന്നെ എത്തും, പക്ഷേ അവിടെ നിന്ന് നടപടിക്രമങ്ങൾ പൂർത്തിയാകാൻ കുറച്ച് ദിവസം താമസിക്കും. എന്നാലും താഴെ തട്ടിലേക്ക് പെട്ടെന്ന് തന്നെ എത്തുന്നതിനുള്ള നടപടിക്രമമായി കഴിഞ്ഞിട്ടുണ്ട്; ബാക്കി കാര്യങ്ങൾ വേഗം തന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

3. ഭൂമി കൈമാറ്റം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, എറണാകുളം കടവന്ത്രയിലുള്ള സിഡ്കോയുടെ 5 ഏക്കർ 13 സെന്റ് ഭൂമി ഭീമാ ജ്വല്ലറിക്ക് കൈമാറാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നു. എറണാകുളം നഗരത്തിന്റെ കണ്ണായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ ഭൂമി വെറും 15 കോടി രൂപ മുൻകൂർ വാങ്ങി ഭീമാ ജ്വല്ലറിക്ക് 50 വർഷത്തേക്ക് കൈമാറാനാണ് നീക്കം നടക്കുന്നത്. അടയ്ക്കേണ്ട തുകയായ 15 കോടി രൂപ ഭീമാ ജ്വല്ലറി 10 വർഷം കൊണ്ട് അടച്ചുതീർത്താൽ മതി. കൂടാതെ, വാടക ഇനത്തിൽ 80 വർഷത്തേക്ക് അടയ്ക്കേണ്ട തുക 98 കോടി രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. ഏകദേശ കണക്കനുസരിച്ച് ഈ ഭൂമിയുടെ വില ആയിരക്കണക്കിന് കോടിയിലേറെ വരുമെന്നാണ് ഞാൻ അറിഞ്ഞത്. 80 വർഷം കൊണ്ട് സിഡ്കോക്ക് കിട്ടുന്നത് 113 കോടി രൂപ മാത്രമാണ്. കടവന്ത്രയിലെ പ്രസ്തുത ഭൂമിയിൽ വ്യവസായ കേന്ദ്രം തുടങ്ങാൻ സിഡ്കോ ടെണ്ടർ വിളിച്ചിരുന്നു. ഭീമയും ഗ്രീൻ ടി. വി. എന്ന ഒരു കമ്പനിയും മാത്രമാണ് ടെണ്ടർ കൊടുത്തിട്ടുള്ളത്. ഇതിൽ ഭീമയ്ക്ക് കരാർ നൽകുകയായിരുന്നു. ടെണ്ടറിൽ പറഞ്ഞ വ്യവസ്ഥകൾപോലും ലംഘിച്ചാണ് ഭൂമി കൈമാറാൻ തയ്യാറായിരിക്കുന്നത് എന്നതാണ് വിചിത്രം. 35 വർഷത്തേക്ക് ഭൂമി കൈമാറ്റം എന്നാണ് ടെണ്ടറിൽ വ്യക്തമാക്കിയിരിക്കുന്നത്; എന്നാൽ ഭീമയ്ക്ക് ഭൂമി നൽകിയത് 80 വർഷക്കാലത്തേക്കാണ്. ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് പൂർത്തീകരിക്കണമെന്നാണ് ടെണ്ടർ വ്യവസ്ഥ. എന്നാൽ കരാറിൽ ഇത് 10 വർഷമാണ്. ഈ വിധത്തിൽ കരാർ വ്യവസ്ഥകൾ ലംഘിച്ചും ടെണ്ടർ നടപടികളിൽ കൃത്രിമം കാണിച്ചും ഭൂമി കൈമാറുന്നതിനെടുക്കുന്ന തീരുമാനം ദുരൂഹമാണ്. ഇതിൽ വൻ അഴിമതി നടന്നതായും വാർത്തയുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ഈ തട്ടിപ്പ് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള ഗൗരവമേറിയ വിഷയം തന്നെയാണ്. എറണാകുളം കടവന്ത്രയിലുള്ള ഈ ഭൂമിക്ക് ഒരു സെന്റിന് ഏതാണ്ട് 50 ലക്ഷം രൂപ വരെ വിലയുണ്ട്. സിഡ്കോയുടെ റാ-മെറ്റീരിയൽ ഡിവിഷൻ പ്രവർത്തിക്കുന്ന 5.13 ഏക്കർ സ്ഥലമാണ്. അവിടെ ഒരു ഇൻഫ്രാസ്ട്രക്ചർ ഹബ്ബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 6-3-2013-ന് അന്നത്തെ സിഡ്കോ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും അതിനുവേണ്ടിയുള്ള നടപടികളാരംഭിക്കുകയും അതനുസരിച്ച് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത് രണ്ടുമൂന്ന് ഘട്ടങ്ങളിലായി തുടർന്നുവരുന്ന ഒരു പ്രക്രിയയാണ്. അവസാനം ഭീമാ ജൂവൽസ് എന്ന സ്ഥാപനവും ഗ്രീൻ ടി. വി., പൂജപ്പുര എന്ന മറ്റൊരു സ്ഥാപനവുമാണ് ടെണ്ടർ കൊടുത്തത്. ഗ്രീൻ ടി. വി., പൂജപ്പുര, ഭീമാ ജൂവലേഴ്സുമായിട്ട് ബന്ധമുള്ള സ്ഥാപനമാണ്. അത്തരത്തിലുള്ള സ്ഥാപനം കൊടുത്തിട്ടുള്ള ടെണ്ടറും സംശയാസ്പദമാണ്. സി ആന്റ് എ.ജി. ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി ഇതിൽ ഗുരുതരമായിട്ടുള്ള പിശകുകൾ സംഭവിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ചതുപോലെ കോടിക്കണക്കിന് രൂപ വിലയുള്ള സിഡ്കോയുടെ ഭൂമി കുറഞ്ഞ വിലയ്ക്ക് സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനുള്ള തെറ്റായ നടപടി ഇതിലുണ്ടായിട്ടുണ്ട്. ഇ-ടെണ്ടറിൽ പങ്കെടുത്ത രണ്ട് കമ്പനികളും വളരെ അടുത്ത ബിസിനസ്സ് ബന്ധമുള്ളവരാണെന്നാണ് സി. ആന്റ് എ. ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭീമാ ജൂവലറിയുടെ പരസ്യ ഏജൻസിയാണ് ഗ്രീൻ ടി.വി. എന്നിട്ടും ഭീമയുടെ ടെണ്ടർ സ്വീകരിച്ചു. പുതിയ പ്രോജക്ട് വന്നപ്പോൾ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയോ പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല; പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള ഗവൺമെന്റിന്റെ ഒരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. മറ്റൊരു കാര്യം, ടെണ്ടർ കരാർ അംഗീകരിച്ച് 90 ദിവസത്തിനകം അഞ്ച് കോടിരൂപ കൊടുക്കാനും പിന്നീട് 7.5 കോടി രൂപ കൊടുക്കാനും (ആകെ 12.5 കോടി രൂപ) ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷംരൂപ പ്രതിവർഷ വാടകയ്ക്ക് കൊടുക്കാനുമുള്ള വ്യവസ്ഥയാണുള്ളത്. പൊതുമുതൽ ദുരുപയോഗപ്പെടുത്തൽ ഇതിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ കരാർ അടിയന്തരമായി റദ്ദ് ചെയ്യാൻ സിഡ്കോയ്ക്ക് നിർദ്ദേശം കൊടുത്തു. 31-5-2016-ൽ (അതായത് ഈ ഗവൺമെന്റ് ചുമതലയേറ്റ് 5 ദിവസം കഴിഞ്ഞപ്പോൾ) ആ കരാർ റദ്ദ് ചെയ്യുകയാണുണ്ടായത്. കരാറുകാരിൽ നിന്ന്

50 ലക്ഷംരൂപ അഡ്വാൻസും വാങ്ങിയിരുന്നു. അത് എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ചുള്ള നടപടി പാലിക്കുന്നതിനായിരുന്നില്ല. ഈ വിഷയം കോടതിയിൽ പോയാൽ ഈ കരാറുകാർക്ക് സംരക്ഷണം നൽകാൻ ഇടയാക്കത്തക്ക രീതിയിലുള്ള തെളിവുണ്ടാക്കുകയും അതിനുള്ള വ്യവസ്ഥയുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 50 ലക്ഷം രൂപവാങ്ങിയിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. ആ 50 ലക്ഷം രൂപ തിരിച്ചുകൊടുക്കുകയും ഇതിന് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ, ഇതുസംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും അന്വേഷിക്കാൻ വിജിലൻസിനെ ഏൽപ്പിക്കുന്നതിൽ ഗവൺമെന്റിന് അശേഷം മടിയില്ല. വ്യവസായ വകുപ്പിനോട് അടിയന്തരമായി ഇതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ശക്തമായിട്ടുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കും. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ പൊതുസ്വത്ത് ദുരുപയോഗപ്പെടുത്താൻ ഈ ഗവൺമെന്റ് ആരെയും അനുവദിക്കില്ലെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

4. കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

<u>ശ്രീ. പി. ഉണ്ണി</u>: സർ, പാലക്കാട്ടെ കേന്ദ്ര പൊതുമേഖലാസ്ഥാപനമാണ് കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. പ്രസ്തുത സ്ഥാപനം 1974 മുതൽ ലാഭകരമായി പ്രവർത്തിക്കുകയായിരുന്നു. ഇതിന്റെ മാതൃ സ്ഥാപനം രാജസ്ഥാനിലെ കോട്ടയിലാണ് പ്രവർത്തിക്കുന്നത്. 1993 മുതൽ മാതൃസ്ഥാപനം നഷ്ടമായതുകൊണ്ട് കഞ്ചിക്കോട്ടെ സ്ഥാപനം ഒരു പീഡിത വ്യവസായമായാണ് കണക്കാക്കപ്പെടുന്നത്. മാതൃസ്ഥാപനം നിരവധി പ്രതിസന്ധികൾ നേരിട്ടിട്ടും ലാഭകരമായി പ്രവർത്തിക്കുന്ന ഒന്നാണ് പാലക്കാടുള്ള ഈ യൂണിറ്റ്. കോട്ടയിലെ മാതൃസ്ഥാപനത്തിൽ ഉൽപ്പാദനവും പ്രവർത്തനവും രണ്ടുവർഷമായി നിശ്ചലാവസ്ഥയിലാണ്. ഇതുമൂലം പാലക്കാട് യൂണിറ്റിന്റെ നിലനിൽപ്പും പ്രവർത്തനങ്ങളും അനുദിനം അപകടത്തിലേക്കാണ് നീങ്ങുന്നത്. ജപ്പാൻ സാങ്കേതിക വിദ്യയുപയോഗിച്ച് ഉൽപ്പാദനമാരംഭിച്ച് പിന്നീട് നൂതന സാങ്കേതിക വിദ്യയിലൂടെ സ്വയംപര്യാപ്തത കൈവരിച്ചിട്ടുള്ള ഒരു സ്ഥാപനമാണിത്. നമ്മുടെ രാജ്യത്തിന് ആവശ്യമായ ഊർജ്ജം, എണ്ണ, ഉരുക്ക്, രാസവളം, ആണവോർജ്ജം, താപവൈദ്യുത നിലയങ്ങൾ എന്നിവയ്ക്കാവശ്യമായ വാൽവുകൾ എന്നിവ ബഹുരാഷ്ട്ര കുത്തക കമ്പനികളോട് മത്സരിച്ച് ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമാണ്

കഞ്ചിക്കോട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. കഴിഞ്ഞ പത്തുവർഷത്തെ അംശദായം 112 കോടിരൂപയാണ്. കഴിഞ്ഞ ഒരു വർഷത്തെ ലാഭം ഒരു കോടി രൂപയാണ്. 400-ഓളം തൊഴിലാളികളാണ് അവിടെ ജോലിചെയ്യുവരുന്നത്. അവരുടെ കുടുംബങ്ങളുടെ ജീവിതാശ്രയമാണ് ഈ സ്ഥാപനം. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ കേരള സർക്കാർ ഏറ്റെടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പാലക്കാട്ടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് കഞ്ചിക്കോട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. ഇതിന്റെ മാതൃസ്ഥാപനം രാജസ്ഥാനിലെ കോട്ടയിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ ഒരു യൂണിറ്റാണ് പാലക്കാട് പ്രവർത്തിക്കുന്നത്. പാലക്കാട് യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നതാണ്. എന്നാൽ രാജസ്ഥാൻ യൂണിറ്റ് 1993 മുതൽ വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ചുള്ള നടപടികൾക്ക് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയും അവർ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. അപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് യൂണിറ്റിനെ മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-മായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സർക്കാർ കേന്ദ്ര ഖന-വ്യവസായ വകുപ്പുമന്ത്രി ശ്രീ. ആനന്ദ് ഗീഥെ-യ്ക്ക് കത്ത് അയയ്ക്കുകയും പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലനിലപാടുണ്ടായപ്പോൾ കേരളത്തിലുള്ള ആസ്തികൾ പരിശോധിക്കുന്നതിനു വേണ്ടി റിയാബിനെ ചുമതലപ്പെടുത്തുകയുണ്ടായി. റിയാബിന്റെ പഠനറിപ്പോർട്ട് വിശദമായി പഠിച്ച് കമ്പനി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റിയാബ് ചെയർമാൻ എന്നിവർ അംഗങ്ങളായും റിയാബിന്റെ സെക്രട്ടറി കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. കമ്പനി ഏറ്റെടുക്കുന്നത് സംബന്ധിച്ച് അടുത്ത കാലത്ത് വന്നിട്ടുള്ള പത്രവാർത്തകളും മറ്റും അടിസ്ഥാനപ്പെടുത്തി ഈ പ്രശ്നത്തിൽ ഇടപെടുകയും കേരളത്തിലെ റിയാബിന്റെ പഠന റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള കമ്മിറ്റിയുമായി ചർച്ചചെയ്ത്

ധാരണയിലെത്താൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 1-7-2016-ന് ചീഫ് സെക്രട്ടറി കേന്ദ്ര ഖന-വ്യവസായ വകുപ്പ് സെക്രട്ടറിക്ക് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണെന്നും അതിന് അനുകൂലമായൊരു നിലപാട് സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പി. ഉണ്ണി പറഞ്ഞതുപോലെ, നാനൂറിലധികം തൊഴിലാളികൾ പണിയെടുക്കുന്ന ഈ സ്ഥാപനം ലാഭകരമായി കേരളത്തിൽ പ്രവർത്തിപ്പിക്കാൻ സാധിക്കും; അതിനുള്ള നടപടികൾ സ്വീകരിക്കണം; അത് കേരളം ഏറ്റെടുത്തുകൊണ്ട് ആ കടമ നിർവ്വഹിക്കാമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-06-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേന്ദ്ര ഖന-വ്യവസായ വകുപ്പുമന്ത്രിക്ക് പ്രത്യേകമായി ഒരു കത്തയച്ചിട്ടുണ്ട്. വരുന്ന 16-ാം തീയതി ചേരുന്ന എം.പി.-മാരുടെ യോഗത്തിലെ അജണ്ടയിൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള ഗവൺമെന്റ് ഏറ്റെടുക്കുന്നത് ഒരു പ്രത്യേക വിഷയമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

5. കുടിവെള്ളക്ഷാമം

ശ്രീ. പി. കെ. ശശി: സർ, ഈ വിഷയം ഇതിനുമുൻപും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ നേരിടുന്ന കടുത്ത കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നേരത്തെയുണ്ടായിരുന്ന എസ്റ്റിമേറ്റ് മാറ്റി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 14.5 കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും അത് 2008-ൽ ആരംഭിച്ചതുപോലെ തന്നെനിൽക്കുകയാണ്. അടിയന്തിരമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തടയണയുടെ പ്രശ്നം ഏറ്റെടുക്കുന്നതിനും ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ഭൂതപ്പുഴയിൽ ഒരു തടയണ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം പി. കെ. ശശി ഉന്നയിച്ചത് രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്ന് ചെറുതുരുത്തി പാലത്തിനുതാഴെ തടയണ നിർമ്മിക്കുന്നത് സംബന്ധിച്ചാണ്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 2008-ൽ കരാർ ഉടമ്പടി ചെയ്ത പ്രവൃത്തിയുടെ 25 ശതമാനം പൂർത്തീകരിച്ച കാലയളവിൽ കരാറുകാരന്റെ മരണംമൂലവും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിച്ച സാഹചര്യത്തിലും കരാർ റദ്ദ് ചെയ്യേണ്ടിവന്നു. എന്നാൽ നിലവിലുള്ള സൈറ്റ് കണ്ടീഷനിൽ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു. നദിയുടെ അടിവശത്ത് കൂടുതൽ ഇളകിയ മണലുണ്ടെന്ന കാരണത്താൽ നേരത്തെ തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തി പൈലിംഗ് നടത്തി, നൂതന സാങ്കേതികവിദ്യയുപയോഗിച്ച് പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആലിപ്പറമ്പ് പഞ്ചായത്തിൽ തുതപ്പുഴയ്ക്ക് കുറുകെ കാലിക്കടവിൽ തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പഠനവേക്ഷണം നടത്തി തടയണയുടെ രൂപകൽപ്പന ലഭ്യമായിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ തുതപ്പുഴയുടെ ഇടത് കരയിൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള നിലവിലുള്ള കുടിവെള്ള പദ്ധതിക്കും വലതുകരയിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിക്കും ഗുണകരമാകും. അതുകൊണ്ട് ലഭ്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

6. കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അപ്ഗ്രഡേഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസാക്കി ഉയർത്തണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പന്തളം ശബരിമലയുടെ മൂലസ്ഥാനമാണ്. ശബരിമല തീർത്ഥാടനത്തിനുവരുന്ന അയ്യപ്പഭക്തൻമാർ പന്തളത്ത് എത്തിയതിനുശേഷമാണ് ശബരിമലയിലേക്ക് പോകുന്നത്. പന്തളത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വർഷങ്ങളായി ഓപ്പറേറ്റിംഗ് സ്റ്റേഷനായാണ് നിലനിൽക്കുന്നത്. തിരുവനന്തപുരത്തുനിന്ന് കാസർഗോഡേയ്ക്ക് പോകുമ്പോൾ ഏറ്റവും കൂടുതൽ സ്ഥലമുള്ള ബസ് സ്റ്റേഷനാണ് പന്തളം. അവിടെ ചുറ്റുമതിലോ ഗ്യാരേജോ ഇല്ല, സ്റ്റേഷന്റെ സൗകര്യങ്ങൾതന്നെ കുറവാണ്. വളരെ ദുർബ്ബലമായ ഒരു അവസ്ഥയാണ് പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുള്ളത്. അതുകൊണ്ട് ഓപ്പറേറ്റിംഗ് സ്റ്റേഷൻ എന്നത് അപ്ഗ്രേഡ് ചെയ്ത് എ.ടി. ഓഫീസായി ഉയർത്തി പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംരക്ഷിക്കണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഒരു ഓപ്പറേറ്റിംഗ് സെന്ററായാണ് പ്രവർത്തിക്കുന്നത്. ശബരിമല തീർത്ഥാടന സീസണിൽ ഏറ്റവും കൂടുതൽ യാത്രക്കാർ ആശ്രയിക്കുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റാണത്. ഇതിന്റെ പ്രാധാന്യം ഗവൺമെന്റിന് നന്നായറിയാം. ഇപ്പോൾ പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സെന്ററിനെ സബ് ഡിപ്പോ ആയി ഉയർത്തണമെന്ന ആവശ്യവും പ്രസ്തുത ബസ് സ്റ്റാന്റിനെ എങ്ങനെ നല്ലരീതിയിലുള്ള ഒരു ബസ് സ്റ്റാന്റാക്കി മാറ്റാമെന്ന കാര്യവും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആലോചിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റിന് സന്തോഷമേയുള്ളൂവെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

7. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ പരിശോധന

ശ്രീ. ഹൈബി ഈഡൻ: സർ, സ്കൂൾ കുട്ടികളുടെ ജീവന് വില കൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മൂന്ന് വയസ്സുമുതലുള്ള കുട്ടികളെ, ഏത് സിലബസിൽ പഠിക്കുന്നവരാണെങ്കിലും, സ്കൂളിലേക്ക് അയയ്ക്കുന്നതിനായി മാതാപിതാക്കൾ ആശ്രയിക്കുന്നത് സ്കൂൾ ബസുകൾ, സ്കൂൾ വാനുകൾ, ഓട്ടോറിക്ഷകൾ, ഫോർ വീലർ ഓട്ടോറിക്ഷ (നാട്ടിൻപ്രദേശങ്ങളിൽ ഇത് വെള്ളിമൂങ്ങ എന്നാണ് അറിയപ്പെടുന്നത്) എന്നീ വാഹനങ്ങളെയാണ്. പലപ്പോഴും വലിയ ദുരന്തമുണ്ടായതിനുശേഷം മാത്രമാണ് ഇത്തരം വിഷയങ്ങൾ മാധ്യമങ്ങളുൾപ്പെടെ ഗൗരവമായി ചർച്ച ചെയ്യുന്നത്. യാതൊരു സേഫ്റ്റി മെഷേഴ്സുമില്ലാതെ കന്നുകാലികളെപ്പോലെ കുട്ടികളെ കുത്തിനിറച്ചുകൊണ്ടാണ് ഈ വാഹനങ്ങൾ പോകുന്നത്. യോഗ്യതയില്ലാത്ത ഡ്രൈവർമാരും വാഹനങ്ങളിൽ സ്പീഡ് ഗവേർണറില്ലാതെയും സീറ്റ് ബൽറ്റിടാതെയും എമർജൻസി എക്സിറ്റില്ലാതെയും ഓട്ടോറിക്ഷകളുടെ പിൻവശത്ത് ഡിക്കിയിലൊക്കെ ഇരുത്തിയാണ് കൊണ്ടുപോകുന്നത്. വാഹനം ഓടിക്കുമ്പോൾ ചെക്കിംഗിൽ കണ്ടുപിടിക്കാൻ കഴിയാത്തതരത്തിലുള്ള ലഹരി വസ്തുക്കൾ പല ഡ്രൈവർമാരും ഉപയോഗിക്കാറുമുണ്ട്. പ്രത്യേകിച്ച് മഴക്കാലത്ത് വലിയ ദുരന്തം സൃഷ്ടിക്കാൻ സാധ്യതയുള്ള ഈ പ്രശ്നം അതീവ ഗൗരവത്തോടെ കണ്ട് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പും പോലീസ് വകുപ്പും ഗതാഗത വകുപ്പുംകൂടി ചേർന്നാണ് ഇതിനൊരു തീരുമാനമെടുക്കേണ്ടത്. അടിയന്തരമായി ഈ വിഷയത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നമ്മുടെ സമൂഹം വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. സ്കൂൾ ബസുകളും വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളും പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളുണ്ട്. എന്നാൽ ആ വ്യവസ്ഥകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നതാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ വായിക്കാൻ കൂടുതലുള്ളതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.* ഈ വ്യവസ്ഥകൾ പാലിക്കപ്പെടാതെ തികച്ചും മനുഷ്യത്വരഹിതമായിട്ടാണ് പലരും പെരുമാറുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ കർശനമായി നിയന്ത്രിക്കാനും നിരീക്ഷിക്കാനും ആവശ്യമാണെങ്കിൽ നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർക്കും രക്ഷിതാക്കൾക്കും ഇത് സംബന്ധിച്ച അവയർനസ് നൽകേണ്ടതുണ്ട്. അഞ്ച് പേരെ കയറ്റാൻ കഴിയുന്ന ഓട്ടോയിൽ പന്ത്രണ്ടും പതിമൂന്നും കുട്ടികളെ കയറ്റുന്ന സ്ഥിതിയാണുള്ളത്. സ്വന്തം മക്കളുടെ സുരക്ഷയുടെ കാര്യത്തിൽ രക്ഷിതാക്കൾ കുറെക്കൂടി ജാഗ്രത പുലർത്തേണ്ടത് ആവശ്യമാണ് എന്ന അഭ്യർത്ഥന ഞാൻ ഈ വേദിയിലൂടെ രക്ഷിതാക്കൾക്ക് നൽകുകയാണ്. കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ കർശനമായി വ്യവസ്ഥകൾ പാലിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ച കാര്യങ്ങൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ ആരെയും അനുവദിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

8. നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾത്തന്നെ സ്ഥലം സന്ദർശിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ആശയവിനിമയം നടത്തുകയും ചെയ്തതിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ നാളികേര കൃഷിക്കാർക്കും കർഷക സംഘടനകൾക്കും വളരെയേറെ സന്തോഷമുണ്ടെന്നകാര്യം ഞാൻ ഈ അവസരത്തിൽ അങ്ങയെ അറിയിക്കുകയാണ്. സംസ്ഥാനത്തെ നാളികേര കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചതാണ് തിരുവനന്തപുരത്തും എറണാകുളത്തുമുള്ള രണ്ട് സ്ഥാപനങ്ങൾ. തിരുവനന്തപുരം

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ജില്ലയിൽ നിന്ന് ആറ്റിങ്ങലിലേക്ക് വരുന്ന ദേശീയ പാതയോട് ചേർന്ന് ഏകദേശം 6 ഏക്കറോളം സ്ഥലത്താണ് മാമം നാളികേര കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത്. നാളികേര കർഷകർ കൊണ്ടുവരുന്ന നാളികേരം സംഭരിച്ച് നാളികേര മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക, അതുവഴി നാളികേര കർഷകന് ന്യായമായ വില ലഭിക്കുക എന്നതാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ പിൽക്കാലത്ത് ആ ഉദ്ദേശ്യത്തെത്തന്നെ ചോദ്യം ചെയ്യുന്ന നിലയിലായി അതിന്റെ പ്രവർത്തനങ്ങൾ. ഒരു സന്ദർഭത്തിൽ കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യാൻ വേണ്ടിയുള്ള നടപടിയെടുക്കുകയും ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്തു. വീണ്ടും പല ഘട്ടങ്ങളിലായി വിവിധ പദ്ധതികളാരംഭിക്കാൻ ശ്രമിച്ചെങ്കിലും അത് വിജയിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷക പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും മുഖ്യധാരാ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ മാമത്ത് നാളികേര കോംപ്ലക്സ് സംരക്ഷണ സമിതി രൂപീകരിച്ച് നീണ്ടകാല സമരമാരംഭിക്കുകയും ചെയ്തതിന്റെ ഭാഗമായി, കൃഷി വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നാളികേര കോംപ്ലക്സ് തുറന്നുപ്രവർത്തനമാരംഭിക്കുകയും ചെയ്തു. അതിനുശേഷം അവിടെ കേന്ദ്ര ഗവൺമെന്റ് ഫണ്ടുപയോഗിച്ച് ഒരു പദ്ധതിയാരംഭിച്ചു. അതിന്റ പ്രവർത്തനവും വേണ്ടത്ര നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യം അങ്ങ് അവിടം സന്ദർശിച്ചപ്പോൾ മനസ്സിലാക്കിയതുമാണ്. അതുകൊണ്ട് നാളികേര കോംപ്ലക്സിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള നാളികേര സംസ്കരണവും അതിനോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള പദ്ധതിയും പൂർണ്ണതയിലെത്തിക്കാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോ പാർക്കും നാളികേര മാളും അവിടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് കഴിഞ്ഞ കുറേക്കാലമായി അടഞ്ഞുകിടക്കുകയായിരുന്നു. ട്രേഡ് യൂണിയൻസംഘടനകളും രാഷ്ട്രീയ പാർട്ടികളുംനടത്തിയ സമരത്തെത്തുടർന്ന് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കുകയുണ്ടായി. ഇത് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന നിരന്തരമായ ആവശ്യത്തെത്തുടർന്ന് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പുനരുദ്ധാരണത്തിന് 4-3-2016-ലെ ജി.ഒ.65/2014 നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക്

ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ആദ്യ ഗഡുവായി 2 കോടി രൂപ അനുവദിച്ച് നൽകുകയും ഈ ഫണ്ടുപയോഗിച്ച് കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയുമുണ്ടായി. മാമത്ത് അഗ്രിമാൾ സ്ഥാപിക്കുന്നതിനുള്ള 10 കോടി രൂപയുടെ പ്രോജക്ട് നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാലും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 50 ശതമാനം സബ്സിഡി മാത്രമേ ലഭിക്കുകയുള്ളുവെന്നതിനാലും ബാക്കി തുക കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്ക് മുൻസർക്കാർ അനുമതി നൽകിയിരുന്നില്ല. വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റിന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ലഭിക്കാത്തതിനാൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്താൻ സാധിച്ചിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനായി ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ടെൻഡർ നടപടികളിലും നടത്തിപ്പിലുമുള്ള പരാതികളും ആക്ഷേപങ്ങളും സംബന്ധിച്ചും പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലും ഒരു സമഗ്ര അന്വേഷണം നടത്താനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതിയെത്തുടർന്ന് ഞാൻ തന്നെ നേരിട്ട് ഈ സ്ഥാപനം സന്ദർശിക്കുകയുണ്ടായി. വളരെ വർഷങ്ങളായി അടഞ്ഞു കിടക്കുന്ന സ്ഥാപനമാണ്. വെർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദനം ആരംഭിച്ച് ഉദ്ഘാടനം നടത്തിയെന്നല്ലാതെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്നതിനെ സംബന്ധിച്ചും പഠിക്കുന്നതിനായി ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

9. പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കൽ

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള മുഖ്യ അലോട്ട്മെന്റുകൾ പൂർത്തിയാക്കി ജൂൺ 30-ന് ക്ലാസ് ആരംഭിച്ചിരിക്കുകയാണ്. സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷാ തീയതി

ഇന്ന് അവസാനിക്കുകയാണ്. ഇന്നത്തെ സപ്ലിമെന്ററി അലോട്ട്മെന്റ് കഴിഞ്ഞാലും പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാതെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നത പഠന പ്രവേശന കവാടത്തിന് പുറത്തിരിക്കേണ്ട സ്ഥിതിയാണുള്ളത്. ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായത് 4,57,654 വിദ്യാർത്ഥികളാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സേ പരീക്ഷാ വിജയികളുൾപ്പടെ സംസ്ഥാനത്ത് മൊത്തം പ്ലസ് വൺ-ന് അപേക്ഷിച്ചിട്ടുള്ളത് 5,01,171 പേരാണ്. ആകെയുള്ള പ്ലസ് വൺ സീറ്റ് 3,56,730 ആണ്. വി.എച്ച്.എസ്.ഇ.-കളിൽ ഒഴിവുള്ള സീറ്റ് 27,000-ഉം പോളിടെക്നിക്കുകളിൽ 14,500-ഉം ഐ.റ്റി.ഐ.-കളിൽ 1800-ഉം ആണ്. ഇങ്ങനെ പരമാവധി 4 ലക്ഷം വിദ്യാർത്ഥികൾക്കാണ് തുടർപഠനത്തിന് അഡ്മിഷൻ ലഭിക്കാൻ പോകുന്നത്. ഒരുലക്ഷത്തോളം വിദ്യാർത്ഥികൾ തുടർപഠനത്തിന് സൗകര്യം ലഭിക്കാതെ പുറത്തു നിൽക്കേണ്ടിവരുമെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകാണുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഓരോ വർഷവും എസ്.എസ്.എൽ.സി. വിജയിച്ചവരുടെ എണ്ണവും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരികയാണ്. പതിവുപോലെ ഈ പ്രാവശ്യവും മലപ്പുറം ജില്ലയിലാണ് ഈ വ്യത്യാസം പ്രകടമായി കാണാൻ സാധിക്കുന്നത്. ഇവിടെ 79,506 പേരാണ് ഈ വർഷം പ്ലസ് വൺ-ന് അപേക്ഷിച്ചത്. 39,904 പേർക്കാണ് ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളത്. 39,602 പേർ പുറത്തുനിൽക്കേണ്ട അവസ്ഥയാണ്. ഇനി നടക്കാനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിൽ വരാൻ പോകുന്നത് 4889 സീറ്റുകൾ മാത്രമാണ്. ഇതുകഴിഞ്ഞാൽപോലും മുപ്പത്തി അയ്യായിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് അവസരം ലഭിക്കാത്ത സ്ഥിതിയാണിവിടെയുണ്ടാകാൻ പോകുന്നത്. വിജയ ശതമാനത്തിലുണ്ടാകുന്ന ഉയർച്ചയ്ക്കനുസരിച്ച് തുടർപഠന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഹയർ സെക്കണ്ടറി ഡയറക്ടറുടെയും ആർ.ഡി.ഡി.-മാരുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസ ആവശ്യകതയും സൗകര്യവും പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ മുൻ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ.

മി. ചെയർമാൻ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ വിദ്യാഭ്യാസ രംഗത്ത് വലിയ പരിഷ്കാരം നടപ്പാക്കുമ്പോൾ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് തുടർ പഠനത്തിനവസരം ലഭിക്കാത്ത സ്ഥിതിയാണ്. വളരെ ഗൗരവമുള്ള വിഷയമാണ്. ഒരു മിനിട്ട് അനുവദിക്കണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.. ബഹുമാനപ്പെട്ട അംഗം എല്ലാ കാര്യങ്ങളും പ്രതിപാദിച്ചുകഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ കമ്മിറ്റിയുടെ ശിപാർശയ്ക്കനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നതപഠന പ്രവേശന കവാടത്തിന് പുറത്തിരിക്കേണ്ട സ്ഥിതി വരും. മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.-മാരും അതുപോലെ വിവിധ വിദ്യാഭ്യാസ ഏജൻസികളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ...

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. ഉബൈദുള്ള : സർ, എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ കൂടുതൽ പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിന് ശ്രമിച്ചിരുന്നു. മലബാറിൽ പ്രത്യേകിച്ചും പുതിയ ഹയർ സെക്കണ്ടറി ബാച്ചുകളും.... (മൈക്ക് ഓഫ്)....

മി. ചെയർമാൻ: യെസ്.. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.. പ്ലീസ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മലപ്പുറം ജില്ലയിലെ ആകെ 246 സ്കൂളുകളിൽ 51,736 സീറ്റുകൾ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് ലഭ്യമായിരുന്നതിന്റെ കൂടെ ഈ വർഷം എല്ലാ എയ്ഡഡ് സർക്കാർ സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധന സർക്കാർ അനുവദിച്ചതോടെ മലപ്പുറം ജില്ലയിൽ ആകെ 59,926 പ്ലസ് വൺ സീറ്റുകൾ ലഭ്യമായിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ ഈ വർഷത്തെ മുഖ്യ രണ്ട് അലോട്ട്മെന്റിലൂടെ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ ആകെയുള്ള 39,397 മെറിറ്റ് സീറ്റുകളിൽ 34,845 പേർക്ക് 7-7-2016 വരെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു. മാനേജ്മെന്റ് സീറ്റുകളിൽപ്രവേശനം നേടിയവരുടെ കണക്ക് എടുത്തു വരുന്നതേയുള്ളൂ. മുകളിൽ സൂചിപ്പിച്ച 59,926 ഹയർസെക്കണ്ടറി സീറ്റുകൾക്കുപുറമേ

വി.എച്ച്.എസ്.സി., ഐ.റ്റി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിലെ സീറ്റുകൾ ഉൾപ്പെടെ 68,615 സീറ്റുകൾ ഈ വർഷം പത്താംതരം പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി മലപ്പുറം ജില്ലയിൽ ലഭ്യമാണ്. കഴിഞ്ഞ അദ്ധ്യയന വർഷം അതായത് 2015-16-ൽ ഹയർ സെക്കണ്ടറി/പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ മലപ്പുറംജില്ലയിൽ 3,888 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും ഇനിയുള്ള അലോട്ട്മെന്റിലൂടെ പ്രവേശന നടപടികൾ പൂർത്തിയായ ശേഷം വസ്തുത വിലയിരുത്തി പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

10. എം. രാജേഷിന്റെ കുടുംബത്തിന് സഹായം

ശ്രീ. രാജു എബ്രഹാം: സർ, വനം വകുപ്പിനുവേണ്ടി പാമ്പ് പിടുത്ത ജോലിയിലേർപ്പെട്ടിരുന്ന എം. രാജേഷ് 26-6-2016-ൽ കോട്ടയം മെഡിക്കൽ കോളേജിൽവച്ച് മരണപ്പെടുകയുണ്ടായി. മധ്യ തിരുവിതാംകൂറിൽ വനംവകുപ്പിനു വേണ്ടിയും നാട്ടുകാർക്കുവേണ്ടിയും പാമ്പിനെ പിടിക്കുന്ന ഏക വ്യക്തിയാണ് രാജേഷ്. അതിദാരുണമായ ഒരു സംഭവമാണ്. ആ കുടുംബം പട്ടിണിയിലാണ്. അവിടത്തെ ഫോറസ്റ്റ് ഡെപ്യൂട്ടി റെയ്ഞ്ചറുടെ അഭ്യർത്ഥനയനുസരിച്ചാണ് രാജേഷ് പാമ്പുപിടിത്തത്തിന് ഇത്തവണ എത്തിയത്. അതുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് വനം വകുപ്പ് 3 ലക്ഷം രൂപയും ഗവൺമെന്റ് 10 ലക്ഷം രൂപയും ധനസഹായമായി നൽകണമെന്നും അയാളുടെ ഭാര്യയ്ക്ക് വനം വകുപ്പിൽ ജോലി നൽകണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിൽപ്പെട്ട ആളുകളെ സംരക്ഷിച്ചെങ്കിൽ മാത്രമേ ഇത്തരം അപകടകരമായ ജോലിയിലേക്ക് ആളുകൾ വരികയുള്ളൂ. ഇപ്പോൾ വാവാ സുരേഷ് മാത്രമാണ് ഈ രംഗത്തുള്ളത്. മറ്റാളുകളെ പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ ഇത്തരം ആളുകൾക്ക് സംരക്ഷണം കൊടുക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, രാജേഷ് എന്ന ആൾ കഴിഞ്ഞ എട്ട് വർഷത്തോളമായി ജനവാസ മേഖലയിൽനിന്നും വിഷപ്പാമ്പുകളെ പിടിച്ച് വനത്തിലേയ്ക്ക് വിടുന്ന പ്രവർത്തനങ്ങളിൽ വനം വകുപ്പിനെ സഹായിച്ചുവരുന്ന വ്യക്തിയായിരുന്നു. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വനപ്രദേശത്തിന് പുറത്ത് പാമ്പ് കടിയേറ്റ് മരിക്കുന്ന വ്യക്തിക്ക് ഒരു ലക്ഷം രൂപ

ധനസഹായം നൽകാനാണ് കഴിയുക. വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് സർക്കാരിൽനിന്ന് നൽകുന്ന അർഹമായ ധനസഹായം ലഭിക്കുന്നതിനുവേണ്ടി രാജേഷിന്റെ ഭാര്യ ശ്രീമതി രേഖാ രാജേഷ് 1-7-2016-ന് അപേക്ഷ സമർപ്പിക്കുകയും ആയതിൽ 4-7-2016-ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുകയായ ഒരു ലക്ഷം രൂപ നൽകുന്നതിനുള്ള ഉത്തരവ് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുള്ളതുമാണ്. പാമ്പുകളെ ജനവാസ മേഖലയിൽനിന്നും പിടികൂടി തിരികെ അതിന്റെ ആവാസ വ്യവസ്ഥയിൽ എത്തിക്കുന്ന നടപടിയിൽ വൈദഗ്ധ്യമുള്ള രാജേഷിന്റെ സേവനം നിരവധി സന്ദർഭങ്ങളിൽ വനം വകുപ്പ് പ്രയോജന പ്പെടുത്തിയിട്ടുള്ളതാണ്. വനംവകുപ്പിനും നാട്ടുകാർക്കും അതിന്റെ പ്രയോജന മുണ്ടായിട്ടുള്ളതാണ്. ഈ ജോലി ചെയ്യുന്ന സമയത്ത് പാമ്പുകടിയേറ്റാണ് അദ്ദേഹം മരിച്ചത്. ഈ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് വനത്തിനുള്ളിൽവച്ച് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന ആൾക്കാരുടെ ആശ്രിതർക്ക് നൽകാവുന്ന നഷ്ടപരിഹാരത്തുകയായ അഞ്ചു ലക്ഷംരൂപ ഇദ്ദേഹത്തിന്റെ ആശ്രിതർക്ക് നൽകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഞാൻ ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി രേഖാ രാജേഷിന് വനം വകുപ്പിന്റെ കോട്ടയം ഡിവിഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജോലി നൽകി സഹായിക്കാനും തീരുമാനിച്ചിട്ടുണ്ട്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. സ.ഉ.(എംഎസ്.) നമ്പർ 6/2015/നോർക്ക തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 821/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ.(എംഎസ്.) നമ്പർ 05/2015/നോർക്ക തീയതി 27-11-2015 (എസ്.ആർ.ഒ. നമ്പർ 836/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ.(പി) നമ്പർ 145/2016/ഹോം തീയതി 4-5-2016 (എസ്.ആർ.ഒ. നമ്പർ 373/2016)

4. ജി.ഒ.(എം.എസ്) നമ്പർ 178/2016/ഹോം. തീയതി 10-6-2016 (എസ്.ആർ.ഒ.നമ്പർ 420/2016)

II. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 10/2016/എഫ് & പിഡി. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 417/2016)

III. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 47/2016/കോ-ഓപ്. തീയതി 21-5-2016 (എസ്.ആർ.ഒ. നമ്പർ 402/2016)

2. ജി.ഒ.(പി) നമ്പർ 51/2016/കോ-ഓപ്. തീയതി 4-6-2016 (എസ്.ആർ.ഒ. നമ്പർ 414/2016)

3. ജി.ഒ.(പി) നമ്പർ 53/2016/കോ-ഓപ്. തീയതി 7-6-2016 (എസ്.ആർ.ഒ. നമ്പർ 421/2016)

4. ജി.ഒ. (പി) നമ്പർ 55/2016/കോ-ഓപ്. തീയതി 13-6-2016 (എസ്.ആർ.ഒ. നമ്പർ 427/2016)

5. ജി.ഒ. (പി) നമ്പർ 49/2016/കോ-ഓപ്. തീയതി 4-6-2016 (എസ്.ആർ.ഒ. നമ്പർ 430/2016)

IV. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 25/2016/എൽ.ബി.ആർ. തീയതി 2-2-2016 (എസ്.ആർ.ഒ. നമ്പർ 118/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. സ.ഉ. (പി) നമ്പർ 33/2016/തൊഴിൽ തീയതി 9-2-2016 (എസ്.ആർ.ഒ. നമ്പർ 152/2016,153/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. ജി.ഒ. (പി) നമ്പർ 61/2016/റ്റി.ഡി. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 398/2016)

4. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13, 2013-14 എന്നീ വർഷങ്ങളിലെ ആഡിറ്റ്/ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

5. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ 2014-15 വർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

6. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

V. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം.

VI പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. സ.ഉ. (അച്ചടി) നമ്പർ 4/2016/സാം.കാ.വ. തീയതി 30-5-2016 (എസ്.ആർ.ഒ. നമ്പർ 418/2016)

2. ജി.ഒ.(ആർ റ്റി) നമ്പർ 783/2016/നിയമം തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 434/2016)

3. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

VII. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം.

VIII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10 -ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം.

IX. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി)നമ്പർ 40/2016/ടാൻ. തീയതി 31-5-2016 (എസ്.ആർ.ഒ. നമ്പർ 415/2016)

X. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(പി) നമ്പർ 64/2016/റ്റി.ഡി. തീയതി 14-6-2016 (എസ്.ആർ.ഒ.നമ്പർ 433/2016)
2. 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട്.
3. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയെക്കുറിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്

2. ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് 2 പ്രകാരം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2773, 2776 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരളനിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1105, 1114, 1124,

1125, 2469, 2472, 2476, 2493, 2505, 2518, 2524, 2526, 2533, 2534, 3733, 3738, 3768, 3769, 3774, 3810, 3812, 3824, 3834, 3836, 5070, 5140 , പതിനഞ്ചാം സമ്മേളനത്തിലെ 1106, 1108, 1121, 2830, 2836, T2840, 2842, 2843, 2846, 2847, 2849, 2856, 2858, 2863, 2892, 2909, 2926, 2942, 2959, 2963, 2966, 2967, 2969, 2971, 2972, 2973, 2974, 2975, 2977, 2979, പതിനാറാം സമ്മേളനത്തിലെ T1053, 1083, 1084, 1124, 1136, 2600, 2605, 2611, 2623, 2627, 2628, 2631, 2641, 2647, 2651, 2652, 2671 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ക്രമപ്രശ്നം

(1) ചോദ്യോത്തരത്തിലെയും ധവളപത്രത്തിലെയും പരാമർശത്തിലെ വൈരുദ്ധ്യം

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രധാനപ്പെട്ട വാദം പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് കുറയ്ക്കാൻ കഴിയുന്നത് സാലറി, ഇന്ററസ്റ്റ്, പെൻഷൻ (എസ്.ഐ.പി.) എന്നിവ മാത്രമാണെന്നാണ്. ഈ മൂന്നുകാര്യങ്ങളും കുറച്ചാൽ ബാക്കിയുണ്ടാകുന്ന പദ്ധതിയേതര റവന്യൂ ചെലവ് എന്നുപറയുന്നത് ധൂർത്താണ് എന്നൊരു നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ഇവിടെ 32-ാമത്തെ ചോദ്യത്തിൽ ശ്രീ. രാജു എബ്രഹാമിന്റെ ചോദ്യത്തിന് അദ്ദേഹം കൊടുത്ത മറുപടിയിൽ പറയുന്നത് "കഴിഞ്ഞ സർക്കാരിന്റെ കാലത്തിനുമുമ്പ് പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് നമുക്ക് ഒരു കാരണവശാലും കുറയ്ക്കാൻ കഴിയാത്ത ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ കിട്ടുന്ന തുക 25 ശതമാനത്തോളം വരുമായിരുന്നു. അത് 30

ഇപ്പോൾ വർദ്ധിച്ചു. അതാണ് ധൂർത്തിന്റെ സൂചിക എന്ന് പറയുന്നത്" എന്നാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 25 ശതമാനം മാത്രമുണ്ടായിരുന്ന എസ്.ഐ.പി. കഴിച്ചുള്ള നോൺ ടാക്സ് റവന്യൂ എക്സ്പെൻഡിച്ചർ 30 ശതമാനമായി വർദ്ധിച്ചുവെന്നാണ് അദ്ദേഹം ചോദ്യോത്തര വേളയിൽ പറഞ്ഞത്. പക്ഷേ അദ്ദേഹം അതിനുശേഷം ഇറക്കിയ വൈറ്റ് പേപ്പറിന്റെ ടേബിൾ രണ്ടിൽ പറയുന്നത് 2011-ൽ അതായത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം ഉണ്ടായിരുന്നത് 27.37 ശതമാനമാണ് എന്നാണ്. 2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് 29.37 ശതമാനമായി. അതായത് രണ്ട് ശതമാനത്തിന്റെ മാത്രം വർദ്ധനവാണ് എൽ.ഡി.എഫ്.-ന്റെ കാലത്തുനിന്നും യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരിക്കുന്നത്. അഞ്ച് ശതമാനം വർദ്ധനവ് എന്നാണ് ചോദ്യോത്തരവേളയിൽ പറഞ്ഞിരിക്കുന്നത്. ഈ രണ്ട് ശതമാനവും അഞ്ച് ശതമാനവും തമ്മിലുള്ള വർദ്ധനവെന്നുപറയുന്നത് ആയിരക്കണക്കിന് കോടി രൂപയാണ്. ഇങ്ങനെ രണ്ട് രീതിയിൽ നിയമസഭയിൽ പറയാമോ? നിയമസഭയിൽ വച്ച വൈറ്റ് പേപ്പറിൽ പറയുന്നത് ഒരു തുകയും അതിന്റെ കണക്കുമാണ്, എന്നാൽ ചോദ്യോത്തര വേളയിൽ മറ്റൊരു ഉത്തരമാണ് പറയുന്നത്. അദ്ദേഹം വളരെ കൗശലത്തോടുകൂടിയാണ് ഈ കണക്ക് പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഏറ്റവും കുറഞ്ഞ ശതമാനമായ 25.54 ശതമാനം അദ്ദേഹം എടുത്തു. എന്നിട്ട് യു.ഡി.എഫ്.-ന്റെ അഞ്ചുവർഷക്കാലത്തെ ഏറ്റവും കൂടിയ തുക അദ്ദേഹം എടുത്തു. ഇങ്ങനെ കൗശലം കാണിച്ച് കണക്ക് പറയുന്നത് ശരിയായ രീതിയാണോ; അത് ഓർഡറിലാണോ ?

(2) ഗവർണറുടെ മുൻകൂർ അനുമതി വാങ്ങുന്നതു സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, ആർട്ടിക്കിൾ 202 അനുസരിച്ച് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഗവൺമെന്റ് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കും. ആർട്ടിക്കൾ 203(3) അനുസരിച്ച് സഞ്ചിതനിധിയിൽപ്പെടാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ഗവർണറുടെ ശിപാർശ ഉണ്ടെങ്കിൽ മാത്രമേ ഡിമാന്റ് ഫോർ ഗ്രാന്റ്സ് നമുക്ക് ചർച്ചയ്ക്കെടുക്കാൻ കഴിയൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 45 ഖണ്ഡികകളിലായി ഓരോ ചെലവുകൾക്കുമായി 26,665 കോടി രൂപ അനുവദിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷെ ഇതിനൊന്നും ഗവർണ്ണറുടെ ശിപാർശ വാങ്ങിയിട്ടില്ല. സഞ്ചിത നിധിയിൽനിന്നല്ല, വേറെ നിലയിലൊക്കെ സമാഹരിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾ മാത്രമേ നമുക്ക് നിയമസഭയിൽ ബഡ്ജറ്റിന്റെ ഭാഗമാക്കി

ചർച്ച ചെയ്യാൻ കഴിയൂ. സഞ്ചിതനിധിയിൽ നിന്നല്ലാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ഒന്ന്, ഗവർണറുടെ ശിപാർശ വേണം. ഗവർണറുടെ ശിപാർശയില്ലാതെ ചർച്ച ചെയ്യാൻ പാടില്ല. രണ്ട്, സഞ്ചിതനിധിയിൽപ്പെടാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ചയുടെ ആവശ്യമില്ല, ചർച്ച ചെയ്യാൻ പാടില്ല. 26,665 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് ചെലവ് ചെയ്യുമെന്നാണ് പറയുന്നത്. എവിടെ മാന്ദ്യവിരുദ്ധ പാക്കേജ്? അതൊന്നും ഇവിടെ ചർച്ച ചെയ്യാൻ കഴിയില്ല. സഞ്ചിതനിധിയിൽനിന്നുള്ള ചെലവല്ല. അതുകൊണ്ട് അങ്ങനെയുള്ള ചർച്ച ഒഴിവാക്കണം. അത് ഭരണഘടനാ വിരുദ്ധമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ആർട്ടിക്കൾ 203(3) പ്രകാരം 23-6-2016-ന് ഗവർണ്ണറിൽനിന്ന് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനുള്ള മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകൾ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട രണ്ടാമത്തെ പ്രശ്നം പ്രസംഗത്തിൽ പറഞ്ഞ എല്ലാറ്റിനും ഇത്തരത്തിൽ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല എന്നതാണ്. പ്രസംഗത്തിൽ പറയുന്നതിനെല്ലാം മുൻകൂർ അനുവാദം വാങ്ങണമെങ്കിൽ പിന്നെ ബഡ്ജറ്റ് പ്രസംഗം സാധ്യമല്ല. അതെന്താണ് ചെയ്യേണ്ടതെന്ന് നമുക്കറിയാമല്ലോ. എസ്.ഡി.ജി.-യിൽവച്ച് അത് അവതരിപ്പിക്കുമ്പോൾ നിശ്ചയമായും ഗവർണറുടെ അനുവാദം വേണ്ടിവരും. ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത് പലതും സഞ്ചിതനിധിയിൽ നിന്നല്ല എന്നതാണ് ഇവിടെ ഉന്നയിച്ചിരിക്കുന്ന മൂന്നാമത്തെ പ്രശ്നം. അതൊരു പുതിയ കാര്യമല്ല. സഞ്ചിതനിധിയിൽ നിന്നാണെങ്കിൽ ഇത്ര കോടി വകയിരുത്തുന്നുവെന്ന് അവിടെത്തന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതിനെല്ലാം പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് നീക്കിവയ്ക്കുന്ന എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഒരു കൺഫ്യൂഷൻ ആർക്കും വേണ്ട, സഞ്ചിതനിധിയിൽനിന്നല്ല. സഞ്ചിതനിധിയിൽ നിന്നല്ലെങ്കിൽ ചർച്ച ചെയ്യാൻ കഴിയില്ലേ; നമ്മൾ എന്തൊക്കെ ഇവിടെ ചർച്ച ചെയ്യുന്നു. സഞ്ചിതനിധിയിൽ നിന്നുള്ള കണക്കുമാത്രമാണോ ചർച്ച ചെയ്യുന്നത്. എസ്.പി.വി. വഴി പണം ചെലവഴിക്കുന്നത് ആദ്യമായിട്ടല്ല. ആ എസ്.പി.വി.- കൾ വഴി എങ്ങനെ പണം ചെലവാക്കുന്നു എന്നത് നമ്മൾ എത്രയോവട്ടം നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കെ. എം. മാണി പറഞ്ഞ ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല.

രണ്ടാമത്തേത്, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച പ്രശ്നത്തിൽ അദ്ദേഹം പറഞ്ഞ രണ്ടു കാര്യങ്ങളും ഞാൻ പറഞ്ഞതും ശരി തന്നെയാണ്. എന്നാൽ ഇതിൽ കൃത്യമായ വർഷം പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത് 29.37 ആണെന്നാണ്. തൊട്ടുമുമ്പുള്ള വർഷങ്ങളിലെല്ലാം 30.87-ഉം 32.07-ഉം ആണ്. ഞാൻ അതാണ് എടുത്തത്. അതുകൊണ്ട് സാങ്കേതികമായി ഈ രണ്ടു കാരണങ്ങൾ തമ്മിൽ ഒരു പൊരുത്തക്കേടുമില്ല. എന്നാൽ ശ്രീ. വി. ഡി. സതീശൻ ആവശ്യപ്പെട്തുപോലെ ശരാശരിയാണ് എടുക്കേണ്ടതെങ്കിൽ എൽ.ഡി.എഫ്-ന്റെ കാലത്ത് ഏതാണ്ട് 27 ശതമാനമായിരുന്നത് യു.ഡി.എഫ്.-ന്റെ കാലത്തെ ശരാശരി ഏതാണ്ട് 30 ശതമാനത്തിനു തൊട്ടുതാഴെയാണ്. സാങ്കേതികമായി ഒരു വൈരുദ്ധ്യവും ഈ കണക്കുകൾ തമ്മിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

2016-17 സാമ്പത്തികവർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെ പൊതുചർച്ചയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങേയ്ക്ക് ചർച്ച തുടങ്ങാവുന്നതാണ്.

11.00 AM]

IX ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. അഴിമതി വിരുദ്ധ-മതനിരപേക്ഷ ഭരണം കാഴ്ചവയ്ക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ എൽ.ഡി.എഫ് ഗവൺമെന്റ് ഉറപ്പുനൽകിയിരുന്നു. സാമൂഹ്യ സുരക്ഷയും സമഗ്രവികസനവും എന്ന മുദ്രാവാക്യം അന്ന് നമ്മൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയുണ്ടായി. "എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും" എന്ന് ജനങ്ങൾ പ്രതീക്ഷിച്ചതും അതുകൊണ്ടാണ്. തെരഞ്ഞെടുപ്പ് ഫലത്തിൽ അതാണ് പ്രതിഫലിച്ചത്. ജനങ്ങളുടെ പ്രതീക്ഷ സാക്ഷാത്കരിക്കാനുതകുന്ന തീരുമാനങ്ങളാണ് ബഡ്ജറ്റിലൂടനീളം പ്രതിഫലിച്ചിരിക്കുന്നത്. ഇത് വളരെയേറെ സന്തോഷമുളവാക്കുന്ന കാര്യമാണ്. നരേന്ദ്ര

മോദി സർക്കാർ പഞ്ചവത്സര പദ്ധതി ഉപേക്ഷിച്ച് കോർപ്പറേറ്റ് കമ്പനികളെ വളർത്താനുള്ള നയപരിപാടികളുമായി മുന്നോട്ടുപോകുമ്പോൾ ഒരു പഞ്ചവത്സര പദ്ധതിയുടെ രൂപരേഖയും ദിശാസൂചികയുമായി സംസ്ഥാന ബഡ്ജറ്റ് മാറുകയാണ്. ഭരണത്തിലിരിക്കുന്ന 5 വർഷക്കാലയളവ് മുന്നിൽ കണ്ടുകൊണ്ടു തന്നെയാണ് ബഡ്ജറ്റിന് രൂപം നൽകിയിരിക്കുന്നത്. ഈ 5 വർഷം കൊണ്ട് സാമ്പത്തിക വളർച്ച ത്വരിതപ്പെടണമെങ്കിൽ വൻതോതിലുള്ള നിക്ഷേപം അനിവാര്യമാണ്. നികുതി പിരിവ് 25% വർദ്ധിപ്പിച്ചാലും, പുതിയ തസ്തികകൾ ഒഴിവാക്കി ചെലവുകൾ എത്ര ചുരുക്കിയാലും വികസിത ക്ഷേമ കേരളമെന്ന ലക്ഷ്യം നേടാനാവില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി വിപുലമായ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഡ്ജറ്റിൽ ഏറ്റവും വലിയ പ്രതീക്ഷ നൽകുന്ന നിർദ്ദേശവും ഇതുതന്നെയാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് 12000 കോടി രൂപയും ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ 8000 കോടി രൂപയും സർക്കാർ ഗ്യാരന്റി നൽകി ലഭ്യമാക്കുകയാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് ഇതിനായി രൂപീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വൻതോതിലുള്ള വികസനമാണ് പുരോഗതിയിലേയ്ക്കുള്ള പാത സുഗമമാക്കുന്നത്. ആ നിലയ്ക്ക് മാന്ദ്യവിരുദ്ധ പാക്കേജ് നേരായ വിധത്തിൽ പ്രയോജനപ്പെടുത്താനായാൽ സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റാനാകുമെന്ന കാര്യത്തിൽ സംശയമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം)

സംസ്ഥാനത്തിന്റെ ആശങ്കാജനകമായ സാമ്പത്തിക സ്ഥിതി വിശദമാക്കിക്കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചു തുടങ്ങിയത്. ആഗോളവത്കരണ നയങ്ങൾമൂലം കാർഷിക-വ്യാവസായിക മേഖലകൾ നേരിടുന്ന സമ്മർദ്ദങ്ങൾ വളരെ വലുതാണ്. അതോടൊപ്പം ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ കൂടിയാകുമ്പോൾ സാമ്പത്തിക രംഗത്തെ പ്രതിസന്ധി അതി രൂക്ഷമാകുകയാണ്. ഈ പശ്ചാത്തലത്തിലാണ് കഴിഞ്ഞ മൂന്ന് വർഷക്കാലം നികുതി പിരിവ് ലക്ഷ്യത്തിലുണ്ടായ ഭീമമായ കുറവ് സൃഷ്ടിച്ച പ്രതിസന്ധിയെ നോക്കിക്കാണേണ്ടത്. കഴിഞ്ഞ മൂന്നുവർഷക്കാലം ലക്ഷ്യമിട്ടതിൽ നിന്ന് 23,900 കോടി രൂപയുടെ കുറവാണ് നികുതി പിരിവിനത്തിലുണ്ടായിട്ടുള്ളത്. നികുതി പിരിവ് കുറഞ്ഞതല്ല; കുറച്ചതാണെന്നും ധനകാര്യ കെടുകാര്യസ്ഥതയും അഴിമതിയുമായിരുന്നു ഇതിന്റെ പിന്നിലെന്നുള്ള ആക്ഷേപവും സാർവ്വത്രികമായി ഉയർന്നുവന്നിരുന്നു. ഈ സ്ഥിതിവിശേഷം കണക്കിലെടുക്കാതെയും നേരിടാതെയും ഒരു വികസനക്ഷേമ ബഡ്ജറ്റിന് രൂപം നൽകാനാവില്ല. ഈ യാഥാർത്ഥ്യത്തെ നേരിട്ടുകൊണ്ട് എങ്ങനെ കേരളത്തെ സംരക്ഷിച്ച് വികസനോന്മുഖമാക്കാമെന്ന അന്വേഷണമാണ് വളരെ വിജയകരമായി ബഡ്ജറ്റിൽ നിർവ്വഹിച്ചിരിക്കുന്നത്.

വളരെ സംശയത്തോടെ മാന്ദ്യ വിരുദ്ധ പാക്കേജിനെ നോക്കി കാണുന്നവരുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്ന് കേരളത്തെ വികസിപ്പിക്കണമെന്നായിരിക്കും അവർക്ക് പറയാനുള്ളത്. അത് സാദ്ധ്യമല്ലെന്ന് വാർഷിക വരുമാനവും ചെലവും പരിശോധിക്കുന്നവർക്ക് മനസ്സിലാകും. പദ്ധതിയേതര ചെലവുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കുകയെന്നത് ഒരിക്കലും വികസിത ക്ഷേമകേരളമെന്ന ലക്ഷ്യത്തിന് അനുയോജ്യമല്ല. ഇത്രയും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കഴിഞ്ഞ സർക്കാരിന്റെ അവസാന നാളുകളിൽ ചെയ്ത നടപടികൾ കേരളത്തിലെ ജനങ്ങൾക്ക് വൻ ബാദ്ധ്യതയാണ് വരുത്തിവച്ചത്. പണച്ചാക്കുകളേയും വോട്ടുബാങ്കുകളേയും സ്ഥാപിത താൽപ്പര്യക്കാരേയും മാത്രം ലക്ഷ്യംവെച്ചുകൊണ്ടാണ് അവയൊക്കെ ചെയ്തത്. ജാതി-മതശക്തികളെ പ്രീണിപ്പിക്കാനായി സ്കൂളുകളും കോളേജുകളും അനുവദിക്കുകയും പൊതുവക ഭൂമി പഴയ നാടുവാഴികളെപ്പോലെ ആശ്രിതവത്സലന്മാർക്കും സ്തുതിപാഠകർക്കും ബിനാമികൾക്കും എഴുതിക്കൊടുത്തതും സമീപകാല ചരിത്രമാണ്.

കേരള വികസനത്തിന്റെ അടിത്തറയായ ഭൂപരിഷ്കരണനിയമത്തെ അട്ടിമറിച്ചില്ലാതാക്കാൻ കഠിനാദ്ധ്വാനം നടത്തിയ ഒരു സർക്കാരിനെയാണ് കഴിഞ്ഞ 5 വർഷം കേരളം കണ്ടത്. ലാഭമോഹികളായ റിസോർട്ട് ഉടമകൾ, വിദ്യാഭ്യാസക്കച്ചവടക്കാർ, സ്വകാര്യ ആശുപത്രിയുടമകൾ തുടങ്ങി എല്ലാ ഭൂമാഫിയകൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയുയർത്താൻ മൻ സർക്കാർ നിരന്തരം ശ്രമിച്ചുകൊണ്ടേയിരുന്നു. തോട്ടം മേഖലയിൽ പരിസ്ഥിതി ആഘാതം പോലും നോക്കാതെ ഭൂമി പാട്ടക്കാർ ആഗ്രഹിക്കുന്ന എന്താവശ്യങ്ങൾക്കും ഉപയോഗിക്കാൻ അനുമതി നൽകി. ധാരാളം ഭൂമി, കോടതിക്കേസുകളിൽ തോറ്റുകൊടുത്ത് അന്യാധീനമാക്കി. ഇങ്ങനെ ലക്ഷക്കണക്കിന് ഏക്കർ ഭൂമി അന്യാധീനപ്പെടുമ്പോൾ വീട് വയ്ക്കാൻ ഒരു തുണ്ട് ഭൂമിയില്ലാത്തവർക്കും കർഷകർക്കും വ്യാജപട്ടയം നൽകി സർക്കാർ നാടകം കളിച്ചു. സർവ്വരാലും അംഗീകരിക്കപ്പെട്ട നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അന്തസത്ത തകർക്കും വിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തുക മാത്രമല്ല, 2008 വരെ നടത്തിയ നെൽവയൽ നികത്തലുകൾക്ക് അംഗീകാരം നൽകാനും കരഭൂമിയായി പ്രഖ്യാപിക്കാനും തീരുമാനിച്ചു.

കാർഷിക മേഖലയിലാകട്ടെ, കൃഷി വ്യാപിപ്പിക്കാനും കർഷകരെ സഹായിക്കാനും ലക്ഷ്യംവച്ച് എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഒന്നൊന്നായി ഇല്ലാതാകുന്നതാണ് കഴിഞ്ഞ 5 വർഷം നമുക്ക് കാണാനായത്. കർഷകർക്കുണ്ടായിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും നാമമാത്രമായി

ചുരുക്കുകയും ചെയ്തു. നെല്ല്, റബ്ബർ, നാളികേരം, ഏലം തുടങ്ങിയ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങി നിർത്തുന്ന കാർഷികോല്പന്നങ്ങൾക്ക് റെക്കോർഡ് വിലത്തകർച്ച നേരിട്ടു. മതിയായ രീതിയിൽ ഈ ഉല്പന്നങ്ങൾ സംഭരിക്കാൻ മുൻസർക്കാർ തയ്യാറായില്ലെന്നു മാത്രമല്ല നാമമാത്രമായി സംഭരിച്ചപ്പോൾ അതിന്റെ വില നൽകാതിരിക്കുകയും ചെയ്തു. തുടർന്ന് കർഷക ആത്മഹത്യകൾ വീണ്ടും തലപൊക്കി. പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്നതിനുപകരം ആത്മഹത്യകൾക്ക് മറ്റു കാരണങ്ങൾ കണ്ടെത്താൻ ഗവേഷണം നടത്താനായിരുന്നു മുൻ സർക്കാർ ശ്രമിച്ചിരുന്നത്.

2011-ൽ 3513 കോടി രൂപ ട്രഷറിയിൽ നീക്കിവച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ പടിയിറങ്ങിയത്. എന്നാൽ യു.ഡി.എഫ്. സർക്കാർ 173 കോടി രൂപയുടെ കമ്മി അവശേഷിപ്പിച്ചാണ് 2016-ൽ ഭരണം അവസാനിപ്പിച്ചത്. എന്നാൽ പറയുന്നതാകട്ടെ, 1643 കോടി രൂപയുടെ മിച്ചം അവശേഷിപ്പിച്ചു എന്നാണ്. കൊടുത്തുതീർക്കേണ്ടതായ 1817 കോടിയോളം രൂപയുടെ ബില്ലുകൾ പലതും മാറ്റിവെച്ചിട്ടാണ് ഈ കൃത്രിമ മിച്ചമുണ്ടാക്കിയെടുത്തതെന്നതാണ് യാഥാർത്ഥ്യം. ഇത് നിയമസഭയോടുള്ള വിശ്വാസവഞ്ചനയാണ്. ഇത്തരം പ്രവൃത്തികൾ ബ്രിട്ടീഷ് പാർലമെന്റിൽ ശിക്ഷ ലഭിക്കത്തക്ക തരത്തിൽ കുറ്റകരമായ ഒന്നാണ്. റവന്യൂകമ്മി രണ്ട് സർക്കാരുകളും കുറച്ചിട്ടുള്ളത് രണ്ട് വ്യത്യസ്ത വഴികളിലൂടെയാണ്. സാമൂഹ്യക്ഷേമത്തിനുള്ള ഫണ്ട് കുറവ് ചെയ്ത് ചെലവ് കുറച്ചിട്ടാണ് യു.ഡി.എഫ്. സർക്കാർ റവന്യൂകമ്മി കുറച്ചത്. എൽ.ഡി.എഫ്. സർക്കാരാകട്ടെ സാമൂഹ്യക്ഷേമ, മറ്റ് ആവശ്യ ചെലവുകളൊന്നും തന്നെ വെട്ടിക്കുറയ്ക്കാതെ നികുതി വരുമാനം വർദ്ധിപ്പിച്ചാണ് റവന്യൂകമ്മി കുറച്ചത്. പണം വകയിരുത്താതെ ഓരോ ബഡ്ജറ്റിലും 1000 കോടി രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയത് ഒരുതരം ഫിസ്കൽ അനാർക്കിയുടെ ലക്ഷണമാണ്.

ഈ ബഡ്ജറ്റിന്റെ പ്രധാന സ്വഭാവം സാമ്പത്തിക ദൃഢീകരണമാണ്. ആവശ്യമായ വരുമാനം കണ്ടെത്തി അവശ്യമേഖലകളിൽ ചെലവ് ചുരുക്കാതെ, വരുമാന-ചെലവുകളുടെ സമന്വയത്തിലൂടെ വിഭവങ്ങളുടെ ഏറ്റവും കാര്യക്ഷമമായ ഉപയോഗമാണ് ഈ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്യുന്നത്. കൃഷി, മത്സ്യബന്ധനം, പരമ്പരാഗത വ്യവസായം തുടങ്ങിയ അടിസ്ഥാന മേഖലകളെ പുനരുജ്ജീവിപ്പിക്കുകയും കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ നെല്ല്, റബ്ബർ തുടങ്ങിയവയ്ക്ക് താങ്ങുവില ഉയർത്തി കൂടുതൽ ഉത്പാദനത്തിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ സമ്പദ് വ്യവസ്ഥയ്ക്ക് പുതുജീവൻ നൽകുക എന്നതാണ് ബഡ്ജറ്റിലൂടെ

ധനകാര്യ വകുപ്പുമന്ത്രി ലക്ഷ്യമിടുന്നത്. അതോടൊപ്പംതന്നെ വിദ്യാഭ്യാസത്തെ വികസനത്തിന്റെ ഭാഗമാക്കുക വഴി മറ്റ് ഭൗതിക വിഭവങ്ങളെപ്പോലെ മനുഷ്യ വിഭവങ്ങളെയും ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടതിന്റെ ഉദാഹരണങ്ങളാണ്, എല്ലാ നിയോജക മണ്ഡലങ്ങളിലും അന്തർദ്ദേശീയ നിലവാരമുള്ള സ്കൂളുകൾ നിർമ്മിക്കുന്നതിന് 1000 കോടി രൂപ നീക്കിവച്ച് വിദ്യാഭ്യാസമേഖലയ്ക്ക് നൽകിയ പരിഗണനയിൽ നിന്നും മനസ്സിലാക്കുവാനുള്ളത്.

നികുതിവരുമാനം വർദ്ധിപ്പിച്ച് കമ്മി നികത്തുകയും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ധനം കണ്ടെത്തുകയും ചെയ്യാനാകുമെന്ന് ധനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുത്തും പുതിയ സ്രോതസ്സുകളിൽ നിന്ന് നികുതി കണ്ടെത്തിയും നികുതി വരുമാനത്തിൽ പ്രതിവർഷം 25 ശതമാനം വർദ്ധനവാണ് ധനമന്ത്രി ലക്ഷ്യമിടുന്നത്. വാണിജ്യനികുതി പിരിവ് കൂട്ടാനായി ഒൻപത് മാർഗ്ഗങ്ങൾ അദ്ദേഹം വിഭാവന ചെയ്തിട്ടുണ്ട്. ബഡ്ജറ്റിലെ എല്ലാ നിർദ്ദേശങ്ങളും വികസനോന്മുഖമായ സമീപനത്തിന് ഊന്നൽ നൽകുന്നവയാണ്. ഞാൻ അവയെ സഹർഷം സ്വാഗതം ചെയ്യുന്നു.

ഈ സന്ദർഭത്തിൽ എന്റെ നിയോജക മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

പെരുമാതുറ-താഴമ്പള്ളി-കഠിനംകുളം കായൽ, അഞ്ചുതെങ്ങ് കായൽ, കായിക്കര എന്നീ മേഖലകളെ ഉൾക്കൊള്ളിച്ച് സമഗ്ര ടൂറിസം പ്രോജക്ട് നടപ്പാക്കണം. ഇതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിവരുന്നുണ്ട്. ഇതിനായി 10 കോടി രൂപയെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിക്കണം.

ചിറയിൻകീഴ് മണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത ഒഴികെ ബി.എം&ബി.സി. സാങ്കേതിക വിദ്യയുപയോഗിച്ച് നിർമ്മിച്ച ഒരു റോഡുപോലുമില്ല. ഇതിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ടോക്കൺ പ്രൊവിഷനേയുള്ളൂവെന്ന വിഷയവും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനാവശ്യമായ 15 കോടി രൂപ അനുവദിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ പ്രേംനസീർ ഫിലിം സ്റ്റഡി സെന്റർ എന്ന പേരിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ 25 ലക്ഷം രൂപ 2014-ലെ

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് സ്വീകരിച്ച നടപടികൾ പൂർത്തിയാക്കുകയോ തുക അനുവദിക്കുകയോ ചെയ്തില്ല. ഇപ്പോൾ സർക്കാർ ഭൂമിയും കെട്ടിടവും ലഭ്യമാക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഈ വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ മറ്റ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് അനുവദിച്ചതുപോലെ 50 ലക്ഷം രൂപയെങ്കിലും പ്രേംനസീർ സ്മാരക കേന്ദ്രത്തിന് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയും വക്കം മൗലവിയുടെ ജന്മസ്ഥലമായ വക്കവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പണിയുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയും ആറ്റിങ്ങൽ എം.എൽ.എ.-യും ചിറയിൻകീഴ് എം.എൽ.എ.-യും കൂടി സ്വീകരിച്ചിട്ടുണ്ട്. പാലം പണിയുന്നതിന് 50 കോടി രൂപ അനുവദിക്കണം.

അഞ്ചുതെങ്ങ്-പൂത്തറ-താഴമ്പള്ളി പ്രദേശത്തുണ്ടാകുന്ന കടൽക്ഷോഭംമൂലം മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ ഭീതിയിലാണ്. ഇവരെ സംരക്ഷിക്കാൻ കടൽഭിത്തി നിർമ്മിക്കുന്നതിന് 25 കോടി രൂപ അനുവദിക്കണം. ഇതുകൂടാതെ ചില പൊതുകാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

'റീ-സർവ്വേ വൈകി, വീട്ടമ്മ ജീവനൊടുക്കി' എന്ന വളരെ ഹൃദയഭേദകമായ റിപ്പോർട്ട് ഇന്നത്തെ മലയാള മനോരമ പത്രത്തിലുണ്ട്. ഇത് അതീവ ഗുരുതരമായ ഒരുകാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കി പോക്കുവരവ് ചെയ്ത് നൽകാത്തതുമൂലം ജനങ്ങളനുഭവിക്കുന്ന പ്രയാസമാണ് ഇന്ന് ഒരു വീട്ടമ്മയുടെ മരണത്തിൽ കൊണ്ടെത്തിച്ചത്. അതുകൊണ്ട് കഴിയുന്നത്രവേഗം റീ-സർവ്വേയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കി എത്രയുംവേഗം പരാതികൾ പരിഹരിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

കൈത്തറി, ഖാദി മേഖലകളുടെ ആശ്വാസത്തിന് ചെലവിടുന്ന തുക അന്യ സംസ്ഥാനത്തിന് നേട്ടമുണ്ടാക്കുന്ന രീതിയിലാകാതെ നോക്കാൻ പ്രത്യേക സംവിധാനം വേണമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ ഉത്പാദിപ്പിക്കുന്ന കൈത്തറി ഉത്പന്നങ്ങൾ വിറ്റഴിക്കാനും പരമാവധി സഹായങ്ങൾ സർക്കാർ ചെയ്യണം. ഇപ്പോൾ പ്രഖ്യാപിച്ച രണ്ട് ശതമാനം സെയിൽസ് ടാക്സ് ഈ മേഖലയെ വളരെ പ്രതികൂലമായി ബാധിക്കും. നെയ്ത്തുകാർ ടാക്സ് ആദ്യം നൽകട്ടെ എന്നിട്ട് റീഇംബേഴ്സ് ചെയ്ത് നൽകാമെന്ന സമീപനം ഒരിക്കലും ശരിയല്ല. ഈ വ്യവസായം നിലനിൽക്കുന്നത് റിബേറ്റും മറ്റ് നിരവധി ആനുകൂല്യങ്ങളും നൽകുന്നതുകൊണ്ടാണ്.

ഈ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകം ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നതും ആ പശ്ചാത്തലത്തിലാണ്. 2014-ൽ ടേൺ ഓവർ ടാക്സ് പിൻവലിക്കാൻ നമ്മൾ ഒരുമിച്ച് ശബ്ദം ഉയർത്തിയത് ഈ സഭയിലാണ്. അത് അന്ന് പിൻവലിച്ചു. എന്നാൽ ഇപ്പോൾ വീണ്ടും ഒരുശതമാനം സെയിൽസ് ടാക്സ് കൊണ്ടുവന്നു. ഇപ്പോൾ രണ്ട് ശതമാനമാക്കി ഉയർത്തിയിരിക്കുന്നു. കൈത്തറി വസ്ത്രങ്ങളെയും പവർലൂം വസ്ത്രങ്ങളെയും ഒരേ രീതിയിൽ കാണുന്നത് ശരിയല്ല. കൈത്തറി, ഖാദി വസ്ത്രങ്ങൾക്ക് രണ്ട് ശതമാനം സെയിൽസ് ടാക്സ് ബാധകമാക്കാനുള്ള നിർദ്ദേശം പിൻവലിക്കണമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ ഭൂമി വീതം നൽകുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. 1975 മുതൽ നിയമനിർമ്മാണത്തിലൂടെ ആദിവാസികളുടെ ഭൂപ്രശ്നം നമ്മൾ കൈകാര്യം ചെയ്യുകയാണ്. എന്നാൽ പല കാരണങ്ങളാൽ നമുക്ക് 1975-ലെ നിയമം നടപ്പിലാക്കാനായില്ല. ഏറ്റവും ഒടുവിൽ സർക്കാർ നൽകിയ നിർദ്ദേശം കൂടി കണക്കിലെടുത്തുകൊണ്ടാണ് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1999-ലെ നിയമം ഈ സഭ പാസ്സാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ആദിവാസികളുടെ ഭൂപ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കേരള ജനതയുടെ 10 ശതമാനം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തിന്റെ വികസന നിർമ്മാണ പ്രക്രിയയ്ക്ക് നൽകുന്ന സംഭാവന വളരെ വലുതാണ്. അവരുടെ ക്ഷേമത്തിന് ഊന്നൽ കൊടുക്കുന്ന ഒരു പ്രത്യേക സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അവരുടെ ഇടയിൽ ക്രിമിനലുകളും മയക്കുമരുന്നിന് അടിമകളായവരും ഉണ്ടെങ്കിലും കലാകാരന്മാരും സാഹിത്യവാസനയുള്ളവരും ഉണ്ടെന്നുള്ള കാര്യം നമ്മൾ മറന്നുപോകരുത്. മുനാടൻ മലയാളികളെപ്പോലെ തന്നെ അത്തരമാളുകൾക്ക് വേദികൾ സൃഷ്ടിച്ച് സാംസ്കാരിക പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ വ്യാപകമായി നടത്തുവാൻ നമ്മൾ ശ്രമിക്കണം.

മാറിമാറി വരുന്ന മന്ത്രിസഭകൾ ധാരാളം പട്ടയമേളകൾ സംഘടിപ്പിക്കാറുണ്ട്. പതിനായിരക്കണക്കിന് ആളുകൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാറുമുണ്ട്. ഒരു പ്രയോജനവുമില്ലാത്ത പട്ടയം കയ്യിൽപ്പിടിച്ച് കഴിയുന്ന വലിയ ഒരു വിഭാഗം പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഒരു സർക്കാരും

ശ്രമിച്ചിട്ടില്ല.പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ലക്ഷംവീട് കോളനികളിലും പാവപ്പെട്ട മറ്റ് ജനവിഭാഗങ്ങൾ താമസിക്കുന്ന സങ്കേതങ്ങളിലുമാണ് ഈ ജനവിഭാഗങ്ങൾ താമസിക്കുന്നത്. 3-ഉം 5-ഉം സെന്റ് ഭൂമിയിലാണ് ഇവർ കഴിയുന്നത്. പണം നൽകി പട്ടയഭൂമി ഇവർ ശരിയായ രേഖയില്ലാതെ വാങ്ങിയതാണ്. ഒറിജിനൽ പട്ടയം ഇവരുടെ കൈവശമുണ്ട്. പക്ഷെ, അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒറിജിനൽ പട്ടയ ഉടമയുടെ പേരാണ്. ഭൂമി കൈവശമായപ്പോൾ പട്ടയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥാവകാശം തിരുത്തിവാങ്ങാൻ കഴിഞ്ഞിരുന്നില്ല. കൈമാറ്റ കാലാവധി കഴിഞ്ഞിട്ടും പട്ടയത്തിൽ തിരുത്തൽ വരുത്താനാകുന്നില്ലെന്നുള്ളതാണ് ഇവരുടെ പ്രശ്നം. റവന്യൂ ഉദ്യോഗസ്ഥർ ഇത്തരം പട്ടയങ്ങൾ തിരുത്തി നൽകാൻ ശ്രമിക്കുന്നില്ല. ഇതുമൂലം ഭവനനിർമ്മാണമുൾപ്പെടെയുള്ള ഒരാനുകൂല്യത്തിനും പട്ടിക വിഭാഗത്തിൽപ്പെട്ട ഇക്കൂട്ടർ അർഹരല്ലാതായി പോകുന്നു. ഇതിന് പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ റവന്യൂ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്.

പട്ടികവിഭാഗ വികസന ഫണ്ട് ലാപ്സാക്കുക, വക മാറ്റി ചെലവഴിക്കുക, പൊതുമേഖലാസ്ഥാപനങ്ങളിലേക്കും മറ്റ് ചില ഏജൻസികളുടെയും അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുക തുടങ്ങിയ നടപടികൾക്ക് ശേഷമുള്ള മിച്ചം തുകയാണ് പട്ടികവിഭാഗ വികസനത്തിന് ലഭ്യമാകുന്നത്. ഇത് ബഡ്ജറ്റ് തുകയുടെ 50 ശതമാനം പോലുമില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വളരെ ലാഘവത്തോടുകൂടിയാണ് ഈ ഫണ്ട് എല്ലാ തലങ്ങളിലും കൈകാര്യം ചെയ്യുന്നതെന്ന് കാണാം. പട്ടികവിഭാഗങ്ങളുടെ സർവ്വതോമുഖമായ വികസനം ഏറ്റെടുക്കാൻ സ്റ്റേറ്റിന് അവകാശവും ഉത്തരവാദിത്വവുമുണ്ട്. അത് ദുർവിനിയോഗം ചെയ്യുന്നത് തടയാനുള്ള നടപടി സ്വീകരിക്കേണ്ടത് സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ്. പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നുവെന്നും അത് ഫലപ്രദമായ പദ്ധതികൾക്കാണ് വിനിയോഗിക്കുന്നതെന്നും ഉറപ്പാക്കാൻ നിയമം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ അത് പ്രതിഫലിച്ചു കാണുന്നില്ല. മറ്റ് പല സംസ്ഥാനങ്ങളിലും ചെയ്തിട്ടുള്ളതുപോലെ ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇക്കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ജനോപകാരപ്രദമായ എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളീയ നവോത്ഥാനത്തിന് ദിശാബോധം നൽകിയ മഹാനായ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളിൽ അടിയുറച്ചും മണ്ണിനേയും മനുഷ്യനേയും മറന്ന കാലത്തോട് നടത്തിയ പോരാട്ടത്തിന്റെ വിജയക്കൊടി ഉയർത്തിയത് കാണാതെ നമ്മെ വിട്ടുപിരിഞ്ഞുപോയ കേരളത്തിന്റെ പ്രിയപ്പെട്ട കവിക്ക് ഉജ്ജ്വലമായ സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ടും കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വികസനത്തിന്റെ വഴി എന്താണെന്നുള്ളത് ഈ ബഡ്ജറ്റ് വെളിപ്പെടുത്തുന്നു. ഭാവി കേരളത്തിലേക്കുള്ള ചൂണ്ടുപലകയാണ് ഈ ബഡ്ജറ്റ്. ജനങ്ങൾ കാത്തിരുന്ന, കേരളം കാതോർത്ത ഒരു ജനപക്ഷ ബദൽ വികസന നയമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധവളപത്രത്തിൽ വിശദീകരിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാർഷികപദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ മെല്ലെപ്പോക്കുനയമാണ് സ്വീകരിച്ചത്. 2013-2016 കാലയളവിൽ നിയമസഭ പാസ്സാക്കിയ ബഡ്ജറ്റ് തുകയുടെ 60-70 ശതമാനം മാത്രമാണ് ചെലവാക്കിയിട്ടുള്ളതെന്ന് ഗവർണറുടെ നയ പ്രഖ്യാപനത്തിൽ പറയുകയുണ്ടായി. വരുമാന സ്രോതസ്സുകൾ കണ്ടെത്താതെ തലങ്ങുംവിലങ്ങും പദ്ധതികൾ പ്രഖ്യാപിക്കുന്ന ഒരുരീതിയാണ് ഇവിടെയുണ്ടായിരുന്നത്. അധിക ധനസമാഹരണ ലക്ഷ്യത്തിന്റെ 75 ശതമാനം മാത്രമാണ് നേടാൻ കഴിഞ്ഞിട്ടുള്ളത്. 24000 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞില്ല. കേരളത്തിൽ ഇപ്പോൾ നിലവിൽ സർക്കാരിന്റെ കയ്യിൽ പണമുണ്ടെന്നാണ് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ 2016 മാർച്ച് മാസത്തിൽ ക്ലോസ്സിംഗ് ബാലൻസായി കാണിച്ചത് 1643.99 കോടി രൂപയാണ്. പക്ഷേ അദ്ദേഹം പറഞ്ഞ ഈ ബാലൻസ് യഥാർത്ഥത്തിൽ തട്ടിപ്പാണ്. യഥാർത്ഥത്തിൽ കൊടുക്കാനുള്ള കടം 1800 കോടി രൂപയാണ്. അത് ഗവൺമെന്റ് തലത്തിൽ പിടിച്ചുവച്ചതാണ്. അസാധാരണമായ സാഹചര്യങ്ങളെ നേരിടുവാൻ അസാധാരണമായ പ്രവൃത്തികൾ അനിവാര്യമാണ്. പ്രതിസന്ധിയുടെ മുന്നിൽ പകച്ചുനിൽക്കാതെ, നിസ്സഹായത കാണിക്കാതെ അതിനെ നേരിടാനുള്ള ഒരു തത്വമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ അവലംബിച്ചിട്ടുള്ളത്. ഇത് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രസക്തിയെയാണ് കാണിക്കുന്നത്. ഒരു മജീഷ്യനെപ്പോലെ അത്ഭുതവിദ്യ കാണിക്കുകയല്ല അദ്ദേഹം ചെയ്തിരിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റിന്റെ ജനപക്ഷ രാഷ്ട്രീയത്തിന്റെ അത്ഭുതം കാണിക്കാനുള്ള ശേഷിയാണ് ഈ ബഡ്ജറ്റിലുടനീളം കാണാൻ കഴിയുന്നത്. മത്തായിയുടെ സുവിശേഷത്തിലെ പതിനഞ്ചാം അദ്ധ്യായത്തിൽ അഞ്ച് അപ്പവും രണ്ട് മീനുംകൊണ്ട് അയ്യായിരം പേരുടെ വിശപ്പകറ്റിയ സംഭവം വിശദീകരിക്കുന്നുണ്ട്.

യഥാർത്ഥത്തിൽ അത്തരമൊരു അത്ഭുത പ്രവർത്തിയാണ് ഈ ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാണിച്ചിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ സൃഷ്ടിച്ച കടക്കെണിയുടെ കരാളഹസ്തങ്ങളിൽനിന്ന് കേരളത്തെ മോചിപ്പിക്കാനും ജനപക്ഷ വികസന അജണ്ട മുന്നോട്ടുകൊണ്ടു പോകാനുമുള്ള ഒരു അത്ഭുത പ്രവൃത്തിക്കാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ തയ്യാറായിരിക്കുന്നത്. മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നത് നമ്മളെല്ലാവരും കണ്ടു. എൽ.ഡി.എഫ്. വന്നു; എല്ലാം ശരിയായി. മുൻമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന് സംസാരശേഷി തിരിച്ചുകിട്ടി. കഴിഞ്ഞ ദിവസത്തെ അടിയന്തര പ്രമേയത്തിന്റെ അവതരണ വേളയിൽ യു.ഡി.എഫ്. ആളുകൾക്കുപോലും അത് ബോദ്ധ്യമായി. നിലവിലുള്ള മെഡിക്കൽ കോളേജിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് നാം പരിശോധിക്കേണ്ടതാണ്. ഇപ്പോൾ ഇടുക്കി മെഡിക്കൽ കോളേജിലെ മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾ മെഡിസിൻ, സൈക്യാടി, സർജറി തുടങ്ങിയ വിഭാഗങ്ങളിൽ പോസ്റ്റിംഗിനുവേണ്ടി തിരുവനന്തപുരം മുതൽ കോഴിക്കോടുവരെയുള്ള മെഡിക്കൽ കോളേജുകളിൽ കറങ്ങി നടക്കേണ്ട ഗതികേടുണ്ടാക്കിയത് ആരാണെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ബോർഡുകൾ വച്ചതുകൊണ്ടുമാത്രം മെഡിക്കൽ കോളേജ് ആകുകയില്ല. പാവപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. 'അന്നവസ്ത്രാദി മുട്ടാതെ തന്നുരക്ഷിച്ചു ഞങ്ങളെ' എന്ന് മഹാനായ ശ്രീനാരായണഗുരു ദൈവദശകത്തിൽ പറഞ്ഞതുപോലെ എത്ര സാമ്പത്തിക ഞെരുക്കമുണ്ടായാലും നാട്ടിലെ പാവങ്ങളോട് ഞങ്ങൾ വാക്കുപാലിക്കുമെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ആ വാക്ക് പാലിക്കാനുള്ള നടപടികളാണ് ഒന്നൊന്നായി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

വീട്, വെള്ളം, വെളിച്ചം, കക്കൂസ്, പാവപ്പെട്ടവരുടെ വിദ്യാലയങ്ങൾ, അവരാശ്രയിക്കുന്ന ആശുപത്രികൾ അതെല്ലാം ഒരവകാശമായി പ്രഖ്യാപിക്കുന്ന കേരള രാഷ്ട്രീയ ചരിത്രത്തിലെ ഒരു രജതരേഖയാണ് ഈ ബഡ്ജറ്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ രാജ്യത്തെ നടുക്കിയ, കേരളത്തിന്റെ യശസ്സിന് തീരാകളങ്കം വരുത്തിവച്ച സംഭവമായിരുന്നില്ലേ പെരുമ്പാവൂരിലെ ജിഷാ വധം. പോസ്റ്റുമോർട്ടത്തിന് ധൃതി കാണിക്കരുതെന്ന് ജിഷയുടെ അമ്മ പറഞ്ഞു. ആർക്കുവേണ്ടിയായിരുന്നു തിടുക്കം കാണിച്ചത്? ഈ ഗവൺമെന്റ് വന്നു, പ്രതികളെ പിടിച്ചു. ഗവൺമെന്റ് വാക്കുപാലിച്ചു. സ്ത്രീകൾക്കുവേണ്ടി പ്രത്യേകം വകുപ്പ് രൂപീകരിക്കാൻ കേരളത്തിലെ സർക്കാർ തയ്യാറാകുന്നു.

അതുപോലെ വക്കം പഞ്ചായത്തുമായി ബന്ധപ്പെട്ട് നടത്തിയ ഒരു സർവ്വേ റിപ്പോർട്ട് ഞെട്ടിപ്പിക്കുന്നതാണ്. കേരളത്തിലെ 85 ശതമാനം സ്ത്രീകൾക്കും മൂത്രാശയ

സംബന്ധമായ അസുഖങ്ങൾ വരുന്നു. കാരണമെന്താണ്? കേരളത്തിലെ ഏത് ഠൗണിലാണ് മൂത്രമൊഴിക്കാൻ വൃത്തിയുള്ള ശൗചാലയമുള്ളത്? കേരളത്തിലെ എല്ലാ ജംഗ്ഷനുകളിലും ബസ് സ്റ്റാന്റുകളിലും വൃത്തിയുള്ള ശൗചാലയങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയാണ്. ഇത്തരത്തിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിക്കുന്ന ഒരു ബഡ്ജറ്റാണ് ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്.

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും സംരക്ഷകരാണെന്ന് തെളിയിക്കാൻവേണ്ടി ചില ശക്തികൾ കാണിക്കുന്ന ധൃതിയും തിടുക്കവും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ജനസംഖ്യാനുപാതികമായി നോക്കിയാൽ കഴിഞ്ഞ ഗവൺമെന്റ് പട്ടികവർഗ്ഗത്തിനുവേണ്ടി രണ്ട് ശതമാനം ഫണ്ടാണ് നീക്കിവച്ചതെങ്കിൽ ഇത്തവണ സഖാവ് പിണറായിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ 2.61 ശതമാനം ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത്. ഈ കാര്യത്തിൽ വളരെ വ്യക്തമായ സമീപനമാണുള്ളതെന്ന് നാം കാണേണ്ടതുണ്ട്. വയനാട്ടിലെ പ്രൈമറി ക്ലാസുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഓരോ ആദിവാസി സ്ത്രീയെ വീതം നിയമിക്കാൻ പോകുകയാണ്. നിങ്ങളുടെ കാലത്തേതുപോലെ വെറുതെ ഉണ്ടയില്ലാത്ത വെടിയല്ല, മറിച്ച് നാല് കോടി രൂപ കോർപ്പസ് ഫണ്ടിൽ മാറ്റിവയ്ക്കുകയാണ്. ആൾട്ടർനേറ്റീവ് സ്കൂളിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷം നിങ്ങൾ സ്വീകരിച്ച നയം എന്തായിരുന്നു? എത്ര തവണ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തി. ആ പാവങ്ങൾ എത്ര തവണ അന്നത്തെ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ടു. അവരുടെ വാക്കുകൾക്ക് ചെവി കൊടുക്കാൻപോലും ഗവൺമെന്റ് തയ്യാറായിരുന്നില്ലെന്ന് നാം കാണേണ്ടതുണ്ട്.

അതുപോലെ പൊതുവിദ്യാലയത്തിന്റെ സ്ഥിതി എന്തായിരുന്നു; കഴിഞ്ഞ വർഷം ഓണം കഴിഞ്ഞിട്ടും പുസ്തകം ലഭിക്കാതെ വന്നപ്പോൾ അന്നത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സഖാവ് വി. എസ്. അച്ചുതാനന്ദൻ പാഠപുസ്തകം ലഭിക്കാത്തതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് ഈ സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചു. ഓണം നേരത്തെ വന്നതുകൊണ്ടാണ് പുസ്തകം വൈകിയതെന്നാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി. ഇത്ര വിചിത്രകരമായ അസംബന്ധം പറയാൻ ഒരു മടിയും കാണിക്കാത്ത ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആയിരുന്നില്ലേ ഇവിടെ ഉണ്ടായിരുന്നത്? ഇപ്പോഴിതാ ഹൈടെക് വിദ്യാലയങ്ങൾ വരാൻ പോകുന്നു, വിദ്യാലയങ്ങൾ അന്താരാഷ്ട്ര

നിലവാരത്തിലേക്ക് ഉയർത്താൻ പോകുന്നു. ഇന്നിപ്പോൾ അൺ എക്കണോമിക് സ്ലൂൾ എന്നതിനെക്കുറിച്ചാണ് തർക്കം. ആ തർക്കം നമുക്ക് ചർച്ച ചെയ്യാം. നിങ്ങളുടെ കാലത്ത് അൺ എക്കണോമിക് എന്ന പ്രയോഗമാണുണ്ടായിരുന്നതെങ്കിൽ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് അൺ എക്കണോമിക് (അനാദായകരം) എന്നൊരു കാര്യം ഒരു റിപ്പോർട്ടിലും ഉണ്ടാവുകയില്ലെന്ന് ഈ നിയമസഭയിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി അസന്നിഗ്ധമായി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് എടുത്ത ഉദാരമായ സമീപനത്തെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം, കല്യാശ്ശേരി, തളിപ്പറമ്പ്, അഴീക്കോട് എന്നീ മണ്ഡലങ്ങളിൽ 1200 കിലോമീറ്റർ വിഭാവനം ചെയ്തു. പിന്നീട് ഫണ്ട് കുറവായപ്പോൾ 600 കിലോമീറ്ററായി അത് കട്ട്ഷോർട്ട് ചെയ്തു. അതിന്റെ ഭാഗമായി അവിടെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. അതിന് പരിഹാരമുണ്ടാകണം. ജനങ്ങൾ പ്രതീക്ഷയിലാണ്. അതുകൊണ്ട് ഈ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഫണ്ട് നീക്കിവയ്ക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

തെയ്യം, പടയണി കലാകാരന്മാരുടെ പെൻഷൻ 1500 രൂപയാക്കി വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. ഉത്തര മലബാറിലെ ക്ഷേത്രസ്ഥാനികരുടെ 800 രൂപ പെൻഷൻ ഏഴ് മാസമായി കുടിശ്ശികയാണ്. ആ കുടിശ്ശിക തീർക്കുന്നതിനും പെൻഷൻ തുക 1500 രൂപയായി വർദ്ധിപ്പിക്കാനുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുമെന്ന കാര്യത്തിൽ എനിക്ക് യാതൊരുവിധ സംശയവുമില്ല.

മറ്റൊന്ന് കാരുണ്യ പദ്ധതിയാണ്. കാരുണ്യ അവകാശമാണെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. വളരെയേറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്. റോഡപകടങ്ങളിൽപ്പെട്ട് ചികിത്സിക്കാൻ വകയില്ലാതെ ധാരാളം ആളുകൾ കഷ്ടപ്പെടുന്നുണ്ട്. ആ പദ്ധതി വിപുലീകരിക്കുന്നതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

കണ്ണൂർ ജില്ലയിൽ പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയാൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ സഖാവ് എം. എ. ബേബി തറക്കല്ലിട്ട കണ്ണപുരം കലാഗ്രാമം അഞ്ച് വർഷമായി പണിയൊന്നുമാരംഭിക്കാതെ കിടക്കുകയാണ്. അതിനൊരു ശാപമോക്ഷം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. തീവ്രവാദത്തോടും വർഗ്ഗീയതയോടും ഒരു വിട്ടുവീഴ്ചയുമില്ലെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. പാവങ്ങൾക്കും നിരാലംബർക്കുംവേണ്ടി അവതരിപ്പിച്ച, കേരളത്തിന്റെ വികസനത്തിന് പുതിയ വഴി വെട്ടിത്തുറക്കുന്ന, കേരളത്തിൽ വൻ കുതിപ്പുണ്ടാക്കാൻ പോകുന്ന ഈ ജനപക്ഷ ബഡ്ജറ്റിനെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ഈ സഭയിൽ ഇത് നാലാമത്തെ നയപ്രഖ്യാപനമാണ്. ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപനപ്രസംഗം, അതിന്റെ നന്ദിപ്രമേയ ചർച്ചയിൽ മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വിശദീകരിച്ചുകൊണ്ടുള്ള ഒരു നയപ്രഖ്യാപനം,അങ്ങയുടെ ധവളപത്രത്തിലൂടെ ഒരു ധനപരമായ നയപ്രഖ്യാപനം, അവസാനം ഒരു മാസത്തിനുള്ളിൽ നാലാമത്തെ വിരസമായ നയപ്രഖ്യാപനം കൂടി കാണേണ്ട ഒരു ദൗർഭാഗ്യം നമുക്കെല്ലാവർക്കുമുണ്ടായി. യഥാർത്ഥത്തിൽ ഈ ധവളപത്രം ഒരു മുഖംമൂടിയാണ്. യു.ഡി.എഫ്. സർക്കാർ ചെയ്ത നല്ല കാര്യങ്ങളെ കൗതുകമുണർത്തുന്നതും വിചിത്രവുമായ കണക്കുകൾ ഉദ്ധരിച്ച് വിലകുറച്ച് കാണിക്കാനുള്ള കൗശലം നിറഞ്ഞ ഒരു രേഖയെന്ന് അതിനെ വിശേഷിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതിന്റെ മറവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള ധാരാളം പരിപാടികൾ മുഖംമൂടിയിട്ടുകൊണ്ട് വരുന്നുണ്ട്. ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാവന പീലി വിടർത്തിയാടുകയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവസാനം അത് എത്തിനില്ക്കുന്നത് ഉട്ടോപ്യയുടെ പടിവാതിൽക്കലാണ് എന്നൊരു ആക്ഷേപമാണ് എനിക്കുള്ളത്. ഉദാഹരണമായി, ഒന്നാം മാന്ദ്യപാക്കേജ് ബഡ്ജറ്റിനകത്തെ കൗശലമായിരുന്നുവെങ്കിൽ രണ്ടാം മാന്ദ്യപാക്കേജ് ബഡ്ജറ്റിനു പുറത്തെ ജാലവിദ്യയാണ് എന്നുള്ളതാണ് വ്യത്യാസം. ധവളപത്രത്തിൽ റവന്യൂ വരുമാനത്തിന്റെ 72% വും പലിശയ്ക്കും ശമ്പളത്തിനും പെൻഷനുംവേണ്ടി ചെലവാകുന്നുവെന്ന് വിലപിക്കുന്ന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇരുപതിനായിരം കോടി രൂപ മുതൽ ഒരു ലക്ഷം കോടി രൂപ വരെ പുറമെനിന്ന് കടമെടുത്താൽ അതിന്റെ പലിശയും മുതലും എങ്ങനെയാണ് തിരിച്ചടയ്ക്കുന്നതെന്ന് ഈ ബഡ്ജറ്റിൽ പറയുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. അതുവഴി ഈ സംസ്ഥാനത്തെ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്ന പ്രതിവർഷ ബാധ്യത എത്രയാകുമെന്നും അതെങ്ങനെ തിരിച്ചടയ്ക്കുമെന്നും പറയണ്ടേ?

യു.ഡി.എഫ്. റവന്യൂ കമ്മി ഉയർത്തി എന്ന് ആരോപിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ ബഡ്ജറ്റ് ഭീമമായ റവന്യൂകമ്മി കേരളത്തിനുണ്ടാക്കുമെന്നുള്ളതിന് സാമ്പത്തികശാസ്ത്രമൊന്നും പഠിക്കേണ്ട ആവശ്യമില്ല, ലളിതമായ കോമൺസെൻസ് മാത്രം മതി. ഒരു ലക്ഷം കോടി രൂപ പുറത്തുനിന്ന് സമാഹരിക്കുമ്പോൾ ഇത് തിരിച്ചടവില്ലാതെ ആരോ വെറുതെ തരുന്നു എന്ന രീതിയിലാണ് ബഡ്ജറ്റിൽ പറയുന്നത്. ഈ പാക്കേജ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രദ്ധിക്കണം. പൊതുമരാമത്ത് വകുപ്പിനെ ഈ മാന്ദ്യപാക്കേജിലൂടെ ധനകാര്യ വകുപ്പ് ടേക്ക് ഓവർ ചെയ്യുകയാണ്. ഇവിടെ നേരത്തെതന്നെ പി.ഡബ്ല്യു.ഡി.-യിൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുണ്ട്. അത് ഇല്ലാതാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി (കിഫ്ബി) കൊണ്ടുപോകുകയാണ്. പൊതുമരാമത്ത് വകുപ്പിനെ ധനകാര്യ വകുപ്പ് വിഴുങ്ങുന്നുണ്ടോയെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ശ്രീ. കെ. എം. മാണി ബഡ്ജറ്റിനെ Annual Financial Statement ആണെന്ന് സൂചിപ്പിച്ചു. നമ്മുടെ ഒരു വർഷത്തെ വരവുചെലവു കണക്കുകൾ ബഡ്ജറ്റിൽ ഉണ്ടാകണം. ഈ ബഡ്ജറ്റിന്റെ യഥാർത്ഥ ഡോക്യുമെന്റ്സിൽ അങ്ങ് പറയുന്ന എക്സ്പെൻഡിച്ചർ, റവന്യൂ ഇതെല്ലാം കാണിക്കാൻ കഴിയുമോ? അതുകൊണ്ട് Annual Financial Statement അല്ലാതെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് ഭരണഘടനാവിരുദ്ധമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ റവന്യൂ കമ്മിയെക്കുറിച്ചാണ് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പുകാലത്ത് കടമെടുത്ത് കേരളത്തെ മുടിപ്പിക്കുന്നു എന്നായിരുന്നു പറഞ്ഞത്. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് കടമെടുത്താൽ കുഴപ്പമില്ലായെന്നാണ്. കടം എടുക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ അവതരിപ്പിച്ച 2016-17-ലെ ബഡ്ജറ്റിൽ റവന്യൂ കമ്മി 9897 കോടിരൂപയായിരുന്നു. എന്നാൽ രണ്ടുമൂന്നുമാസം കഴിഞ്ഞ് റിവൈസ് ചെയ്ത അങ്ങയുടെ ബഡ്ജറ്റിൽ റവന്യൂ കമ്മി 13066 കോടി രൂപയാണ്. റവന്യൂ കമ്മി പാടില്ലായെന്ന് ഞങ്ങൾക്ക് ഉപദേശം നല്കുകയും ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിലെ റവന്യൂ കമ്മിയേക്കാൾ മൂവായിരം കോടി രൂപയിലധികം അങ്ങയുടെ ബഡ്ജറ്റിൽ റവന്യൂകമ്മി കണ്ടിരിക്കുകയുമാണ്. യു.ഡി.എഫ്. സർക്കാർ ഒന്നും ബാക്കിവച്ചില്ലായെന്നാണ് പറയുന്നത്. ഇവിടെ ശ്രീ. ടി. വി. രാജേഷ് 2015-16-ലെ വർഷാന്ത്യ റൊക്ക ബാക്കി 1643 കോടി രൂപയാണെന്നു പറഞ്ഞു. ഇപ്പോൾ ഈ ബഡ്ജറ്റിലെ വർഷാന്ത്യ റൊക്ക ബാക്കി (-)816 കോടി രൂപയാണ്. കഴിഞ്ഞ അഞ്ചുവർഷം യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോൾ ഒരിക്കലും വർഷാന്ത്യ റൊക്ക ബാക്കി മൈനസ് ആയിട്ടില്ല. വർഷാന്ത്യ റൊക്ക ബാക്കിയായി ബാക്കിപണം വയ്ക്കണമെന്ന് ധവളപത്രത്തിലൂടെ പറയുകയും പുറത്ത്

പ്രസംഗിക്കുകയും ചെയ്യുന്ന അങ്ങ് ആദ്യമായി അവതരിപ്പിച്ച റിവൈസ്ഡ് ബഡ്ജറ്റിൽ വർഷാന്ത്യ രൊക്ക ബാക്കി (-)816 കോടി രൂപയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഡ്ജറ്റും അങ്ങയുടെ ബഡ്ജറ്റും പരിശോധിച്ചാൽ ഇതെല്ലാം വളരെ വ്യക്തമായി കാണാൻ സാധിക്കും. അതുപോലെ റിസഷൻ പാക്കേജിൽ വാഹനനികുതിയുടെ 10% ആണ് പ്രധാനപ്പെട്ട വരുമാന മാർഗ്ഗം. വാഹന നികുതിയുടെ 10% എത്രയുണ്ട്? വാഹനനികുതി ആവറേജ് 3,000 കോടി രൂപയാണ്. അതിന്റെ 10%-300 കോടി രൂപയുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രദ്ധിക്കണം, ഇപ്പോൾതന്നെ റോഡ് ഫണ്ട് ബോർഡിലേക്ക് മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 10% പോകുന്നുണ്ട്. ഈ പറയുന്ന 300 കോടി രൂപയാണ് അങ്ങയുടെ കീഴിലുള്ള റോഡ് ഫണ്ട് ബോർഡിന്റെ കോർപ്പസ്. അത് നഷ്ടപ്പെട്ടു. അതൊക്കെ കിഫ്ബിയും എഫ്റ്റാക്കും കൊണ്ടുപോകുകയാണ്. അങ്ങ് ശ്രദ്ധിച്ചില്ലെങ്കിൽ അങ്ങയുടെ വകുപ്പിന്റെ സാധ്യതകൾ വളരെ കുറഞ്ഞുവരും. ഈ 10% (300 കോടി രൂപ) എല്ലാ വർഷവും റോഡ് ഫണ്ട് ബോർഡിലേക്ക് വരുന്ന പൈസയാണ്. അതാണ് കൗശലത്തോടുകൂടി ധനകാര്യ വകുപ്പുമന്ത്രി എടുത്തുകൊണ്ടുപോയത്. അതുകൊണ്ടാണ് ഞാൻ പൊതുമരാമത്ത് വകുപ്പിനെ വിഴുങ്ങി കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞത്. ഇത് വളരെയധികം ശ്രദ്ധിക്കേണ്ട ഒരുകാര്യമാണ്. നികുതി പിരിവിന്റെ കാര്യമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഏറ്റവും വലിയ അവകാശവാദം. 2003-ൽ VAT നിയമം നിലവിൽവന്നു. ഞങ്ങൾ പറഞ്ഞു മൂന്നുവർഷം നഷ്ടമായിരിക്കുമെന്ന്, അന്ന് ഡോ. ടി. എം. തോമസ് ഐസക് സമ്മതിച്ചില്ല. 2006 ആയപ്പോൾ നഷ്ടം മാറി 10,000 കോടി രൂപ ലാഭത്തിലായി. ആരാണ് അതിന്റെ ബെനിഫിഷ്യറി? അന്ന് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായി ചുമതലയേറ്റപ്പോൾ VAT-ലൂടെ വർദ്ധിച്ച 10,000 കോടി രൂപയുടെ ബെനഫിഷ്യറി അങ്ങായിരുന്നു. ഇപ്പോൾ അങ്ങ് പറയുന്നു ഞങ്ങളുടെ കാലത്ത് 12% നികുതി വർദ്ധനവ് ഉണ്ടായെന്ന്. ഞങ്ങൾ അത് 25%-മായി വർദ്ധിപ്പിക്കും. കാരണം ജി.എസ്.റ്റി. വരികയാണ്. ജി.എസ്.റ്റി. വന്നാൽ കേരളമാണ് ഏറ്റവും വലിയ ബെനിഫിഷ്യറി. കാരണം കേരളം കൺസ്യൂമർ സ്റ്റേറ്റാണ്. കേരളത്തിനാണ് കോടാനുകോടി രൂപയുടെ നികുതി വർദ്ധനവുണ്ടാകാൻ പോകുന്നത്. ഒരു കാര്യത്തിൽ ഞാൻ അങ്ങയെ അപ്രീഷ്യേറ്റ് ചെയ്യുന്നു. VAT വളരെ ലളിതമാക്കി ടാക്സ് പിരിവിനുള്ള നടപടിക്രമങ്ങൾ ഏറ്റവും സുതാര്യമാക്കാൻ അങ്ങ് അന്നും ശ്രമിച്ചിട്ടുണ്ട്; ഇപ്പോഴും ശ്രമിക്കുന്നുണ്ട്. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കാതിരിക്കില്ല. ഞാനതെപ്പോഴും പ്രത്യേകമായി പറയുന്ന കാര്യമാണ്. പറയാതെ പോകുന്നത് ശരിയല്ല. അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിരിക്കുകയാണ്. രണ്ട് ഏക്കർ സ്ഥലമുള്ള ഒരു കർഷകൻ അയാളുടെ മക്കൾക്ക് വസ്തുക്കൾ ഭാഗം വച്ചുകൊടുത്താൽ ആറ് ലക്ഷം രൂപ മുതൽ പന്ത്രണ്ട് ലക്ഷം രൂപ വരെ സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ടിവരും. കർഷകന് ഈ ഭൂമി മാത്രമേയുള്ളൂ, ഒരു പൈസപോലും കയ്യിലില്ല. സെന്റിന് ഒന്ന് അല്ലെങ്കിൽ രണ്ട് ലക്ഷം രൂപയാണ് വിലയെങ്കിൽ, ഒന്നരലക്ഷം രൂപയും മൂന്ന് ലക്ഷം രൂപയുമൊക്കെ അവർ എങ്ങനെയുണ്ടാക്കും; ഭാഗം വയ്ക്കുന്നതിന് ഇത്രയും വലിയ സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുന്നത് ശരിയാണോ? ഒഴിമുറി വയ്ക്കുന്നതിനുവേണ്ടി മുദ്രവില മൂന്ന് ശതമാനമായി വർദ്ധിപ്പിച്ചു. എപ്പോഴാണ് ഒഴിമുറി വയ്ക്കുന്നത്; ഒരുമിച്ച് താമസിക്കുമ്പോൾ ഒരാൾ വീടുവച്ച് മാറണം. എവിടെ നിന്നെങ്കിലും ലോണെടുത്തും ആരിൽ നിന്നെങ്കിലും കടം വാങ്ങിയും ഒരു വീട് വയ്ക്കുന്നതിനായി ഒഴിമുറി വച്ച് മാറാൻ നേരത്ത് മൊത്തം ഭൂമിയുടെ മൂന്ന് ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണമെന്ന് പറയുന്നത് എത്ര ക്രൂരമായ നടപടിയാണ്. അങ്ങത് പിൻവലിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. മുദ്രവില നിരക്ക് 8 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഭൂമി വിലയുടെ വർദ്ധന വൻതോതിൽ ക്യാപ്പിറ്റൽ ഗെയിൻ സൃഷ്ടിക്കുമെന്ന മുടന്തൻ ന്യായമാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. കേരളത്തിന്റെ ഗ്രോത്ത് റേറ്റ് ദേശീയ ശരാശരിയേക്കാൾ കുറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. എന്നാണ് ദേശീയ ശരാശരിയേക്കാൾ കൂടുതൽ ഗ്രോത്തുണ്ടായിരുന്നത്? ഏറ്റവും വലിയ construction boom കേരളത്തിലുണ്ടായിരുന്ന കാലത്താണ് ഇവിടെ ഇക്കോണമിയുടെ ഏറ്റവും വലിയ ഗ്രോത്തുണ്ടായത്. അങ്ങ് ഒരു കാര്യമറിയണം. എവിടെയാണ് നഷ്ടമുണ്ടാകുന്നതെന്ന് ഡിപ്പാർട്ട്മെന്റ് ശാസ്ത്രീയ പഠനം നടത്തിയോ? ഇവിടെ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടല്ലോ. കേരളത്തിൽ ആയിരം കോടി രൂപയുടെ ഭൂമി ട്രാൻസാക്ഷൻ നടക്കുകയാണ്. ചെറിയ ഭൂമിയുടെ ട്രാൻസാക്ഷനൊന്നും നടക്കുന്നില്ല, അതാണ് സ്റ്റാമ്പ് ഡ്യൂട്ടി വരുമാനമില്ലാത്തത്. ആയിരം കോടി രൂപയുടെ ഭൂമി ട്രാൻസാക്ഷൻ നടക്കുമ്പോൾ ഗവൺമെന്റിന് (രജിസ്ട്രേഷൻ വകുപ്പിന്) സ്റ്റാമ്പ് ഡ്യൂട്ടിയായി നയാ പൈസ കിട്ടുന്നില്ല. വൻകിടക്കാർ എന്താണ് ചെയ്യുന്നത്? കേരളത്തിൽ വൻകിട ഭൂമി ഇടപാടുകാർ കമ്പനികൾ രൂപീകരിച്ച് അവരുടെ ഷെയർ ട്രാൻസ്ഫർ ചെയ്യുകയാണ്. അങ്ങനെ ചെയ്യുമ്പോൾ അവർക്ക് അഞ്ച് പൈസപോലും സ്റ്റാമ്പ് ഡ്യൂട്ടി അടക്കണ്ട. നിങ്ങൾ ആ കളവാണ് കണ്ടുപിടിക്കേണ്ടത്. ഒരു സംശയവും വേണ്ട, ഇത് എട്ട് ശതമാനമായി വർദ്ധിപ്പിച്ചാൽ ബാക്കിയുള്ള ഇടത്തരക്കാർ കൂടി കമ്പനികൾ രൂപീകരിച്ച് അവരുടെ ഷെയർ ട്രാൻസ്ഫർ ചെയ്യുന്ന സ്ഥിതിയുണ്ടാകും. ഒരു തുണ്ട് ഭൂമിപോലും പാവപ്പെട്ടവർക്ക് വാങ്ങാൻ കഴിയാത്ത സാഹചര്യമുണ്ടാകും. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. വെളിച്ചെണ്ണയുടെ നികുതി

വർദ്ധിപ്പിച്ചതിന് വിചിത്രമായ ന്യായീകരണമാണുള്ളത്. ചരക്കുവാഹനങ്ങളുടെ നികുതി 10 ശതമാനം വർദ്ധിപ്പിക്കുന്നത് വിലക്കയറ്റത്തിനിടയാക്കും. അങ്ങയുടെ പാർപ്പിട പദ്ധതി ശരിയല്ല. അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പണം ചെലവഴിക്കാനുള്ള അധികാരത്തിന്മേലുള്ള കയ്യേറ്റമാണ്. പലിശ മാത്രമേ സർക്കാർ കൊടുക്കുന്നുള്ളൂ. അതുകൊണ്ട് തന്നെ ഈ ബഡ്ജറ്റിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിന് ഞാൻ ശക്തമായ പിന്തുണ പ്രഖ്യാപിക്കുന്നു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ സഭയുടെ മുമ്പിൽ നാല് രേഖകൾ വന്നതിൽ ഒരു രേഖവൈറ്റ് പേപ്പറാണ്. ഇതിലെല്ലാം ബഡ്ജറ്റ് ചർച്ചയ്ക്ക് സഹായകരമായ, ശാസ്ത്രീയ നിഗമനങ്ങളും വസ്തുതകളുമാണുള്ളത്. അത് ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് വളരെ സഹായകരമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ റെഡ് ബഡ്ജറ്റ് എന്ന് പേരിടുന്നു. ഇത് വിപ്ലവപ്രസ്ഥാനത്തിൽ പണിയെടുത്ത പാവപ്പെട്ട ആളുകളെ കണ്ടെടുത്ത് അവർക്ക് ആശ്വാസം നൽകുന്നു. അതുകൊണ്ട് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ സല്യൂട്ട് ചെയ്യുന്നു. We salute, red salute. ഈ ബഡ്ജറ്റിൽ ഞാൻ കാണുന്നത് നല്ലവനായ ഒരു ആട്ടിടയന്റെ കഥയാണ്. പൊന്തക്കാട്ടിൽ നഷ്ടപ്പെട്ടുപോയ, വഴിതെറ്റിപ്പോയ പാവപ്പെട്ട ആടുകളെ നല്ലവനായ ആട്ടിടയൻ കൊണ്ടുവന്ന് മുഖ്യധാരയിലാക്കുന്നു. അവശത അനുഭവിക്കുന്ന, അടിച്ചമർത്തപ്പെട്ട പാവപ്പെട്ട പട്ടികജാതിക്കാരെ, തൊഴിലില്ലാത്തവരെ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരെയെല്ലാം ഈ ബഡ്ജറ്റിലൂടെ താങ്കൾ കണ്ടുവെന്നുള്ളത് പ്രശംസനീയമാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും ഒരുപാട് ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. ഇനിയും ധാരാളം ആക്ഷേപങ്ങൾ വരാൻ പോകുകയാണ്. ഞങ്ങളത് കാത്തിരിക്കുകയാണ്. ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം ഞാൻ പൂർണ്ണമായും കേട്ടു. അങ്ങയുടെ ശ്രദ്ധയ്ക്കായി പറയുകയാണ്, കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇപ്രകാരമാണ്. 'പൊതുവായ സമന്വയത്തോടെ വികസനം' എന്ന കാഴ്ചപ്പാടാണ് ഗവൺമെന്റ് പിൻ തുടർന്നിട്ടുള്ളത്. എന്നാൽ വികസനത്തോട് മുഖംതിരിച്ചും സംഘർഷങ്ങളും കലാപങ്ങളും സൃഷ്ടിച്ചും വ്യക്തിഹത്യ നടത്തിയും വികസനത്തിൽനിന്നും ഒളിച്ചോടാൻ ശ്രമിക്കുന്നവർക്ക് കാലം മാപ്പ് നൽകില്ല. കാലം മാപ്പ് നൽകിയിട്ടില്ല,

അതാണ് നിങ്ങളുടെ അനുഭവം. നിങ്ങളാണ് ഒളിച്ചോടുന്നത്, മുൻമുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ അറംപറ്റിയിരിക്കുകയാണ്. ചരിത്രം നിങ്ങൾക്ക് മാപ്പ് തരാതിരിക്കുന്ന ഒരു അവസ്ഥയാണ്. കഴിഞ്ഞ മുഖ്യമന്ത്രിക്കുമുമ്പ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. സ്ലോടനാത്മകമായ അന്തരീക്ഷത്തിലാണ് 2015-16-ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ ധനകാര്യ വകുപ്പുമന്ത്രി ആ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റ് അവതരിപ്പിക്കാൻ ഇല്ലാതെപോയി. അങ്ങേയ്ക്കെതിരെ ഗൂഢാലോചന നടത്തി, കേരളത്തിലെ യു.ഡി.എഫ്.-ന്റെ ധനകാര്യ വകുപ്പുമന്ത്രിയെ പുറത്താക്കി. എന്ത് ദുരന്തമാണ് നടന്നത്? വികസനത്തിന്റെ അവസാന നാളുകളിൽ ഒരു യു.ഡി.എഫ്. ഗവൺമെന്റിനെ നാല് വർഷം നയിച്ച ധനകാര്യ വകുപ്പുമന്ത്രിയില്ലാതെ, ഗൂഢാലോചന നടത്തി അദ്ദേഹത്തെ പുറത്താക്കി. എന്ത് ഗൂഢാലോചനയാണ് നടത്തിയതെന്ന് അറിയാൻ ജനങ്ങൾക്കും സഭയ്ക്കും അവകാശമുണ്ട്. അങ്ങ് ഇപ്പോഴും അവിടെയാണല്ലോ ഇരിക്കുന്നത്. ആരാണ് ഗൂഢാലോചന നടത്തിയത്; എന്താണ് അതിന്റെ പിന്നിലുള്ള നാടകം? ഞാൻ ചില കാര്യങ്ങൾ ഈ സഭയിൽ ഉന്നയിക്കുകയാണ്. ഈ സഭയിൽ ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും സാക്ഷികളായ ഒരു സംഭവം. അത് എന്തായിരുന്നു?രണ്ട് വിഷയങ്ങളാണ് ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചത്. ഒന്ന് ബാർകോഴ സംബന്ധിച്ചാണ്. അന്ന് അനാവശ്യമായ ആരോപണമാണെന്ന് നിങ്ങൾ പറഞ്ഞു. ബാർകോഴയുടെ പേരിലല്ലെങ്കിൽ എന്തിനാണ് മാണിസാർ പുറത്തായത്; എങ്ങനെയാണ് ശ്രീ. കെ. ബാബു അകത്തായത്? ഞങ്ങൾ ഉന്നയിച്ച രണ്ടാമത്തെ ആക്ഷേപം സോളാർ കേസാണ്. നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചു, ഞങ്ങൾ സമരം ചെയ്തു, സെക്രട്ടേറിയറ്റ് വളഞ്ഞു, പട്ടാളത്തെ വിളിച്ചു, സെക്രട്ടേറിയറ്റ് പൂട്ടി, എന്നിട്ട് എന്തു ചെയ്തു? ഇപ്പോൾ ഈ ഗവൺമെന്റ് പണം കൊടുക്കണം. ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ വച്ചു. ഞങ്ങൾ പറഞ്ഞത് കള്ളമായിരുന്നുവെങ്കിൽ നിങ്ങളുടെ മുഖ്യമന്ത്രി പതിനാല് മണിക്കൂർ ആ കമ്മീഷനുമുന്നിൽ പോയി കുത്തിയിരുന്നതെന്തിനായിരുന്നു; സാമ്പത്തിക കുറ്റവിചാരണയുടെ കോടതിയിൽ എന്തിനാണ് അദ്ദേഹം പതിനാല് മണിക്കൂർ കുത്തിയിരുന്നത്? ഞങ്ങൾ ഉന്നയിച്ച രണ്ട് വിഷയവും ജനങ്ങൾ അംഗീകരിച്ചു. ഞാൻ സാമ്പത്തിക വിദഗ്ധനല്ലാത്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. എന്നാലും ബഡ്ജറ്റിലെ പാക്കേജുകൾ കണ്ട് ഇവർ അമ്പരന്നിരിക്കുകയാണ്. എവിടെനിന്ന് പണം കൊണ്ടുവന്ന് ചെലവാക്കുമെന്നാണ് അവർ വിചാരിക്കുന്നത്. ഏത് പാർട്ടിയായാലും ശരി അവരവരുടെ കഴിവിനെ അംഗീകരിക്കണം. ഇന്ത്യയിൽ

അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധന്മാരിൽ ഒരാളെ കേരളത്തിന് സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നാളെ ശ്രീ. വി. ഡി. സതീശൻ വന്നാലും ഞാൻ അംഗീകരിക്കും. ഞാൻ അതിന്റെ മൈനൃട്ടായിട്ടുള്ള കാര്യങ്ങളിലേക്ക് പോകുന്നില്ല. ഈ ബഡ്ജറ്റിലെ ഏത് നിർദ്ദേശങ്ങളെയാണ് നിങ്ങൾ എതിർക്കാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തൊഴിലുറപ്പ് പദ്ധതിക്ക് എതിർപ്പുണ്ടോ? ഞങ്ങളും നിങ്ങളും കൂടി കേന്ദ്രം ഭരിച്ച കാലത്ത് ആവിഷ്കരിച്ച പദ്ധതിയാണത്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് സൈഡ് ചെയ്യ. അതിനെ നിങ്ങൾ എതിർക്കുന്നില്ല. അതുപോലെ ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ കേന്ദ്രഗവൺമെന്റിന്റെ പങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ശക്തമായി ചൂണ്ടിക്കാണിക്കണമായിരുന്നു. എന്താണ് സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ അവസ്ഥ? ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള കേന്ദ്ര നിക്ഷേപം കേരളത്തിലാണ്. അങ്ങയുടെ കണക്കിൽ ഇന്ന് 2.6 ശതമാനമാണ് കേന്ദ്ര നിക്ഷേപം. 1970-ൽ അത് 3.1 ശതമാനമായിരുന്നു. തമിഴ്നാട്ടിലും കർണ്ണാടകത്തിലും കേന്ദ്രനിക്ഷേപം യഥാക്രമം 7.8-ഉം 7.4-ഉം ആണ്. കേന്ദ്രഗവൺമെന്റിന്റെ പല പരിപാടികളും കേരളത്തെ കബളിപ്പിച്ചിരിക്കുകയാണ്. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴ വാഗൺ റിപ്പയർ യാർഡ്, നേമം ഷണ്ടിംഗ് യാർഡ് ഇവയൊന്നും പ്രാവർത്തികമായില്ല. ഇപ്പോൾ 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ തുത്തുക്കുടി തുറമുഖത്തിന് 7,500 കോടിരൂപ അനുവദിച്ച് ഡെവലപ് ചെയ്യ. നമുക്കിപ്പോൾ പറ്റിയത് എന്താണ്; അദാനിയെ ഇവിടെ കൊണ്ടുവന്നു. അദ്ദേഹം പ്രാരംഭ പണികൾ തുടങ്ങിയപ്പോൾ കുളച്ചൽ അന്താരാഷ്ട്ര തുറമുഖമായി പ്രഖ്യാപിച്ചു. എന്തുകൊണ്ടാണ് കേന്ദ്രം ഭരിച്ച നിങ്ങൾക്ക് മിണ്ടാട്ടമില്ലാത്തത്; കുളച്ചലിനായി കേരളത്തെ താഴ്ത്തിക്കെട്ടി. കേരളത്തിൽ ഒരു വ്യവസായവും ആരംഭിക്കാനുള്ള അന്തരീക്ഷവുമില്ലെന്നാണ് പഠനറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. മനഃപൂർവ്വമുണ്ടാക്കിയിരിക്കുന്ന റിപ്പോർട്ടാണ്. കോൺഗ്രസ് ഭരിച്ചപ്പോഴും ബി.ജെ.പി. ഭരിക്കുമ്പോഴും "രാമൻ വാണാലും, രാവണൻ വാണാലും, കോരന് കുമ്പിളിൽ കഞ്ഞി" എന്ന അവസ്ഥയിലാണ് ഇപ്പോൾ കേരളം. കേന്ദ്രാവിഷ്കൃത പദ്ധതിയിലൊന്നും ഒരു മാറ്റവുമില്ല. ഇപ്പോഴും അത് തുടരുകയാണ്.

എന്റെ പ്രിയപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കൾക്ക് ഇപ്പോഴും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടുള്ള അലർജി മാറുന്നില്ല. ഞാൻ ഈ സഭയിൽ വന്നതിന്റെ അന്നുമുതൽ കേൾക്കുകയാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസംഗങ്ങൾ. എന്താണതിന് കാരണം? കഴിഞ്ഞ ദിവസം ജവഹർലാൽ നെഹ്റുവിന്റെ ഒരു പുസ്തകത്തെ

സംബന്ധിച്ച് ബഹുമാനപ്പെട്ട പി. ടി. തോമസ് ഒരു പ്രസംഗം നടത്തി. അങ്ങേയ്ക്കുള്ള മറുപടിയാണ് ഞാൻ പറയുന്നത്. ജവഹർലാൽ നെഹ്റുവിന്റെ 'Discovery of India' എന്ന പുസ്തകത്തിൽ, Page No.29, Para-1-ൽ പറയുന്നത്, 'A study of Marx and Lenin produced a powerful effect on my mind and helped me to see history and current affairs in a new light... I had no doubt that the Soviet Revolution had advanced human society by a great leap and had lit a bright flame which could not be smothered, and that it had laid the foundations for that new civilization towards which the world could advance...' ശ്രീ. പി. ടി. തോമസ് താങ്കൾ ഇതുകൂടി വായിക്കണം. ഇത് ജവഹർലാൽ നെഹ്റു പറഞ്ഞതാണ്. നിങ്ങൾ പറഞ്ഞതല്ല. ജവഹർലാൽ നെഹ്റുവിന്റെ ജീവിതാവസാനം വരെയും അദ്ദേഹം നാസ്തികനും പാവപ്പെട്ടവരോട് താൽപ്പര്യമുള്ളവനുമായിരുന്നു. അദ്ദേഹം കമ്മ്യൂണിസത്തെ അന്ധമായി എതിർത്തില്ല. എ.കെ.ജി. പ്രതിപക്ഷനേതാവായിരുന്ന പാർലമെന്റിൽ എ.കെ.ജി. എഴുന്നേൽക്കുമ്പോൾ ആദ്യം വരുന്നത് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവായിരുന്നു. ആ ബഹുമാനം ഉണ്ടായിരുന്നു. മാർക്സിസം എന്താണെന്ന് അദ്ദേഹത്തിനറിയാം; നിങ്ങൾ എങ്ങോട്ടാണ് ഈ യാത്ര; നിങ്ങൾ എവിടെ എത്തി; മഹാത്മാഗാന്ധിയുടെ ജന്മനാടുപോലും ആർ.എസ്.എസ്.-ന് കൈമാറി. എല്ലാം തീർത്തു. ഫാസിസത്തിലേക്ക് ഇന്ത്യയെ കൈമാറ്റം നടത്തിയ പാപപങ്കിലമായ ചരിത്രമാണ് നാളെ ചരിത്രകാരൻമാർ എഴുതാൻ പോകുന്നത്. ഞങ്ങളാണോ നിങ്ങളെ വെളിയിലാക്കിയത്; നിങ്ങൾ പരാജയപ്പെട്ടിടത്ത് എൽ.ഡി.എഫ്. ആണോ വന്നത്; ബി.ജെ.പി. അല്ലേ വന്നത്; നിങ്ങൾ കേരളത്തിൽ നടത്തിയ അവിഹിത ബന്ധത്തിന്റെ ഫലമാണ് ഇവിടെ ഒരു ബി.ജെ.പി. അംഗത്തിന്റെ സാന്നിദ്ധ്യം. യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിക്ക് തിരുവനന്തപുരത്ത് ഡെപ്പോസിറ്റ് എങ്ങനെയാണ് നഷ്ടപ്പെട്ടത്; അവിഹിതമായ രാഷ്ട്രീയബന്ധം. ജനങ്ങൾ ഇതെല്ലാം കാണുകയാണ്. ഇനിയെങ്കിലും ചരിത്രത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കി പുതിയ നിലപാടുകൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ കേന്ദ്രഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന നിരന്തരമായ അവഗണനയ്ക്ക് ഈ സഭയിൽ ഒരു വാക്ക് പറയാൻ ബി.ജെ.പി. അംഗത്തിന് കഴിയണം. ശ്രീ. ഒ. രാജഗോപാൽ റെയിൽവേ മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾക്ക് ഒന്നുരണ്ട് ട്രെയിനുകൾ ലഭിച്ചു. അതല്ലാതെ ഇന്നുവരെ കേന്ദ്രത്തിൽ നിന്നും നിരന്തരമായി അവഗണനയായിരുന്നു. ഇപ്പോൾ വിഴിഞ്ഞം തുറമുഖം അടിച്ചുമാറ്റി. അങ്ങ് അറിഞ്ഞില്ലേ; അങ്ങൊരു പ്രസ്താവന നടത്താത്തതെന്താണ്; കുളച്ചൽ അല്ല വിഴിഞ്ഞമാണ് ആദ്യം തീരേണ്ടത്; അങ്ങ് വന്നത് എന്ത് സാഹചര്യത്തിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അത് ഏതായാലും പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട്

ഒരു ഗ്രണം കോൺഗ്രസ്സിനുണ്ടാകണ്ടേ; അങ്ങനെ ഗ്രണമുണ്ടാകണമെങ്കിൽ കേരളത്തെ സഹായിക്കണ്ടേ; നിങ്ങൾക്ക് അധികാരത്തിൽ തിരിച്ചുവരണ്ടേ. ബഡ്ജറ്റിൽ പതിനായിരം കൂട്ടുതലാണ്, ആയിരം കുറവാണ് എന്നൊക്കെ വൈദഗ്ധ്യംകൊണ്ട് പറയാം. പക്ഷേ എല്ലാ ബഡ്ജറ്റിനും ഒരു പൊളിറ്റിക്കൽ ബാക്ക്ഗ്രൗണ്ടുണ്ട്. ബി.ജെ.പി. അവതരിപ്പിക്കുന്ന ബഡ്ജറ്റായാലും കോൺഗ്രസ് അവതരിപ്പിക്കുന്ന ബഡ്ജറ്റായാലും ഞങ്ങൾ അവതരിപ്പിക്കുന്ന ബഡ്ജറ്റായാലും എല്ലാ ബഡ്ജറ്റിനും രാഷ്ട്രീയ പശ്ചാത്തലമുണ്ട്. കേരളത്തിൽ ഇനിയൊരിക്കലും കഴിഞ്ഞ അഞ്ചുകൊല്ലം അനുഭവിച്ച ദുരന്തങ്ങൾ അനുഭവിക്കാൻ പാടില്ല. ശ്രീ. വി.ഡി. സതീശൻ ഭ്രമിയുടെ കേസ് പറഞ്ഞു. നിങ്ങളുടെ ഭരണത്തിന്റെ അവസാന കാലഘട്ടത്തിലാണ് കേരളം കണ്ടിട്ടില്ലാത്ത ഭ്രമി കുംഭകോണത്തിന്റെ ഏറ്റവും വലിയ ഉത്തരവുകളിറങ്ങിയത്. ശ്രീ. വി. ഡി. സതീശനെ ഞാൻ കുറ്റം പറയുന്നില്ല. അദ്ദേഹം നിയമസഭയിൽ അക്കാര്യം ഉന്നയിച്ചിരുന്നു. വളരെ നല്ല കാര്യം. പക്ഷേ അത് ഞങ്ങളെ പഠിപ്പിക്കേണ്ട. ഞങ്ങൾ ഒരുത്തർക്കും ഭ്രമി തീറെഴുതി ക്കൊടുക്കുകയില്ല. കൊടുക്കാൻ പോകുന്ന ഭ്രമി റദ്ദാക്കിയതായി ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങയെ പോലെ പ്രഗത്ഭനായ ഒരു വ്യക്തിയെ ഇതുവരെയും തിരിച്ചറിയാത്തതെന്തുകൊണ്ടാണ്?

മി. ചെയർമാൻ: യെസ്....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. ടി. തോമസിനോട് ഒരുപാട് നന്ദിയുണ്ട്. എന്നെ എങ്ങോട്ട് മാറ്റണമെന്ന് തീരുമാനിക്കുന്നത് ഞാനും എന്റെ പാർട്ടിയുമാണ്. വിലക്കയറ്റം തടയാനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതു കൂട്ടണം. നെടുമങ്ങാട് നിയോജക മണ്ഡലത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അതുകൂടി ചെയ്യണം.

ശ്രീ. സി. കെ. നാണു: സർ, ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കേരളത്തിലുടനീളമുള്ള സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ ഈ ഗവൺമെന്റ് പരിഹരിക്കുമെന്നുള്ള ഒരാശ്വാസമാണുണ്ടായത്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റാൻ സാധിക്കുമെന്നുള്ളത് എതിർഭാഗത്തുള്ളവർപോലും അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. സമയക്കുറവുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം.

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എന്റെ നിയോജക മണ്ഡലത്തിലെ കൈത്തറി സഹകരണ സംഘങ്ങളിൽ വോട്ടുചോദിച്ച് ചെന്നപ്പോൾ കൂലി ലഭിക്കാതെ വളരെ വാടിയ മുഖത്തോടെ വേദനിച്ച് നിന്ന കൈത്തറി തൊഴിലാളികളെ കാണാനിടയായി. കൈത്തറിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ കൈത്തറി മേഖലക്ക് നമ്മൾ പിന്തുണ നൽകണം. വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയുണ്ടായി. എന്റെ നാട്ടിലെ കൈത്തറി സഹകരണ സംഘത്തിലെ ചില നല്ല മനുഷ്യർ അവിടത്തെ സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി വസ്ത്രങ്ങൾ നൽകിയിരുന്നു. പഴയ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ആഴ്ചയിൽ ഒരു ദിവസം ഉന്നത ഉദ്യോഗസ്ഥരടക്കമുള്ളവർ കൈത്തറി-ഖാദി വസ്ത്രം ധരിക്കാൻ നിർദ്ദേശം നൽകി. കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിനും കൈത്തറിക്ക് മാർക്കറ്റുണ്ടാകുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെ കടലോര സംരക്ഷണത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. കടൽക്ഷോഭം പലപ്പോഴും ഉണ്ടാകാറുണ്ട്. കടൽ എപ്പോഴാണ് കയറുന്നതെന്നറിയാതെ കടലോരത്തുള്ളവർ ഭീതിയിലാണ് കഴിയുന്നത്. കഴിഞ്ഞ കുറെ മാസങ്ങളായി മത്സ്യത്തൊഴിലാളികൾക്ക് മറ്റ് വരുമാനങ്ങളൊന്നുമില്ലാതെ ദാരിദ്ര്യത്തിലാണ്. ചരിത്രത്തിലാദ്യമായി മത്സ്യ തൊഴിലാളികൾ മത്സ്യം പിടിക്കുന്ന ജോലിയുപേക്ഷിച്ച് അന്യസംസ്ഥാന തൊഴിലാളികളെപ്പോലെ കൂട്ടികളെപോറ്റാനായി മറ്റ് ജോലികൾക്ക് പോകേണ്ടി വരുന്ന ഒരു ദയനീയ അവസ്ഥയുണ്ട്. നമ്മൾ കുറെ കാലങ്ങളായി വിദേശ ട്രോളറുകളെ സംബന്ധിച്ച് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ ട്രോളറുകൾ നമ്മുടെ കടൽ സമ്പത്ത് കൊള്ളയടിച്ചുകൊണ്ടു പോകുന്നത് തടയാൻ നമുക്ക് സാധിക്കുന്നില്ല. ഇപ്പോൾ ചീനവല ഉപയോഗിച്ച് ചെറിയ മത്സ്യക്കുഞ്ഞുങ്ങളെപ്പോലും പിടിക്കുകയും അവയെല്ലാം ചത്തതിനുശേഷം കടലിൽ എറിയുകയും ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ദീർഘവീക്ഷണത്തോടുകൂടി കേരളത്തിലെ മത്സ്യത്തൊഴിലാളി/കടലോര മേഖലയെ എങ്ങനെ സംരക്ഷിക്കാമെന്നതിനെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിന് ഒരുകാലത്ത് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തന്ന മത്സ്യത്തൊഴിലാളി മേഖല ഇന്ന് പട്ടിണിയിലാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗൗരവമായി ഈ പ്രശ്നത്തെ സംബന്ധിച്ച് കൂടിയാലോചന നടത്തി അവരെ രക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. ഞാൻ

കൂടുതൽ ദീർഘിപ്പിക്കുന്നില്ല. തെങ്ങുകൾ ധാരാളമുള്ള ഒരു മേഖലയിൽ നിന്ന് വരുന്നയാളാണ് ഞാൻ. ഇന്ന് തെങ്ങ് കയറ്റതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. തേങ്ങയിടാൻ കയറുന്ന അവസരത്തിൽ താഴെവീണാൽ ആ തൊഴിലാളി ചെറുപ്പക്കാരനാണെങ്കിലും ജീവിതാവസാനം വരെ എഴുന്നേറ്റിരിക്കാൻ കഴിയാതെ വീട്ടിലുള്ളവർ ശുശ്രൂഷിക്കേണ്ട ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് തെങ്ങ് കയറ്റത്തൊഴിലാളിക്ക് അപകടം സംഭവിച്ചാൽ ആവശ്യമായ സാമ്പത്തിക സഹായം നൽകാനുള്ള നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സഹായം ലഭിക്കുമെന്ന് പറഞ്ഞാൽ മാത്രമേ നമ്മുടെ നാട്ടിൽ തെങ്ങ് കയറാനുള്ള തൊഴിലാളികളെ കിട്ടുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

12.00 NOON]

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട സ്പീക്കർ കൂടി പങ്കെടുത്ത ഒരു പുസ്തക പ്രകാശന ചടങ്ങിൽ ശ്രീ. എബ്രഹാം മാത്യുവിന്റെ 'ഓരോ പുഴയും' എന്ന ഒരു പുസ്തകം റിലീസ് ചെയ്തു. അതിൽ ലെനിനും കർഷകനും എന്നൊരു ചെറുകഥയുണ്ടായിരുന്നു. നേരത്തെയുണ്ടായിരുന്ന ഒരു മാനേജർ കർഷകന്റെ കടിശ്ശികയായ 18,000 രൂപ അടച്ചുതീർക്കാൻ നിർബന്ധിക്കുകയും വി. ഐ. ലെനിൻ എന്ന ഒരു പുതിയ മാനേജർ വന്നപ്പോൾ 18,000 രൂപയല്ല 23,000 രൂപയാണ് അടയ്ക്കേണ്ടതെന്ന് പറയുകയുമാണുണ്ടായത്. പുതിയ മാനേജർ വരുമ്പോൾ സോഷ്യലിസം വരുമെന്നൊക്കെ പ്രതീക്ഷിച്ച ഒരു കൃഷിക്കാരനായിരുന്നു. എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകുമെന്നാണ് ആളുകൾ പ്രതീക്ഷിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഏറ്റവും കൂടുതൽ സമരം ചെയ്തത് വിലക്കയറ്റത്തിനെതിരെയാണ്. എന്നാൽ ഈ ബഡ്ജറ്റിൽ വിലക്കയറ്റം തടയുന്നതിനാവശ്യമായ ഒരു നിർദ്ദേശവുമില്ലെന്നുള്ളതാണ്. അത് വളരെ ദുഃഖകരമായ ഒരു കാര്യമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് 75 കോടി രൂപ അധികമായി നൽകുന്നതൊഴിച്ചാൽ വിലക്കയറ്റം തടയുന്നതിന് കാര്യമായ ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. കമ്പോളത്തിൽ ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണെന്ന് അങ്ങേയ്ക്ക് അറിയാം. 20 ശതമാനത്തോളമുള്ള നികുതി വർദ്ധനവ്, നിത്യോപയോഗ

സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനിടയാക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് ഹോട്ടലുകളിലൊക്കെ വിലവർദ്ധനവുണ്ടാകും. ഗോതമ്പ് ഉത്പന്നങ്ങളുടെ നികുതി ഏകദേശം അഞ്ച് ശതമാനത്തോളമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. കമ്പോളത്തിൽ വില വർദ്ധിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സോഷ്യലിസം വരുമെന്ന് പ്രതീക്ഷിച്ച, സ്വയം വിധിക്ക് കീഴടങ്ങിയ കൃഷിക്കാരനെപ്പോലെയാണ് കേരളത്തിലെ ആളുകളുടെ സ്ഥിതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നുകഴിഞ്ഞാൽ വിലക്കുറവ് ഉണ്ടാകുമെന്ന് ധരിച്ചയാളുകൾ ഇന്ന് സ്വയം വിധിക്ക് കീഴടങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഈ ബഡ്ജറ്റിന്റെ അടിസ്ഥാന ഘടകമെന്ന് പറയുന്നത് ഇതിന്റെ പാക്കേജാണ്. ഈ പാക്കേജിന്റെ അടിസ്ഥാന ഘടകമെന്ന് പറയുന്നത് നേരത്തെ സംസ്ഥാന ഗവൺമെന്റ് ഇറക്കിയ ധവളപത്രമാണ്. അതിൽ ഒന്നുരണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, 1998-2001 കാലയളവിലാണ് കേരളം കണ്ട ഏറ്റവും വലിയ ധനകാര്യ തകർച്ചയുണ്ടായത്. അന്ന് ഏകദേശം 212 ദിവസംവരെ ഓവർ ഡ്രാഫ്റ്റ് എടുത്ത കാലഘട്ടമായിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാർ ഇറങ്ങുന്ന സമയത്ത് 1913.47 കോടി രൂപയായിരുന്നു ട്രഷറി മിച്ചം. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന് ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ ഏകദേശം 2154 കോടി രൂപ അധികമായി കൊടുത്തു തീർക്കേണ്ട വലിയൊരു ബാധ്യതയുണ്ടായി. ആ സമയത്താണ് 1913.47 കോടി രൂപ ട്രഷറിയിൽ ഉണ്ടായിരുന്നത്. അതോടൊപ്പംതന്നെ 1500 കോടി രൂപയുടെ പഴയ മാന്ദ്യപാക്കേജിനോടൊപ്പം 115 കോടി രൂപയുടെ വിഷൻ 2010 വന്നത്. ഈ ബാധ്യതകളെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുക്കുകയും അതോടൊപ്പം മെഗാ പ്രോജക്ടുകൾ നടപ്പാക്കാൻ മുൻകയ്യെടുക്കുകയും ചെയ്തു. ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ സൂചിപ്പിക്കുകയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് ധവളപത്രത്തിൽ സൂചിപ്പിക്കുമ്പോൾ ഒരു ദിവസംപോലും ഓവർ ഡ്രാഫ്റ്റ് എടുത്തില്ലെന്നുള്ളതാണ് പ്രധാനമായി എടുത്തുപറയേണ്ട ഒരു കാര്യം. ഈ ധവളപത്രത്തിൽ സൂചിപ്പിക്കുന്ന മറ്റൊരു കാര്യമുണ്ട്, വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഏകദേശം രണ്ട് പ്രാവശ്യം 18 ദിവസത്തേക്ക് മാത്രമാണ് എടുത്തത്. ആ സമയത്ത് ഒരു ദിവസംപോലും ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല. പക്ഷേ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 2006-2011 കാലയളവിൽ 179 ദിവസം മുതൽ വേയ്സ് ആന്റ് മീൻസ് അഡ്വാൻസും ഏകദേശം

61 ദിവസം വരെ ഓവർ ഡ്രാഫ്റ്റും എടുത്ത കാലഘട്ടമുണ്ട്. നമ്മൾ ഈ രണ്ട് കാലഘട്ടത്തെക്കുറിച്ചും ഒരു താരതമ്യ പഠനം നടത്തിയാൽ ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു ദിവസം പോലും ഓവർഡ്രാഫ്റ്റ് എടുക്കാതെ വൻകിട പദ്ധതികൾ നടപ്പാക്കാനായി മുന്നോട്ടുവന്നുവെന്നുള്ളത് വിസ്മരിക്കാൻ കഴിയില്ല. അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ ഇക്കണോമിക്ക് സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക്താഴെ ഏറ്റവും കുറച്ചാളുകളുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുനോക്കുമ്പോൾ അത് 7.10 ശതമാനം മാത്രമേയുള്ളൂ. Monthly Percapita consumption Expenditure-ൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. ജനങ്ങളുടെ ജീവിതനിലവാരം വളരെയധികം വർദ്ധിച്ച ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. അത് കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ധവളപത്രത്തിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന ബഡ്ജറ്റ് എത്രമാത്രം പ്രാവർത്തികമാകുമെന്നുള്ള കാര്യത്തിലാണ് സംശയം. ശ്രീനാരായണഗുരുദേവന്റെ ഏറ്റവും പ്രശസ്തമായ ദൈവദശകത്തിലെ വരികളോടുകൂടിയാണ് അദ്ദേഹം ആദ്യം തുടങ്ങുന്നതുതന്നെ. പക്ഷേ അതിന്റെ ഒരു വരി അദ്ദേഹം വിട്ടുപോയതാണ്. അടുത്ത വരിയായിരുന്നു കുറേക്കൂടി ഭംഗി എന്നെനിക്കു തോന്നുന്നു.

"നീയല്ലോ മായയും മായാ-

വിയും മായാവിനോദനും" എന്നു പറയുന്നതാണ് കുറേക്കൂടി ശരി. കാരണം അദ്ദേഹം ഒരു വലിയ മായാവിയെപ്പോലൊരു മായയാണിവിടെ കാണിച്ചത്. വലിയൊരു ഫണ്ട് എവിടെനിന്നോ വരുമെന്നുള്ളൊരു പ്രതീക്ഷയിൽ വലിയ പദ്ധതികൾക്കുവേണ്ടി അദ്ദേഹം തയ്യാറാവുകയാണ്. അത് എത്രമാത്രം പ്രാവർത്തികമാകും. അങ്ങയുടെ ഈ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ തീർച്ചയായും കേരളത്തിൽ വലിയൊരു മാറ്റത്തിന് വഴിതെളിയുമെന്നുള്ള കാര്യത്തിൽ ഞങ്ങളൊക്കെ പോസിറ്റീവായിത്തന്നെ ചിന്തിക്കുന്നുണ്ട്. പക്ഷേ അതിനെ സംബന്ധിച്ച് ഒരുപാട് ആശങ്കകൾ നിലനിൽക്കുന്നുണ്ട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് ഒ.എൻ.വി. കുറുപ്പിന്റെ 'ദിനാന്ത്യ'-ത്തിലുള്ളതാണ് അങ്ങ് അവസാനം പറഞ്ഞ ഒരു വാചകമെങ്കിലും ഞാൻ അദ്ദേഹത്തിന്റെ മറ്റൊരു കവിത, 'അപരാഹ്നം' എന്ന മനോഹരമായ പുസ്തകത്തിലെ 'രോഗം' എന്നു പറയുന്ന കവിതയുടെ അവസാന വരിയിൽ പറയുന്നൊരു കാര്യമുണ്ട്. അതുകൂടി പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ

അവസാനിപ്പിക്കുകയാണ്. ആ കവിത മുഴുവൻ ഞാൻ വായിക്കുന്നില്ല.

"ഒടുവിലീ ഭൂമി, നാ-
മൊന്നിച്ചു വിതയേറ്റി
കതിർ കൊയ്യും
വയലേലയാകുമെന്നും,
ഒരു പൊന്നൊലീവു-
മൊരീന്തപ്പനയു, മി-
ങ്ങൊരു ബോധിതരുവുമായ്
സല്ലപിക്കെ,
ഒടുവിലീ ഭൂവിലെ
നമ്മുടെയാവാസം
ഒരു സംഘസംഗീത-
മാകുമെന്നും
വെറുതേ ഞാനോരോരോ
സ്വപ്നങ്ങൾ കാണുന്നു!" എന്നാണ് കുറുപ്പുസാർ പറഞ്ഞത്.

അങ്ങനെ സ്വപ്നങ്ങളായി മാറാതിരിക്കട്ടെയെന്ന് വളരെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതോടൊപ്പം കാഞ്ഞിരപ്പള്ളി ബൈപ്പാസിന് പണം അനുവദിച്ചതിന് പ്രത്യേകമായ നന്ദി അറിയിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകുമെന്ന പ്രഖ്യാപനത്തോടെയുള്ള ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സാധാരണക്കാരന്റെ പ്രശ്നങ്ങൾ മുഴുവൻ പഠിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ ബഡ്ജറ്റ് തീർച്ചയായും കേരള ജനത സ്വീകരിക്കുകതന്നെ ചെയ്യും. സാമൂഹിക-സാമ്പത്തിക രംഗത്തും തീരദേശ ജനതയോടുള്ള പ്രതിബദ്ധതയേയും എല്ലാ രംഗങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. പ്രതിപക്ഷം ഈ ബഡ്ജറ്റിനെ സാങ്കേതിക കാരണങ്ങൾ

പറഞ്ഞ് എതിർക്കുമെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൂടെത്തന്നെയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇന്ന് സഭയിൽ നടത്തിയ പ്രഖ്യാപനം നമ്മൾ ഓർക്കേണ്ടതാണ്. മുസ്ലീംജനവിഭാഗത്തെ മാത്രം അടച്ചാക്ഷേപിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾ പല ഭാഗത്തുനിന്നും വരുന്നത് എതിർക്കപ്പെടേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് ശ്രീനാരായണഗുരുവിന്റെ വാക്യം ഇവിടെ മഹത്വവൽക്കരിക്കുന്നത്. കേരളത്തിൽ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന വിശ്വാസത്തോടുകൂടിത്തന്നെ നമ്മൾ മുന്നോട്ടു പോകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ]

തീരദേശത്തെ മത്സ്യത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ വളരെ രൂക്ഷമാണ്. കടലിലെ മത്സ്യസമ്പത്തിന്റെ കുറവ് അവരെ പട്ടിണിക്കാരായി മാറ്റിയിട്ടുണ്ട്. ആ രംഗത്ത് മറൈൻ ഫിഷിംഗ് പോലെയുള്ള അല്ലെങ്കിൽ കടലിൽ മത്സ്യം വളർത്തുന്നതുപോലെയുള്ള നൂതന സംവിധാനങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പഞ്ചമാസങ്ങളിൽ അവരനുഭവിക്കുന്ന പ്രശ്നങ്ങൾ നമുക്കറിയാം. തീരദേശത്ത് കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. ഞങ്ങളുടെ മണ്ഡലങ്ങളിൽ ഇപ്പോഴും ടാങ്കറിൽ വെള്ളം കൊണ്ടു കൊടുക്കുന്ന സ്ഥിതിയാണുള്ളത്. ഇത്രയും മഴ വന്നിട്ടും ഉപ്പുവെള്ളം കുടിക്കേണ്ട, ഉപ്പു വെള്ളത്തിൽ കുളിക്കേണ്ട, ഒരവസ്ഥയാണുള്ളത്. 20 വീടുകളിലൊന്നിൽ ഒരു ക്യാൻസർ രോഗി അല്ലെങ്കിൽ ഒരു കിഡ്നി രോഗി ഉണ്ടാകുന്ന ഒരവസ്ഥയാണ് ഈ മേഖലയിൽ നിലനിൽക്കുന്നത്.

വിദ്യാഭ്യാസം നേടാത്ത നിരവധി പേർ ഇന്നും കടലോരത്തുണ്ട്. പരിഷ്കാരങ്ങൾ വന്നെങ്കിലും അവർക്കാവശ്യമായ സൗകര്യങ്ങളൊന്നുമില്ല. ആദിവാസികളുടെ കാര്യങ്ങളിലെല്ലാം മുൻപും ഇടപെട്ടിട്ടുണ്ട്. പക്ഷേ എങ്ങുമെത്താത്ത ആദിവാസി മേഖലയെപ്പോലെ മത്സ്യമേഖലയെ വിട്ടുകൊടുക്കരുതെന്നാണ് എനിക്ക്പറയുവാനുള്ളത്. ഇക്കാര്യങ്ങളിൽ ശക്തമായൊരു ഇടപെടൽ ഉണ്ടാവണം. അതോടൊപ്പംതന്നെ വിദ്യാഭ്യാസ മേഖലയിൽ വരുത്താൻ പോകുന്ന മാറ്റങ്ങൾ സ്വാഗതാർഹമാണ്. കാരണം നിലവിലുള്ള വിദ്യാഭ്യാസ രീതി അടിച്ചേൽപ്പിക്കാതെ സ്വതന്ത്രമായിട്ടുള്ള വിദ്യാഭ്യാസ രീതിയാണ് ആവശ്യം. ചെലവേറിയ വിദ്യാഭ്യാസ രീതി സാധാരണക്കാരന്റെ മക്കൾക്ക് സ്വപ്നം കാണാനാവാത്ത തരത്തിലുള്ളതാണ്. ഇന്ന് പല സ്കൂളുകളിലും 30,000-50,000 രൂപയാണ് പ്ളസ് ടു വിദ്യാഭ്യാസത്തിനുവേണ്ടി ഡൊണേഷൻ വാങ്ങുന്നത്. മലപ്പുറം ജില്ലയിൽ വ്യാപകമായി പല പരാതികളും ലഭിച്ചിട്ടുണ്ട്. പ്ലസ്ടുവിന്

30,000 രൂപ മുതൽ 50,000 രൂപ വരെ ഓരോ സ്കൂളുകളിലും ക്യാപിറ്റേഷൻ ഫീ വാങ്ങുകയാണ്. ആനുപാതികമായിട്ടുള്ള സീറ്റ് അനുവദിക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും ഒരു തീരുമാന മുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഞാൻ പറയാതെ തന്നെ ഈ സഭയിൽ പലരും മുന്നോട്ടുവച്ചിട്ടുണ്ട്. തീർച്ചയായും ഞാനതിനെ സ്വാഗതം ചെയ്യുകയാണ്.

ഭവന നിർമ്മാണ മേഖലയെ സംബന്ധിച്ച് ഇവിടെ ചോദ്യോത്തര വേളയിൽ പറയുകയുണ്ടായി. എന്റെ സ്വന്തം മണ്ഡലമായ താനൂരിൽ മാത്രം ഏകദേശം രണ്ടായിരത്തോളം വീടുകൾക്കുള്ള അപേക്ഷ കെട്ടിക്കിടക്കുകയാണ്. ഭ്രൂഹിതരില്ലാത്ത കേരളം എന്ന സ്വപ്നമെല്ലാം പറഞ്ഞെങ്കിൽക്കൂടി ഞങ്ങളിന്നലെ പരിശോധിച്ച സമയത്ത് ഏകദേശം 1,500-ഓളം ഭവന രഹിതരും ഭ്രൂഹിതരുമായിട്ടുള്ള ആളുകൾ ഇന്നും അവിടെയുണ്ട്. പഞ്ചായത്തുകൾ രാഷ്ട്രീയ വിവേചനം നടത്തി പാവങ്ങളെ രണ്ടായി തിരിക്കുകയാണ്. സ്വാധീനമുള്ള കക്ഷികൾക്കുമാത്രം വീടുനൽകുന്ന ഒരു രീതി ഇന്ന് നിലവിലുണ്ട്. അതിന് മാറ്റം വരുത്തേണ്ടതുണ്ട്. അങ്ങനെ മാറ്റം വരുത്തുമ്പോൾ എല്ലാവർക്കും വീട് എന്ന സ്വപ്നം പൂവണിയിക്കാൻ ഈ മുന്നണിക്കും ഈ സർക്കാരിനും കഴിയുമെന്നാണ് എന്റെ വിശ്വാസം.

അതോടൊപ്പംതന്നെ കേരളത്തിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്ന വിദേശ മലയാളികളുടെ കാര്യത്തിൽ ശക്തമായൊരു ഇടപെടലുണ്ടാകണം. അവർ വിദേശ രാജ്യങ്ങളിൽ ജോലിക്കു പോകുമ്പോൾ ഏതെങ്കിലും ഒരപകടത്തിൽപ്പെട്ടുപോയാൽ വെറും കയ്യോടെ നാട്ടിൽ വരേണ്ട ഒരു ഗതികേടുണ്ടാകുകയും അവന്റെ കുടുംബം അനാഥരാകുകയും ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. ഞാനൊരു ഉദാഹരണം പറയാം, എന്റെ നാട്ടിലുള്ള ഈ അടുത്ത ദിവസം വിദേശത്തുവച്ച് മരിച്ചുപോയ ഒരു വ്യക്തിയുടെ കുടുംബം ഞങ്ങളെ സമീപിക്കുകയുണ്ടായി. വീട് വയ്ക്കാൻ ബാങ്കിൽനിന്ന് ലോൺ വാങ്ങി. ആ ലോൺ തിരിച്ചടയ്ക്കാനുള്ള ഒരു മാർഗ്ഗവും ആ കുടുംബത്തിനില്ല. ആ വീട് ഒഴിഞ്ഞുപോകേണ്ട ഗതികേടിലാണ് ആ വിധവയും കുട്ടികളും.ഇൻഷ്വറൻസ് പരിരക്ഷയുണ്ടായിരുന്നുവെങ്കിൽ അവർക്ക് അത് തിരിച്ചടയ്ക്കാൻ സാധിക്കുമായിരുന്നു. വിദേശത്തേയ്ക്ക് ജോലിക്കുപോകുന്ന സാധാരണക്കാരായ ജോലിക്കാരെ സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്ക് ഇൻഷ്വറൻസ് നിർബന്ധമാക്കാനുള്ള ഒരു പദ്ധതി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ കൂടുതൽ തൊഴിൽ സാധ്യതകൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകണം. സൗദി

അറേബ്യ പോലുള്ളസ്ഥലങ്ങളിൽ മലയാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളുള്ളതാണ്. അവിടെനിന്നൊക്കെ കൂടുതൽ ആളുകൾ മടങ്ങിവന്നുകൊണ്ടിരിക്കുകയാണ്. അത്തരം സ്ഥലങ്ങളിൽ നിന്ന് മടങ്ങി വരുന്നവർക്കായി പഞ്ചായത്തുകളിൽനിന്ന്പാരമ്പര്യ തൊഴിൽ രീതികളിലായാലും ഏത് രംഗത്തായാലും പദ്ധതികൾ തയ്യാറാക്കുമ്പോൾ തൊഴിൽ അധിഷ്ഠിതമായിട്ടുള്ള കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്താൻ അങ്ങയുടെ ഭാഗത്തുനിന്നും നിർദ്ദേശമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതോടൊപ്പംതന്നെ ക്ഷേമപെൻഷനുകൾ, ആരോഗ്യ ഇൻഷ്വറൻസ്, പാർപ്പിടം, സാമൂഹ്യനീതി, ഭക്ഷ്യസുരക്ഷ, പട്ടികജാതി പട്ടികവർഗ്ഗ മേഖലകൾ തുടങ്ങി എല്ലാ രംഗത്തും അങ്ങ് ഉയർത്തിപ്പിടിച്ച എല്ലാ തീരുമാനങ്ങളേയും ഈ ബഡ്ജറ്റിനേയും അംഗീകരിക്കുന്നു.

ദുഃഖകരമായ ഒരു വസ്തുത എന്റെ മണ്ഡലത്തെക്കുറിച്ച് പറയുവാനുള്ളത് ബഡ്ജറ്റിൽ താനൂരിന് പണം വകയിരുത്തിയില്ല എന്ന രീതിയിൽ കഴിഞ്ഞ ദിവസം സ്വന്തം മുണ്ടുപൊക്കി എന്റെ ഓഫീസിനു മുന്നിൽ നൃത്തം വയ്ക്കുന്ന രാഷ്ട്രീയ പാർട്ടികളെ നിലയ്ക്ക് നിർത്താൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ടല്ല. മറുഭാഗത്തുള്ള ആളുകളും ശ്രദ്ധിക്കണം. കോഴിമുട്ടയും ചീഞ്ഞ തക്കാളിയുമെല്ലാം ഞങ്ങൾക്കും സുലഭമായി കിട്ടുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ പ്രവൃത്തികൾ വരാതിരുന്നതിന്റെ ഫലമായി നേരിടേണ്ടിവന്ന ആക്ഷേപങ്ങളെക്കുറിച്ച് എന്നോട് അദ്ദേഹം വ്യക്തിപരമായി പറയുകയുണ്ടായി, അദ്ദേഹത്തിന്റെ മര്യാദവച്ച് അദ്ദേഹം അത് സഭയിൽ ഉന്നയിച്ചില്ല. മറുപടി പറയുമ്പോൾ ആ പോരായ്മ കൃത്യമായി നികത്തുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ക്ഷാമമാണെങ്കിലും ക്ഷേമത്തിലൂന്നി, വികസനത്തിന്റെ കുതിപ്പോടെ, പൂവിനെ നോവിക്കാതെ തേൻ നുകരുന്ന ചിത്രശലഭത്തെപ്പോലെ എന്നും, എല്ലാ മാധ്യമങ്ങളും ഒരുപോലെ വാഴ്ത്തിപ്പാടിയ ബഡ്ജറ്റിനെ, എൽ.ഡി.എഫ്-ന്റെ ആദ്യ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ ബഡ്ജറ്റ് ചരിത്രത്തിൽ ഇടം നേടാൻ പോകുകയാണ്. സാമൂഹ്യനീതിക്കുവേണ്ടി മുറവിളികൂട്ടുന്ന ട്രാൻസ്ജെൻഡറുകൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വകുപ്പും, 60 കഴിഞ്ഞ ട്രാൻസ്ജെൻഡറുകൾക്ക് പെൻഷനും

വിദ്യാഭ്യാസ ആനുകൂല്യവും നൽകുന്ന ഈ ബഡ്ജറ്റ് ചരിത്രത്തിൽ ഇടംനേടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സാർ നിരന്തരം പറയുന്നത് ഖജനാവിൽ 1643.99 കോടി രൂപയുണ്ടെന്നാണ്. കൈവിൽ നിൽക്കുന്ന ബില്ലു മാത്രം മാറിയാൽ 1800 കോടി രൂപ കൊടുക്കേണ്ടിവരും. അങ്ങനെ വന്നാൽ ഖജനാവ് വട്ടപൂജ്യത്തിലേക്ക് അതായത് മൈനസ് 173.46 കോടി രൂപയാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്. ഉടൻ കൊടുത്തു തീർക്കാനുള്ള ബാധ്യതകൾ ഓരോന്നെടുത്തു നോക്കിയാൽ 6302 കോടി രൂപയും ഷോർട്ട് ടേം ലയബിലിറ്റിയായി 4326 കോടിരൂപയും ഉൾപ്പെടെ 10628 കോടി രൂപ ഉടൻ കൊടുത്തുതീർക്കേണ്ട ബാധ്യതാ പട്ടികയിൽ നിൽക്കുകയാണ്. അങ്ങനെ ബാധ്യതാപട്ടികയിലും കടക്കെണിയിലും കഴിഞ്ഞ ഗവൺമെന്റ് കൊണ്ടെത്തിച്ചിട്ടുപോലും ജനക്ഷേമകരമായ പദ്ധതികൾ പ്രഖ്യാപിക്കാൻ സാധിച്ച എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാന ഖജനാവ് വറ്റുമ്പോഴും 881 കോടിരൂപയുടെ നികുതി ഇളവും, 440 കോടി രൂപയുടെ വാണിജ്യ നികുതിക്ക് സ്റ്റേയും നൽകിയത്, യു.ഡി.എഫ്. സർക്കാരിന്റെ ഏതു നയത്തിന്റെ ഭാഗമാണ്? അഴിമതിയുടെ ഭാഗമാണെന്നാണ് പറയാനുള്ളത്. 2015 മാർച്ചുവരെ 13019 കോടിരൂപയുടെ നികുതി പിരിച്ചെടുക്കാനുണ്ടായിരുന്നു. അതിൽ 5158 കോടി രൂപയുടെ കുടിശ്ശിക സംബന്ധിച്ച കേസ്സും ഉണ്ടായിരുന്നു. 7861 കോടിരൂപ പിരിച്ചെടുക്കാൻ കഴിയുമായിരുന്നിട്ടും, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടുമാത്രമാണ് ആ തുക പിരിച്ചെടുക്കാൻ കഴിയാതെ പോയത്. 1957 മുതൽ 2011 വരെയുള്ള പൊതുകടവും, ബാധ്യതയും 78,673.44 കോടിരൂപയാണ്. എന്നാൽ 2011 മുതൽ 2016 വരെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള കടവും, ബാധ്യതയും 76,716.09 കോടി രൂപയായിരുന്നു. ആകെ കടം 1,55,389.33 കോടി രൂപ. അതിനർത്ഥം 55 വർഷം കൊണ്ട് വിവിധ ഗവൺമെന്റുകൾ ഉണ്ടാക്കിയ കടത്തിന്റെ നേരെ പകുതിയും കഴിഞ്ഞ അഞ്ചു വർഷം കൊണ്ടാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് വരുത്തിയത് എന്നാണ്. കടമെടുത്ത് ധൂർത്തടിച്ച് കുടം മുടിച്ച പഴയ നാട്ടുപ്രമാണിയെപ്പോലും നാണിപ്പിക്കുന്ന തരത്തിലായിരുന്നു കഴിഞ്ഞ ഉമ്മൻചാണ്ടി ഗവൺമെന്റ് ഭരിച്ചത്. അഴിമതിയുടെ കാര്യത്തിൽ അതിവേഗത്തിലും,ധൂർത്തിന്റെ കാര്യത്തിൽ ബഹുദൂരത്തിലുമായിരുന്നു. അതുകൊണ്ടാണ് കടമെടുത്ത് പലിശകയറി ആത്മഹത്യയിലേക്ക് നടന്നടുക്കുന്ന കേരളീയരെ നോക്കി ചില കവികൾ"പലിശ പട്ടിണി പടി കയറുമ്പോൾ പുറകിലെ മാവിൽ കയറുകൾ കാണാം" എന്ന് പാടിയത്. പക്ഷേ ഇവിടെ ആ പലിശ പട്ടിണി

പടി കയറി ആത്മഹത്യയിലേക്ക് പോകുന്ന ഓരോ കേരളീയന്റെ തലയിലും കാണാക്കടമായി 47000-ത്തിലധികം രൂപ കെട്ടിവച്ചതും കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിന്റെ നേട്ടമാണോ, കോട്ടമാണോ എന്നവർ ചിന്തിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞാൻ ടി.വി.-യിലൂടെ ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കാണാനിടയായി. അന്നാണ് എനിക്ക് മനസ്സിലായത് യു.ഡി.എഫ്.-ലെ അംഗങ്ങൾക്കൊക്കെ ഒപ്പനപ്പാട്ടും, ഒപ്പനകളിയും അറിയുമെന്ന്. നടുക്ക് നാണം മറയ്ക്കുന്നതിന് വേണ്ടി മാണിസാറിനെ നിർത്തി ഈ സഭയ്ക്കകത്ത് വന്ന് ഒരു കടലാസ്സ് ഉയർത്തി ബഡ്ജറ്റ്, ബഡ്ജറ്റ്, ബഡ്ജറ്റ് എന്നുപറഞ്ഞ് അപ്പോൾ തന്നെ സഭ പിരിഞ്ഞതും കേരളീയർ കണ്ടതാണ്. അപ്പോഴാണ് മാണിസാറിന് ലഡ്ഡുവിന്റെ മധുരം കൊടുത്തത്. മാണിസാർ ലഡ്ഡു കഴിച്ച് മധുരം നുണഞ്ഞപ്പോൾ വിലക്കയറ്റത്തിന്റേയും വിലത്തകർച്ചയുടേയും പട്ടിണിയുടേയും ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടേയും തകർച്ചയിൽ കയ്പിന്റെ കണ്ണുനീർ കേരളത്തിന്റെ മൂന്നേകാൽ കോടി ജനങ്ങൾ കുടിക്കേണ്ടിവന്നു എന്നത് ഞങ്ങൾ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ ഈ കയ്പിന്റെ കണ്ണുനീർ കുടിക്കുന്ന കേരളീയ ജനതയ്ക്ക് ആശ്വാസത്തിന്റെ പൊൻകിരണം പോലെയാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ്, അതിൽ ഞാൻ അഭിമാനിക്കുന്നു. അഴിമതിക്ക് പുതിയ മുഖം വന്നിരിക്കുകയാണ്, അതിർത്തി കടന്നുവരുന്ന എല്ലാ ചെക്കുപോസ്റ്റുകളിലും ഇപ്പോൾ അഴിമതിയുടെ പുതിയ മുഖം വന്നിരിക്കുന്നു. ആർ.ടി.ഒ.-ക്ക് പണ്ട് ആർ.സി ബുക്കിനകത്ത് പണം കൊടുത്തിരുന്നത് പിന്നീട് ഒഴിഞ്ഞ കുപ്പിക്കകത്തും, കാലിയായ കരിക്കിനകത്തും ഇപ്പോൾ അത് പണം പറ്റുന്ന രീതിയിലേക്കുമാണ് മാറുന്നത്. ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട നികുതിയിനത്തിൽ 29000 കോടി രൂപയാണ് ഉണ്ടായിരുന്നതെങ്കിൽ, അന്ന് അന്തിക്ക് വീതംവച്ചെടുക്കാൻ അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി ചവറുകൂട്ടയിൽ മാറ്റിവച്ചത് 39000 കോടി രൂപയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിലാണ്, സഖാവ് പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റിലാണ് ജനങ്ങൾക്ക് വിശ്വാസം. അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെ ഭാഗമായി ശക്തമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ സംസ്ഥാന പോലീസ് സേനയിൽ കഴിഞ്ഞ 5 വർഷത്തിനിടെ കൈക്കൂലി, അഴിമതി കേസ്സുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് ഞാൻ ചോദ്യം ചോദിച്ചതിന് വിശദമായ മറുപടി കിട്ടി, ഐ.പി.എസ്. - 1, ഡിവൈ.എസ്.പി. - 2, സി.ഐ. - 10, എസ്.ഐ - 15, എ.എസ്.ഐ - 7, എസ്.സി.പി.ഒ. - 8, സി.പി.ഒ. - 7, ഡ്രൈവർ

(എസ്.സി.പി.ഒ) - 1 ഉൾപ്പെടെ 51 പേർക്കെതിരെ വിജിലൻസ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നു. സമരം നടത്തുന്നവരുടെ നേർക്ക് ചീറിപ്പായുന്ന പോലീസിനെയല്ല, ആ സമരം നടത്തുന്നവരുടെ കാര്യങ്ങളിൽ ഇടപെടുന്ന ജനപക്ഷ പോലീസിനെയാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അഴിമതിക്കാരായ, വേലിതന്നെ വിളവ് തിന്നുന്ന ഈ കാലഘട്ടത്തിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ഈ ഗവൺമെന്റിന് കഴിയും, അതാണ് ജനങ്ങളും പ്രതീക്ഷിക്കുന്നത്. ഏറെ പ്രതിസന്ധിയുണ്ടെങ്കിലും അഭിമാനാർഹമായ ചില കാര്യങ്ങൾ നെൻമാറ മണ്ഡലത്തിനുവേണ്ടി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചതിൽ നെൻമാറയിലെ ജനങ്ങൾ ഏറെ സന്തോഷിക്കുന്നുവെങ്കിലും മഴനിഴൽ പ്രദേശമായി മാറിക്കൊണ്ടിരിക്കുന്ന ചിറ്റൂർ മേഖലയിലെ ചില കാര്യങ്ങളുണ്ട്. അതിലൊന്ന് പണ്ടുപണ്ടേ മറന്നുപോയ പറമ്പിക്കുളം-ആളിയാർ കരാറിന്റെ പുതുക്കലാണ്. 30 വർഷത്തിലൊരിക്കൽ പുതുക്കേണ്ട കരാർ ഇപ്പോഴും പുതുക്കിയിട്ടില്ല. അതുകൊണ്ടുതന്നെ കുടിവെള്ളത്തിനും, ജലസേചന സൗകര്യത്തിനും പ്രയാസപ്പെടുന്ന ഒരു മണ്ഡലത്തിലെ പ്രതിനിധിയാണ് ഞാൻ. അവിടെ പറമ്പിക്കുളം-ആളിയാർ-കുരിയാർകുറ്റി പദ്ധതിക്കുപകരം കുരിയാർകുറ്റിയിൽ നിന്നും ഒഴുകിപോകുന്ന വെള്ളത്തെ ടണൽ വഴി താഴെ ചുള്ളിയാർ ഡാമിലേക്ക് എത്തിച്ചാൽ ജലലഭ്യത വർദ്ധിപ്പിക്കാനും കുടിവെള്ള പ്രശ്നം പരിഹരിക്കാനും കഴിയും. 1911-ൽ ബ്രട്ടീഷുകാർ പണിത 106 വർഷം പിന്നിട്ട ഊട്ടറപാലം അപകടകരമായ അവസ്ഥയിലാണ്. അവിടെയൊരു പാലം പണിയാൻ നമുക്ക് കഴിയണം. അതുപോലെ ഗവൺമെന്റ് കോളേജോ, എയ്ഡഡ് കോളേജോ ഇല്ലാത്ത നെന്മാറ മണ്ഡലത്തിൽ ഒരു കോളേജ് അനുവദിക്കണം. അതുപോലെ –ഏഷ്യയിലെ മാംഗ്രോ സിറ്റി എന്നറിയപ്പെടുന്ന മുതലമട ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പഴം, പച്ചക്കറി സംഭരണ-സംസ്കരണ ഫാക്ടറിയും വിപണന രംഗത്ത് ഒരു ഹബ്ബും പ്രതീക്ഷിക്കുന്നു. ടൂറിസത്തിന് ഏറെ സാധ്യതയുള്ള പറമ്പിക്കുളം, നെല്ലിയാമ്പതി, ചുള്ളിയാർ, മീങ്കര, പോത്തുണ്ടി ഡാമുകൾ ഉൾപ്പെടുന്ന മേഖലയ്ക്ക് ഒരു പുതിയ ടൂറിസം പാക്കേജും പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ ഈ ജനപക്ഷത്തിന്റെ, സ്ത്രീപക്ഷ വികസനത്തിന്റെ, വിദ്യാർത്ഥിപക്ഷത്തിന്റെ, യുവജനപക്ഷത്തിന്റെ, തൊഴിലാളിപക്ഷത്തിന്റെ വികസവനമുറപ്പുവരുത്തുന്ന ഈ ജനകീയ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയും അനുമോദിക്കുകയും ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പതിനാലാം കേരള നിയമസഭയിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട്

ഞാൻ ഇവിടെ നിൽക്കുമ്പോൾ, പഴയകാല ബഡ്ജറ്റുകളടക്കമുള്ള ഏറെ കാര്യങ്ങൾ ഞാൻ സമയമെടുത്ത് പരിശോധിക്കുകയുണ്ടായി. 1970-1980 കാലഘട്ടങ്ങളിൽ സി. അച്യുതമേനോന്റെയും മഹാനായ സി.എച്ച്. മുഹമ്മദ് കോയയുടെയും കൂടെപെരിന്തൽമണ്ണ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് എന്റെ പിതാവ് കെ.കെ.എസ്. തങ്ങൾ അടക്കമുള്ളവരുടെ കാലഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായ, യാഥാർത്ഥ്യബോധമില്ലാത്ത ഒരു സ്വപ്ന ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്നുള്ളതുകൊണ്ട് ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് വസ്തുതകൾക്ക് നിരക്കാത്തതും സംസ്ഥാനത്തിന്റെ ക്രെഡിബിലിറ്റി ഇല്ലാതാക്കുന്നതുമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് തുടക്കത്തിൽ തന്നെ സൂചിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മാന്ദ്യത്തെ മറികടക്കാനുള്ള നിർദ്ദേശങ്ങളൊന്നും വയ്ക്കാതെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ മേഖലയിലുള്ള പദ്ധതികൾ പ്രതീക്ഷ ഉളവാക്കുന്നവയാണെങ്കിലും അവ നടപ്പിൽ വരുത്തുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകളെപ്പറ്റി വ്യക്തമായി പരാമർശിക്കാതെയാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചത്. നികുതിയിലുള്ള വർദ്ധനവ് ഈ ചെലവുകൾ മറികടക്കാൻ അപര്യാപ്തമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള, മാന്ദ്യം മറികടക്കാനുള്ള പദ്ധതികളിൽ വലിയ തോതിലുള്ള അവ്യക്തത നിലനിൽക്കുന്നു.മാന്ദ്യം മറികടക്കാൻ 'കിഫ്ബി'-യെ ഉപയോഗിച്ച് കമ്പോളത്തിൽനിന്നും പണം സമാഹരിച്ച് അടിസ്ഥാന വികസനത്തിന് ഉപയോഗപ്പെടുത്തുമെന്നാണ് പറയുന്നത്. സ്വകാര്യ നിക്ഷേപകരുമായി കൂടിച്ചേർന്നുള്ള അടിസ്ഥാന വികസന രീതിക്കെതിരെ ശക്തമായ എതിർപ്പുകൾ നിലനിൽക്കുമ്പോൾ ഏത് നിക്ഷേപകരാണ് കേരളത്തിൽ നിക്ഷേപം നടത്താൻ വരുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ സ്വകാര്യമേഖലയിൽ നിന്നുപോലും ധാരാളം നിക്ഷേപമെത്തിക്കുമെന്ന് പ്രഖ്യാപിച്ചതിനുശേഷം അവതരിപ്പിച്ചിരിക്കുന്ന ഒരു ബഡ്ജറ്റാണിത്. അതുകൊണ്ട് ആ മാന്ദ്യം നിലനിൽക്കുമ്പോൾ സ്വകാര്യ മേഖലയിൽനിന്നും നിക്ഷേപകർ വരാതിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്ത് ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കെടുകാര്യസ്ഥതയും അഴിമതിയും ഒഴിവാക്കിയാൽ നികുതി വരുമാനം ഗണ്യമായി ഉയർത്താൻ കഴിയുമെന്നും ആരോഗ്യമേഖലയിലൊഴികെ പുതിയ സ്ഥാപനങ്ങളോ തസ്തികകളോ സൃഷ്ടിക്കുന്നത് രണ്ട് വർഷത്തേക്ക് മാറ്റിവച്ചാൽ റവന്യൂ ചെലവ്

നിയന്ത്രണവിധേയമാക്കാമെന്നും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റവതരണ വേളയിൽ പറയുകയുണ്ടായി. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ആരോഗ്യ മേഖല ഒഴികെയുള്ള മേഖലകളിൽ നിയമനം നടത്തുകയില്ലെന്നും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയില്ലെന്നും പറയുമ്പോൾ കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ 2500-ഓളം വരുന്ന തസ്തികകൾ നിലനിൽക്കുകയാണ്. കൂടാതെ ഗവൺമെന്റ് കോളേജുകളിലും ആയിരത്തിലധികം പോസ്റ്റുകൾ നിലനിൽക്കുകയാണ്. ആ പോസ്റ്റുകളിൽ നിയമനം നടത്തുകയില്ലായെന്ന് പറയുമ്പോൾ നയപ്രഖ്യാപന പ്രസംഗത്തിലും പ്രകടന പത്രികയിലുമടക്കം കേരളത്തിലെ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്, ആ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ നടപടികളുമായി മുന്നോട്ട് പോകില്ലെന്ന് വ്യക്തമാക്കുകയാണ്. നിയമന നടപടികൾ നിർത്തിവയ്ക്കുക എന്നതിനപ്പുറത്ത് നിയമന നടപടികൾ ഇല്ലാതായിപ്പോകുമ്പോൾ ആ രണ്ട് വർഷക്കാലം കേരളത്തിലെ വിദ്യാഭ്യാസ മേഖലയടക്കമുള്ള മേഖലകൾ പുറകോട്ട് പോകുന്ന ഒരു അവസ്ഥാവിശേഷം കേരളത്തിൽ സംജാതമാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് കേരളത്തിലെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും വലിയ ധനകാര്യ വിദഗ്ദനാണെന്നും ഉന്നതനായ ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് നമ്മളടക്കമുള്ള ആളുകൾ പറയുമ്പോൾ, ഈ സംസ്ഥാനത്തിന്റെ കാതലായ വിഷയങ്ങളെപ്പറ്റി പറയാതെ സംസ്ഥാനത്ത് അവതരിപ്പിച്ച ഇങ്ങനെയുള്ള ഒരു ഊഹാപോഹ സ്റ്റേറ്റ്മെന്റ് അങ്ങയിൽനിന്നും ഉണ്ടാകാൻ പാടില്ലായിരുന്നു. ഒരു ലക്ഷത്തോളം കോടി രൂപ സംസ്ഥാനത്ത് മുതൽ മുടക്കുണ്ടാക്കാൻ കഴിഞ്ഞാൽ ഈ സംസ്ഥാനത്തിന്റെ മുരടിപ്പ് മാറുമെന്നാണ് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. ഈ സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപ ഉണ്ടാക്കാൻ കഴിഞ്ഞാൽ എന്നു പറയുമ്പോൾ സംശയത്തിനും മുകളിൽ നിന്നുകൊണ്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്നത് ഖേദകരമാണ്. ഈ സംസ്ഥാനത്ത് അനാവശ്യ ചെലവുകൾ ചുരുക്കാനോ ധൂർത്ത് അവസാനിപ്പിക്കാനോ ഉള്ള ഒരു നടപടിയും ഈ ബഡ്ജറ്റിൽ കോൺക്രീറ്റായി പറയാത്തതുകൊണ്ടുതന്നെ ബഡ്ജറ്റിന്റെ പ്രായോഗികത നടപ്പിൽ വരുത്താൻ സാധിക്കാത്ത ഒരു അവസ്ഥാവിശേഷമുണ്ടാകാൻ പോകുകയാണ്. 2006-2011-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ കാലഘട്ടങ്ങളിൽ സർക്കാർ

ജീവനക്കാരുടെ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2006-2011-ലെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അന്ന് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം, അതിനുശേഷം അധികാരത്തിൽവന്ന ഐക്യജനാധിപത്യമുന്നണി സർക്കാരാണ് പ്രയോഗവൽക്കരിച്ചത്. 2011 മുതൽ 2016 വരെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഐക്യജനാധിപത്യമുന്നണിയുടെ അതേ സർക്കാർ തന്നെയായിരുന്നു കേരളത്തിൽ രണ്ടാമതൊരു ശമ്പള പരിഷ്കരണം നടപ്പിലാക്കിയതെന്നുള്ളത് സ്തുത്യർഹമായ കാര്യമാണ്. രണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കി ഈ സംസ്ഥാനത്തെ ജീവനക്കാർക്ക് മുഴുവൻ ശമ്പളം നൽകി അഭിനന്ദനാർഹമായ നിലപാടെടുത്ത ഐക്യജനാധിപത്യമുന്നണിയുടെ സർക്കാരിനെ അഭിനന്ദിക്കാൻ കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അങ്ങുതന്നെ അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു 23,900 കോടി രൂപയാണ് റവന്യൂ കമ്മിയായി പിരിച്ചെടുക്കാനുണ്ടെന്നാണ്. 20,000 കോടി രൂപ ഒരു വർഷത്തിൽ കമ്മിയുണ്ടാകുമെന്ന് അങ്ങ് തന്നെ സൂചിപ്പിക്കുകയും ചെയ്യുന്നു. 23,000 കോടി രൂപ പിരിച്ചെടുക്കാനുള്ള ഇച്ഛാശക്തിയും ആർജ്ജവവും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും കാണിച്ചാൽ ബാക്കിവരുന്ന 3000 കോടി രൂപ ഈ സംസ്ഥാനത്തെ പൊതുസമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ വിനിയോഗിക്കാൻകഴിയുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കാൻ കഴിയുന്നതാണല്ലോ. അതോടൊപ്പംതന്നെ ഈ ബഡ്ജറ്റിന്റെ ആദ്യപാദത്തിൽ സംസ്ഥാന വരുമാനത്തിന്റെ മുഖ്യഘടകം ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അത് സന്തോഷം പകരുന്നതും സ്വാഗതാർഹവുമായ കാര്യമാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനായി ഗൾഫ് രാജ്യങ്ങളിൽ പോയി തന്റെ കുടുംബങ്ങളെയെല്ലാം മറന്നുകൊണ്ട് ജോലിചെയ്ത് ഈ സമൂഹത്തിനൊന്നാകെ പ്രത്യേകിച്ച് കേരളീയ സമൂഹത്തിന് ഗുണകരമായ സാമ്പത്തിക ഉന്നതിയുണ്ടാക്കാൻ ശ്രമിക്കുന്ന ഈ രാജ്യത്തെ പ്രവാസികൾ അവരുടെ മാതൃരാജ്യത്തേക്ക് മടങ്ങിവരുന്നതിനുള്ള ഒരു സാഹചര്യമാണ് ഗൾഫിൽ നിലനിൽക്കുന്നതെന്ന് നമുക്കെല്ലാപേർക്കും അറിയാം. സ്വദേശിവൽക്കരണം കൊണ്ടും നിയമത്തിന്റെ പിടിയിലകപ്പെട്ടും തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്കു വേണ്ടി വെറും 24 കോടി രൂപ മാത്രമാണ് അങ്ങയുടെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഇത് അപര്യാപ്തമായ തുകയാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. തിരിച്ചുവരുന്ന ഗൾഫ് മലയാളികളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഇതോടൊപ്പംതന്നെ അധികാര വികേന്ദ്രീകരണവും താഴെത്തട്ടിലുള്ള

ആസൂത്രണവുമൊക്കെ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ആളുകളും ഐക്യജനാധിപത്യ മുന്നണിയുടെ സർക്കാരും കൊണ്ടുവന്ന കാര്യങ്ങളാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണത്തിന്റെ പാതയിലൂടെയാണ് അങ്ങയുടെ ഗവൺമെന്റും സഞ്ചരിക്കാൻ തീരുമാനിച്ചിരിക്കുന്നതെങ്കിൽ അത് നമ്മുടെ കേരളത്തിന് വല്ലാത്ത നഷ്ടമാണുണ്ടാക്കുവാൻ പോകുന്നത്. യാഥാർത്ഥ്യ ബോധമില്ലാതെ സ്വപ്നങ്ങളുടെ മുകളിൽ നിന്നുകൊണ്ട്, ഊഹാപോഹങ്ങളുടെ മുകളിൽ നിന്നുകൊണ്ട് അവതരിപ്പിച്ച ഈ ബഡ്ജറ്റ് കേരളത്തിന് ഗുണകരമല്ല. "ഉപ്പ് ചുമന്ന് നടക്കുന്നവനൊരു കപ്പല് കടലിലിറക്കാൻ മോഹം" എന്ന് പറയുന്നതുപോലെയാണ് അങ്ങും അങ്ങയുടെ ഗവൺമെന്റും. ഒരു മോഹവലയത്തിൽപ്പെട്ട് കേരളീയ സമൂഹത്തെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണെന്ന ഖേദകരമായ വസ്തുത പറയുകയാണ്. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ തൃശ്ശൂർ മുതൽ കോഴിക്കോട് വരെയുള്ള ഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന വളാഞ്ചേരി പ്രദേശത്ത് റിംഗ് റോഡ് അനുവദിച്ചുകൊണ്ട് അവിടത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സഹായിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

<u>തിരു. എസ്. രാജേന്ദ്രൻ:</u> സർ, പട്ടിജ്ജെറ്റെ ആതരിപ്പതോടു വരവേറ്റ്കിറേൻ. മുൻപു പാരതി ഒരു പാടൽ പാടിയിരുക്കിറാർ. അതിൽ,

'എന്റു തണിയും ഇന്ത സുതന്തിര താകം

എന്റു മടിയും ഇന്ത സുതന്തിര മോകം'

ഇതു സുതന്തിര ഇന്തിയാവിറ്ക്കു മുൻപു പാടപ്പട്ടതു. ഇന്തിയാ സുതന്തിരം അടൈന്തു എഴുപതു ആണ്ടു കാലം ആകിയപോതും ഇന്ത വരികളിൻ അർത്തതൈ ഇനിയും മാറ്റപ്പടവേണ്ടും എന്റ എണ്ണം യാരുക്കും ഏറ്പടവില്ലൈ, എന്പതു മട്ടുമല്ല ഇന്ത സപൈ തൊടങ്കിയ നാൾ മുതൽ എല്ലാ ആണ്ടും ഇന്ത വരികളൈ മീണ്ടും മീണ്ടും നിനൈവുകൂരുകിന്റ വകൈയിലും താഴ്ത്തപ്പട്ടവർകളുക്കും അടിമൈപടുത്തപ്പട്വർകളുക്കും ഇന്തിയാവിൽ അവർകളുടൈയ വാഴ്നിലൈയിൽ മാറ്റം വരവില്ലൈ എന്റ എണ്ണത്തിൽ നാൻ ഇനിയും ആഴമാക ഇരുക്കിന്റ നിലൈയൈത് താൻ ഉണരുകിറേൻ. പെരുമാൾ മുരുകൻ നാട്ടുപ്പുറ കിരാമീയകവി, കന്നൈയാകുമാർ ഒരു പുരട്ചികരമാന മാണവൻ, രോകിത് വിമുല്ലാ പുരട്ചികരമാന മാണവൻ, നിലംപൂരിലെ കാങ്കിരസ് ആപീസിൽ അടിത്തു കൊലൈചെയ്യപ്പട്ട പെൺ രാതാ

இவர்களுடைய வாழ்க்கைகள் எல்லாம் இன்றும் அரசியல் சூழ்நிலையில் அதிகாரத்தில் கடந்துபோகின்றபாதை, சூழ்நிலைகள் எல்லாம் இந்த உதாரணங்கள் அனைத்தும் பொருளாதார சமுக வாழ்விலே மாற்றம் ஏற்படவில்லை என்பதை சுட்டிக்காட்டுகிறது என்பதில் எந்தவிதமான சந்தேகமுமில்லை. ஆகவே தாழ்த்தப்பட்டவர்களுக்கு கேரளாவை போன்ற இடதுசாரிகள் ஆளுகின்ற மாநிலங்களில் சில மாற்றங்கள் ஏற்ப்பட்டிருக்கலாம், சில முன்னேற்றங்கள் ஏற்ப்பட்டிருக்கலாம். எங்களைபோன்றவர்கள் பதவியில் வந்திருக்கலாம். ஆனால் இந்தியாவில் ஒட்டுமொத்தமாக எந்தவிதமான மாற்றங்ஙகளும் ஏற்ப்படவில்லையென்று ஆணித்தரமாக கூறமுடிகின்றது.

'அழுது என்ன புலம்பி என்ன தோழா

ஒன்றுமே நடக்கவில்லை ரொம்ப நாளா

அருமை தோழா இந்நாட்டிலே'

என்று பட்டுக்கோட்டையினுடைய பாடலும் இதின் பின்னணியில் இன்றும் மாறிவிடவில்லை. சுதந்திர இந்தியாவில் சுதந்திரத்திற்கும் முன்பும் பின்பும் பிஜெபியும் காங்கிரஸும் ஆளுகின்ற நிலையிலும் இதில் மாற்றம் இல்லைஎன்பதுதான் பிஜெபி, காங்கிரஸ் ஆட்சியின் சாதனைகளாக தொடர்கின்றது என்தை சுட்டிக்காட்ட ஆசைப்படுகிறேன். ஆகவே,

'என்று தணியும் இந்த சுதந்திர தாகம்

என்று மடியும் இந்த சுதந்திர மோகம்'என்பது இனியும் தாழ்த்தப்பட்டவர்களுக்கு தொடர்கின்றது, அவர்களுக்கு நீதி என்பது எட்டாக்கனியாக இன்றும் தொடர்கின்றது. கேளாவில் புதுமை பெண்ணாக புரட்சிபெண்ணிற்க்கு பாரதி கண்ட பெண்ணாக கனவு காண்கின்ற கேரளாவில் புதிய இலாகா அனுமதிக்கப்பட்டது என்பதை இந்த சந்தர்ப்பத்தில் நான் இந்த அரசை பாராட்ட கடமைபட்டிருக்கிறேன். எனது தொகுதி மிகவும் பின் தங்கிய ஆதிவாசிகளும் தோட்டத்தொழிலாளிகளும் அதுபோன்று வறுமைகோட்டில்இருக்ககூடிய விவசாயிகளுக்கு இருக்ககூடிய பிரச்சினையில் வாழ்வாதாரத்தில் மிகவும் பின்தங்கிய தொகுதி. வாழ்க்கைதரம் பல்வேறு நிலைகளில் இருக்கின்றது என்பதில் தொழிலாளிகளைபொறுத்வரையில் வறுமை இப்போதும் அவர்களை

விட்டுவிடவில்லை. அதே சந்தற்ப்பத்தில் 1950- ல் இந்த மாநிலமே உருவாவதற்கு முன்பு முதல் இங்கு வாழ்ந்ததற்கான அத்தாட்சி கேட்டு மாணவர்களும்..... OBC க்கும் SC க்கும் ஜாதி சான்றிதழ் வழங்குதில் இப்போதும் மாற்றம் ஏற்ப்பவில்லை. அவர்களுக்கு ஜாதி சான்றிதழ் கிடைக்க வேண்டிய அவசியம் இருக்கின்றது. Entrance தேர்வு எழுதுவதற்க்குகூட அனுமதி கொடுக்கப்படுவதில்லை. APL BPL என்ற நிலையிலும் வறுமைகோட்டுக்குள் இருக்ககூடிய ஆதிவாசிளுக்கும் தோட்ட தொழிலாளிளுக்கும் எந்தவித சலுகைகள் கிடைப்பதில்லை. இப்படிபட்ட நிலைகள் எல்லாம் தொடர்வது மட்டுமல்ல, இடுக்கியை பொறுத்தவரையில் 1977-ல் குறிப்பிட்டுள் பட்டாபூமி என்றநிலையில் விவசாயிகளுக்கும் தொழிலாளிகளுக்கும் ஆதிவாசிகளுக்கும் வீடுகட்டுவதற்கான உரிமை, அத்தாட்சி, கட்டிய வீட்டில் இருக்ககூடிய உரிமை, EFL ESI CRZ, காட்கில், கஸ்தூரிரங்கன் றிப்போர்ட் இவற்றில் இருக்ககூடிய நெருக்கடி இவைஅனைத்தும் அந்த மண்ணைவிட்டு வெளியே எங்காவது செல்லவேண்டிய நிலை உருவாகியுள்ளது. சென்ஷன்-5-ல் மரம் வெட்டிவிடகூடாது என்ற உத்தரவில்லாமல் சட்டமில்லாமல் வனதுறைமுலமாக பட்டாநிலத்தில் நட்டு வளர்த்திய மரத்தை வெட்ட முடியாதநிலை கடந்த காங்கிரஸ் ஆட்சியில் இருந்தது. இப்போதும் தொடர்கின்றது, இதன்மூலமாக பூமியை விற்க முடியவில்லை கடனை அடைக்கமுடியவில்லை, இப்படி வாழ்க்கையினுடைய பிரச்சினை தொடர்ந்துள்ள சூழ்நிலையில் தொழிலாளிகளுக்கு சம்பளமில்லை, கடந்த காங்கிரஸ் ஆட்சிகாலத்தில் சம்பளத்திற்க்கு ஒப்பந்தம் ஏற்படுத்தப்படவில்லை என்பது மட்டுமல்லாமல் அதிக வேலை அதிக கூலி என்று தமிழ்நாட்டில் இருப்பதுபோன்று அதிக வேலை செய்தால் அதிக கூலி என்று ஒப்பந்தம் ஏற்படுத்தால் இப்போதும் அவர்களுக்கு பொருளாதார நெருக்கடி தொடர்ந்துகொண்டிருக்கின்றது. இப்படிப்பட்ட சந்தர்ப்பத்திலும் றீ சர்வே மூலமாக ராஜாக்களுடைய காலத்தில் சுதந்திரத்திற்க்குமுன்பு 1958 காலகட்டத்தில் கொடுத்த பட்டாவினுடைய பூமியை மீண்டெடுக்ககூடிய நிலையில் வனதுறையினருடைய பிரச்சினை மிகவும் அதிகமாக இருக்கின்றது. இப்படிபட்ட சந்தர்ப்பத்தில் தமிழ் மக்களுடைய வாழ்க்கை சூழ்நிலைகளை மனதில் வைத்துகொண்டு அண்ணா டீஎம்கெ போன்ற தமிழககட்சிகள் பணத்தைகொடுத்து ஆட்களை ஏமாற்றி அங்குள்ள மற்ற

இயக்கங்களோடு சேர்ந்து கொண்டு மொழிவாரி பிரச்சினைகளை உருவாக்ககூடிய நிலைகளும் இருக்கின்றது என்பதை அரசு எச்சரிக்கையோடு செயல்படவேண்டும் என்று இந்த சந்தர்ப்பத்தில் சுட்டிகாட்டிகொள்ள ஆசைபடுகின்றேன். 2006-ல் இடதுசாரி ஆட்சிகாலத்தில் தோழர் வி.எஸ். அச்சுதானந்தனும் தோழர் கெ.பி. ராஜேந்திரன் ஆவர்கள் மந்திரியாக இருந்த நேரத்திலும் 3400 பேருக்கு பூமி கொடுக்கப்பட்டது. அன்று பத்து சென்ட் வீதம் கொடுக்கப்பட்டது, பலரும் வீடும் கட்டிவிட்டார்கள். அஞ்சு சென்ட் வீதம் கொடுக்கப்பபட்டபூமி பட்டாகொடுக்கப்பபட்டது, வரி அடைக்கபடுகிறது, ஆனால் பூமிக்கு சென்ற 146 பேரை காங்கிரஸ் ஆட்சியில் புறக்கணித்தார்கள். இனியும் 2400 பேருக்குபூமி கொடுக்காமல் அவர்கள் இப்போதும் வரி அடைக்கின்ற நிலையுள்ளது. அது மாறப்படவேண்டும். அவர்களுக்குவீடு கட்ட பணமும், அனுமதியும் கொடுக்கப்படவேண்டும். குட்டியார் வயலில் அவர்களுக்கு செல்ல அனுமதியும் அளிக்கவேண்டும். தொழிலாளிகளும் ஆதிவாசிகளும் விவசாயிகளும் காடுகளுக்கு செல்லும்போதும் வனவிலங்குகளால் ஏற்படும் நஷ்டம் அதிகமா உள்ளது. அது முறையீட்டினால் தீருவதில்லை.அவர்களுடைய நஷ்டத்திற்க்கு கொடுக்ககூடிய பணம் மிகவுத் குறைவு. என்றோ நிச்சயிக்கப்பட்ட அஞ்சும் பத்தும் ரூபாயாக உள்ளது. இன்றைய விலைவாசியின் அடிப்பபடையில் நஷ்டாடு அதிக அளவில் கொடுக்கபடவேண்டும். சமீபத்தில் குஞ்சுதனியில் மூன்று பெண் தொழிலாளிகள் மழையினால் மரம் முறிந்து விழுந்து மரணம் அடைந்தார்கள், அவர்களுடைய பரிதாபமான குடும்ப நிலையில் கூட அவர்களுக்கு உதவி செய்ய முடியாத நிலை இருந்தது. Disaster management னுடைய நிலை இன்றும் பல இடங்களில் ன்று சேராத சூழ்நிலை இருக்கின்றது. ஆகவே அவர்களுடைய இயற்கையினால் ஏற்ப்படகூடிய பிரச்சினைகளை தீர்க்கவும் அவர்களுடைய பொருளாதார பிரச்சினைகளை தீர்க்கவும் தக்க நடவடிக்கைகள் எடுக்கபடவேண்டும், வனமிருகங்கள் இப்போதும் வனபகுதிகளில் கொடுக்ககூடிய தொந்தரவுகளை தீர்க்கூடிய நடவடிக்கைகள் எடுக்கபடவேண்டும். ஆகவே இந்j காரியங்களை நல்ல முறையில் ஆராய்நது தீர்வு காணவேண்டும். நமது தோழர் திரு பிணறாயி விஜயன் அவர்கள் முல்லை பெரியார் விஷயத்திற்க்கு ஒரு முற்றுப்புள்ளி வைக்கவும் தொலைதூர கண்ணோட்டத்திலே காணவும் அவர்கள் எடுத்த

നടവടിക്കൈ പാരാട്ടിറ്റ്ക്കുറിയ വിഷയം എന്പതെയും ഇന്ത സന്തർപ്പത്തിൽ കൂറിയകൊള്ള ആശൈപടുകിറേൻ. ആകവേ എല്ലാ വിതമാന പാരാട്ടുക്കളെയും ഇന്ത അരസിറ്കു തെരിവിത്തുകൊണ്ടു പട്ജെട്ടെ വരവേറ്റും ആതരിത്തും എന്നുടെയ ഉരൈയെ നിറൈവു ചെയ്കിറേൻ.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് സാമാന്യേന ഭേദപ്പെട്ട ബഡ്ജറ്റാണെന്നാണ് എന്റെ അഭിപ്രായം. പക്ഷേ ഈ ബഡ്ജറ്റിൽ ഡോ. തോമസ് ഐസക്കിന് സ്വപ്നം കൂടുതലാണ്. അദ്ദേഹം മറന്നുപോയ ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കാം. നാടാർ/ മുസ്ലീം പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് 125 രൂപയാണ്. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി 1000 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതുവരേയും വർദ്ധിപ്പിച്ചിട്ടില്ല. അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. കൂടാതെ വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് കടക്കെണിയിലായ ജനങ്ങളെ രക്ഷിക്കാൻ ഒരു നടപടി ആവശ്യമാണ്. അതിന് 100 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അത് എങ്ങനെ ചെലവഴിക്കാൻ പോകുന്നു എന്ന് വിശദീകരിക്കണം. കർക്കടക മാസത്തിൽ ജനങ്ങൾ വളരെ ഗതികേടിലാണ്. മുഖ്യമന്ത്രിയുമായി ആലോചിച്ചതിനുശേഷം നിർബന്ധമായും ജപ്തി നടപടികൾ നിർത്തിവയ്ക്കണം. പ്രത്യേകിച്ച് റിലയൻസ് കമ്പനി വീട്ടുകാരെപ്പോലും കൊങ്ങയ്ക്കുപിടിക്കുന്ന നിലയിലാണ് നീങ്ങുന്നത്. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്റ്റേ ചെയ്തതുപോലെ തല്ക്കാലം അത് നിർത്തിവച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ ഭാഗ ഉടമ്പടിക്ക് 3 ശതമാനം ടാക്സ് ഏർപ്പെടുത്തിയത് ആരെ കൊല്ലാനാണ്? ഇതുപോലെ 26,000 കോടി രൂപ ഉണ്ടാക്കാനുള്ള പണി കണ്ടെത്തുന്ന ഡോ. തോമസ് ഐസക് എന്തിനാണ് പാവപ്പെട്ട കുടുംബങ്ങളുടെ ഭാഗ ഉടമ്പടിയിയിൽ കയറിപ്പിടിക്കുന്നത്? വേറെ എത്രയോ മാർഗ്ഗം നിങ്ങൾക്കറിയാം. പോലീസ് വകുപ്പും എക്സൈസ് വകുപ്പും പിടിച്ചെടുത്ത എത്രയോ വാഹനങ്ങൾ എക്സൈസ് ഓഫീസിന്റെയും പോലീസ് സ്റ്റേഷന്റെയും റവന്യൂ ഓഫീസിന്റെയും മുമ്പിൽ കിടപ്പുണ്ട്. അത് ലേലം ചെയ്തുകൊടുത്താൽ നിങ്ങൾക്ക് അതിന്റെ പണം മതിയാകും. ഒരു കാരണവശാലും ആ ഭാഗം അംഗീകരിക്കാൻ കഴിയില്ല. അങ്ങ് അത് നോട്ട് ചെയ്ത് വിത്ഡ്രോ ചെയ്യണം.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ,ഒരു മെമ്പർക്ക് ഭ്രരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ സമയം അനുവദിക്കണം. മൂന്ന് മുന്നണികളേയും തോൽപ്പിച്ച് ഇവിടെ വന്നവനാണ് ഞാൻ. എനിക്ക് പറയാനുള്ള കാര്യത്തിന് അങ്ങ് സമയം അനുവദിച്ചേ പറ്റൂ.വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയം അയ്യാ വൈകുണ്ഠസ്വാമികളെ അങ്ങ് എത്തുകൊണ്ട് മറന്നുപോയി? 'ജാതിയൊന്ന്, മതമൊന്ന്, കുലമൊന്ന്, ദൈവമൊന്ന്, ലോകമൊന്ന്' എന്ന് ആദ്യമായി ലോകത്ത് പ്രഖ്യാപിച്ചത് അയ്യാ വൈകുണ്ഠസ്വാമികളാണ്. ഇത് നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയ്ക്ക് ചോദിക്കുന്നതാണ്. അങ്ങ് ഇക്കാര്യം മറന്നുപോയി. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അന്തർദ്ദേശീയ പഠനഗവേഷണത്തിന് നിർബന്ധമായും പണം നീക്കിവയ്ക്കണം. അതുപോലെ കേരളാ യൂണിവേഴ്സിറ്റിയിൽ വൈകുണ്ഠസ്വാമി ചെയർ സ്ഥാപിച്ച് അതിന്റെ നടത്തിപ്പിനായി നടപടി സ്വീകരിക്കണം. തിരുവനന്തപുരം ജില്ലയിൽ അയ്യങ്കാളിയുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന് നാൽപ്പത് കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പക്ഷേ അത് പര്യാപ്തമല്ല.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങ് വേഗം അവസാനിപ്പിക്കു.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് 28,000 വോട്ടിന്റെ ഭ്രരിപക്ഷമുണ്ട്. അങ്ങ് ഒരു സ്നേഹം കാണിക്കണ്ടേ?

മി. സ്പീക്കർ: അങ്ങയെ പരമാവധി പരിഗണിക്കുന്നുണ്ട്. ഉള്ള സമയം കളയേണ്ട.

ശ്രീ. പി. സി. ജോർജ്: അങ്ങ് സ്നേഹിച്ച് എന്നെ കൊല്ലരുത്. അങ്ങയുടെ പുസ്തകത്തിൽ അങ്ങ് ഗുരുദേവനെക്കുറിച്ച് മുപ്പത് പ്രാവശ്യം പരാമർശിച്ചു. അത് വളരെ നന്നായി. ഞാൻ അതിനെ അനുകൂലിക്കുന്നു. പക്ഷേ അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. അയ്യങ്കാളിയെക്കുറിച്ചുള്ള സംസാരം അങ്ങയുടെ ഭാഗത്തുനിന്ന് അവസാനം ഉണ്ടാകണം. ഞാനിവിടെ രാഷ്ട്രീയം പറയുകയാണെന്ന് തെറ്റിദ്ധരിക്കരുത്. ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ഇവിടെ ഇടതുപക്ഷം വളരെ ശക്തമാണ്. ശ്രീ. പിണറായി വിജയൻ സഖാവിന് ഇവിടെ സുഖമായി ഭരിക്കാം. കാരണം ഇപ്പുറത്ത് കോൺഗ്രസ് ശിഥിലീകരിക്കപ്പെട്ടു. മാത്രമല്ല, പ്രധാനപ്പെട്ട രണ്ടാമത്തെ കക്ഷിയിൽ മുസ്ലീം ലീഗ് മാത്രം പ്രതിപക്ഷം. മൂന്നാമത്തെ കക്ഷി എപ്പോൾ വേണമെങ്കിലും ശ്രീ. പിണറായി വിജയനുവേണ്ടി ഓശാന പാടാൻ തയ്യാറായി നിൽക്കുകയാണ്. അതാണല്ലോ ഡോ. എൻ. ജയരാജിന്റെ പ്രസംഗത്തിൽ കേട്ടത്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. പ്രതിപക്ഷത്തെ ഏറ്റവും പ്രമുഖ കക്ഷിയുടെ നേതാവായ ഡോ. എൻ. ജയരാജ് ഈ ബഡ്ജറ്റിനെ അനുകൂലിച്ചു എന്ന് പറഞ്ഞാൽ എന്താണ്

ഉദ്ദേശ്യം? ഉദ്ദേശ്യം വേറൊന്നുമല്ല. വെറുതെ സഖാവ് പിണറായി വിജയനെ കളിപ്പിക്കുകയാണ്. തൽക്കാലം അഞ്ച് കൊല്ലത്തേക്ക് പിടിച്ചുനിൽക്കുന്നതിനുള്ള കച്ചവടമാണിതെന്ന് ഓർത്താൽ നന്നായിരിക്കുമെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലേയും ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഭൂമി ഇല്ലാത്തവർക്ക് മൂന്ന് സെന്റ് ഭൂമി, വീട് നിർമ്മിക്കുന്നതിന് ഫണ്ട്, വീട് പണി പൂർത്തിയാക്കാത്തവർക്ക് ധനസഹായം, ക്ഷേമപെൻഷനുകളുടെ തുക വർദ്ധനവ് തുടങ്ങിയവ സാധാരണക്കാരായ പാവങ്ങൾക്ക് ആശ്വാസം പകരുന്ന കാര്യമാണ്. വൻകിട പദ്ധതികൾ മുടക്കം കൂടാതെ പൂർത്തീകരിക്കുമെന്നും അതോടൊപ്പം വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വരുത്തുന്ന ഗുണപരമായ മാറ്റം സമൂഹമാകെ പ്രതിഫലിപ്പിക്കുമെന്നും പ്രതീക്ഷിക്കുകയാണ്. റോഡുകളും പാലങ്ങളും ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് ഫണ്ട് വിഭാവനം ചെയ്യുന്ന മാന്ദ്യവിരുദ്ധ പാക്കേജിനെ സ്വാഗതം ചെയ്യുന്നു. എന്റെ മണ്ഡലത്തിലെ ഒൻപത് തുരുത്തുകളെ യോജിപ്പിക്കാൻ സാധിക്കുന്ന ഫാത്തിമ ഐലന്റ്-മുക്കാർഡ് പാലത്തിന് പതിനഞ്ച് കോടി രൂപ വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. എന്നാൽ ബഡ്ജറ്റിന്റെ അച്ചടിയിൽ വന്ന ഫാത്തിമ-അരുളപ്പൻ തുരുത്ത് എന്ന പിശക് ഒഴിവാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് വൻ ലാഭത്തിലായിരുന്ന ചവറ ടൈറ്റാനിയം കമ്പനി ഇപ്പോൾ നഷ്ടത്തിലാണ്. പ്രസ്തുത സ്ഥാപനത്തെ വീണ്ടും ലാഭകരമാക്കാൻ സാധിക്കണം. അവിടെനിന്നുള്ള മലിനീകരണം കാരണം താമസിക്കാൻ സാധിക്കാത്തതിനാൽ 180 ഏക്കറിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിച്ച് സ്ഥലം ഏറ്റെടുക്കണം. ഇതിനായി വ്യവസായ വികസനത്തിന് മാറ്റി വച്ചിരിക്കുന്ന തുക വിനിയോഗിക്കണം. പാരിസ്ഥിതിക പ്രശ്നം അത്യന്തം ഗുരുതരമാണ്. നീണ്ടകര താലൂക്ക് ആശുപത്രിയുടെ വികസനവും അടിയന്തരമായി നടപ്പാക്കണം. ക്യാൻസർ രോഗബാധിതരെക്കൊണ്ട് ഏറ്റവും കൂടുതൽ വലയുന്ന ഒരു പ്രദേശമാണ് ചവറ. ആയതിനാൽ നീണ്ടകരയിൽ ക്യാൻസർ ചികിത്സയ്ക്കായി ഒരു ഹോസ്പിറ്റൽ പണിയുന്നതിനുള്ള തുക കണ്ടെത്തണം. ഇന്ത്യയിൽ ക്യാൻസർ രോഗ ബാധിതരുടെ കാര്യത്തിൽ നാലാം സ്ഥാനത്ത് നിൽക്കുന്ന ഒരു താലൂക്കാണ് കരുനാഗപ്പള്ളി. ആയതിനാൽ അതിനുവേണ്ടിയും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട്

അപേക്ഷിക്കുകയാണ്. എല്ലാം ശരിയായി വരുമെന്ന ആത്മവിശ്വാസം നൽകുന്ന ഈ ബഡ്ജറ്റിനെ ഞാനും എന്റെ കക്ഷിയും സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ആർ സുനിൽ കുമാർ</u>: സർ, ദീർഘവീക്ഷണത്തോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണത്തെ ഞാൻ കവി അയ്യപ്പന്റെ വരികളിലൂടെ പറയാൻ ആഗ്രഹിക്കുകയാണ്.

"നിരത്തിൽ കാറിടിച്ച് കിടക്കുന്ന ഒരുവൻ

അവന്റെ കീശയിൽ നിന്ന് പറന്നുപോയ

അഞ്ച് രൂപ നോട്ടിലായിരുന്ന എന്റെ നോട്ടം".. സ്വന്തം കാര്യങ്ങൾ മാത്രം നടത്തിക്കൊണ്ട് സോളാറിലൂടെയും ബാർ കോഴയിലൂടെയുമെല്ലാം സ്വന്തം കീശ വീർപ്പിക്കുന്ന രീതിയിലേക്ക് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കൊണ്ടെത്തിക്കുകയും സാമ്പത്തിക അരാജകത്വവും അഴിമതിയും കാരണം സംസ്ഥാനത്തെ സാമ്പത്തിക മുരടിപ്പിലേക്കും കടക്കെണിയിലേക്കും തള്ളിവിട്ട ഒരു ഗവൺമെന്റായിരുന്ന കഴിഞ്ഞ കാലങ്ങളിൽ കേരളം ഭരിച്ചുകൊണ്ടിരുന്നത്. ഇന്നേവരെ കേരളം കണ്ടിട്ടില്ലാത്ത രീതിയിൽ, ബഡ്ജറ്റിനെത്തന്നെ വിറ്റഴിക്കുന്ന രീതിയിൽ സ്വർണ്ണക്കടത്തുകാർക്കും ബാർ മുതലാളിമാർക്കും മാത്രമായി നികുതി വെട്ടിക്കുറച്ചുകൊണ്ട് സാധാരണക്കാരായ ജനവിഭാഗങ്ങളെ ബസ് ചാർജ്ജ് വർദ്ധനവിലൂടെയും ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിലൂടെയും വെള്ളക്കരം വർദ്ധനവിലൂടെയും അതിഭീകരമായ വിലക്കയറ്റത്തിലൂടെ തള്ളിവിട്ട ഒരു ഭരണകൂടമായിരുന്ന കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. അതിന്റെ പ്രതികരണമായാണ് ഇന്ന് കേരളം ഭരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കേരള ജനത ഏൽപ്പിച്ചിട്ടുള്ളതെന്നത് യാഥാർത്ഥ്യം തന്നെയാണ്. ഈ ബഡ്ജറ്റിനെ തീർച്ചയായും സാധാരണക്കാരുടെ ബഡ്ജറ്റായി നമുക്ക് കാണാൻ സാധിക്കും. കഴിഞ്ഞ ഗവൺമെന്റ് സാധാരണ ജനങ്ങളുടെ മേൽ അതിഭീമമായ നികുതി ഭാരമാണ് അടിച്ചേൽപ്പിച്ചിരുന്നത്. മുതലാളിമാർക്ക് നികുതി വെട്ടിപ്പ് നടത്തുവാനുള്ള അവസരങ്ങൾ നൽകുകയാണുണ്ടായത്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കപ്പെടാനുള്ളതാണെന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ വിലയിരുത്തപ്പെടുന്നത്. ഈ ബഡ്ജറ്റ് സർവ്വ മേഖലകളിലും പ്രതീക്ഷ നൽകുന്നതാണ്. ഒരു സാമ്പത്തിക വിദഗ്ധന്റെ എല്ലാവിധ വൈദഗ്ധ്യങ്ങളും പ്രകടിപ്പിക്കുന്നതും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതുമാണ്. സുസ്ഥിര വികസനത്തിന് നാന്ദി കുറിക്കുന്ന മാറ്റത്തിന്റെ ദിശാ സൂചികയായിട്ടാണ് നാം ഇതിനെ കാണേണ്ടത്. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ലായെന്നുള്ള

ശ്രീനാരായണ ഗുരുദേവന്റെ വചനങ്ങൾ അന്വർത്ഥമാക്കുന്ന മതേതര ബജ്ഡറ്റാണിത്. അഞ്ച് വർഷം കൊണ്ട് കേരളത്തിൽ വരാൻ പോകുന്ന പരിവർത്തനത്തിന്റെ ദിശാസൂചികയായിട്ടാണ് ഈ ബഡ്ജറ്റിനെ കേരള ജനത സ്വീകരിച്ചിട്ടുള്ളത്. അടുത്ത അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷത്തോളം കോടി രൂപ സംസ്ഥാനത്ത് മുതൽ മുടക്കുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമൂഹ്യ ക്ഷേമ പെൻഷൻ ആയിരം രൂപയാക്കി ഉയർത്തിയത് സാധാരണ ജനവിഭാഗങ്ങൾക്ക് ആശ്വാസമേകുന്നതാണ്. അതിനെല്ലാം ഉപരിയായി ഒരു സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കെട്ടിപ്പടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി എല്ലാവർക്കും വീട്, വെളിച്ചം, വെള്ളം, കക്കൂസ് എന്നുള്ള പ്രസ്താവന തീർച്ചയായും കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഗുണകരമാണെന്ന് മാത്രമല്ല എല്ലാവരും ഒരുപോലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയിലേക്ക് ഉയർന്നുവരുന്നതിനുള്ള സാഹചര്യങ്ങൾ ഈ ഗവൺമെന്റ് ഒരുക്കുമെന്നുള്ളതിന്റെ സൂചനയായിട്ടാണ് കാണേണ്ടത്. ഇന്ന് കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളിൽ ഭൂമിയും വീടുമില്ലാത്തവരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. അവർക്ക് അത്താണിയായി ഈ ബഡ്ജറ്റിലൂടെ ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി നൽകാൻ തീരുമാനിച്ചത് ശ്ലാഘനീയമായ കാര്യമാണ്. ആരോഗ്യ രംഗത്ത് ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് മേഖലയിലെ പരിഷ്കാരങ്ങൾ വലിയ നേട്ടമായിട്ടാണ് ഈ ബഡ്ജറ്റിൽ എടുത്തുകാണിക്കുന്നത്. ഈ ബഡ്ജറ്റിലെ ഏറ്റവും വലിയ പ്രത്യേകത സാമ്പത്തിക മാന്ദ്യത്തെ നേരിടാനുള്ള പാക്കേജാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഒന്നാം മാന്ദ്യവിരുദ്ധ പാക്കേജ് ആർ.ബി.ഐ. പ്രത്യേകം പ്രകീർത്തിച്ചതാണ്. ധനമന്ത്രി അവതരിപ്പിച്ച രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഗൾഫിലെ പ്രതിസന്ധിയിലൂടെ രൂപപ്പെട്ടിട്ടുള്ള സാമ്പത്തിക മാന്ദ്യത്തെ നേരിടുന്നതിനുള്ള തുറുപ്പ് ചീട്ടുകൂടിയായിട്ടാണ് കാണേണ്ടത്. പ്രത്യേക നിക്ഷേപ പദ്ധതി എന്ന ഈ സ്കീം സ്വാഗതാർഹമാണ്. പന്ത്രണ്ടായിരം കോടിരൂപയുടെ പാക്കേജിന് കേരള ജനതയുടെ പിൻതുണയുണ്ടാവുക തന്നെ ചെയ്യും. 2008-ൽ അഞ്ഞൂറ് കോടി രൂപയുടെ പാക്കേജാണ് ഉണ്ടായിരുന്നത്.

ആസിയാൻ കരാറിലൂടെയാണ് നമ്മുടെ നാളികേര മേഖലയും റബ്ബർ മേഖലയും തകരാനിടയായത്. കാർഷിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയും നാളികേര സംഭരണവും നെൽവയൽ സംരക്ഷണവുമുൾപ്പെടെയുള്ളവ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുമ്പോൾ നാളെകളിൽ കാർഷിക മേഖല ഉയർത്തെഴുന്നേല്പിന്റെ പാതയിൽ വരുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. തൊഴിലുറപ്പ് പദ്ധതിക്ക് നൂറ് ദിവസത്തെ ജോലി നൽകുമെന്ന്

പറയുന്നതും പൊതുവിദ്യാഭ്യാസത്തിന് സംരക്ഷണം നൽകികൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ അനുവദിക്കുന്നതും ശ്ലാഘനീയമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിന് പൂർണ്ണമായിട്ടുള്ള പിൻതുണ അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 pm]

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വളരെയധികം കാല്പനികമെങ്കിലും യാഥാർത്ഥ്യബോധമില്ലാത്ത, പ്രയോഗവൽക്കരിക്കാൻ വളരെ ബുദ്ധിമുട്ട് നേരിടുമെന്ന് ഉറപ്പുള്ളതുമായ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റിന് ഒരു ബാക്ക്ഡ്രോപ്പുണ്ട്. അത് ഏതാണ്ട് പത്ത് ദിവസം മുൻപ് ഇവിടെ അവതരിപ്പിച്ച ധവളപത്രമാണ്. ഒരു ഫിനാൻഷ്യൽ ഡോകുമെന്റ് എന്നുള്ള നിലയിലല്ല ആ ധവളപത്രത്തെ നമുക്ക് കാണാൻ സാധിക്കുക. മറിച്ച് കഴിഞ്ഞ ഗവൺമെന്റിനെ അകാരണമായി കുറ്റപ്പെടുത്താൻ വേണ്ടി തയ്യാറാക്കിയ കുറ്റപത്രമായിട്ടാണ് അതിനെ കാണാൻ സാധിക്കുക. ഏറ്റവും പ്രധാനപ്പെട്ട പല കാര്യങ്ങളും ധവളപത്രത്തിൽ നിന്ന് ബഹുമാന്യനായ ധനകാര്യ മന്ത്രി രാഷ്ട്രീയ കാരണങ്ങളാൽ മറച്ചുപിടിക്കുകയാണ്. കാരണം അത് പരാമർശിച്ചാൽ കഴിഞ്ഞ ഗവൺമെന്റിന് ചില ക്രെഡിറ്റുകൾ കൊടുക്കേണ്ടിവരും. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തന്നെ സൂചിപ്പിച്ചു, റവന്യു ഇതര വരുമാനം, ലോട്ടറിയടക്കമുള്ള വരുമാനം, പതിനൊന്നിരട്ടി വർദ്ധിച്ചത് ഈ ധവളപത്രത്തിൽ പ്രതിഫലിക്കുന്നില്ല. അതോടൊപ്പം എനിക്ക് ആശ്ചര്യകരമായി തോന്നുന്നത് ജി.എസ്.ഡി.പി.-യെക്കുറിച്ച് ഒരു പരാമർശമോ അല്ലെങ്കിൽ ഒരു ടേബിളോ ഫിഗറോ ധവളപത്രത്തിൽ ഇല്ലായെന്നുള്ളതാണ്. ബാക്കിയെല്ലാമുണ്ട്. പത്തൻപത് ചാർട്ടുണ്ട്, ഫിഗറുണ്ട്, ഗ്രാഫുണ്ട് എല്ലാമുണ്ട്. പക്ഷേ ജി.എസ്.ഡി.പി.-യുടെ വളർച്ച കഴിഞ്ഞ പത്തു വർഷത്തിൽ എങ്ങനെയാണ് എന്നുള്ളതിനെക്കുറിച്ച് ഒരു പരാമർശം പോലുമില്ല. എന്നാൽ ബാക്കിയെല്ലാകാര്യങ്ങളും താരതമ്യപ്പെടുത്തുന്നത് ജി.എസ്.ഡി.പി.-യുമായിട്ടാണ്. റവന്യു ഡെഫിസിറ്റ് ടു ജി.എസ്.ഡി.പി., ഫിസ്കൽ ഡെഫിസിറ്റ് ടു ജി.എസ്.ഡി.പി., ഡെബ്റ്റ് ടു ജി.എസ്.ഡി.പി. ഒക്കെയാണ് പറയുന്നത്. പക്ഷേ ജി.എസ്.ഡി.പി. ഫിഗർ എത്രയെന്ന് പറയുന്നില്ല. റിവേഴ്സ് കാൽക്കുലേഷനിലേക്ക് പോയാൽ കാണാൻ സാധിക്കുന്നത് 2011-ൽ 2.87 ലക്ഷം കോടിയായിരുന്ന ജി.എസ്.ഡി.പി.-യെങ്കിൽ 2016-ൽ ജി.എസ്.ഡി.പി. 5.85 ലക്ഷം കോടിയായി, ഏതാണ്ട് ഇരട്ടിയിലധികമായി 204 ശതമാനം വർദ്ധിച്ചുവെന്നുള്ളതാണ്.

നേരത്തെ നെന്മാറ മെമ്പർ അടക്കം കടം വർദ്ധിച്ചുവെന്ന് പറഞ്ഞു. കടം വർദ്ധിച്ചുവെന്നത് ശരിയാണ്. കടം ഏതാണ്ട് ഇരട്ടിയായിട്ടുണ്ട്. പക്ഷേ കടം വർദ്ധിച്ചതോടൊപ്പം ജി.എസ്.ഡി.പി.യും ഇരട്ടിയായിട്ടുണ്ട്. 2014-ൽ ഡെബ്റ്റ് ജി.എസ്.ഡി.പി. റേഷ്യോ 27 ശതമാനമായിരുന്നത് 26 ശതമാനമായി ഇപ്പോൾ ഇംപ്രൂവ് ചെയ്തിരിക്കുകയാണ്. കടക്കെണി എന്നുള്ള ഒരു അവസ്ഥ കേരളത്തിൽ ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തെ മറച്ചു വയ്ക്കുന്ന തരത്തിലാണ് ധവളപത്രം മുന്നോട്ടുപോകുന്നത്. ബഡ്ജറ്റും അതിന്റെ ഒരു തുടർച്ചയായി വളരെ യുക്തിസഹമല്ലാത്ത കണക്കുകളാണ് മുന്നോട്ടുവയ്ക്കുന്നത്. നേരത്തെ ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ രണ്ടുമൂന്ന് മാസം മുൻപ് ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ച അതേ ധനകാര്യ വകുപ്പ് ഇപ്പോൾ അതിൽ നിന്നും തീർത്തും വ്യത്യസ്തമായിട്ടുള്ള കണക്കുകളാണ് പറയുന്നത്. റവന്യു വരുമാനം 524 കോടി രൂപ കൂടുമെന്ന് വെറുതെ പ്രതീക്ഷിക്കുകയാണ്. മൂലധനവരുമാനം ഏതാണ്ട് 2600 കോടി രൂപ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ പ്രതീക്ഷകളൊക്കെ എങ്ങനെ യാഥാർത്ഥ്യവത്കരിക്കാൻ സാധിക്കുമെന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യത്തിൽ അദ്ദേഹത്തിനുപോലും ക്ളാരിറ്റി ഉണ്ടോ എന്നുള്ളത് സംശയമാണ്. കിഫ്ബി പുനഃസൃഷ്ടിക്കുമെന്നാണ് പറയുന്നത്. കിഫ്ബി ഇവിടെ ഒരു പാരലൽ ട്രഷറിയായി മാറുമെന്നുള്ളതാണ് പ്രയോഗതലത്തിൽ ഞാൻ മനസ്സിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പിനെ കിഫ്ബി ടേക്ക്ഓവർ ചെയ്യുകയാണെന്ന് നേരത്തെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. എനിക്ക് തോന്നുന്നു ഇവിടത്തെ സർക്കാരിനെ മുഴുവൻ തന്നെ കിഫ്ബി ടേക്ക് ഓവർ ചെയ്യാൻ പോകുന്നു എന്നാണ്. പൊതുമരാമത്ത് വകുപ്പിന്റെ മാത്രമല്ല ഈ നാട്ടിലെ എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളുടേയും എല്ലാ പദ്ധതികളും ഇനി കിഫ്ബി വഴിയാണ് വരാൻ പോകുന്നത്. വിദ്യാഭ്യാസ വകുപ്പിൽ സ്കൂളുകൾ നന്നാക്കുന്നത് കിഫ്ബി, ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് കിഫ്ബി, മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ നടപ്പാക്കുന്നത് കിഫ്ബി, ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് കിഫ്ബി, വർക്ക് ഇൻസ്പെക്ഷൻ നടത്തുന്നത് കിഫ്ബി, ബില്ലുകൾ സമർപ്പിക്കേണ്ടത് കിഫ്ബിക്ക്, പരിശോധിക്കേണ്ടത് കിഫ്ബി, കോൺട്രാക്ടർമാർക്ക് പണം നൽകേണ്ടത് കിഫ്ബി. ഒരു ട്രഷറിക്ക് പകരം വേറൊരു ട്രഷറി ഇവിടെ ക്രിയേറ്റ് ചെയ്യപ്പെടുകയാണ്. ഇവിടെ ഒരു സൂപ്പർ മുഖ്യമന്ത്രിയായി ധനകാര്യ വകുപ്പുമന്ത്രി മാറുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. റവന്യു കമ്മി 13000 കോടി രൂപയാണെന്ന് പറയുന്നു. പൊതുകടം 17926 കോടി രൂപയാണെന്ന് പറഞ്ഞു. അതിനും പുറമെയാണ് 20,000 കോടി രൂപയുടെ അധികവിഭവസമാഹരണം ഈ രീതിയിൽ പുറത്തുണ്ടാക്കുന്നത്. കടബാദ്ധ്യതകളുടെ പേരിൽ കഴിഞ്ഞ ഗവൺമെന്റിനെ വിമർശിച്ചിരുന്ന ആളുകൾ മുപ്പത്തിയെണ്ണായിരം

കോടി രൂപ ഈ ഒരു വർഷം തന്നെ കടമെടുക്കാൻ പോകുകയാണ്. സമയക്കുറവ് കൊണ്ട് ഞാൻ മറ്റ് വിമർശനങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ എക്കോണമിയെ ഏറ്റവും കൂടുതൽ സഹായിച്ചുകൊണ്ടിരിക്കുന്ന പ്രവാസികളോട് ഈ ബഡ്ജറ്റ് യാതൊരു അനുഭാവപൂർണ്ണമായ സമീപനവും സ്വീകരിക്കുന്നില്ല. വിദേശത്തു നിന്നുവരുന്ന റമിറ്റൻസിന്റെ കുറവിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ആശങ്കപ്പെടുന്നുണ്ട്. പക്ഷേ പ്രവാസികൾക്കുവേണ്ടിയുള്ള യാതൊരു കർമ്മപദ്ധതിയും ഇതിൽ ആവിഷ്കരിക്കുന്നില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് എന്നുപറയുന്ന സുരക്ഷ എന്ന ആശയത്തെ ഈ ബഡ്ജറ്റ് സ്പർശിക്കുന്നില്ല. ഓരോ വർഷവും എണ്ണായിരത്തോളമാളുകൾ അപകടങ്ങൾമൂലം മരണപ്പെടുന്ന ഈ കേരളത്തിൽ അതിനെക്കുറിച്ച് മിണ്ടുന്നില്ല. സ്റ്റാർട്ടപ്പ് പദ്ധതികളെക്കുറിച്ച് മിണ്ടുന്നില്ല. തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞത് എല്ലാ പെൻഷനും വീട്ടിലുമെത്തിക്കുമെന്നാണ്. ഇപ്പോൾ അത് കുടുംബശ്രീ വഴി പരിശോധിച്ച് പഠനങ്ങൾ നടത്തി ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്ന് പറയുന്നു. ട്രാൻസ്ജെന്ററുകൾക്ക് പെൻഷൻ ഏർപ്പെടുത്തുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. മുൻപ് സംസാരിച്ച എല്ലാവരും അതേക്കുറിച്ച് വളരെ നല്ല രീതിയിൽ പറഞ്ഞു. എനിക്ക് അതിന്റെ യുക്തി മനസ്സിലാകുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി പറയുന്നത് 60 വയസ്സു കഴിഞ്ഞ ട്രാൻസ് ജെന്ററുകൾക്ക് പെൻഷൻ നൽകുമെന്നാണ്. 60 വയസ്സു കഴിഞ്ഞ മുഴുവൻ ആളുകൾക്കും ഇപ്പോൾ തന്നെ വാർദ്ധക്യകാല പെൻഷനുണ്ട്. പ്രസവാനുകൂല്യം നൽകുമെന്ന് പറഞ്ഞിട്ട് അത് സ്ത്രീകൾക്ക് എന്ന് എടുത്ത് പറയേണ്ട കാര്യമുണ്ടോ? 60 വയസ്സു കഴിഞ്ഞ മുഴുവൻ ആളുകൾക്കും പെൻഷനുണ്ട്. ട്രാൻസ്ജെന്ററുകൾക്ക് പെൻഷൻ ഏർപ്പെടുത്താനുള്ള തീരുമാനം ആത്മാർത്ഥതയോടെയാണെങ്കിൽ 60 വയസ്സ് എന്നുള്ളത് 50 വയസ്സാക്കിയെങ്കിലും കുറയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. കാരണം അവിവാഹിതരായിട്ടുള്ള 50 വയസ്സ് പൂർത്തീകരിച്ച സ്ത്രീകൾക്ക് പെൻഷൻ കൊടുക്കുന്നുണ്ട്. ഒന്നുകിൽ വയസ്സ് കുറയ്ക്കുക അല്ലെങ്കിൽ സാധാരണ കൊടുക്കുന്ന വാർദ്ധക്യകാല പെൻഷനിൽ നിന്ന് കൂടിയ തുക ട്രാൻസ് ജെന്ററുകൾക്ക് പെൻഷനായി നൽകുക. അതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാരിന്റെ ഈ വിഷയത്തിലെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനം ട്രാൻസ് ജെന്റർ പോളിസി രൂപീകരിച്ചത്. ബഹുമാന്യനായ അന്നത്തെ മന്ത്രി ഡോ. എം. കെ. മുനീറിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ഏറ്റവും കൂടുതൽ പ്രൊട്ടക്ഷനും ആനുകൂല്യവും സാമൂഹ്യ

അംഗീകാരവും ട്രാൻസ്ജെന്ററുകൾക്ക് ലഭിക്കേണ്ട കേരളത്തിൽ ഇന്ന് ഈ സർക്കാരിന്റെ കീഴിൽ വലിയ രീതിയിലുള്ള പീഡനങ്ങളാണ് അവർക്ക് അനുഭവിക്കേണ്ടിവരുന്നത്. മിനിഞ്ഞാന്ന് ഞാൻ തൃശ്ശൂരിലെ വിയ്യൂർ സെൻട്രൽ ജയിലിൽ പോയി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ എം.എൽ.എ.-മാർ പോയതുപോലെ കിർമാണി മനോജിനെയും കൊടി സുനിയേയും പോലെയുള്ള ക്രിമിനലുകളെ കാണാനല്ല. ഈ സർക്കാരിന്റെ നേതൃത്വത്തിൽ,പോലീസിന്റെ നേതൃത്വത്തിൽ ചരിത്രത്തിലാദ്യമായി പതിനൊന്ന് ട്രാൻസ് ജെന്ററുകൾ ഇന്ന് അതിഭീകരമായ കുറ്റങ്ങൾ ചുമത്തപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. ഇത് അപമാനകരമായ സാഹചര്യമാണ്. ആധുനിക സമൂഹത്തിന് യോജിക്കാൻ കഴിയാത്ത തരത്തിലുള്ള പീഡനങ്ങളാണ് എറണാകുളത്ത് പോലീസിൽ നിന്ന് അവർക്ക് അനുഭവിക്കേണ്ടിവന്നത്. അവരെ പുരുഷൻമാരുടെ സെല്ലിലാണോ സ്ത്രീകളുടെ സെല്ലിലാണോ അടയ്ക്കേണ്ടത് എന്ന കാര്യത്തിൽ പോലും ചർച്ചയുണ്ടായി. അവസാനം ഇപ്പോൾ മാറ്റി താമസിപ്പിച്ചുണ്ട്. നല്ല കാര്യം. മനുഷ്യാവകാശ ലംഘനത്തിൽപ്പെടുത്താവുന്ന അനുഭവങ്ങളാണ് പോലീസ് സ്റ്റേഷനിൽ അവർക്ക് നേരിടേണ്ടി വന്നത്. എല്ലാ നിയമങ്ങളേയും കാറ്റിൽ പറത്തി അവരുടെ അടിവസ്ത്രങ്ങൾപോലും അഴിച്ചുവാങ്ങി പരിശോധിക്കാനാണ് അവിടത്തെ പോലീസുകാർ തയ്യാറായത്. പോലീസ് ജീപ്പിൽ വച്ചുപോലും വലിയ രീതിയിലുള്ള ശാരീരിക പീഡനങ്ങൾ അവർക്ക് നേരിടേണ്ടിവന്നു. പരാതി പറയാനാണ് അവർ ചെന്നത്. ഈ ഗവൺമെന്റിന്റെ പൊതു സമീപനമാണത്. ഇത് തന്നെയാണ് കുട്ടിമാക്കൂലിൽ നമ്മൾ കണ്ടത്. പരാതി പറയാൻ പോലീസ് സ്റ്റേഷനിൽ ചെന്ന ആളുകളെ കള്ളക്കേസെടുത്ത് ജയിലിലടയ്ക്കുക. ഐ.പി.സി. 395 പ്രകാരം dacoity -ക്ക് പത്തുവർഷം കഠിനതടവ് അല്ലെങ്കിൽ ജീവപര്യന്തം തടവ് അടക്കം കിട്ടാവുന്ന കുറ്റമാണ് ചുമത്തി ജയിലിലടയ്ക്കപ്പെട്ടിരിക്കുന്നത്. ജാമ്യം പോലും കിട്ടുമോയെന്ന് ഉറപ്പില്ല. ഈ ഗവൺമെന്റ് മിണ്ടുന്നില്ല. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി ഇതിനെക്കുറിച്ച് മിണ്ടുന്നില്ല. ആ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അതിശക്തമായ നടപടി സ്വീകരിക്കണം. മേലിൽ ഇതാവർത്തിക്കില്ലെന്ന് ഉറപ്പു വരുത്തണം. ആ നിലയിലുള്ള മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പമാണ് നിങ്ങൾ ട്രാൻസ് ജെന്ററുകൾക്കുവേണ്ടിയുള്ള വാശാനങ്ങൾ നടത്തുന്നതെങ്കിൽ അതിന്റെ ആത്മാർത്ഥത ഞങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കുമായിരുന്നു. ഈ ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ തെറ്റ് തിരുത്തണമെന്ന് ഒരിക്കൽ കൂടി ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനോടുള്ള എന്റെ എതിർപ്പ് ഒരിക്കൽകൂടി അറിയിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, മലയാളികളുടെ മാതൃഭൂമിയായ കേരളത്തിന്റെ മണ്ണിനേയും മനുഷ്യനേയും ശരിയായ നിലയിൽ തിരിച്ചറിഞ്ഞുകൊണ്ടാണ് സാമ്പത്തിക ശാസ്ത്ര വിദഗ്ധൻ കൂടിയായ ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനമുരടിപ്പ് അവസാനിപ്പിക്കുന്നതിനും മഹാഭൂരിപക്ഷം കേരളീയർക്ക് ക്ഷേമവും ഐശ്വര്യവും പ്രദാനം ചെയ്യുന്നതിനുമുള്ള ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും പിന്താങ്ങുകയും ചെയ്യുന്നു. ആഗോളവത്കരണ നയത്തിന് ബദൽ ഇല്ല എന്നൊരു വാദം ശക്തമായി ഉന്നയിക്കുമ്പോൾ ഈ കൊച്ചുകേരളം ഈ ബഡ്ജറ്റിലൂടെ അതിന് ബദൽ ഉണ്ടെന്ന് പ്രഖ്യാപിക്കുകയാണ്. 1957 മുതൽ കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ഗവൺമെന്റുകൾ കേരളത്തിൽ നടപ്പാക്കിയ ലോകപ്രസിദ്ധമായ കേരള വികസന മോഡലിന്റെ പിന്തുടർച്ചയാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഗവൺമെന്റുകളെ സംബന്ധിച്ചുള്ള താരതമ്യപഠനം അത്യാന്താപേക്ഷിതമാണ്. സാമ്പത്തിക ശാസ്ത്ര വിദഗ്ധന്മാർ പറയുന്നത് ബഡ്ജറ്റ് സമൂഹത്തിൽ അല്ലെങ്കിൽ സാമ്പത്തിക മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുന്നുവെന്നാണ്. ഈ അവസരത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിനെയും അതിനുശേഷമുള്ള യു.ഡി.എഫ്. ഗവൺമെന്റിനെയും സംബന്ധിച്ച് ഒരു താരതമ്യപഠനം നടത്തേണ്ടത് വളരെ അത്യാന്താപേക്ഷിതമാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങളെ ബലികഴിപ്പിക്കുകയാണ് ചെയ്തത്. നമ്മുടെ നാടിനെ പിന്നോട്ടടിച്ചും അഴിമതി സാർവ്വത്രികമാക്കിയും വിഭവങ്ങൾ സ്വയം പങ്കിട്ടെടുക്കുന്നതിനുമായിരുന്നു അവർ ശ്രദ്ധകേന്ദ്രീകരിച്ചത് എന്നത് ഏവർക്കും ബോധ്യമുള്ള കാര്യമാണ്. ഈ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ കേരള ജനത യു.ഡി.എഫ്.-നെ നിഷ്കരുണം ശിക്ഷിക്കുകയും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ശക്തമായ ഭരണസംവിധാനത്തെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്തു. സാധാരണ ജനതയുടെ ആശയങ്ങളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ക്ഷേമാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് വിലക്കയറ്റം തടയുന്നതിനും ചെലവ് ചുരുക്കാതെയും വലിയതോതിൽ പണം അനുവദിച്ചും ശമ്പളപരിഷ്കരണം നടപ്പാക്കിയുമൊക്കെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രവർത്തിച്ചപ്പോൾ റവന്യൂ കമ്മി കുറയുകയാണുണ്ടായത്. 2001-2005-ൽ 3.45 ശതമാനമായിരുന്ന റവന്യൂ കമ്മി എൽ.ഡി.എഫ്. ഭരണകാലത്ത് 1.86 ശതമാനമായി കുറഞ്ഞു. മൂലധനത്തിന്റെ കുതിച്ചുകയറ്റമാണ് എൽ.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായതെങ്കിൽ യു.ഡി.എഫ്. ഭരണകാലത്ത് അനാവശ്യമായ റവന്യുചെലവിന്റെ കുതിച്ചുകയറ്റമാണുണ്ടായിട്ടുള്ളത്. 1.86 ശതമാനമായിരുന്ന കമ്മി

2.59 ശതമാനമായി വർദ്ധിച്ചു. ധനകമ്മി 3.95 ശതമാനമായി ഉയർന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 20 ശതമാനം നികുതി വർദ്ധനവ് നടപ്പാക്കിയിട്ടും എന്തുകൊണ്ട് നികുതി വരുമാനം ഭീമമായി കുറഞ്ഞുവെന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങൾ സൃഷ്ടിച്ച ധനപ്രതിസന്ധിയും വികസനമുരടിപ്പും പൊതുമേഖലാ-ഗൾഫ് പണപ്രതിസന്ധിയും പരിഹരിക്കുന്നതിനുള്ള അതിസമർത്ഥമായ ഇടപെടലാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. വികസന രംഗത്തെ കുതിപ്പിലേക്ക് നയിക്കുന്നതിന് വൻതോതിലുള്ള മൂലധനനിക്ഷേപമാണ് ഈ ബഡ്ജറ്റ് ഊന്നൽ നൽകിയിരിക്കുന്നതെന്നത് ഏറെ പ്രശംസനീയമായ കാര്യമാണ്. റോഡുകൾ, പാലങ്ങൾ, ബൈപ്പാസുകൾക്കടക്കം 5000 കോടിരൂപ വകയിരുത്തിയിരിക്കുന്നത് ഈ നാടിന്റെ ആസ്തിവികസനത്തിനും പുരോഗതിക്കും ഊർജ്ജസ്വലത നൽകുന്നതാണ്. ഈ നടപടിയെ സഹർഷം സ്വാഗതം ചെയ്യുന്നതിനുപകരം അതിനെ കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്ന പ്രവണത ശരിയാണോ? സമ്പൂർണ്ണ ആരോഗ്യ സുരക്ഷയടക്കമുള്ള കാര്യങ്ങൾക്ക് ആയിരം കോടിരൂപ മാറ്റിവച്ചിരിക്കുന്നതും കാരുണ്യ ചികിത്സാസഹായം അവരുടെ അവകാശമാക്കി മാറ്റിയതും ആശുപത്രികളെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ആക്കി മാറ്റിയതും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ അടങ്ങുന്ന ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ കേരള സമൂഹത്തിന് വലിയ പ്രതീക്ഷ നൽകുന്നു. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പരിപൂർണ്ണമായി സ്വാഗതം ചെയ്യുന്നു.

എന്റെ നിയോജക മണ്ഡലത്തിലെ ചരിത്രപ്രാധാന്യമുള്ള മാന്നാർ (ഓട്ടുപാത്രവ്യവസായം)ഗ്രാമത്തെ പൈതൃകഗ്രാമമായി അംഗീകരിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടിയെ മാന്നാറിലെ ജനങ്ങൾക്കുവേണ്ടി ഞാൻ നന്ദി പറയുന്നു. കഴിഞ്ഞ 25 വർഷക്കാലമായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വികസനരംഗം വളരെയേറെ മുരടപ്പിൽ നിൽക്കുകയായിരുന്നു. പമ്പയാറും അച്ചൻകോവിലാറും ജലസമൃദ്ധി തരുമ്പോൾ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ജനങ്ങൾക്ക് കുടിവെള്ളമില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. കഴിഞ്ഞ 25 വർഷമായി ഒരു കുടിവെള്ളപദ്ധതിപോലും ആവിഷ്കരിക്കാൻ കഴിയാത്ത മണ്ഡലമായി ചെങ്ങന്നൂർ മാറികഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് സമഗ്രമായൊരു കുടിവെള്ളപദ്ധതി ആവിഷ്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അതുപോലെ ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമായിരുന്ന സെൻട്രൽ ഹാച്ചറിയും പ്ലേറാം മില്ലും. ചെങ്ങന്നൂർ താലൂക്കിലെ മാന്നാർ അലിൻഡ് അടക്കമുള്ള പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളെല്ലാം ഇന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലാകെയുള്ള മുട്ട വിപണന കേന്ദ്രമാക്കി

വലിയ വികസനത്തിന്റെ സാദ്ധ്യതയായി നിന്ന സെൻട്രൽ ഹാച്ചറി ഇന്ന് ഏറ്റവും ദുരിതപൂർണ്ണമായ അവസ്ഥയിലേക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിനെയെല്ലാം പുനരുദ്ധരിക്കാൻ പദ്ധതികൾ കൊണ്ടുവരണ്ടേ? കഴിഞ്ഞ പത്തുപതിനഞ്ചു വർഷക്കാലമായി ഈ സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങളൊന്നും സംരക്ഷിക്കുന്നതിന് ജനപ്രതിനിധി ഇല്ലാതെ പോയതാണ് ആ നാടിനുപറ്റിയ ഏറ്റവും വലിയ ദുരന്തം. അതുപോലെതന്നെ ലക്ഷക്കണക്കിന് അന്യസംസ്ഥാന തീർത്ഥാടകർ വരുന്നൊരു സ്ഥലമാണ് ചെങ്ങന്നൂർ. വർഷങ്ങളായി ശബരിമലയുടെ ഇടത്താവളമെന്ന് പ്രഖ്യാപിച്ചുകൊണ്ട് വികസന പാക്കേജ് കൊണ്ടുവരുമെന്ന് പറയുന്നെങ്കിലും അന്യസംസ്ഥാനത്തുനിന്നും വരുന്ന ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകർക്കു വേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതാണ് സത്യം. പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് വന്നിച്ച വികസന സാദ്ധ്യതകളുള്ള ഒരു പ്രദേശമാണത്. പഞ്ചപാണ്ഡവക്ഷേത്രങ്ങളും പാണ്ഡവൻപാറയുമടങ്ങുന്ന വലിയൊരു വികസന പദ്ധതി പിൽഗ്രിം ടൂറിസമായി നടപ്പാക്കിയാൽ വലിയ നേട്ടമുണ്ടാക്കാൻ കഴിയുന്ന ശബരിമല ഇടത്താവളത്തിനുവേണ്ടി യാതൊരുവിധ പദ്ധതിയും കൊണ്ടുവന്നിട്ടില്ലെന്നുള്ളത് ഖേദകരമാണ്. വലിയ സമരങ്ങളും പ്രക്ഷോഭങ്ങളുമാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നുകൊണ്ടിരുന്നത്. അവർക്കുവേണ്ടി സമഗ്രമായൊരു പദ്ധതി കൊണ്ടുവരുന്നതിന് ഈ ബഡ്ജറ്റിൽ നിർദ്ദേശമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം റോഡും പാലവും സംബന്ധിച്ചാണ്. ഏറപ്പുഴ പാലത്തെ സംബന്ധിച്ച് പറയാതിരിക്കാൻ സാധിക്കില്ല. ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡ് നിർമ്മാണത്തിലുള്ള കെടുകാര്യസ്ഥത കാരണം വലിയ ഗതാഗതക്കുരുക്കാണ് ഇന്ന് ചെങ്ങന്നൂർ മണ്ഡലത്തിൽ ഉണ്ടാകുന്നത്. അതുവഴി യാത്രചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിമാർക്കെല്ലാം അറിയാവുന്നതാണ്. അത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിച്ച 2016-17-ലെ സംസ്ഥാന ബഡ്ജറ്റിനെ പൂർണ്ണ മനസ്സോടെ പിന്തുണയ്ക്കുന്നു. കടക്കെണിയിൽപ്പെട്ട് തകർന്ന കേരളത്തിന് നവജീവൻ നൽകാനുള്ള ശ്രമമാണ് ഈ ബഡ്ജറ്റ്. മാന്ദ്യം മാറ്റാനും മറികടക്കാനുമുള്ള പരിശ്രമം, സാമ്പത്തിക അരാജകത്വത്തിൽനിന്ന് സാമ്പത്തിക നവോത്ഥാനത്തിലേക്കുള്ള ധീരമായ ചുവടുവയ്പ്. അതുകൊണ്ടുതന്നെ 2016-17-ലെ

ബഡ്ജറ്റ് സംസ്ഥാനത്തിന്റെതന്നെ നവോത്ഥാന ബഡ്ജറ്റായി മാറുന്നു. കേരളീയ ജീവിതത്തിന് നവോത്ഥാനത്തിന്റെ വഴി തുറന്ന ശ്രീനാരായണ ഗുരുദേവന്റെ 'ദൈവദശക സ്മരണ' ഈ ബഡ്ജറ്റിൽ കടന്നുവന്നത് കേവലം യാദൃശ്ചികമാണെന്ന് തോന്നുന്നില്ല. ഗുരുദേവന്റെ നവോത്ഥാന മൂല്യബോധം സർക്കാരിന്റെ ധനകാര്യ മൂല്യബോധമായി ഇവിടെ രൂപപ്പെടുന്നു. സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെ ഗുരുദേവൻ കൈക്കൊണ്ട നവോത്ഥാന നിലപാടിനെ അനുസ്മരിപ്പിക്കുകയാണ് യു.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക ദുരാചാരങ്ങൾക്ക് അറുതി വരുത്താൻ അവതരിപ്പിക്കപ്പെട്ട നവോത്ഥാന ബഡ്ജറ്റ്.

ഒന്നരലക്ഷം കോടി രൂപയിലധികം കടമുള്ള ഒരു വലിയ തറവാടല്ലേ ഇന്നത്തെ കേരളം. ഈ തറവാട്ടിൽനിന്ന് 10000 കോടി രൂപ ഉടൻ കൊടുത്തുതീർക്കേണ്ട അവസ്ഥ. ഇതിൽത്തന്നെ 4326 കോടി രൂപ ബഡ്ജറ്റ് വിഹിതമല്ലാത്ത കാര്യങ്ങൾക്ക് കൊടുക്കേണ്ടിവരുന്നു. കേരളമെന്ന വലിയ തറവാട് കഴിഞ്ഞ അഞ്ച് വർഷം ഭരിച്ച കാരണവൻമാർ കാട്ടിക്കൂട്ടിയ കെടുകാര്യസ്ഥതയും വരുത്തിയ ദുർച്ചെലവുമല്ലേ ഈ തറവാട് ക്ഷയിക്കാൻ കാരണമായത്? ഈ കാരണവൻമാർ തറവാട് വേണ്ടവിധം നോക്കി നടത്തിയില്ല, ദുർച്ചെലവ് നിയന്ത്രിച്ചുമില്ല, നികുതി പിരിച്ചെടുത്തുമില്ല. ഇവർ കേസും കൂട്ടവുമായി നടന്നു. ഇവരുടെ പ്രിയപ്പെട്ട വിനോദം വ്യവഹാരമായിരുന്നു. ഇടനിലക്കാരും വക്കീലൻമാരും ഈ കാരണവൻമാരെ വഴിതെറ്റിച്ചു. ഇവർ ഓരോരോ ഊരാക്കുടുക്കിൽ വീണുകൊണ്ടേയിരുന്നു. വീണത് വിദ്യയാക്കിക്കൊണ്ടിരുന്നു, രക്ഷപ്പെട്ടില്ല. ഒടുവിൽ തറവാട് അന്യാധീനപ്പെട്ടു. അങ്ങനെ തകർന്നുപോയ കേരളമെന്ന തറവാടിനെ രക്ഷിക്കാനുള്ള ശ്രമമാണ് പതിനാലാം കേരളനിയമസഭയുടെ ആദ്യ ബഡ്ജറ്റ്.

ധവളപത്രത്തിലെ കണക്കുകൾ വളരെ വ്യക്തമാണ്. ധനമന്ത്രിയുടെ ധവളപത്രം കേവലമൊരു ധനരേഖയായി കാണാൻ കഴിയില്ല. സമകാലീന ചരിത്ര രേഖയാണത്. കേരളം എങ്ങനെ ഭരിക്കപ്പെടരുത് എന്ന് അടുത്ത തലമുറയ്ക്ക് റഫർ ചെയ്ത് മനസ്സിലാക്കാനുതകുന്ന ഈ ചരിത്രരേഖ സംസ്ഥാനത്തെ എല്ലാ പ്രധാന ലൈബ്രറികളിലും ലഭ്യമാക്കണം. ധവളപത്രത്തെ കരിമ്പത്രം എന്ന് പ്രതിപക്ഷം വിമർശിച്ചുകണ്ടു. പ്രിയപ്പെട്ട പ്രതിപക്ഷത്തിന് ജവഹർലാൽ നെഹ്റുവിനെ അനുസ്മരിക്കാൻ ഈ അവസരത്തിൽ ഒരു അവസരം നൽകുന്നു. ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, 'വസ്തുതകൾ വസ്തുതകൾ തന്നെയായി നിലനിൽക്കും. അത് നിങ്ങളുടെ സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ ചെലവിൽ ഇല്ലാതാവുകയില്ല'.

നാളെയെക്കുറിച്ചുള്ള പ്രതീക്ഷയാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും മനോഹരമായ വശ്യത. കുത്തഴിഞ്ഞ സാമ്പത്തിക നിലയ്ക്ക് മൂന്നാല് വർഷംകൊണ്ട് മാറ്റം വരുത്തുമെന്ന ധനമന്ത്രിയുടെ ഉറപ്പാണ് പ്രതീക്ഷയുടെ ശക്തി. അതെ, നാളെയുടെ ഉദ്യാനങ്ങളിൽനിന്ന് ഇന്നുകളിലേക്ക് കേരളത്തിന്റെ പ്രിയപ്പെട്ട ധനമന്ത്രി മാധുര്യം ചൊരിഞ്ഞിരിക്കുന്നു. കേരളത്തിന്റെ ധനകാര്യ നയത്തിൽ സമൂലമായ പൊളിച്ചെഴുത്തിനുള്ള തുടക്കമായി ഈ ബഡ്ജറ്റിനെ കാണുന്നു. സംസ്ഥാനത്തിന്റെ സമാനതകളില്ലാത്ത സാമ്പത്തികത്തകർച്ചയാണ് ധനകാര്യ നയത്തിൽ ഇതുപോലെ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാക്കിയത്.

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2014-ലെ ഏഴാം റിപ്പോർട്ടിൽ പറഞ്ഞ ഞെട്ടിക്കുന്ന ചില കണക്കുകൾ സൂചിപ്പിക്കാം. വാണിജ്യ നികുതി ഇനത്തിൽ മാത്രം 12,608.91 കോടി രൂപ പിരിച്ചെടുക്കാമായിരുന്നിട്ട് നടപടിയുണ്ടായിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. നികുതിവെട്ടിപ്പ് നിയമ വിധേയമാക്കിയതുപോലെയായിരുന്നു. മൊത്തം 20,000 കോടി രൂപയുടെ നികുതി വെട്ടിപ്പ് നടന്നതായാണ് അനുമാനം. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ അപ്പലേറ്റ് അതോറിറ്റികളിൽ തീർപ്പ് കൽപ്പിക്കാതെ 3702.62 കോടി രൂപ കുടുങ്ങിക്കിടക്കുന്നു. നികുതി എൻഫോഴ്സ്മെന്റ് വിഭാഗത്തെ നിഷ്ക്രിയമാക്കി. 30165 കേസുകൾ തീർപ്പാക്കിയിട്ടില്ല.

കേരളത്തിൽ ഇന്ന് സാമ്പത്തിക മാന്ദ്യം മാത്രമല്ല, മൂല്യങ്ങൾക്കും മാന്ദ്യമുണ്ട്. നമുക്ക് എങ്ങനെയെങ്കിലും വിജയിക്കണം, അടുത്ത തലമുറ എങ്ങനെയോ കഴിയട്ടെ എന്ന സ്വാർത്ഥതയാണ് ഈ മൂല്യമാന്ദ്യം. ഈ മൂല്യരാഹിത്യത്തിന്റെ ഏറ്റവും ക്രൂരമായ ഉദാഹരണമാണ് നെൽവയൽ സംരക്ഷണ നിയമം ഭേദഗതി ചെയ്ത കഴിഞ്ഞ സർക്കാരിന്റെ നടപടി. കഴിഞ്ഞ ജൂലൈയിലായിരുന്നു ഈ ഭേദഗതി കൊണ്ടുവന്നത്. കുട്ടനാട്ടിൽ ജനിച്ചുവളർന്ന ഞങ്ങളെപ്പോലെയുള്ളവർ വളരെ വേദനയോടുകൂടിയാണ് ആ നിയമഭേദഗതിയെ അന്ന് നോക്കിക്കണ്ടത്. വയലും തണ്ണീർത്തടങ്ങളും കൊണ്ട് എന്തുകാര്യം എന്ന പരിസ്ഥിതി വിരുദ്ധ സമീപനത്തിന് മുഖമടച്ചുള്ള മറുപടിയാണ് ഈ ബഡ്ജറ്റ് നൽകുന്നത്. നെൽവയൽ നികത്തൽ ഭേദഗതിതന്നെ റദ്ദാക്കിയിരിക്കുന്നു. കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള സമ്പൂർണ്ണബോധ്യമാണ് ഈ തീരുമാനത്തിന് പിന്നിൽ. മണ്ണും വെള്ളവും കൊള്ളയടിക്കാനുള്ള നീക്കം തടസ്സപ്പെട്ടിരിക്കുന്നു. സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിന് 49 കോടി അനുവദിച്ചുകൊണ്ടുള്ള പുതിയ നിർദ്ദേശം സ്വാഗതാർഹമാണ്. മരംകൊണ്ട് എന്ത് പ്രയോജനമെന്ന് പ്രതിപക്ഷത്തിന്റെ ഒരു

ചോദ്യം ഞാൻ കേട്ടു. ഇപ്പോൾ മരം നട്ടാൽ ആർക്ക് പ്രയോജനം എന്ന് ഒരു ചർച്ചയിൽ യു.ഡി.എഫ്. പ്രതിനിധി ചോദിക്കുന്നതും കേട്ടു. ഇന്ന് കേരളത്തിൽ പലസ്ഥലത്തും മുഴങ്ങുന്ന പരിസ്ഥിതിവിരുദ്ധ മനോഭാവമാണ് ഈ ചോദ്യത്തിനു പിന്നിൽ. അങ്ങനെയെങ്കിൽ നമുക്ക് തണൽ തരുന്ന പടുകൂറ്റൻ മരങ്ങൾ ഒരിക്കൽ നട്ടവർക്ക് അതിൽനിന്ന് എന്ത് പ്രയോജനമായിരിക്കും ലഭിച്ചിട്ടുള്ളത്. അവർ ഇന്ന് ഈ ഭൂമിയിൽത്തന്നെ ഇല്ല. ഒരാൾ നടുന്നത് അനന്തരതലമുറയ്ക്കും നാടിനും വേണ്ടിയാണെന്ന സാമൂഹ്യബോധം പലർക്കും ഇന്ന് ഇല്ലാതായിരിക്കുന്നു. നമുക്ക് എന്തുകിട്ടുമെന്ന സ്വാർത്ഥ ചിന്തയാണ് വൃക്ഷം നടുന്ന പദ്ധതിയെക്കുറിച്ച് ചോദിച്ചപ്പോൾ ഇവരിൽനിന്ന് പുറത്തുചാടിയിട്ടുള്ളത്.

മഹത്തായ മനുഷ്യത്വത്തിന്റെ പാഠം ഈ ബഡ്ജറ്റ് പഠിപ്പിക്കുന്നു. എല്ലാ പദ്ധതികളിലും 10% സ്ത്രീകൾക്കുള്ള വിഹിതമെന്ന പ്രഖ്യാപനം വിപ്ലവകരമാണ്. സ്ത്രീ ക്ഷേമത്തിന് പ്രത്യേക വകുപ്പെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാകുന്നു. ഹർഷാരവത്തോടുകൂടിയാണ് ഞങ്ങളെപ്പോലെയുള്ള വനിതാ എം.എൽ.എ.-മാർ ആ പ്രഖ്യാപനത്തെ വരവേറ്റത്. 91 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. ഏഷ്യയിലെ ഏറ്റവും മികച്ച സംഘടനാ സംവിധാനമായ കുടുംബശ്രീക്ക് മറ്റൊരു ബദൽ സംവിധാനം ഉണ്ടാക്കാൻ ശ്രമിച്ചവർക്ക് ധനകാര്യ വകുപ്പുമന്ത്രി നല്ല മറുപടി കൊടുത്തിരിക്കുന്നു. 200 കോടി രൂപ കുടുംബശ്രീക്ക് മാറ്റിവച്ചിരിക്കുന്നു. ബഡ്ജറ്റ് പ്രസംഗം എന്തുകൊണ്ട് ഏറ്റവും ദൈർഘ്യമുള്ളതായി എന്ന് ഇതിലുൾപ്പെട്ട വൈവിധ്യമാർന്ന പദ്ധതികളുടെ പട്ടിക ബോധ്യമാക്കുന്നു.

കഴിഞ്ഞ ഭരണത്തിൽ നാട്ടിലെല്ലാം ഭദ്രമായി എന്നൊരു വലിയ പ്രചരണം നടന്നു. ആ പ്രചരണത്തിന് ചൂടടങ്ങും മുമ്പല്ലേ ഹരിപ്പാട് ഒരു കുടുംബം രണ്ട് പെൺമക്കളോടൊപ്പം തീവണ്ടി മുറികളിൽ അന്തിയുറങ്ങുകയാണെന്ന വാർത്ത പുറത്തുവന്നത്. ഒരു സിനിമാ താരം വന്ന് ആ കുടുംബത്തിന് വീട് വാഗ്ദാനം ചെയ്തു. ഇതാണ് യു.ഡി.എഫ്. അവശേഷിപ്പിച്ച യഥാർത്ഥ കേരളം. മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ലെന്ന ഏറ്റവും പുതിയ വാർത്ത വന്നത് ഹരിപ്പാട് നിന്നാണ്. ഹരിപ്പാട് അനുഭവം ഇനി കേരളത്തിൽ ആവർത്തിക്കരുതെന്ന നിശ്ചയ ദാർഢ്യമാണ് ബഡ്ജറ്റിലെ എല്ലാവർക്കും വീട് എന്ന പദ്ധതി.

മൾട്ടി നാഷണൽ ഫുഡ് ബ്രാൻഡുകൾക്കുള്ള നികുതി നിർദ്ദേശം കാലോചിതമാണ്. അത് പറയാതെ പോകാൻ കഴിയില്ല. സാധാരണക്കാരെ, വിശപ്പടക്കാൻ ഭക്ഷണം കഴിക്കുന്നവരെ ആ നിയമം ബാധിക്കുന്നതേയില്ല. ഈ നികുതിക്ക് ഫാറ്റ് ടാക്സെന്ന ധനമന്ത്രിയുടെ വിശേഷണംപോലും എത്ര ഔചിത്യപൂർണ്ണമാണ്. ജങ്ക് ഫുഡ് അമിത വണ്ണമുണ്ടാക്കുമെന്ന് നമുക്കറിയാം.

അമിതവണ്ണത്തിനും അനാരോഗ്യത്തിനുമെതിരായ ജാഗ്രതാനിർദ്ദേശമാണ് അതിന് വഴിയൊരുക്കുന്നവർക്കുമേൽ ചുമത്തപ്പെടുന്ന ഫാറ്റ് ടാക്സ്.

ചികിത്സയുടെ പേരിൽ പിടിച്ചുപറി നടത്തുന്ന ചില സ്വകാര്യ ആശുപത്രികളെക്കൂടി ഫാറ്റ് ടാക്സിന് സമാനമായ നികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന ഒരഭ്യർത്ഥനകൂടി ഇക്കുട്ടത്തിൽ വയ്ക്കുകയാണ്. ചില ആശുപത്രികൾ പലപ്പോഴും ഹൃദയമില്ലാത്ത നിലപാടാണ് ഹൃദ്രോഗികളോടുപോലും സ്വീകരിക്കുന്നത്. അതുകൊണ്ട് ഹാർട്ട് ടാക്സ് എന്ന പേരിൽ ഈ ചികിത്സാ പിടിച്ചുപറിയെ നിയന്ത്രിക്കാൻ ടാക്സ് ഏർപ്പെടുത്തണമെന്ന അഭിപ്രായമുണ്ട്. ബഡ്ജറ്റിൽ ഈ മേഖലയിലും ധീരമായ ചുവടുവയ്പാണ് നടത്തിയിരിക്കുന്നത്. മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ളവയുടെ നവീകരണത്തിന് 1000 കോടി രൂപ മാറ്റിവച്ചുകൊണ്ട് സർക്കാർ ആശുപത്രികളിലെ ആധുനീകരണം സ്വകാര്യ ചികിത്സാ പിടിച്ചുപറി സംഘത്തെ നിയന്ത്രിക്കാനുള്ള ആദ്യ ചുവടുവയ്പായി കാണുകയാണ്.

2016-17-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നവോത്ഥാന മൂല്യങ്ങൾക്കായുള്ള അഭിവാഞ്ജയുടെ പ്രതിഫലനമാണ്. മനുഷ്യരുടെ ഭൗതിക നിലവാരവും ധാർമ്മിക നിലവാരവും ഉയർത്താനുള്ള വേറിട്ട ശ്രമമാണ് ധനകാര്യ വകുപ്പുമന്ത്രി നടത്തിയിരിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും അതിനെ പഴിപറഞ്ഞ് കടമകളിൽനിന്ന് സർക്കാർ വഴിമാറാത്തത് ഇടതുപക്ഷ സംസ്കാരത്തിന്റെ മൂല്യബോധംകൊണ്ടും പ്രതിജ്ഞാബദ്ധതകൊണ്ടുമാണ്. പക്ഷേ ജനങ്ങളോട് പ്രതിബദ്ധതയില്ലാതിരുന്ന യു.ഡി.എഫ്. സർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെന്ന ചെന്നായ്ക്കുമുന്നിൽ ജനങ്ങളെന്ന കുഞ്ഞാടുകളെ ഉപേക്ഷിച്ച് രക്ഷപ്പെടാനാണ് യു.ഡി.എഫ്. ശ്രമിച്ചത്. ഇത്തരക്കാരെക്കുറിച്ച് ബൈബിളിൽ പറഞ്ഞ ഒരു വാചകം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ബൈബിളിൽ യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ ഇങ്ങനെ സൂചിപ്പിക്കുന്നു. "നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതുകണ്ട് ആടുകളെവിട്ട് ഓടിക്കളയുന്നു. ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ച് കളയുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമാണല്ലോ." ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്താങ്ങി കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ പുതിയ നിർദ്ദേശങ്ങളില്ലെന്ന് വ്യക്തമാക്കുന്ന പ്രസംഗങ്ങളാണ് ഇവിടെ നടന്നിട്ടുള്ളത്. പല്ലക്കിലേറാൻ മോഹമുണ്ട് പക്ഷേ ഊന്നിക്കയറാനുള്ള ശക്തിയില്ല. ഇതിൽ 15 മുതൽ 20 വരെയുള്ള പേജുകൾ പരിശോധിച്ചാൽ ഉണ്ടാകാൻ സാധ്യതയുള്ള സ്വപ്നങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല, അതിൽ പറയുന്ന കാര്യങ്ങൾ സഞ്ചിതനിധിയുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. മുമ്പ് ഒരു വ്യക്തിയോട് മറ്റൊരാൾ 400 രൂപ കടം ചോദിച്ചുവന്നു. വ്യക്തി പറഞ്ഞു, എന്റെ കൈയിൽ 1,000 രൂപയുണ്ടെന്നും അതിൽ 500 രൂപ നിങ്ങൾക്ക് തരുന്നുവെന്നും അനുമാനിക്കുക. കടം ചോദിച്ചയാൾ അങ്ങനെ അനുമാനിച്ചു. നിനക്ക് 400 രൂപയല്ലേ വേണ്ടത്. നിനക്ക് ഞാൻ 500 തന്നിരിക്കുന്നു. ബാക്കി 100 രൂപ തിരിച്ചുതരണം എന്നുപറയുന്ന ഒരു കഥയുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിൽ പറഞ്ഞിരിക്കുന്നത് മുഴുവൻ കിഫ്ബി ഉണ്ടായിവന്നാൽ കേരളത്തിൽ എത്ര പാലം പണിയാം, എത്ര ഫ്ലൈ ഓവർ പണിയാം എന്നുള്ളതാണ്. ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഓർത്ത് പരിതപിക്കുകയാണ്. ശ്രീനാരായണഗുരു പറഞ്ഞിട്ടുള്ള കുറെ കാര്യങ്ങൾ ഇതിൽ പറഞ്ഞു. പക്ഷേ അതേ ശ്രീനാരായണഗുരുതന്നെ പറഞ്ഞിട്ടുണ്ട് 'മനുഷ്യാണാം മനുഷ്യത്വം' എന്ന്. മനുഷ്യന് മനുഷ്യത്വമായിരിക്കണം ജാതി. അങ്ങ് അൽപ്പം മനുഷ്യത്വം പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് കാണിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം നാല് പേജുകളിൽ പാലങ്ങളുടെ പേര് പറഞ്ഞിട്ടുണ്ട്. അതൊക്കെ ഇവിടെ വായിക്കുകയും ചെയ്തു. പക്ഷേ ഈ പാലങ്ങൾ കിഫ്ബിയിലൂടെ പണം കിട്ടുമ്പോൾ മാത്രമേ പണിയാൻ പറ്റുകയുള്ളൂ എന്ന് പറഞ്ഞുകൊണ്ടാണ് പാലങ്ങളുടെ പേര് പറയുന്നത്. ഈ പറഞ്ഞതുപോലെ 500 കോടി രൂപ അനുമാനിച്ച് നിങ്ങൾക്ക് തരുന്നു, എന്നിട്ട് നാളെ അങ്ങയോട് ഈ പാലം എവിടെയെന്ന് ചോദിക്കും. ഇവിടെയുള്ള എല്ലാ ജനപ്രതിനിധികളും അങ്ങയോടാണ് പാലമെവിടെയെന്ന് ചോദിക്കുന്നത്. ഈ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പണം എവിടെനിന്നു കിട്ടും? അതുപോലെതന്നെ ഇവിടെ രൂപംകൊടുത്തിട്ടുള്ള 'കിഫ്ബി' (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) എന്താണെന്ന് അങ്ങേയ്ക്ക് മനസ്സിലായോ? 'കിഫ്ബി' എന്നുപറയുന്നത് ഇപ്പോഴുള്ള കേരള റോഡ് ഫണ്ട് ബോർഡിന് സമാനമായതാണ്. അതിൽ പറയുന്ന എല്ലാ കാര്യങ്ങളും 'കിഫ്ബി'യിലും വരുന്നുണ്ട്. നാലുവരി പാതകൾ നിർമ്മിക്കുന്നത് ഇനിമുതൽ 'കിഫ്ബി'യാണ്. കേരള റോഡ് ഫണ്ട് ബോർഡ് ബിൽ ഞാൻ സഭയിൽ അവതരിപ്പിച്ചതാണ്. കേരള റോഡ് ഫണ്ട് ബോർഡിലുള്ള

എല്ലാ പ്രഗത്ഭരും ഫിനാൻഷ്യൽ എക്സ്പെർട്ട്സ് ആയിരിക്കണമെന്ന് ബില്ലിൽ പറയുന്നുണ്ട്. അങ്ങനെ ഐ.എൽ.എഫ്.എസ്., എസ്.ബി.ഐ., എന്നീ സ്ഥാപനങ്ങളിലുള്ള ആളുകൾ ഡയറക്ടർ ബോർഡിലുണ്ടായിരുന്നു. 10% വെഹിക്കിൾ ടാക്സ് റോഡ് ഫണ്ട് ബോർഡിന് നൽകണമെന്ന് തീരുമാനിച്ചതു പോലും ഇപ്പോൾ റോഡ് ഫണ്ട് ബോർഡിന് ലഭിക്കുന്നില്ല. ഇതേ രീതിയിൽ ഫിനാൻഷ്യൽ എക്സ്പെർട്ട്സിനെ ഉൾപ്പെടുത്തി മറ്റൊരു ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചപ്പോൾ സത്യത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് പിരിച്ചുവിടാൻ തീരുമാനിച്ചിരിക്കുന്നുവെന്ന കാര്യമാണ് ആദ്യം ബഡ്ജറ്റിൽ പറയേണ്ടിയിരുന്നത്. അല്ലെങ്കിൽ 10% ടാക്സ് കേരള റോഡ് ഫണ്ട് ബോർഡിനും വേറൊരു 10% 'കിഫ്ബി'ക്കും കൊടുക്കേണ്ടി വരും. കുറച്ചുകാലം കഴിയുമ്പോൾ 50% വെഹിക്കിൾ ടാക്സും 'കിഫ്ബി'യിലാണ് വരാൻ പോകുന്നതെന്ന് അദ്ദേഹംതന്നെ പറയുന്നുമുണ്ട്. സത്യത്തിൽ വെഹിക്കിൾ ടാക്സ് എന്ന നാമകരണം തന്നെ ശരിയല്ല. അത് യഥാർത്ഥത്തിൽ റോഡ് ടാക്സാണ്. നമ്മളൊരു വാഹനത്തിന് അടയ്ക്കുന്ന ടാക്സ് ഉപയോഗിച്ച് ഗവൺമെന്റ് റോഡ് നന്നാക്കിക്കൊടുക്കണം. ഒരാൾ നൽകുന്ന ടാക്സിന് അയാൾക്ക് കിട്ടുന്ന പ്രതിഫലമെന്നുപറയുന്നത് ആ വാഹനം നന്നായി ഓടിക്കാനുള്ള പ്രതലമുള്ള റോഡുകളാണ്. അവ നിർമ്മിച്ചുതരാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. പലപ്പോഴും ഈ റോഡ് ടാക്സ് വെഹിക്കിൾ ടാക്സ് എന്നുപറഞ്ഞ് മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയാണ്. അതുകൊണ്ടാണ് ഒരു ബിൽ മുഖാന്തരം 10% ടാക്സ് റോഡ് ഫണ്ട് ബോർഡിലേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചത്. എയർപോർട്ട് നിർമ്മാണത്തിനും ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമൊക്കെയായി ഈ പണം വിനിയോഗിക്കുന്ന ഒരവസ്ഥയിലേക്ക് വരുമ്പോൾ റോഡ് എന്താകുമെന്നുള്ളതിനെക്കുറിച്ച് ഞാൻ പറയുന്നില്ല, ആലപ്പുഴവഴി പോയിക്കഴിഞ്ഞാൽ നിങ്ങൾക്കത് ബോധ്യമാകും. കാരണം, ആലപ്പുഴയിൽ അങ്ങയുടെ മണ്ഡലത്തിലടക്കമുള്ള റോഡുകൾ മെയിന്റയിൻ ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഈ റോഡുകളും പാലങ്ങളും നടപ്പിലായി വരുമോയെന്നുള്ളത് നമ്മൾ കണ്ടറിയേണ്ട കാര്യമാണ്.

ഈ ബഡ്ജറ്റ് പ്രസംഗം മാറ്റിവച്ച് ബഡ്ജറ്റ് ഡോക്യുമെന്റെടുത്ത് പരിശോധിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റ് ഡോക്യുമെന്റും ഈ ഡോക്യുമെന്റും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? മൂന്നുമാസംകൊണ്ട് ഒരു ബഡ്ജറ്റ് ഡോക്യുമെന്റ് മൊത്തത്തിൽ മാറ്റാൻ കഴിയില്ലായെന്നുള്ളത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ചെറിയ ചെറിയ മാറ്റങ്ങളുണ്ടാക്കിയെന്നുള്ളതല്ലാതെ രണ്ട് ബഡ്ജറ്റ്

ഡോക്യുമെന്റും ഏതാണ്ട് ഒരുപോലെയാണ്. ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ ഞങ്ങൾ നേരത്തെ പ്രഖ്യാപിച്ച കാര്യങ്ങളാണ്. അതിലൊന്നും മാറ്റം വരുത്തിയിട്ടില്ല എന്നുള്ളതിലും ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഡ്ജറ്റ് തന്നെ ഇപ്പോൾ എടുത്തവതരിപ്പിച്ചിരിക്കുന്നുവെന്നതിലും ഞങ്ങൾക്ക് സന്തോഷമുണ്ട്.

അങ്കണവാടി ടീച്ചർമാരുടെ വേതനം 10,000 രൂപയാക്കിയതിനെ നിങ്ങൾ പരിഹസിക്കുകയാണ് ചെയ്തത്. സത്യത്തിൽ 10,000 രൂപയാക്കുകയും അങ്ങനെ വരുന്ന ചെലവിന്റെ പകുതി തുക ബഡ്ജറ്റിൽ കൊണ്ടുവരുകയും ചെയ്തില്ലായിരുന്നുവെങ്കിൽ 10,000 രൂപ അങ്കണവാടി ടീച്ചർമാർക്ക് ലഭിക്കില്ലായിരുന്നു. ഇതിന്റെ ഗുണം എത്രയോ പേർക്ക് കിട്ടി. ചില പഞ്ചായത്തുകളോട് തെരഞ്ഞെടുപ്പ് സമയത്ത് ഈ തുക കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞതുകൊണ്ട് കൊടുത്തില്ലെന്നുള്ളതല്ലാതെ എത്രയോ പഞ്ചായത്തുകളിൽ അത് കൊടുത്തു. നാദാപുരം പഞ്ചായത്തിൽ അന്വേഷിച്ചാൽ ആ പഞ്ചായത്തിലെ എല്ലാ അങ്കണവാടി ടീച്ചർമാർക്കും ഈ വേതനം ലഭിച്ചുവെന്ന് മനസ്സിലാകും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത് അധിക ബാധ്യതയാണെന്ന് നിങ്ങൾ പറഞ്ഞിട്ട് ഇതിന്റെ 50% ചെലവ് വഹിക്കാൻ പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. അധിക ബാധ്യതയാണെങ്കിൽ പഞ്ചായത്തിനെ മൊത്തത്തിൽ അതിൽനിന്നും ഒഴിവാക്കുകയല്ലേ ചെയ്യേണ്ടിയിരുന്നത്? അപ്പോൾ 100% ശരിയല്ലെങ്കിലും 50% ഞാൻ ചെയ്തത് ശരിയാണെന്ന് സമ്മതിക്കുന്നതാണ് നിങ്ങളുടെ ഈ ബഡ്ജറ്റ് പ്രസംഗമെന്ന് പറയാനാഗ്രഹിക്കുകയാണ്. വൈകല്യമുള്ളവർ/ഭിന്നശേഷിക്കാർ എന്നിവർ ഒഴികെ ബാക്കിയുള്ളവർക്ക് ഒരു പെൻഷൻ മാത്രമേയുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്കണവാടി ടീച്ചർമാർക്ക് ഒരു ഉത്തരവിലൂടെ രണ്ട് പെൻഷൻ വാങ്ങാനുള്ള അനുമതി മുൻ സർക്കാർ നൽകിയിട്ടുള്ളത് പിൻവലിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അവർക്ക് വെൽഫെയർ ഫണ്ടിൽനിന്നും ലഭിക്കുന്ന പെൻഷൻ അപര്യാപ്തമായതുകൊണ്ട് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന പെൻഷൻകൂടി നൽകാം എന്നുള്ള ഒരുത്തരവുണ്ട്. ഇതിന്റെ പേരിൽ പലർക്കും ഇപ്പോൾ പെൻഷൻ ഇല്ലാതാകുന്ന സ്ഥിതിയുണ്ട്. ഒരു പെൻഷൻ എന്നുപറയുമ്പോൾ, 80 വയസ്സ് കഴിഞ്ഞവർക്ക് പ്രതിമാസം 1,200 രൂപയും 80 ശതമാനത്തിലധികം വൈകല്യമുള്ളവർക്ക് 1,100 രൂപയും 75 വയസ്സ് കഴിഞ്ഞവരുടെ പ്രതിമാസ പെൻഷൻ 1,500 രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പെൻഷൻ ഏകീകരണത്തിന്റെ പേരിൽ വർദ്ധിപ്പിച്ച തുക കുറവുവരുത്തുകയാണെങ്കിൽ ഇവരെയെല്ലാം ബാധിക്കും. അതുകൊണ്ട് അങ്ങയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഈ ആളുകളെ രണ്ട് പെൻഷൻ വാങ്ങുന്നതിൽനിന്ന് ഒഴിവാക്കരുതെന്ന് പറയാനാഗ്രഹിക്കുകയാണ്. പെൻഷൻ നൽകുന്നതിന് ഡയറക്ട്

ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) എന്നുപറയുന്ന ഒരു സിസ്റ്റം കൊണ്ടുവന്നത് കഴിഞ്ഞ ഗവൺമെന്റാണ്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് വന്നിട്ടുള്ള കാലതാമസമായിരുന്നു അതിലെ അപാകത. ആ പണം മുഴുവൻ ഞങ്ങളവർക്ക് കൈമാറിയതാണ്. പെൻഷൻ നൽകുന്നത് ബാങ്ക് വഴിയാണോ, മണി ഓർഡറായാണോ അല്ലെങ്കിൽ വേറെ ഏതെങ്കിലും രീതിയിലാവുന്നതാണോ നല്ലത് എന്ന് കണ്ടുപിടിക്കാനുള്ള സമയം നിങ്ങളും ആവശ്യപ്പെട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഡി.ബി.റ്റി.-യിൽ ഞങ്ങൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിനെ നൂറുശതമാനം വിശ്വസിച്ചു. കാരണം അങ്ങനെ ഒരു സിസ്റ്റം വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞാൽ എല്ലാവർക്കും കൃത്യമായി പെൻഷൻ ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകുമായിരുന്നു. കടിശ്ശിക വരാനും വൈകാനും പാടില്ലെന്നുള്ളതു കൊണ്ടാണ് ആ തുക മുഴുവൻ ചെക്കുകളാക്കി കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും എത്തിച്ച് ഡിസ്ബർസ്മെന്റ് ചെയ്തത്. എത്ര തുക കടിശ്ശികയുണ്ടായിരുന്നു? പെൻഷൻ തുക എത്ര വർദ്ധിച്ചുവെന്ന കാര്യവും നമ്മൾ മനസ്സിലാക്കേണ്ടതാണ്. പെൻഷൻ ലഭിക്കുന്ന പ്രായപരിധി 65 വയസ്സെന്നുള്ളത് 60 വയസ്സാക്കി ഞങ്ങൾ കുറച്ചില്ലേ; അതുപോലെതന്നെ വാർഷിക വരുമാനം 25,000 രൂപയായിരുന്നത് ഞങ്ങൾ ഒരു ലക്ഷം രൂപയാക്കിയില്ലേ; അതിലൂടെ എത്ര വർദ്ധനവുണ്ടായിയെന്ന് നമ്മൾ നോക്കണം. 12 ലക്ഷം എണ്ണമാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ സമയത്ത് പെൻഷനുണ്ടായിരുന്നതെങ്കിൽ അത് 34.4 ലക്ഷം എണ്ണമായി വർദ്ധിച്ചിരിക്കുന്നു. വർഷംതോറും 220 കോടി രൂപയാണ് നമ്മൾ പെൻഷൻ ഇനത്തിൽ കൊടുക്കുന്നത്. ആ കടിശ്ശിക ഈ മാസമാകുമ്പോഴേക്കും തീർക്കുമെന്ന് പറഞ്ഞിട്ടും അതിനെ അപഹാസ്യമായ രീതിയിൽ ചിത്രീകരിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി എന്നുമാത്രം പറയുകയാണ്. കുറേ കാര്യങ്ങൾ പറയാനുണ്ടായിരുന്നു. എല്ലാം പറയാനുള്ള സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുന്നു. ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. ദരിദ്രരില്ലാത്ത കേരളം എന്ന നല്ല ഒരു മെസേജാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന് പൊതുവെയും കൊല്ലം ജില്ലയിൽ പ്രത്യേകിച്ചും നാളിതുവരെയില്ലാത്ത തരത്തിലുള്ള വികസന നേട്ടത്തിന്റെ വലിയ പട്ടികയാണ് ഈ ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. 700 കോടി രൂപയിലധികം വരുന്ന പദ്ധതികളാണ് കൊല്ലം ജില്ലയിൽ മാത്രം പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും സിനിമയ്ക്കും

പാലങ്ങൾക്കും റോഡുകൾക്കും ജനങ്ങളുടെ മറ്റെല്ലാ കാര്യങ്ങളിലും കൊല്ലം ജില്ലയ്ക്ക് മുന്തിയ പരിഗണനയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ളത്. വിഷമസന്ധിയിൽ ഉഴലുന്ന കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ദിശാബോധമുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് കശുവണ്ടി മേഖല പൊതുവെ വലിയ തകർച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കശുവണ്ടി മേഖലയിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റ് പത്തുശതമാനം ടാക്സ് വർദ്ധിപ്പിച്ചിരിക്കുകയാണ്. അടിയന്തരമായും സംസ്ഥാന ഗവൺമെന്റ് അതിൽ ഇടപെട്ട് വരുന്ന മാസംതന്നെ കേരളത്തിലെ മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്ന ഒരു സംരംഭം ഇവിടെ ഉണ്ടാക്കണം. കൊല്ലം ജില്ലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പതിനൊന്ന് എം.എൽ.എ.-മാരും കേരള നിയമസഭയിൽ എത്തി. ഒരു പാർട്ടിയുടെ നേതാവും രണ്ടുമൂന്ന് ആൾക്കാരും കൊല്ലം ജില്ലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-നെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും വെല്ലുവിളിച്ചു. ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ കൊല്ലം ജില്ലയിൽ സി.പി.ഐ(എം.) അക്കൗണ്ട് തുറക്കില്ലായെന്ന് ഒരു നേതാവ് വെല്ലുവിളിച്ചു. ആ വെല്ലുവിളി കൊല്ലം ജില്ലയിലെ സി.പി.ഐ(എം)-ഉം, സി.പി.ഐ.-യും ആർ.എസ്.പി.-യും അടക്കമുള്ള ഇടതുപക്ഷ പ്രവർത്തകർ ഏറ്റെടുത്തതിന്റെ ഫലമായിട്ടാണ് കൊല്ലം ജില്ലയിൽനിന്ന് പതിനൊന്നുപേർ നിയമസഭയിൽ വന്നത്. ചില പാർട്ടികൾ ഇന്ന് കേരളത്തിൽ പിടികിട്ടാപ്രേതംപോലെ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. അവർ എവിടെപ്പോയെന്ന് കാണാനില്ല. കേരള നിയമസഭയിൽ ഒരുകാലത്ത് ഉണ്ടായിരുന്ന അവർ ഇപ്പോൾ കേരള രാഷ്ട്രീയത്തിൽനിന്നും പൂർണ്ണമായും അപ്രത്യക്ഷമായി. കഴിഞ്ഞ ആഴ്ച സമാപിച്ച കോപ്പ-അമേരിക്ക ഫുട്ബോൾ ടൂർണമെന്റിൽ ചിലിയോട് ഷൂട്ട്ഔട്ടിൽ തോറ്റ അർജന്റീനയുടെ മെസ്സി അടക്കമുള്ള താരങ്ങൾ കളിക്കളം വിട്ടത് തലകുനിച്ചുപിടിച്ചുകൊണ്ടാണ്. അതുപോലെയായി കേരളത്തിലെ ആർ.എസ്.പി. എന്നുപറയുന്ന പ്രസ്ഥാനം. ആ പ്രസ്ഥാനം കേരള രാഷ്ട്രീയത്തിൽനിന്ന് പൂർണ്ണമായും അപ്രത്യക്ഷമായി. ഞങ്ങൾക്ക് അഭിമാനം തോന്നുന്നു. ചില നെറികെട്ട രാഷ്ട്രീയ നിലപാടുകൾ ആ പാർട്ടി സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഇന്നവർ ഇവിടെ ഇല്ലാതായത്. ഞങ്ങൾ ശരിയായ ദിശയിലൂടെയാണ് സഞ്ചരിക്കുന്നത്. നല്ല

നിലയിൽ ചിന്തിക്കുകയും നല്ല രൂപപ്പെടുത്തലുകൾ കേരളത്തിനുവേണ്ടി സംഭാവന ചെയ്തുകൊണ്ടുമാണ് ഞങ്ങൾ ഇവിടെ വന്നിട്ടുള്ളത്. കൊല്ലം ജില്ലയിൽ കശുവണ്ടി ഫാക്ടറികൾ മുഴുവൻ തുറന്നുപ്രവർത്തിച്ച് അവരുടെ പട്ടിണി മാറ്റാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റ് കേരളത്തിന്റെ സർവ്വതോമുഖമായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റാണ്. കേരളം എങ്ങനെ ചിന്തിക്കുന്നു എന്നത് ഈ ബഡ്ജറ്റിലൂടെ തെളിയാൻ പോവുകയാണ്. ഈ ബഡ്ജറ്റിൽ എറണാകുളം ജില്ലയ്ക്ക് പ്രത്യേകമായ പരിഗണനയും കിട്ടിയിട്ടുണ്ട്. കാരണം എറണാകുളം ജില്ല കേരളത്തിന്റെതന്നെ വളർച്ചയുടെ ദിശാസൂചികയാണ്. ആ ജില്ലയ്ക്ക് നല്ല പരിഗണന നൽകിയ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകതയെന്നു പറയുന്നത് കേരളത്തിന്റെ സാംസ്കാരിക മേഖലയെ ഈ ബഡ്ജറ്റ് നല്ലതുപോലെ അഭിസംബോധന ചെയ്യുന്നു എന്നതാണ്. കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണം സാംസ്കാരിക മേഖലയിലും വലിയ തകർച്ചയാണുണ്ടാക്കിയത്. ആ തകർച്ചയെക്കുറിച്ച് കഴിഞ്ഞ ദിവസത്തെ ഒരു പത്രത്തിൽ വായിക്കാൻ കഴിഞ്ഞു. യുനെസ്കോ പൈതൃക കലയായി അംഗീകരിച്ച ഒന്നാണ് കൂടിയാട്ടം. അത് കേരളത്തിന്റെ പൈതൃകമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള കൂടിയാട്ടമെന്ന കലയെ അപ്പുറത്തിരിക്കുന്ന ഒരു രാഷ്ട്രീയ കക്ഷി വളരെ മോശപ്പെട്ട രീതിയിൽ, അപഹസിക്കുന്ന തരത്തിൽ ഒരു പ്രസ്താവന ഇറക്കുകയുണ്ടായി. കേരള കോൺഗ്രസ്സിന്റെ 'പ്രതിച്ഛായ' എന്ന മാസികയിൽ ഒരു ലേഖനമുണ്ടായിരുന്നു. ആ ലേഖനത്തിന്റെ തലക്കെട്ട് "ഒറ്റകാരുടെ കൂടിയാട്ടം" എന്നാണ്. അതിൽ പറഞ്ഞിട്ടുള്ളത് " നാലുമന്ത്രിമാരെ വെള്ളം കുടിപ്പിച്ചു, ഒരു മന്ത്രിയെ രാജി വയ്പിച്ചു, മറ്റൊരു മന്ത്രിയെ തോല്പിച്ച് വീട്ടിലിരുത്തി, മറ്റുള്ളവരെ പ്രതിപക്ഷത്തും ഇരുത്തി, എന്നിട്ടും അയാളോട് എന്തൊരു സ്നേഹമാണ് ചിലർക്ക് " എന്നാണ്. കൂടിയാട്ടം പോലൊരു മഹത്തായ കലയെ ഇങ്ങനെ അവഹേളിക്കുന്ന ഒരു മുന്നണിയുടെ നേതൃത്വമാണ് അപ്പുറത്തിരിക്കുന്നത്. അവർക്കിതൊന്നും മനസ്സിലാകില്ല. അവർക്ക് കലയും

സംസ്കാരവുമൊക്കെ അന്യമാണ്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെയും നവോത്ഥാന മൂല്യങ്ങളെയും സംരക്ഷിക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളെ തീർച്ചയായും സാംസ്കാരിക പ്രവർത്തകൻകൂടിയായ ഡോ. എം. കെ. മുനീർ നല്ലനിലയിൽ പ്രശംസിക്കുമെന്നാണ് കരുതിയത്. പക്ഷെ അദ്ദേഹവും 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിൽ കൊതുകിന് ചോരതന്നെയാണല്ലോ കൗതുകം' എന്നുപറയുന്നതുപോലെ അത്തരം കാര്യങ്ങളൊന്നും പരാമർശിച്ചില്ല. ഈ ബഡ്ജറ്റിൽ കേരളത്തിന്റെ സാംസ്കാരിക മേഖലയ്ക്കുവേണ്ടി വലിയ തുക നീക്കിവച്ചിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന രംഗത്ത് വലിയ സംഭാവനകൾ നൽകിയ പതിനാല് മഹാരഥൻമാരുടെ പേരിൽ സാംസ്കാരിക നവോത്ഥാന സമുച്ചയങ്ങൾ സ്ഥാപിക്കാൻ അങ്ങ് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയുണ്ടാക്കുന്ന സാംസ്കാരിക നവോത്ഥാന കേന്ദ്രങ്ങൾ എന്തിനുവേണ്ടിയാണ് എന്നുകൂടി അങ്ങ് പറഞ്ഞിട്ടുണ്ട്. നാടകം, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള ഇടങ്ങൾ തുടങ്ങിയവയ്ക്കാണ്. സാംസ്കാരിക മാൾ എന്നുവേണമെങ്കിൽ നമുക്കതിനെ ഭാവിയിൽ പറയാൻ കഴിയും. അങ്ങനെ രൂപകൽപ്പന ചെയ്യുമ്പോൾ അതിന്റെ നിർമ്മാണ ചുമതല ആ മേഖലയിൽ വൈദഗ്ധ്യമുള്ള സംഘടനകളെയോ ശ്രീ. ശങ്കറിനെപ്പോലെയുള്ള പ്രഗത്ഭമതികളായ വ്യക്തികളെയോ കൂടി പങ്കെടുപ്പിച്ചുകൊണ്ടായിരിക്കണമെന്നാണ് അങ്ങയോട് പറയാനുള്ളത്. സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് 50% വർദ്ധിപ്പിച്ചു. ഞാൻ കഴിഞ്ഞ അഞ്ചുകൊല്ലത്തെ ബഡ്ജറ്റ് പരിശോധിച്ചു. അതിലൊന്നും സാംസ്കാരിക സ്ഥാപനങ്ങൾക്ക് സംഖ്യ വർദ്ധിപ്പിച്ചതായിട്ടോ അതിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനായിട്ടോ യാതൊരു നീക്കവും ആ ഗവൺമെന്റ് നടത്തിയതായി കണ്ടില്ല. 2014-15-ലെ സാംസ്കാരികം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടാണ് എന്റെ കയ്യിലിരിക്കുന്നത്. ഞാൻ അതൊന്നും വായിക്കുന്നില്ല. അതിന്റെ പ്രവർത്തനങ്ങളെടുത്താൽ കുറേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി അവസാനിപ്പിച്ചതൊഴിച്ചാൽ കേരളത്തിന്റെ സാംസ്കാരിക മേഖലയ്ക്കുവേണ്ടി ആ ഗവൺമെന്റിന്റെ പ്രതിനിധികളായിരുന്നവർ ഒരു കാര്യവും ചെയ്തില്ല. അങ്ങ് 50% തുക വർദ്ധിപ്പിക്കാൻ തയ്യാറായത് ഏറെ അഭിനന്ദനാർഹമാണ്. അങ്ങ് കേരളത്തിലെ കലാകാരന്മാരുടെയാകെ പ്രശംസയ്ക്ക് അർഹനായിരിക്കുകയാണ്. കലാകാരൻമാരുടെ പെൻഷൻ തുക 1,500 രൂപയായി

വർദ്ധിപ്പിച്ചു. ഒരു നേരത്തെ ചായ കുടിക്കാൻപോലും കഴിവില്ലാത്ത അനേകം കലാകാരന്മാർ കേരളത്തിലുണ്ട്. പെൻഷൻ വർദ്ധിപ്പിക്കണമെന്നത് അവരുടെ പ്രാർത്ഥനയായിരുന്നു. അതാണ് അങ്ങ് ദൈവദൂതനെപ്പോലെ കേട്ട് അവരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തത്. ഇതോടൊപ്പം ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. മലയാള സിനിമയ്ക്ക് വലിയ സംഭാവന നൽകിയ നടനും എഴുത്തുകാരനുമായിരുന്ന ഭരത് പി.ജെ.ആന്റണിയുടെ ഭാര്യയ്ക്ക് ഒരു പ്രത്യേക ഉത്തരവിലൂടെ കഴിഞ്ഞ 18 കൊല്ലക്കാലമായി 3,000 രൂപ പെൻഷൻ കൊടുത്തുവരുന്നുണ്ട്. ആ തുക വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തീരുമാനമെടുക്കണമെന്ന് വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്. കലാകാരൻമാരോട് മാത്രമല്ല ഈ നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതി ഇന്നും ജീവിച്ചിരിക്കുന്ന ധീരരായ സ്വാതന്ത്ര്യ സമര സേനാനികളോട് കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റ് നീതികേട് കാണിച്ചിട്ടുണ്ട്. അവർക്ക് കേന്ദ്രഗവൺമെന്റ് 2011 മുതൽ ഡി.എ. വർദ്ധിപ്പിച്ചുകൊടുത്തിരുന്നു. അങ്ങനെ വർദ്ധിപ്പിക്കുന്ന ഡി.എ. കാലാകാലങ്ങളിൽ കേരളത്തിലും കൊടുക്കുമായിരുന്നു. എന്നാൽ 2011 മുതൽ കേരളത്തിൽ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഒരു രൂപപോലും ഡി.എ. വർദ്ധിപ്പിച്ച് കൊടുക്കാൻ തയ്യാറാകാതെ സ്വാതന്ത്ര്യ സമരസേനാനികളോടുപോലും ക്രൂരമായ പ്രതികാരം കാണിച്ച ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ഗവൺമെന്റ്. അങ്ങ് അവരുടെ പ്രാർത്ഥന കേൾക്കുകയും അവരുടെ ആവശ്യം അംഗീകരിക്കുകയും ചെയ്തു. കേന്ദ്രസർക്കാർ ഡി. എ. കൊടുക്കുന്നതനുസരിച്ച് കേരളത്തിലും കൊടുക്കാനും ഇതുവരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കാനുമുള്ള തീരുമാനമെടുത്തത് വളരെ അഭിനന്ദനാർഹമാണ്. ഇതുവരെയില്ലാത്ത രീതിയിൽ കേരളത്തിലെ ലൈബ്രറി പ്രസ്ഥാനത്തിന് 50% ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചുവെന്നു മാത്രമല്ല, കുടിശ്ശികയുണ്ടായിരുന്ന 4 കോടി രൂപ കൊടുക്കാനും അങ്ങേയ്ക്ക് കഴിഞ്ഞു. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിനും ഇന്നത്തെ കേരളമായി രൂപപ്പെടുത്തിയതിലും ഗ്രന്ഥശാലാ പ്രസ്ഥാനം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പി. എൻ. പണിക്കരും പിന്നീട് കടമ്മനിട്ട രാമകൃഷ്ണനും ഐ.വി. ദാസുമടക്കമുള്ള മഹാരഥന്മാരായ മുൻ ഭരണസാരഥികളുടെ സ്വപ്നം പൂവണിയുകയാണ്. 50% ഗ്രാന്റ് വർദ്ധിപ്പിക്കുക മാത്രമല്ല അങ്ങ് ചെയ്തിട്ടുള്ളത്

എൽ.സി.ഡി. പ്രൊജക്ടറടക്കം സ്ഥാപിച്ച് A ഗ്രേഡ് ഗ്രന്ഥശാലകളെ ആധുനികവത്കരിക്കാൻ 10 കോടി രൂപ പ്രത്യേകമായി നീക്കിവച്ചത് വളരെ നല്ല കാര്യമാണ്. ഇതോടൊപ്പം ഒരു അപേക്ഷ കൂടിയുണ്ട്. 1996-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ തറക്കല്ലിട്ട ഒരു സ്ഥാപനമാണ് ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ആസ്ഥാനമന്ദിരം. ആ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ആസ്ഥാനമന്ദിരം പണിയാൻ പാളയത്ത് അനുവദിച്ചുകിട്ടിയ സ്ഥലം മുൻ ഗവൺമെന്റ് തിരിച്ചെടുത്തിരുന്നു. ആ സ്ഥലം തിരിച്ചുനൽകിക്കൊണ്ട് അവിടെ ആസ്ഥാനമന്ദിരം പണി പൂർത്തീകരിക്കാനാവശ്യമായ തീരുമാനം അങ്ങ് എടുക്കണമെന്നാണ് പറയാനുള്ളത്. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് വലിയ സംഭാവന നൽകിയ വ്യക്തിയായ സാംസ്കാരിക മന്ത്രിയായിരുന്ന ടി. കെ. രാമകൃഷ്ണന്റെ സ്മരണാർത്ഥം എറണാകുളത്ത് സ്ഥാപിച്ചിട്ടുള്ള ടി. കെ. രാമകൃഷ്ണൻ കൾച്ചറൽ സെന്ററിനുവേണ്ടി ഈ ബഡ്ജറ്റിൽ തുക അനുവദിക്കണം. ഞാൻ ഒരു പ്രത്യേക സമുദായത്തിന്റെ പ്രതിനിധിയാണ്. കേരളത്തിന്റെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 3000-ൽ താഴെ മാത്രമായിരിക്കും. വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം അവർക്ക് ചെറിയ തോതിലുള്ള ലംപ്സം ഗ്രാന്റ് കൊടുക്കാൻ അങ്ങ് തയ്യാറാകണം. അങ്ങ് മുമ്പ് അനുവദിച്ചിട്ടുള്ള ആംഗ്ലോ ഇൻഡ്യൻ സമുദായത്തിനായുള്ള കൾച്ചറൽ സെന്റർ സ്ഥാപിക്കാനാവശ്യമായ തുകയും അനുവദിക്കണമെന്ന് വിനയത്തോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും സ്വാഗതം ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കാല്പനികമായ ഈ കിഫ്ബി ബഡ്ജറ്റിലെ യാഥാർത്ഥ്യമാകാൻ സാധ്യതയില്ലാത്ത നിർദ്ദേശങ്ങളോടുള്ള എതിർപ്പ് ഞാൻ ആദ്യമേ രേഖപ്പെടുത്താനാഗ്രഹിക്കുന്നു. അങ്ങ് കേരളത്തിന്റെ ധനമന്ത്രിയായി ഒരിക്കൽക്കൂടി അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ ജനങ്ങളും അങ്ങയുടെ കൂടെയിരിക്കുന്ന ആളുകളും അങ്ങയിൽ നിന്ന് പ്രതീക്ഷിച്ചത് ഇതായിരുന്നില്ലെന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ പ്രസംഗിച്ച ആളുകൾ മുഴുവൻ ബഡ്ജറ്റിന്റെ ഏറ്റവും വലിയ മേന്മയായി എടുത്തുപറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽ പലതും എവിടെനിന്നും കിട്ടുമെന്നറിയാത്ത ധനാഗമ മാർഗ്ഗത്തെ ചുറ്റിപ്പറ്റിയുള്ളതാണെന്നത് വളരെ വ്യക്തമായി

നമുക്ക് മനസ്സിലാക്കാൻ കഴിയും. ഈ കിഫ്ബി ബഡ്ജറ്റ് ഏതെല്ലാം ഡിപ്പാർട്ട്മെന്റുകളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നുവെന്നോ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് സ്വാഭാവികമായും നടക്കേണ്ടതെന്ന സ്വപ്ന ലോകത്തേക്ക് കൊണ്ടുചെന്നെത്തിച്ചിട്ട്, ഉറക്കത്തിൽനിന്ന് വിളിച്ചുണർത്തി ചോറില്ല എന്ന് പറയുന്നതു പോലുള്ള സാഹചര്യങ്ങളിലേക്ക് കൊണ്ടെത്തിക്കുമോയെന്നുള്ളതാണ് ഭയം.

ഇവിടെ ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന്റെ പാർട്ടിയായ ആർ.എസ്.പി. (കോ.കു.)-ന്റെ നേതൃത്വത്തിൽ മെസ്സിയുമായി ഇവിടെ ഒരു താരതമ്യം നടത്തി. മെസ്സിയോട് അത്തരം ഒരു ചെയ്ത്ത് അദ്ദേഹം ചെയ്യരുതായിരുന്നുവെന്നുള്ളതാണ് എന്റെ വിനീതമായിട്ടുള്ള അഭ്യർത്ഥന. ഇനി മെസ്സിയെ ഈ സഭയിൽ കൊണ്ടുവരികയാണെങ്കിൽത്തന്നെ അങ്ങേക്ക് നല്ല ഒരു താരതമ്യമുണ്ടായിരുന്നു. പ്രതീക്ഷകൾ വാനോളം നൽകി സ്വപ്നലോകത്തേക്ക് ആളുകളെ കൊണ്ടുചെന്നെത്തിച്ചിട്ട് അവസാനം അത് നടപ്പിലാക്കാൻ കഴിയാതെ പോകുമ്പോൾ 29-ാം വയസ്സിൽ കളി നിർത്തേണ്ടി വന്ന മെസ്സിയെപ്പോലെ 5 വർഷം തികയ്ക്കുന്നതിനുമുമ്പ് ധനകാര്യ വകുപ്പുമന്ത്രി സ്ഥാനം വേറെയാർക്കെങ്കിലും ഡോ. ടി. എം. തോമസ് ഐസക് നൽകേണ്ടിവരുമോ എന്നുള്ളതാണ് ഒരുപക്ഷേ മറ്റു പലതലത്തിലും ആളുകൾ ചിന്തിക്കേണ്ടിയിരിക്കുന്നത്.

ഇവിടെ കടുവയെയും ആട്ടിടയനെയും സംബന്ധിച്ചൊക്കെ പ്രസംഗിക്കുന്നതു കേട്ടു. എന്റെ വിവരമില്ലായ്മ കൊണ്ടാണോ എന്നറിഞ്ഞുകൂടാ. നിങ്ങൾ എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിച്ചതുകൊണ്ട് ഇവിടെയെത്തിയതുകൊണ്ടാണോ എന്നും അറിഞ്ഞുംകൂടാ. ഇവിടെ ക്വാട്ട് ചെയ്യുന്നവരെല്ലാം ഒന്നുകിൽ ബൈബിൾ അല്ലെങ്കിൽ ഭഗവദ്ഗീത അതുമല്ലെങ്കിൽ നെഹ്റുവിന്റെ പുസ്തകങ്ങളൊക്കെയാണ് റഫർ ചെയ്യുന്നത്. കാറൽ മാർക്സിനെയും ഏംഗൽസിനെയും എവിടെയെങ്കിലും ഒരു തവണ ഈയിരിക്കുന്ന ആരെങ്കിലും ഒന്ന് ക്വാട്ട് ചെയ്ത് പ്രസംഗിക്കുന്നത് കേൾക്കാൻ ഞങ്ങൾക്കും ആഗ്രഹമുണ്ടാകില്ലേ? നെഹ്റുവിനെ അന്ന് നിങ്ങൾ എതിർത്തെങ്കിലും പിന്നീട് ക്വാട്ട് ചെയ്തതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. എപ്പോഴാണ് നിങ്ങൾ ഇത്രയും ബൈബിൾ പഠിച്ചതെന്നാണ് ഞാൻ ആലോചിച്ചു കൊണ്ടിരിക്കുന്നത്. അതുപോലെ ഗുരുദേവനെയും ക്വാട്ട് ചെയ്യുന്നുണ്ട്. അതിനെ

തെറ്റുപറയാൻ കഴിയില്ല. നല്ല കാര്യം. മറന്നുപോകാതിരിക്കാൻവേണ്ടി കാറൽ മാർക്സിനെയും ഏംഗൽസിനെയും പ്രസംഗത്തിൽ എവിടെയെങ്കിലുമൊക്കെ ക്വാട്ട് ചെയ്യാൻ ശ്രമിക്കണം. പാർട്ടി ഓഫീസിൽ ഇപ്പോഴുണ്ടാകാൻ സാധ്യതയില്ല. ലൈബ്രറിയിൽ കോപ്പിയുണ്ടാകും. ശ്രീ. വി. ടി. ബൽറാമിനോട് ചോദിച്ചാൽ വേണമെങ്കിൽ എടുത്തുതരും. അദ്ദേഹം എവിടെയെങ്കിലുമൊക്കെ ചിലപ്പോൾ ക്വാട്ട് ചെയ്യുന്നത് കണ്ടിട്ടുണ്ട്. അത് ഇടയ്ക്ക് ക്വാട്ട് ചെയ്യുന്നത് നല്ലതാണ്.

ഞാനിവിടെ നിന്ന് ഇങ്ങനെ നോക്കുമ്പോൾ ശ്രീ. എം. സ്വരാജ്, ശ്രീ. എ. എൻ. ഷംസീർ, ശ്രീ. ആർ. രാജേഷ്, ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. മുഹമ്മദ് മുഹാസിൻ പി., ശ്രീ. എൽദോ എബ്രഹാം ഇവരൊക്കെയിരിക്കുന്നു. ഒത്തിരി ചെറുപ്പക്കാരുണ്ട്, നല്ല കാര്യം. ഇത്രയും ചെറുപ്പക്കാർ അപ്പുറത്തിരിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ ഇനി രണ്ടുവർഷത്തേക്ക് ഒരു കാരണവശാലും ആരോഗ്യ വകുപ്പിലല്ലാതെ മറ്റൊരു വകുപ്പിലും ഒരു തസ്തികയും സൃഷ്ടിക്കാൻ പോകുന്നില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുമ്പോൾ ഇത്തിരി പ്രയാസം നിങ്ങൾക്കുവേണ്ടി ഞാനിവിടെ രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 25 ലക്ഷം പേർക്ക് 5 വർഷം കൊണ്ട് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. അങ്ങും ചെറുപ്പക്കാരനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞപ്പോഴാണ് അങ്ങേക്ക് ഇത്രയും പ്രായമുണ്ടെന്നുള്ളത് ഞങ്ങൾക്കുപോലും മനസ്സിലായത്. എന്നാലും അങ്ങയെ ഞങ്ങൾ ചെറുപ്പക്കാരനായി തന്നെയാണ് കണക്കാക്കുന്നത്. അങ്ങ് ചെയർ ചെയ്യുന്ന ഈ സഭയിലാണ് രണ്ട് വർഷത്തേക്ക് ആരോഗ്യ വകുപ്പിലൊഴികെ ഒരു തസ്തികയും സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് വളരെ വ്യക്തമായി കേരളത്തിന്റെ ധനമന്ത്രി പറഞ്ഞത്. ശ്രീ. എ. എൻ. ഷംസീറിനും ശ്രീ. എം. സ്വരാജിനും അങ്ങേക്കും മറ്റു ചെറുപ്പക്കാർക്കെല്ലാവർക്കും വേണ്ടി; നിങ്ങൾക്ക് പറയാൻ കഴിയില്ലെന്ന് എനിക്കറിയാം, നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഈ ഗവൺമെന്റിന്റെ ആ യുവജനവിരുദ്ധ നയങ്ങൾക്കെതിരായുള്ള ശക്തമായ പ്രതിഷേധം ഈ സഭയിൽ രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ കടുവ വന്നപ്പോൾ ആടിനെ ഇട്ടേച്ചുപോയ ആൾക്കാരാണ് ഞങ്ങളെന്നും ഇവിടത്തെ

സാധാരണക്കാരന് വേണ്ടി ഒന്നും ചെയ്തില്ലെന്നും ശ്രീമതി പ്രതിഭാ ഹരി പ്രസംഗമദ്ധ്യേ സൂചിപ്പിച്ചു. അത്രയും വലിയ ജനസേവന പ്രവർത്തനങ്ങളുടെ എന്ത് കേമത്തമാണാവോ കഴിഞ്ഞ 5 വർഷക്കാലം ഇവിടെയുണ്ടായിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകപ്പുമന്ത്രി ഒരു ദിവസം പ്രസംഗിക്കുമ്പോൾ ചോദിക്കുന്നതുകേട്ടു. ഈ ഗവൺമെന്റ് കേരളത്തെ ഇപ്പോൾ നോക്കിക്കാണുന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയ നേട്ടങ്ങളുടെ ചുമലിലിരുന്നാണെങ്കിൽ ആ ഉയരം മുഴുവൻ നിങ്ങളുടേതാണെന്ന് തെറ്റിദ്ധരിക്കരുത് എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നേട്ടങ്ങൾ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് 808 കോടി രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ നിധിയിൽനിന്ന് നമ്മുടെ ഗവൺമെന്റ് നൽകിയിട്ടുണ്ടെന്ന് ഇന്ന് ഒരു സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന് മുമ്പുണ്ടായിരുന്ന 5 വർഷത്തെ കണക്കുകൾ കൂടി നിങ്ങൾ പരിശോധിക്കണം. 200 കോടി രൂപയിലാണ് അത് വന്നുനിൽക്കുന്നത്. അപ്പോൾ ഇവിടത്തെ ആട്ടിടയൻ ആരാണ്; യഥാർത്ഥത്തിൽ ജനങ്ങൾക്കുവേണ്ടി നിലകൊണ്ടത് ആരാണെന്നുള്ളത് നിങ്ങൾ പരിശോധിക്കണം. കാരുണ്യ ബെനവലന്റ് ഫണ്ട് ഒരു അവകാശമാക്കി ഞങ്ങൾ മാറ്റുമെന്ന പ്രഖ്യാപനം ഭയങ്കര കൈയടിയോടെ എല്ലാവരും സ്വീകരിക്കുന്നതുകേട്ടു. നല്ല കാര്യം. കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് ചികിത്സ നടക്കുന്നതിനുമുമ്പ് അല്ലെങ്കിൽ ശസ്ത്രക്രിയയ്ക്കുമുമ്പ് പണം അവന്റെ കൈയിലേയ്ക്കോ ആശുപത്രിയിലേയ്ക്കോ എത്തിച്ചുകൊടുക്കാൻ കഴിയുന്ന നവീനമായ ഒരു പദ്ധതി ഇവിടത്തെ സാധാരണക്കാർക്കുവേണ്ടി നടപ്പിലാക്കുകയും ഏതാണ്ട് ആയിരത്തോളം കോടി രൂപ ഇവിടത്തെ സാധാരണക്കാരന് എത്തിച്ചുകൊടുത്തത് യു.ഡി.എഫ്.-ന്റെ ഗവൺമെന്റയിരുന്നു. അതിനുമുമ്പ് അത്തരത്തിലൊരു പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടായിരുന്നില്ല. അപ്പോൾ 252 കോടി രൂപ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ചികിത്സാധനസഹായമായി കൊടുത്തിരുന്നുവെങ്കിൽ കഴിഞ്ഞ 5 വർഷക്കാലം ഇപ്പുറത്തിരുന്ന് പ്രസംഗിച്ചിരുന്ന ആളുകളുടെ ഓരോ പ്രസംഗവും വിമർശനങ്ങളുടെ

ശരങ്ങളെയുകൊണ്ടായിരുന്നു. എന്നിട്ട് അവർ മെല്ലെ അപ്പുറത്തുകൂടെ മുഖ്യമന്ത്രിയുടെ അടുത്തേക്ക് കളകൂറുടെ റിപ്പോർട്ടും വച്ചുകൊണ്ട് ചെന്നിട്ട് 'എത്രയാണ് സർ' എന്ന് ചോദിച്ചിട്ട് അവിടെനിന്ന് എഴുതി ഒപ്പ് വാങ്ങിച്ച് പോകുകയാണ്. അത് അവകാശമാണ്. നിങ്ങൾ പറഞ്ഞതിനകത്ത് മുപടിയുണ്ട്. ആ അവകാശം അന്നുമുണ്ടായിരുന്നു.

അതുപോലെ പൊതുവിദ്യാഭ്യാസ മേഖല, തലശ്ശേരി ഉൾപ്പെടെ പുതിയ നിയോജകമണ്ഡലം വന്നപ്പോൾ 21 പുതിയ സർക്കാർ കോളേജുകൾ, ഗവൺമെന്റ് കോളേജോ എയ്ഡഡ് കോളേജോ ഇല്ലാത്ത അട്ടപ്പാടി ഒഴികെയുള്ള 20 നിയോജക മണ്ഡലങ്ങളിൽ ഗവൺമെന്റ് കോളേജ് തുടങ്ങിയതും ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്ത 137 പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയതും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്താനാവശ്യമായ സഹായം ചെയ്തതും 12 ലക്ഷംപേർക്ക് കൊടുത്തിരുന്ന പെൻഷൻ 34.5 ലക്ഷം പേർക്കാക്കി വർദ്ധിപ്പിച്ചതും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റായിരുന്നുവെന്നുള്ളത് നിങ്ങൾ മറക്കരുത്. അതുപോലെതന്നെയാണ് ഇവിടെ പെൻഷൻ 1,000 രൂപയാക്കി വർദ്ധിപ്പിച്ചുവെന്നുള്ള കാര്യവും. അറിയേണ്ട ഒരു കാര്യം, നമ്മൾ 1,200 രൂപ കൊടുത്തുകൊണ്ടിരുന്ന പെൻഷൻ 1,000 രൂപയാക്കരുത് എന്നുള്ള ഒരു അപേക്ഷ കൂടിയുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്.....

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് ഈജിപ്റ്റിൽനിന്നും ഫ്രാൻസിലേക്ക് വന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതുകൊണ്ട് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് കേരളത്തിന്റെ വികസന രംഗത്തും സാമൂഹ്യക്ഷേമ നടപടികളിലും ഒരുപാട് നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ആ നേട്ടങ്ങളുടെ തുടർച്ച തന്നെയാണ് ഈ ബഡ്ജറ്റിൽ നിങ്ങൾ അവതരിപ്പിച്ച പല നിർദ്ദേശങ്ങളും. പുതുതായി ഒന്നും കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. നല്ല കാര്യങ്ങൾ കേരളത്തിൽ ഒരുമിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അതല്ലാതെ കഴിഞ്ഞ കാലത്ത് നടന്നതു മുഴുവൻ തെറ്റായിരുന്നു എന്ന് പറയുകയും മോഹനവാഗ്ദാനങ്ങൾ നൽകി അതിന് വിരുദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്ന ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളോടുള്ള എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഒരിക്കൽ കൂടി 25 ലക്ഷം

പേർക്ക് 5 വർഷം കൊണ്ട് തൊഴിൽ കൊടുക്കാമെന്ന് ബഡ്ജറ്റിൽ പറഞ്ഞതിന്റെ ആവറേജ് എടുത്തുനോക്കുമ്പോൾ 5 ലക്ഷം പേർക്ക് ഈ വർഷം തൊഴിൽ കൊടുക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. എന്തു നടപടിയാണ് ഈ ഗവൺമെന്റ് ഇവിടെ ആരംഭിച്ചിട്ടുള്ളതെന്ന് ഇവിടത്തെ യുവജനങ്ങൾക്കുവേണ്ടി ചോദിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

2.00 pm]

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കേരള ചരിത്രത്തിലെ ഏറ്റവും ധീരമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ധനകാര്യ കെടുകാര്യസ്ഥതയുടെ വിശദവിവരങ്ങൾ കാണിക്കുന്ന ധവളപത്രം പുറത്തുവന്നു കഴിഞ്ഞു. അതിനകത്തെ കാര്യങ്ങൾ ഇവിടെ എടുത്തു പറയേണ്ടതായിട്ടില്ല. ഈ ധവളപത്രത്തിൽ കാണിച്ചിരിക്കുന്ന ദുർവ്യയങ്ങൾ നിയന്ത്രിച്ചാലും നികുതി വരുമാനം പരമാവധി വർദ്ധിപ്പിച്ചാലും മാത്രം കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയില്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പ്രതിസന്ധിയിൽ നിന്നും കരകയറി മുന്നോട്ടു പോകുന്നതിനുള്ള ഏക വഴി മറ്റ് മാർഗ്ഗങ്ങളിലൂടെ വിഭവസമാഹരണം നടത്തുകയെന്നുള്ളതാണ്. ലോകത്ത് ഇന്ന് സാമ്പത്തികമായി മുൻനിരയിൽ നിൽക്കുന്ന രാജ്യങ്ങളെല്ലാം വളർച്ചക്കുവേണ്ടി കൃതിച്ചത് കടം വാങ്ങിക്കൊണ്ടാണ്. അത് ലോകരാജ്യങ്ങളുടെ സാമ്പത്തിക ചരിത്രം പരിശോധിക്കുന്ന ആർക്കും മനസ്സിലാകും. കടം വാങ്ങി സമാഹരിച്ച വമ്പിച്ച മൂലധനമായിരുന്നു അവരുടെ സാമ്പത്തിക കുതിപ്പിന്റെ അടിത്തറ. വികസന സ്വപ്നങ്ങളും വാശാനങ്ങളും വെറും വായ്ത്താരിയാകാതെ അവയ്ക്കുവേണ്ടി പ്രായോഗിക നിർദ്ദേശങ്ങൾ അവതരിപ്പിച്ചതാണ് ഈ ബഡ്ജറ്റിന്റെ മേന്മ. മറ്റൊരു ധനകാര്യ വകുപ്പുമന്ത്രിയും യാത്ര ചെയ്യാൻ തയ്യാറാകാതിരുന്ന ഒരു പുതിയ പാതയിലൂടെ യാത്ര ചെയ്യാനും അങ്ങനെ വിഭവസമാഹരണം നടത്തുന്നതിനും തയ്യാറായ ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വപ്നങ്ങളെ മലർപൊടിക്കാരന്റെ ദിവാസ്വപ്നങ്ങളെന്ന് പറഞ്ഞാണ് ചിലർ പരിഹസിച്ചത്. ബഡ്ജറ്റ് പ്രസംഗത്തിന്റെ 50 മുതൽ 58 വരെയുള്ള ഖണ്ഡികകൾ ഈ സ്വപ്നം എങ്ങനെയാണ് സാക്ഷാത്കരിക്കാൻ പോകുന്നതെന്നുള്ളതിന്റെ പ്രായോഗികമായ നിർദ്ദേശങ്ങളാണ്. അവ കൃത്യമായി വ്യക്തമാക്കുന്നുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ അവസാന വർഷത്തിൽ തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് കൂടുതൽ വിപുലമാക്കിയും

വ്യക്തത വരുത്തിയുമാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലെ ഓരോ കാൽവയ്പ്പും പ്രസംഗത്തിൽ വിശദീകരിക്കുന്നുണ്ട്. ഒരു അവ്യക്തതയുമില്ല. ഇത് നടപ്പാക്കാൻ പോകുന്ന സ്വപ്നമാണ്. കേരളത്തിന്റെ വികസനത്തെപ്പറ്റി ഇടതുപക്ഷ മുന്നണി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ആദ്യത്തെ ചുവടുവെയ്പ്പാണ്. ഇതിന് മുമ്പുള്ള സർക്കാർ, വികസനത്തിന് അല്ലെങ്കിൽ ഉദാരവത്കൃത സാമ്പത്തിക പ്രക്രിയയുടെ പ്രചാരകർ പ്രചരിപ്പിക്കുന്നത് എന്താണ്? വികസനത്തിന് സ്വകാര്യ മേഖലയെ മാത്രമേ ആശ്രയിച്ചിട്ടു കാര്യമുള്ളൂവെന്ന ധാരണയാണ് അവർ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. വികസനത്തിന് സർക്കാർ മുതൽമുടക്കും, അതിനുള്ള പണം സർക്കാർ സമാഹരിക്കും. സമാഹരിക്കാനുള്ള വ്യക്തമായ മാർഗ്ഗം ഇതാണ് എന്നാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നത്. ഇതിൽ എവിടെയാണ് അവ്യക്തത. ഇത് കേരളത്തിലും ഇന്ത്യയിലും ഇടതുപക്ഷ മുന്നണി ഉയർത്തിപ്പിടിക്കുന്ന സാമ്പത്തിക സമീപനത്തിന്റെ പ്രായോഗിക രൂപരേഖയാണ്. ഇടതുപക്ഷ മുന്നണി ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ സാമ്പത്തിക സമീപനങ്ങൾ ഇതിൽ സുവ്യക്തമാണ്. സർക്കാരിന്റെ ഇടപെടൽ, സർക്കാരിന്റെ മുതൽമുടക്ക്, അതിന് സർക്കാർ സമാഹരിക്കാൻ പോകുന്ന തുക, ഇതിനെക്കുറിച്ച് കൃത്യമായും വ്യക്തമായും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. സർക്കാർ ബോണ്ടുകൾ ഇറക്കി, അത് മുഖാന്തരം പണം സമാഹരിക്കുമെന്നത് പുതിയ കാര്യമാണ്. ആ കാര്യം വളരെ വ്യക്തമായി ചെയ്യുമെന്നാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഈ വ്യത്യസ്തത ബഡ്ജറ്റിലുടനീളം പ്രകടമാണ്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും കുടിശ്ശിക മുഴുവൻ ഓണത്തിന് മുമ്പ് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചതും ആ പ്രതിബദ്ധതയുടെ ഉദാഹരണമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തോമസ് ഐസക്കാണല്ലോ ഇവിടെയുള്ള സകല കരാറുകാരുടെയും കുടിശ്ശിക തീർത്തതും ട്രഷറി ഒരു ദിവസം പോലും അടപ്പിക്കാതിരുന്നതും. ഇവിടെ ബില്ല് മാറാൻ വേണ്ടി മാസങ്ങൾ മന്ത്രിമന്ദിരങ്ങളിൽ കയറിയിറങ്ങുന്ന അവസ്ഥ അവസാനിപ്പിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രിയല്ലേ സഖാവ് ടി. എം. തോമസ് ഐസക്. ആ ധനകാര്യ വകുപ്പുമന്ത്രി, ഒരു പുതിയ ബഡ്ജറ്റ് അവതരിപ്പിക്കുകയും അതിന് ധനസമാഹരണം നടത്തുമെന്ന് പറയുകയും ചെയ്യുന്നത് അവിശ്വസിക്കേണ്ട കാര്യമേയല്ല. വികസനത്തിന്റെ അടിത്തറ ഉറപ്പിച്ച രണ്ട് പൈതൃകങ്ങൾ നമുക്കുണ്ട്. ഇതാണ് കേരളത്തെക്കുറിച്ച് വലിയ ഖ്യാതി ലോകമെമ്പാടും ഉണ്ടാക്കിത്തന്നത്. അത് രണ്ടും നമ്മൾ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കേണ്ട പൈതൃകങ്ങളാണ്. പൊതുവിദ്യാഭ്യാസവും പൊതുജന

ആരോഗ്യവുമാണ് രണ്ട് കാര്യങ്ങൾ. ഈ രണ്ട് മേഖലകളിലും കേരളം ഉണ്ടാക്കിയ നേട്ടങ്ങളാണ് കേരളത്തെ ലോക ശ്രദ്ധയിലേക്ക് കൊണ്ടുവന്നത്. കേരളത്തിലെ സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്താനുള്ള ബൃഹത് പദ്ധതി കേരള വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ പരിവർത്തനമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളെയും ഈ ബഡ്ജറ്റ് പരിഗണിച്ചുവെന്നതും സ്വാഗതാർഹമാണ്. അതുപോലെ പൊതുജനാരോഗ്യമേഖലയിൽ ഏറ്റവും decisive ആയ ഇടപെടലാണ് ബഡ്ജറ്റിൽ ലക്ഷ്യമിടുന്നത്. ഈ രണ്ട് മേഖലകളും ജനപക്ഷത്തു നിന്നും വളർത്തിയെടുക്കുന്നതിൽ ഇടതുപക്ഷത്തിന് നിർണ്ണായകമായ സ്വാധീനമുണ്ടെന്ന് സമകാലീന കേരള ചരിത്രം പരിശോധിക്കുന്ന ആർക്കുമറിയാം. ആ ചരിത്രപരമായ ദൗത്യം കൂടുതൽ ഫലവത്തായി മുമ്പോട്ടു കൊണ്ടുപോകുന്ന ബഡ്ജറ്റാണ് സഖാവ് തോമസ് ഐസക് അവതരിപ്പിച്ചത്. അതുപോലെ, കാർഷിക മേഖലയിൽ നാണ്യവിളകളുടെ കാര്യത്തിൽ നിർണ്ണായകമായ ഇടപെടൽ നടത്തേണ്ടതുണ്ട്. കാർഷിക മേഖലയിൽ നിന്ന് കാർഷികേതര മേഖലയിലേക്ക് ഏറ്റവുമധികം ആളുകൾ തൊഴിൽ ചെയ്യാൻ പോകുന്ന സംസ്ഥാനം കേരളമാണ്. അത് അനിവാര്യമായ പ്രക്രിയയാണ്. കാർഷിക മേഖലയിൽ നമ്മൾ ആരെയും തളച്ചിടാൻ പാടില്ല. അങ്ങനെ തളച്ചിടാൻ നമ്മൾ നിർബന്ധിക്കരുത്. ഗതികേടുകൊണ്ട് കാർഷികമേഖല വിട്ടുപോകുന്ന ഒരു സ്ഥിതി ഉണ്ടാകുകയുമരുത്. കേന്ദ്ര ഗവൺമെന്റ് ഇടപെട്ട് റബ്ബർ ബോർഡ് ഉണ്ടാക്കി റബ്ബർ പ്രചരിപ്പിച്ച് ബാക്കി വിളകളെല്ലാം മാറ്റി കൃഷിക്കാരനെ പ്രേരിപ്പിച്ച് കൃഷി ചെയ്യിപ്പിച്ചിട്ട് ഇന്ന് കൈമലർത്തുകയാണ്. നിർണ്ണായകമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. ഇവിടെ പ്രഖ്യാപിച്ച കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്. അരിയും ഗോതമ്പും സംഭരിച്ച് അതിന് ഓരോ വർഷവും വില വർദ്ധിപ്പിച്ച് വലിയ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന സംവിധാനം ഇന്ത്യയിലെമ്പാടും ഉണ്ടെങ്കിൽ റബ്ബർ, കുരുമുളക്, ഏലം എന്നിങ്ങനെ കേരളം സമ്പന്നമായി സമൃദ്ധമായി കൃഷി ചെയ്യുന്ന ഈ നാണ്യവിളകളുടെ കാര്യത്തിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മൾ ഗോഡൗണുകൾ ഉണ്ടാക്കണം. റബ്ബർ മാർക്കറ്റിൽ സംഭരിക്കണം. ബാക്കി നാണ്യവിളകൾ സംഭരിക്കണം. അരിയും ഗോതമ്പും സൂക്ഷിക്കുന്നതുപോലെ തന്നെ കേരളത്തിലെ വലിയ ഗോഡൗണുകളിൽ ഇവ സൂക്ഷിക്കുവാനും അങ്ങനെ കൃഷിക്കാരന് ന്യായവില ഉറപ്പാക്കുന്നതിനുമുള്ള സംരംഭം കേരളം ഏറ്റെടുക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. വാർദ്ധക്യ കാലത്ത് കൃത്യമായ പെൻഷനും

ആരോഗ്യസംരക്ഷണവും എല്ലാവരുടെയും സ്വപ്നവും അവകാശവുംകൂടിയാണ്. ജനങ്ങളുടെ പ്രായഘടനയിൽ നിർണ്ണായകമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. സ്വാതന്ത്ര്യം കിട്ടുന്ന കാലത്ത് നമ്മുടെ ശരാശരി ആയുർദൈർഘ്യം 45 വയസ്സായിരുന്നുവെങ്കിൽ ഇന്ന് 75 വയസ്സാണ്. അത് ഇനിയും കൂടും. കേരളത്തിൽ തൊഴിൽ രംഗത്തുനിന്ന് വിരമിച്ചതിനുശേഷം ആരോഗ്യ പ്രശ്നങ്ങളില്ലാതെ സുദീർഘ ജീവിതം സാധ്യമാകുന്ന വലിയ ഒരു ജനവിഭാഗത്തിന് കൃത്യമായ വരുമാനവും ആരോഗ്യ പരിരക്ഷയും നമ്മുടെ സർക്കാർ മുൻകയ്യെടുത്ത് നടപ്പാക്കേണ്ടതുണ്ട്. സംഘടിതവും അസംഘടിതവുമായ മേഖലകളിൽനിന്ന് പിൻവാങ്ങുന്ന എല്ലാ തൊഴിലാളികൾക്കും അവരുടെ അവസാനത്തെ വാർഷിക വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം പെൻഷനായി ലഭിക്കുന്ന സ്കാന്റിനേവിയൻ രാജ്യങ്ങളുടെ മാതൃകയിൽ ഒരു പദ്ധതി രൂപപ്പെടുത്തിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വയോജനങ്ങളുടെ പരിരക്ഷ പ്രധാനപ്പെട്ട അജണ്ടയായി കേരളത്തിൽ എടുക്കേണ്ടതായിട്ടുണ്ട്. വൃദ്ധരായ ആളുകൾ, രോഗം ബാധിച്ചവർ, മറവി രോഗം ബാധിച്ചവർ എന്നിവർ എല്ലാ വീടുകളിലുമുണ്ട്. ഇടത്തരക്കാരായ ആളുകൾക്കുപോലും അവരുടെ സംരക്ഷണം ബുദ്ധിമുട്ടായിരിക്കുന്നു. അവർക്കുവേണ്ടി വൃദ്ധജനങ്ങളുടെ കെയർ ഹോംസ് കേരളത്തിലുടനീളം സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി രൂപം കൊടുക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ബഡ്ജറ്റുകളിലെല്ലാം നിരന്തരമായി അവഗണിക്കപ്പെട്ട ഒരു മണ്ഡലമായിരുന്നു ഏറ്റുമാനൂർ മണ്ഡലം. മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കുറച്ചുനാൾ ചീഫ് വിപ്പായിരുന്ന ആൾ, വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രി ഇവരെല്ലാമുള്ള കോട്ടയം ജില്ലയിലെ മണ്ഡലങ്ങളിലേക്ക് വികസനമെല്ലാം ഒഴുകിയപ്പോൾ ഏറ്റുമാനൂരിനുവേണ്ടി നൽകിയ എല്ലാ നിവേദനങ്ങളും അവഗണിക്കപ്പെട്ട സ്ഥാനത്താണ് സഖാവ് തോമസ് ഐസക് ഏറ്റുമാനൂരിന്റെ പ്രധാനപ്പെട്ട വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളെടുത്തതെന്നുള്ളത് ഈ അവസരത്തിൽ തികഞ്ഞ കൃതജ്ഞതയോടുകൂടി ഏറ്റുമാനൂരിലെ ജനങ്ങൾക്കുവേണ്ടി അനുസ്മരിച്ചുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.11-ന് പിരിഞ്ഞു.)

അനുബന്ധം

ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടിയോടൊപ്പം മേശപ്പുറത്ത് വച്ച വിശദാംശങ്ങൾ)

സ്കൂൾ ബസുകളുടെ സുരക്ഷ

സ്കൂൾ ബസുകളിലും കാറുകളിലും ഓട്ടോറിക്ഷകളിലും വിദ്യാർത്ഥികളെ കുത്തിനിറച്ചും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായും നിയന്ത്രിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതു മനസ്സിലാക്കി സർക്കാർ ഇതിനകംതന്നെ നിരവധി മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിനുമുൻപുതന്നെ സംസ്ഥാന തലത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും കീഴിൽ സ്കൂൾ ബസ്സുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. കൂടാതെ നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകാറുള്ളൂ. സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 1989-ലെ കേരളാ മോട്ടാർ വാഹന ചട്ടത്തിലെ ചട്ടം 153 (ഡി) പ്രകാരം വിവിധ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പ് അധികൃതർ പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേക്കായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അമിതമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കുക.

2. സ്കൂൾ ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പുവരുത്തുക.

3. സ്വകാര്യ വാഹനങ്ങൾ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരത്ത് തന്നെ പരിശോധന നടത്തി ഉറപ്പുവരുത്തുക.

4. സ്കൂൾ വാഹനങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിന് ശേഷവും ആവശ്യമായ ഉപകരണങ്ങളായ സ്പീഡ് ഗവേർണർ, എമർജൻസി എക്സിറ്റ്, അഗ്നിശമന ഉപകരണം എന്നിവ പ്രവർത്തന സജ്ജമാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. സ്കൂൾ ബസ്സുകളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ഇവർ സ്റ്റോപ്പുകളിൽ റോഡ് മുറിച്ചു കടക്കുന്നതിന് കുട്ടികളെ സഹായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

കാലപ്പഴക്കം ചെന്ന സ്വകാര്യ കാറുകളിലും ഓട്ടോറിക്ഷകളിലും മറ്റും കുട്ടികളെകുത്തിനിറച്ചുകൊണ്ട് യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കാത്തരീതിയിൽ ബന്ധപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നുണ്ട്. കുട്ടികളുടെ യാത്രാസുരക്ഷ ഉറപ്പുവരുത്തുന്നതിൽ കർശനമായ നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് പ്രത്യേകമായ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.